# എസെക്കിയേൽ

ഡോ. ജോസഫ് പാംപ്ലാനി

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# എസെക്കിയേൽ

**Title:** Ezekkiel
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 April 5 (Easter)

**Auther:** Rev. Dr. Joseph Pamplany

**Office Assistance:** Rev. Sr. Glorista SABS
Mrs. Maneesha Shinoj
Mrs. Anitha Vijayan
Mrs. Jeshitha Vijesh
Miss. Bhavya K
**Design & Layout:** Mr. Midhun Thomas
**Printing:** Midas Offset, Kuthuparamba
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. ആമുഖം ........ 5
2. ജറുസലേമിനെതിരേയുള്ള പ്രവചനങ്ങൾ, 1:1- 24:27 ........ 28
3. വിജാതീയ രാജ്യങ്ങൾക്കെതിരേയുള്ള പ്രവചനങ്ങൾ, 25:1- 32:32 ........ 109
4. ഇസ്രായേലിന്റെ പുനരുദ്ധാരണം, 33:1- 48:35 ........ 146

# ആമുഖം

ബൈബിളിലെ പ്രവചനഗ്രന്ഥങ്ങളിൽ ഉള്ളടക്കത്തിലും ഘടനയിലും ചരിത്രവീക്ഷണത്തിലും ഏറ്റവും സങ്കീർണ്ണമായ ഗ്രന്ഥമായി കരുതപ്പെടുന്നത് എസെക്കിയേലിന്റെ ഗ്രന്ഥമാണ്. എസെക്കിയേൽ എന്ന പേരു തന്നെ സാങ്കല്പികമാണെന്നും ഈ പേരിൽ ഒരു പ്രവാചകൻ നിലവിലുണ്ടായിരുന്നില്ലെന്നും കരുതുന്ന പണ്ഡിതന്മാർ ഏറെയുണ്ട്. ഈ പുസ്തകത്തിന്റെ ഐക്യത്തെയും സമഗ്രതയെയും കുറിച്ചും ഏറെ അഭിപ്രായാന്തരമുണ്ട്. ബി.സി. ഏഴാം നൂറ്റാണ്ടുമുതൽ അഞ്ചാം നൂറ്റാണ്ടുവരെ വിവിധകാലഘട്ടങ്ങളിൽ എഴുതപ്പെട്ട പ്രവചനങ്ങളെ എസെക്കിയേൽ എന്ന പേരിൽ പിൽകാല സംശോധകൻ(ർ) കൂട്ടിച്ചേർത്തതാണെന്നു വാദിക്കുന്നവരുമുണ്ട്. സങ്കീർണ്ണങ്ങളായ ഈ പ്രശ്നങ്ങളെക്കുറിച്ച് സംക്ഷിപ്തമായ ഒരു വിവരണം നൽകാൻമാത്രമേ ഈ പഠനക്കുറിപ്പിൽ സാധിക്കുകയുള്ളൂ.

## ചരിത്രപശ്ചാത്തലം

എസെക്കിയേൽ ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിനായി ഈ ഗ്രന്ഥം രൂപംകൊണ്ട ചരിത്രപശ്ചാത്തലം സമഗ്രമായി മനസ്സിലാക്കേണ്ടതുണ്ട്. യൂദായുടെ ബാബിലോൺ പ്രവാസത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ഗ്രന്ഥം രചിക്കപ്പെടുന്നത്. തന്മൂലം ഇതിന്റെ ചരിത്രപശ്ചാത്തലത്തിൽ രണ്ടു വസ്തുതകൾക്ക് പ്രസക്തിയുണ്ട്: (1) യൂദായുടെ പ്രവാസചരിത്രം, (2) ബാബിലോണിന്റെ രാഷ്ട്രീയ-മതാത്മക ചരിത്രം.

## യൂദായുടെ പ്രവാസചരിത്രം

ഈജിപ്തിനും മെസെപ്പൊട്ടോമിയായ്ക്കും മധ്യേ സ്ഥിതിചെയ്യുന്നതും ഈ രണ്ടു രാജ്യങ്ങളുടെ ശക്തിയിലുള്ള ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് ഭാഗധേയം നിർണ്ണയിക്കപ്പെട്ടുപോന്നതുമായ ഒരു ചെറിയ രാജ്യമായിരുന്നു ഇസ്രായേൽ. ഇസ്രായേലിന്റെ ചരിത്രത്തിന്റെ ആദ്യഘട്ടങ്ങളിൽ ഈജിപ്തായിരുന്നു ലോകശക്തി. ബി.സി. എട്ടാം നൂറ്റാണ്ടിൽ അസ്സീറിയൻ സാമ്രാജ്യവും ഏഴാം നൂറ്റാണ്ടിൽ ബാബിലോണിയൻ ശക്തികളും മധ്യപൗരസ്ത്യദേശങ്ങളിൽ ആധിപത്യം പുലർത്തിയിരുന്നു.

സോളമന്റെ മരണശേഷം യഹൂദജനം ഇസ്രായേൽ, യൂദാ എന്നീ രണ്ടു രാജ്യങ്ങളായി പിരിഞ്ഞു (1 രാജാ 12:1-24). ജറോബോവാം രണ്ടാമന്റെ കാലമായതോടെ (ബി.സി. 786-746) ഇസ്രായേൽ അതിന്റെ ഏറ്റവും പ്രതാപദശയിലെത്തിയെന്നു പറയാം. യൂദായിൽ ഉസിയാ രാജാവിന്റെ ഭരണകാലമായിരുന്നു ഏറ്റവും ശ്രേയസ്കരമായത് (ബി.സി. 783-742).

ഈ കാലയളവിലാണ് അസ്സീറിയൻ രാജാവായിരുന്ന തിഗ്ലത്പിലേസർ മൂന്നാമൻ (ബി.സി. 745-727) തന്റെ സാമ്രാജ്യവിസ്തൃതി വർദ്ധിപ്പിക്കാനുള്ള യത്നങ്ങളാരംഭിച്ചത്. അദ്ദേഹം ഇസ്രായേൽ രാജ്യം ആക്രമിക്കുകയും നഫ്താലി, റൂബൻ, ഗാദ്, മനാസ്സെ എന്നീ ഗോത്രങ്ങളെ അടിമകളാക്കി അസ്സീറിയായിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഇത് ബി. സി. 733-ലാണ് (1 രാജാ 15:29; 1 ദിന 5:26). തിഗ്ലത്പിലേസർ ബി.സി. 732 -ൽ ദമാസ്ക്കസ് പിടിച്ചടക്കിയതിനുശേഷം ഹോസിയായെ ഇസ്രായേലിന്റെ രാജാവായി അവരോധിച്ചു. എന്നാൽ ബി.സി. 724-ൽ ഈജിപ്തിന്റെ സഹായത്തോടെ ഹോസിയാ രാജാവ് അസ്സീറിയായ്ക്കെതിരേ നീങ്ങി. സാർഗോൺ രണ്ടാമന്റെ (722-705) കീഴിലുള്ള അസ്സീറിയൻ സൈന്യം ഇസ്രായേലിനെ തോൽപ്പിക്കുകയും ആരോഗ്യമുള്ളവരെയെല്ലാം അസ്സീറിയായിലേക്കു നാടുകടത്തുകയും ചെയ്തു. "അതിനാൽ കർത്താവ് ഇസ്രായേലിന്റെനേരേ ക്രുദ്ധനായി. അവരെ തന്റെ കൺമുമ്പിൽ നിന്നു നീക്കിക്കളഞ്ഞു. യൂദാഗോത്രമല്ലാതെ ഒന്നും അവശേഷിച്ചില്ല" (2 രാജാ 17:18) എന്നാണ് വേദപുസ്തകം ഈ സംഭവം വിവരിക്കുന്നത്. "ഹോസിയായുടെ ഒമ്പതാം ഭരണവർഷം അസ്സീറിയാ രാജാവ് സമരിയാ അധീനമാക്കി. ഇസ്രായേല്യരെ അസ്സീറിയായിലേക്ക് കൊണ്ടുപോയി. ഹാലായിലും ഗോസാനിലെ ഹാബോർ നദീതീരത്തും മേദിയാ നഗരങ്ങളിലും പാർപ്പിച്ചു" (2 രാജാ 17:6). അതിനുപകരമായി, അസ്സീറിയാ രാജാവ് ബാബിലോൺ, കുത്താ, അവ്വാ, ഹമാത് സെഫാർവയിം എന്നിവിടങ്ങളിൽ നിന്ന് ആളുകളെ കൊണ്ടുവന്ന് ഇസ്രായേൽ ജനത്തിനു പകരം സമരിയാ നഗരങ്ങളിൽ പാർപ്പിച്ചു (2 രാജാ 17:24; എസ്രാ 4:10).

ജനതകളുടെ കൂട്ടമായുള്ള ഈ പറിച്ചുനടീൽ ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം ഏതാണ്ട് പൂർണ്ണമായിരുന്നു. കാരണം, ചരിത്രപരമായ പിന്തുടർച്ച അവകാശപ്പെടാവുന്ന യഹൂദവിഭാഗം പത്തുഗോത്രങ്ങൾ ഉൾപ്പെടുന്ന ഇസ്രായേൽ പ്രദേശത്ത് പിന്നീടുണ്ടായിട്ടില്ല. സാർഗോൺ രണ്ടാമന്റെ കാലത്തുള്ള ഒരു ശിലാലിഖിതത്തിൽ അദ്ദേഹം 'ബത്ഓമ്റിയുടെ (സമരിയാ) നാട് കീഴടക്കിയതായും 27, 290 ഇസ്രായേൽക്കാരെ നാടുകടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ആമോസ്, ഹോസിയ എന്നീ പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചിരുന്ന ശിക്ഷയായിരുന്നു ഇത്. തെക്കൻ രാജ്യമായ യൂദായെ സംബന്ധിച്ച് ഏശയ്യാ, മിക്കാ, സെഫാനിയ, ജറെമിയ, ഹബക്കുക്ക്, എസെക്കിയേൽ എന്നീ പ്രവാചകന്മാരും ഇതേകാര്യംതന്നെ പ്രവചിച്ചിരുന്നു.

അസുർബാനിപാൽ ആയിരുന്നു അസ്സീറിയായിലെ അവസാനത്തെ രാജാവ്. അദ്ദേഹം ബി.സി. 630-ൽ നാടുനീങ്ങിയതോടെ യൂദായുടെ മേലുള്ള അസ്സീറിയായുടെ ആധിപത്യം ബലഹീനമായി. അസ്സീറിയാക്കാരുടെ സ്ഥാനം ബാബിലോണിയാക്കാർ ഏറ്റെടുത്തു. യൂദാരാജാവായിരുന്ന ജോസിയാ ഈജിപ്തിന്റെ സഹായത്തോടെ ബാബിലോണിനെതിരേ നീങ്ങിയെങ്കിലും മെഗിദോയിൽ വച്ച് അദ്ദേഹം വധിക്കപ്പെട്ടു (ബി.സി. 609). നെബുക്കദ്നേസ്സർ രാജാവ് ഈജിപ്തിനെ ബി.സി. 605 -ൽ കാർക്കെമിഷിൽ വച്ച് പരിപൂർണ്ണമായും പരാജയപ്പെടുത്തുകയു





ണ്ടായി.

ജോസിയായുടെ മകനായിരുന്ന യഹോവാഹാസ് മൂന്നുമാസത്തോളം യൂദയായെ ഭരിച്ചു (ബി.സി. 609). എന്നാൽ, അയാൾ ഈജിപ്തിലേക്കു നാടുകടത്തപ്പെടുകയാണുണ്ടായത്. (2 രാജാ 23:31-34; 2 ദിന 36:1-4; ജറെ 22:10-12). ജോസിയായുടെ വേറൊരു പുത്രനെ (ഏലിയാക്കിം) യെഹോയാക്കിം എന്ന നാമത്തിൽ ഫറവോ നെക്കോ യൂദയായിൽ രാജാവായി വാഴിച്ചു. ബി.സി. 603 മുതൽ 598 വരെ അയാൾ യൂദയായിൽ ഭരണം നടത്തി. ഇദ്ദേഹത്തിന്റെ കാലത്താണ് ബാബിലോൺ രാജാവായിരുന്ന നെബുക്കദ്നേസ്സർ ജറുസലേമിനെതിരേ ആദ്യ ഉപരോധം ഏർപ്പെടുത്തിയത് (2 രാജാ 23:34-24:6; 2 ദിന 36:4-8). യഹോയാക്കിം മരണമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പുത്രനായ യെഹോയാക്കിൻ ഭരണമേറ്റെടുത്തു. മൂന്നുമാസങ്ങൾക്കുശേഷം (ബി.സി. 598 ഡിസംബർ മുതൽ 597 മാർച്ച് വരെ) അദ്ദേഹത്തെ നെബുക്കദ്നേസ്സർ ബാബിലോണിലേക്ക് നാടുകടത്തി (2 രാജാ 24:6-8; 2 ദിന 36:9-10; ജറെ 22:24-30). ജോസിയായുടെ വേറൊരു പുത്രനായ മത്താനിയായെ നെബുക്കദ്നേസ്സർ സെദക്കിയ എന്നപേരിൽ രാജാവായി യൂദയായുടെമേൽ അവരോധിച്ചു. ബി.സി. 597 മുതൽ 587 വരെ അദ്ദേഹം യൂദയായിൽ ഭരണം നടത്തി. 587-ൽ ബാബിലോൺകാർ ജറുസലേം അഗ്നിക്കിരയാക്കി. ദേവാലയം നശിപ്പിച്ചു; സെദക്കിയായെ കണ്ണുകൾ കുത്തിപ്പൊട്ടിച്ച് അന്ധനാക്കിയശേഷം തടവുകാരനാക്കി ബാബിലോണിലേക്കു കൊണ്ടുപോയി (2 രാജാ 24:17-25:7; 2 ദിന 36:10-21; ജറെ 39:1-7; 52:1-11; എസെ 12:12-13; 17:5-10, 13-21). അങ്ങനെ യൂദായുടെ മൂന്നു രാജാക്കന്മാർ, യഹോവാഹാസ്, യെഹോയാക്കിൻ, സെദക്കിയ എന്നിവർ പ്രവാസത്തിലാണ് മരിച്ചത്.

മൂന്നുതവണയാണ് ഇസ്രായേൽജനത പ്ര വാസം അനുഭവിച്ചത്. ബി.സി. 598-ലും (2 രാ ജാ 24:12-16) 587-ലും (2 രാജാ 25:8-21; ജറെ 52:12-34) 582-ലും (ജറെ 41; 52:30). ആദ്യത്തെ നാടുകടത്തലിൽ യെഹോയാക്കിൻ രാജാവും അദ്ദേഹത്തിന്റെ അമ്മയും കൊട്ടാരത്തിലെയും ദേവാലയത്തിലെയും വേലക്കാരും പതിനായിരം ജനങ്ങളും ഉൾപ്പെട്ടിരുന്നു. ദരിദ്രർമാത്രം രാജ്യത്ത് അവശേഷിച്ചു (2 രാജാ 24:14). രണ്ടാമത്തെ നാടുകടത്തലിൽ ദേവാലയവും രാജകൊട്ടാരവും നഗരത്തിന്റെ ഭിത്തികളും അഗ്നിക്കിരയാക്കപ്പെട്ടു. ദേവാലയത്തിലെ വിലപിടിച്ച വസ്തുക്കളൊക്കെയും അവർ പിടിച്ചെടുത്തു. കൂടുതൽ ആളുകളെയും തടവുകാരാക്കി കൊണ്ടുപോയി. സെദക്കിയായെ തടവുകാരനാക്കിയശേഷം കൊട്ടാരം സൂക്ഷിപ്പുകാരനായ ഗദാലിയായെ ബാബിലോൺകാർ യൂദയായിൽ ഗവർണ്ണറാക്കി. മിസ്പാ കേന്ദ്രമാക്കി അദ്ദേഹം ഏതാണ്ട് നാല് കൊല്ലത്തോളം ഭരണം നടത്തി. എന്നാൽ ബാബിലോണിന് എതിരായിരുന്ന ഒരു വിഭാഗം ആളുകൾ ഗദാലിയായെ വധിച്ചു. ഇതിന്റെ പ്രതികാരമെന്നോണം ബാബിലോൺകാർ തിരിച്ചടിച്ചു. ബി.സി. 582-ൽ യൂദായിൽ അവശേഷിച്ചിരുന്നവരെക്കൂടെ അവർ ബാബിലോണിലേക്കു കൊണ്ടുപോയി.

ബാബിലോണിൽ യഹോയാക്കിൻ രാജാവിന് അനുകൂലമായ ഒരവസ്ഥ ഉണ്ടായിരുന്നതായി രാജാക്കന്മാരുടെ പുസ്തകത്തിൽ സൂചന

യുണ്ട് (2 രാജാ 25:27-30; ജറെ 52:31-34). നെബുക്കദ്നേസ്സർ രാജാവ് ബി.സി. 561-ൽ മരണമടഞ്ഞു. അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന എവിൽമെറോദാക്ക് യഹോയാക്കിമിനെ തടവറയിൽ നിന്നു മോചിപ്പിക്കുകയും രാജാവ് അവനോട് കാരുണ്യപൂർവ്വം സംസാരിക്കുകയും ബാബിലോണിൽ അവനോടുകൂടെ ഉണ്ടായിരുന്ന രാജാക്കന്മാരെക്കാൾ ഉയർന്ന സ്ഥാനം അവനു നൽകുകയും ചെയ്തു (2 രാജാ 25:28).

നബോണിമുസ് (555-539) ആയിരുന്നു ബാബിലോണിലെ അവസാനത്തെ രാജാവ്. പേർഷ്യൻ രാജാവായിരുന്ന സൈറസ് അദ്ദേഹത്തെ തോൽപ്പിച്ച് ബാബിലോണിന്റെ ആധിപത്യം അവസാനിപ്പിച്ചു. ബന്ദികളായി ബാബിലോണിലേക്കു കൊണ്ടുവരപ്പെട്ടിരുന്ന യഹൂദർക്ക് തിരിച്ചു പോകാനുള്ള അനുവാദം സൈറസ് നൽകി (2 ദിന 36:22-23; എസ്രാ 1:1-14). ബാബിലോണിലെ വാസം കഠിനമായിരുന്നു എന്നുകരുതുക വയ്യ. കേബാർ നദീതീരത്ത് അവരുടെ ഒരു സമൂഹം തന്നെയുണ്ടായിരുന്നു (എസെ 1:1; 3:15). ചിലർക്കെങ്കിലും സ്വന്തമായി വീടുകളുണ്ടായിരുന്നു (ജറെ 29:5; എസെ 8:1; 12:1-7). അവർ വിവാഹം കഴിക്കുകയും (ജറെ 29:6; എസെ 24:18) ആദായകരമായ തൊഴിലുകളിൽ ഏർപ്പെടുകയും ചെയ്തിരുന്നു (നെഹെ 1:11; ഏശ 55:1-2; സഖ 6:9-11). യൂദായിലെ അവസ്ഥ ആകർഷകമായിരുന്നില്ല. കുറേപ്പേരെങ്കിലും തങ്ങളുടെ പൂർവ്വിക വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോയി (ഏശ 46:1; 50:11; ജറെ 44). യാഹ്‌വിസ്റ്റ് വിശ്വാസം വിശ്വസ്തതാപൂർവ്വം കാത്തുസൂക്ഷിക്കുവാൻ ശ്രമിച്ചവർക്ക് ജീവിതം ദുസ്സഹമായിരുന്നു എന്നു കരുതാൻ ന്യായമുണ്ട് (സങ്കീ 137:1-6; ഏശ 14:3; 42:22; 47:6; 51:7,22-23). സൈറസിന്റെ കൽപ്പനവഴി കുറെയേറെ യഹൂദർ യൂദായിലേക്കു തിരിച്ചുവന്നു. സെറുബാബേലും ജോഷ്വയും ഇവരുടെ നേതാക്കൻമാരായിരുന്നു. തിരിച്ചെത്തിയ ജനം ദേവാലയം പുനരുദ്ധരിച്ച് ബി.സി. 515-ൽ പുന:പ്രതിഷ്ഠിക്കുകയും ചെയ്തു. ബാബിലോണിയൻ പ്രവാസത്തിന്റെ അന്ത്യം ദേവാലയത്തിന്റെ പുന:പ്രതിഷ്ഠയോടെ സംഭവിച്ചു.

## ബാബിലോണിന്റെ രാഷ്ട്രീയ-മതാത്മക ചരിത്രം

തെക്കുപടിഞ്ഞാറൻ ഏഷ്യയിൽ ബി.സി. 8-ാം നൂറ്റാണ്ടോടെ ഉയർന്നുവന്ന ഒരു സാമ്രാജ്യമായിരുന്നു ബാബിലോണിയ (ഇന്നത്തെ തെക്കൻ ഇറാക്ക്). തലസ്ഥാനമായ ബാബിലോണിൽ നിന്നാണ് രാജ്യത്തിന്റെ പേര് ഉത്ഭവിച്ചത്. ഷീനാർ (ഉൽപ 10:10; 11:2; ജോഷ്വ 7:21; ഏശ 11:11), കൽദായരുടെ നാട് (ജറെ 24:5; എസെ 12:13) എന്നിങ്ങനെയും ബാബിലോണിയ അറിയപ്പെട്ടിരുന്നു. യൂഫ്രട്ടീസ്- ടൈഗ്രീസ് നദികൾക്കിടയ്ക്കാണ് ഈ സംസ്കാരം വികസിച്ചത്. ഏകദേശം 20,000 ചതുരശ്ര കി.മീ. വിസ്തീർണ്ണമുണ്ടായിരുന്ന ഈ നാടിന്റെ അതിരുകൾ വടക്ക് അസീറിയായും, തെക്ക് പേർഷ്യൻ ഉൾക്കടലും, പടിഞ്ഞാറ് അറേബ്യൻ മരുഭൂമിയും, കിഴക്ക് പേർഷ്യൻ കുന്നുകളുമായിരുന്നു.

**രാഷ്ട്രീയ ചരിത്രം:** നാഗരികതയുടെ പിള്ളത്തൊട്ടിൽ എന്നറിയപ്പെട്ടിരുന്ന ബാബിലോണിയൻ സംസ്കാരത്തിന് 7000 വർഷത്തോളം പഴക്കമുണ്ടെന്ന് അനുമാനിക്കപ്പെടുന്നു. ബി.സി. 2800-ഓടെയാണ് ബാബിലോണിൽ രാജവംശങ്ങൾ അധികാരത്തിലേറുന്നത്. പുരാവസ്തു ഗവേഷണങ്ങളുടെ വെളിച്ചത്തിൽ, ഈ കാലഘട്ടത്തിനുമുമ്പ് കൃഷി, സംസ്കാരം, കരകൗശലവേല, നഗരനിർമ്മാണം, വാസ്തുവിദ്യ മുതലായവയിൽ ഈ ജനത പുരോഗമിച്ചിരുന്നുവെന്ന് കണക്കാക്കാം. ഊറിൽനിന്നും കണ്ടെടുത്ത രേഖയനുസരിച്ച് ജലപ്രളയത്തിനുമുമ്പ് ബാബിലോണിയയിൽ എട്ടോ പത്തോ രാജാക്കന്മാർ ഭരിച്ചിരുന്നു.





അക്കേദിയൻ രാജവംശത്തിന് (ബി.സി. 2371-2191) അക്കേദിലെ സാർഗോൺ തുടക്കമിട്ടു. ഊറിലെ മൂന്നാം രാജവംശം (ബി.സി. 2113-2006) ബാബിലോണിയയിലെ വാണിജ്യവും സാംസ്കാരിക രംഗവും പരിപുഷ്ടമാക്കി. അമ്മോര്യരുടെ ആക്രമണത്താൽ ഈ വംശം അധ:പതിച്ചു. അബ്രാഹത്തിന്റെ വിളി ഈ കാലഘട്ടത്തിലായിരുന്നുവെന്ന് കണക്കാക്കപ്പെടുന്നു (ഉൽപ 11:31). ബി.സി. 1894 മുതൽ 1545 വരെ അമോര്യരുടെ കാലഘട്ടമായിരുന്നു. സുമു-അബും (Samu-Abum) ആണ് ഈ വംശത്തിന്റെ സ്ഥാപകൻ. സുപ്രസിദ്ധ നിയമദാതാവായ ഹമ്മുറാബി (ബി.സി. 1792-1750) യാണ് ഈ വംശത്തിലെ ഏറ്റവും പ്രശസ്തൻ. അക്കേദിയൻ ഭാഷ പ്രോത്സാഹിപ്പിക്കുകയും മർദൂക്കിനെ (Murduk) പ്രധാന ദേവനായി സ്ഥാപിക്കുകയും ചെയ്തുവെന്നത് ഹമ്മുറാബിയുടെ കാലഘട്ടത്തിലെ പ്രധാനനേട്ടങ്ങളാണ്.

കാസിയരുടെ (The Kassites) വംശമാണ് ബി.സി. 1595 മുതൽ 1174 വരെ ബാബിലോണിയ അടക്കി ഭരിച്ചത്. ബി.സി. 1150-ൽ നബുക്കദ്നേസർ ഒന്നാമന്റെ ആഗമനം വരെയുള്ള കാലഘട്ടം ഇരുണ്ട യുഗമായി ബാബിലോണിയൻ ചരിത്രത്തിൽ അറിയപ്പെടുന്നു. ബി.സി. 745 മുതൽ 626 വരെയുള്ള കാലഘട്ടത്തിൽ അസ്സീറിയൻ മേധാവിത്വമായിരുന്നു ബാബിലോണിയായിൽ. അസ്സീറിയാക്കാരുടെ ഇസ്രായേൽ അധിനിവേശം (ബി.സി. 722) ഈ കാലഘട്ടത്തിലാണ് (എസ്രാ 4:2). കൽദായ കാലഘട്ടമാണ് (ബി.സി. 626-539) അടുത്തത്. നെബോപൊളേസ്സറാണ് ഈ വംശത്തിന്റെ പിതാവ്. നബുക്കദ്നേസർ ഈജിപ്തിന്റെ അതിർത്തികൾവരെ തന്റെ രാജ്യം വിസ്തൃതമാക്കി (2 രാജാ 24:7). ബാബിലോണിയയും ഈജിപ്തും തമ്മിൽ യുദ്ധമുണ്ടായപ്പോൾ യൂദാ രാജാവ് ജറെമിയാപ്രവാചകന്റെ വാക്കു മാനിക്കാതെ ഈജിപ്തിനോടു ചേർന്നു (2 രാജാ 24:1; ജറെ 27:9:11).

ബി.സി. 599-ൽ ബാബിലോണിയൻ രാജാവ് അറേബ്യൻ പ്രദേശങ്ങളായ ഹാസോറിന്റെ രാജ്യങ്ങൾ ആക്രമിച്ചു (ജറെ 49:28-30). നബുക്കദ്നേസറിന്റെ ഏഴാം ഭരണവർഷം കിസ്‌ലെവ് മാസത്തിൽ (ബി.സി. 598 ഡിസംബർ) ബാബിലോണിയൻ സൈന്യം യൂദയാ പട്ടണം പിടിച്ചെടുത്തു. ബി.സി. 597 മാർച്ച് 16-ാം തീയതി ജറുസലേം പിടിച്ചെടുക്കപ്പെടുകയും രാജാവായ യഹോയാക്കിനെ തടവുകാരനാക്കുകയും ചെയ്തു. ബാബിലോണിയൻ രാജാവ് ജറുസലേം കൊള്ളയടിക്കുകയും യഹോയാക്കിന്റെ പിതൃസഹോദരനായ മത്താനിയായെ സെദെക്കിയായെന്ന പേരിൽ രാജാവാക്കുകയും ചെയതു (2 രാജാ 24:10-17; 2 ദിന 36:11-12). പിറ്റേവർഷം ബാബിലോണിയൻ സൈന്യം ഏലാമിനെതിരേ തിരിഞ്ഞു

(ജറെ 49:34-35). സെദെക്കിയാ രാജാവ് ബാബിലോണിയൻ രാജാവിനോടു കലഹിക്കുകയും നബുക്കദ്നേസർ വീണ്ടും ജറുസലേം പട്ടണം ആക്രമിക്കുകയും ചെയ്തു (2 രാജാ 25:7; ജറെ 52:3). ബി.സി. 587-ൽ ജറുസലേം പൂർണ്ണമായി നശിപ്പിക്കപ്പെടുകയും ബാബിലോണിയൻ പ്രവാസം ആരംഭിക്കുകയും ചെയ്തു (2 രാജാ 25:8-17; ജറെ 52:24-27).

ബി.സി. 581-ൽ ഗദാലിയാ യൂദയായുടെ ദേശാധിപതിയായി നിയമിക്കപ്പെട്ടു. ബാബിലോണിലേക്ക് നാടുകടത്തപ്പെട്ട യഹോയാക്കിൻ പിന്നീട് രാജാവിന് പ്രീതിപാത്രമായി ഭവിച്ചു (2 രാജാ 25:27-30). പിന്നീടുവന്ന രാജാക്കന്മാർ താരതമ്യേന ദുർബലരായിരുന്നു. സൈറസ് ബി.സി. 539-ൽ മേദിയ, പേർഷ്യ, ഏലാം എന്നീ ദേശങ്ങൾ കീഴടക്കിയ ശേഷം ഒക്ടോബർ 16ന് ബാബിലോണിൽ അധികാരമുറപ്പിച്ചു. ബി.സി. 539 മുതൽ 332 വരെയുള്ള കാലഘട്ടം ആക്കിമെനീദിയരുടെ (Acha-emenids) കാലഘട്ടമെന്നറിയപ്പെടുന്നു. സൈറസിന്റെ ഭരണകാലത്താണ് (ബി.സി. 539-530) ബാബിലോണിയൻ പ്രവാസികൾ സ്വതന്ത്രരാക്കപ്പെട്ടത് (എസ്രാ 1:1-11; ഏശ 44:28; 45:13). ദാരിയൂസ് ഒന്നാമന്റെ ഭരണകാലത്ത് (ബി.സി. 522 -486) ജറുസലേം ദേവാലയത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിന് അനുവാദം ലഭിച്ചു. തുടർന്നു വന്ന പേർഷ്യൻ രാജാക്കന്മാർ സെർക്സസ് (അഹസ്വേരുസ്), അർത്താക്സെർക്സസ് I, ദാരിയുസ് II എന്നിവരാണ്. ബി.സി. 331-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി ബാബിലോണിയ കീഴടക്കുകയും യവനസംസ്കാരം പ്രചരിപ്പിക്കുകയും ചെയ്തു.

**മതപശ്ചാത്തലം:** സുമേറിയൻ മതജീവിതത്തിൽ ഭൂമിക്കും പ്രകൃതിക്കുമെല്ലാം വലിയ പ്രാധാന്യമുണ്ടായിരുന്നു. കൃത്യനിഷ്ഠയോടെ ചരിക്കുന്ന ഒരു പ്രപഞ്ച വീക്ഷണമാണ് അവർക്കുണ്ടായിരുന്നത്. സ്വർഗ്ഗവും ഭൂമിയും പ്രപഞ്ചത്തിന്റെ രണ്ടവസ്ഥകളാണ്. സ്വർഗ്ഗ ത്തിൽ സംഭവിക്കുന്നതെല്ലാം ഭൂമിയിലും നടക്കുന്നു. ഭൂമി ഒരു ദേവിയും, സ്വർഗ്ഗം ഭൂമിയിൽ ബീജനിക്ഷേപം നടത്തി ഗർഭം ഉത്പാദിപ്പിക്കുന്ന ദേവനുമാണ്. ദൈവിക വിവാഹങ്ങളിൽ അവർ വിശ്വസിച്ചിരുന്നതിനൊപ്പം ദേവാലയങ്ങളിലെ വേശ്യാവൃത്തിയും നടന്നുപോന്നു. ബാബിലോണിലെ വിശ്വദേവതാക്ഷേത്രത്തിൽ 2500 ലേറെ ദേവീദേവന്മാരെ ആരാധിച്ചിരുന്നു. ദേവന്മാരുടെ രാജാവായിരുന്നു അനു (Anu). വായു ദേവനായിരുന്നു എൻലൽ അഥവാ എല്ലിൽ (Enlil or Ellil). ഭൂമിക്കടിയിലുള്ള മധുരജലത്തിന്റെയും ഫലപുഷ്ടിയുടെയും വിജ്ഞാനത്തിന്റെയും മന്ത്രവാദത്തിന്റെയും ദേവിയായിരുന്നു എയാ (Ea). സുമേറിയൻ സംസ്കാരത്തിലെ മാതൃദൈവമായിരുന്നു നിൻഹുർസാഗ് (Ninhursag). ചന്ദ്രൻ (സിൻ), സൂര്യൻ (ഷമഷ്), വ്യാഴം (ഇഷ്താർ) മുതലായ ദേവന്മാരെയും അവർ ആരാധിച്ചിരുന്നു. തമ്മൂസ് (Tammuz) മരിക്കുകയും പുനർജ്ജീവിക്കുകയും ചെയ്യുന്ന ദേവനത്രേ (എസെ 8:14).

ഹമ്മുറാബിയുടെ ഭരണകാലത്താണ് മർദുക്ക് (Murduk) ദേശീയ ദേവനായി പ്രഖ്യാപിക്കപ്പെടുന്നത്. മർദുക്ക് സൂര്യന്റെയും എയായുടെയും മകനാണ്. എനുമാ എലീഷ് (Enuma Elish) എന്നറിയപ്പെടുന്ന ബാബിലോണിയൻ പ്രപഞ്ചോൽപ്പത്തി കഥയിൽ മർദുക്കും നിരാകാരാവസ്ഥയുടെ ദേവനായ തിയമതും (Tiamat) തമ്മിൽ പോരു നടക്കുകയും മർദുക്ക് വിജയിക്കുകയും ചെയ്യുന്നു. സർപാനിത്തു (Sarpanitu) മർദുക്കിന്റെ ഭാര്യയും നാബു (Nabu) പുത്രനുമാണ്.





ദേവന്മാരെ സേവിക്കുകയാണ് മനുഷ്യന്റെ പ്രഥമ ധർമ്മം. ദേവവിഗ്രഹങ്ങളെ ആട ചാർത്തുകയും ദേവാലയത്തിൽ ഭക്ഷ്യ-കാഴ്ചകൾ സമർപ്പിക്കുകയുമായിരുന്നു ഇതിൽ പ്രധാനം. ആരാധനകൾ നടത്തുന്നതിന് നിർദ്ദിഷ്ട പുരോഹിതവൃന്ദവും ആരാധനാക്രമവും ഉണ്ടായിരുന്നു. ദേവാലയത്തിലെ ജോലിക്കാരിൽ പുരോഹിതർക്കു പുറമേ സംഗീതജ്ഞർ, ഗായകർ, വേശ്യകൾ, പ്രവാചകർ, മന്ത്രവാദികൾ എന്നിവരുമുൾപ്പെട്ടിരുന്നു. തിരുനാളുകളിൽ പ്രധാനമായത് പുതുവത്സരമായിരുന്നു.

ബാബിലോൺ, നിമ്രോദ് സ്ഥാപിച്ചതാണെന്ന് ഉൽപത്തി പുസ്തകം സൂചന നൽകുന്നു (ഉൽപ 10:9). ഊറിലെ മൂന്നാം രാജവംശകാലത്ത് രാജ്യത്തിന്റെ തലസ്ഥാനമായി മാറിയെങ്കിലും ബാബിലോൺ അതിന്റെ പ്രതാപത്തിലേക്കുയർന്നത് ഹമ്മുറാബിയുടെ കാലത്താണ് (ബി.സി. 1750). നബുക്കദ്നേസർ രണ്ടാമന്റെ കാലത്താണ് (ബി.സി. 605-562) ബാബിലോൺ പിന്നീട് പ്രശസ്തമാവുന്നത്. ഇസ്രായേൽക്കാർ പ്രവാസികളായി ബാബിലോണിലേക്ക് അയയ്ക്കപ്പെട്ടത് ഈ കാലത്താണ് (2 രാജാ 24-25; മത്താ 1:11-12,17). സൈറസ് ബാബിലോൺ പിടിച്ചടക്കുന്നതോടെ പേർഷ്യൻ ആധിപത്യം നിലവിൽ വരുകയും യഹൂദർ സ്വതന്ത്രരാവുകയും ചെയ്തു. ബി.സി. 478-ൽ അഹസ്വേരൂസ് ബാബിലോൺ നശിപ്പിച്ചു (എസ്രാ 4:6).

## എസെക്കിയേൽ പ്രവാചകൻ

പഴയനിയമത്തിലെ ഇതരവ്യക്തിത്വങ്ങളിൽനിന്നും എസെക്കിയേൽ വിഭിന്നനാണ്. എസെക്കിയേലിനു വെളിപാടുലഭിക്കുന്നത് മനോവ്യാപാരങ്ങളിലൂടെയാണ് എന്നതാണ് ഈ പ്രവാചകനെ ഇതര ബൈബിൾ കഥാപാത്രങ്ങളിൽനിന്നും വ്യതിരിക്തനാക്കുന്നത്. എസെക്കിയേലിന്റെ ഗ്രന്ഥത്തിനു വ്യാഖ്യാനമെഴുതിയ പല പണ്ഡിതരും എസെക്കിയേലിന്റെ മനോനിലയെ വിമർശിക്കുകയും പ്രവാചകനെ, മനസ്സിന്റെ താളം തെറ്റിയ വിഭ്രാന്തിക്കാരനായും (E.C. Broome, JBL (1946) 277-292), മനോനില തെറ്റിയ മതമൗലികവാദിയായും (R.H Pfeiffer, Ezekiel, 543) അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില വ്യാഖ്യാതാക്കൾ എസെക്കിയേലിനെ പ്രസ് തുത കാലഘട്ടത്തിന്റെ ആധ്യാത്മിക ആചാര്യനായും (W.F. Albright, Ezekiel, 248-249) ചിത്രീകരിക്കുന്നുണ്ട്.

എസെക്കിയേലിന്റെ പ്രവചനങ്ങളിൽ ചില അസാധാരണത്വങ്ങളും അദ്ദേഹത്തിന്റെ പ്രതീകാത്മക പ്രവർത്തനങ്ങളുടെ വിവരണങ്ങളിൽ ഒട്ടേറെ അസംഭവ്യതകളുമുണ്ട് എന്ന വസ് തുത അംഗീകരിക്കുമ്പോൾതന്നെ പ്രവാചകന്റെ മനോനിലയെക്കുറിച്ചുള്ള വിമർശനങ്ങൾ പ്രസ്തുതപ്രവചനങ്ങളുടെ അന്ത:സത്തയെക്കുറിച്ചുള്ള അജ്ഞതയിൽനിന്ന് ഉത്ഭവിച്ചതാണെന്നു കരുതേണ്ടിവരും. പ്രവചന സാഹിത്യവും

വെളിപാടു സാഹിത്യവും (apocalyptic literature) തമ്മിലുള്ള അന്തരം നേർത്തുവരികയും അവതമ്മിലുള്ള പാലമായി വർത്തിക്കുകയും ചെയ്യുന്നു എന്നതാണ് എസെക്കിയേലിന്റെ ഗ്രന്ഥത്തിന്റെ സവിശേഷത.

വിദൂരദേശങ്ങളിലേക്കു സംവഹിക്കപ്പെട്ടു എന്ന പ്രസ്താവനകൾ (17:2; 21:5) പ്രവചനങ്ങളുടെ വെളിപാടുസാഹിത്യരൂപമായി മനസ്സിലാക്കാവുന്നതാണ്. എസെക്കിയേലിന്റെ ദർശനങ്ങൾ (visions) തികച്ചും യോഗാത്മകമാണ് (mystical). ദൈവികഭരണക്രമത്തെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചുമുള്ള പ്രവാചകന്റെ യോഗാത്മക ദർശനങ്ങൾ ഈ ലോകത്തിന്റെ അളവുകോലുകൾക്കുപരിയാണ് എന്ന കാരണത്താൽ പ്രവാചകന്റെ ബുദ്ധിസ്ഥിരതയെത്തന്നെ അധിക്ഷേപിക്കുന്നത് അന്യായപരമാണ്. ഒരേ സമയം പ്രവാചകനും പുരോഹിതനും കവിയും ദൈവശാസ്ത്രജ്ഞനുമായി വർത്തിക്കുന്ന ഗ്രന്ഥകാരന്റെ ഭാഷാപ്രപഞ്ചം സാമാന്യയുക്തിക്ക് എളുപ്പത്തിൽ വഴങ്ങുന്നതല്ല എന്നതാണ് സത്യം. പ്രവാചകന്റെ ഭാഷാപ്രപഞ്ചത്തിന്റെ അത്ഭുതാവഹമായ പരപ്പും വ്യക്തിത്വത്തിന്റെ അഗാധമായ ആഴവും ഗ്രഹിക്കുന്നതിൽ വന്ന വീഴ്ചയാണ് വ്യാഖ്യാതാക്കളെ എസെക്കിയേലിന്റെ വിമർശകരാക്കിയത്.

പ്രവാചകന്റെ പ്രവർത്തനസ്ഥലം ജറുസലേം തന്നെയാണ്. ബാബിലോണിനെക്കുറിച്ച് തികച്ചും ഒറ്റപ്പെട്ട പരാമർശങ്ങൾ മാത്രമേ ഈ ഗ്രന്ഥത്തിലുള്ളൂ. ബി.സി. 586 നു മുമ്പ് മനാസ്സേയുടെ ഭരണകാലം മുതൽ പലസ്തീനായിൽ എസെക്കിയേൽ കർമ്മനിരതനായിരുന്നു എന്നു കരുതാം. പാലസ്തീനായിലും (3:4–9) ബാബിലോണിലും (3:10–11, 25–27) പ്രവർത്തനനിരതനാകാനുള്ള നിയോഗം എസെക്കിയേലിനു ലഭിക്കുന്നതായി 1–3 അധ്യായങ്ങളിൽ ആവർത്തിച്ചു പരാമർശിക്കുന്നുണ്ട്. എന്നാൽ കർത്താവിന്റെ ഭവനം എന്ന പദപ്രയോഗം 4:3; 8:6; 9:9; 11:15; 12:10; 22:18 മുതലായ ഭാഗങ്ങളിൽ ആവർത്തിക്കുന്നതിനാലും തന്റെ പ്രവചനത്തിന്റെ ലക്ഷ്യം പലസ്തീനാ നിവാസികളാണെന്നു 11:1–13 ൽ വിവരിക്കുന്നതിനാലും എസെക്കിയേലിന്റെ മുഖ്യപ്രവർത്തന രംഗം പലസ്തീനാ ആണെന്ന് അനുമാനിക്കാം. ബി.സി. 588 ജനുവരി 15 ന് ജറുസലേം നഗരം ഉപരോധത്തിലാകുമ്പോഴും എസെക്കിയേൽ ജറുസലേമിലുണ്ടായിരുന്നതായി കരുതാം (24:1–24). എന്നാൽ ബി.സി. 586 ൽ ജറുസലേമിന്റെ പതനത്തിനുശേഷം എസെക്കിയേൽ ബാബിലോണിലെത്തി എന്ന് അനുമാനിക്കാം.

ജറുസലേമിന്റെ പതനസമയത്ത് 18 വയസ്സുമാത്രം പ്രായമുള്ള യഹോയിയാക്കിൻ ആയിരുന്നു യൂദാ രാജാവ് (2 രാജാ 24:14). ഇദ്ദേഹം അസംഖ്യം തടവുകാരോടൊത്ത് ബാബിലോണിലേക്ക് നാടുകടത്തപ്പെട്ടു (ജറെ 52:28). പകരം മത്താനിയായെ ജറുസലേമിലെ താത്ക്കാലിക രാജാവായി യഹൂദർ കരുതി. പ്രവാസത്തിലായ യഹോയാക്കിൻ ഉടൻ ജറുസലേമിൽ തിരിച്ചെത്തുമെന്ന മിഥ്യാധാരണ പല യഹൂദർക്കുമുണ്ടായിരുന്നു (ജറെ 28:2–4). ജറെമിയായെപ്പോലെ ഈ മിഥ്യാധാരണയ്ക്കെതിരായി എസെക്കിയേലും പ്രവചിക്കുന്നുണ്ട് (എസെ 27). ഇത്തരം മിഥ്യാധാരണകളെ പ്രോത്സാഹിപ്പിച്ചിരുന്ന പ്രവാചകരും പ്രവാസികളുടെ ഇടയിലുണ്ടായിരുന്നതായി ജറെമിയാ സാക്ഷ്യപ്പെടുത്തുന്നുണ്ട് (ജറെ 29:15, 21–23). യഹോയാക്കിന്റെ പ്രവാസകാലത്തെ ആധാരമാക്കിയാണ് (ഭരണത്തെയല്ല) എസെക്കിയേൽ തന്റെ കാലഗണന നടത്തുന്നത് (എസെ 1:1).





പ്രവാസികളിൽ പലരും ബാബിലോണിൽ സാമ്പത്തികമായി ഭദ്രമായ നിലയിലെത്തിയിരുന്നു. തന്മൂലം ബി.സി. 538 ൽ പല കുടുംബങ്ങളും പലസ്തീനായിലേക്കു തിരിച്ചുവരാൻ കൂട്ടാക്കിയില്ല (എസ്രാ 2:68–69). പ്രവാസികൾക്ക് ചില പീഡനങ്ങൾ ഏൽക്കേണ്ടിവരുന്നതായുള്ള സൂചനകളുണ്ടെങ്കിലും (ഏശ 42:22–25; 52:2) എസെക്കിയേൽ ബാബിലോണിനെതിരേ യാതൊരു വിമർശനവും ഉയർത്തുന്നില്ല. യാഹ്‌വെയുടെ കരങ്ങളിലെ ഉപകരണമായിട്ടാണ് എസെക്കിയേൽ ബാബിലോണിനെ കരുതുന്നത്. തിന്മചെയ്തു നശിച്ച യൂദായെ നേർവഴിക്കുകൊണ്ടുവരാൻ ദൈവം നിയോഗിച്ച വക്താവായിട്ടാണ് എസെക്കിയേൽ ബാബിലോണിനെ കരുതുന്നത്.

എസെക്കിയേൽ ബൂസിയുടെ പുത്രനും പുരോഹിതനുമാണ് (1:1–2). ബി.സി. 597 നു മുമ്പുള്ള പുരോഹിതനാകയാൽ അദ്ദേഹം സാദോക്കിന്റെ വംശത്തിൽപെട്ടവനായിരിക്കാം. സാദോക്യ വംശജരെ മുഴുവൻ ബി.സി. 597 ൽ നെബുക്കദ്നാസർ നാടുകടത്തിയതായി സൂചനകളുണ്ട് (2 രാജാ 24:14). പൗരോഹിത്യപദവി സാദോക്കു കുടുംബത്തിനു മാത്രമായി നിജപ്പെടുത്തുന്ന ഉടമ്പടി പത്രം എസെക്കിയേൽ സാദോക്കു വംശജനായിരുന്നതിനാലാകാം.

## എസെക്കിയേലിന്റെ വ്യക്തിത്വം

മന:ശാസ്ത്രജ്ഞന്മാർ ഏറെ പഠനവിധേയമാക്കിയിട്ടുള്ള ഒരു ബൈബിൾ കഥാപാത്രമാണ് എസെക്കിയേൽ. അദ്ദേഹത്തിന്റെ പെരുമാറ്റത്തിലുള്ള പ്രത്യേകതകളും പ്രത്യേകചേഷ്ഠകളും ഒരു മനോരോഗിയുടേതിനു തുല്യമാണെന്ന് വാദിക്കുന്നവരുണ്ട്. പാരവശ്യത്തിന് (ecstacy) വിധേയനാകുന്നവൻ, ദൈവാത്മാവിനാൽ ഗ്രസിക്കപ്പെടുന്നവൻ, വിചിത്രമായ രീതിയിൽ നടക്കുകയും ഭക്ഷിക്കുകയും പെരുമാറുകയും ചെയ്യുന്നവൻ, മൗനിയായി കുറേനാൾ കഴിഞ്ഞതിനുശേഷം, സർവ്വശക്തിയോടുംകൂടി പൊതുനിരത്തിൽ വന്നുനിന്ന് അട്ടഹസിക്കുന്നവൻ (6:11–14; 11:16–21; 13:1–7; 16:1–5), തുടങ്ങിയവയെല്ലാം സൂചിപ്പിക്കുന്നത് അദ്ദേഹത്തിന്റെ, പ്രത്യേകതനിറഞ്ഞ വ്യക്തിത്വത്തെയാണ്.

പ്രവാചകൻ ഏർപ്പെട്ട പ്രതീകാത്മക പ്രവൃത്തികളാണ് ഏറെ വിവാദവിഷയമായിത്തീർന്നിട്ടുള്ളത്. മറ്റേതൊരു പ്രവാചകനും ചെയ്തതിനെക്കാൾ കൂടുതലായി ഈവക പ്രവൃത്തികളിൽ എസെക്കിയേൽ മുഴുകി (4:1–15; 12:1; 12:17–20; 21:6–7; 21:18–23; 24:15). ദൈവത്തിന്റെ വാക്കുകളും സന്ദേശവും മനുഷ്യന്റെ ഉള്ളിൽതട്ടത്തക്ക വിധത്തിൽ അവതരിപ്പിക്കുകയാണ് പ്രവാചകൻ ഇവിടെ ചെയ്യുന്നത്. കാണികളുടെ ജിജ്ഞാസയും ശ്രദ്ധയും തട്ടിയുണർത്താനുള്ള കഴിവും ഈ പ്രവൃത്തികൾക്കുണ്ട്. ദൈവത്തിന്റെ സന്ദേശം എത്രമാത്രം പ്രവാചകന്റെ ജീവിതത്തെ സ്വാധീ

നിച്ചിരുന്നുവെന്നും ഈ പ്രവൃത്തികൾ സൂചിപ്പിക്കുന്നുണ്ട്. എസെക്കിയേലിന്റെ ജീവിതം മുഴുവൻ ഒരു പ്രവചനമായിത്തീരുകയാണ്. ദൈവാത്മാവിനാൽ ഗ്രസിക്കപ്പെട്ട് ദൈവത്തിനു സ്വന്തമായിത്തീർന്ന പ്രവാചകന് ഇനി സ്വന്തമായി ഒരു ജീവിതമില്ല. അദ്ദേഹത്തിന്റെ വാക്കും പ്രവൃത്തികളും ദൈവവചനപ്രഘോഷണത്തിനുള്ള ഉപാധികളത്രേ.

പൂർവ്വകാല പ്രവചനങ്ങളുമായുള്ള (preliterary prophecy) എസെക്കിയേലിന്റെ ബന്ധവും ഇവിടെ സ്മരണീയമാണ്. ഏലിയാ, എലീഷാ തുടങ്ങിയ ആദ്യകാല പ്രവാചകന്മാരുടെ പ്രവർത്തനശൈലിയും വാഗ്‌രൂപങ്ങളും പ്രമേയങ്ങളും എസെക്കിയേലിലും കാണാൻ കഴിയും. ദൈവത്തിന്റെ ആത്മാവ്, യാഹ്‌വെയുടെ കരം തുടങ്ങിയ പദപ്രയോഗങ്ങൾ ഇതിനുദാഹരണമാണ് (1 രാജാ 18:46; 2 രാജാ 21:10; എസെ 3:14; 8:3; 11:24).

വ്യാകരണ നിയമങ്ങൾ അനുസരിച്ചുള്ള വാക്യങ്ങൾ, ആശയങ്ങൾ ക്രമാനുഗതമായി ഉരുത്തിരിയുന്ന വിധത്തിലുള്ള അവതരണരീതി, പരസ്പരബന്ധമുള്ള ആശയങ്ങൾ എന്നിവയെല്ലാം സൂചിപ്പിക്കുന്നത് മാനസികരോഗഗ്രസ്തമായ ഒരു വ്യക്തിത്വമല്ല; പ്രത്യുത, ഭാവനയും ഊഷ്മളതയുമുള്ള, ധിഷണാശാലിയായ ഒരു വ്യക്തിയെയാണ്.

## കാലഗണനകൾ

എസെക്കിയേലിന്റെ പ്രവചനത്തിൽ സൂചിപ്പിക്കുന്ന കാലഗണനകൾ കൃത്യമായി നിർവ്വചിക്കുക ദുഷ്കരമാണ്. വിവിധ വ്യാഖ്യാതാക്കളുടെ നിഗമനങ്ങളുടെ പിൻബലത്തിൽ ഗ്രന്ഥത്തിൽ സൂചിതങ്ങളായ കാലങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| ബൈബിൾ സൂചിക | ബൈബിൾ പരാമർശം | കാലഗണന ശരത്കാല/വസന്ത കാല കലണ്ടർ അനുസരിച്ച് |
|---|---|---|
| 1:2 | അഞ്ചാംവർഷം നാലാം മാസം അഞ്ചാം ദിവസം | ജൂലൈ 21, ബി.സി. 592<br>ജൂലൈ 1, 593 |
| 8:1 | ആറാം വർഷം ആറാം മാസം അഞ്ചാം ദിവസം | സെപ്തംബർ 7, 591<br>സെപ്തംബർ 17, 592 |
| 20:1 | ഏഴാം വർഷം അഞ്ചാം മാസം പത്താം ദിവസം | സെപ്തംബർ 1, 590<br>ആഗസ്ത് 13, 591 |





| | | |
|---|---|---|
| 24:1 | ഒൻപതാംവർഷം പത്താം മാസം പത്താം ദിവസം | ജനുവരി 15, 588<br>ജനുവരി 15, 588 |
| 26:1 | പതിനൊന്നാം വർഷം ഒന്നാം ദിനം | നിശ്ചയിക്കാനാവില്ല |
| 29:1 | പത്താംവർഷം പത്താംമാസം പന്ത്രണ്ടാം ദിവസം | ജനുവരി 6, 587<br>ജനുവരി 6, 587 |
| 29:17 | ഇരുപത്തേഴാം വർഷം ഒന്നാം മാസം ഒന്നാം ദിവസം | ഏപ്രിൽ 16, 570<br>ഏപ്രിൽ 26, 571 |
| 30:20 | പതിനൊന്നാം വർഷം ഒന്നാം മാസം ഏഴാം ദിവസം | ഏപ്രിൽ 19, 586<br>ഏപ്രിൽ 29, 587 |
| 31:1 | പതിനൊന്നാം വർഷം മൂന്നാംമാസം ഒന്നാം ദിവസം | ജൂൺ 11, 586<br>ജൂൺ 21, 587 |
| 32:1 | പന്ത്രണ്ടാംവർഷം പന്ത്രണ്ടാം മാസം ഒന്നാംദിനം | മാർച്ച് 3, 585<br>മാർച്ച് 3, 585 |
| 32:17 | പന്ത്രണ്ടാംവർഷം ഒന്നാം മാസം പതിനഞ്ചാം ദിവസം | ഏപ്രിൽ 16, 58<br>ഏപ്രിൽ 27, 58 |
| 33:21 | പന്ത്രണ്ടാംവർഷം പത്താം മാസം അഞ്ചാം ദിവസം | ജനുവരി 8, 585<br>ജനുവരി 8, 585 |
| 40:1 | ഇരുപതാംവർഷം പത്താംമാസം അഞ്ചാം ദിവസം | ഏപ്രിൽ 17, 572<br>ഏപ്രിൽ 28, 573 |

ഈ കാലഗണനകളിൽ 26:1; 29:17; 33:21 എന്നിവ ക്രമം തെറ്റിയാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. ഇത്തരം സങ്കീർണ്ണമായ കാലഗണനകൾ ജറെമിയായുടെ പ്രവചനഗ്രന്ഥത്തിലും കാണാനാകും. ഒരു കാലസൂചികയുടെ കീഴിലുള്ള പ്രവചനങ്ങളെല്ലാം പ്രസ്തുത ദിനത്തിൽ നടത്തിയതാണെന്ന് അനുമാനിക്കുന്നത് യുക്തിസഹമായിരിക്കുകയില്ല. ഉദാഹരണമായി 25-ാം അധ്യായത്തിലെ മൊവാബ്, ഏദോം, ഫിലിസ്ത്യാ ദേശങ്ങൾക്കെതിരേയുള്ള പ്രവചനങ്ങൾ ബി.സി. 586 നുശേഷം രചിക്കപ്പെട്ടവയാണ്. അതിനാൽ 24:1 നു ശേഷം രചിക്കപ്പെട്ടതാകണമെന്നില്ല. ഒരേ കാലസൂചികകളിലെ പ്രവചനങ്ങൾ വ്യത്യസ്തകാലഘട്ടങ്ങളിലെ നിരവധി സംശോധനകൾക്കു വിധേയമായതിനാൽ നിയതമായ ഒരു കാലഗണന പ്രവചനങ്ങൾക്കു നൽകുക എന്നത് ശ്രമകരമാണ്.

## മൂലകൃതിയും സംശോധനകളും

എസെക്കിയേലിന്റെ ഗ്രന്ഥത്തിന്റെ ഐകരൂപ്യം സംശയാതീതമാണെങ്കിലും ഇതിന്റെ മൂലകൃതി ഏറെ സംശോധനകൾക്കുശേഷമാണ് അഭിനവരൂപത്തിലെത്തിയത് എന്ന അഭിപ്രായത്തിനാണ് പണ്ഡിതരുടെയിടയിൽ പ്രാമാണ്യമുള്ളത്. പ്രധാനമായും ഒരു സംശോധകൻ (Editor) എങ്കിലും ഈ ഗ്രന്ഥത്തിനുണ്ട് എന്ന് അനുമാനിക്കാം. ഈ സംശോധകൻ ബി.സി. അഞ്ചാം നൂറ്റാണ്ടിൽ നിന്നുള്ള വ്യക്തിയായിരിക്കാനാണ് സാധ്യത (Holscher, Hezekiel, 45-50). ഈ ഗ്രന്ഥത്തിന്റെ സംശോധകൻ കേവലം സംശോധന നടത്തുക മാത്രമല്ല വളരെയധികം ഭാഗങ്ങൾ എഴുതിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. അഭിനവഗ്രന്ഥത്തിന്റെ ഏകദേശം നാൽപതു ശതമാനമെങ്കിലും സംശോധകന്റെ രചനയാണെന്നു കരുതപ്പെടുന്നു (H.G. May, Ezekiel, 50). സംശോധകൻ ഗ്രന്ഥത്തിലുടനീളം കൂട്ടിച്ചേർക്കലുകൾ നടത്തിയതിനാൽ പ്രസ്തുത രചനകളെ വേർതിരിച്ച് അറിയാനാകുകയില്ല. എങ്കിലും താഴെപ്പറയുന്ന പട്ടികയിലെ ശൈലീപ്രയോഗങ്ങൾ സംശോധകന്റെ ശൈലിയാണെന്ന് പൊതുവേ കരുതുന്നവരുണ്ട്.

1. "സജീവനായ കർത്താവ് അരുൾ ചെയ്യുന്നു" – 5:11; 14:16, 18, 20; 16:48; 17:16; 18:3; 20:3; 33:11, 27; 34:8; 35:6, 11.
2. "ഞാൻ നിനക്കെതിരേ അയയ്ക്കും" – 5:17;6:3; 11:8; 14:17; 29:8; 33:2.
3. "എതിരേ മുഖം തിരിക്കുക" – 6:2; 13:17; 20:46; 21:2 (ഹീബ്രു 21:7); 25:2; 28:21; 29:2;35:2; 38:2.
4. "ഇസ്രായേലിലെ മലകളേ" – 6:2,3; 19:9; 33:28; 34:13, 14; 35:12; 36:1, 4, 8; 37:22; 38:8; 39:2, 4, 17.
5. "ഇസ്രായേലിലെ ഉന്നത പർവ്വതങ്ങളേ" – 17:23; 20:40; 34:14.
6. "വിഗ്രഹങ്ങൾ" – 6:4, 5, 6, 9, 13; 8:10; 14:3, 4, 5, 6, 7; 16:36; 18:6,12,15; 20:8, 16, 18, 24, 31, 39; 22:7, 8, 16, 18, 24, 31, 39; 23:7, 30, 37, 39, 49; 30:13; 33:25; 36:18, 25; 37:23; 44:10, 12.
7. "(അവർക്കു) നേരേ കൈഓങ്ങും" – 6:14; 14:9, 13; 16:27; 25:7, 13, 16; 30:25; 35:3.
8. "പ്രവൃത്തികൾക്കനുസൃതമായി വിധിക്കും" – 7:3, 8; 18:30; 24:14; 33:20; 36:19.
9. "ഇസ്രായേൽ ഭവനം മുഴുവനും" – 11:15; 20:40; 36:10; 37:11, 16; 39:35; 45:6; 3:6.
10. "ജനങ്ങൾക്കിടയിൽ ചിതറിക്കപ്പെടും" – 6:8; 12:15; 20:23; 22:15; 29:12; 30:23, 26; 36:19; 11:16, 17; 20:34, 41.
11. "രാജ്യങ്ങൾക്കിടയിൽ ചിതറിക്കപ്പെടും" – 12:15; 20:23; 22:15; 29:12; 20:23, 26; 36:19; 28:25; 29:13.
12. "ഇതാ അത് എത്തിക്കഴിഞ്ഞു" – 7:5, 6, 10; 21:7 (ഹീബ്രു 21:12); 30:9; 33:33; 39:8.





13. "(അവയാണ്) അവർക്ക് ഇടർച്ചവരുത്തിയത്" – 7:19; 14:3, 4, 7; 18:30; 44:12.
14. "ശക്തന്മാരുടെ അഹന്ത" – 7:24; 24:21; 30:6, 18; 33:28.
15. "അവർ എത്തിച്ചേർന്ന രാജ്യങ്ങളിൽ" – 11:16; 12:16; 36:20, 21, 22.
16. "ഞാൻ നിങ്ങളെ ഒരുമിച്ചു കൂട്ടും" – 11:17; 20:34; 28:25; 29:13; 34:13; 36:24; 37:21; 39:27.
17. "ഒരു പുതിയ ആത്മാവും പുതിയ ഹൃദയവും" – 11:19; 18:31; 36:26.
18. "അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവും ആയിരിക്കും" – 11:20; 14:11; 36:28; 37:23, 27.
19. "അവരുടെ പ്രവൃത്തികൾക്കുള്ള ശിക്ഷ അവരുടെ തലയിൽ തന്നെ വീഴും" – 9:10; 11:21; 16:43; 17:19; 22:31.
20. "വിശ്വസ്തത വെടിഞ്ഞു പ്രവർത്തിക്കുക" – 14:13; 15:8; 17:20; 18:24; 20:27; 39:28.
21. "മനുഷ്യരെയും മൃഗങ്ങളെയും നശിപ്പിക്കും" – 14:13, 17, 19, 21; 25:23; 29:8; 21:3 (ഹീബ്രു 21:8); 35:7.
22. "ദേശത്തിനെതിരേ വാൾ അയയ്ക്കും" – 14:17; 33:2; 6:3; 11:8.
23. "ദേശം വിജനമാക്കും" – 6:14; 15:8; 12:19, 20; 23:33; 32:15; 33:28, 29; 35:3, 7.
24. "ലജ്ജിച്ച് അപമാനമേൽക്കും" – 16:52, 54; 32:24, 25, 30; 34:29; 36:6, 7, 15; 39:26; 44:13.
25. "ജനതകളുടെ നിന്ദനം ഏൽക്കുക" – 34:29; 36:6, 15; 16:52.
26. "(അവരുടെ) സുസ്ഥിതി പുനഃസ്ഥാപിക്കും" – 16:53; 29:14; 39:25.
27. "വിശുദ്ധസ്ഥലങ്ങൾ അശുദ്ധമാക്കും" – 7:24; 24:21; 25:3; 44:7.
28. "എന്റെ നാമം അശുദ്ധമാകാതിരിക്കാൻ" – 20.9, 14, 22, 39; 36:20–23; 39:7, 25; 43:7, 8.
29. "ഞാൻ ശപഥം ചെയ്തു പറയുന്നു" – 20:5, 15, 23, 28, 42; 36:7; 47:14; 44:12.
30. "എന്റെ പരിശുദ്ധി വെളിപ്പെടുത്തും" – 20:41; 28:22, 25; 36:23; 38:16, 23; 39:27.
31. "ഇസ്രായേലിലെ രാജാക്കന്മാരേ" – 19:1; 21:12 (ഹീബ്രു 21:17) 22:6; 45:9.
32. "അവർ സുരക്ഷിതരായി ജീവിക്കും" – 28:26; 34:28; 38:8, 11, 14; 39:26.
33. "(രക്തത്തിന്) നിന്നെ ഉത്തരവാദിയാക്കും" – 3:18, 20; 33:6; 34:10.
34. നിന്റെ ജനം – 13:17; 33:2, 12, 17, 30; 37:18.
35. "കർത്താവായ ഞാനാണ് ഇതുപറയുന്നത്; ഞാൻ അത് നിറവേറ്റുകയും ചെയ്യും" – 17:24; 22:14; 36:36; 37:14.

36. "കർത്താവായ ഞാനാണ് ഇത് പറയുന്നത്" – 5:13, 15, 17; 17:21; 21:17 (ഹീബ്രു 21:22), 32 (ഹീബ്രു 21:37); 24:14; 26:14; 30:12; 34:24; cf. 23:34; 26:5; 28:10; 39:5.

37. "രാജ്യങ്ങൾ" – 5:5, 6; 6:8; 11:16, 17; 12:15; 15:32; 20:6, 15, 23, 32, 34; 22:4, 15; 25:7; 29:12; 30:23, 26; 32:9; 34:13; 35:10; 36:19,24; 39:27.

38. "പ്രമാണങ്ങളനുസരിച്ച് ജീവിക്കുന്നത്" – 5:6, 7; 11:20; 18:9, 17; 20:13, 16, 18, 19; 33:15; 36:27.

39. "നിങ്ങൾക്കു ചുറ്റുമുള്ള ജനതകൾ" – 5:7, 14, 15; 11:12; 36:4, 7.

40. "ഇതാ ഞാൻ തന്നെ നിനക്കെതിരായി വരുന്നു" – 5:8; 13:8, 20; 21:3 (ഹീബ്രു 21:8); 26:3; 28:22; 29:3, 10; 30:22; 34:10; 35:3; 36:9; 38:3; 39:1.

41. "മ്ലേച്ഛതകൾ" – 5:11; 7:20; 11:18, 21; 20:7, 8, 30; 37:23.

42. "ജനതകളുടെ മുമ്പിൽവച്ച്" – 5:8; 20:9, 14, 22, 41; 22:16; 28:25; 38:23; 39:27.

43. "എന്റെ ക്രോധം (നിങ്ങളുടെമേൽ) ചൊരിയും" – 5:13; 16:24; 21:17 (ഹീബ്രു 21:22); 24:13.

44. "അവരുടെ പെരുമാറ്റവും പ്രവൃത്തിയും" – 14:23; 20:43, 44; 24:14; 36:17, 19.

45. "എന്റെ സാബത്തുകൾ" – 20:12, 13, 16, 20, 21, 24; 22:8, 26; 23:38; 44:24; 45:17; 46:3.

46. "ശിക്ഷ സ്വീകരിക്കുക" – 4:5, 6; 14:10; 44:10, 12.

47. "ഞാനാണ് കർത്താവ് എന്ന് അപ്പോൾ അവർ അറിയും (50 ൽപരം തവണ ഈ പ്രയോഗം എസെക്കിയേലിന്റെ ഗ്രന്ഥത്തിൽ കാണാം)."

എന്നാൽ സംശോധകനു മാത്രമല്ല ഗ്രന്ഥകാരനുതന്നെ ശൈലി പ്രയോഗങ്ങളുടെ ആവർത്തനം സാധ്യമായതിനാൽ കേവലം ഏതെങ്കിലുമൊരു ശൈലിയുടെ മാത്രം വെളിച്ചത്തിൽ പ്രസ്തുത ശൈലി ഉൾക്കൊള്ളുന്ന വചനഭാഗം പിൽക്കാല സംശോധകന്റേതാണ് എന്ന നിഗമനത്തിലെത്തുന്നത് യുക്തിപരമല്ല. എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ ശൈലി പ്രയോഗങ്ങൾ മനസ്സിലാക്കാൻ മേൽസൂചിപ്പിച്ച പട്ടിക സഹായകമാണ്. എന്നാൽ ഗ്രന്ഥകാരനെയും സംശോധകനെയും വേർതിരിച്ചറിയാൻ ഈ പട്ടിക പ്രയോജനപ്പെടുത്താനാകില്ല. എന്നാൽ മേൽപറഞ്ഞ ശൈലിയോടൊത്തുള്ള വചനഭാഗങ്ങൾ സംശോധകന്റേതാണെന്ന് അനുമാനിക്കുന്നവർക്ക് വേണ്ടത്ര കാരണങ്ങളില്ല എന്നതാണ് ഈ പറഞ്ഞതിന്റെ പൊരുൾ.

ഈ നൂറ്റാണ്ടിന്റെ ആരംഭംവരെ എസെക്കിയേലിന്റെ ഗ്രന്ഥത്തെപ്പറ്റി പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നില്ല. ഏതാണ്ട് പതിനഞ്ചു ചരിത്ര സൂചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്ഥലകാല നിബദ്ധമായി എസെക്കിയേൽ തന്നെ രചിച്ചതാണ് ഈ ഗ്രന്ഥം എന്നായിരുന്നു വിമർശകരുടെ അഭിപ്രായം. ഗ്രന്ഥത്തിൽത്തന്നെ ഇതിനു





സൂചനകളുണ്ട് (1:1; 3:16; 8:1; 20:1; 24:1; 26:1; 29:1,17; 30:20,31; 32:1,7; 33:21; 40:1). കെ.ജി.ഹ്യോൾഷറുടെ (K.G.Holsher) വീക്ഷണത്തിൽ എസെക്കിയേലിന്റെ പുസ്തകത്തിൽ ആകെയുള്ള 1235 വാക്യങ്ങളിൽ 177 വാക്യങ്ങളെ പ്രവാചകന്റേതായുള്ളൂ. കാരണം, പാരവശ്യത്തിനു വിധേയനാകുന്ന പ്രവാചകൻ പദ്യരൂപത്തിലാണ് അരുളപ്പാട് നൽകുക. ഗ്രന്ഥത്തിൽ കാണുന്ന ഗദ്യമെല്ലാം പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടവയാണ്. ചുരുക്കത്തിൽ, ഒരുഭാഗം ഗദ്യമോ പദ്യമോ എന്നതായിരുന്നു അത് എസെക്കിയേലിന്റേതോ പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതോ എന്നതിന്റെ മാനദണ്ഡമായി ഹ്യോൾഷർ സ്വീകരിച്ചത്. ബി.സി. മൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഒരു സങ്കല്പകൃതി (fiction) ആണ് എസെക്കിയേലിന്റെ ഗ്രന്ഥം എന്നുപോലും ചിലർ അഭിപ്രായപ്പെട്ടു (സി.സി. റ്റോറെ). ജെയിംസ് സ്മിത്തിന്റെ (James Smith) അഭിപ്രായപ്രകാരം പ്രവാസത്തിന് ഒരു നൂറ്റാണ്ടുമുമ്പ് വടക്കേരാജ്യമായ ഇസ്രായേലിൽ രൂപംപ്രാപിച്ച കൃതിക്ക് എസെക്കിയേലും അദ്ദേഹത്തിന്റെ ശിഷ്യഗണവും മിനുക്കുപണിചേർത്ത് ആകൃതി നല്കിയതാണ് ഇന്നത്തെ പ്രവാചകഗ്രന്ഥം. ധ്രുവാന്തരങ്ങളുള്ള ഈ വാദഗതികൾക്ക് മാറ്റം വന്നത് ഈ അടുത്തകാലത്താണ്. ഡബ്ള്യൂ. സിമ്മർലി (W. Zimmerli) എം. ഗ്രീൻബെർഹ് (M. Greenberg) തുടങ്ങിയ ആധുനിക പണ്ഡിതന്മാരുടെ വീക്ഷണത്തിൽ എസെക്കിയേലിന്റെ ഗ്രന്ഥം പ്രവാചകനിൽനിന്നുതന്നെ രൂപംകൊണ്ടതാണ്. പിൽക്കാലത്ത് ഏതാനും ചിലഭാഗങ്ങൾ ഗ്രന്ഥത്തോടു കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. പാരമ്പര്യങ്ങളുടെ വികസിതരൂപം, പാഠങ്ങളുടെ അധുനാധുനീകരണം എന്നിവയെല്ലാം ഇതിനു നിമിത്തമായിട്ടുണ്ട്.

## പുസ്തകത്തിന്റെ ഘടനയും ഉള്ളടക്കവും

എസെക്കിയേലിന്റെ പുസ്തകത്തെ മൂന്നു വലിയ വിഭാഗങ്ങളായി തിരിക്കാം.

1. 1 മുതൽ 24 വരെയുള്ള അദ്ധ്യായങ്ങളിൽ യൂദായ്ക്കും ജറുസലേമിനും എതിരേയുള്ള ഭീഷണികളാണ് മുഖ്യമായും കാണുക.

2. 25–32 വരെയുള്ള അദ്ധ്യായങ്ങളിലാകട്ടെ അമ്മോൻ, മൊവാബ്, ഏദോം, ഫിലിസ്തിയാ, ടയിർ, സീദോൻ, ഈജിപ്ത് എന്നീ വിജാതീയ ജനതകളുടെമേൽ യാഹ്‌വെ നടത്താനിരുന്ന ശിക്ഷാവിധിയെപ്പറ്റി പ്രതിപാദിക്കുന്നു.

3. 33–48 അദ്ധ്യായങ്ങളിൽ യാഹ്‌വെ പ്രദാനം ചെയ്യാനിരിക്കുന്ന രക്ഷയെപ്പറ്റിയുള്ള വാഗ്ദാനങ്ങളാണ്. രണ്ടു ഭാഗങ്ങളായാണ് ഈ രക്ഷ യാഥാർത്ഥ്യമാവുക. 33–39 വരെയുള്ള അദ്ധ്യായങ്ങളിൽ ഒരു "പുതിയ പുറപ്പാടും ഭൂമി കൈവശപ്പെടുത്തലും" പ്രവാചകൻ വിഭാവനം ചെയ്യുന്നുണ്ട്. 40–48 അദ്ധ്യായങ്ങളിൽ ജറുസലേം പുനരുദ്ധരിക്കപ്പെടുന്നതും പുതിയ ദേവാലയം അനുഗ്രഹത്തിന്റെ ഉറവിടമായി ജനമദ്ധ്യേ വിരാജിക്കുന്നതുമായ കാര്യങ്ങളാണുള്ളത്.

ബാബിലോണിൽ തടവുകാരനായി കഴിയുന്ന എസെക്കിയേൽ വിദൂരതയിൽ കഴിയുന്ന യൂദയാ-ജറുസലേം നിവാസികളെ ഉപദേശിക്കുന്ന

തും, കൃത്യമായ സ്ഥലകാല വിവരണങ്ങളോടെ തന്റെ സന്ദേശങ്ങൾ അവതരിപ്പിക്കുന്നതും, മാറ്റമില്ലാത്ത ശിക്ഷാവിധിയോടൊപ്പം ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹത്തെപ്പറ്റി പരാമർശിക്കുന്നതും മറ്റുമാണ് പ്രവാചകനെയും പ്രവാചകഗ്രന്ഥത്തെയുംപറ്റി അനുരഞ്ജന സാധ്യതയില്ലാത്ത അഭിപ്രായങ്ങൾ ഉടലെടുക്കാൻ കാരണം. ബാബിലോണും ജറുസലേമും തമ്മിലുള്ള നിരന്തര ബന്ധത്തെപ്പറ്റിയുള്ള തെളിവുകളും (ജറെമിയ ബന്ദികൾക്കയച്ച കത്ത് ജറെ 29). പ്രവാചകസിദ്ധിയിലുള്ള വൈവിധ്യവും എസെക്കിയേലിന്റെതന്നെ പൂർവ്വകാലജീവിതവും കൂടുതൽ പഠനവിഷയമായതോടെ ഈവക പ്രശ്നങ്ങൾക്കെല്ലാം ഇന്ന് ഏതാണ്ട് തൃപ്തികരമായ പരിഹാരം ലഭിച്ചിട്ടുണ്ട്.

## ദൈവശാസ്ത്ര പ്രമേയങ്ങൾ

എസെക്കിയേലിന്റെ പ്രവാചകശുശ്രൂഷ മൂന്നുഘട്ടങ്ങളിലായാണ് നടന്നത്. അദ്ദേഹത്തിന്റെ സന്ദേശത്തിലും ഗണ്യമായ മാറ്റങ്ങൾ ഇവിടെ കാണാം. അദ്ദേഹത്തിന് വിളി ലഭിച്ചതുമുതൽ ജറുസലേം ദേവാലയത്തിന്റെ പതനം വരെയുള്ളതാണ് ആദ്യത്തെ ഘട്ടം (ബി.സി.593-587). അസന്ദിഗ്ദ്ധമായ ഭാഷയിൽ യൂദായുടെയും ജറുസലേമിന്റെയും നാശത്തെപ്പറ്റി പ്രവാചകൻ നൽകുന്ന മുന്നറിയിപ്പാണ് ഇക്കാലത്തെ മുഖ്യപ്രമേയം; ഒപ്പം ജനത്തിന്റെ അകൃത്യങ്ങളുടെ വിവരണവും (4-12,16-17,19,21-24). അപ്രതിരോധ്യമാണ് ജറുസലേം എന്ന ചിന്ത അവർ ഉപേക്ഷിക്കണം. യാഹ്‌വെയും ജറുസലേമും തമ്മിൽ വഴിപിരിയുകയാണ്. ജനം ഇതു മനസ്സിലാക്കി യാഹ്‌വെയിൽ മാത്രം പ്രത്യാശ വയ്ക്കണം. നഗരത്തിന്റെ പതനം ആസന്നമായപ്പോൾ പ്രവാചകൻ മൗനവ്രതം ആരംഭിച്ചു. ഒരു ദൃക്സാക്ഷിയിൽനിന്നും പട്ടണത്തിന്റെ പതനത്തെപ്പറ്റി കേൾക്കുന്നതുവരെ അദ്ദേഹം മൗനിയായി ജീവിച്ചു (3:22-27; 24:25-27; 33:21-22).

ജറുസലേമിന്റെ പതനത്തോടെ എസെക്കിയേലിന്റെ സംസാരശൈലി മാറുകയാണ്. പ്രതീക്ഷ നശിച്ച ജനങ്ങളെ ധൈര്യപ്പെടുത്താൻ ശ്രമിക്കുകയാണദ്ദേഹം. കൂട്ടത്തിൽ യാഹ്‌വെയുടെ പക്കലേക്കുള്ള തിരിച്ചുവരവ് ശരിയായ വിധത്തിലാക്കുവാൻ ജനത്തെ പഠിപ്പിക്കുകയും ചെയ്തു. ബി.സി. 587 മുതൽ 585 വരെയാണ് ഈ കാലഘട്ടം. വിശ്വസ്തരായിരിക്കുന്നവർക്ക് രക്ഷയും അനീതി പ്രവർത്തിക്കുന്നവർക്ക് നാശവുമാണ് വരുക. മനസ്സു തിരിഞ്ഞെങ്കിലേ പാപിക്ക് മോചനമുള്ളൂ. ജറുസലേമിന്റെ നാശത്തിൽ സന്തോഷിക്കുന്ന വിജാതീയരോടും എസെക്കിയേലിനു പറയാനുള്ളത് ഇതുതന്നെയാണ് (25-26). ബാബിലോണിനെ യാഹ്‌വെയുടെ കൈയിലെ ഒരു ഉപകരണമായി കണക്കാക്കിയാൽ മതി (11:17). വിജാതീയരുടെമേലും അധീശത്വം പുലർത്തുന്നവനാണ് യാഹ്‌വെ.

ബി.സി. 585 നു ശേഷമുള്ളതാണ് പ്രവാചകന്റെ ജീവിതത്തിലെ മൂന്നാംഘട്ടം. താനാവശ്യപ്പെടുന്ന മാനസാന്തരം മനുഷ്യന് സ്വന്തം കഴിവുകൊണ്ടുമാത്രം നേടിയെടുക്കാൻ കഴിയുന്നതല്ലെന്ന് എസെക്കിയേൽ മനസ്സിലാക്കുന്നു. യാഹ്‌വെ നല്കുന്ന രക്ഷയുടെ സന്ദേശവുമായാണ്





പ്രവാചകൻ ഇനി ജനത്തെ സമീപിക്കുക. വ്യവസ്ഥകളില്ലാതെ സ്നേഹിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന യാഹ്‌വെയുടെ ഇടപെടലിനെപ്പറ്റിയാണ് പ്രവാചകൻ പ്രസംഗിക്കുക (28:24-26). മന:പൂർവ്വം മാറി നില്ക്കുന്നവരും യാഹ്‌വെയുടെ പദ്ധതിയോട് എതിർത്തു നിൽക്കുന്നവരുമേ, അവിടുത്തെ സ്നേഹവലയത്തിനു പുറത്തു നില്ക്കുന്നുള്ളു (33:10-20). ദൈവം തന്നെ ജനത്തെ ഒരുമിച്ചു കൂട്ടും. ഇസ്രായേലും യൂദയായും ഒന്നിക്കുന്ന ഒരു കാലംവരും (36-37). പുനരുദ്ധരിക്കപ്പെട്ട ദേവാലയത്തിലേക്ക് ദൈവത്തിന്റെ മഹത്ത്വം തിരിച്ചെത്തുകയും അനുഗ്രഹത്തിന്റെ നീർച്ചാലുകൾ അവിടെനിന്ന് ഒഴുകുകയും ചെയ്യും (43:1-4). ഇസ്രായേലിന്റെ ശത്രുക്കളുടെമേൽ നാശം വന്നുചേരും (38-39). ശിലാഹൃദയത്തിനു പകരം മാംസളമായ ഒരു ഹൃദയം ദൈവം മനുഷ്യനു നല്കും; ദൈവാരൂപിയാൽ അവൻ നിറയ്ക്കപ്പെടും; തന്മൂലം മനുഷ്യൻ ദൈവേഷ്ടം നിറവേറ്റുകയും ദൈവവുമായി ഐക്യത്തിൽ വസിക്കുകയും ചെയ്യും (36:26). എസെക്കിയേലും ജറെമിയായും ഏറെ യോജിക്കുന്ന ഒരു ആശയമാണിത് (38:26-27). പശ്ചാത്താപം ആവശ്യപ്പെട്ട് ഇരുവരും അവരുടെ ദൗത്യം ആരംഭിച്ചു. അത് അവസാനിക്കുന്നതാകട്ടെ രക്ഷയുടെ വാഗ്ദാനത്തിലും.

### *a. ദൈവം ആരുടേയും കുത്തകയല്ല.*

എസെക്കിയേലിനും സമകാലികർക്കും ജറുസലേം ദേവാലയമായിരുന്നു ദൈവസാന്നിധ്യത്തിന്റെ പ്രതീകവും അച്ചാരവും. വിജാതീയവും അശുദ്ധവുമായ സ്ഥലത്ത് ജനിക്കുവാൻ വിധിക്കപ്പെട്ടവനാണ് താനെന്നു വിചാരിച്ച് ദുഃഖിച്ചിരിക്കുമ്പോഴാണ് ബാബിലോണിൽ കേബാർനദിയുടെ തീരത്തുവച്ച് (വിജാതീയ ഭൂമിയിൽ) സർവ്വമഹത്വത്തോടുംകൂടെ ദൈവം എസെക്കിയേലിന് പ്രത്യക്ഷനാകുന്നത്. 1:1-3:15 വരെയുള്ള ഭാഗത്ത് തനിക്കുണ്ടായ ദിവ്യദർശനത്തെക്കുറിച്ചുള്ള ദീർഘമായ വിവരണം പ്രവാചകൻ നൽകുന്നുണ്ട്. പഴയനിയമത്തിലെ ദൈവവിളി വിവരണങ്ങളിൽ ഏറ്റവും ദീർഘമായതാണിത്. ഈ അനുഭവം പരമ്പരാഗത വിശ്വാസത്തോടു വിടചൊല്ലുവാൻ പ്രവാചകനെ സഹായിച്ചു. യാഹ്‌വെയുടെ സാന്നിധ്യം വാഗ്ദാനഭൂമിയിൽ മാത്രമായി ഒതുങ്ങിനില്ക്കുന്നില്ല. ദൈവത്തെ എവിടെവച്ചും കണ്ടുമുട്ടാനാകും. ജീവനും മരണവും, ഒരുവനായിരിക്കുന്ന ചുറ്റുപാടിനെ ആശ്രയിച്ചല്ല നിലനിൽക്കുന്നത്. മറിച്ച്, ഒരുവന്റെ ആന്തരികമനോഭാവത്തെ ആശ്രയിച്ചത്രേ. ദൈവം യഹൂദന്റെയോ അവന്റെ നാടിന്റെയോ കുത്തകയല്ല. ജാതി, വർഗ്ഗ, ദേശങ്ങൾക്കതീതനാണ് ദൈവം. സങ്കുചിതത്വം പേറിനടന്ന ഇസ്രായേൽക്കാർക്ക് തികച്ചും പുതുമ നൽകുന്നതായിരുന്നു എസെക്കിയേലിന്റെ ഈ ആശയം.

### *b. സർവ്വശക്തനായ ദൈവം*

അടിമകളുടെ ദൈവം നിർവീര്യനാണെന്ന് ബാബിലോൺ ധരിച്ചിരുന്നു. അവരുടെ പരിഹാസത്തിന് പാത്രീഭൂതരായിരുന്ന ഇസ്രായേൽക്കാർക്ക് ധൈര്യവും പ്രത്യാശയും നൽകാനാണ് ദൈവം മഹത്വപൂർണ്ണനായി കേബാർ നദീതീരത്ത് പ്രത്യക്ഷപ്പെടുന്നത്. അവർ അനുഭവിക്കുന്ന നികൃഷ്ടാവസ്ഥ താത്കാലികം മാത്രമാണ്. സർവ്വശക്തന്

അതിൽനിന്ന് അവരെ മോചിപ്പിക്കാൻ കഴിയും. മരണവും നാശവും ക്ഷാമവും മാത്രമേ അവശേഷിച്ചിട്ടുള്ളൂ എന്നു തോന്നുമ്പോഴും ആ സാഹചര്യത്തിൽ നിന്നും ജീവൻ പുറപ്പെടുവിക്കാൻ ദൈവത്തിനു കഴിയും (37:1-14; 47:1-12). "അങ്ങനെ ഞാൻ ദൈവമാണെന്ന് അവർ അറിയും" എന്ന വാക്യം എസെക്കിയേലിൽ പലപ്പോഴും കാണാം.

### *c. തന്റെ ജനത്തിന്റെ സുസ്ഥിതിയിൽ മഹത്വം കാണുന്ന ദൈവം:*

മർദൂക്ക്ദേവനെക്കാൾ ശക്തികുറഞ്ഞവനാണ് യാഹ്‌വെ എന്നു ബാബിലോൺ പരിഹസിച്ചു പറഞ്ഞപ്പോൾ (36:20) അത് യാഹ്‌വെയുടെ നാമത്തിന്റെ പവിത്രതയ്ക്ക് ഏറ്റ അടിയാണ്. ഇസ്രായേൽക്കാരുടെ അവസ്ഥയുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. തന്റെ ജനത്തെ നിന്ദിക്കുന്നതു തന്നെ നിന്ദിക്കുന്നതിനു തുല്യമാണ്. തന്റെ ജനതയ്ക്ക് മഹത്വവും അഭിമാനവും ലഭിക്കുമ്പോഴേ തന്റെ നാമത്തിന്റെ പവിത്രതയും അംഗീകരിക്കപ്പെടൂ. തന്റെ "പരിശുദ്ധനാമം നിമിത്തമാണ്" യാഹ്‌വെ ഇതു ചെയ്യുക (20:9,14,22; 39:7,25; 43:7). ദൈവത്തിന്റെ മഹത്വം മനുഷ്യന്റെ മഹത്വം തന്നെയാണ്.

### *d. പരിശുദ്ധനായ ദൈവം:*

ദൈവത്തിന്റെ തിരുഹിതവും മനുഷ്യന്റെ ആശയാഭിലാഷങ്ങളും തമ്മിലുള്ള അന്തരം വീണ്ടും വീണ്ടും എസെക്കിയേൽ ആവർത്തി ച്ചു പറയുന്നുണ്ട്. "മനുഷ്യപുത്രൻ" എന്നുള്ള പ്രവാചകന്റെ പേരുതന്നെ മനുഷ്യന്റെ മർത്യതയെയും ബലഹീനതയെയും സൂചിപ്പിക്കുന്ന പദപ്രയോഗമാണ് (13:1; 14:12; 15:1; 16:1; 17:1). 1:26-ൽ പ്രവാചകനുണ്ടായ ദർശനത്തിൽ ദൈവത്തിന്റെ സാദൃശ്യമേ എസെക്കിയേൽ കാണുന്നുള്ളു. ദൈവത്തിന്റെ നാമംതന്നെ പരിശുദ്ധമാണ് (20:39; 36:20; 43:7). ഇസ്രായേൽ യാഹ്‌വെയുടെ നാമം പേറുന്നതുകൊണ്ട് ആ നാമത്തെ വിശുദ്ധമായി കാത്തുസൂക്ഷിക്കുവാൻ അവർക്കു കടമയുണ്ട് (20:30).

### *e. മനുഷ്യന്റെ ധാർമ്മികവും മതപരവുമായ കടമകൾ:*

ഇസ്രായേലിന്റെ പൂർവ്വകാല പ്രവാചകപാരമ്പര്യമനുസരിച്ച് എസെക്കിയേലും സമൂഹത്തിൽ നിലനിന്നിരുന്ന അനീതിക്കും കപടഭക്തിക്കുമെതിരേ ശബ്ദമുയർത്തുന്നുണ്ട് (5-6; 17-18; 20-22). മതാത്മകജീവിതത്തിലെ അപഭ്രംശങ്ങളെ എസെക്കിയേൽ പേരെടുത്തു പറയുന്നുണ്ട് (6:13; 20:28). സാബത്തു ലംഘിക്കുന്നതും (20:12-24) വിഗ്രഹങ്ങൾ ധൂപിക്കുന്നതും (6:13; 20:28) വിശുദ്ധസ്ഥലം മലിനമാക്കുന്നതും (23:37-38) പ്രവാചകൻ പേരെടുത്തു പറഞ്ഞു കുറ്റപ്പെടുത്തുന്നുണ്ട്. ദേവാലയത്തിലെ ആരാധനയെത്തന്നെ തള്ളിപ്പറഞ്ഞ മറ്റു പ്രവാചകന്മാരിൽനിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിവിടെയുണ്ട്. ഒരു പുരോഹിതനെന്ന നിലയിൽ എസെക്കിയേൽ ഇസ്രായേലിന്റെ യാഹ്‌വെയുമായുള്ള ബന്ധത്തെ കാണുമ്പോഴുള്ള പ്രത്യേകതയാണിത്. ദൈവം നല്കിയിരിക്കുന്ന നിയമങ്ങളും ചട്ടങ്ങളും, അവ അനുഷ്ഠാന കാര്യങ്ങളിൽപെടുന്നതാണെങ്കിൽക്കൂടി, വിശ്വസ്തമായി അവിടുത്തെ ശുശ്രൂഷിക്കാനുള്ള മാർഗ്ഗങ്ങളാണ്.





### *f. വ്യക്തിപരമായ ഉത്തരവാദിത്വം:*

ഗോത്രവർഗ്ഗങ്ങളുടെ ധാർമ്മികതയും കൂട്ടായ ഉത്തരവാദിത്വവും അനുവർത്തിച്ചുവന്ന ഇസ്രായേൽക്കാർക്ക് പുതുമയുള്ള കാര്യമായിരുന്നു എസെക്കിയേലിന്റെ വ്യക്തിപരമായ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ. "പിതാക്കന്മാർ പുളിക്കുന്ന മുന്തിരിങ്ങ തിന്നു; മക്കളുടെ പല്ലു പുളിച്ചു" എന്ന പഴഞ്ചൊല്ല് ഇനിയാവർത്തിക്കപ്പെടുകയില്ല (18:2). ഇനിമേൽ പാപംചെയ്യുന്നവന്റെ ജീവൻ നശിക്കും (18:5). ജനത്തിന്റെ കാവൽക്കാരനായി ദൈവം പ്രവാചകനെ നിയമിക്കുന്നതിന്റെ പുറകിലും ഇതേ ചിന്തയാണുള്ളത് (33:1). പ്രവാചകൻ അവന്റെ ദൗത്യം നിറവേറ്റണം. ദൈവത്തിന്റെ ശബ്ദം ഒരുവനു ശ്രവിക്കുകയോ നിരാകരിക്കുകയോ ആകാം. മനുഷ്യന്റെ പ്രത്യുത്തരം അനുസരിച്ചായിരിക്കും അവനുള്ള പ്രതിഫലം.

### *g. കരുണ കാണിച്ച് സ്വന്തമാക്കുന്ന ദൈവം:*

തിന്മ പ്രവർത്തിക്കാനുള്ള പ്രവണത മനുഷ്യനിൽ ആഴത്തിൽ വേരുറച്ചിട്ടുള്ളതാണ്. മനുഷ്യന്റെ തിരിച്ചുവരവിനു കാത്തുനില്ക്കാതെ അവനെ അന്വേഷിച്ചു കണ്ടെത്തി കരുണ കാണിച്ച് തന്റെ സ്വന്തമാക്കുന്ന ദൈവത്തെയാണ് എസെക്കിയേൽ അവസാനം കാണിച്ചുതരുന്നത് (16:53,60,61; 20:40-44; 34:11; 37:1-14). ദൈവത്തിന്റെ കാരുണ്യം മനസ്സിലാക്കി കഴിയുമ്പോൾ ജനം ലജ്ജിച്ച് അവിടുത്തെ പക്കലേക്കു പിന്തിരിയും (16:54; 36:32). എസെക്കിയേലിന്റെ ഈ പ്രവചനം യേശുവിൽ പൂർത്തിയാകുന്നു (ലൂക്കാ 15). മനുഷ്യന്റെ മനസ്സുതിരിവ് ദൈവത്തിന്റെ കാരുണ്യത്തിന്റെയും രക്ഷാകരമായ സന്ദർശനത്തിന്റെയും ഫലമായേ നടക്കുകയുള്ളൂ എന്നു പ്രവാചകൻ മനസ്സിലാക്കി (36:25). ദൈവംതന്നെ ശുദ്ധജലം തളിച്ച് മാലിന്യങ്ങളിൽനിന്നു മനുഷ്യനെ മോചിപ്പിച്ചാലേ അവനു മോചനമുള്ളൂ എന്ന തിരിച്ചറിവ് എസെക്കിയേലിന്റെ സന്ദേശത്തിലെ വലിയൊരു വഴിത്തിരിവാണ്. ദൈവത്തിന്റെ സ്വഭാവത്തെപ്പറ്റിയുള്ള ആഴമേറിയ കാഴ്ചപ്പാടാണിത്.

ചുരുക്കത്തിൽ, പൂർവ്വപ്രവാചകന്മാരുടെ ശൈലി സ്വീകരിച്ചുകൊണ്ട്, പുരോഹിത പാരമ്പര്യത്തിന്റെ പ്രത്യേക കാഴ്ചപ്പാടിൽ, ദൈവത്തിന്റെ ജനത്തെ ഉപദേശിക്കുകയും, ദൈവിക മാർഗ്ഗങ്ങളെപ്പറ്റി അവരോട് പ്രസംഗിക്കുകയും ചെയ്ത വ്യക്തിയാണ് എസെക്കിയേൽ. പരമ്പരാഗതമായ വിശ്വാസങ്ങൾക്ക് പ്രവാചകൻ ഒരു പുതിയ വ്യാഖ്യാനം നൽകി. വാക്കുകൾകൊണ്ട് ഉദ്ഘോഷിക്കുന്ന സന്ദേശത്തെ ജീവിതത്തിലെ നിർണ്ണായകമായ ചില പ്രവൃത്തികൾ വഴിയായും എസെക്കിയേൽ ജനത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. രാജ്യവും രാജവാഴ്ചയും ദേവാലയവും ആരാധനയും ഇല്ലാതായപ്പോഴും പ്രത്യാശ കൈവിടാതിരിക്കാനും അസ്ഥികൂമ്പാരങ്ങൾക്ക് ജീവൻ കൊടുക്കാൻ കഴിയുന്ന ദൈവത്തിന്റെ ശക്തിയിൽ (37:1-14) വിശ്വസിച്ചു മുമ്പോട്ടു പോകുവാനും എസെക്കിയേൽ പ്രവാചകൻ ഇസ്രായേൽജനതയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകി. അതുകൊണ്ടുതന്നെയാണ് യഹൂദമതത്തിന്റെ പിതാവായി അദ്ദേഹം അനുസ്മരിക്കപ്പെടുന്നത്.

## പാരമ്പര്യങ്ങളെ ചോദ്യംചെയ്ത യാഥാസ്ഥിതികൻ

എസെക്കിയേലിനെ വിശേഷിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ വിശേഷണം "ഇസ്രായേലിന്റെ പരമ്പരാഗത വിശ്വാസങ്ങളെ ചോദ്യം ചെയ്യുന്ന യാഥാസ്ഥിതികനായ പ്രവാചകൻ" എന്നതാണ്. ഇസ്രായേലിന്റെ വിശ്വാസത്തിന്റെ നെടുംതൂണുകളായി വർത്തിച്ചത് നാലു വിശ്വാസസത്യങ്ങളായിരുന്നു:

(1) തങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട സ്വന്തം ജനമാണ്. അതിനാൽ തങ്ങളുടെ ഐശ്വര്യവും സുരക്ഷയും ദൈവശക്തിയാൽ അചഞ്ചലവും അജയ്യവുമാണെന്ന് അവർ വിലയിരുത്തിയിരുന്നു.

(2) കാനാൻദേശം (ഇസ്രായേൽ രാജ്യം) തങ്ങൾക്ക് ദൈവം അവകാശമായി തന്ന ദേശമാകയാൽ അത് ഒരിക്കലും അന്യാധീനപ്പെട്ടുപോകില്ല. തന്റെ മഹത്വം സംരക്ഷിക്കാൻ ദൈവംതന്നെ ഇസ്രായേലിന്റെ ശത്രുക്കളോട് ഏറ്റുമുട്ടി അവരെ പരാജയപ്പെടുത്തും.

(3) ജറുസലേം നഗരം ദൈവത്തിന്റെ സ്വന്തം നഗരമാണെന്നും ജറുസലേം കേന്ദ്രമായി ദാവീദിന്റെ വംശത്തിൽപ്പെട്ട രാജാക്കന്മാർ നിത്യമായും ഭരണം നടത്തുമെന്നും യഹൂദർ വിശ്വസിച്ചിരുന്നു. നാഥാന്റെ പ്രവചനം (2 സാമു 7:11-16) ഈ വിശ്വാസത്തിന്റെ പ്രഖ്യാപനമായിരുന്നു (സങ്കീ 2:7-9 കാണുക). യാഹ്‌വെ സ്വർഗ്ഗത്തിൽ ഭരണം നടത്തുന്നതിന്റെ പ്രതീകമാണ് ജറുസലേമിലെ ദാവീദിന്റെ വംശത്തിന്റെ ഭരണം എന്ന് അവർ കരുതിയിരുന്നു.

(4) ജറുസലേം ദേവാലയമായിരുന്നു യഹൂദവിശ്വാസത്തിന്റെ നെടുംതൂണായി വർത്തിച്ചിരുന്ന മറ്റൊരു സത്യം. സോളമൻ പണികഴിപ്പിച്ച ഈ ദേവാലയം ജോസിയായുടെ മതനവീകരണത്തോടെ യഹൂദമതവിശ്വാസത്തിന്റെ ഏക കേന്ദ്രമായിത്തീർന്നു. ദൈവം വസിക്കുന്ന ദേവാലയവും നഗരവും ശത്രുക്കൾക്ക് അപ്രാപ്യവും അജയ്യവുമാണെന്ന് യഹൂദർ വിശ്വസിച്ചിരുന്നു (സങ്കീ 48:1-3, 9-11).

ഈ നാലു പാരമ്പര്യങ്ങളെയും എസെക്കിയേൽ തന്റെ പ്രവചനങ്ങളിൽ വെല്ലുവിളിക്കുകയാണ്. തങ്ങളുടെ ദൈവജനമെന്ന അസ്ഥിത്വവും രാജ്യവും രാജാവും ദേവാലയവുമെല്ലാം ദൈവത്തിന്റെ കരുണയാർന്ന ഉടമ്പടിയുടെ ഭാഗമായി ലഭിച്ചതാണ് എന്ന് എസെക്കിയേൽ ചൂണ്ടിക്കാട്ടുന്നു. ഉടമ്പടിയുടെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് മേൽപറഞ്ഞ നാലു സത്യങ്ങളും നഷ്ടമാകും എന്നതാണ് എസെക്കിയേൽ മുന്നോട്ടുവയ്ക്കുന്ന അടിസ്ഥാന പ്രമേയം. തങ്ങളുടെ വിശ്വാസത്തിന്റെ നെടുംതൂണുകൾക്ക് ഇളക്കം തട്ടിയതിന്റെ ആഘാതത്തിൽ തളർന്നുപോയ പ്രവാസികളെ തങ്ങളുടെ പരാജയത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ സഹായിക്കുകയാണ് എസെക്കിയേൽ ചെയ്യുന്നത്.

തന്റെ യാഥാസ്ഥിതികത്വം വെളിപ്പെടുത്തുന്ന അനവധി തത്വങ്ങൾ എസെക്കിയേൽ തന്റെ പ്രവചനങ്ങളിലൂടെ വെളിപ്പെടുത്തുന്നുണ്ട്: (1)





സർവ്വശക്തനായ യാഹ്‌വെ ചരിത്രത്തിന്റെ നിയന്താവാണ്. ചരിത്രത്തിൽ സംഭവിക്കുന്നതെല്ലാം ദൈവഹിതമനുസരിച്ചാണ്. (2) ദൈവികപദ്ധതിയിൽ യൂദായുടെ തകർച്ചയും പരാജയവും ഉൾപ്പെടുന്നുണ്ട്. പാപമാലിന്യങ്ങളിൽനിന്നു ശുദ്ധീകരിക്കാനുള്ള ദൈവികപദ്ധതിയുടെ ഭാഗമാണ് യൂദായുടെ പരാജയവും പ്രവാസവും. (3) ഇസ്രായേലിന്റെ പാപത്തിന് ആനുപാതികമായ ശിക്ഷയായിരുന്നു പ്രവാസം എന്നതിനാൽ യൂദായുടെ പരാജയവും പ്രവാസവും ദൈവനീതിയുടെ വിജയമായിരുന്നു. ചുരുക്കത്തിൽ പ്രവാസികളുടെ വിശ്വാസ പ്രതിസന്ധിക്ക് ഉത്തരം നൽകിക്കൊണ്ട് പ്രവാസികളെ സത്യവിശ്വാസത്തിലേക്ക് ആനയിക്കുകയും ഉറപ്പിച്ചു നിർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് എസെക്കിയേൽ ഈ ഗ്രന്ഥം രചിക്കുന്നത്.

## എസെക്കിയേലിന്റെ പുസ്തകത്തിന്റെ ഘടന

**ഒന്നാം ഭാഗം: 1:1-24:27, ജറുസലേമിനെതിരേയുള്ള പ്രവചനങ്ങൾ**

1:1-3:15, ദൈവിക ദർശനം
- 1:1-3, ശീർഷകം
- 1:4-28, ദൈവദർശനം
- 2:1-7, എസെക്കിയേലിന്റെ നിയോഗം
- 2:8-3:15 എസെക്കിയേലിന്റെ ദൗത്യം 3:16-27, എസെക്കിയേലിന്റെ കടമകൾ

4:1-5:17, ഇസ്രായേലിനുള്ള അടയാളം
6:1-7:27, ഇസ്രായേലിനു ശിക്ഷാവിധി

8:1-10:22, രണ്ടാം ദർശനം : ദൈവം ജറുസലേം വിട്ടുപോകുന്നു
- 8:1-18, ജറുസലേമിലെ തിന്മകൾ
- 9:1-11, അതിക്രമങ്ങൾക്കു ശിക്ഷ
- 10:1-22, ദൈവമഹത്വം ജറുസലേം വിട്ടുപോകുന്നു

11:1-25, ശിക്ഷയും വാഗ്ദാനവും

12:1-14:11, വ്യാജപ്രവാചകരും യഥാർത്ഥ പ്രവാചകരും
- 12:1-28, പ്രവാസം: പ്രതീകാത്മക പ്രവൃത്തികളും പ്രവചനവും
- 13:1-23, വ്യാജപ്രവാചകന്മാർക്കെതിരേ
- 14:1-11, വിഗ്രഹാരാധനയിൽനിന്ന് അകലുക

14:12-15:8, ജറുസലേമിനുള്ള ശിക്ഷ ന്യായമാണ്

16:1-63, അവിശ്വസ്തയായ ഭാര്യ
- 16:1-34, അവിശ്വസ്തയുടെ നാൾവഴി
- 16:35-63, ശിക്ഷാവിധി

17:1-24, മുന്തിരിച്ചെടിയും കഴുകന്മാരും
18:1-32, നാശം ആഗ്രഹിക്കാത്ത ദൈവം
19:1-14, യൂദാരാജാവിനെക്കുറിച്ചുള്ള വിലാപം
20:1-44, രക്ഷാചരിത്രം വ്യർത്ഥാഭിമാനത്തിനല്ല

20:45–21:32, കൂട്ടക്കുരുതിയ്ക്കുള്ള വാൾ
22:1–31, നഗരത്തിന്റെയും നേതാക്കന്മാരുടെയും നാശം
23:1–49, രണ്ടുസഹോദരിമാരുടെ കഥ
  23:1–21, പാപവിവരണം
  23:22–49, ശിക്ഷാവിധിയുടെ വിവരണം
24:1–14, ക്ലാവുപിടിച്ച കലം
24:15–27, പ്രിയതമയുടെ മരണം

## രണ്ടാം ഭാഗം: 25:1–32:32, വിജാതീയ രാജ്യങ്ങൾക്കെതിരേയുള്ള പ്രവചനങ്ങൾ

25:1–17, അയൽ രാജ്യങ്ങൾക്കെതിരേ
26:1–28:19, ടയിറിനെതിരേ ഏഴുപ്രവചനങ്ങൾ
  26:1–21, ടയിറിന്റെ പതനം
  27:1–36, ടയിർ മുങ്ങുന്ന കപ്പലാണ്
  28:1–19, ടയിർ രാജാവിനെതിരേ പ്രവചനം
28:20–26, സീദോന്റെ തകർച്ചയും ഇസ്രായേലിന്റെ പുനരുദ്ധാരണവും
29:1–32:32, ഈജിപ്തിനെതിരേ
  29:1–16, അഹന്തയ്ക്കു ശിക്ഷ
  29:17–21, ബാബിലോണിനു കീഴിൽ
  30:1–19, ഈജിപ്തിന്റെ ശിക്ഷാദിനം
  30:20–26, ഫറവോയുടെ തകർന്നകരം
  31:1–18, ദേവദാരുവായ ഈജിപ്ത്
  32:1–16, ഘോരവ്യാളിയായ ഈജിപ്ത്
  32:17–32, ഈജിപ്ത് പാതാളത്തിലേക്ക്

## മൂന്നാം ഭാഗം: 33:1–48:35, ഇസ്രായേലിന്റെ പുനരുദ്ധാരണം

33:1–20, അനുതാപത്തിനുള്ള ആഹ്വാനം
33:21–33, ജറുസലേമിന്റെ നാശം
34:1–16, കർത്താവ് ഇസ്രായേലിന്റെ ഇടയൻ
34:17–31, യാഹ്വേ ഇടയധർമ്മം നിറവേറ്റുന്നു
35:1–15, സെയിർ പർവ്വതത്തിനെതിരേ
36:1–15, ഇസ്രായേൽ മലകൾക്കു നവജീവൻ
36:16–38, ദൈവനാമത്തിന്റെ മഹത്വത്തിന്
37:1–14, വരണ്ട അസ്ഥികൾ ജീവിക്കുമോ?
37:15–28, ദൈവജനത്തിന്റെ പുനരേകീകരണം
38:1–39:29, അന്തിമയുദ്ധം – ദൈവവും ഗോഗും
  38:1–23, ഗോഗിനെതിരായ യുദ്ധം
  39:1–29, ഗോഗിന്റെ പരാജയവും ദൈവനാമത്തിന്റെ മഹത്വീകരണവും
40:1–43:12, പുതിയ ദേവാലയം
  40:1–27, ഭാവി ദേവാലയത്തിന്റെ ബാഹ്യഭിത്തികളും കവാടങ്ങളും





  40:28–47, ദേവാലയത്തിന്റെ അകത്തെ കാവാടങ്ങളും മുറികളും
  40:48–41:26, ദേവാലയ ഘടന
  42:1–20, പുരോഹിതന്മാരുടെ സങ്കീർത്തികൾ
  43:1–12, കർത്താവിന്റെ മഹത്വം മടങ്ങിയെത്തുന്നു
43:13–46:24, ദേവാലയത്തെ സംബന്ധിക്കുന്ന നിയമങ്ങൾ
  43:13–27, ബലിപീഠം
  44:1–3, കിഴക്കേകവാടം അടയ്ക്കുന്നു
  44:4–14, ലേവ്യപുരോഹിതരും കർത്താവിന്റെ ആലയവും
  44:15–31, സാദോക്കിന്റെ പുത്രന്മാരായ ലേവ്യപുരോഹിതൻ
  45:1–17, വിശുദ്ധമായ ഓഹരി
  45:18–46:15 ജറുസലേമിലെ തിരുനാളുകൾ
    45:18–20, പുതുവത്സരദിനം
    45:21–25, പെസഹാതിരുനാൾ
    46:1–15, രാജാവും തിരുനാളുകളും
    46:16–24, അനുബന്ധ നിയമങ്ങൾ
47:1–48:35, ദേശത്തെ ഫലഭൂയിഷ്ഠമാക്കി വിഭജിക്കുന്നു
  47:1–12, ദേവാലയത്തിൽനിന്നു നീർച്ചാൽ
  47:13–23, ഇസ്രായേലിന്റെ അതിരുകൾ
  48:1–29, ഗോത്രങ്ങളുടെ ഓഹരി
    48:1–7, ദേവാലയത്തിനു വടക്കുള്ള ഏഴു ഗോത്രങ്ങൾ
    48:8–22, വിശുദ്ധ ഓഹരി
    48:23–29, ദേവാലയത്തിനു തെക്കുള്ള അഞ്ചു ഗോത്രങ്ങൾ
    48:30–35, വിശുദ്ധനഗരം




**മധ്യപൂർവ്വദേശം എസെക്കിയേലിന്റെ കാലഘട്ടത്തിൽ**

ഭാഗം 1

# എസെക്കിയേൽ 1:1- 24:27 ജറുസലേമിനെതിരേയുള്ള പ്രവചനങ്ങൾ

## എസെക്കിയേൽ 1:1–3:15, ദൈവിക ദർശനം

എസെക്കിയേലിനു ലഭിക്കുന്ന ദൈവമഹത്വത്തെക്കുറിച്ചുള്ള ദർശനമാണ് 1:1–3:15 ലെ പ്രതിപാദ്യം. ബാബിലോണിലെ കേബാർ നദിയുടെ തീരത്തുവച്ചാണ് പ്രവാചകന് ഈ ദർശനം ലഭിക്കുന്നത്. നാശത്തെക്കുറിച്ചുള്ള എസെക്കിയേലിന്റെ നിരന്തര പ്രവചനങ്ങളിൽ മനസ്സുമടുത്ത പ്രവാസികൾ പ്രവാചകനെ പുറത്താക്കിയതുകൊണ്ടാണോ എസെക്കിയേൽ കേബാർ നദിക്കരയിൽ എത്തിയതെന്ന് (മോഷെ ഗ്രീൻബെർഗ് AB, 22 p–41) വ്യക്തമല്ല. 137 –ാം സങ്കീർത്തനകർത്താവിനെപ്പോലെ പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽ പ്രവാചകനുലഭിക്കുന്ന ദർശനമായി ഇതിനെ വ്യാഖ്യാനിക്കുന്നതാണ് കൂടുതൽ ഉചിതമായിട്ടുള്ളത്.

എസെക്കിയേലിനുലഭിച്ച ദർശനത്തിന്റെ വിവരണത്തിൽ പാരമ്പര്യചിന്തകളും വ്യതിരിക്തതകളും സങ്കീർണ്ണമായി ഇഴപിരിച്ചു ചേർത്തിരിക്കുകയാണ്. ഇതരപ്രവാചകന്മാർക്കു ലഭിച്ചിട്ടുള്ള ദർശനങ്ങളിൽ നിന്നും ഈ ദർശനങ്ങളെ വ്യതിരിക്തമാക്കുന്നത് അതിന്റെ സങ്കീർണ്ണ സ്വഭാവം തന്നെയാണ്. പേടകവും രഥവും കെരൂബുകളും നിറഞ്ഞ ദർശന വിവരണത്തിൽ എസെക്കിയേലിനെ ദൈവം തിരഞ്ഞെടുക്കുന്നതും ദൗത്യം ഭരമേൽപ്പിക്കുന്നതുമാണ് പ്രധാന പ്രതിപാദ്യം.

## എസെക്കിയേൽ 1:1–3, ശീർഷകം

എസെക്കിയേലിനു ലഭിക്കുന്ന ദർശനങ്ങളുടെ വിവരണത്തിനുള്ള ആമുഖമായാണ് 1:1–3 വർത്തിക്കുന്നത്. സ്ഥലം, സമയം, വിഷയം എന്നിവ അവതരിപ്പിച്ചുകൊണ്ട് വായനക്കാരെ തന്റെ ആഖ്യാനലോകത്തേക്ക് ഗ്രന്ഥകാരൻ സമർത്ഥമായി ആനയിക്കുകയാണിവിടെ. എന്നാൽ ഗ്രന്ഥകാരൻ പേരു വെളിപ്പെടുത്തുന്നതിനു പകരം “ഞാൻ” എന്ന പ്രഥമപുരുഷ നാമമാണ് ഉപയോഗിക്കുന്നത് (വാ. 1) തനിക്കുലഭിച്ച ദൈവദർശനത്തെ (ഹീബ്രുവിൽ “മറോത്ത് എലോഹിം”) ക്കുറിച്ചാണ് പ്രവാചകൻ പ്രതിപാദിച്ചു തുടങ്ങുന്നത്.

നാലാംമാസം (തമ്മൂസ് മാസം = ജൂൺ – ജൂലൈ) അഞ്ചാം ദിവസമാണ് ദർശനദിവസമായി അവതരിപ്പിക്കുന്നത്. എന്നാൽ “മുപ്പതാം വർഷം” എന്ന കാലസൂചന ഏറെ അർത്ഥക്ലിഷ്ടത ഉളവാക്കുന്നുണ്ട്. ഈ മുപ്പതാം വർഷം എന്നത് യഹോയാക്കിന്റെ പ്രവാസത്തിന്റെ അഞ്ചാം





വർഷമാണെന്ന് തുടർന്ന് പറയുന്നുണ്ട് (വാ. 2). യഹോയാക്കിൻ ബി. സി. 597 ലാണ് പ്രവാസത്തിന് അയക്കപ്പെട്ടത് എന്ന് അനുമാനിക്കാം. അപ്പോൾ മുപ്പതാം വർഷം എന്നത് ബി.സി. 592 ആയിരിക്കാം. ബി.സി. 622 ൽ ജോസിയായുടെ കാലത്ത് നിയമഗ്രന്ഥം കണ്ടെത്തിയതിന്റെ (2 രാജാ 22) മുപ്പതാം വർഷം എന്നാണ് എസെക്കിയേൽ വിവക്ഷിക്കുന്നത് എന്ന് വ്യാഖ്യാനിക്കുന്ന താർഗുമുകളുണ്ട്. എന്നാൽ ബി.സി. 622 ൽ ആരംഭിക്കുന്ന പഞ്ചാംഗങ്ങളൊന്നും യഹൂദരുടെയിടയിൽ നിലവിലില്ലാതിരുന്നതിനാൽ മുപ്പതാം വർഷം എന്ന കാലസൂചനയുടെ അർത്ഥകല്പന പൂർണ്ണമായ ഉറപ്പോടെ വിശദീകരിക്കുക ദുഷ്കരമാണ്.

1:1 ലെ “ഞാൻ” എന്ന പ്രഥമപുരുഷ സർവ്വനാമം 1:3 ൽ ഉത്തമപുരുഷ സർവ്വനാമമായി മാറുന്നു എന്നതും ശ്രദ്ധാർഹമാണ്. 1:3 ൽ എസെക്കിയേൽ പുരോഹിതനാണ് എന്ന പരാമർശം “മുപ്പതാം വർഷം” എന്ന കാലസൂചനയെ വ്യാഖ്യാനിക്കാൻ സഹായകമാണ്. പുരോഹിതകുലത്തിൽ ജനിച്ച യഹൂദർ ശുശ്രൂ ഷ ആരംഭിക്കേണ്ടത് മുപ്പതാം വയസ്സിലാണെ ന്ന് നിയമം അനുശാസിച്ചിരുന്നു (സംഖ്യ 4:3, 23, 30). തന്മൂലം ജറുസലേമിൽ തുടർന്നു താമസിക്കുകയായിരുന്നെങ്കിൽ താൻ പുരോഹിതനായി അഭിഷേകം ചെയ്യപ്പെടേണ്ടിയിരു ന്ന വർഷത്തിൽ (മുപ്പതാം വയസ്സിൽ) എസെക്കിയേലിന് ദൈവദർശനമുണ്ടായി എന്നായിരിക്കാം ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത്.

ഹഗ്ഗാ 1:1 ലും സഖ 1:1 ലും വിവരിക്കുന്ന പ്രവാചക ദർശനങ്ങൾക്ക് സമാനമാണ് എസെക്കിയേലിനു ലഭിക്കുന്ന ദൈവിക ദർശനവും. കേബാർ നദീതീരത്തെക്കുറിച്ച് വീണ്ടും പരാമർശിക്കുന്നതിനാൽ 3–ാം വാക്യം പിൽക്കാല രചനയാണെന്നു കരുതുന്ന പണ്ഡിതന്മാരുണ്ട്. എന്നാൽ, ദൈവികദർശനത്തിന്റെ വിവരണത്തിന്റെ ആധികാരികതയ്ക്കു വേണ്ടി ഗ്രന്ഥകാരൻ സമയ–സ്ഥല സൂചനകൾ ആവർത്തിക്കുകയായിരുന്നു എന്ന് അനുമാനിക്കാം.

കർത്താവിന്റെ കരം എസെക്കിയേലിനോടൊത്തുണ്ടായിരുന്നു (വാ. 3) എന്ന പരാമർശം ഇതര ദർശനങ്ങളുടെ പശ്ചാത്തലത്തിലും (8:1; 37:1; 40:1) ആവർത്തിക്കപ്പെടുന്നുണ്ട്. പഴയനിയമ പ്രവാചകന്മാരായ ഏലിയാ (1 രാജ 18:46) ഏലീഷാ (2 രാജാ 3:15–20), ഏശയ്യാ (ഏശ 8:11), ജറെമിയാ (ജറെ 15:17) എന്നിവരോടൊത്തും കർത്താവിന്റെ കരമുണ്ടായിരുന്നു. ദൈവത്തിന്റെ അപരിമേയമായ ശക്തിയേയും പ്രവാചകനുള്ള നിരന്തര സംരക്ഷണത്തെയും സൂചിപ്പിക്കുന്ന ശൈലിയായി “ദൈവകരം” എന്ന പദത്തെ മനസ്സിലാക്കാം.

എസെക്കിയേലിനെക്കുറിച്ചുള്ള ജീവചരിത്രപരമായ ചില പരാമർശങ്ങളും ഈ വാക്യത്തിലുണ്ട് (വാ. 2–3) ആമുഖത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ യഹൂദമതത്തിന്റെ പിതാവെന്നറിയപ്പെടുന്ന എസെക്കിയേൽ പ്രവാചകൻ, ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിൽ സുപ്രധാനമായൊരു കാലഘട്ടത്തിൽ, ഏതാണ്ട് 20 വർഷത്തോളം പ്രവാചകധർമ്മം നിർവഹിച്ച വ്യക്തിയാണ് (ബി.സി. 593 മുതൽ 573 വരെ). ഒരു പുരോഹിതനായിരുന്ന എസെക്കിയേൽ 597–ൽ നടന്ന ഒന്നാം ബാബിലോൺ പ്രവാസ

കാലത്ത് ബാബിലോണിലെ കേബാർ നദീതീരത്ത് താവളമടിച്ചിരുന്ന ബന്ദികളോടൊപ്പം ഉണ്ടായിരുന്നു (1:1; 3:15). ബി.സി. 587-ൽ ബാബിലോൺസൈന്യം ജറുസലേമിനെതിരേ ഉപരോധം ഏർപ്പെടുത്തിയിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ഭാര്യ മരിച്ചു (24:15-24). പ്രവാസത്തിന്റെ അഞ്ചാം വർഷത്തി (ബി.സി. 593-92) ലാണ് പ്രവാചകനാകാനുള്ള വിളി എസെക്കിയേലിനു ലഭിച്ചത് (1:3). 20 വർഷത്തോളം നീണ്ടുനിന്ന തന്റെ പ്രവാചകചര്യയിൽ എസെക്കിയേൽ തന്റെ ജനത്തെ ഉപദേശിച്ചു; കുറ്റപ്പെടുത്തി; അവർക്കു വരാൻ പോകുന്ന നാശത്തെപ്പറ്റി മുന്നറിയിപ്പു നല്കി; അവരോടൊപ്പം വിലപിച്ചു; വേദനകളിൽ അവരെ ആശ്വസിപ്പിച്ചു; വരാനിരിക്കുന്ന രക്ഷയെപ്പറ്റി അവരോടുപറഞ്ഞു. 48 അദ്ധ്യായങ്ങളുള്ള എസെക്കിയേലിന്റെ ഗ്രന്ഥത്തിൽ വളരെ ചുരുക്കമായേ അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തെപ്പറ്റി പരാമർശമുള്ളൂ. അവയാകട്ടെ വചനപ്രഘോഷണത്തിനു തന്നെ ഉപകരണമാക്കി മാറ്റിയ ദൈവത്തിന്റെ സന്ദേശങ്ങൾ ജനത്തെ അറിയിക്കുന്നതിനാണ്. ജറെമിയായുടെയും ദാനിയേലിന്റെയും സമകാലീനനായിരുന്നു എസെക്കിയേൽ.

## എസെക്കിയേൽ 1:4-28, ദൈവദർശനം

ദൈവികമായ ദർശനങ്ങൾ പഴയനിയമത്തിൽ പലവട്ടം വിവരിക്കപ്പെടുന്നുണ്ടെങ്കിലും എസെക്കിയേലിന്റെ ആഖ്യാനപ്രപഞ്ചത്തിലേക്കുള്ള പ്രവേശികയായി വർത്തിക്കുന്ന ഈ വിവരണം വായനക്കാർക്കും വ്യാഖ്യാതാക്കൾക്കും ഒരുപോലെ പ്രഹേളികയാണ്. സങ്കീർണ്ണമായ നിഗൂഢതകൾ നിമിത്തം ഈ വിവരണം മുഴുവനായും ഒരേ ഗ്രന്ഥകാരന്റെ രചനയല്ല; വിവിധകാലഘട്ടങ്ങളിൽ വിവിധ സംശോധകർ കൂട്ടിച്ചേർത്തവയാണെന്നു വാദിക്കുന്നവരുണ്ട് (ഉദാ. C.A. Lookie, Ezekiel, ICC, p.5 ). എന്നാൽ സങ്കീർണ്ണതകൾ ലഘൂകരിക്കാനല്ലാതെ വർദ്ധിപ്പിക്കാൻ സംശോധകർ ശ്രമിക്കും എന്നു കരുതാനാവില്ല. തന്മൂലം നിലവിലെ വിവരണത്തിലെ സങ്കീർണ്ണത മൂലഗ്രന്ഥകാരന്റെ തന്നെ സൃഷ്ടിയാണെന്നു കരുതാം. ഈ ദർശനത്തിൽ ചുരുങ്ങിയത് അഞ്ച് ആഖ്യാനതലങ്ങളെങ്കിലും വേർതിരിച്ചെടുക്കാനാകും

(1) വടക്കുനിന്നുള്ള കൊടുങ്കാറ്റും മേഘവും (വാ. 4)

(2) നാലു ജീവികളുടെ വിവരണം (വാ. 5-14)

(3) ചക്രങ്ങളുടെ വിവരണം (വാ. 15-21)

(4) സിംഹാസനാരൂഢന്റെ വിവരണം (വാ. 22-27)

(5) ദൈവസ്വരം (വാ. 28)

**കൊടുങ്കാറ്റും മേഘവും (വാ. 4):** ചുഴലിക്കൊടുങ്കാറ്റിനെ (ഹീബ്രുവിൽ "റൂവഹ് സെയാറാ") വലയം ചെയ്യുന്ന മേഘസ്തംഭത്തിലാണ് ദർശനവിവരണം ആരംഭിക്കുന്നത് (വാ. 4). ദൈവസാന്നിധ്യത്തെ അനുസ്മരിപ്പിക്കുന്ന ഇത്തരം കൊടുങ്കാറ്റുകളെക്കുറിച്ച് 2 രാജാ 2:1 ലും ജോബ് 38:1; 40:6 ലും പരാമർശങ്ങളുണ്ട്. ഈ ചുഴലിക്കാറ്റിന്റെ പ്രഭവകേന്ദ്രം വടക്കുദിക്കാണെന്നതും ശ്രദ്ധേയമാണ്. ഇസ്രായേലിന്റെ ശത്രുക്കൾ വടക്കുനിന്നു വരുന്നവരായിരുന്നു (ഏശ 14:31; 41:25; ജറെ 1:14-15; 4:6; 6:1, 22). വടക്കിനെ സൂചിപ്പിക്കുന്ന ഹീബ്രുപദമായ "സാപ്പോൻ" എന്ന നാമത്തിനു പിന്നിൽ ഐതിഹ്യപരമായ അർത്ഥതലങ്ങളുണ്ട്. കാറ്റിന്റെ ദേവനായ ബാൽഹദാദിന്റെ കൊട്ടാരം സിറിയായുടെ വടക്കുള്ള 'സാപ്പോൻ' പർവ്വതത്തിലാണ്. സങ്കീ 89:12 ൽ ദൈവത്തെ സാപ്പോൻ, അമനൂസ്, ഹെർമോൻ, താബോർ എന്നീ മലകളുടെ സ്രഷ്ടാവായി അവതരിപ്പിക്കുന്നുണ്ട്. ജോബ് 37:22 ൽ ദൈവം സാപ്പോൻ മലയിൽ നിന്നുവരുന്നതായി സൂചനയുണ്ട്. സങ്കീ 48:2 ൽ കർത്താവിന്റെ മലയായ സീയോനെ വടക്കുള്ള മലയായി അവതരിപ്പിക്കുന്നുണ്ട്. ഏശ 2:2-3 ലും മിക്കാ 4:1-2 ലും കർത്താവിന്റെ വടക്കുള്ള മലയെ പ്രകീർത്തിക്കുന്നുണ്ട്. തന്മൂലം വടക്കുദിക്കിൽ നിന്നുള്ള ദൈവദർശനം ദൈവത്തിന്റെ മലയായ സീയോനിൽ നിന്നുള്ള ദർശനമായി മനസ്സിലാക്കാവുന്നതാണ്.

**നാലു ജീവികൾ (വാ. 5-14):** മനുഷ്യരോട് സാദൃശ്യമുള്ള (ഹീബ്രുവിൽ "മർ - എഹെൻ") നാലു ജീവികളുടെ (ഹീബ്രുവിൽ "ദെമൂത്") വിവരണമാണ് തുടർന്നുള്ള ദർശനങ്ങളിലുള്ളത്. വിചിത്രരൂപികളായ ഈ ജീവികൾക്ക് നാലുമുഖങ്ങളും നാലുചിറകുകളും വീതം ഉണ്ട്. ഇവയ്ക്കുള്ള കൈകാലുകളുടെ എണ്ണത്തെക്കുറിച്ച് വിവരണത്തിൽ വ്യക്തതയില്ല. ഇവ നാലുകാലുള്ള ജീവികളായിരുന്നു എന്നു വാദിക്കുന്ന പണ്ഡിതരുണ്ട് (W.B. Barrick, CBW 44(1982)943-50). ഇടം വലം തിരിയാതെയുള്ള അവയുടെ സഞ്ചാരത്തെക്കുറിച്ചുള്ള സൂചന (വാ. 9) അവർ കൈകാലുകൾ ഉപയോഗിച്ചായിരുന്നോ നടന്നിരുന്നത് എന്നതിനെക്കുറിച്ച് സംശയമുണർത്തുന്നുണ്ട്. തന്നെയുമല്ല, അവയ്ക്കോരോന്നിനും ഓരോ ചക്രങ്ങളുണ്ടായിരുന്നു എന്ന് തുടർന്നുള്ള (വാ. 15-21) വിവരണം അവയുടെ സഞ്ചാരരീതിയെക്കുറിച്ചുള്ള സന്ദിഗ്ദ്ധത വർദ്ധിപ്പിക്കു ന്നുണ്ട്.

ജീവികളുടെ മുഖങ്ങൾ ഓരോ വശങ്ങളിലും വ്യത്യസ്തമായിരുന്നു (വാ. 10-12). മുൻവശം - മനുഷ്യൻ, വലതുവശം - സിംഹം, ഇടതുവശം - കാള, പിൻവശം - കഴുകൻ എന്നീ രൂപങ്ങളിലായിരുന്നു അവയുടെ മുഖങ്ങൾ. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണെങ്കിൽ സിംഹം വന്യമൃഗങ്ങളിലും കാള വളർത്തുമൃഗങ്ങളിലും കഴുകൻ പക്ഷികളിലും അധീശത്വമുള്ളവയാണ് എന്നതിനാലാവാം ഇപ്രകാരമുള്ള മുഖഭാവം ജീവികൾക്കു ലഭ്യമായത്. വെളി 4:5-7 ലും ഈ നാലുമുഖങ്ങളുള്ള നാലു ജീവികളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. സഭാപാരമ്പര്യത്തിൽ ഈ നാലു മുഖങ്ങളും നാലു സുവിശേഷങ്ങളെ സൂചിപ്പിക്കുന്ന പ്രതീകങ്ങളായാണ് അറിയപ്പെടുന്നത്.

ഈ ജീവികൾ ആത്മാവിന്റെ പ്രചോദനങ്ങൾക്ക് അനുസൃതമായാണ് ചരിച്ചിരുന്നത് (വാ.12). 1:4 ൽ കാറ്റ് എന്ന അർത്ഥത്തിൽ ഉപയോഗിച്ച "റൂവഹ്" എന്ന പദംതന്നെയാണ് ഇവിടെ ആത്മാവ് എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ജീവജാലങ്ങളുടെ ചലനങ്ങളെ അന്തിമമായി നിയന്ത്രിക്കുന്ന ദൈവിക ചൈതന്യമായ ആത്മാവിനെക്കുറിച്ചുള്ള വ്യക്തമായ സൂചനയായി ഇതിനെ മനസ്സിലാക്കാം.



**എസെക്കിയേലിനന്റെ ദർശനം ചിത്രകാരന്മാരുടെ ഭാവനയിൽ**







**നാലു ചക്രങ്ങൾ (വാ. 15-21):** ഭൂമിയിൽ തൊടുന്ന നാലു ചക്രങ്ങൾ നാലു ജീവികൾക്കുമുണ്ടെന്ന് ഗ്രന്ഥകാരൻ വിവരിക്കുന്നു (വാ. 15-16). ചിറകുകളും പാദങ്ങളും കൂടാതെ സഞ്ചാരത്തിന് ചക്രങ്ങളുമുണ്ട് എന്നത് ഈ ജീവികളുടെ ചലനാത്മകതയുടെ സാധ്യത വർദ്ധിപ്പിക്കുന്നു. ഒരു ചക്രത്തിനുള്ളിൽ മറ്റൊരു ചക്രം എന്ന നിലയിലും നാലുവശത്തേക്കും ഒരുപോലെ സഞ്ചരിക്കാനും കഴിയുന്ന ചക്രങ്ങളാകയാൽ അവ പരസ്പരം ലംബതിരശ്ചീന മാനങ്ങളിൽ ഒന്നിനുള്ളിൽ ഒന്നായി ഉറപ്പിച്ചിരിക്കാനാണ് സാധ്യത (NIV, NSRV വിവർത്തനങ്ങൾ ഈ ആശയം പ്രകടമാക്കുന്നുണ്ട്). ചക്രങ്ങൾ നിറയെ ഉള്ള കണ്ണുകൾ തേരിൽ സഞ്ചരിക്കുന്നവരുടെ സർവ്വജ്ഞാനത്തെയും സകലതും കാണാനുള്ള കഴിവിനേയും സൂചിപ്പിക്കുന്നു. സെമിറ്റിക്ക് പ്രതീകാത്മകതയിൽ കണ്ണ് ജ്ഞാനത്തെ യാണ് സൂചിപ്പിക്കുന്നത്.

ചക്രങ്ങളും ജീവികളും ഒരേ താളാത്മകതയിൽ ഒറ്റ ഏകകം പോലെ ചരിക്കുന്നതിനെക്കുറിച്ച് ആവർത്തിച്ചുള്ള വിവരണമാണ് 19-21 വാക്യങ്ങളിലുള്ളത്. അവ തമ്മിൽ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നതായി പറഞ്ഞിട്ടില്ലെങ്കിലും അവയുടെ ചലന പാരസ്പര്യം ശ്രദ്ധേയമാണ്. ജീവികളെ ചലിപ്പിക്കുന്ന ശക്തിയായ "ഹാ റൂവഹ്" (കാറ്റ്, അഥവാ ആത്മാവ്) തന്നെയാണ് ചക്രത്തേയും ചലിപ്പിക്കുന്നത്. ഒരേ കാറ്റ് തന്നെ ജീവിയെയും ചക്രത്തെയും സംവഹിച്ചുകൊണ്ടുപോകുന്നതായോ ഒരേ ദൈവാത്മാവുതന്നെ ജീവിയേയും ചക്രത്തേയും ചലിപ്പിക്കുന്നതായോ ഈ വചനം വ്യാഖ്യാനിക്കാം. രണ്ടാമത്തെ വ്യാഖ്യാനമാണ് സാഹചര്യവുമായി കൂടുതൽ ഒത്തുപോകുന്നത്.

**സിംഹാസനത്തിലെ രൂപം (വാ. 22-28):** സിംഹാസനം വഹിക്കുന്ന വിതാനത്തെക്കുറിച്ചാണ് (ഹീബ്രുവിൽ "റഖിയാ") 22 -ാം വാക്യം മുതൽ വിവരിക്കുന്നത്. ഉൽപ 1:6 ൽ പരാമർശിക്കുന്ന ആകാശത്തെ സൂചിപ്പിക്കുന്ന പദം തന്നെയാണ് ('റഖിയാ') ഇവിടെയും ഉപയോഗിക്കുന്നത്. എന്നാൽ വിതാനത്തെക്കുറിച്ചുള്ള വിവരണത്തിനിടയിൽ ജീവികളുടെ ചിറകടിയൊച്ചയിലേക്ക് ആഖ്യാതാവ് പെട്ടെന്ന് ശ്രദ്ധ മാറ്റുകയാണ് (വാ. 23-24). അവയുടെ ചിറകടിയൊച്ചയെ മൂന്ന് ഉപമകളിലൂടെയാണ് ഗ്രന്ഥകാരൻ വിശദമാക്കുന്നത് (വാ. 24).

1. മലവെള്ളത്തിന്റെ ഇരമ്പൽപോലെ (സങ്കീ 93:3-4)
2. സർവ്വശക്തന്റെ ഗംഭീരനാദംപോലെ (പുറ 6:3)
3. സൈന്യത്തിന്റെ ആരവംപോലെ (ഏശ 17:12-13)

ജീവികൾ സഞ്ചാരം നിർത്തുമ്പോൾ ചിറകൊച്ചയും നിൽക്കുമായിരുന്നു. ദൈവിക സ്വരം ശ്രവിക്കുന്നതിനുള്ള ഒരുക്കമായി ഈ ചിറകടിയൊച്ചയെ മനസ്സിലാക്കാവുന്നതാണ്.

സാവധാനത്തിൽ ദൃശ്യം കൂടുതൽ വ്യക്തമാക്കുകയാണ്. വിതാനത്തിനുള്ള മുകളിൽ ഒരു സിംഹാസനമാണ് തുടർന്നു ദൃശ്യമാകുന്നത്. സിംഹാസനത്തിൽ മനുഷ്യനെപ്പോലെയുള്ള (ഹീബ്രുവിൽ "ദെമുത് കെമേർ ഏഹ് ആദാം") രൂപവും ദൃശ്യമായി. ഉൽപ 1:26-27 ൽ മനു

ഷ്യൻ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെടുകയായിരുന്നെങ്കിൽ ഇവിടെ ദൈവം മനുഷ്യസാദൃശ്യത്തിൽ പ്രത്യക്ഷപ്പെടുകയാണ്. തിളങ്ങുന്ന പ്രകാശം (ഹീബ്രുവിൽ ഹഷ്മൽ) എന്നത് ഉൽപ 9:12, 17 ൽ ദൈവം നോഹയുമായി നടത്തിയ "മഴവിൽ" ഉടമ്പടിയെ സൂചിപ്പിക്കുന്ന പദമാണ്. ഇനിമേൽ ദൈവജനത്തെ പ്രളയത്താൽ നശിപ്പിക്കില്ല എന്ന ദൈവിക ഉടമ്പടിക്കു സമാനമായി, പ്രവാസ ജനതയെ ഇനിമേൽ നശിപ്പിക്കില്ല എന്നതിന്റെ സൂചനയായി ഈ പദത്തെ വ്യാഖ്യാനിക്കുന്നവരുണ്ട് (K.P. Darr, Ezekiel, NIB, 6, p.117). സിംഹാസനാരൂഢന്റെ ചുറ്റുമുള്ള മഴവില്ലിനു സമാനമായ പ്രഭാവലയം (വാ. 28) ഇപ്രകാരമൊരു വ്യാഖ്യാനത്തെ സാധൂകരിക്കുന്നുണ്ട്.

ഈ ദർശനങ്ങളുടെ ആകെപ്പൊരുൾ "കർത്താവിന്റെ മഹത്വം" (ഹീബ്രുവിൽ "കബോദ് യാഹ്വെ") വെളിപ്പെടുത്തലാണെന്ന സത്യം അവസാന വാക്യത്തിലാണ് ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നത് (വാ. 28). മഹത്വം എന്ന പദം (കബോദ്) പഴയനിയമത്തിൽ ഏറെ അർത്ഥസാന്ദ്രമാണ്.

ഘനം, ഭാരം, എന്നൊക്കെ മൂലാർത്ഥമുള്ള *'കബോദ്'* (Kabad) എന്ന ഹീബ്രുപദത്തെയാണ് *മഹത്ത്വം* എന്ന് പരിഭാഷപ്പെടുത്തുന്നത്. മനുഷ്യന് അവന്റെ ജീവിതത്തിലുണ്ടാകുന്ന നേട്ടങ്ങളെയും ബഹുമാനങ്ങളെയും മറ്റും സൂചിപ്പിക്കുന്നതിന് വിജ്ഞാനഗ്രന്ഥങ്ങൾ മഹത്ത്വം എന്ന പദം ഉപയോഗിക്കുന്നതു കാണാം. സമ്പത്തും മറ്റു സ്വത്തുക്കളും ആർജ്ജിച്ച് അന്യരുടെ പ്രശംസ ഏറ്റുവാങ്ങുമ്പോൾ അവനു മഹത്ത്വം നൽകി എന്നു പറയുന്നു (ഉൽപ 31:1; 1 രാജാ 3:13; സഭാ 6:2). മഹത്വം എന്നാൽ ദൈവമഹത്ത്വം എന്ന അർ ത്ഥത്തിലാണ് കൂടുതലായും ഉപയോഗിക്കപ്പെടുന്നത്. ദൈവശാസ്ത്രപരമായി വിശാലമായ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ പദം. കർത്താവിന്റെ മഹത്വം പ്രത്യക്ഷമാകുന്നതിനെപ്പറ്റി പഞ്ചഗ്രന്ഥിതന്നെ സംസാരിക്കുന്നുണ്ട്. വിവിധ രൂപങ്ങളിലാണ് കർത്താവിന്റെ മഹത്വം ഇസ്രായേലിനു പ്രത്യക്ഷമായത്.

മേഘത്തിലോ മേഘസ്തംഭം പോലെയോ പ്രത്യക്ഷപ്പെടുന്ന ദൈവത്തെയും (പുറ 16:7-10; 24:16; ലേവ്യ 9:6-23; സംഖ്യ 14:21-22; 16:19; 20-6) തീയിലും പുകയിലും പ്രത്യക്ഷപ്പെടുന്ന ദൈവത്തെയും കാണാം (നിയ 5:1). എന്നാൽ മേഘത്തിന്റെ രൂപത്തിൽ ഇറങ്ങിവരുന്ന കർത്താവിന്റെ മഹത്ത്വമാണ് കൂടുതലായി കാണാനാവുക (പുറ 40:34; സംഖ്യ 14:10; 1 രാജാ 8:11; ഏശ 4:5; 6:3f; 58:8; മിക്കാ 1:15). സൂര്യചന്ദ്രന്മാരേക്കാൾ പ്രകാശപൂരിതമായി കടന്നുവരുന്ന കർത്താവിന്റെ മഹത്ത്വത്തെ ഏശയ്യാ പ്രവാചകൻ വിവരിക്കുന്നു (ഏശ 24:23; 60:1). രഥത്തിലാണ് കർത്താവിന്റെ മഹത്വം കടന്നുവരുന്നത് (എസെ 1:28; 3:12; 3:23; 8:4; 10:18ളു; 11:22f; 43:2-5; 44:4).

മഹത്വത്തെ പ്രകാശവുമായി ബന്ധപ്പെടുത്തിയുള്ള ഒരു ചിന്താഗതി പഴയനിയമത്തിൽ കാണാം. ദൈവമഹത്വം ഭൂമി മുഴുവൻ നിറഞ്ഞുനിൽക്കുന്നു എന്ന ചിന്തയോ (സഖ്യ 14:21) ദൈവമഹത്വത്താൽ ഭൂമി പ്രകാശിക്കുന്നു എന്ന ആശയമോ (എസെ 43:2) ദൈവത്തിന്റെ മഹത്വം ആകാശത്തിനു മീതെ വാഴുന്നു എന്ന സങ്കീർത്തകന്റെ പ്രകീർത്തനമോ (സങ്കീ 113:4) ആകാം ഈ ചിന്താഗതിക്കു പിന്നിൽ. ദൈവത്തിന്റെ മഹത്ത്വം മോശയുടെ മുന്നിലൂടെ കടന്നുപോകും എന്നു പറയുമ്പോൾ ദൈവമഹത്വത്തെ പ്രകാശമായി കാണുന്നുണ്ട് (പുറ 33:18).

പഴയനിയമത്തിൽതന്നെ ദൈവമഹത്വം എന്നാൽ ദൈവം നൽകുന്ന സാക്ഷ്യമായും അവിടുത്തെ രക്ഷാകരപ്രവൃത്തികളായും മനസ്സിലാക്കുന്നുണ്ട് (ഏശ 35:2; 40:5; 59:19; 63:3; 66:18). യാഹ്‌വെയുടെ ദൈവികതയുടെ അവതരണമായി 'യാഹ്‌വെയുടെ മഹത്വം' എന്ന പ്രയോഗത്തെയും കാണാം. യാഹ്‌വെയ്ക്കു മഹത്വം നൽകുക എന്നാൽ അവിടുത്തെ ദൈവത്വം അംഗീകരിക്കുക എന്നർത്ഥം. യാഹ്‌വെയ്ക്കു പലതരത്തിൽ മഹത്ത്വം നൽകുന്നതു കാണാനാവും (ജോഷ്വ 7:19; ജറെ 13:16; 1 സാമു 6:5). ദൈവികത ഏറ്റുപറഞ്ഞ് അവിടുത്തെ സ്തുതിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തണം (1 ദിന 19:28; സങ്കീ 29:1-9; 30:12; 66:2; 96:7; 115:1; ഏശ 46:13). പുരോഹിതന്മാരാകട്ടെ അവിടുത്തേക്ക് ബലികൾ അർപ്പിച്ച് (മലാ 2:2) അവിടുത്തെ മഹത്വപ്പെടുത്തുന്നു.

ദൈവമഹത്വം എന്നത് അവിടുത്തെപ്പറ്റിയുള്ള അറിവാണെന്നും ആ ദൈവത്തെ അംഗീകരിക്കലാണെന്നും ഈ മഹത്വത്തെപ്പറ്റിയുള്ള അറിവുകൊണ്ട് ഭൂമി മുഴുവൻ നിറഞ്ഞിരിക്കുന്നുവെന്നും ഹബക്കുക്ക് പ്രവാചകൻ പറയുന്നു (2:14). ഇതേ അർത്ഥത്തിൽതന്നെ ആകാശം ദൈവമഹത്ത്വത്തെ പ്രകീർത്തിക്കുന്നു എന്ന് സങ്കീർത്തകൻ പറയുന്നു (19:2; 96:3). ചുരുക്കത്തിൽ ദൈവത്തിന് മഹത്വം നൽകുക എന്നത് അവിടുത്തെ ശക്തിയെ അംഗീകരിക്കലാണ് (സങ്കീ 79:9; 97:6; 104:3; 138:5; ഏശ 42:8; 48:11; 43:7).

ദൈവത്തിന്റെ മഹത്വം പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നതായിട്ടാണ് എസെക്കിയേൽ കാണുന്നത് (9:3-7; 43:4-5). ദൈവമഹത്വത്തെ കമിഴ്ന്നുവീണ് ആരാധിച്ചാണ് എസെക്കിയേൽ സ്വാഗതം ചെയ്യുന്നത് (1:28; 9:23-24). ദൈവസാന്നിധ്യത്തിൽ ഇസ്രായേൽക്കാരും ഇതുപോലെയാണ് പ്രതികരിച്ചിരുന്നത്.

## എസെക്കിയേൽ 2:1-7, എസെക്കിയേലിന്റെ നിയോഗം

ദൈവതിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ചുകിടക്കുന്ന പ്രവാചകനെ ദൈവാത്മാവ് ശാക്തീകരിക്കുന്നതാണ് 1-2 വാക്യങ്ങളിലെ പ്രമേയം. "അവൻ എന്നോടു പറഞ്ഞു" എന്ന വാക്യത്തിലെ സർവ്വനാമം (അവൻ) ദൈവത്തെ സൂചിപ്പിക്കുന്നതായി കരുതാം. എസെക്കിയേലിന്റെ പുസ്തകത്തിൽ പ്രവാചകനെ 93 തവണ "ബെൽ ആദാം" (= മനുഷ്യപുത്രൻ) എന്നു വിളിക്കുന്നുണ്ട്. അതിൽ ആദ്യസംബോധനയാണ് 2 -ാം വാക്യത്തിലുള്ളത്. ദൈവം പ്രവാചകനെ മനുഷ്യപുത്രൻ എന്നു മാത്രമേ അഭിസംബോധന ചെയ്യുന്നുള്ളൂ. 24:24 ലെ പരോക്ഷ പരാമർശത്തിലൊഴികെ

എസെക്കിയേൽ എന്ന സംജ്ഞ ഇനിമേൽ ഗ്രന്ഥത്തിൽ ഉപയോഗിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്.

ഹീബ്രുഭാഷയിൽ ഈ പ്രയോഗത്തിന് മനുഷ്യൻ *(ബെൻ ആദാം)* എന്നാണ് അർത്ഥം. അരമായ ഭാഷയിൽ *(ബാർ നാഷാ/ അനഷാ)* മനുഷ്യൻ എന്നർത്ഥമുണ്ടെങ്കിലും ഞാൻ എന്നതിനുപകരമായി ഉപയോഗിച്ചിരിക്കുന്ന രചനകളും കാണുന്നുണ്ട്. ഇതു സംബന്ധിച്ച് തർക്കമുണ്ട്. പക്ഷേ'മനുഷ്യൻ' എന്ന അർത്ഥമേ അതിനുള്ളുവെങ്കിൽ എന്തുകൊണ്ട് ഗ്രീക്കിലാക്കിയപ്പോൾ അക്ഷരാർത്ഥത്തിൽ തർജ്ജമചെയ്ത് *"ഹിയോസ് തു അൻന്ത്രോപ്പു"* (=മനുഷ്യപുത്രൻ) എന്നാക്കി; *"അൻന്ത്രോപ്പോസ്"* (=മനുഷ്യൻ) എന്നുമാത്രം മതിയായിരുന്നല്ലോ. മനുഷ്യപുത്രൻ എന്ന പദപ്രയോഗത്തിന് വിവിധ അർത്ഥതലങ്ങൾ വ്യാഖ്യാതാക്കൾ കണ്ടെത്തിയിട്ടുണ്ട്:

(1) എസെക്കിയേൽ എന്ന വ്യക്തിയല്ല അദ്ദേഹത്തിന്റെ ദൈവനിയുക്തമായ പ്രവാചക ദൗത്യമാണ് പ്രധാനം എന്നു വ്യക്തമാക്കാനാണ് പേരിനു പകരം മനുഷ്യപുത്രൻ എന്ന് ഉപയോഗിച്ചിരിക്കുന്നത് (J. Blenkinsopp, Ezekiel, IBC, P.24).

(2) ദൈവവും (= ഏൽ) മനുഷ്യനും (= ആദാം) തമ്മിലുള്ള വ്യതിരിക്തത ഈ ഗ്രന്ഥത്തിന്റെ മുഖ്യപ്രമേയങ്ങളിൽ ഒന്നാകയാൽ, പ്രസ്തുത വ്യതിരിക്തതയെ ഊന്നിപ്പറയാൻ മനുഷ്യപുത്രൻ എന്ന പദം ഉപയോഗിക്കുന്നു (W. Zimmerli, Ezekiel, p.131).

(3) സങ്കീ 8:5 നെ അനുസ്മരിച്ചുകൊണ്ട് എസെക്കിയേലിന്റെ നിസ്സാരതയാണ് ഈ വിശേഷണത്തിലൂടെ വെളിപ്പെടുത്തുന്നത് (W. Eichrodt, Ezekiel, OTL, p.61).

**2:3–5,** ദൈവം പ്രവാചകനെ തന്റെ ദൗത്യം ഭരമേല്പിക്കുന്നതാണ് ഈ വാക്യങ്ങളിലെ മുഖ്യപ്രമേയം. "ഞാൻ നിന്നെ അയയ്ക്കുന്നു" എന്ന പ്രസ്താവന (വാ. 3) ഏശ 6:8 ലെയും ജറെ 1:7 ലെയും നിയോഗങ്ങളെ അനുസ്മരിപ്പിക്കുന്നു. ഈ പ്രസ്താവന 129 പ്രാവശ്യം ഗ്രന്ഥത്തിൽ ആവർത്തിക്കുന്നുണ്ട്. പ്രവാചകനെതിരേയുള്ള ഏറ്റവും വലിയ ആരോപണം "നിന്നെ ദൈവം നിയോഗിച്ചതല്ല" എന്ന കുറ്റപ്പെടുത്തലാണ് (എസെ 13:6; ജറെ 28:15; 43:2). പ്രവാചകനെ ദൈവം അയയ്ക്കുന്നത് ഇസ്രായേൽ ജനത്തിന്റെ പക്കലേക്കാണ്. ഈ ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വിലയിരുത്തൽ തികച്ചും ഋണാത്മകമാണ്. ഇസ്രായേലിന്റെ അവിശ്വസ്തത കേവലം ഒന്നോ രണ്ടോ തലമുറയുടേതായിരുന്നില്ല. അവർ ആരംഭം മുതലേ അന്യായം പ്രവർത്തിച്ച ജനതയായിരുന്നു എന്നതിന്റെ സൂചനയായി "ഇന്നുവരെ" എന്ന പ്രയോഗത്തെ (വാ. 3) മനസ്സിലാക്കാം. അവരുടെ ധിക്കാരവും മർക്കടമുഷ്ടിയും മൂലം പ്രവാചകന്റെ ദൗത്യം ശ്രമകരമായിരിക്കും എന്ന മുന്നറിയിപ്പായി 5 -ാം വാക്യത്തെ മനസ്സിലാക്കാം. പ്രവാചകന്റെ പ്രവർത്തനവിജയം ജനങ്ങളുടെ പ്രതികരണത്തെ ആധാരമാക്കിയല്ല വിലയിരുത്തേണ്ടത്; മറിച്ച്, ദൈവത്തോടും അവിടുന്നു ഭരമേൽപ്പിച്ച ദൗത്യത്തോടുമുള്ള അചഞ്ചലമായ വിശ്വസ്തതയിൽ നിന്നാണ്.





ഇസ്രായേലിന്റെ ശിക്ഷാവിധി അവരുടെ അക്രമങ്ങൾക്കുള്ള സ്വാഭാവികമായ പ്രതിഫലമാണ്. ദൈവത്തിനു തന്റെ ജനത്തോടുള്ള സ്നേഹം അസ്തമിച്ചിട്ടില്ല എന്നതിന്റെ അടയാളമായിട്ടാണ് ദൈവം പ്രവാചകനെ അയയ്ക്കുന്നത്.

**2:6–7,** താൻ ഭരമേൽപിച്ച ദൗത്യം ഏറെ ശ്രമകരമായിരിക്കും എന്ന സത്യം ദൈവം പ്രവാചകനെ അനുസ്മരിപ്പിക്കുകയാണ് 6–7 വാക്യങ്ങളിലൂടെ. "ഭയപ്പെടേണ്ട" എന്ന ഉപദേശം ജറെമിയായുടെ വിളിയിലും ആവർത്തിക്കുന്നുണ്ട് (ജറെ 1:8, 17). പ്രവാചകൻ അഭിമുഖീകരിക്കുന്ന ശത്രുക്കളെ മുൾച്ചെടികളോടും തേളുകളോടുമാണ് ദൈവം ഉപമിക്കുന്നത് (വാ. 6). "മുൾച്ചെടികളും തേളും" എന്ന ശൈലി വിനാശകാലത്തെ സൂചിപ്പിക്കാൻ ബാബിലോണിയൻ പുരാണങ്ങളിൽ (Maqlu III - 153-154) കാണപ്പെടുന്നതാണ്. എസെക്കിയേൽ അയയ്ക്കപ്പെടുന്നത് വിനാശകാരികളുടെ ഇടയിലേക്കാണെന്ന സൂചനയാണ് ഈ പ്രതീകവൽക്കരണത്തിലൂടെ വിവക്ഷിക്കുന്നത്.

## എസെക്കിയേൽ, 2:8–3:15 എസെക്കിയേലിന്റെ ദൗത്യം

എസെക്കിയേൽ 2:8–3:15 നെ മൂന്നു ഭാഗങ്ങളായി തരംതിരിച്ചു മനസ്സിലാക്കാം. (1) എസെക്കിയേലിന്റെ അഭിഷേകം (2:8–3:3), (2) ദൗത്യത്തിന്റെ ബുദ്ധിമുട്ട് വിശദമാക്കുന്നു (3:4–9), (3) ദൗത്യം ഭരമേൽപ്പിക്കുന്നു (3:10–15).

**എസെക്കിയേലിന്റെ അഭിഷേകം (2:8– 3:3):** ജറെ 1:5–8 നു സമാനമാണ് എസെക്കിയേലിന്റെ അഭിഷേകക്രമം അവ അവതരിപ്പിച്ചിരിക്കുന്നത്. ഭയപ്പേണ്ട എന്ന ഉപദേശവും (എസെ 2:6–7; ജറെ 1:8, 17) ദൈവകരം നീട്ടിയുള്ള സ്പർശനവും (എസെ 2:9; ജറെ 1:9) രണ്ടു വിവരണങ്ങളിലും സമാനമാണ്. എന്നാൽ എസെക്കിയേലിനോട് വചനച്ചുരുൾ ഭക്ഷിക്കാൻ ദൈവം ആവശ്യപ്പെടുന്നത് ഈ ആഖ്യാനത്തിലെ ശ്രദ്ധേയമായ വ്യതിരിക്തതയാണ്. സാധാരണ ചുരുളുകൾ ഒരുവശം മാത്രമേ എഴുതാറുള്ളൂ. എന്നാൽ ഇവിടെ നൽകപ്പെടുന്നത് ഇരുവശങ്ങളിലും എഴുതപ്പെട്ട ചുരുളുകളാണ്. വചനത്തിന്റെ സമൃദ്ധിയേയാണ് ഇതു സൂചിപ്പിക്കുന്നത് എന്നു കരുതാം. ചുരുളിൽ ആലേഖിതമായ വചനമാകട്ടെ ജനപ്രിയപ്രഖ്യാപനങ്ങളല്ല; ശാപവും വിലാപവും മാത്രമാണ്. പ്രവാചകനെ ദൈവം അയയ്ക്കുന്നത് ജനത്തിന്റെ കൈയടി വാങ്ങിക്കാനല്ല എന്ന സൂചനയാണ് ഇതു നല്കുന്നത്.

വാങ്ങി ഭക്ഷിക്കുക, പോകുക, പ്രഘോഷിക്കുക എന്നീ മൂന്നു കല്പനകളാണ് ദൈവം പ്രവാചകനു നൽകുന്നത് (3:1). താൻ ഭക്ഷിച്ച വചനത്തിന് തേനിന്റെ മധുരമായിരുന്നു എന്ന പ്രവാചകന്റെ പ്രസ്താവന (3:3) ജറെ 15:16; സങ്കീ 119:103 എന്നീ വചനഭാഗങ്ങളെ അനുസ്മരിപ്പിക്കുന്നു. എസെക്കിയേലിന്റെ ഈ പ്രവൃത്തിയെ വ്യത്യസ്തമായ അർത്ഥത്തിൽ

വ്യാഖ്യാനിക്കുന്നവരുണ്ട്. (1) എസെക്കിയേലിന്റെ ശ്രോതാക്കളുടെ പ്രതികരണമായി വിലാപ – ശാപങ്ങളെ മനസ്സിലാക്കാനാകും. അവരുടെ എതിർപ്പുകളെ അവഗണിച്ച് പ്രവാചകൻ ദൈവഹിതം പ്രഘോഷിക്കണം. (2) ദൈവവചനത്തോട് പ്രവാചകൻ പുലർത്തേണ്ട അചഞ്ചലമായ വിശ്വസ്തതയെ സൂചിപ്പിക്കുന്ന പ്രതീകാത്മക പ്രവൃത്തിയായി ചുരുൾ ഭോജനത്തെ മനസ്സിലാക്കാം. (3) എസെക്കിയേലിന്റെ പ്രവാചക പദവിക്കുള്ള ഏറ്റവും ആധികാരികമായ തെളിവായി ചുരുൾ ഭോജനത്തെ വ്യാഖ്യാനിക്കാം. (4) വാമൊഴിയായ വചനമല്ല ലിഖിതരൂപത്തിലുള്ള വചനമാണ് എസെക്കിയേലിനു ലഭിക്കുന്നത്. ദൈവവചനം എഴുതിസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധനമായും ഈ സംഭവത്തെ മനസ്സിലാക്കാം.

**ദൗത്യം ദുഷ്കരമാണെന്ന മുന്നറിയിപ്പ് (3:4–9):** ജറെ 1:17–19 നു സമാനമായാണ് എസെ 3:4–9 നെ അവതരിപ്പിച്ചിരിക്കുന്നത്. എസെക്കിയേൽ അയയ്ക്കപ്പെടുന്നത് വ്യത്യസ്ത ഭാഷയും ലിപിയും ഉള്ളവരുടെ നാട്ടിലേക്കല്ല; സ്വന്തം ജനത്തിന്റെ പക്കലേക്കാണ്. ഭാഷാ വ്യത്യാസം ഉൽപ 11:1–9 ലെ ബാബേൽ ഗോപുരത്തിന്റെ കഥയെ അനുസ്മരിപ്പിക്കുന്നുണ്ട്. ദൈവത്തോടു മറുതലിക്കുന്ന ജനത്തെക്കുറിച്ചാണ് ഈ കഥ വിശദീകരിക്കുന്നത്. മറ്റൊരു കഥയും ഇവിടെ വിവക്ഷിതമാണ്: യോനാ പ്രവാചകന്റെ കഥ. അക്കേദിയൻ ഭാഷ സംസാരിക്കുന്നവരായിരുന്നിട്ടും നിനവേ നിവാസികൾ ഹീബ്രുഭാഷയിലുള്ള യോനായുടെ പ്രഭാഷണം കേട്ട് മാനസാന്തരപ്പെട്ടു (യോനാ 3:4). മാനസാന്തരത്തിന് ഭാഷ തടസ്സമല്ലെന്ന് ഈ കഥയിൽ വിവക്ഷയുണ്ട്. ഭാഷയേക്കാൾ ഹൃദയമാണ് മാനസാന്തരത്തിനു തടസ്സമെന്നാണ് അർത്ഥമാക്കുന്നത്. ഹൃദയം കഠിനമാക്കിയ ഇസ്രായേൽക്കാരെക്കുറിച്ചുള്ള നിരന്തരമായ വിമർശനം ബൈബിളിൽ ഉടനീളം കാണാവുന്നതാണ് (പുറ 32:9; 33:9; സംഖ്യ 20:10; നിയ 31:27; ഏശ 30:9; ജറെ 3:3; 5:3). ഹൃദയം കഠിനമാക്കിയവർക്ക് രക്ഷ അസാധ്യമാണെന്ന് ഏശയ്യ 6:9–10 ൽ വ്യക്തമാക്കുന്നുണ്ട്.

കഠിനഹൃദയരായ യഹൂദരെ നേരിടാൻ ദൈവം പ്രവാചകന്റെ നെറ്റിത്തടം കഠിനതരമാക്കുന്നു (വാ. 8). വജ്രംപോലെ ദൈവം പ്രവാചകനെ കഠിനമാക്കുന്നു. ഹെസെഖ് (= കഠിനമാക്കുക) എന്ന ക്രിയാരൂപം മൂന്ന് തവണ ഇവിടെ ആവർത്തിക്കുന്നുണ്ട്. കഠിനമാക്കുന്നവനാകട്ടെ ദൈവമാണ് (= ഏൽ). ഗ്രന്ഥകാരൻ വാക്കുകൾകൊണ്ട് പുതിയ അർത്ഥതലങ്ങൾ സൃഷ്ടിക്കുകയാണിവിടെ. "ദൈവത്താൽ ശക്തനാക്കപ്പെട്ടവൻ" (ഹെസക്ക് ഏൽ) എന്ന വാക്കിൽനിന്ന് പ്രവാചകന്റെ നാമ (ഹെസെക്കിയേൽ) ത്തിന്റെ പൊരുൾ ഇവിടെ വിശദമാക്കപ്പെടുന്നു.

**എസെക്കിയേലിന്റെ ദൗത്യം (3:10–15):** ചെവികൊണ്ട് കേൾക്കുകയും ഹൃദയത്തിൽ സ്വാംശീകരിക്കുകയും ചെയ്ത വചനങ്ങൾ പ്രവാസികളോടു പ്രഘോഷിക്കാനാണ് തുടർന്ന് ആവശ്യപ്പെടുന്നത് (വാ. 10–11). പി.ഒ.സി. വിവർത്തനം ചെവി... ഹൃദയം എന്ന യുക്തിപരമായ ക്രമമാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും ഹീബ്രു മൂലത്തിൽ ഹൃദയം... ചെവി എന്ന ക്രമമാണ് കാണുന്നത്. പ്രധാനപ്പെട്ട കാര്യം ഹൃദയത്തിൽ സ്വീക





രിക്കുക എന്നതാകയാൽ അതിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനുവേണ്ടിയാകാം ഇപ്രകാരം യുക്തിരഹിതമായ ഒരു ക്രമം ഹീബ്രുഗ്രന്ഥകാരൻ ഉപയോഗിക്കുന്നത്.

പ്രവാചകനോട് പ്രതികരണം നോക്കാതെ പ്രഘോഷിക്കാനാണ് ദൈവം ആവശ്യപ്പെടുന്നത് (വാ. 11). യൂദായിൽ വസിക്കുന്നവരേക്കാൾ അനുസരണയുള്ളവരാണ് ഇപ്പോൾ പ്രവാസികളായിരിക്കുന്നവർ എന്ന ധ്വനി 3:11 ൽ ഉണ്ടെന്നു കരുതാം. എന്നാൽ അവരിലും കേൾക്കാത്തവരുണ്ടാകാം. ജനം യൂദയായിലാണോ പ്രവാസത്തിലാണോ എന്നതല്ല പ്രസക്തമായ കാര്യം. മറിച്ച്, ദൈവവചനം സ്വീകരിക്കാനുള്ള സന്നദ്ധതയാണ് പ്രസക്തമായിട്ടുള്ളത്.

**3:12–15,** ആമുഖഭാഗത്തിന്റെ ഉപസംഹാരമായി ഈ വാക്യങ്ങളെ മനസ്സിലാക്കാം. പ്രവാചകനെ ദൈവം ദൗത്യം ഭരമേൽപ്പിച്ചുകഴിഞ്ഞതിനാൽ ആത്മാവ് പ്രവാചകനെ ഉയർത്തുകയും ചലിപ്പിക്കുകയും ചെയ്യുന്നതാണ് ഈ വചനഭാഗത്തെ പ്രതിപാദ്യം. കർത്താവിന്റെ മഹത്വം സ്വസ്ഥാനത്തുനിന്ന് ഉയർന്നപ്പോൾ (ഹീബ്രുവിൽ "ബെറൂം") എന്നാണ് പി.ഒ.സി വിവർത്തനത്തിലുള്ളത്. എന്നാൽ മൂലകൃതിയിൽ കർത്താവിന്റെ മഹത്വം വാഴ്ത്തപ്പെടട്ടെ (ഹീബ്രുവിൽ "ബാറൂക്ക്") എന്നാണുള്ളത്. കൂടുതൽ യുക്തിസഹമാക്കുന്ന വിവർത്തന ശൈലി പി.ഓ.സി. യും ഇതരവിവർത്തനങ്ങളും പിന്തുടർന്നതാണ് എന്ന് അനുമാനിക്കാം. സങ്കീ 135:21 നു സമാനമായുള്ള ദൈ വസ്തുതിയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഈ സ്തുതി സ്വർഗ്ഗവാസികളോ പ്രവാചകൻതന്നെയോ നടത്തുന്നതായി അനുമാനിക്കാം.

ആത്മാവിന്റെ ചിറകുകളിലാണ് പ്രവാചകൻ സംവഹിക്കപ്പെടുന്നത് (വാ. 13–14) എന്ന പരാമർശം 1 രാജാ 18:12; ഏശ 40:24; 41:16 എന്നീ വചനഭാഗങ്ങളിൽ വിവരിക്കുന്ന ആത്മാവിനാൽ നയിക്കപ്പെടുന്ന പ്രവാചക പരമ്പരയിൽ എസെക്കിയേലിനും സ്ഥാനമുറപ്പിക്കുന്നു. കേബാർ നദിക്കരെയുള്ള തെൽ അബീബിലെത്തി (വാ. 15) എന്ന പരാമർശമാകട്ടെ പ്രവാചകൻ ദർശനങ്ങളുടെ സ്വപ്നലോകത്തുനിന്ന് യാഥാർത്ഥ്യത്തിലേക്കു മടങ്ങിയെത്തി എന്നതിന്റെ സൂചനയാണ്.

# എസെക്കിയേൽ 3:16–27, എസെക്കിയേലിന്റെ കടമകൾ

എസെക്കിയേൽ 1:1–3:15 ൽ എസെക്കിയേലിനുണ്ടായ ദർശനവും വിളിയും വിശദീകരിക്കുന്നുണ്ടെങ്കിലും എസെക്കിയേൽ ഇസ്രായേൽ ജനത്തോട് അറിയിക്കേണ്ട വചനം എന്ത് എന്നതിനെക്കുറിച്ചുള്ള സൂചനകളൊന്നും ഈ കുറവുപരിഹരിക്കാനായി പിൽക്കാല സംശോധകർ കൂട്ടിച്ചേർത്ത രണ്ടു ഭാഗങ്ങളാണ് 3:16–21 ലെയും 3:22–27 ലെയും വിവരണങ്ങൾ എന്നു കരുതുന്ന പണ്ഡിതന്മാരുണ്ട്. എന്നാൽ നിശ്ചിതഭാഗങ്ങളെയും വാക്യങ്ങളെയും അവയുടെ രചനാകാലഘട്ടത്തെക്കുറിച്ചുള്ള സന്ദി

ഗ്ദ്ധതകളുടെ പേരിൽ വേർപെടുത്തി മനസ്സിലാക്കുന്നതിൽ അർത്ഥമില്ല. മൂല ഗ്രന്ഥകാരനോ പിൽക്കാല സംശോധകനോ ആരുമാകട്ടെ നില വിലുള്ള ഘടനയിൽ എസെക്കിയേലിന്റെ പുസ്തകത്തെ ക്രോഡീകരിച്ച വ്യക്തിക്ക് ദൈവനിവേശിതമായ ഒരു അർത്ഥം വായനക്കാരുമായി സംവദിക്കാനുണ്ട്. എന്നതാണ് കൂടുതൽ പ്രസക്തമായ വസ്തുത. പ്രസ്തുത അർത്ഥം ഗ്രഹിക്കാനുള്ള പരിശ്രമമാണ് യഥാർത്ഥ വ്യാഖ്യാതാവ് നടത്തേണ്ടത്.

3:16-27 ലെ വിവരണത്തെ 1:1-3:15 ലെ വിവരണത്തിൽനിന്നു വേർപെടുത്തി മനസ്സിലാക്കാനാവാത്തവിധത്തിലുള്ള ആഖ്യാനലയം ഈ വിവരണങ്ങൾ തമ്മിലുണ്ട്. പ്രഥമപുരുഷ സർവ്വനാമത്തിലുള്ള (ഞാൻ...) വിവരണ ശൈലിതന്നെയാണ് 3:16-27 ലെ വിവരണത്തിലും അനുവർത്തിക്കുന്നത്. ആദ്യവെളിപാടിനുശേഷം ഏഴുനാളുകൾ കഴിഞ്ഞാണ് 3:16-21 ലെ വെളിപാട് ലഭിക്കുന്നത്. 3:22 ൽ ആരംഭിക്കുന്ന മൂന്നാമത്തെ വെളിപാടാകട്ടെ 5:17 വരെ ദീർഘിക്കുന്നതായി കരുതാം. ഈ വിവരണങ്ങളിലുടനീളം എസെക്കിയേൽ നിശബ്ദനാണെന്നത് ശ്രദ്ധേയമാണ്; യാഹ്വേ യാണ് ഉടനീളം സംസാരിക്കുന്നത്.

**എസെക്കിയേൽ കാവൽക്കാരൻ (വാ. 16-21):** പ്രവാചകനെ ദൈവം ഇസ്രായേലിന്റെ കാവൽക്കാരനായി നിയമിക്കുകയാണ്. അപകടം വരുമ്പോൾ മുന്നറിയിപ്പുനൽകുക എന്നത് കാവൽക്കാരന്റെ ഉത്തരവാദിത്വമാണ്. "കാവൽക്കാരൻ" എന്ന പ്രതീകം ബൈബിളിൽ അന്യത്ര ദൃശ്യമാണ് (ജറെ 6:17; ഹോസി 9:8; ഹബ 2:1). എസെക്കിയേൽ ഇസ്രായേൽ ജനത്തിനു മുന്നറിയിപ്പുനൽകേണ്ട ശത്രു മറ്റാരുമല്ല; യാഹ്വെതന്നെയാണ് എന്നതാണ് ഈ വിവരണത്തിലെ വൈരുദ്ധ്യം. തിന്മചെയ്തു ശീലിച്ചവർക്ക് വിധിയാളനായിവരുന്ന ദൈവത്തെക്കുറിച്ചു മുന്നറിയിപ്പു നൽകാനാണ് ദൈവം പ്രവാചകനെ നിയോഗിക്കുന്നത്.

നാലുതരത്തിലുള്ള ആഖ്യാനരംഗങ്ങളാണ് ഈ വെളിപാടിൽ വ്യക്തമാക്കപ്പെടുന്നത്:

(1) തിന്മചെയ്യുന്നവനെ പ്രവാചകൻ തിരുത്തിയില്ലെങ്കിൽ തിന്മപ്രവർത്തിച്ചവനും പ്രവാചകനും ശിക്ഷിക്കപ്പെടും (വാ. 17-18).

(2) ദുഷ്ടനെ പ്രവാചകൻ തിരുത്താൻ ശ്രമിച്ചിട്ടും അവർ അധർമ്മം ഉപേക്ഷിച്ചില്ലെങ്കിൽ പ്രവാചകൻ രക്ഷിക്കപ്പെടുകയും ദുഷ്ടൻ നശിപ്പിക്കപ്പെടുകയും ചെയ്യും (വാ. 19).

(3) നീതിമാന് വഴിതെറ്റിയാൽ പ്രവാചകൻ തിരുത്തണം. അല്ലെങ്കിൽ വഴിതെറ്റിയ നീതിമാനും പ്രവാചകനും ഒരുപോലെ ശിക്ഷിക്കപ്പെടും (വാ. 20).

(4) വഴിതെറ്റിയ നീതിമാൻ പ്രവാചകന്റെ വാക്കുകേട്ട് തെറ്റുതിരുത്തിയാൽ നീതിമാനും പ്രവാചകനും ഒരുപോലെ രക്ഷിക്കപ്പെടും (വാ. 21).

മേൽപ്പറഞ്ഞവയിൽ 1,3 സാഹചര്യങ്ങളിൽ മരണശിക്ഷയാണ് (ഹീബ്രുവിൽ "മോത് തമോത്ത്") ദൈവം വിധിക്കുന്നത്. ദൈവികമായ മരണശിക്ഷ പ്രവാചകന്മാർ പ്രഖ്യാപിക്കുന്ന ഇതരസന്ദർഭങ്ങളും ബൈബിളിലുണ്ട് (2 രാജാ 20:1; ഏശ 38:1).





സമൂഹജീവിതത്തിൽ പരസ്പരം തിരുത്തേണ്ടതിന്റെയും നേർവഴി കാട്ടേണ്ടതിന്റെയും ആവശ്യകതയിലേക്കാണ് ഈ നിർദേശങ്ങൾ വിരൽ ചൂണ്ടുന്നത്. പ്രവാസകാലത്ത് തങ്ങൾ ദൈവജനമാണെന്ന സത്യവും കൂട്ടായ്മയും മറന്ന് ജീവിച്ചിരുന്ന പ്രവാസികൾക്ക് കൂട്ടായ്മയുടെയും പരസ്പരം തിരുത്തി ജീവിക്കുന്നതിന്റെയും പ്രസക്തി പ്രവാചകൻ ഇവിടെ വ്യക്തമാക്കുകയാണ്.

**എസെക്കിയേലിനു വീണ്ടും ദർശനം (വാ. 22-27) :** എസെക്കിയേലിനു ലഭിക്കുന്ന മൂന്നാം ദർശനത്തിന്റെ (3:22-5:17) ആമുഖഭാഗമാണ് 3:22-27. ആദ്യദർശനത്തിന്റെ അതേ ഘടനയിലും ആഖ്യാനശൈലിയിലുമാണ് മൂന്നാമത്തെ ദർശനവും വിശദീകരിക്കുന്നത് (3:22 1:3; 3:23 1:28; 3:24 2:2). ആമുഖഭാഗത്തെ ദർശനങ്ങളെ (1:1-3:15) ഗ്രന്ഥത്തിന്റെ ഇതര ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന പാലമായി വർത്തിക്കുക എന്നതാണ് 3:22-27 ന്റെ ആഖ്യാനധർമ്മം എന്നു മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. പ്രവാചകൻ അനുഭവിക്കേണ്ടിവരുന്ന മൂന്നു പരിമിതികളെക്കുറിച്ചാണ് തുടർന്നു പറയുന്നത്.

**3:24** ൽ കതകടച്ചു വീട്ടിനുള്ളിലായിരിക്കാൻ ദൈവം പ്രവാചകനോട് ആവശ്യപ്പെടുകയാണ്. ഇതരപ്രവാചകന്മാരിൽനിന്നു വ്യത്യസ്തനായി എസെക്കിയേൽ പൊതുസ്ഥലത്ത് വിരളമായേ പ്രത്യക്ഷപ്പെടാറുള്ളൂ. അദ്ദേഹം പൊതുവേ അന്തർമുഖസ്വഭാവം പുലർത്തുന്ന വ്യക്തിയാണ് എന്ന് തുടർന്നുള്ള വിവരണങ്ങളിൽനിന്നു വ്യക്തമാണ്. എന്നാൽ, ദൈവം പ്രവാചകനെ പൂട്ടിയിടുന്നതിന്റെ കാരണം ഈ സാഹചര്യത്തിൽ ഗ്രന്ഥകാരൻ വ്യക്തമാക്കുന്നില്ല. പ്രവാചകന്റെ സഞ്ചാരസ്വാതന്ത്ര്യമാണ് ഇവിടെ വിലക്കപ്പെടുന്നത്.

**3:25** ൽ ചരടുകൊണ്ട് ശരീരം വരിഞ്ഞുമുറുക്കി സ്വയം ബന്ധിതനായി കഴിയാൻ ദൈവം പ്രവാചകനോട് ആവശ്യപ്പെടുന്നതാണ് രണ്ടാമത്തെ പരിമിതി. ഇസ്രായേൽ പ്രവാസത്തിലും അടിമത്തത്തിലുമാണെന്നതിനെ അനുസ്മരിപ്പിക്കുകയാവാം ഈ ബന്ധനത്തിന്റെ ലക്ഷ്യം.

3:26 ൽ മൂന്നാമത്തെ പരിമിതിയെക്കുറിച്ചാണ് വിവരിക്കുന്നത്. സംസാരശേഷിയില്ലാത്തവനെപ്പോലെ പെരുമാറാനാണ് യാഹ്വേ ആവശ്യപ്പെടുന്നത്. ഇതും പ്രവാസകാലഘട്ടത്തിലെ അസ്വാതന്ത്ര്യത്തെ അനുസ്മരിപ്പിക്കുന്ന നിർദ്ദേശമാണ്.

**വിചിന്തനം:** 1. ഏറെ സങ്കീർണ്ണവും അതിലേറെ ദുർഗ്രഹവുമായ എസെക്കിയേലിന്റെ ദർശനങ്ങൾ സഭയുടെ ആരാധനാക്രമങ്ങളിൽ പലപ്പോഴും അവഗണിക്കപ്പെടാറാണ് പതിവ്. അസ്ഥികളുടെ താഴ്‌വരയുടെ പ്രവചനമൊഴികെ (37:1-14) മറ്റൊരു വചനഭാഗവും എസെക്കിയേലിന്റെ പുസ്തകത്തിൽ ജനപ്രിയ വചനമായിട്ടില്ല എന്ന കെ.പി. ദാറിന്റെ (Ezekiel, IBC, P. 1129) വിലയിരുത്തൽ ശരിയാണ്. എന്നാൽ എസെക്കിയേലിൽ വചനവും ദർശനവും ഒന്നായിത്തീരുന്ന അനന്യസാധാരണത്വം സംഭവിക്കുന്നു എന്നതാണ് ഈ പ്രവചനഗ്രന്ഥത്തിന്റെ ഏകാന്ത വൈശിഷ്ട്യം. എസെക്കിയേലിന്റെ നിശ്ശബ്ദതയിലൂടെയാണ് ഗ്രന്ഥകാരൻ ഈ അനന്യശ്രേഷ്ഠത വെളിപ്പെടുത്തുന്നത്.വചനം എസെക്കിയേലിന്റെ ഉള്ളി

ലേക്കു പ്രവേശിക്കുകയാണ്. അത് എസെക്കിയേലിൽ നിറഞ്ഞ് എസെക്കിയേൽ തന്നെ വചനമായി മാറുന്നു.

2. എസെക്കിയേലിനോട് പൂർണ്ണമായ അനുസരണമാണ് ദൈവം ആവശ്യപ്പെടുന്നത്. ദൈവശുശ്രൂഷയ്ക്ക് അനിവാര്യമായ കാര്യം അവിടുത്തോടുള്ള അചഞ്ചലമായ അനുസരണമാണ്. സാവൂൾ ദമാസ്കസ് കവാടത്തിൽവച്ച് പൗലോസ് ആയി മാറുന്നതിനിടയിൽ കഠിനപ്രകാശത്തെ അഭിമുഖീകരിക്കുകയും മൂന്നു നാളുകൾ ഭക്ഷിക്കാതെയും പാനംചെയ്യാതെയും കഴിയുകയും ചെയ്തു. (അപ്പ 9:3-9; 22:6-11; 26:12-18). ദൈവികദർശനം ഒരു വ്യക്തിയിലുണ്ടാക്കുന്ന മാനസാന്തരം അടിസ്ഥാനപരമാണ്. ഇപ്രകാരമൊരു മാറ്റത്തിലും മാനസാന്തരത്തിലും മാത്രമേ സമ്പൂർണ്ണ അനുസരണത്തിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയുകയുള്ളൂ. അല്ലാത്ത പക്ഷം അനുസരണത്തെ അവകാശലംഘനമായും സ്വാതന്ത്ര്യ നിഷേധമായും തെറ്റിദ്ധരിക്കാനിടയുണ്ട്. ദൈവാനുഭവത്തിൽനിന്നു മാത്രമേ യഥാർത്ഥ അനുസരണം ഉത്ഭവിക്കുന്നുള്ളു. അനുസരണം അസാധ്യമായവർ ദൈവാനുഭവം ലഭിക്കാത്തവരാണ് എന്ന് നിസ്സംശയം പറയാം.

3. ദൈവദർശനം ചതുർമുഖ ജീവിയുടെ രൂപത്തിലായിരുന്നു എന്ന വിവരണം ശ്രദ്ധേയമാണ്. തന്റെ രൂപങ്ങളൊന്നും നിർമ്മിക്കരുത് എന്നു കല്പിച്ച ദൈവം തന്നെത്തന്നെ വിചിത്രരൂപിയായി അവതരിപ്പിക്കുന്നു എന്നത് വിരോധാഭാസമായി തോന്നാം. നാലു ദിശകളിലേക്കും തിരിഞ്ഞ തലകൾ ദൈവത്തിന്റെ സർവ്വവ്യാപന സ്വഭാവത്തെ വ്യക്തമാക്കുന്നു. ഈ നാലുമുഖങ്ങൾ പിൽക്കാലത്ത് നാലു സുവിശേഷങ്ങളുടെ പ്രതീകമായി മാറി എന്നതും ശ്രദ്ധേയമാണ്. സഭാപിതാവായ ഇരനേവൂസ് പഠിപ്പിക്കുന്നതുപോലെ "സുവിശേഷങ്ങൾ എണ്ണത്തിൽ നാലിൽ കുറയുക അസാധ്യമാണ്. ദിക്കുകളെയും കാറ്റുകളെയും തൂണുകളെയും സൂചിപ്പിക്കുന്ന നാല് എന്ന സംഖ്യ സഭയുടെ നെടുംതൂണുകളായ സുവിശേഷങ്ങളുടെ സംഖ്യ ആകേണ്ടത് ആവശ്യകമായിരുന്നു."

4. നന്മക്കു രക്ഷയും തിന്മയ്ക്കു ശിക്ഷയും വിധിക്കുന്ന പ്രതിഫല നൈതികതയിലാണ് എസെക്കിയേലിന്റെ ധാർമ്മിക വീക്ഷണവും ഉറപ്പിച്ചിരിക്കുന്നത് (3:15-22). എന്നാൽ കാലത്തിലും സമയത്തിലും മനുഷ്യൻചെയ്യുന്ന തെറ്റുകൾക്ക് ആനുപാതികമല്ലാത്ത ശിക്ഷകൾ (നിത്യനാശം) ലഭിക്കുന്നതിന്റെ വൈരുധ്യം വിശദീകരിക്കാൻ പ്രവാചകൻ ശ്രമിക്കുന്നില്ല. മനുഷ്യന്റെ പാപം ദൈവം ഓർത്തിരുന്നാൽ ആരും രക്ഷപ്രാപിക്കില്ല; അവിടുന്നു ക്ഷമിക്കുന്നവനും കാരുണ്യവാനുമാണ് (സങ്കീ 130:3-4) എന്ന ചിന്തയാണ് പ്രസക്തമായിട്ടുള്ളത്. ദൈവത്തിന്റെ അനന്തകാരുണ്യത്തെക്കുറിച്ച് ആവർത്തിച്ചുള്ള പരാമർശങ്ങൾ പഴയനിയമത്തിലുണ്ടെങ്കിലും (പുറ 34:6; സങ്കീ 145:8; ജോയേ 2:13; യോനാ 4:2; നാഹും 1:3) പാപത്തിന്റെ സാർവ്വത്രികത സർവ്വനാശം ക്ഷണിച്ചുവരുത്തുന്നു. ദൈവകാരുണ്യത്തെ പാപം നിഷ്ഫലമാക്കുന്നതാണ് ശിക്ഷാവിധി എന്നു കരുതാനാണ് കൂടുതൽ സാധ്യതയുള്ളത്.

5. പ്രവാചകനെ ദൈവം ഇസ്രായേലിന്റെ കാവൽക്കാരനായി നിയമിക്കുന്നു എന്നതും ശ്രദ്ധേയമായ ചിന്തയാണ്. ഇസ്രായേലിലെ പ്രവാച





കന്മാരെല്ലാം ദൈവജനത്തിന്റെ കാവൽക്കാരായിരുന്നു. കഠിനമായ ശിക്ഷാവിധികൾ ഉണ്ടാകുമ്പോൾ അവർ ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിച്ച് പ്രാർത്ഥിച്ചിരുന്നു (ആമോ 7:1-3). ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിക്കാത്ത പ്രവാചകരെ ദൈവം തന്റെ നീരസം അറിയിക്കുന്നുണ്ട് (ജറെ 7:16). കാവലാളുകളാകാൻ ദൈവം തെരഞ്ഞെടുത്തതാണ് സകലമാതാപിതാക്കളെയും സമർപ്പിതരേയും. കാവൽക്കാർ അലസരായാൽ വിനാശം സുനിശ്ചിതമാണ്.

# എസെക്കിയേൽ 4:1-5:17, ഇസ്രായേൽ ഭവനത്തിനുള്ള അടയാളം

പ്രവാചകനോട് പ്രതീകാത്മക പ്രവൃത്തികളിലൂടെ ഇസ്രായേലിനു സന്ദേശം നൽകാനുള്ള കല്പനയാണ് ഈ വചനഭാഗത്തിന്റെ പ്രമേയം. പ്രവചനങ്ങളുടെ ദൃശ്യാവിഷ്കാരങ്ങളായി ഈ പ്രതീകാത്മക പ്രവൃത്തികളെ മനസ്സിലാക്കാം. ഇത്തരം പ്രതീകാത്മക പ്രവർത്തനങ്ങൾ ബൈബിളിലെ പ്രവാചകരിൽ പലരുടെയും ജീവിതത്തിൽ കാണാനാകും. ചില പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. അഹിയാ പ്രവാചകൻ വസ്ത്രം പന്ത്രണ്ടായി കീറിയശേഷം പത്തു കഷണങ്ങൾ ജറോ ബോവാമിനെ ഏല്പിക്കുന്നു (1 രാജാ 11:30-31).
2. ഹോസിയാ ഗോമറിനെ വിവാഹം ചെയ്യുന്നതും അവരുടെ സന്താനങ്ങൾക്കു നൽകു ന്ന പേരുകളും (ഹോസി 1-3).
3. ജറെമിയാ നുകം വഹിച്ചു നടക്കുന്നത് (ജറെ 27).
4. ജറെമിയാ അരക്കച്ച ധരിക്കുന്നത് (ജറെ 13:1-14).
5. ജറെമിയാ മൺകലം ഉടക്കുന്നത് (ജറെ 19).

ഈ പ്രതീകാത്മക പ്രവൃത്തികൾ സസൂക്ഷ്മം വീക്ഷിച്ചാൽ ചില വസ്തുതകൾ ഗ്രഹിക്കാനാകും: വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ സന്ദേശങ്ങളാണ് ഇത്തരം പ്രവൃത്തികൾ എന്നതാണ് ഏറ്റവും പ്രസക്തമായ പ്രഥമ വസ്തുത. ഏലിയാ (2 രാജാ 13:14-19), ജറെമിയാ (51:59-64) എന്നിവർ ഇതിനു ദൃഷ്ടാന്തങ്ങളാണ്. രണ്ടാമതായി, ഇത്തരം പ്രതീകാത്മക പ്രവൃത്തികൾ പ്രബോധനപരമാണ്. പ്രബോധനങ്ങളെ കൂടുതൽ ആഴത്തിൽ ഗ്രഹിക്കാനുള്ള മാർഗ്ഗങ്ങളായി (Teaching aids) ഇവയെ മനസ്സിലാക്കാം (എസെ 4:1-3). മൂന്നാമതായി, ചില പ്രതീകാത്മകപ്രവൃത്തികൾ അടിസ്ഥാനപരമായ മാറ്റം ലക്ഷ്യമാക്കുന്നവയാണ് (1 രാജാ 19:19-21).

**4:1-3,** ജറുസലേം പട്ടണത്തിന്റെ പടംവരച്ച ചുടുകട്ടക്ക് ഉപരോധമേർപ്പെടുത്തുക എന്നതായിരുന്നു ആദ്യത്തെ പ്രതീകാത്മക പ്രവൃത്തി. നഗരചിത്രം മൺകട്ടകളിൽ ആലേഖനം ചെയ്യുന്ന പതിവ് നിലവിലിരുന്നതായി ഭൂഗർഭ ഗവേഷകർ നിരീക്ഷിക്കുന്നുണ്ട് (K.P. Darr, Ezekiel,

NIBC, P.1143). ബി.സി. 589 – ൽ ബാബിലോണിയൻ സൈന്യം ജറുസലേമിനെതിരേ ഏർപ്പെടുത്തിയ ഉപരോധമാണ് ഈ പ്രതീകാത്മക പ്രവൃത്തിയിലൂടെ വെളിപ്പെടുത്തുന്നത്.

**4:4–8,** തികച്ചും വിചിത്രമായ മറ്റൊരു പ്രതീകമാണ് തുടർന്നു വിവരിക്കുന്നത്. ഇടതുവശം ചെരിഞ്ഞ് 390 ദിവസവും വലതുവശം ചെരിഞ്ഞ് 40 ദിവസവും കിടക്കാനാണ് യാഹ്വേ പ്രവാചകനോട് ആവശ്യപ്പെടുന്നത്. ഇവിടെ ഉപയോഗിച്ചിരിക്കുന്നത് പ്രതീകാത്മക സംഖ്യകളാണ്. 390 എന്നത് സോളമന്റെ ദേവാലയം നിലനിന്ന വർഷങ്ങളുടെ എണ്ണമാണ്. നാൽപതു ദിനങ്ങൾ മോശ ചാരന്മാരെ അയച്ച കാലത്തെ (സംഖ്യ 13:1–23) യാണ് സൂചിപ്പിക്കുന്നത്. കാനാന്യരുടെ ശക്തിപ്രഭാവത്തിൽ ഭയചകിതരായി ഈജിപ്തിലേക്കു മടങ്ങിപ്പോകാൻ ഇസ്രായേൽ തീരുമാനിച്ച ദിവസത്തെയാണ് ഇത് അനുസ്മരിക്കുന്നത്. ഇതിനു ശിക്ഷയായിട്ടാണ് നാൽപതുവർഷം ജനം മരുഭൂമിയിൽ അലയേണ്ടി വന്നത്. ഈ പ്രവൃത്തിയിലൂടെ ഇസ്രായേലിന്റെ പ്രവാസകാലം ശാശ്വതമല്ല എന്ന സൂചനയും പ്രവാചകൻ നൽകുന്നുണ്ട്.

ശയനകാലമായ 390 ന്റെയും നാല്പതിന്റെയും തുക 430 ആണെന്നതും ശ്രദ്ധേയമാണ്. ഇസ്രായേൽ ഈജിപ്തിൽ അടിമകളായി കഴിഞ്ഞിരുന്ന കാലഘട്ടത്തെ (430 വർഷങ്ങൾ) അനുസ്മരിപ്പിക്കുക എന്നതും പ്രവാചകന്റെ ലക്ഷ്യമായിരിക്കാം. ചലനം അസാധ്യമാകുംവിധം എസെക്കിയേൽ ബന്ധിക്കപ്പെടുന്നു എന്നതിലൂടെ പ്രവാസകാലം അടിമത്തത്തിന്റെ കാലമായിരിക്കും എന്ന സന്ദേശവും ഗ്രന്ഥകാരൻ നൽകുന്നുണ്ട്. ഇസ്രായേൽ ചരിത്രത്തിലെ മുഴുവൻ സഹനങ്ങളെയും ഈ പ്രതീകാത്മക പ്രവൃത്തിയിലൂടെ ചിത്രീകരിക്കുന്നു എന്നതാണ് സുപ്രധാനം.

യൂദാഭവനത്തെക്കുറിച്ചുള്ള പരാമർശം (4:6) വിഭജിക്കപ്പെട്ട രാജ്യത്തെക്കുറിച്ചാണെന്ന് അനുമാനിക്കേണ്ടതില്ല. എസെക്കിയേലിന്റെ വീക്ഷണത്തിൽ 'ഇസ്രായേൽ ഭവനവും' 'യൂദാ ഭവനവും' ഇസ്രായേലിലെ 12 ഗോത്രങ്ങളെയും സൂചിപ്പിക്കുന്ന പദങ്ങളാണ്. ഇസ്രായേൽ ഭവനത്തിന്റെ പാപങ്ങൾക്കു പരിഹാരമായി എസെക്കിയേൽ സഹിക്കണം എന്ന പ്രസ്താവന ജനത്തിനുവേണ്ടിയുള്ള പരിഹാരബലി എന്ന ആശയത്തെയും തദ്വാരാ ക്രിസ്തുവിനെയും സൂചിപ്പിക്കുന്നു.

**4:9–17,** മൂന്നാമത്തെ പ്രതീകാത്മകപ്രവൃത്തി വരാനിരിക്കുന്ന ദാരിദ്ര്യത്തെ സൂചിപ്പിക്കുന്നതാണ് (വാ. 9–17). ജറുസലേമിനെതിരേയുള്ള ബാബിലോണിന്റെ ഉപരോധകാലം മാത്രമല്ല അതിനുശേഷമുള്ള ക്ഷാമകാലവും ഈ പ്രതീകങ്ങളിലൂടെ പ്രകടമാക്കുന്നുണ്ട്. ഗോതമ്പ്, ബാർലി, തിന, ചോളം, തുവര എന്നിവ പൊടിച്ച് അപ്പമുണ്ടാക്കാനാണ് ദൈവം ആവശ്യപ്പെടുന്നത്. ധാന്യമിശ്രിതങ്ങൾ പോഷകസമ്പന്നമാണെന്ന ആധുനിക ശാസ്ത്രജ്ഞാനം യഹൂദർക്കില്ലായിരുന്നു. ധാന്യമിശ്രിതങ്ങൾ യഹൂദ കാഴ്ചപ്പാടിൽ ദാരിദ്ര്യത്തിന്റെ അടയാളമായിരുന്നു. അപ്പമുണ്ടാക്കാൻ വേണ്ടത്ര ധാന്യം ഒരു ധാന്യത്തിൽനിന്നുതന്നെ ലഭ്യമല്ലാതാകുന്ന ദാരിദ്ര്യാവസ്ഥയിലാണ് വിവിധധാന്യങ്ങൾ കൂട്ടിക്കലർത്തി അപ്പമുണ്ടാക്കിയിരുന്നത്. വിവിധതരം ധാന്യങ്ങൾ ഇടകലർത്തി വിതയ്ക്കുന്നതിനെ





നിയമഗ്രന്ഥങ്ങൾ വിലക്കിയിരുന്നതിനാൽ (നിയ 22:9; ലേവ്യ 19:19) ധാന്യമിശ്രിതംകൊണ്ടുള്ള അപ്പം അശുദ്ധഭക്ഷണമാണ് എന്നു വ്യാഖ്യാനിക്കുന്നവരുമുണ്ട്. ഒരു ഹിൻ (= 2.5 ലിറ്റർ) വെള്ളത്തിന്റെ ആറിലൊന്നു മാത്രമേ (= 400 മില്ലിലിറ്റർ) കുടിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ഭക്ഷണമാകട്ടെ 20 ഷെക്കൽ മാത്രവും (1 ഷെക്കൽ = 11.4 ഗ്രാം).

ഇടതുവശം ചെരിഞ്ഞു കിടക്കുന്ന കാലത്തും (ഇസ്രായേലിന്റെ പാപഭാരം വഹിക്കുന്നകാലത്ത്) വലതുവശം ചെരിഞ്ഞുള്ള കിടപ്പുകാലത്തും (ഇസ്രായേലിന്റെ ശിക്ഷാകാലാവധിയായ വിപ്രവാസത്തെ സൂചിപ്പിക്കുന്നകാലം) ഈ നിബന്ധനയനുസരിച്ചുള്ള അളവുമാത്രമേ കഴിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ. മനുഷ്യ മലം ഇന്ധനമാക്കി അപ്പം ചുട്ടെടുക്കണമെന്ന പ്രസ്താവന ശ്രദ്ധേയമാണ്. ബാർലിയപ്പം ചുടുന്നതുപോലെ എന്ന 12–ാം വാക്യത്തിലെ സൂചന ഇതിനോടു ചേർത്തു വായിക്കണം. ബാർലിയപ്പം ചുടുചാരത്തിൽ പൂഴ്ത്തിവച്ചാണ് ചുടുന്നത്. അപ്പത്തിനുമേൽ മനുഷ്യമലം ഉണക്കിയതുവച്ചു കത്തിക്കണം എന്ന നിബന്ധന അശുദ്ധിയുടെ പൂർണ്ണതയെയാണ് സൂചിപ്പിക്കുന്നത്. ജറുസലേമിന്റെ ഉപരോധകാലത്തും വിപ്രവാസത്തിലെ അരക്ഷിതാവസ്ഥയിലും ഇസ്രായേൽ ഇപ്രകാരം ജീവിക്കേണ്ടിവന്നതായാണു സൂചന. ശുദ്ധ ഭക്ഷണത്തെക്കുറിച്ചുള്ള നിബന്ധനകൾ (ലേവ്യ 17:15; നിയ 14:21; പുറ 22:31) അനുസരിച്ചു മാത്രം ജീവിതം ശീലിച്ചതിനാൽ എസെക്കിയേലിനു ചാണകംകൊണ്ട് അപ്പം ചുടുവാനുള്ള അനുവാദം ലഭിച്ചു (വാ. 15).

16–17 വാക്യങ്ങളിൽ ജറുസലേമിൽ സംഭവിക്കാനിരിക്കുന്ന ക്ഷാമത്തെക്കുറിച്ചുള്ള സൂചനകളാണുള്ളത്. ലേവ്യ 26:26; ഏശ 3:1; എന്നീ വചനഭാഗങ്ങളിലെ ക്ഷാമകാലത്തെക്കുറിച്ചുള്ള സൂചനകളുമായി ഈ വചനഭാഗത്തിനു സാമ്യമുണ്ട്.

**5:1–4,** നാലാമത്തെ പ്രതീകാത്മകപ്രവൃത്തി പ്രവാചകന്റെ ക്ഷൗരമാണ്. തലയും താടിയും വടിച്ചു കിട്ടുന്ന രോമങ്ങളുടെ മൂന്നിലൊന്ന് നഗരത്തിൽവച്ച് കത്തിക്കണം. മൂന്നിലൊന്ന് വാളുകൊണ്ട് അരിഞ്ഞ് നഗരത്തിനു ചുറ്റും നടക്കണം. ശേഷിക്കുന്ന മൂന്നിലൊന്നു കാറ്റിൽ പറത്തുകയും ചെയ്യണം.

തലയും താടിയും മുണ്ഡനം ചെയ്യുന്നത് യഹൂദരുടെയിടയിൽ പരമ്പരാഗതമായി വിലാപത്തിന്റെ അടയാളമായിരുന്നു. പരാജിതരെ അപമാനിക്കാനും ഇത്തരം ക്ഷൗരകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നു (2 സാമു 10). ഇസ്രായേലിനു സംഭവിക്കാനിരിക്കുന്ന പതനത്തെ "അസ്സീറിയൻ രാജാവ് ഇസ്രായേലിനുമേൽ നടത്തുന്ന ക്ഷൗര കർമ്മമായി" ഏശ 7:20 ൽ വിവരിക്കുന്നുണ്ട്. ഈ പ്രവചനത്തെ കടമെടുത്ത് എസെക്കിയേൽ ഒരു പ്രതീകാത്മക പ്രവൃത്തിയായി 5:1–4 ൽ വ്യാഖ്യാനിക്കുകയാണ് എന്നു കരുതുന്നതിൽ തെറ്റില്ല. ബാബിലോണിയൻ അധിനിവേശകാലത്ത് ഇസ്രായേല്യരിൽ മൂന്നിലൊരുഭാഗം അഗ്നിക്കിരയാവുകയും മൂന്നിൽ ഒരു ഭാഗം യുദ്ധത്തിൽ മരിക്കുകയും ശേഷിക്കുന്ന മൂന്നിൽ ഒരു ഭാഗം പ്രവാസികളായി ചിതറിക്കപ്പെടുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നതാണ്

ഈ പ്രതീകം.

**5:5-17,** 4:1-5:4 ൽ വിവരിച്ച പ്രതീകാത്മകപ്രവൃത്തികളുടെ വിശദീകരണം എന്നനിലയിലാണ് ഗ്രന്ഥകാരൻ 5:5-17 ലെ വിവരണം ക്രമീകരിച്ചിരിക്കുന്നത്. ഈ ഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുംവിധം ഗ്രഹിക്കാം.

ആമുഖം (വാ. 4-) : ദൈവനിയോഗം, ആരോപണങ്ങൾ

A ആദ്യ വിശദീകരണം (വാ. 7-10): ദൈവജനത്തിന്റെ പാപങ്ങൾക്കുള്ള ശിക്ഷാവിധിയാണ് വരാനിരിക്കുന്നത്.

B രണ്ടാമത്തെ വിശദീകരണം (വാ. 11-13): പ്രവചനങ്ങൾ നിറവേറും എന്നുള്ളതിന്റെ തെളിവാണ് ഇസ്രായേലിനു വന്നു ഭവിക്കുന്ന നാശങ്ങൾ.

C മൂന്നാമത്തെ വിശദീകരണം (വാ. 14-16): വരാനിരിക്കുന്ന ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പായി ഈ പ്രവൃത്തികളെ മനസ്സിലാക്കാം.

ഉപസംഹാരം (വാ. 17) : ദൈവവചനത്തെക്കുറിച്ചുള്ള ആധികാരികപ്രഖ്യാപനം.

കർത്താവ് അരുളിച്ചെയ്യുന്നു എന്ന ആമുഖ വാക്യം മൂന്നു തവണ 5-12 വാക്യങ്ങളിൽ ആവർത്തിക്കുന്നുണ്ട്. ഇതാണു ജറുസലേം (വാ. 5) എന്ന പ്രാരംഭവാക്യം ശ്രദ്ധേയമാണ്. ദൈവത്തിന്റെ വാസസ്ഥലവും അതുവഴി ദൈവപരിപാലനയുടെ സംരക്ഷണവും അനുഭവിച്ചിരുന്ന പട്ടണമായിരുന്നു ജറുസലേം. ദൈവത്തിന്റെ നഗരമായിരുന്നിട്ടും ജറുസലേം നിവാസികൾ വിജാതീയരേക്കാൾ മ്ലേച്ഛതകൾ പ്രവർത്തിച്ചതാണ് അവരുടെ നാശത്തിനു കാരണമായത്. മ്ലേച്ഛതകളെ സൂചിപ്പിക്കുന്ന തോയേബാ എന്ന പദത്തിലൂടെ വിഗ്രഹാരാധന, പാരമ്പര്യങ്ങളോടുള്ള അവിശ്വസ്തത എന്നിവയൊക്കെ വിവക്ഷിക്കുന്നുണ്ട്. ദൈവത്തെ പ്രകോപിപ്പിച്ചു ജീവിച്ചതിനാൽ ഇസ്രായേലിനുണ്ടാകുന്ന ഭീകരനാശങ്ങളിൽ പ്രഥമമായി പരാമർശിക്കപ്പെടുന്നത് നരഭോജനമാണ് (വാ. 10). പാപത്തിന്റെയും ഉപരോധത്തിന്റെയും ദുരന്തപരിണാമമായിട്ടാണ് ബൈബിൾ നരഭോജനത്തെ കണക്കാക്കുന്നത് (ലേവ്യ 26:29; 2 രാജാ 6:29; ജറെ 19:9; വിലാ 4:10). മാതാപിതാക്കൾ മക്കളെ ഭക്ഷിക്കുന്നതിനേക്കുറിച്ചാണ് ഈ വചനങ്ങൾ പരാമർശിക്കുന്നതെങ്കിൽ മക്കൾ മാതാപിതാക്കളെ ഭക്ഷിക്കുന്ന മ്ലേച്ഛതയെക്കുറിച്ചും എസെക്കിയേൽ സൂചിപ്പിക്കുന്നു.

തങ്ങളുടെ പാപങ്ങളാൽ ദൈവനഗരത്തെയും ദേവാലയത്തെയും അശുദ്ധമാക്കിയ നഗരവാസികൾ യാതൊരുവിധ കരുണയും അർഹിക്കുന്നില്ല (വാ. 11) എന്നതാണ് ഈ ശിക്ഷാവിധിയുടെ കാരണമായി അവതരിപ്പിക്കുന്നത്. ജറുസലേമിന്റെ പതനകാലത്തെക്കുറിച്ചുള്ള നാലാമത്തെ പ്രതീകാത്മകപ്രവൃത്തിയിൽ (5:1-4) വിശദീകരിച്ചവയുടെ ആവർത്തനമാണ് 5:12 ൽ വിവരിക്കുന്നത്. ശിക്ഷാവിധിയിലൂടെ ദൈവമായ കർത്താവുമാത്രമാണ് സത്യദൈവമെന്ന് സകലപാപികളും അറിയും (വാ. 13). ദൈവത്തിന്റെ ശിക്ഷാവിധികൾ ദുഷ്ടന്റെ നാശത്തിനുവേണ്ടി മാത്രമുള്ളതല്ല; മറിച്ച്, ഓരോ ശിക്ഷാവിധിയും ദൈവത്തിന്റെ അപ്രമാദിത്വ





ത്തിന്റെ വിശ്വാസപ്രഖ്യാപനം കൂടിയാണ്.

ദൈവികശിക്ഷാവിധിയുടെ മൂന്നാമത്തെ വിശദീകരണമാണ് 14-16 വാക്യങ്ങളിൽ വിശദീകരിക്കുന്നത്. ഇസ്രായേലിന്റെ നാശം കണ്ട് സന്തോഷിക്കുന്ന വിജാതീയദേശങ്ങൾപോലും ഇസ്രായേലിന്റെ ദൈവത്തിന്റെ ശക്തിയെ ഭയപ്പെടും എന്നതാണ് ശിക്ഷാവിധിയുടെ മൂന്നാമത്തെ വിശദീകരണം. എസെ 36:20-21 ലും സമാനമായ വിശദീകരണം കാണാനാകും. സകല അന്യായങ്ങളും അനീതികളും ശിക്ഷിക്കപ്പെടുമെന്നും ഒരുവൻപോലും ദൈവകോപത്തിൽനിന്നു രക്ഷപെടില്ലെന്നുമുള്ള പ്രസ്താവന ദൈവനീതിയുടെ ദാക്ഷിണ്യമില്ലായ്മയെയാണ് വെളിപ്പെടുത്തുന്നത്.

**വിചിന്തനം:** 1. ആത്മീയതയുടെ ആന്തരികമാനം അവതരിപ്പിക്കുന്ന പുരോഹിതഗ്രന്ഥകാരനാണ് എസെക്കിയേൽ എന്നത് ഏറെ ശ്രദ്ധാർഹമായ വസ്തുതയാണ്. ദൈവം ആടുകളുടെയും കാളക്കിടാങ്ങളുടെയും ദഹനബലികളിലല്ല സംപ്രീതനാകുന്നത്; അവിടുത്തേക്ക് ആവശ്യമായത് മനുഷ്യന്റെ ഹൃദയപൂർവ്വമായ അനുസരണമാണ്. അനുസരണം, മാനസാന്തരം തുടങ്ങിയ ആന്തരികയാഥാർത്ഥ്യങ്ങളെ ആത്മീയതയുടെ അടിസ്ഥാനങ്ങളായി അവതരിപ്പിക്കുന്നതിലൂടെ എസെക്കിയേലിന്റെ ആത്മീയവീക്ഷണങ്ങൾ പുതിയനിയമത്തോട് ഏറെ അടുത്തുനിൽക്കുന്നു.

2. ദൈവനീതിയുടെ ദാക്ഷിണ്യമില്ലാത്ത മുഖം അവതരിപ്പിക്കുന്നതിലൂടെ പുതിയനിയമത്തിലെ കരുണാമയനായ ദൈവത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ദൈവസങ്കല്പമാണ് എസെക്കിയേൽ അവതരിപ്പിക്കുന്നത് എന്ന് പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ കരുണയും നീതിയും വൈരുധ്യാത്മകമല്ല എന്ന നിലപാടാണ് പ്രവാചകൻ പ്രകടമാക്കുന്നത്. അധർമ്മിയോടുള്ള കരുണ അധർമ്മിയുടെ ക്രൂരതയ്ക്കു വിധേയരായവരോടുള്ള അനീതിയാകുന്ന സന്ദർഭങ്ങളുണ്ടാകാം. തന്മൂലം കരുണ എന്ന ഏകപുണ്യത്തിൽ ദൈവികസത്തയുടെ സമഗ്രതയെ ആവിഷ്കരിക്കാനാകില്ല എന്ന എസെക്കിയേലിന്റെ നിലപാടിനെ (5:11) കാലഹരണപ്പെട്ടതായി കരുതാനാവില്ല. സകലപാപങ്ങളെയും നിസ്സാരവൽകരിക്കാൻ ദൈവത്തിന്റെ കരുണയെക്കുറിച്ചുള്ള ചിന്ത കാരണമാകുന്നുവെങ്കിൽ അത് തിരുത്തപ്പെടേണ്ടതു തന്നെയാണ്.

3. ഇസ്രായേലിന്റെ പാപഭാരം വഹിച്ച് സഹിക്കാൻ ദൈവം ആവശ്യപ്പെടുന്നതിലൂടെ (4:5-11) പ്രവാചകന് ക്രിസ്തുവിന്റെ സഹനബലിയുടെ നിഴലാകാനുള്ള ഭാഗ്യം കൈവരുന്നു. അപരന്റെ തിന്മകൾക്കു പരിഹാരമായുള്ള സഹനവും പരിത്യാഗ പ്രവൃത്തികളും കാലഹരണപ്പെട്ട ആശയമായി ആധുനികയുഗത്തിലെ ആത്മീയർപോലും കരുതുന്നു എന്നത് ദുഃഖകരമാണ്. താൻ കുമ്പസാരിപ്പിച്ച പാപികളുടെ പാപപ്പരിഹാരമായി ഉപവസിച്ചും പരിത്യാഗമനുഷ്ഠിച്ചും സ്വയം പീഡിപ്പിച്ച ജോൺ മരിയാ വിയാനിയും സഹസന്യാസികളുടെ തെറ്റിന് സ്വന്തം ശരീരത്തിൽ പരിഹാരമനുഷ്ഠിക്കുന്ന അസ്സീസിയിലെ ഫ്രാൻസീസും ഈ കാലഘട്ടത്തിനു മനസ്സിലാക്കാൻ കഴിയാത്ത കഥാപാത്രങ്ങളായിത്തീരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളെപ്പോലും ചോദ്യംചെയ്യുന്നതിന്റെ പിന്നിലും

സമാനമായ അജ്ഞത തന്നെയാണ് ഭരണം നടത്തുന്നത്. അപരന്റെ പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കാൻ കഴിയും എന്നത് ക്രിസ്തുസംഭവത്തിന്റെ കാതലായ ആശയമാണെന്ന സത്യം വിസ്മരിക്കുമ്പോൾ ക്രിസ്തീയതയാണ് മരിക്കുന്നത്.

## എസെക്കിയേൽ 6:1–7:27, ഇസ്രായേലിനു ശിക്ഷാവിധി

ഇസ്രായേലിലെ വിഗ്രഹാരാധനകൾക്കും പൂജാഗിരിക്കുമെതിരേയുള്ള പ്രവചനമാണ് 6:1–7:27 ലെ പ്രതിപാദ്യം. ഈ വചനഭാഗത്തിന്റെ ഘടന ചുവടെ ചേർക്കും വിധം ഗ്രഹിക്കാവുന്നതാണ്.

**ഭാഗം I : പൂജാഗിരികൾക്കെതിരായ പ്രഭാഷണം (6:1–14)**

A : ഇസ്രായേലിലെ പർവ്വതങ്ങൾക്കെതിരായ പ്രവചനം (6:1–10)

B : ഇസ്രായേലിന്റെ മ്ലേച്ഛതകൾക്കെതിരേ പ്രവചനം (6:11–14)

**ഭാഗം II : അന്തിമശിക്ഷയെക്കുറിച്ചുള്ള പ്രവചനം (7:1–27)**

A : ഒന്നാം പ്രവചനം : ആസന്നമായ ശിക്ഷാവിധി (7:1–4)

B : രണ്ടാം പ്രവചനം : കർത്താവിന്റെ ക്രോധം ആസന്നമായി (7:5–9)

C : മൂന്നാം പ്രവചനം : ശിക്ഷാദിനം എത്തിക്കഴിഞ്ഞു (7:10–27)

**പൂജാഗിരികൾക്കെതിരേ (6:1–14):** ഇസ്രായേൽ വിഗ്രഹാരാധന നടത്തിയ മലകൾക്കു നേരേ മുഖംതിരിച്ചുകൊണ്ടു പ്രസംഗിക്കാനുള്ള കല്പനയാണ് ഇവിടെ ദൃശ്യമാകുന്നത് (വാ. 2). നേരിട്ടുള്ള കാഴ്ച പ്രവചനങ്ങൾക്ക് അനിവാര്യമായി കരുതപ്പെട്ടിരുന്നു. ബാലാം ഇസ്രായേൽക്കാരെ നേരിൽകണ്ട് ശപിക്കാൻവരുന്നത് ബൈബിളിൽ വിവരിക്കുന്നുണ്ടല്ലോ (സംഖ്യ 22:41–24:25). എന്നാൽ എസെക്കിയേൽ യൂദായിൽനിന്നും വളരെ വിദൂരത്തിൽ ബാബിലോണിലായിരുന്നതിനാൽ ബാലാമിനെപ്പോലെ യൂദായിലെ മലകളെ നേരിൽ കണ്ടു ശാപംചൊരിഞ്ഞു എന്നു കരുതാനാകില്ല. മറിച്ച് പ്രസ്തുത മലകൾ സ്ഥിതിചെയ്യുന്ന ദിക്കിലേക്കു തിരിഞ്ഞു നിന്നു പ്രവചനം നടത്തി എന്നു കരുതുന്നതാണ് കൂടുതൽ യുക്തിഭദ്രം. ഇസ്രായേലിലെ പർവ്വതങ്ങളേ എന്ന സംബോധന എസെക്കിയേലിന്റെ പുസ്തകത്തിൽ പതിനേഴു തവണ ആവർത്തിക്കുന്നുണ്ട്. ഏതെങ്കിലും മലകളെ സവിശേഷമായി സംബോധന ചെയ്യുന്നു എന്നതിനേക്കാൾ ഇസ്രായേൽ ദേശത്തെ മുഴുവൻ അഭിസംബോധന ചെയ്യുന്ന ശൈലിയായി ഇതിനെ മനസ്സിലാക്കാം.

പർവ്വതം (ഉയർന്ന സ്ഥലം) എന്ന അർത്ഥമുള്ള "ബാമോത്ത്" എന്ന ഹീബ്രുപദം വിഗ്രഹാരാധനയുടെ സ്ഥലങ്ങളെ സൂചിപ്പിക്കാനാണ് സാധാരണഗതിയിൽ ഉപയോഗിക്കുന്നത്. മലമുകളിലെ തുറസ്സായസ്ഥലങ്ങളും





വൃക്ഷച്ചുവടുകളും വിഗ്രഹാരാധനയുടെ കേന്ദ്രങ്ങളായിരുന്നു (1 രാജാ 14:23). ജോസിയായുടെ മതനവീകരണകാലത്ത് ഇത്തരം സ്ഥലങ്ങൾ നശിപ്പിക്കപ്പെട്ടിരുന്നു (2 രാജാ 23). "ബാമോത്ത്" എന്നപദം കേവലം സ്ഥലങ്ങളെ മാത്രമല്ല വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിരുന്ന ക്ഷേത്രങ്ങളെ സൂചിപ്പിക്കാനും ഉപയോഗിച്ചിരുന്നതായി (2 രാജാ 23:19; 1 സാമു 9:5–27) പണ്ഡിതന്മാർ കരുതുന്നുണ്ട് (J.T. Whitney, Tyn Bul 30(1979)147). "ബാമോത്തി"നെതിരായ മുന്നറിയിപ്പുകളും ശാപങ്ങളും ബൈബിളിൽ ഉടനീളം കാണാനാകും (ലേവ്യ 26:30–33; 2 രാജാ 17:11; 2 ദിന 33:3; സങ്കീ 78:58; ഹോസി 10:8; ആമോ 7:9). വിഗ്രഹാരാധനാ കേന്ദ്രങ്ങൾ തകർക്കുന്നത് സത്യവിശ്വാസപ്രഘോഷത്തിന്റെ ഭാഗമാണെന്ന വസ്തുതയാണ് "ഞാനാണ് കർത്താവ് എന്നു ഗ്രഹിക്കും" എന്ന പ്രസ്താവനയിലൂടെ (16:7) വെളിപ്പെടുന്നത്.

8–10 വാക്യങ്ങളിൽ യൂദായുടെ പതനവും തുടർന്നുള്ള പ്രവാസകാലവുമാണ് വിവക്ഷിക്കുന്നത്. വിഗ്രഹാരാധനയിലൂടെ ഹൃദയം കഠിനമാക്കിയവർ പ്രവാസത്തിന്റെ കഷ്ടതകളിലൂടെ ഹൃദയം മൃദുവാക്കി ദൈവത്തിന്റെ പക്കലേക്കു തിരിയും എന്നാണ് ഗ്രന്ഥകാരൻ അർത്ഥമാക്കുന്നത്.

"കർത്താവ് അരുളിച്ചെയ്യുന്നു" എന്ന പ്രസ്താവനയോടെ ആരംഭിക്കുന്ന രണ്ടാംഭാഗം (വാ. 11–14) ഇസ്രായേൽ പ്രവർത്തിച്ച മ്ലേച്ഛതകൾ ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത മ്ലേച്ഛതകൾമൂലം ഇസ്രായേൽ ഭവനം മുഴുവൻ ശിക്ഷാവിധിക്ക് ഇരയായിത്തീരും. ജറുസലേം നഗരത്തോട് അടുത്തുള്ളവർ (നഗരവാസികൾ) ബാബിലോണിയരുടെ വാളിനിരയാകുമെന്നും നഗരത്തിനുവെളിയിൽ താമസിക്കുന്ന (വിദൂരത്തിലുള്ളവർ - വാ. 12) വർ പകർച്ചവ്യാധികൾ മൂലവും ശേഷിക്കുന്നവർ ഉപരോധകാലത്തെ ദാരിദ്ര്യംമൂലവും മരിക്കുമെന്ന് പ്രവാചകൻ മുന്നറിയിപ്പുനൽകുന്നു. ഈ കഠിനനാശത്തിനു കാരണമായത് ജനത്തിന്റെ വിഗ്രഹാരാധനയാണ് (വാ. 13).

"കർത്താവിന്റെ കരം" (വാ. 14) എന്ന ശൈലിപ്രയോഗം കർത്താവിന്റെ സൈനിക ശക്തിയെയാണ് സൂചിപ്പിക്കുന്നത്. റിബ്ലാ നഗരം ഇസ്രായേലിന്റെ വടക്കൻ അതിർത്തിപ്പട്ടണമാണ് (2 രാജാ 14:25; എസെ 48:1; ആമോ 6:14). ബി.സി. 587 ലെ യൂദായുടെ പതനകാലത്തെ രാജാവായിരുന്ന സെദെക്കിയായെയും പുത്രന്മാരെയും നബുക്കദ്നേസർ വധിച്ചത് റിബ്ലായിൽ വച്ചായിരുന്നു (2 രാജാ 25:6–7). മരുഭൂമി മുതൽ റിബ്ലാവരെ എന്നതിനു പകരം ഹീബ്രുബൈബിളിൽ "റിബ്ലാദായിലെ മരുഭൂമി" എന്ന പ്രയോഗം കാണാം. എന്നാൽ ഇത് തെറ്റായ പാഠഭേദമായിരിക്കാനാണ് സാധ്യത. കാരണം റിബ്ലാദായിൽ മരുഭൂമിയില്ല എന്നതുതന്നെ.

**കർത്താവിന്റെ ദിനം ആസന്നം (7:1–27):** എസെക്കിയേലിനു ലഭിക്കുന്ന രണ്ടാമത്തെ ഈ അരുളപ്പാടും ഇസ്രായേൽ ദേശത്തിനെതിരേ ആസന്നമായ ശിക്ഷാവിധിയുടെ സന്ദേശമാണ്. ഈ സന്ദേശം ലഭിച്ച സ്ഥലമോ സമയമോ പരാമർശിക്കപ്പെടുന്നില്ല. ദൈവികസന്ദേശത്തിന്റെ ശ്രോതാവ് എന്ന നിലയിലാണ് പ്രവാചകനെ അവതരിപ്പിച്ചിരിക്കുന്നത്.

എസെക്കിയേൽ ഇതരപ്രവാചകന്മാരിൽനിന്നു വ്യത്യസ്തനായി ദൈവിക വക്താവിനേക്കാൾ ദൈവികശ്രോതാവിന്റെ നിലയിലാണ് പ്രത്യക്ഷപ്പെടുന്നത് എന്നതും ശ്രദ്ധാർഹമാണ്. ആമോസ് 5:18–20; 8:2–3, 9–10 എന്നീ വചനങ്ങളുമായി എസെക്കിയേൽ ഏഴാം അധ്യായത്തിന്റെ പ്രമേയത്തിന് ഏറെ സാമ്യങ്ങളുണ്ട്. ആമോസ് 7:1–9:5 ൽ പ്രവാചകനു ലഭിക്കുന്ന അഞ്ചുദർശനങ്ങളിൽ നാലാമത്തെ ദർശനം (8:1–3) ആസന്നമായ വിധിയെക്കുറിച്ചാണ്. ഈ ദർശനത്തിന്റെ ഇതിവൃത്തം തന്നെയാണ് എസെക്കിയേൽ ഏഴാം അധ്യായത്തിന്റെയും പ്രമേയം.

**7:1–4,** ഇസ്രായേൽ ദേശത്തിന് (ഹീബ്രുവിൽ "അദ്മത് യിഷ്റാഏൽ" = ഇസ്രായേൽ മണ്ണ്) മുഴുവനായുമുള്ള സന്ദേശമായിട്ടാണ് ഈ വാക്യങ്ങൾ അവതരിപ്പിക്കുന്നത് (പി.ഓ.സി. ബൈബിൾ ഇസ്രായേൽ ദേശം = "ഏരെസ് ഇസ്രായേൽ" എന്ന അർത്ഥത്തിൽ വിവർത്തനം ചെയ്തിരിക്കുന്നതിൽ സൂക്ഷ്മതക്കുറവുണ്ട്). 'ദേശം' എന്നതിനേക്കാൾ 'മണ്ണ്' എന്നു പറയുന്നതിൽ അന്ത്യത്തെക്കുറിച്ച് വ്യംഗ്യമായ സൂചനകളുണ്ട് (മണ്ണിലേക്കു മടങ്ങേണ്ടവനാണ് മനുഷ്യൻ എന്ന സൂചന).

ദേശത്തിന്റെ നാല് ദിക്കുകളെക്കുറിച്ചുള്ള സൂചന (വാ. 2) മുഴുവൻ ദേശത്തെയും വിവക്ഷിക്കുന്നു എന്ന് പ്രഥമതാ തോന്നാം. എന്നാൽ നാലു ദിക്കുകളെക്കുറിച്ചുള്ള സൂചന ഭൂമി മുഴുവനെയും സൂചിപ്പിക്കുന്നതായും കരുതാം (ഏശ 11:1–2; 2:12–16; വെളി 7:1). അന്തിമനാശത്തിനു കാരണം ഇസ്രായേലിന്റെ മ്ലേച്ഛതയും അതിക്രമവുമാണെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നതിലൂടെ (വാ. 3–4) തങ്ങൾ അനുഭവിക്കുന്ന പ്രവാസം തങ്ങളുടെ തെറ്റിനുള്ള തിരിച്ചടിയാണെന്ന് പ്രവാചകൻ തന്റെ സഹപ്രവാസികളെ ഓർമ്മിക്കുകയാണ്. പ്രവാസം ദൈവപരിപാലനയിലെ വീഴ്ചയോ ദൈവികശക്തിയുടെ കുറവോ അല്ല സൂചിപ്പിക്കുന്നത്, മറിച്ച് പാപകരമായ ജീവിതത്തിന്റെ നീതിപൂർവ്വകമായ പരിണതിയാണ് എന്നതാണ് എസെക്കിയേലിന്റെ അടിസ്ഥാന വാദം.

**7:5–9,** ഈ വാക്യങ്ങൾക്ക് 7:1–4 വാക്യങ്ങളോടുള്ള സാദൃശ്യംമൂലം ഇവയെ കേവലം സംശോധനയിൽ സംഭവിച്ച ആവർത്തനമായി വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ അന്ത്യദിനത്തെക്കുറിച്ചുള്ള പരാമർശവും (വാ. 7), ദേശത്തിനുപകരം ദേശവാസികളെ സംബോധന ചെയ്തുകൊണ്ടുള്ള അവതരണവും വഴി 1–4 വാക്യങ്ങളിലെ സന്ദേശത്തിന് കൂടുതൽ സൂക്ഷ്മതയും ഊന്നലും നൽകാൻ 7:5–9 ലെ വിവരണത്തിലൂടെ ഗ്രന്ഥകാരൻ ലക്ഷ്യമാക്കുന്നതായി അനുമാനിക്കാം. ദൈവിക കരുണയെക്കുറിച്ചുള്ള പാരമ്പര്യമനുസരിച്ച് (പുറ 34:6–7; സംഖ്യ 14:18; നെഹെ 9:17; സങ്കീ 103:8; ജറെ 32:8; യോനാ 4:2) യൂദാദേശം യാതൊരു കരുണയും പ്രതീക്ഷിക്കേണ്ടതില്ല എന്നും കരുണയ്ക്കതീതമായ മ്ലേച്ഛതയാണ് ഇസ്രായേലിൽ സംഭവിച്ചത് എന്നും പ്രവാചകൻ വിശദമാക്കുകയാണ് 8–9 വാക്യങ്ങളിൽ.

**7:10–27,** ആസന്നമായ "നാശം" (ഹീബ്രുവിൽ "സെപീറാ") ആണ് ഈ വചനഭാഗത്തെ മുഖ്യപ്രമേയം. ദുഷ്ടതയുടെയും മ്ലേച്ഛതയുടെയും സ്വാഭാവിക പരിണതിയായിട്ടാണ് പ്രവാചകൻ നാശത്തെ അവതരിപ്പിക്കുന്നത് (വാ. 11). "ദുഷ്ടതയുടെ ദണ്ഡ്" എന്ന പ്രയോഗം (വാ. 11) സംഖ്യ 17 ലെ അഹറോന്റെ വടി തളിർക്കുന്നതിനെ സൂചിപ്പിക്കുന്നതായി കരുതുന്നവരുണ്ട്. എന്നാൽ, ദണ്ഡ് എന്ന് പി.ഓ.സി ബൈബിൾ വിവർത്തനം ചെയ്തിരിക്കുന്ന "മത്തേഹ്" എന്ന പദത്തെ "നിയമനിഷേധം" എന്ന അർത്ഥത്തിൽ മനസ്സിലാക്കുന്നതാണ് കൂടുതൽ യുക്തിസഹമായിട്ടുള്ളത്. അഹറോന്റെ വടി തളിർത്തതും ദുഷ്ടത വളരുന്നതും തമ്മിലുള്ള താരതമ്യം അസ്ഥാനത്താണ്. എന്നാൽ നിയമലംഘനം തളിരിട്ടു വളർന്നു നാശത്തിലെത്തി എന്നു മനസ്സിലാക്കിയാൽ അർത്ഥക്ലിഷ്ടത ഒഴിവാക്കാം.

സകലനേട്ടങ്ങളും നഷ്ടങ്ങളും അപ്രസക്തമാകുന്ന അന്ത്യകാലത്തെക്കുറിച്ച് 7:12–13 ൽ പരാമർശിക്കുന്നു. തിരിച്ചുകിട്ടാത്തവിധമുള്ള വില്പനയെക്കുറിച്ചുള്ള സൂചനയിലൂടെ യൂദായുടെ ഭാവി നിത്യമായും അന്ധകാരമയമാണെന്ന സൂചനയാണ് എസെക്കിയേൽ നൽകുന്നത്. ജറെ 32:1–44 ലെ പ്രത്യാശയുടെ സന്ദേശത്തിനു വിരുദ്ധമായ നിലപാടാണ് പ്രവാസികൾക്കു മുന്നിൽ എസെക്കിയേൽ അവതരിപ്പിക്കുന്നത്.

14–16 വാക്യങ്ങളിൽ ശത്രുവിന്റെ മുന്നിലുള്ള ഇസ്രായേലിന്റെ സമ്പൂർണ്ണ നിസ്സഹായതയാണ് വെളിപ്പെടുത്തുന്നത്. ദൈവികസൈന്യത്തിന്റെ അകമ്പടിയാൽ സൈന്യങ്ങളുടെ ദൈവമായ കർത്താവു വിജയം നൽകും എന്ന യഹൂദവിശ്വാസത്തെയാണ് എസെക്കിയേൽ തിരുത്തുന്നത്. സംരക്ഷണം ലഭിക്കേണ്ട ദൈവജനം തന്നെയാണ് ഇവിടെ ദൈവകോപത്തിന് ഇരയാകുന്നത്. പരാജിതരുടെ ദയനീയതയെ സൂചിപ്പിക്കാൻ ഭയചകിതരായ പ്രാവുകളുടെ ഉപമയാണ് (സങ്കീ 11:11; ഏശ 16:2; ജറെ 48:28) പ്രവാചകൻ ഉപയോഗിക്കുന്നത് (വാ. 17–18).

സ്വർണ്ണവും വെള്ളിയും കൊണ്ട് വിഗ്രഹങ്ങൾ നിർമ്മിച്ച ജനം സ്വർണ്ണവും വെള്ളിയും എത്രമേൽ നിഷ്പ്രയോജനകരം എന്നു തിരിച്ചറിയുന്ന നാളുകളാണ് പരാജയകാലം എന്ന് പ്രവാചകൻ സാക്ഷ്യപ്പെടുത്തുന്നു (വാ. 19–20). ഭക്ഷിക്കാനും പാനം ചെയ്യാനും ഒന്നും ലഭിക്കാതെ മരണവക്ത്രത്തിലായവർക്ക് സ്വർ ണ്ണവും വെള്ളിയും പ്രയോജനരഹിതമാകുന്നു. സകല സമ്പാദ്യങ്ങളും പാഴാകുന്ന വിധിദിനത്തെക്കുറിച്ചുള്ള പ്രവാചകന്റെ വിലയിരുത്തൽ ഏറെ ശ്രദ്ധേയമാണ്. സ്വർണ്ണം അശുദ്ധവസ്തു (ഹീബ്രുവിൽ "നിദ്ദാ" = മനുഷ്യമലം) പോലെ പരിഗണിക്കപ്പെടും എന്ന വെളിപാടിൽ സ്വർണ്ണംകൊണ്ടു വിഗ്രഹാരാധന നടത്തിയതിനോടുള്ള പരിഹാസവും അന്തർഭവിച്ചിട്ടുണ്ട്. സ്വർണ്ണം കൊണ്ടു കാളയെ നിർമ്മിച്ച സംഭവം (പുറ 32:1–33:6) ഈ വിവരണത്തിനു പിന്നിൽ വിവക്ഷിക്കപ്പെടുന്നതായി കരുതാം (വാ. 21–22).

23–27 വാക്യങ്ങളിൽ പ്രവാസകാലത്ത് ജറുസലേമിൽ നടന്ന അധിനിവേശത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. സമാധാനത്തിനും അഭിവൃദ്ധിക്കുംവേണ്ടിയുള്ള മോഹങ്ങൾക്ക് നിരാശയായിരിക്കും പ്രതിഫലമായി ലഭിക്കുന്നത് (വാ. 25). ഈ നാശം ദേശവാസികൾക്കു മാത്രമല്ല രാജാവിനും ബാധകമാണെന്ന് പ്രവാചകൻ ഓർമ്മിപ്പിക്കുന്നു (വാ. 27). ഇസ്രായേലിനു ലഭിക്കുന്ന ശിക്ഷയും തിരിച്ചടിയും അവരുടെ അതിക്രമ

ങ്ങൾക്കുള്ള നീതിപൂർവ്വകമായ പ്രതിഫലമാണെന്ന് 3,8,9 വാക്യങ്ങളിൽ ആവർത്തിച്ച ആശയം അനുസ്മരിച്ചുകൊണ്ടാണ് 27-ാം വാക്യം ഈ ദർശനവിവരണത്തിനു വിരാമമിടുന്നത്.

**വിചിന്തനം:** 1. നാശം ബാഹ്യമായവയിൽനിന്നല്ല ആന്തരികമായവയിൽ നിന്നാണ് ഉളവാകുന്നത് എന്ന് എസെക്കിയേൽ സമർത്ഥിക്കുന്നു. സകല യുദ്ധങ്ങളും വർഗ്ഗീയ കലാപങ്ങളും പുറപ്പെടുവിക്കുന്ന നാശകരമായ ഫലങ്ങൾ ബാഹ്യമാണെങ്കിലും അവയുടെ ആരംഭം ആന്തരികമായ ദുർമോഹങ്ങളിൽനിന്നും അഹന്തയിൽനിന്നുമാണെന്ന് നമുക്ക് അനുമാനിക്കാം. ഹിരോഷിമയിലും നാഗസാക്കിയിലും നാശം വിതച്ചത് പ്രത്യക്ഷത്തിൽ ആറ്റം ബോംബായിരിക്കാം. എന്നാൽ എങ്ങനെയും വിജയിക്കണം എന്ന അമേരിക്കയുടെ ധാർഷ്ട്യമാണ് യഥാർത്ഥ നാശഹേതു എന്ന് സൂക്ഷ്മാപഗ്രഥനത്തിൽ വ്യക്തമാകും.

2. നാശകരമായ അനുഭവങ്ങളിലൂടെ "ഞാനാണ് ദൈവം എന്ന് നിങ്ങൾ അറിയും" എന്ന പ്രസ്താവന ഈ പ്രവചനങ്ങളിൽ ആവർത്തിക്കപ്പെടുന്നതായി കാണാം. ദൈവം ക്രമീകരിച്ച പ്രപഞ്ച സംവിധാനത്തിൽ മനുഷ്യൻ തന്നിഷ്ടം പ്രവർത്തിച്ചാൽ പിന്നെ ദൈവപരിപാലന പ്രതീക്ഷിക്കേണ്ടതില്ല എന്നതാണ് പ്രവാചകൻ വിവക്ഷിക്കുന്നത്. അതിക്രമങ്ങൾക്കു തിരിച്ചടി ലഭിക്കുമ്പോൾ സ്വന്തം പദ്ധതിയല്ല ദൈവിക പദ്ധതിയാണ് ശരിയായിട്ടുള്ളത് എന്നു മനുഷ്യനു ബോധ്യമാകും. ഉദാഹരണമായി ലൈംഗിക സ്വാതന്ത്ര്യത്തിന്റെ പേരിൽ കുത്തഴിഞ്ഞ ലൈംഗിക ജീവിതം നയിച്ച ഒരു വ്യക്തിക്ക് ഗുരുതരമായ രോഗങ്ങൾ ബാധിക്കുമ്പോൾ ആ വ്യക്തിക്കു മനസ്സിലാകും തന്റെ ചിന്താഗതിയല്ല ദൈവികപദ്ധതിയായിരുന്നു ശരി എന്ന്. നാശങ്ങൾ സ്രഷ്ടാവിനെ അറിയാനുള്ള നിമിത്തങ്ങളാണ് എന്ന പ്രവാചക വീക്ഷണത്തിന് കാലാതിവർത്തിയായ പ്രസക്തിയുണ്ട്.

3. പാപം എന്ന സാമൂഹിക യാഥാർത്ഥ്യത്തെക്കുറിച്ചാണ് എസെക്കിയേൽ സംസാരിക്കുന്നത്. അതിനാൽ സമൂഹത്തിനു മുഴുവനുമായാണ് ശിക്ഷ ലഭിക്കുന്നത്. നിഷ്കളങ്കരുടെ രക്ഷ എന്ന പ്രമേയം എസെക്കിയേലിൽ പലപ്പോഴും ദൃശ്യമല്ല എന്നത് ദൈവനീതിയുടെ ലംഘനമായി തോന്നാമെങ്കിലും യാഥാർത്ഥത്തിൽ പാപത്തിന്റെ സാമൂഹിക മാനത്തിനുള്ള ഊന്നലായി ഇതിനെ മനസ്സിലാക്കാം.

4. അന്തിമവിധിനാളിൽ വാങ്ങിയതും വിറ്റതും അപ്രസക്തമാകുമെന്നും സ്വർണ്ണവും വെള്ളിയും അമേദ്യം പോലെ അശുദ്ധവസ്തുവായി പരിഗണിക്കപ്പെടുമെന്നുമുള്ള പ്രവാചകവീക്ഷണത്തിൽ ക്രാന്തദർശനമുണ്ട്. ഭൗതികതയുടെ മാനദണ്ഡങ്ങൾക്കു നേർവിപരീതമായ മാനദണ്ഡങ്ങളെയാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. "ലോകം മുഴുവൻ നേടിയാലും ആത്മാവു നഷ്ടമായാൽ എന്തു പ്രയോജനം" എന്ന ക്രിസ്തുദർശനത്തിന്റെ ആദിരൂപമായി ഈ വീക്ഷണത്തെ ഗ്രഹിക്കാം.





# എസെക്കിയേൽ 8:1–10:22, രണ്ടാം ദർശനം : ദൈവം ജറുസലേം വിട്ടുപോകുന്നു

ജറുസലേം നഗരത്തെ കേന്ദ്രീകരിച്ചുള്ള ദർശനങ്ങളാണ് ഈ വചനഭാഗം അനാവരണം ചെയ്യുന്നത്. പ്രധാനമായും മൂന്ന് ദർശനങ്ങളാണ് ഈ വചനഭാഗത്ത് വിവരിക്കുന്നത്.

(1) ജറുസലേമിലെ മ്ലേച്ഛതകളെക്കുറിച്ചുള്ള ദർശനം (8:1–18)
(2) ജറുസലേമിനുള്ള ശിക്ഷാവിധിയുടെ ദർശനം (9:1–11)
(3) ദൈവമഹത്വം ജറുസലേം വിട്ടുപോകുന്ന ദർശനം (10:1–22)

ബി.സി. 592 ൽ (8:1) നഗരത്തിനേർപ്പെടുത്തപ്പെട്ട ഉപരോധവും ബി.സി. 587 ൽ നഗരത്തിനു സംഭവിക്കുന്ന നാശവുമാണ് ഈ ദർശനങ്ങളുടെ ഇതിവൃത്തം. ഉപരോധകാലത്തെ അവസ്ഥയുടെ വിശദീകരണവും പതനകാലത്തെക്കുറിച്ചുള്ള പ്രവചനവുമായി ഈ ദർശനങ്ങളെ മനസ്സിലാക്കാം. ഈ വിവരണങ്ങളിലെ സ്ഥലകാലഗണനകളിലെ വൈരുധ്യങ്ങൾ ഇവയുടെ വ്യാഖ്യാനം ദുഷ്കരമാക്കുന്നുണ്ട്. എന്നാൽ സ്ഥലകാലങ്ങളുടെ യുക്തിപരതയ്ക്കപ്പുറം ജറുസലേമിൽ വർദ്ധമാനമാകുന്ന പാപാവസ്ഥയ്ക്കാണ് പ്രവാചകൻ ഊന്നൽ നൽകുന്നത് എന്നു ഗ്രഹിച്ചാൽ വ്യാഖ്യാനം കുറേക്കൂടി അയത്നലളിതമാകും.

## എസെക്കിയേൽ 8:1–18, ജറുസലേമിലെ തിന്മകൾ

ദൈവനഗരമായ ജറുസലേമിൽ സത്യവിശ്വാസത്തിനു വിരുദ്ധമായി സംഭവിക്കുന്ന വിഗ്രഹാരാധനകളെക്കുറിച്ചാണ് 8:1–18 ലെ ദർശനത്തിൽ വിവരിക്കുന്നത്. ഈ ദർശനവിവരണത്തിന്റെ ഘടന ചുവടെ ചേർക്കുംവിധം ഗ്രഹിക്കാനാകും:

A ആമുഖം : സ്ഥലം, സമയം, ദർശന പശ്ചാത്തലം (വാ. 1–4)
B ആദ്യ രംഗം : അസൂയാവിഗ്രഹം (വാ. 5–6)
C രണ്ടാം രംഗം : ചുവർ ചിത്രങ്ങളും ധൂപാർച്ചനകളും (വാ. 7–13)
D മൂന്നാം രംഗം : തമ്മൂസിനെക്കുറിച്ചുള്ള വിലാപം (വാ. 14–15)
E നാലാം രംഗം : സൂര്യാരാധന (വാ. 16–17)
F ഉപസംഹാരം : ശിക്ഷാവിധി (വാ. 18)

ജറുസലേമിന്റെ പാപം എന്നതിലൂടെ വൈയക്തിക – ധാർമ്മിക മേഖലകളിലെ പാപം എന്നതിനേക്കാൾ വിശ്വാസപരവും ആരാധനാപരവുമായ മേഖലയിലെ പാപങ്ങൾ എന്നാണ് എസെക്കിയേലിന്റെ ഗ്രന്ഥം

വിവക്ഷിക്കുന്നത്.

8:1-4, കാലഗണനയെ (വാ. 1) 1:2 ലെ കാലഗണനയുമായി താരതമ്യപ്പെടുത്തിയാണ് ഗ്രഹിക്കേണ്ടത്. യഹോയാക്കിം രാജാവ് നാടുകടത്തപ്പെട്ടതിന്റെ ആറാംവർഷത്തിലെ ആറാം മാസം (ആബ്) അഞ്ചാം ദിവസമാണ് ദർശനം ലഭിക്കുന്നത്. പ്രവാചകൻ പൗരപ്രമുഖരോടൊത്ത് ഇരിക്കുന്ന സന്ദർഭത്തിലാണ് എസെക്കിയേലിനു ദർശനം ലഭിക്കുന്നത് (വാ. 2). സമാനമായ ദർശനവിവരണം ഏലീഷാ പ്രവാചകനും ലഭിക്കുന്നുണ്ട് (2 രാജാ 6:32). കർത്താവിന്റെ കരമാണ് ദർശനത്തിന്റെ തലത്തിലേക്ക് പ്രവാചകനെ ഉയർത്തുന്നത് (വാ. 3). ദൈവികമഹത്വത്തിന്റെ വിവരണങ്ങൾക്ക് 1:26-27 നോടുള്ള സാമ്യം പ്രത്യേകം പ്രസ്താവ്യമാണ്. ദൈവിക ദർശനങ്ങളിൽ മുടിയിൽ പിടിച്ചുയർത്തുന്ന ശൈലി അക്കാദിയൻ കഥകളിൽ വിവരിക്കുന്നുണ്ട് (ANET, 110a). കേബാർ നദിയുടെ തീരത്തിരിക്കുന്ന പ്രവാചകനെ ജറുസലേമിന്റെ പശ്ചാത്തലത്തിലേക്ക് സ്ഥാനഭ്രംശം വരുത്തുന്നതിനുള്ള ആഖ്യാനതന്ത്രമായി ഈ വിവരണങ്ങളെ ഗ്രഹിക്കാം. ദൈവമഹത്വത്തെ ക്കുറിച്ചുള്ള സൂചന (വാ. 4) മുൻദർശനങ്ങളുമായും (1:28) പത്താം അധ്യായത്തിൽ ദൈവമഹത്വം ജറുസലേമിനെ വിട്ടുപോകുന്നതായുള്ള വിവരണവുമായും ഈ വചനഭാഗത്തെ ബന്ധിപ്പിക്കുന്നു.

**8:5-6,** ആദ്യദർശനത്തിൽ അസൂയാവിഗ്രഹമാണ് കാണപ്പെടുന്നത്. ആകാശരാജ്ഞിയായി കരുതപ്പെട്ടിരുന്ന അഷേരാദേവിയുടെ വിഗ്രഹമാണ് അസൂയാ വിഗ്രഹം എന്ന് അറിയപ്പെട്ടിരുന്നത്. ഈ കാനാന്യദേവത ഇസ്രായേൽക്കാരെ ഏറെ ആകർഷിച്ചിരുന്നു (1 രാജാ 15:13; 18:19). മനാസ്സെ രാജാവ് ഈ ദേവതയുടെ കൊത്തുവിഗ്രഹം ദേവാലയത്തിൽ പ്രതിഷ്ഠിച്ചിരുന്നു (2 രാജാ 21:7). എന്നാൽ ജോസിയായുടെ മതനവീകരണകാലത്ത് ഈ വിഗ്രഹം നീക്കം ചെയ്യപ്പെട്ടു (2 രാജാ 23:6). എസെക്കിയേലിന്റെ കാലത്ത് ദേവാലയത്തിൽ ഈ വിഗ്രഹം നിലനിന്നിരുന്നോ എന്നത് സംശയാസ്പദമാണ്. ജോസിയായുടെ കാലശേഷം ഈ വിഗ്രഹം പുന:സ്ഥാപിക്കപ്പെട്ടിരിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല.

**8:7-13,** ദേവാലയത്തിന്റെ വടക്കേകവാടത്തിലെ ദ്വാരത്തിലൂടെയുള്ള (ഹീബ്രുവിൽ "ഹോർ") ദർശനമാണ് രണ്ടാമതായി ലഭിക്കുന്നത്. ഭിത്തിയിൽ "ദ്വാരം" കണ്ടപ്പോൾ തുരക്കാൻ ദൈവം ആവശ്യപ്പെടുന്നത് (വാ. 8) വിചിത്രമായി തോന്നാം. "ഭിത്തിയിലെ ദ്വാരം" എന്നത് ഭിത്തിയിൽ സാധനങ്ങൾ സൂക്ഷിക്കാൻ നിർമ്മിച്ച അറയെ ആയിരിക്കാം സൂചിപ്പിക്കുന്നത് (1 സാമു 14:11; ജോബ് 30:6). ഈ അറ തുരന്ന് ദ്വാരം നിർമ്മിക്കുന്നത് ക്ഷിപ്രസാധ്യമാണ്; കാരണം ഈ ഭാഗത്ത് ഭിത്തിക്ക് കട്ടികുറവാണ്.

വാതിലിനുള്ളിൽ കാണപ്പെടുന്നത് ജനനേതാക്കളുടെ മ്ലേച്ഛതകളാണ്. മുറിയുടെ ചുവരുകളിലാകെ അശുദ്ധ മൃഗങ്ങളുടെയും (= ബെഹേമാഷെക്കെസ്) ഇഴജന്തുക്കളുടെയും (= റേമെസ്) ചിത്രങ്ങൾ വരച്ചുവച്ചിരുന്നു (വാ. 10). ഈജിപ്തിലെ ശവകുടീരങ്ങളുടെ ഭിത്തികൾ ഇപ്രകാരം അലങ്കരിക്കുക പതിവായിരുന്നു. ബാബിലോണിലെ പ്രസിദ്ധമായ ഇഷ്താർ കവാടവും മേൽപറഞ്ഞരീതിയിലുള്ള ചിത്രീകരണങ്ങൾക്കു





പ്രസിദ്ധമായിരുന്നു. വിജാതീയരുടെ ആരാധനാ രീതികൾ ഇസ്രായേലിലെ ശ്രേഷ്ഠന്മാർ അനുവർത്തിച്ചു എന്നതിനാണ് ഗ്രന്ഥകാരൻ ഊന്നൽ നൽകുന്നത്. വിശുദ്ധിയുടെ അതിവിശുദ്ധസ്ഥലത്തെ ധൂപാർച്ചനയ്ക്കു സമാനമായ (ലേവ്യ 16:12-13) ധൂപാർച്ചനയാണ് ശ്രേഷ്ഠന്മാർ നടത്തുന്നത്. വിഗ്രഹധൂപാർച്ചനയെ പ്രവാചകന്മാർ നിശിതമായി വിമർശിച്ചിരുന്നു (ഏശ 65:3; ജറെ 19:4,13). ശ്രേഷ്ഠരോടൊത്തുള്ള യസാനിയാ ഷാഫാന്റെ പുത്രനാണ്. ജോസിയായുടെ മതനവീകരണകാലത്തെ പ്രമുഖ സഹായിയായിരുന്നു ഷാഫാൻ (2 രാജാ 22). മതനവീകരണം കാര്യമായ ഫലം ഉളവാക്കിയില്ല എന്ന എസെക്കിയേലിന്റെ വിമർശനമായി ഈ പരാമർശത്തെ കാണാം. ദൈവം ഒന്നും കാണുന്നില്ല, അറിയുന്നില്ല എന്ന പരാമർശമാകട്ടെ ശ്രേഷ്ഠന്മാരുടെ ധാർഷ്ട്യഭാവത്തെയാണ് വ്യക്തമാക്കുന്നത് (വാ. 12-13).

**8:14-15,** തമ്മൂസിനെ ഓർത്തുകരയുന്ന സ്ത്രീകളുടെ ദർശനമാണ് മൂന്നാമത്തെ മ്ലേച്ഛതയായി പ്രവാചകനു മുന്നിൽ കാണപ്പെട്ടത് (വാ. 14-15). തമ്മൂസ് ദേവനെക്കുറിച്ചുള്ള ബൈബിളിലെ ഏക പരാമർശമാണിത്. സുമേറിയൻ ഇടയരാജാക്കന്മാരിലൊരാളും 36000 വർഷം ഭരണം നടത്തുന്ന ദേവനുമായിട്ടാണ് "ദുമുസി" എന്ന അപരനാമമുള്ള തമ്മൂസ് അറിയപ്പെടുന്നത്. പുഷ്കലദേവതയായ ഇനാന്നാ ദേവിയുടെ ഭർത്താവായിട്ടാണ് തമ്മൂസ് കരുതപ്പെടുന്നത്. സുമേറിയൻ പഞ്ചാംഗത്തിലെ നാലാംമാസം തമ്മൂസിന്റെ പേരിലാണ് അറിയപ്പെടുന്നത്. തമ്മൂസ് പാതാളത്തിലേക്ക് ഇറങ്ങിപ്പോയ മാസത്തെ അനുസ്മരിച്ചുകൊണ്ടാണിത്. വിലാപാവസരങ്ങളിൽ തമ്മൂസിനെ വിളിച്ചുകരയുന്ന വിജാതീയ പാരമ്പര്യം ഇസ്രായേലിലെ സ്ത്രീകളും അനുവർത്തിക്കുന്നു എന്നത് വിഗ്രഹാരാധനയുടെ ഭാഗമായിട്ടാണ് ഗ്രന്ഥകാരൻ കരുതുന്നത്.

**8:16-18,** നാലാമത്തെ മ്ലേച്ഛതയുടെ ദർശനം ദേവാലയത്തിന്റെ പൂമുഖത്തിനും ബലിപീഠത്തിനും മധ്യേയാണ് അരങ്ങേറുന്നത്. ഉപവാസദിനങ്ങളിൽ പുരോഹിതർ നിലയുറപ്പിക്കേണ്ട സ്ഥലത്ത് (ജോയേൽ 2:17) ഇരുപത്തിനാലു ശ്രേഷ്ഠന്മാർ നിരന്നുനിന്ന് സൂര്യനമസ്കാരം നടത്തുന്നതാണ് പ്രവാചകൻ കാണുന്ന ദൃശ്യം. സൂര്യദേവനായ ഷാമാഷിനുള്ള ആരാധനയാണിത്. സൂര്യാരാധന നിയമഗ്രന്ഥം കർക്കശമായി വിലക്കിയിരുന്നതാണ് (നിയ 4:19; 17:2-5). മനാസ്സേ സൂര്യദേവനു ബലിപീഠം പണിതതായി 2 രാജാ 21:5 ൽ കാണാം. ജോസിയ ഇതു നശിപ്പിച്ചു (2 രാജാ 23:11-12).

ഇസ്രായേലിന്റെ മ്ലേച്ഛതകളെ സൂചിപ്പിക്കാൻ ഹാമാസ് എന്ന ഹീബ്രുപദമാണ് ഉപയോഗിക്കുന്നത് (വാ. 17). നോഹയുടെ കാലത്തെ അതിക്രമങ്ങളെ സൂചിപ്പിക്കാനും ഇതേപദം തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. നോഹയുടെ കാലത്തെന്നതുപോലെ വലിയൊരു നാശമാണ് ജറുസലേമിനെ കാത്തിരിക്കുന്നത് എന്ന് സാമാന പദപ്രയോഗത്തിലൂടെ ഗ്രന്ഥകാരൻ സൂചന തരുന്നു. മ്ലേച്ഛതകളുടെ കാഠിന്യം മൂലം മുൻദർശനങ്ങളിലേതിനു സമാനമായി (5:11; 7:4) യാതൊരുവിധ കരുണയും ദൈവത്തിൽനിന്നു പ്രതീക്ഷിക്കേണ്ടതില്ല എന്ന മുന്നറിയിപ്പോടെയാണ് (വാ. 18) ഈ ദർശന വിവരണം സമാപിക്കുന്നത്.

# എസെക്കിയേൽ 9:1–11, അതിക്രമങ്ങൾക്കു ശിക്ഷ

ജറുസലേമിൽ നടമാടിയ മ്ലേച്ഛതകൾക്കു തക്കശിക്ഷനൽകാൻ ദൈവം സംഹാര ദൂതരെ വിളിക്കുന്ന ദർശനമാണ് 9:1–11 ന്റെ ഇതിവൃത്തം. ഈ വിവരണത്തിന്റെ ഘടന ചുവടെ ചേർക്കുന്നു:

A ആമുഖം: രംഗസജ്ജീകരണം (വാ. 1–2)

B ശിക്ഷയുടെ ഒന്നാംഘട്ടം: ശിക്ഷാവിധിക്കുള്ള നിർദ്ദേശങ്ങൾ (വാ. 3–5)

C ശിക്ഷയുടെ രണ്ടാംഘട്ടം: പരിണിതഫലങ്ങളും തുടർനിർദ്ദേശങ്ങളും (വാ. 6–7)

D ശിക്ഷയുടെ മൂന്നാംഘട്ടം: മാധ്യസ്ഥ്യവും പ്രതികരണവും (വാ. 8–10)

E ശിക്ഷയുടെ നാലാംഘട്ടം: എഴുത്തുകാരന്റെ പ്രതികരണം (വാ. 11)

**9:1–2,** ശിക്ഷാവിധി നടപ്പിലാക്കാൻ ദൈവം വിളിച്ചുവരുത്തിയവരിൽ ചണവസ്ത്രധാരിയിലേക്കാണ് വിവരണകർത്താവ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് (വാ. 2). അവന്റെ വസ്ത്രങ്ങൾ പുരോഹിതസമാനവും കൈകളിൽ എഴുത്തു സാമഗ്രികളുമുണ്ടായിരുന്നു. 1 രാജാ 8:64 ൽ വിവരിക്കുന്ന സോളമൻ നിർമ്മിച്ച ഓടുകൊണ്ടുള്ള ബലിപീഠത്തിനു സമീപമാണ് അവൻ നിലയുറപ്പിച്ചത്. ആഹാസിന്റെ കാലത്ത് ഈ ബലിപീഠം വടക്കുകിഴക്കേ പൂമുഖത്തേക്കു മാറ്റിയിരുന്നു (2 രാജാ 16:14).

**9:3–5,** "കർത്താവിന്റെ മഹത്വം കെരൂബുകളിൽ നിന്നുയർന്നു" എന്ന പരാമർശം ഏറെ ശ്രദ്ധാർഹമാണ്. സോളമന്റെ ദേവാലയത്തിൽ ദൈവമഹത്വം വസിക്കുന്നതായി വിശ്വസിച്ചിരുന്നത് ശ്രീകോവിലിലെ കെരൂബുകൾക്കുമേലായിരുന്നു. ചിറകുകൾകൊണ്ട് വാഗ്ദാനപേടകം മറച്ചിരുന്ന ഈ കെരൂബുകൾ ദൈവസാന്നിധ്യത്തിന്റെ അടയാളമായിരുന്നു (1 രാജാ 6:23–28; 8:1–12). കെരൂബുകളുടെ ജോടിയെ ഒരു ഏകകമായി കരുതുന്നതിനാലാകാം എസെക്കിയേൽ കെരൂബ് എന്ന ഏകവചനരൂപം ഉപയോഗിക്കുന്നത് (പി.ഓ.സി. ബൈബിൾ ബഹുവചനമായിട്ടാണ് വിവർത്ത നം ചെയ്തിരിക്കുന്നത്!). ദൈവമഹത്വം വിശുദ്ധിയുടെ അതിവിശുദ്ധസ്ഥലത്തുനിന്നും വിട്ടുപോകുന്നു എന്ന സൂചന ജറുസലേമിലെ ദൈവഭരണം അവസാനിക്കുന്നു എന്നതിന്റെ സൂചനയാണ്.

ചണവസ്ത്രധാരിയോട് ജറുസലേം നഗരവീഥിയിലൂടെ സഞ്ചരിച്ച് ദൈവികനിയമങ്ങളെ സ്നേഹിക്കുന്നവരുടെമേൽ മുദ്ര (ഹീബ്രുവിൽ താവ് അടയാളം: ഹീബ്രുവിലെ അവസാന അക്ഷരമായ താവ് പഴയ കാനാൻ ലിപിയിൽ X ആകൃതിയിലാണ് എഴുതിയിരുന്നത്) പതിക്കാൻ ആവശ്യപ്പെടുന്നു (വാ. 4). ദൈവവിശ്വാസികൾ ജറുസലേമിൽ ഇനിയും അവശേഷിക്കുന്നതായും അവർ ദൈവത്താൽ സംരക്ഷിക്കപ്പെടുമെന്നുമുള്ള സൂചന എസെക്കിയേൽ ആദ്യമായി നൽകുന്നത് ഇവിടെയാണ്. നീതിമാനെ അന്വേഷിച്ചു തെരുവിൽ അലയുന്ന ജറെമിയായെ (ജറെ 5:1–3) അനുസ്മരിപ്പിക്കുന്നതാണ് ഈ വിവരണം.





**9:6–7,** സംഹാരം ആരംഭിക്കാനുള്ള കല്പനയാണ് ദൈവം തുടർന്നു നൽകുന്നത്. ചണവസ്ത്രധാരി അടയാളം പതിക്കാത്തവരെല്ലാം വധിക്കപ്പെടും. സംഹാരം ആരംഭിക്കേണ്ടത് ദേവാലയത്തിലെ അതിവിശുദ്ധസ്ഥലത്തു തന്നെയായിരിക്കണം (വാ. 6) എന്ന കല്പന ദേവാലയം ഇനിമേൽ യഹൂദരുടെ അഭയസ്ഥാനം അല്ലാതായിരിക്കുന്നു എന്ന മുന്നറിയിപ്പാണ് നല്കുന്നത്. ഈജിപ്തിൽ അടയാളം പതിച്ച ഭവനങ്ങളെ സംഹാരദൂതൻ സംരക്ഷിച്ചതുപോലെ ഇവിടെയും അടയാളം പതിച്ചവർ സംരക്ഷിക്കപ്പെടും. അടയാളം പതിക്കപ്പെടാത്ത യഹൂദരാകട്ടെ ഈജിപ്തിലെ അധർമ്മികൾക്കു തുല്യം സംഹരിക്കപ്പെടുകയും ചെയ്യും എന്നത് കാവ്യനീതിയായി കരുതേണ്ടിവരും.

**9:8–10,** സംഹാരത്തിന്റെ ഭീകരതയിൽ അസ്വസ്ഥനാകുന്ന പ്രവാചകനെയാണ് ശിക്ഷയുടെ ഈ മൂന്നാംഘട്ടത്തിൽ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. 4:14 നു ശേഷം പ്രവാചകൻ ആദ്യമായി സംസാരിക്കുന്നു എന്ന പ്രത്യേകതയും ഈ വചനഭാഗത്തിനുണ്ട്. 4:14 ൽ താൻ അശുദ്ധമാംസം ഭക്ഷിക്കില്ല എന്നാണ് പ്രവാചകൻ പറയുന്നതെങ്കിൽ 9:8 ൽ പരമ്പരാഗത പ്രവാചകരെപ്പോലെ എസെക്കിയേൽ ദൈവജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിക്കുകയാണ്. മോശ (സംഖ്യ 14:13–19), ആമോസ് (7:2,5) തുടങ്ങിയ മുൻഗാമികളുടെ മാതൃകയാണ് ഇവിടെ എസെക്കിയേലും അനുവർത്തിക്കുന്നത്. എന്നാൽ, യൂദായുടെ അതിക്രമങ്ങളുടെ ആധിക്യം ദൈവകാരുണ്യം അസാധ്യമാക്കി മാറ്റിയതായി, മുൻ ദർശനങ്ങളിലെന്നതുപോലെ (7:4, 8–9,27; 8:18; 9:5), ഇവിടെയും പ്രഖ്യാപിക്കപ്പെടുന്നു.

**9:11,** ചണവസ്ത്രധാരി ദൈവനിയമങ്ങളോടു വിശ്വസ്തത പുലർത്തുന്നവരെ അടയാളപ്പെടുത്തി തിരിച്ചുവരുന്നതായി സൂചിപ്പിക്കുന്നുണ്ടെങ്കിലും (വാ. 11) എത്രപേർ ശിക്ഷാവിധിയിൽനിന്നും രക്ഷപ്രാപിച്ചു എന്നതിനെക്കുറിച്ചുള്ള സൂചനകളൊന്നും നൽകുന്നില്ല.

# എസെക്കിയേൽ 10:1–22, ദൈവമഹത്വം ജറുസലേം വിട്ടുപോകുന്നു

കർത്താവിന്റെ മഹത്വം ദേവാലയം വിട്ടുപോകുന്നതിന്റെ ദർശനമാണ് 10:1–22 ൽ വിവരിക്കുന്നത്. "ഞാൻ നോക്കി" (ഹീബ്രുവിൽ "വയ്യാറെഹ് വെഹിന്നെഹ്") എന്ന ശൈലി 1,9 വാക്യങ്ങളിൽ ആവർത്തിച്ചിരിക്കുന്നതിനെ ആധാരമാക്കി ഈ ദർശനത്തെ പ്രധാനമായും താഴെ ചേർക്കുന്ന ഘടനയിൽ മനസ്സിലാക്കാം.

**ഭാഗം I : കെരൂബുകളും ചണവസ്ത്രധാരിയും (വാ. 1–8)**

A: പശ്ചാത്തല വിവരണം: കെരൂബുകളും ചണവസ്ത്രധാരിയും (വാ. 1–2)

B: ദൈവമഹത്വം ദേവാലയം വിടുന്നു (വാ. 3–5)

C: നഗരത്തിനുമേൽ തീക്കനൽ വിതറാൻ കല്പന (വാ. 6-8)

**ഭാഗം II: ചക്രങ്ങളും ദൈവമഹത്വത്തിന്റെ വിടവാങ്ങലും (വാ. 9-22)**

A: ചക്രങ്ങളുടെ വിവരണം (വാ. 9-14)

B: ദൈവമഹത്വം വിടവാങ്ങുന്നു (വാ. 15-19)

C: ഒന്ന്, പത്ത് അധ്യായങ്ങളിലെ ദർശനങ്ങളുടെ സമാനതകൾ (വാ. 20-22)

ദേവാലയത്തിന്റെ പൂമുഖംവരെ ഇറങ്ങിവന്നതായി 9:3 ൽ രേഖപ്പെടുത്തിയ ദൈവമഹത്വം കിഴക്കേകവാടംവരെ എത്തുന്നതായി ഈ അധ്യായത്തിൽ വിവരിക്കുന്നു. 8-9 അധ്യായങ്ങളുമായും പ്രാരംഭദർശനവുമായും (എസെ 1-2) ഉള്ള സാമ്യം നിമിത്തം 10-ാം അധ്യായത്തെ പിൽക്കാല സംശോധകൻ കൂട്ടിച്ചേർത്തതാണെന്ന വാദം വളരെ ശക്തമാണ് (W. Zimmerli, Ezekiel, Hermeneia, P. 232). എന്നാൽ പാഠസങ്കീർണ്ണതകളെ 'പിൽക്കാല സംശോധനയുടെ ഫലം' എന്ന ന്യായത്തിൽ നിസ്സാരവൽക്കരിക്കുന്നതിൽ അർത്ഥമില്ല. ആഖ്യാനങ്ങളിലെ ആവർത്തനങ്ങൾ ഗ്രന്ഥകാരന്റെ ശൈലിയുടെ ഭാഗമായി ഗ്രഹിക്കുമ്പോൾ പത്താം അധ്യായം മൂലകൃതിയുടെ അവിഭാജ്യഭാഗമായിരുന്നുഎന്ന് അനുമാനിക്കാം. 8-9 അധ്യായങ്ങളുടെ തുടർച്ചയായിട്ടാണ്, ആവർത്തനമായിട്ടല്ല, 10-ാം അധ്യായം മനസ്സിലാക്കേണ്ടത്: ചില വ്യത്യാസങ്ങൾ ശ്രദ്ധേയമാണ്.

ഒന്നാമതായി, 9:3 ലെ കെരൂബുകളിൽനിന്ന് അകന്നുപോകുന്ന ദൈവമഹത്വത്തെക്കുറിച്ചു വിവരിക്കുമ്പോൾ 10:1 ൽ ദൈവമഹത്വം കെരൂബുകൾക്കുമേലാണ് സഞ്ചരിക്കുന്നത്. രണ്ടാമതായി, ചണവസ്ത്രധാരിയുടെ ദൗത്യങ്ങൾ 9,10 അധ്യായങ്ങളിൽ വ്യത്യസ്തമാണ്. 9-ാം അധ്യായത്തിൽ രക്ഷാകരദൗത്യം നിർവ്വഹിക്കുന്ന ചണവസ്ത്രധാരി 10-ാം അധ്യായത്തിൽ ശിക്ഷാവിധിയാണ് നടപ്പിലാക്കുന്നത്. (തീക്കനൽ "വിതറുക" എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത് "സാറാഖ്" എന്ന ക്രിയയാണ്. ഈ ക്രിയ ബലിപീഠത്തിൽ രക്തം വീഴ്ത്തുന്നതിനെയാണ് സാധാരണഗതിയിൽ സൂചിപ്പിക്കുന്നത് (ലേവ്യ 3:2,8,13). ശിക്ഷാവിധിയെ ബലിയർപ്പണവുമായിട്ടാണ് ഇവിടെ താരതമ്യം ചെയ്തിരിക്കുന്നത്). മൂന്നാമതായി, ദൈവമഹത്വം 9:3 ൽ ദേവാലയത്തിന്റെ പൂമുഖം വരെ മാത്രമേ എത്തുന്നുള്ളൂവെങ്കിൽ 10-ാം അധ്യായത്തിൽ അത് നഗരകവാടം വിട്ടുപോകുന്നതായി ചിത്രീകരിക്കുന്നു. 10:1-22 ലെ വിവരണം കേവലം ആവർത്തനമല്ല എന്ന് ഇതിൽ നിന്നും ഗ്രഹിക്കാം.

ദൈവമഹത്വവുമായി ബന്ധപ്പെടുത്തി മേഘത്തെ അവതരിപ്പിക്കുന്നത് (വാ. 3) പുറ 16:10-12; 40:34; സംഖ്യ 16:42 എന്നീ വചനങ്ങളുടെ പശ്ചാത്തലത്തിലാണ്. വാഗ്ദാനപേടകം പ്രതിഷ്ഠിച്ചപ്പോൾ ദേവാലയത്തെ ആവരണം ചെയ്തമേഘം (1 രാജാ 8:10-11) ദൈവസാന്നിധ്യത്തോടൊപ്പം മറയുന്നു എന്നത് യുക്തിസഹമാണ്.

കെരൂബുകളുടെ വിവരണത്തിൽനിന്നും ദൈവിക രഥത്തിലേക്കുള്ള (വാ. 9-19) ആഖ്യാനവ്യതിയാനവും ശ്രദ്ധേയമാണ്. കെരൂബുകൾ ദൈവ





സാന്നിദ്ധ്യത്തിന്റെ പ്രതീകങ്ങൾ മാത്രമായിരുന്നു. പ്രതീകങ്ങളിലെ സാന്നിദ്ധ്യം അവസാനിക്കുന്നതോടെ ദൈവമഹത്വത്തിന്റെ യഥാർത്ഥ രഥസിംഹാസനം പ്രത്യക്ഷപ്പെടുകയാണ് എന്ന വ്യാഖ്യാനം (D.I Block, Ezekiel, NICOT, p.315) തികച്ചും അർത്ഥവത്താണ്. കെരൂബുകളും രഥവും തമ്മിലുള്ള താദാത്മീകരണം വിവരിക്കാൻ ഗ്രന്ഥകാരൻ സുദീർഘമായി ശ്രമിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

കെരൂബുകളിൽനിന്നും തീക്കനൽ ലഭിച്ച ചണവസ്ത്രധാരി തുടർന്ന് എന്തു ചെയ്തു എന്ന് ഗ്രന്ഥകാരൻ വിവരിക്കുന്നില്ല. 9-ാം അധ്യായത്തിലും തെരുവീഥിയിലെ ദൗത്യനിർവ്വഹണത്തിൽ ഗ്രന്ഥകർത്താവ് ചണവസ്ത്രധാരിയെ അനുധാവനം ചെയ്തിരുന്നില്ല. ഗ്രന്ഥകർത്താവിന്റെ മുഴുവൻ ശ്രദ്ധയും ദൈവമഹത്വം വിടവാങ്ങുന്നതിലാണ്. ദൈവമഹത്വം വിടവാങ്ങുന്നു എന്നതിനേക്കാൾ വലിയൊരു ശിക്ഷ ഇസ്രായേലിനു ലഭിക്കാനില്ല എന്ന് ഗ്രന്ഥകാരൻ ചിന്തിക്കുന്നതിനാലാവാം മറ്റു ശിക്ഷാവിധികളെല്ലാം ഈ വിവരണത്തിൽ അപ്രസക്തമായിരിക്കുന്നത്.

രണ്ടാംഭാഗം (വാ. 9-22) ഒന്നാം അധ്യായത്തിന്റെ ആവർത്തനമാണെങ്കിലും ഒന്നാം അധ്യായത്തിലെ വ്യാകരണസങ്കീർണ്ണതകളോ ആഖ്യാനഭംഗങ്ങളോ ഇവിടെയില്ല എന്നത് ശ്രദ്ധാർഹമാണ്. ഒന്നാം അധ്യായത്തിലെ ദർശനത്തിൽനിന്നും 10:9-22നുള്ള വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു: (1) ഒന്നാം അധ്യായത്തിലെ അവ്യക്ത "ജീവികൾ" ഇവിടെ കെരൂബുകളായി അവതരിപ്പിക്കപ്പെടുന്നു. (2) ചക്രങ്ങളിലെ കണ്ണുകൾ (1:18) ക്കൊപ്പം കെരൂബുകളുടെ ശരീരമാസകലമുള്ള കണ്ണുകളെക്കുറിച്ച് 10:18 ൽ പരാമർശിക്കുന്നു. (3) കാളയുടെ മുഖത്തിനു (1:10) പകരം 10:14 ൽ കെരൂബിന്റെ മുഖമാണ് ദർശിക്കുന്നത്. (4) ഒന്നാം അധ്യായത്തിലെ രഥചക്രങ്ങൾക്കുപകരം 10:13 ൽ "ചുഴലിചക്രം" എന്നാണ് ഉപയോഗിക്കുന്നത്. ചക്രങ്ങളുടെ പ്രയാണഗതിയിലും ഇരുവിവരണങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. (കൂടുതൽ വിശദാംശങ്ങൾക്ക് 1:1-28 ന്റെ വ്യാഖ്യാനം കാണുക).

കെരൂബുകളുടെ ചിറകിലേറി ദൈവമഹത്വം ജറുസലേം വിട്ടുപോകുന്ന ഹൃദയഹാരിയായ ദർശനത്തോടെയാണ് വിവരണം സമാപിക്കുന്നത്.

## എസെക്കിയേൽ 11:1-25, ശിക്ഷയും വാഗ്ദാനവും

രണ്ടാം ദർശനത്തിന്റെ (8:1-10:22) സമാപനമായി 11:1-25 നെ മനസ്സിലാക്കാനാവും. എന്നാൽ, 11:1 പുതിയൊരു ദർശനത്തിന്റെ സൂചനയോടെയാണ് ആരംഭിക്കുന്നത് എന്നതും 10:22 ലെ വിവരണം 11:22 ൽ തുടരുന്നതിനാൽ 11:1-21 ആഖ്യാനഭംഗം സൃഷ്ടിക്കുന്നു എന്നതും കണക്കിലെടുത്ത് 11:1-21 നെ പിൽക്കാല സംശോധകന്റെ കൂട്ടിച്ചേർക്കലായി വ്യഖ്യാനിക്കുന്നവരുണ്ട്. എന്നാൽ, ഈ വാദഗതി ശരിയല്ല. 11-ാം അധ്യായത്തിന് തനതായൊരു ദൗത്യം ഗ്രന്ഥഘടനയിലുണ്ടെന്നത് ചുവടെ നൽകുന്ന ഘടനാപഗ്രഥനത്തിൽ നിന്നും വ്യക്തമാണ്:

**ഭാഗം I : ജനനേതാക്കൾക്കു ശിക്ഷാവിധി (വാ. 1-13)**

A ആമുഖം: സ്ഥലം, ദർശനരീതി (വാ.1)

B ശിക്ഷാകാരണം: തെറ്റായ ഉപദേശം (വാ. 2-3)

C ശിക്ഷാവിധി: മൂന്നുഘട്ടമായുള്ള പ്രവചനങ്ങൾ (വാ. 4-13)

**ഭാഗം II : പ്രവാസികൾക്കു പ്രത്യാശ (വാ. 14-21)**

A ആമുഖം: പ്രവാചകന്റെ ആമുഖ വചനം (വാ.14)

B പ്രത്യാശയുടെ കാരണം: ദൈവത്തിന്റെ വാഗ്ദാനം (വാ. 15-17)

C പ്രത്യാശയുടെ പ്രവചനം: അവർ തിരിച്ചുവരും (വാ. 18-21)

**ഭാഗം III: ദൈവമഹത്വം വിടവാങ്ങുന്നു (വാ. 22-25)**

A ആമുഖം: ദൈവമഹത്വം ഉയരുന്നു (വാ. 22)

B ശിക്ഷ: ദൈവമഹത്വം വിടവാങ്ങുന്നു (വാ. 23)

C ദൗത്യം: പ്രവാചകൻ ദർശനങ്ങൾ പ്രവാസികൾക്കു വ്യാഖ്യാനിച്ചു നൽകുന്നു (വാ. 24-25).

**11:1-13, നേതാക്കൾക്കു ശിക്ഷ:** ജനത്തെ മ്ലേച്ഛതകളിലേക്കു നയിച്ചതിനുള്ള ശിക്ഷ ജനനേതാക്കൾക്കു ലഭിക്കുന്നതിന്റെ വിവരണമാണ് 11:1-13 ലെ പ്രതിപാദ്യം. നേതാക്കളായ ഇരുപത്തിയഞ്ചുപേരിൽ രണ്ടുപേരെയെങ്കിലും എസെക്കിയേലിനു തിരിച്ചറിയാനും പേരുവിളിക്കാനും കഴിയുന്നു എന്നത് (വാ. 2) ഈ ദർശനം കേവലം സാങ്കല്പികമല്ല എന്നതിന്റെ സൂചനയായി കരുതാം. പൊതുജനധാരണയെ പ്രവാചകൻ തിരുത്തുന്ന പരമ്പരാഗത പ്രവചനശൈലിയിലാണ് ഈ വിവരണം ക്രമീകരിച്ചിരിക്കുന്നത്. 8:12; 12:22,27; 18:2,19,25 എന്നീ വചനങ്ങളിലും സമാനമായ ശൈലി കാണാനാകും.

നേതാക്കളുടെ കുറ്റമായി ആരോപിക്കപ്പെടുന്നത് "വീടുപണിയാൻ സമയമായില്ല" എന്ന് അവർ പറഞ്ഞതാണ് (വാ. 3).വീടുപണിയുക എന്നതിന് കുടുംബം സ്ഥാപിക്കുക എന്ന അർത്ഥമാണുള്ളത് (നിയ 25:9; റൂത്ത് 4:11; സുഭാ 24:27). എന്നാൽ ഇവിടെ ഗ്രന്ഥകാരന്റെ അർത്ഥകല്പന വ്യക്തമല്ല. പ്രവാസം ജറുസലേമിലെ ജീവിതത്തേക്കാൾ മെച്ചമാണെന്ന് നേതാക്കൾ കരുതിയതോ സകല സമ്പത്തും ജറുസലേമിന്റെ സുരക്ഷയ്ക്ക് ആവശ്യമായതിനാൽ ഭവനനിർമ്മാണം തടഞ്ഞതോ ആകാം കാരണം. ഇവ രണ്ടും ദൈവപരിപാലനയിലുള്ള അവിശ്വാസത്തെയാണ് സൂചിപ്പിക്കുന്നത്. നഗരം മാംസകുട്ടകമായി എന്ന പ്രതീകവൽക്കരണം ജറുസലേമിൽ നടന്ന നരനായാട്ടിനെക്കുറിച്ചുള്ള സൂചനയാണ്. സമാനമായ ശൈലി മിക്ക 3:1-3 ലും ദൃശ്യമാണ്.

അതിർത്തികളിൽ വച്ച് വിധിക്കും (വാ. 10) എന്ന പ്രഖ്യാപനം 6:14 നെ അനുസ്മരിപ്പിക്കുന്നു. അതിർത്തി നഗരമായ റിബ്ളായിൽ വച്ച് നബുക്കദ്നാസർ യൂദാരാജാവായ സെദെക്കിയായെയും ഇതര നേതാക്കളെയും വധിച്ചതിനെയാണ് ഈ വാക്യം സൂചിപ്പിക്കുന്നത് എന്നു കരുതാം (2 രാജാ 25:5-7, 18-21). നഗരത്തെ കുട്ടകവും നഗരവാസികളെ മാംസവുമായി കരുതിയ നേതൃത്വത്തെ (വാ. 3) ദൈവം നേരിട്ടു തിരുത്തുന്നതാണ് 11-ാം വാക്യത്തിന്റെ പൊരുൾ.





പെലാത്തിയായുടെ മരണത്തെക്കുറിച്ചുള്ള സൂചന (വാ. 13) പ്രവാസികളുടെ പ്രത്യാശയിലേക്കുള്ള (വാ. 14-21) വാതായനമായി വർത്തിക്കുന്നു. പെലാത്തിയ എന്ന വാക്കിന് ദൈവം ഒരു വിഭാഗത്തെ രക്ഷിക്കുന്നു എന്നാണ് അർത്ഥം. മടങ്ങിവരവിനെക്കുറിച്ചുള്ള സകല പ്രതീക്ഷയും ജനത്തിനിടയിൽ അസ്തമിച്ചതിന്റെ സൂചനയായി ഈ മരണസൂചനയെ വ്യാഖ്യാനിക്കാം.

**11:14-21, പ്രവാസികൾക്കു പ്രത്യാശ:** കർത്താവിന്റെ നഗരത്തിൽനിന്ന് അകന്നുപോകേണ്ടിവന്നെങ്കിലും കർത്താവ് ജനത്തിൽ നിന്നകന്നുപോയിട്ടില്ല എന്ന വലിയ പ്രത്യാശയുടെ സന്ദേശമാണ് ഈ വചനങ്ങൾ പ്രവാസികൾക്കു നൽകുന്നത്. ദേവാലയം നശിപ്പിക്കപ്പെട്ടെങ്കിലും വിജാതീയരുടെ നാട്ടിൽ ദൈവംതന്നെ അവർക്കു ദേവാലയമായി നേരിട്ടു സംലഭ്യനാകുന്നു എന്ന സന്ദേശം (വാ. 16) പ്രവാസികളുടെ ഹൃദയത്തിൽ കുളിർമഴ പെയ്യിക്കുന്ന സന്ദേശമാണ്. ദൈവമഹത്വം ജറുസലേം വിട്ടുപോകുന്നത് ചിതറിക്കപ്പെട്ട ഇസ്രായേൽ മക്കളുടെ അടുത്തേക്കാണ് എന്ന് പ്രവാചകൻ ഭംഗ്യന്തരേണ പറഞ്ഞുവയ്ക്കുകയാണ്. പ്രവാസികളോടൊത്തുള്ള ദൈവത്തിന്റെ താല്കാലിക വാസത്തെ (= മീഖ്ദാസ് മെയാത്ത്) ക്കുറിച്ചുള്ള എസെക്കിയേലിന്റെ സൂചന ദൈവശാസ്ത്രപരമായി ഏറെ സമ്പന്നമാണ്.

തങ്ങളുടെ തെറ്റുമനസ്സിലാക്കി സ്വയം തിരുത്തി ദൈവത്തിലേക്കു തിരിച്ചുവരുന്ന ജനത്തിന് സ്വദേശത്തേക്കു തിരിച്ചുവരാനാകുമെന്ന് പ്രവാചകൻ ഉറപ്പുനൽകുകയാണ് (വാ. 17). ദൈവം നൽകുന്ന പുതിയ ഹൃദയവും പുതുചൈതന്യവും ദൈവജനത്തിന്റെ സമ്പൂർണ്ണ മാനസാന്തരത്തെയാണ് സൂചിപ്പിക്കുന്നത് (വാ. 19). ജറെ 24:7; 32:39; എസെ 36;24-27; സങ്കീ 12:2 എന്നീ വചനഭാഗങ്ങളിലും ആവർത്തിക്കപ്പെടുന്ന ആശയമാണിത്. "അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവും" (വാ. 20) എന്നത് ഉടമ്പടി വാക്യത്തെ അനുസ്മരിപ്പിക്കുന്നു (ലേവ്യ 26:12).

സമ്പൂർണ്ണ നാശത്തെക്കുറിച്ചുള്ള പ്രവചനങ്ങൾക്കിടയിൽ ഇത്രമേൽ ഭാവാത്മകമായ ഒരു സന്ദേശത്തിന്റെ പ്രസക്തിയെന്ത്? എന്നു ചിന്തിക്കുന്ന വ്യാഖ്യാതാക്കളുണ്ട്. ബി.സി. 587 നു മുമ്പുള്ള കാലത്ത് വിനാശത്തിന്റെ സന്ദേശത്തിന് അർത്ഥമുണ്ട്. പ്രസ്തുത കാലഘട്ടത്തിൽ പ്രത്യാശയ്ക്കു പ്രസക്തിയുമില്ല. എന്നാൽ പ്രവാസത്തിന്റെ ദുരിത പർവ്വങ്ങളിൽ ആശയറ്റ ജനതക്ക് നാശത്തിന്റെ സന്ദേശമല്ല പ്രത്യാശയുടെ സന്ദേശമാണ് ആവശ്യം എന്നു ഗ്രഹിക്കാൻ പ്രയാസമില്ല. എസെക്കിയേൽ അവതരിപ്പിക്കുന്ന വിനാശത്തിന്റെ പ്രവചനങ്ങൾപോലും (1-24 അധ്യായങ്ങൾ) പ്രവാസത്തിലെ ദുരിതങ്ങൾക്കു കാരണം തങ്ങളുടെ മ്ലേച്ഛതകളാണ് എന്നു വിശദീകരിക്കാൻ വേണ്ടിയുള്ളവയാണ്. തന്മൂലം എസെക്കിയേൽ വിനാശത്തിന്റെ പ്രവാചകനായിട്ടല്ല പ്രതീക്ഷയുടെ പ്രവാചകനായിട്ടാണ് പരിഗണിക്കപ്പെടേണ്ടത്.

**11:22-25, ദൈവമഹത്വം ജറുസലേം വിട്ടുപോകുന്നു:** ബാബിലോണിയൻ ഇതിഹാസങ്ങളിലെ "ഏറായുടെ പാട്ട്"എന്ന കൃതിയുടെ ഇതിവൃത്തവും മഹത്വം ജറുസലേം വിട്ടുപോകുന്നതിനെക്കുറിച്ചുള്ള എസെക്കിയേലിന്റെ ദർശനവും തമ്മിലുള്ള പൊരുത്തം പല വ്യാഖ്യാതാക്കളും

ചൂണ്ടിക്കാട്ടിയിട്ടുണ്ട് (Darr, Ezekiel, NIBC, P. 1185). ജനം തന്നെ ആരാധിക്കാത്തതിൽ കുപിതനായി മർദൂക്ക് ദേവൻ ബാബിലോണിലെ ആലയം വിട്ടുപോകുമ്പോൾ നാശത്തിന്റെ ദേവതയായ ഏറാ ബാബിലോൺ നഗരത്തെ തകർക്കുന്ന കഥയാണ് ഏറായുടെ പാട്ട് എന്ന കൃതിയുടെ ഇതിവൃത്തം. സമാനമായ കഥാതന്തുവാണ് എസെക്കിയേലും വികസിപ്പിച്ചെടുക്കുന്നത്.

കർത്താവിന്റെ മഹത്വം കിഴക്കുള്ളമലയിൽ (ഒലിവു മലയാണിത് എന്ന് അനുമാനിക്കാം) ചെന്നു നില്ക്കുന്നതായിട്ടാണ് ദർശനത്തിൽ വെളിപ്പെടുന്നത്. ഈ മലയിൽ ദൈവമഹത്വം സ്ഥിരമായി നിലകൊണ്ടോ എന്നതിനെക്കുറിച്ച് ഗ്രന്ഥകാരൻ യാതൊരു സൂചനയും നൽകുന്നില്ല. റബ്ബി യോഹന്നാന്റെ വ്യാഖ്യാനം ഇവിടെ ശ്രദ്ധേയമാണ്: "മൂന്നര വർഷം കർത്താവിന്റെ മഹത്വം ഒലിവുമലയിൽ വസിച്ചു. പ്രതിദിനം മൂന്നുവട്ടം 'വഴിതെറ്റിയ മക്കളേ തിരിച്ചുവരുവിൻ' (ജറെ 3:22) എന്ന് ദൈവം ആഹ്വാനം ചെയ്തിരുന്നു. ജനം മാനസാന്തരപ്പെടാത്തതിനാൽ മൂന്നര വർഷം കഴിഞ്ഞ് ഇപ്രകാരംഅരുളിചെയ്തുകൊണ്ട് ദൈവമഹത്വവും മറഞ്ഞുപോയി: 'ഞാൻ എന്റെ സ്വർഗ്ഗീയ ഭവനത്തിലേക്കു മടങ്ങുന്നു. അവർ തെറ്റുതിരുത്താനും കഷ്ടതകളിൽ എന്റെ കാരുണ്യം വിളിച്ചപേക്ഷിക്കാനും തയ്യാറാകുന്നതുവരെ ഞാൻ മടങ്ങിവരില്ല' (ഹോസി 5:14)" (Pesikta de Rav Kahana 13.11). ദൈവം നിത്യമായി തന്റെ ജനത്തെ ഉപേക്ഷിച്ചിട്ടില്ല എന്ന സൂചന 10:14-21 ൽ പ്രവാചകൻ വ്യക്തമാക്കിക്കഴിഞ്ഞതിനാൽ 10:22-25-ലെ വിവരണം കേവലം ആഖ്യാന പൂർത്തീകരണത്തിനു വേണ്ടിയുള്ളതാണ് എന്ന് അനുമാനിക്കാം.

ദർശനലോകത്തുനിന്ന് പ്രവാചകൻ യാഥാർത്ഥ്യലോകത്തേക്കു തിരിച്ചു വരികയും അദ്ദേഹം ദർശനങ്ങളെ പ്രബോധവിഷയമാക്കുകയും ചെയ്യുന്നതിനെ പരാമർശിച്ചുകൊണ്ടാണ് (വാ. 25) ഈ വിവരണം സമാപിക്കുന്നത്.

## എസെക്കിയേൽ 12:1-14:11, വ്യാജപ്രവാചകരും യഥാർത്ഥപ്രവാചകരും

എസെക്കിയേലിന്റെ 1-11 അധ്യായങ്ങളിലെ പ്രവചനങ്ങൾ പ്രവാസത്തിന്റെ പശ്ചാത്തലത്തിലായിരുന്നു എങ്കിൽ 12-14 അധ്യായങ്ങളുടെ പ്രമേയം ജറുസലേമിന്റെ പതനത്തിനു മുമ്പുള്ള കാലഘട്ടത്തിലെ സംഭവങ്ങളും പ്രതികരണങ്ങളുമാണ്. ജറുസലേമിന്റെ ആസന്നമായ പതനവും തദനന്തരമുള്ള ദുരിതങ്ങളുമാണ് പ്രവാചകന്റെ പ്രതിപാദ്യവിഷയങ്ങൾ. ഈ ഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുംവിധം മനസ്സിലാക്കാം:

12:1-28, ജറുസലേമിന്റെ നാശം
13:1-23, വ്യാജപ്രവാചകന്മാർക്കു നാശം
14:1-11, ഇസ്രായേലിനുള്ള രക്ഷാമാർഗ്ഗം-സത്യവിശ്വാസം





1-11 അധ്യായങ്ങളുടെ പ്രത്യക്ഷത്തിലുള്ള തുടർച്ചയായി 12-14 അധ്യായങ്ങളെ ഗ്രഹിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും എസെക്കിയേലിന്റെ ആഖ്യാനശൈലിയിലെ കാലഗണനയുടെ വൈചിത്ര്യത്തിന്റെ വെളിച്ചത്തിൽ ന്യായീകരിക്കാനാവാത്ത ആഖ്യാനഭംഗങ്ങളൊന്നും ഈ ഭാഗത്തില്ല.

## എസെക്കിയേൽ 12:1-28, പ്രവാസം: പ്രതീകാത്മക പ്രവൃത്തികളും പ്രവചനവും

ഇസ്രായേലിന്റെ വിമോചനത്തെക്കുറിച്ച് വ്യാജ പ്രതീക്ഷകൾ വച്ചുപുലർത്തുന്നത് നിരർത്ഥകമാണ് എന്ന സത്യം പ്രതീകാത്മക പ്രവൃത്തികളിലൂടെയും പ്രവചനങ്ങളിലൂടെയും അവതരിപ്പിക്കാനാണ് 12:1-28 ൽ പ്രവാചകൻ ശ്രമിക്കുന്നത്. ഈ അധ്യായത്തിന്റെ ഘടന ചുവടെ ചേർക്കുന്നു:

**A രണ്ടു പ്രതീകാത്മക പ്രവൃത്തികൾ (വാ. 1-20)**

1. പ്രവാസത്തിനുള്ള ഭാണ്ഡമെടുത്തുള്ള യാത്ര (വാ. 1-16)
2. വിറച്ചുകൊണ്ടുള്ള ഭോജനം (വാ. 17-20)

**B രണ്ടു പ്രവചനങ്ങൾ (വാ. 21-28)**

1. പ്രവചനങ്ങൾ നിറവേറാൻ കാലദൈർഘ്യമില്ല (വാ. 21-25)
2. നാശം ഉടനില്ല എന്ന വ്യാജപ്രതീക്ഷ വെടിയുക (വാ. 26-28)

ഇസ്രായേൽ ധിക്കാരികളുടെ ഭവനമാണ് എന്ന ആരോപണം ഈ ഗ്രന്ഥത്തിന്റെ ആരംഭം മുതൽ ആവർത്തിക്കപ്പെടുന്നതാണ് (2:3-7). കണ്ണുണ്ടായിട്ടും കാണാത്തവരും ചെവിയുണ്ടായിട്ടും കേൾക്കാത്തവരും എന്നതാണ് അവർക്കെതിരേയുള്ള ആരോപണം (ഏശ 6:9-10; 43:8; ജറെ 5:21). മുൻകാല പ്രവാചകന്മാരും ഇപ്പോൾ എസെക്കിയേലും ജനത്തിന്റെ കാതിനും കണ്ണിനും മുമ്പിൽ ദൈവവചനം അവതരിപ്പിച്ചിട്ടും അവർ സ്വീകരിച്ചില്ല എന്നാണ് ഇതിന്റെ അർത്ഥം.

**12:1-16, ആദ്യത്തെ പ്രതീകാത്മക പ്രവൃ ത്തി പ്രവാസഭാണ്ഡം:** പ്രവാസത്തിനുള്ള ഭാണ്ഡം തയ്യാറാക്കി ജനങ്ങൾ കാൺകെ യാത്ര പുറപ്പെടാനാണ് ദൈവം ആവശ്യപ്പെടുന്നത്. ജീവസന്ധാരണത്തിന് അത്യാവശ്യമായ വസ്തുക്കൾ മാത്രം നിറച്ച തുണികൊണ്ടോ തുകൽകൊണ്ടോ ഉള്ള സഞ്ചിയാണ് പ്രവാസഭാണ്ഡം എന്നു വിവക്ഷിക്കപ്പെടുന്നത്. പകൽ ഭാണ്ഡം നിറച്ച് സായാഹ്നത്തിൽ മതിലുതുരന്ന് ഭാണ്ഡംപേറി പുറത്തു പോകണം എന്നതായിരുന്നു ദൈവകല്പന. മുഖം ആവരണം ചെയ്തുകൊണ്ടാണ് യാത്ര നടത്തേണ്ടത് (വാ. 6). മുഖം മൂടുന്നതിന് നാല് അർത്ഥങ്ങൾ വ്യാഖ്യാ താക്കൾ നിർദ്ദേശിക്കുന്നു. (1) പ്രവാസിയാകയാൽ സ്വന്തം തനിമ വെളിപ്പെടുത്താൻ ആഗ്രഹമില്ലാത്തതിനാൽ മുഖം മൂടുന്നു. (2) മുഖം മൂടുന്നത് ദുഃഖസൂചകമാണ്

(2 സാമു 15:30; എസ്തേ 6:12). (3) മുഖം മൂടുന്നത് അപമാനഭാരം മൂലമാണ് (മിക്കാ 3:7; ജറെ 14:3). (4) ഇനി ഒരിക്കലും പ്രവാസികൾ ജന്മദേശം കാണില്ല എന്നതിന്റെ സൂചനയാകാം (ജറെ 22:10-12). ഇവയിൽ നാലാമത്തെ വിശദീകരണമാണ് എസെക്കിയേലിന്റെ ആഖ്യാനപശ്ചാത്തലത്തിന് അനുപേക്ഷണീയം.

വാ. 10 ൽ "ഈ അരുളപ്പാട് ജറുസലേമിലെ രാജാവിനെയും ഇസ്രായേൽഭവനം മുഴുവനെയും കുറിച്ചുള്ളതാണ്" എന്ന പി.ഓ.സി. വിവർത്തനം അർത്ഥ ക്ലിഷ്ടത ഉളവാക്കുന്നുണ്ട്. "ഹമ്മാസ്സാ ഹസ്സേഹ്" എന്ന മൂലപദത്തിന്റെ വിവർത്തനമാണ് ഇവിടെ പ്രശ്നഹേതു. "മാസ്സാ" എന്ന നാമത്തിന് "അരുളപ്പാട്" എന്ന അർത്ഥം ബൈബിളിൽ അന്യത്ര ഉണ്ടെങ്കിലും (ഏശ 13:1; 15:1) എസെക്കിയേൽ ഈ പദം ഉപയോഗിക്കുന്നത് "ഭാരം" (burden) എന്ന അർത്ഥത്തിലാണ്. തന്മൂലം "ഈ അരുളപ്പാട്" എന്നതിനു പകരം "ഈ ഭാണ്ഡം" എന്ന വിവർത്തനമാണ് സാഹചര്യവുമായി കൂടുതൽ ഒത്തുപോകുന്നത്. യൂദാ മുഴുവന്റെയും (രാജാവിന്റെയും ജനങ്ങളുടെയും) പ്രതീകമായാണ് എസെക്കിയേലിന്റെ ഭാണ്ഡം കരുതപ്പെടുന്നത്. 2 രാജാ 25:4-7 ൽ വിവരിക്കുന്ന സെദെക്കിയാ രാജാവിനെയാണ് എസെക്കിയേൽ ഇവിടെ വിവക്ഷിക്കുന്നത് എന്നു കരുതാം. എസെക്കിയേൽ പ്രതീകാത്മകമായി ചെയ്തവ (വാ. 1-8) രാജാവു ചെയ്യുമെന്നാണ് 11-15 വാക്യങ്ങളിൽ വിവരിക്കുന്നത്.

**12:17-20, വിറയലോടെയുള്ള ഭോജനം:** രണ്ടാമത്തെ പ്രതീകാത്മക പ്രവൃത്തി വിറയലോടെ ഭക്ഷിക്കാനുള്ള ആഹ്വാനമായിരുന്നു (വാ. 17-20). സംബോധനയിലും വിവരണത്തിലും അർത്ഥകല്പനയിലും ആദ്യത്തെ പ്രതീകാത്മക പ്രവൃത്തിയുമായി (വാ. 1-16) ഈ വിവരണത്തിന് ഏറെ സാമ്യങ്ങളുണ്ട്. വിറയലോടെ (ഹീബ്രുവിൽ "റാഅസ്") അപ്പം ഭക്ഷിക്കുന്നതും സംഭ്രമത്തോടെ (ഹീബ്രുവിൽ "റോഗ്സ്സാ") വെള്ളം കുടിക്കുന്നതും 4:9-11 ലെ അപ്പം ഭക്ഷിക്കുന്ന പ്രതീകാത്മക പ്രവൃത്തിയെ അനുസ്മരിപ്പിക്കുന്നതാണ്. വിറയൽ ഭയത്തിന്റെയും ദുഃഖത്തിന്റെയും (2 സാമു 19:10) കോപത്തിന്റെയും (ഹബ 3:2) അടയാളമാണ്.

"ദേശവാസിക"ളോടാണ് എസെക്കിയേൽ പ്രവചനം നടത്തുന്നത് (വാ. 19). അന്യായ മാർഗ്ഗങ്ങളിലൂടെ അനിയന്ത്രിതമായ സ്വത്തു സമ്പാദിച്ചവരെയാണ് പ്രവാസപൂർവ്വകാലത്ത് "ദേശവാസികൾ" എന്നു വിശേഷിപ്പിച്ചിരുന്നത് (ഏശ 5:8-10; മിക്ക 2:1-5). ഒരുകാലത്ത് സുഖസമൃദ്ധിയുടെ മടിത്തട്ടിൽ വ്യാപരിച്ചിരുന്നവൾ ഇനിമേൽ ഭയത്തോടും വിറയലോടുംകൂടി പ്രവാസത്തിന് ഒരുങ്ങേണ്ടിവരും എന്ന മുന്നറിയിപ്പാണ് ഈ പ്രതീകാത്മക പ്രവൃത്തിയിലൂടെ വെളിപ്പെടുന്നത്.

**12:21-28, രണ്ടു പ്രവചനങ്ങൾ:** പ്രവചനങ്ങൾ നിറവേറില്ല എന്ന പഴമൊഴിയെ ചോദ്യം ചെയ്തുകൊണ്ടാണ് ഈ പ്രവചനങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. "സമയം കടന്നുപോകുന്നു," "പ്രവചനം പാഴാകുന്നു" എന്ന പഴമൊഴി (ഹീബ്രുവിൽ "മഷാൽ") യാണ് ഇവിടുത്തെ മുഖ്യപ്രമേയം. യാഹ്‌വേയുടെ അരുളപ്പാടുകൾ എല്ലാം നിറവേറുമെന്നും വ്യാജ





പ്രവാചകന്മാരുടെ പ്രബോധനങ്ങൾ പാഴായിരുന്നു എന്നു തെളിയുമെന്നും എസെക്കിയേലിലൂടെ ദൈവം മുന്നറിയിപ്പു നൽകുകയാണ്. വ്യാജപ്രവാചകന്മാരെ തിരിച്ചറിയാൻ നിയ 18:22 ലെ മാനദണ്ഡംതന്നെയാണ് എസെക്കിയേലും ഉപയോഗിക്കുന്നത് (വാ. 24-25). പ്രവചനങ്ങൾ നിറവേറുംവരെ അവയുടെ ആധികാരികത സംശയാസ്പദമായി തോന്നാം. തന്മൂലം സത്യപ്രവചനങ്ങളെയും ജനം അവിശ്വസിക്കാൻ ഇടയുണ്ട് എന്ന ധർമ്മസങ്കടമാണ് ഗ്രന്ഥകാരൻ ഇവിടെ വ്യക്തമാക്കുന്നത്.

രണ്ടാം പ്രവചനവും സമാനമായ മറ്റൊരു പഴഞ്ചൊല്ലിനെ യാഹ്‌വേ തിരുത്തുന്നതിന്റെ വിവരണമാണ് (വാ. 26-28). എസെക്കിയേലിന്റെ പ്രവചനം വിദൂരഭാവിയെക്കുറിച്ചാണെന്നും തങ്ങളുടെ ജീവിതകാലം സുരക്ഷിതമായിരിക്കും എന്നുമുള്ള പൊതുധാരണയെയാണ് ഈ പ്രവചനം തിരുത്തുന്നത്. ആധികാരികത തെറ്റിദ്ധരിക്കപ്പെട്ട പ്രവാചകരിൽ എസെക്കിയേൽ ഒറ്റപ്പെട്ടവനല്ല. ഏശയ്യാ (ഏശ 5:19), ജറെമിയാ (ജറെ 17:15) തുടങ്ങിയ പ്രവാചകരും സമാന അനുഭവങ്ങളിലൂടെ കടന്നുപോയിരുന്നു.

## എസെക്കിയേൽ 13:1-23, വ്യാജപ്രവാചകന്മാർക്കെതിരേ

ദുരിതം (ഹീബ്രുവിൽ "ഹോയ്") എന്ന ആമുഖത്തോടെ ആരംഭിക്കുന്ന രണ്ടു സമാന പ്രവചനങ്ങളുടെ സമാഹാരമാണ് 13:1-23. ഈ വചനഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുന്നു.

**A. ആദ്യ പ്രവചനം: വ്യാജപ്രവാചകന്മാർക്കെതിരേ (വാ. 1-16)**

1. ആമുഖം (വാ. 2-3a)
2. വ്യാജപ്രവാചകർക്കെതിരേയുള്ള ആരോപണങ്ങൾ (വാ. 3b-7)
3. ശിക്ഷാവിധി (വാ. 8-16)

**B. രണ്ടാം പ്രവചനം: വ്യാജപ്രവാചികമാർക്കെതിരേ (വാ. 17-23)**

1. ആമുഖം (വാ. 17-18a)
2. വ്യാജപ്രവാചികമാർക്കെതിരേയുള്ള ആരോപണങ്ങൾ (വാ. 18b-19)
3. ശിക്ഷാവിധി (വാ. 20-23)

വ്യാജപ്രവാചകന്മാർക്കെതിരേ മിക്ക 3:5-7; ഏശ 30:9-10; ജറെ 14:13; 23:16 എന്നീ വചനഭാഗങ്ങളിലെ പരാമർശങ്ങളുമായി എസെ 13:1-23 ന് സാമ്യങ്ങളുണ്ട്.

**13:1-16, വ്യാജപ്രവാചകന്മാർക്കെതിരേ:** ദൈവഹിതത്തിനു പകരം സ്വന്തം ഹിതം പ്രവചിക്കുന്നവരെയാണ് വ്യാജപ്രവാചകന്മാർ എന്നു വിശേഷിപ്പിക്കുന്നത് (വാ. 2). നാശക്കൂമ്പാരത്തിലെ കുറുനരികളോടാണ് അവരെ ഉപമിക്കുന്നത് (വാ. 4). കുറുനരികൾ ഏറ്റവും നികൃഷ്ട ജീവികളും (ജോബ് 30:29) ഹീനമായവ ഭക്ഷിക്കുന്നവയുമാണ് (ഏശ 13:19-22).

തകർന്ന പട്ടണങ്ങളുടെ നാശങ്ങൾക്കിടയിൽ വസിക്കാനാഗ്രഹിക്കുന്ന കുറുനരികൾക്കു തുല്യരായ വ്യാജപ്രവാചകന്മാരോടുള്ള സഹവാസം ജറുസലേമിനെ നാശക്കൂമ്പാരമാക്കും എന്നാണ് വിവക്ഷിക്കപ്പെടുന്നത്.

മിഥ്യാദർശനങ്ങളും വ്യാജപ്രവചനങ്ങളും വഴി ദൈവകോപത്തിനിരയായ വ്യാജപ്രവാചകന്മാർക്കുള്ള ശിക്ഷാവിധിയാണ് തുടർന്നു പ്രവചിക്കുന്നത് (വാ. 8-16). ദൈവജനത്തിൽ നിന്നുള്ള ഭ്രഷ്ടാണ് അവർക്കുള്ള ആദ്യശിക്ഷ (വാ. 9). എസെക്കിയേൽ നിയമഗ്രന്ഥങ്ങളിലെ നിർദ്ദേശമനുസരിച്ചുതന്നെയാണ് ഈ ശിക്ഷാവിധി (എസ്രാ 2:62; നെഹെ 7:64; ജറെ 22:30) പ്രഖ്യാപിക്കുന്നത്.

ദൈവഹിതത്തിനു സാക്ഷ്യം വഹിക്കുന്നതിനുപകരം ജനപിന്തുണ നേടാനുള്ള പ്രവചനങ്ങൾ നടത്തുന്നു എന്നതാണ് വ്യാജപ്രവാചകന്മാർക്കെതിരേയുള്ള അടുത്ത ആരോപണം (വാ. 10-11). ജനം പടുത്തുയർത്തിയ അനീതിയുടെ മതിലുകൾ പൊളിക്കുന്നതിനു പകരം അവയെ വെള്ളപൂശി ന്യായീകരിക്കാനാണ് വ്യാജപ്രവാചകർ ശ്രമിച്ചത് (വാ. 11). എന്നാൽ, കർത്താവിന്റെ വിധിദിനത്തിൽ കോട്ടയും അതിൽ പൂശിയ കുമ്മായവും ഒരുപോലെ തകരും (വാ. 12). സമരിയായ്ക്കെതിരേ മിക്ക 1:6 ലെ പ്രവചനവുമായി എസെ 12:12-16 ന് സാമ്യമുണ്ട്.

**13:17-23,** വ്യാജ പ്രവാചികമാർക്കെതിരേ: വ്യാജപ്രവാചകന്മാരെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ തന്നെയാണ് വ്യാജപ്രവാചികമാർക്കെതിരേ പറയുന്നതും (വാ. 17-23) വ്യാജപ്രവാചകന്മാർ സമൂഹത്തെ ഒന്നാകെ വഴിതെറ്റിക്കുന്നവരാണെങ്കിൽ വ്യാജപ്രവാചികമാർ വ്യക്തികളെ വഴിതെറ്റിക്കുന്നവരാണെന്ന് എസെക്കിയേൽ നിരീക്ഷിക്കുന്നു. ദുർമന്ത്രവാദിനികളുടെയും ആഭിചാരക്രിയചെയ്യുന്ന സ്ത്രീകളുടേയും പക്കൽ യഹൂദർ അഭയം തേടിയിരുന്നതിന്റെ സൂചനകൾ ബൈബിളിലുണ്ട് (ലേവ്യ 20:6; 1 സാമു 28). തങ്ങളുടെ ഭാവി അറിയാൻ അന്ധകാരശക്തികളെ ആശ്രയിക്കുകവഴി യഹൂദർ ഒന്നാംപ്രമാണം ലംഘിച്ചതായാണ് എസെക്കിയേൽ വിലയിരുത്തുന്നത്. അസ്സീറിയൻ, ബാബിലോണിയൻ പാരമ്പര്യങ്ങളിൽ നിന്നാണ് ആഭിചാരക്രിയകൾ ഇസ്രായേലിൽ പ്രചരിച്ചത് എന്നു കരുതപ്പെടുന്നു.

മന്ത്രവാദിനികളുടെ പ്രവർത്തനങ്ങളെ "പൈശാചിക" പ്രവൃത്തികളായിട്ടാണ് എസെക്കിയേൽ വിലയിരുത്തുന്നത്. എന്നാൽ രോഗ ശമനത്തിനും മനസ്സമാധാനത്തിനും ഭാവി അറിയുന്നതിനുമുള്ള ദൈവികമാർഗ്ഗങ്ങളായിട്ടാണ് പലപ്പോഴും ജനം മന്ത്രവാദികളെ സമീപിച്ചിരുന്നത്. യഥാർത്ഥമായ ദൈവാരാധനയെക്കുറിച്ചുള്ള പ്രബോധനം എസെക്കിയേലിന്റെ മുഖ്യപ്രമേയമാകയാൽ നിയതമായ ആരാധനാക്രമത്തിനു വെളിയിലുള്ളതെല്ലാം പൈശാചികമാണെന്ന ചിന്തയാണ് പ്രവാചകൻ അനുവർത്തിക്കുന്നത്.

മന്ത്രവാദിനികൾക്കെതിരേയുള്ള ശിക്ഷാവിധിയാണ് 20-23 വാക്യങ്ങളിൽ പ്രതിപാദിക്കുന്നത്. കേവലം മന്ത്രവാദം എന്ന കർമ്മം നടത്തുന്നു എന്നതല്ല, മറിച്ച് ദുഷ്ടരെ വളർത്താനും നീതിമാന്മാരെ തകർക്കാനും പരിശ്രമിക്കുന്നു എന്നതാണ് മന്ത്രവാദിനികൾ ശിക്ഷിക്കപ്പെടാനുള്ള കാരണം. മതത്തിന്റെയും ആചാരങ്ങളുടെയും മറവിൽ അനീതിവളർത്താനുള്ള ശ്രമങ്ങളാണ് ഇവിടെ തടയപ്പെടുന്നത്. ദൈവം നീതിമാനെ വളർത്തുകയും ദുഷ്ടനെ തകർക്കുകയും ചെയ്യുന്നവനാണ്. എന്നാൽ അതിനു നേർവിപരീതമായത് പ്രവർത്തിക്കുന്നതിനാൽ മന്ത്രവാദിനികൾ പൈശാചിക പക്ഷത്താണെന്ന പ്രവാചകപക്ഷം യുക്തിസഹമാണ്. മന്ത്രവാദിനികൾക്കുള്ള ശിക്ഷ രണ്ടുവിധത്തിലാണ് ലഭിക്കുന്നത്: (1) അവരുടെ ആഭിചാര കഴിവുകൾ അസ്തമിക്കുകയും ദൈവം മാത്രമാണ് സത്യം എന്നു സമ്മതിക്കേണ്ടിവരികയും ചെയ്യും (വാ. 18). (2) അവരുടെ മിഥ്യാദർശനങ്ങൾ അവസാനിക്കുകയും അവരുടെ ആദായമാർഗ്ഗങ്ങൾ അടഞ്ഞുപോകുകയും ചെയ്യും. ദൈവം തന്റെ ജനത്തെ വ്യാജപ്രവചനങ്ങളിൽ നിന്നു രക്ഷിക്കുമ്പോൾ സത്യദൈവത്തിന്റെ ശക്തി വ്യാജപ്രവാചകന്മാർ ഗ്രഹിക്കും എന്നാണ് എസെക്കിയേൽ സമർത്ഥിക്കുന്നത്.





## എസെക്കിയേൽ 14:1-11, വിഗ്രഹാരാധനയിൽനിന്ന് അകലുക

പാപങ്ങളുടെ പാപം ആയി പരിഗണിക്കപ്പെട്ടിരുന്നത് വിഗ്രഹാരാധനയാണ്. പ്രവാസികളുടെ ഇടയിലും വിഗ്രഹാരാധന ശക്തമായിരുന്നു (എസെ 6, 8 അധ്യായങ്ങളുടെ വ്യാഖ്യാനം കാണുക). നിയ 13:4 ലെ വിഗ്രഹാരാധനാവിരുദ്ധമായ കല്പനകളുടെ പശ്ചാത്തലത്തിലാണ് എസെക്കിയേൽ ഈ വചനഭാഗം അവതരിപ്പിക്കുന്നത്.

8:1 ൽ സന്നിഹിതരായ ശ്രേഷ്ഠന്മാർക്കു സമാനമാണ് 14:1 ൽ സന്നിഹിതരാകുന്ന ശ്രേഷ്ഠന്മാരും. എസെക്കിയേൽ പുരോഹിതനും പ്രവാചകനുമാകയാൽ ദൈവഹിതം ആരായാൻ വേണ്ടിയാകാം ശ്രേഷ്ഠന്മാർ പ്രവാചകന്റെ മുമ്പിൽ എത്തുന്നത്. എന്നാൽ ശ്രേഷ്ഠന്മാർ വിഗ്രഹങ്ങളെ (ഹീബ്രുവിൽ "ഗില്ലൂളിം") ഹൃദയത്തിൽ വഹിച്ചവരായതിനാൽ അവരോടുതാൻ സംസാരിക്കില്ല എന്നതായിരുന്നു ദൈവത്തിന്റെ പ്രതികരണം (വാ. 3). വിഗ്രഹാരാധനയ്ക്കെതിരായ ദൈവപ്രമാണങ്ങളുടെ (പുറ 20:5; ലേവ്യ 22:3) ശൈലിയിലും തീക്ഷ്ണതയിലുമാണ് എസെക്കിയേലും സംസാരിക്കുന്നത്.

വിഗ്രഹാരാധകർക്ക് മൂന്നുവിധത്തിലുള്ള ശിക്ഷാവിധിയാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്: (1) ദൈവം വിഗ്രഹാരാധകരിൽനിന്നു മുഖം തിരിക്കും (വാ. 8 പി.ഓ.സി. വിവർത്തനം ഉത്തരം നൽകും എന്നാണ്). ദൈവം മുഖം തിരിക്കും എന്നത് ബൈബിളിലെ ശിക്ഷാവിധിയുടെ പദപ്രയോഗമാണ് (ലേവ്യ 17:10; 20:3, 5). (2) ദൈവം വിഗ്രഹാരാധകരെ ഒരു അടയാളമാക്കിമാറ്റും. അടയാളം (ഹീബ്രുവിൽ "ഓത്ത്") പഴമൊഴി ("മഷാൽ") എന്നിവ ദുരന്തപാഠങ്ങളെ സൂചിപ്പിക്കുന്ന പദപ്രയോഗങ്ങളാണ്. അഹറോന്റെ തളിർത്തവടി (നിയ 28:37; സംഖ്യ 17:10) ധിക്കാരികൾക്കുള്ള മുന്നറിയിപ്പിന്റെ അടയാളമായിരിക്കും. (3) ജനത്തിനിടയിൽനിന്ന് വിഗ്രഹാരാധകർ വിച്ഛേദിക്കപ്പെടും (ഹീബ്രുവിൽ "ഹിക്രിത്ത്"). വിശ്വാസസ

മൂഹത്തിൽ നിന്നുള്ള ഭ്രഷ്ടായോ (സംഖ്യ 6:25-26; 1 രാജാ 8:29) വധശിക്ഷയായോ ഈ "ഹിക്രിത്ത്" എന്ന ക്രിയാരൂപത്തെ മനസ്സിലാക്കാം.

വ്യാജപ്രവാചകന്മാർക്ക് മിഥ്യാദർശനങ്ങൾ നൽകി കബളിപ്പിക്കുന്നത് ദൈവമാണെന്ന് പ്രവാചകൻ സമർത്ഥിക്കുന്നു (വാ. 9). ദൈവം കബളിപ്പിക്കുന്നു (ഹീബ്രുവിൽ പാത്താ) എന്ന ചിന്ത ഉതപ്പുളവാക്കുന്നതാണെങ്കിലും അതിന്റെ ലക്ഷ്യം സത്യവിശ്വാസസംരക്ഷണമാണെന്ന് ദൈവം വെളിപ്പെടുത്തുന്നു (വാ. 10-11). വ്യാജപ്രവാചകന്മാരുടെ അടയാളങ്ങൾ ശരിയായി ഭവിക്കുന്നത് ദൈവം ജനത്തിന്റെ വിശ്വാസത്തെ പരീക്ഷിക്കുന്നതിന്റെ അടയാളമാണെന്ന് നിയമഗ്രന്ഥംതന്നെ (നിയ 13:5) സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം വഞ്ചിതരായ രണ്ടു വ്യക്തികളുടെ കഥകൾ 1 രാജാ 13:1-31 ലും 1 രാജാ 22:1-28 ലും വിവരിച്ചിട്ടുണ്ട്. ദൈവഹിതം ആരായുകയും പഠിപ്പിക്കുകയും ചെയ്യേണ്ട പ്രവാചകർ മനുഷ്യപ്രീതിക്കുവേണ്ടി പ്രവർത്തിച്ചാൽ വഞ്ചിതരാകും. അവരുടെ അവിശ്വാസത്തിനുള്ള ശിക്ഷയെയാണ് ദൈവം വഞ്ചിച്ചതായി ഇവിടെ വ്യാഖ്യാനിക്കുന്നത്. ദൈവം വഞ്ചിച്ചതായുള്ള സൂചന ജറെ 20:7 ലും കാണാം.

**വിചിന്തനം:** ദൈവനാമത്തിൽ അത്ഭുതം പ്രവർത്തിക്കുന്ന വ്യാജന്മാരെക്കുറിച്ചുള്ള വിചിന്തനത്തിന് കാലാതിവർത്തിയായ പ്രസക്തിയുണ്ട്. ഇതേക്കുറിച്ച് ക്രിസ്തു നൽകുന്ന മുന്നറിയിപ്പുകളിലൊന്ന് മത്താ 7:21-23 ൽ പ്രതിപാദിക്കുന്നുണ്ട്. വ്യാജപ്രവാചകന്മാർ എന്നതിലൂടെ മത്തായിയുടെ സമൂഹത്തെ തകർക്കാൻ ശ്രമിക്കുന്ന ഫരിസേയർ, സദുക്കായർ തുടങ്ങിയ ബാഹ്യശക്തികളെയല്ല, മത്തായിയുടെ സമൂഹത്തിനുള്ളിൽതന്നെയുള്ള ഛിദ്രശക്തികളെയാണ് സുവിശേഷകൻ വിശേഷിപ്പിക്കുന്നത്. അവർ യേശുവിനെ, "കർത്താവേ" എന്നു വിളിക്കുന്നവരും (വാ.21) കുഞ്ഞാടിന്റെ വേഷം ധരിച്ചുനടക്കുന്ന ചെന്നായ്ക്കളുമാണ് (വാ.15).

അവർ അത്ഭുതം പ്രവർത്തിക്കുന്നുണ്ടെ ങ്കിലും അവരുടെ പ്രവൃത്തികൾ തിന്മയി ലേക്കും അരാജകത്വത്തിലേക്കും നയിക്കുന്നതാണ്. സഭാവിരുദ്ധഗ്രൂപ്പുകളിൽ പലതും സാമ്പത്തിക സദാചാരരംഗങ്ങളിൽ കുറ്റക രമായ അനാസ്ഥ കാട്ടുന്നത് സുവിദിതമാണല്ലോ. സഭാംഗങ്ങളെ ആകർഷിച്ച് തങ്ങളുടെ വരുതിയിലാക്കാൻ ഇക്കൂട്ടർ നടത്തുന്ന മോഹനവാഗ്ദാനങ്ങൾ സഭയിൽ അരാജ കത്വം സൃഷ്ടിക്കുന്നുണ്ട് എന്നതും സത്യ മാണ്. എന്നാൽ ഏറ്റവും പ്രസക്തമായ ചോദ്യം: ഇപ്രകാരം പ്രവർത്തിക്കുന്നവർക്ക് എങ്ങനെ യേശു നാമത്തിൽ അത്ഭുതം പ്രവർത്തിക്കാൻ കഴിയുന്നു എന്നതാണ്? ഇതിന് പല ഉത്തരങ്ങൾ കണ്ടെത്താനാകും.

**1.** അത്ഭുതങ്ങൾ യേശു നാമത്തിലല്ലാ തെയും നടക്കാറുണ്ടല്ലോ. ശബരിമലയിലും ഗുരുവായൂരും ഒക്കെ അത്ഭുതങ്ങൾ നടക്കു ന്നതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്താറു ണ്ടല്ലോ. മന്ത്രവാദികളും കൂടോത്രക്കാരും മാസ്മരിക വിദ്യകൾ പ്രദർശിപ്പിക്കുകയും സൗഖ്യങ്ങൾ നല്കുകയും ചെയ്യുന്ന അനേക വിവരണങ്ങൾ ബൈബിളിൽ തന്നെയുമുണ്ട് (ഉദാ പുറ 7:11-12). അപ്പോൾ അത്ഭുത പ്രവർത്തനത്തെ





സത്യദൈവവിശ്വാസത്തിന്റെ തെളിവായി കാണാനാവില്ല എന്നു വ്യക്തം. സത്യവിശ്വാസിക്ക് അത്ഭുതം പ്രവർത്തിക്കാ നാകും. എന്നാൽ അത്ഭുതം പ്രവർത്തിക്കുന്ന വരെല്ലാം സത്യവിശ്വാസികളല്ല.

**2.** ദൈവദാനങ്ങൾ, മനുഷ്യന്റെ അവിശ്വ സ്തതയിലും, മാറ്റമില്ലാതെ പ്രവർത്തനക്ഷമ മാകാൻ ദൈവം തിരുമനസ്സാകാം. പ്രസാദ വരാവസ്ഥയിലല്ലാതെ ഒരു വൈദികൻ വി. കുർബ്ബാന അർപ്പിച്ചാലും പ്രസ്തുതകുർബ്ബാ നയിലും വസ്തുഭേദത്തിന്റെ ദിവ്യാത്ഭുതം സംഭവിക്കുന്നു. കാർമ്മികനിലൂടെയുള്ള ദൈവത്തിന്റെ പ്രവൃത്തിയെ കാർമ്മികന്റെ വിശുദ്ധിയുടെ തെളിവായി വ്യാഖ്യാനിക്കാ നാവില്ല. ഒരുവനിലൂടെ അത്ഭുതങ്ങൾ സംഭവിക്കുന്നു എന്നത് അവൻ ദൈവഹിതാനുസൃതം ജീവിക്കുന്നു എന്നതിനുള്ള തെളി വായി കരുതാനാവില്ല എന്നു സാരം.

**3.** തന്റെ അനന്തമായ കാരുണ്യത്താൽ, വഴിതെറ്റിയ മനുഷ്യന്റെ മാനസാന്തരത്തിനു വേണ്ടി, ദൈവം കുറേനാളുകൾ കൂടി പ്രസ്തുത വ്യക്തിയെ തന്റെ ഉപകരണമായി ഉപയോഗിക്കാം (ഉദാ: സാവൂൾ രാജാവ്). പക്ഷേ, മാനസാന്തരപ്പെട്ട് സത്യവിശ്വാസത്തി ലേക്കു തിരിച്ചുവന്നില്ലെങ്കിൽ പ്രസ്തുത വ്യക്തിയിലൂടെയുള്ള ദൈവപ്രവർത്തനം നിലയ്ക്കുന്നതായും കാണാറുണ്ട്.

**4.** ഒരുവനിലെ അത്ഭുതകരമായ സിദ്ധികൾ മറ്റുള്ളവരെ ദൈവത്തിലേക്കും അവിടുത്തെ കൂദാശയായ സഭയിലേക്കും ആനയിക്കുന്ന തായിരിക്കണം. സഭാകൂട്ടായ്മയ്ക്കു വിരുദ്ധ മായി വിശ്വാസികളെ തങ്ങളിലേക്ക് ആകർഷി ക്കുന്ന അത്ഭുത പ്രവർത്തകർ ദൈവഹിത ത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരാണ്. യേശുനാമത്തിലാണെന്ന വ്യാജേന അവർ പ്രവർത്തിക്കുന്ന അത്ഭുത പ്രവൃത്തികൾ യേശുവിന്റെ അറിവോടെയല്ല (മത്താ 7:22) എന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു.

ചുരുക്കത്തിൽ, ദൈവമഹത്വത്തിനും ആത്മീയ ഉന്നമനത്തിനും സഭയുടെ കൂട്ടായ്മ യുടെ വളർച്ചയ്ക്കുമായി ചെയ്യുന്ന അത്ഭുത പ്രവൃത്തികൾ മാത്രമേ യേശുനാമത്തിലുള്ള അത്ഭുതപ്രവൃത്തികളാകുന്നുള്ളൂ. അല്ലാത്ത അത്ഭുതങ്ങളുടെ കാരണം അന്വേഷിക്കേണ്ട ത് യേശുവിലല്ല. യേശുനാമത്തിലുള്ള കൂട്ടാ യ്മയാണ് സഭ. സഭയെ തകർക്കാൻ ശ്രമിക്കു ന്നവരുടെ അത്ഭുതങ്ങൾ യേശുനാമത്തി ലുള്ളവയല്ല.

# എസെക്കിയേൽ 14:12-15:8, ജറുസലേമിനുള്ള ശിക്ഷ ന്യായമാണ്

ഇസ്രായേൽ അനുഭവിക്കുന്ന പ്രവാസം അവരുടെ പാപങ്ങൾക്കുള്ള ന്യായമായ ശിക്ഷാവിധിയാണ് എന്നു സമർത്ഥിക്കാനാണ് 14:12-15:8 ൽ പ്രവാചകൻ ശ്രമിക്കുന്നത്. ഈ വചനഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുംവിധം ഗ്രഹിക്കാം.

**A. ആമുഖം (14:12)**

**B. ദൈവത്തിന്റെ വിധി ന്യായമാണ് (14:13-20)**

1. ദേശം പാപപങ്കിലമാണ് (14:13)
2. മൂന്നു നീതിമാന്മാർക്കും രക്ഷിക്കാനാവില്ല (14:14-15)
3. വിവിധ ശിക്ഷകൾ: വന്യമൃഗങ്ങൾ, വാൾ, പകർച്ചവ്യാധികൾ, ക്ഷാമം (14:16-20)

**C. പ്രവാസികളുടെ പെരുമാറ്റം ദൈവശിക്ഷയെ ന്യായീകരിക്കും (14:21-23).**

**D. ഉപസംഹാരം: ഇസ്രായേൽ കരിഞ്ഞ മുന്തിരിത്തണ്ടാണ് (15:1-8)**

പുതിയൊരു ദർശനം ആരംഭിക്കുകയാണ് എന്ന് 14:12 ലെ "കർത്താവ് അരുളിച്ചെയ്തു" എന്ന ആമുഖവാക്യം സൂചന നൽകുന്നുണ്ട്.

**14:13-20,** മൂന്നുതരം ശിക്ഷകളെക്കുറിച്ചാണ് പ്രവാചകൻ സൂചിപ്പിക്കുന്നത്. (1) ജനത്തിനെതിരായി ദൈവം കരം നീട്ടും - ഈ ശൈലിയുടെ അർത്ഥം 6:14 ലും 14:9 ലും വ്യാഖ്യാനിച്ചിട്ടുള്ളതാണ്. (2) അപ്പം വിലക്കുകയും ക്ഷാമം അയയ്ക്കുകയും ചെയ്യും - 5:16 ൽ പരാമർശിച്ച ശിക്ഷാവിധി തന്നെയാണിത്. (3) ദൈവം ഇസ്രായേലിനെ മുറിച്ചുനീക്കും - ഈ ശിക്ഷാവിധിയും അന്യത്ര പരാമർശിക്കപ്പെട്ടിട്ടുള്ളതാണ് (14:17, 19, 21).

ഇസ്രായേലിന്റെ ആത്മീയചരിത്രത്തിലെ മൂന്ന് അതികായന്മാരെ - നോഹ, ദാനിയേൽ, ജോബ് - അവതരിപ്പിച്ചുകൊണ്ട് അവരുടെ സാന്നിധ്യത്തിനുപോലും രക്ഷിക്കാനാവാത്ത വിധം ദേശം പാപപങ്കിലമാണ് എന്ന് പ്രവാചകൻ വാദിക്കുന്നതാണ് 14:14-20 ലെ പ്രമേയം. നോഹ ദൈവഭയമുള്ളവനും നീതിമാനുമായിരുന്നു (ഉൽപ 7:1). ജോബിനെക്കുറിച്ചുള്ള വിശ്വാസവും സമാനമായിരുന്നു (ജോബ് 1:1-8). തിന്മയുടെ ലോകത്തെ നന്മയുടെ പ്രതീകങ്ങളായിട്ടാണ് ബൈബിൾ ഇവരെ അവതരിപ്പിക്കുന്നത്. കഠിനസഹനങ്ങളെ അതിജീവിച്ചവരാണിവർ. എന്നാൽ ദാനിയേലിനെക്കുറിച്ചുള്ള പരാമർശം എസെക്കിയേലിന്റെ ഗ്രന്ഥത്തിൽ വരുന്നത് വ്യാഖ്യാനിക്കുക ശ്രമകരമാണ്. കാരണം ദാനിയേലിന്റെ ഗ്രന്ഥം രൂപം കൊള്ളുന്നത് എസെക്കിയേലിന്റെ കാലഘട്ടത്തിനും എസെക്കിയേലിന്റെ ഗ്രന്ഥത്തിന്റെ അന്തിമരൂപം നിലവിൽവന്നതിനും ശേഷമാണ്. എന്നാൽ "അഖാത്തിന്റെ ഐതിഹ്യം" എന്ന ഉഗാറിറ്റ് ഗ്രന്ഥത്തിൽ ദാനി





യേൽ എന്ന നീതിമാന്റെ കഥ വിവരിക്കുന്നുണ്ട്. ദാനിയേൽ എന്ന നീതിമാനെ വിശുദ്ധഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് ഈ കഥയുടെ പരിപ്രേക്ഷ്യത്തിലാണുതാനും. തന്മൂലം നീതിയുടെ പ്രതീകമായി വാമൊഴിയായി പ്രചരിച്ചിരുന്ന ദാനിയേലിനെ എസെക്കിയേൽ ഇവിടെ അനുസ്മരിക്കുകയായിരുന്നു എന്ന് അനുമാനിക്കാം (Darr, Ezekiel, NIBC 6, p.1213).

സമൂഹത്തിലെ ഒരു വ്യക്തിയുടെ നന്മയിലൂടെ സമൂഹം മുഴുവൻ രക്ഷപ്പെടുമോ എന്ന ചോദ്യത്തിന് പഴയനിയമത്തിന്റെ ഉത്തരം ഏകസ്വരത്തിലല്ല. പത്തുനീതിമാന്മാരെങ്കിലുമുണ്ടെങ്കിൽ സോദോം, ഗോമോറാ ദേശങ്ങൾ നശിപ്പിക്കപ്പെടില്ല എന്ന ദൈവനിശ്ചയം (ഉൽപ 18:23-32) നീതിമാന്മാരുടെ മാധ്യസ്ഥശക്തിയുടെ തെളിവായി വ്യഖ്യാനിക്കാമെങ്കിലും പ്രസ്തുത നഗരങ്ങൾ നശിപ്പിക്കപ്പെട്ടു (19:24-25) എന്നത് പാപത്തിന്റെ അപരിഹാര്യവും അനിവാര്യവുമായ ദുരന്തത്തെയാണ് സൂചിപ്പിക്കുന്നത്. ദേശത്തിന്റെ പാപത്തിന് ദേശവാസികളായ പാപികൾ ശിക്ഷിക്കപ്പെടുകയും നീതിമാന്മാർ രക്ഷിക്കപ്പെടുകയും ചെയ്യും എന്ന വീക്ഷണമാണ് എസെക്കിയേൽ അനുവർത്തിക്കുന്നത് (9:4-6; 14:1320).

ശിക്ഷയായി വന്യമൃഗങ്ങളുടെ ഉപദ്രവമുണ്ടാകുമ്പോൾ മേൽപ്പറഞ്ഞ നീതിത്രയങ്ങൾക്കു തങ്ങളുടെ സന്താനങ്ങളെപ്പോലും രക്ഷിക്കാനാവില്ല എന്ന സന്ദേശമാണ് (വാ. 15) എസെക്കിയേൽ നൽകുന്നത്. നിയ 24:16 ൽ പരാമർശിക്കുന്ന "പാപത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്വം" എന്ന തത്വമാണ് പ്രവാചകൻ ഇവിടെ ആധാരമാക്കുന്നത്. ജോബിന്റെ മക്കൾ നശിപ്പിക്കപ്പെട്ടത് (ജോബ് 1:18-19) ഇവിടെ വിവക്ഷിക്കപ്പെടുന്നുണ്ടാകാം. വാളിനുമുന്നിലും പകർച്ചവ്യാധികൾക്കുമുന്നിലും ഇതേ അനുഭവം തന്നെയാണ് ദേശവാസികളെ കാത്തിരിക്കുന്നത്. മോശയും സാമുവേലും സന്നിഹിതരായാൽപ്പോലും ജറുസലേം രക്ഷപ്പെടില്ല എന്ന ജറെ 15:1 ലെ ചിന്താധാരയുമായി എസെ 14:13-20 ലെ വിവരണത്തിനു പൊരുത്തമുണ്ട്. ജറെ 15:1-3 ന്റെ പുനരാവിഷ്കാരമായി എസെ 14:13-20 നെ കരുതാൻ താരതമ്യപഠനത്തിൽ ന്യായങ്ങൾ ഏറെയുണ്ട്. നീതിമാന്മാരെക്കുറിച്ചുള്ള സൂചന വന്യമൃഗങ്ങൾ, വാൾ, പകർച്ചവ്യാധി തുടങ്ങിയവയെക്കുറിച്ചുള്ള പരാമർശം എന്നിവ ഇരുവിവരങ്ങളിലും സമാനമാണ്.

**14:21-23,** ദൈവിക ശിക്ഷയായി നിയമഗ്രന്ഥത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ക്ഷാമം (ലേവ്യ 26:26), വന്യമൃഗങ്ങൾ (ലേവ്യ 26:22), വാൾ (ലേവ്യ 26:25), പകർച്ചവ്യാധി (ലേവ്യ 26:25) എന്നിവ ജറുസലേമിനെ നിത്യമായും നശിപ്പിക്കുമോ? എന്ന പ്രവാസികളുടെ ആശങ്കയാണ് ഈ വചനഭാഗത്തിലെ മുഖ്യപ്രമേയം. ഇവിടെ പരാമർശിക്കപ്പെടുന്ന "അവശേഷിക്കുന്നവർ" ആരാണ് എന്നതിനെക്കുറിച്ച് അഭിപ്രായാന്തരങ്ങളുണ്ട്. എസെ 9:4-6 ൽ പരാമർശിക്കപ്പെടുന്ന നീതിമാന്മാരുടെ മുദ്രപേറുന്നവരോ ബി.സി. 587 ലെ യുദ്ധത്തിൽ നാശനഷ്ടം സംഭവിക്കാതിരുന്ന വ്യക്തികളോ ആയിരിക്കാം. നന്മചെയ്തവർ രക്ഷിക്കപ്പെട്ടതിലൂടെ പ്രവാസികൾ തങ്ങൾക്കു കിട്ടിയ ദൈവശിക്ഷ ന്യായയുക്തമാണെന്ന് അംഗീകരിക്കും എന്നതാണ് പ്രവാചകൻ ഉയർത്തുന്ന യുക്തി.

**15:1–8,** ജറുസലേമിന്റെ ആസന്നമായ തകർച്ചയെ കരിഞ്ഞമുന്തിരിത്തണ്ടിനോടു സാമ്യപ്പെടുത്തുന്ന വിവരണമാണ് 15:1–8 ൽ കാണുന്നത്. ഇസ്രായേലിന്റെ തിരഞ്ഞെടുക്കപ്പെട്ട അവസ്ഥയുടെ പ്രതീകമായി മുന്തിരിച്ചെടി പരിഗണിക്കപ്പെട്ടിരുന്നു (സങ്കീ 80:9–20; ഏശ 5:17) കാനാൻ ദേശം സമൃദ്ധമായ മുന്തിരിവിളയുടെ നാടാണ് (സംഖ്യ 13:23–24). ദൈവം നട്ടു വളർത്തിയ വിശിഷ്ട മുന്തിരിച്ചെടിയായ ഇസ്രായേൽ ദുഷിച്ചു കാട്ടുമുന്തിരിയായതിനെക്കുറിച്ച് ജറെ 2:21 ൽ സൂചനയുണ്ട്. എസെ 19:10–14 ൽ മുന്തിരിച്ചെടിയുടെ പ്രതീകാത്മകത ഇസ്രായേലിനെ സൂചിപ്പിക്കാൻ വീണ്ടും ഉപയോഗിക്കുന്നുണ്ട്.

എന്നാൽ മുന്തിരിച്ചെടി, മുന്തിരിപ്പഴം തുടങ്ങിയ സാമാന്യ പ്രതീകങ്ങൾ വിട്ട് മുന്തിരിയുടെ തണ്ടിനെക്കുറിച്ചാണ് എസെ 15:1–8 ൽ വിവരിക്കുന്നത്. ഉണങ്ങിയ മുന്തിരിത്തണ്ടിനെ കത്തിക്കാനല്ലാതെ മറ്റൊന്നിനും കൊള്ളില്ല എന്ന സത്യമാണ് പ്രവാചകൻ വെളിപ്പെടുത്തുന്നത്.

**വിചിന്തനം:** 1. മനുഷ്യന്റെ സുസ്ഥിതി ധാർമ്മികതയുമായി അഭേദ്യം ബന്ധപ്പെട്ടതാണ് എന്ന എസെക്കിയേലിന്റെ ചിന്ത ഏറെ പ്രസക്തമാണ്. അധർമ്മത്തിലൂടെ ദൈവവുമായുള്ള ബന്ധം ദൈവജനം വിച്ഛേദിക്കുന്നതിനാൽ അവർ ഉണങ്ങി വരണ്ട് അഗ്നിയോഗ്യമായ വിറകായി മാറുന്നു എന്നതാണ് പ്രവാചകന്റെ അഭിമതം. യോഹ 15:1–7 ൽ യേശുവിന്റെ പ്രതീകാത്മക പ്രബോധനവും ഈ സത്യത്തെ സാധൂകരിക്കുന്നു.

2. മനുഷ്യന്റെ പാപത്തിന്റെ ഉത്തരവാദിത്വം വ്യക്തിപരമാണ് എന്ന കർക്കശമായ നിലപാടാണ് എസെക്കിയേൽ സ്വീകരിക്കുന്നത്. തലമുറകളുടെ ശാപം എന്ന ആശയം എസെക്കിയേലിനു സ്വീകാര്യമല്ല. പുണ്യ - പാപങ്ങളെ വൈയക്തിക ഉത്തരവാദിത്വങ്ങളുടെ ശരിയായ നിലപാടുതറയിൽ പുന:സ്ഥാപിക്കുന്നു എന്നതാണ് എസെക്കിയേലിന്റെ ദൈവശാസ്ത്ര ദർശനങ്ങളിലെ ഏറ്റവും തനിമയാർന്ന സവിശേഷത. നന്മകളെയും തിന്മകളെയും വ്യക്തിവൽക്കരിക്കുകയും പാപങ്ങളെ സാമൂഹ്യവൽക്കരിക്കുകയും ചെയ്യുന്ന ആധുനിക പ്രവണതയെയാണ് എസെക്കിയേൽ എതിർക്കുന്നത്.

# എസെക്കിയേൽ 16:1–63, ജറുസലേമിന്റെ അവിശ്വസ്തയായ ഭാര്യ

പ്രതീകാത്മക പ്രവൃത്തികളും പ്രതിരൂപകങ്ങളുടെ പ്രയോഗവും കൊണ്ടു സമ്പന്നമാണ് എസെക്കിയേലിന്റെ ഗ്രന്ഥം. ഇസ്രായേലിന്റെ അവിശ്വസ്തതയും ദൈവത്തിന്റെ കാരുണ്യവും ഒരുപോലെ വെളിപ്പെടുത്തുന്ന പ്രതീകമാണ് ദാമ്പത്യഅവിശ്വസ്തതയുടെ പ്രതീകം. ജറുസലേം നഗരത്തെ സ്ത്രീയോടാണ് ഉപമിച്ചിരിക്കുന്നത്. മധ്യപൗരസ്ത്യദേശങ്ങളെ ദേവതകളായി കരുതി ആരാധിച്ചിരുന്നു. യഹൂദരുടെ ഏകദൈവവിശ്വാസം ശക്തിപ്രാപിച്ചപ്പോൾ ഈ ചിന്താഗതിയെ തിരുത്തി നഗ





രങ്ങളുടെ രക്ഷാധികാരി (patron) ദൈവമാണെന്ന വിശ്വാസം പ്രചരിപ്പിച്ചു. എങ്കിലും പാശ്ചാത്യ സെമിറ്റിക്ക് സംസ്കാരത്തിൽ നഗരങ്ങളെ സ്ത്രീസംജ്ഞയിൽ തുടർന്നും അഭിസംബോധന ചെയ്തിരുന്നു: മകൾ (ഏശ 1:8; വിലാ 2:18), ഭാര്യ (എസെ 16), അമ്മ (ഏശ 49:14–18), വിധവ (വിലാ 1:1) തുടങ്ങിയ പരാമർശങ്ങൾ ഉദാഹരണങ്ങളാണ്.

16:1–63 ന്റെ ഘടന ചുവടെ വിശദീകരിക്കുംവിധം ഗ്രഹിക്കാവുന്നതാണ്:

**A. ആമുഖം : അഭിസംബോധന, പശ്ചാത്തലം (വാ 1–3)**

**B. ശിക്ഷാവിധിയെക്കുറിച്ചുള്ള പ്രതീകാത്മക പ്രവചനം (വാ. 4–43)**

1. ശിക്ഷയ്ക്കുള്ള കാരണങ്ങൾ (വാ. 4–34)
2. ശിക്ഷാവിധിയുടെ പ്രഖ്യാപനം (വാ. 35–43)

**C. അനുബന്ധ ആരോപണങ്ങൾ (വാ. 44–58)**

1. വിജാതീയരാജ്യങ്ങളുമായുള്ള താരതമ്യം (വാ. 44–46)
2. ഇപ്പോഴത്തെ പാപാവസ്ഥ (47–58)

**D. അനുബന്ധ ശിക്ഷകൾ (വാ. 59–63)**

1. ഉടമ്പടി ലംഘനത്തിന് ശിക്ഷ (വാ. 59–60)
2. ഉടമ്പടിയുടെ നവീകരണം (വാ. 61–63)

സുദീർഘമായ ഈ അധ്യായത്തെ മേൽപറഞ്ഞ ഘടനയെ ആധാരമാക്കിയാണ് തുടർന്നുള്ള ഭാഗത്ത് വ്യാഖ്യാനിക്കുന്നത്.

# എസെക്കിയേൽ 16:1–34, അവിശ്വസ്തയുടെ നാൾവഴി

ഇസ്രായേലും ദൈവവും തമ്മിലുള്ള ബന്ധത്തെ വിവാഹ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു എന്നതാണ് ഈ അധ്യായത്തിന്റെ സവിശേഷത.

**16:1–7,** ജറുസലേമിന്റെ മ്ലേച്ഛതകളെ (ഹീബ്രുവിൽ "തൊഏബാ") ക്കുറിച്ചു പ്രവചിക്കാനാണ് എസെക്കിയേലിനുള്ള ദൈവനിയോഗം. ജറുസലേമിന്റെ ഭൂതകാലം അപമാനകരമായിരുന്നു (വാ. 3–5). ജനനത്തോടെ വയലിൽ ഉപേക്ഷിക്കപ്പെട്ട അനാഥശിശുവായിരുന്നു അവൾ. കാനാന്യരായ ഹിത്യ - ആമോര്യ ദമ്പതികൾക്കു പിറന്നവൾ എന്ന പ്രയോഗം ജറുസലേം പ്രാരംഭത്തിൽ ഒരു വിജാതീയ നഗരമായിരുന്നു എന്നതിന്റെ സൂചനയാണ്.

വഴിപോക്കനായി വന്ന ദൈവം ജറുസലേമിനെ ദത്തെടുത്തു വളർത്തുന്നതായാണ് 6–7 വാക്യങ്ങളിലെ സൂചന. ഹമ്മുറാബിയുടെ നിയമസംഹിതയുടെ 185–ാം നിയമമനുസരിച്ച് പിറന്നുവീണയുടൻ ദത്തെടുക്കപ്പെടുന്ന കുഞ്ഞുങ്ങളെ തിരികെ വാങ്ങാൻ മാതാപിതാക്കൾക്ക് അവകാശമില്ലായിരുന്നു. ജറുസലേമിനുമേൽ മറ്റാർക്കും അവകാശമില്ല എന്നതിന്റെ സൂചനയായി ഈ പരാമർശം ഗ്രഹിക്കാം.

**16:8–14, ജറുസലേമിന്റെ വിവാഹം:** ദൈവം രണ്ടാംവട്ടം കടന്നുപോകുമ്പോൾ യൗവനയുക്തയും നഗ്നയുമായ ജറുസലേമിനെക്കണ്ട് തന്റെ മേലങ്കി അവൾക്കു നൽകി. മേലങ്കി നൽകുന്നത് വിവാഹ ഉടമ്പടിയുടെ സൂചനയായി കരുതാം (റൂത്ത് 3:9). തന്റെ വധുവിനോടുള്ള ദൈവത്തിന്റെ സ്നേഹപ്രകടനങ്ങളാണ് 9–11 വാക്യങ്ങളിൽ വർണ്ണിക്കുന്നത്. ദൈവം ചിത്രത്തുന്നലുള്ള വസ്ത്രങ്ങൾ (ഹീബ്രുവിൽ “റിഖ്മാ”) കൊണ്ടാണ് തന്റെ വധുവിനെ അലങ്കരിക്കുന്നത്. “റിഖ്മാ” എന്ന പദം വിശുദ്ധസ്ഥലത്തിന്റെ വിരിയെയും പുരോഹിത വസ്ത്രത്തെയും സൂചിപ്പിക്കാനാണ് ബൈബിളിൽ ഉപയോഗിക്കുന്നത് (പുറ 26:36; 27:16; 28:39; 35:35; 39:29). ഈ വിവാഹത്തിന്റെ ആത്മീയമാനമാണ് ഇവിടെ പ്രകടമാകുന്നത്. വധുവിന്റെ ആഭരണങ്ങൾ ഉൽപ 24:22, 47, 53 വാക്യങ്ങളിൽ വർണ്ണിക്കുന്ന നവവധുവായ റബേക്കായുടെ ആഭരണങ്ങളോടുസാദൃശ്യമുള്ളവയാണ്. അവളുടെ ചെരിപ്പ് സമാഗമകൂടാരത്തിൽ ഉപയോഗിച്ചിരുന്നതരത്തിലുള്ള തുകൽ (= “തഹാസ്”) കൊണ്ടുനിർമ്മിച്ചതായിരുന്നു (പുറ 25:5; 26:14; 35:7; 39:34). ദൈവത്തിന്റെ കരുതലുള്ള സ്നേഹത്തിന് ദാമ്പത്യത്തിന്റെ പ്രാരംഭകാലത്ത് സ്വാഭാവികമായി ഉണ്ടാകേണ്ട സ്നേഹംപോലും(ഹോസി 2:14–15; ജറെ 2:2) ജറുസലേം കാണിക്കുന്നില്ല എന്നത് എസെക്കിയേലിന്റെ ആഖ്യാനത്തിലെ തനിമയാർന്ന സവിശേഷതയാണ്. ജറുസലേമിന്റെ പക്ഷത്ത് ഒരിക്കൽപോലും നന്മയില്ലായിരുന്നു എന്നു സ്ഥാപിക്കാനുള്ള ശ്രമമാണ് ഗ്രന്ഥകാരൻ നടത്തുന്നത്.

**16:15–22, വിഗ്രഹാരാധന:** രാജകീയ വധുവിനെപ്പോലെ അലങ്കരിക്കുകയും അതുല്യമായ സ്നേഹത്താൽ സംരക്ഷിക്കുകയും ചെയ്ത ദൈവവുമായുള്ള ദാമ്പത്യ ഉടമ്പടി മറന്ന് ജറുസലേം വ്യഭിചാരം ചെയ്തു എന്നതാണ് അവൾക്കെതിരേയുള്ള ഓരാരോപണം. സുഭാ 7:16–18 ൽ വിവരിക്കുന്ന സ്വൈരിണിയുടെ ലക്ഷണങ്ങളെല്ലാം ജറുസലേം ഇവിടെ പ്രകടമാക്കുന്നുണ്ട്. ദൈവം നൽകിയ വിവാഹ സമ്മാനമായ സ്വർണ്ണ – വെള്ളി ആഭരണങ്ങൾ കൊണ്ടുതന്നെ അവൾ വിഗ്രഹങ്ങൾ നിർമ്മിച്ചു എന്നത് അവളുടെ പാപത്തെ ഏറ്റവും ഹീനമാക്കുന്നു. ദൈവം ആഹാരമായി നൽകിയ നേർത്തമാവും പാനീയങ്ങളും അവൾ വിഗ്രഹങ്ങൾക്കു നേദിച്ചു. കൂടാതെ ദൈവത്തിന്റെ മക്കളെ അവൾ വിഗ്രഹങ്ങൾക്കു ബലി കൊടുക്കുകയും ചെയ്തു. ബി.സി. എട്ടാം നൂറ്റാണ്ടു മുതൽ, ഫിനീഷ്യൻ സംസ്കാരത്തിലെ ശിശുബലി എന്ന ആചാരം ഇസ്രായേലിൽ പ്രചരിച്ചു തുടങ്ങിയിരുന്നു (2 രാജാ 16:3; 21:6; 23:10; ജറെ 3:24; 7:31; 19:5). നിയമഗ്രന്ഥം ശിശുബലിയെ കർക്കശമായി വിലക്കിയിരുന്നു (നിയ 12:31; 18:10; ലേവ്യ 18:21; 20:1–5). ഇസ്രായേലിന്റെ അവിശ്വസ്തതയുടെ ഭീകരതയാണ് പ്രവാചകൻ ഇവിടെ വെളിപ്പെടുത്തുന്നത്.

**16:23–34, വിജാതീയ രാജ്യങ്ങളുമായുള്ള സഹവാസം:** വിഗ്രഹാരാധനയെ വ്യഭിചാരമായി ചിത്രീകരിച്ച പ്രവാചകൻ വിജാതീയ രാജ്യങ്ങളുമായുള്ള യൂദായുടെ ഉടമ്പടികളെയും ദാമ്പത്യ അവിശ്വസ്തതയുടെ പദാവലിയാലാണ് വിശേഷിപ്പിക്കുന്നത്. വിദേശ ബന്ധങ്ങളിലൂടെ വിജാതീയ സ്ത്രീകളും അവർവഴി വിഗ്രഹാരാധനയും ഇസ്രായേലിൽ കടന്നുവന്നതിനാൽ ഇവയെ വിശേഷിപ്പിക്കാൻ സമാനപദാവലികൾ ഉപയോഗിക്കുന്നതിലൂടെ ഇവയുടെപാരസ്പര്യമാണ് ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത്.





മെസപ്പൊട്ടേമിയൻ സാമ്രാജ്യശക്തികളെ തുരത്താൻ ഇസ്രായേലും യൂദായും ഈജിപ്തിന്റെ സഹായം തേടിയിരുന്നതിനാലാണ് ആദ്യ ആരോപണം ഈജിപ്തിനെക്കുറിച്ച് ഉന്നയിക്കപ്പെടുന്നത് (വാ. 26). ഏശ 31:1–3 ൽ സമാനമായ വിമർശനം കാണാം. അസ്സീ റിയൻ ആക്രമണമുണ്ടായപ്പോഴും യൂദാ രാജാവായ ഹെസെക്കിയ ഈജിപ്തിന്റെ സഹായം തേടിയിരുന്നു (2 രാജാ 18–19). സഹായാഭ്യർത്ഥനയെക്കുറിച്ച് യാഹ്വേയെ പരിഹസിക്കുന്ന മറുപടിയാണ് അസ്സീറിയൻ സൈന്യാധിപൻ നടത്തുന്നത് (2 രാജാ 18:21; ഏശ 36:6). സെന്നക്കരീബ് യൂദായെ വിഭജിച്ച് വലിയൊരു ഭാഗം ഫിലിസ്ത്യ ദേശത്തോടു ചേർത്തതിനെയാണ് 16:27 ൽ പരാമർശിക്കുന്നത്.

രണ്ടാമത്തെ പങ്കാളിയായി ആരോപിക്കുന്നത് അസ്സീറിയാക്കാരെയാണ്. മനാഹെം രാജാവിന്റെ കാലത്ത് (ബി.സി. 745–738) അസ്സീറിയൻ സഹായം തേടിയതിനെ ഹോസിയ 8:9 ൽ വിമർശിക്കുന്നുണ്ട്. യൂദായുടെ അസ്സീറിയൻ ബന്ധം ആരംഭിക്കുന്നത് ആഹാസ് രാജാവിന്റെ കാലത്താണ് (ബി.സി. 735–715). തുടർന്ന് യൂദാ അസ്സീറിയായുടെ സാമന്തരാജ്യമായിരുന്നു (2 രാജാ 16:5–9).

മൂന്നാമത്തെ പങ്കാളികൾ കൽദായർ അഥവാ ബാബിലോണിയാക്കാർ ആണ്. യൂദാരാജാവായ ഹെസെക്കിയാ ആണ് ബാബിലോണുമായി സഖ്യത്തിലേർപ്പെട്ടത് (2 രാജാ 20:12–19). ഇസ്രായേൽ സകല അപരിചിതരുമായി വ്യഭിചരിച്ചു എന്നതാണ് അവസാന ആരോപണം. “അപരിചിതൻ” (= “സാറിം”) എന്നത് വിവാഹബന്ധത്തിനു വെളിയിലുള്ളവൻ എന്നും വിജാതീയ രാജ്യം എന്നും (എസെ 7:21; 11:9), അന്യദേവന്മാർ (നിയ 32:16) എന്നും വിജാതീയരുടെ മ്ലേച്ഛപ്രവൃത്തികൾ എന്നും അർത്ഥങ്ങളുണ്ട്. ഈ അർത്ഥങ്ങളെല്ലാം എസെ 16:32 ൽ അനുയോജ്യമാകുന്നുണ്ട്. വേശ്യയേക്കാൾ നിന്ദ്യമായ പ്രവൃത്തിയാണ് ഇസ്രായേൽ ചെയ്യുന്നത്. കാരണം വേശ്യ പ്രതിഫലം (“എത്നാൻ”) കൈപ്പറ്റുമ്പോൾ ഇസ്രായേൽ സമ്മാനം (“നേതെഹ്”) നൽകിയാണ് കാമുകന്മാരെ ആകർഷിച്ചിരുന്നത്.

## എസെക്കിയേൽ 16:35–63, ശിക്ഷാവിധി

അവിശ്വസ്തതയ്ക്കു പ്രതിഫലമായി ഇസ്രായേൽ അനുഭവിക്കേണ്ടിവരുന്ന ശിക്ഷാവിധിയെക്കുറിച്ചാണ് പ്രവാചകൻ തുടർന്നു സംസാരിക്കുന്നത്.

**16:35–43,** ശിക്ഷാപ്രഖ്യാപനത്തിനു മുമ്പ് കുറ്റപത്രം ഒരിക്കൽകൂടി വായിക്കുന്നതിനെ അനുസ്മരിപ്പിക്കുന്നതാണ് 36–37 വാക്യങ്ങൾ. തുടർന്നു ശിക്ഷാവിധിയാണ് പ്രഖ്യാപിക്കപ്പെടുന്നത്. താഴെപ്പറയുന്ന ശിക്ഷകളാണ് വിധിക്കപ്പെടുന്നത്. (1) സകല കാമുകന്മാർക്കും മുമ്പിൽ വച്ച് വസ്ത്രാ

ക്ഷേപം ചെയ്യപ്പെടും (വാ. 37 ജറെ 13:26; ഹോസി 2:9–10). (2) കാമുകന്മാർ അവളുടെ ശരീരം അപമാനിക്കുകയും നശിപ്പിക്കുകയും ചെയ്യും (വാ. 38–40). (3) ജറുസലെം സമ്പൂർണ്ണമായും നശിപ്പിക്കപ്പെടും (വാ. 41 –42). (4) ജറുസലേമിന്റെ നാശം ദൈവനീതിയുടെ വിജയമായി വിലയിരുത്തപ്പെടും (വാ. 43).

**16:44–58,** “അമ്മയെപ്പോലെ മകളും” എന്ന പഴഞ്ചൊല്ലിന്റെ വ്യാഖ്യാനത്തിലൂടെ വിജാതീയദേശങ്ങളേക്കാൾ അശുദ്ധയാണ് ഇസ്രായേൽ എന്ന ആശയം കൂടുതൽ ശക്തമായി അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്. ജറുസലേമിന്റെ സഹോദരിമാരായാണ് സമീപരാജ്യങ്ങളെ വിശേഷിപ്പിക്കുന്നത്: (1) സമരിയാ മൂത്ത സഹോദരിയാണ് – വടക്കൻ രാജ്യമായ ഇസ്രായേലിന്റെ തലസ്ഥാനമായിരുന്നു സമരിയാ എന്നതിനാൽ ജ്യേഷ്ഠസഹോദരി എന്ന വിശേഷണം (വാ. 46) തികച്ചും അനുയോജ്യമാണ്. (2) സോദോം ഇളയ സഹോദരി എന്നു വിശേഷിപ്പിക്കുന്നത് തിന്മയുടെ കാര്യത്തിലുള്ള സാദൃശ്യം കൊണ്ടാണ്. കാരണം സകല മ്ലേച്ഛതകളുടെയും കേന്ദ്രമായാണ് സോദോം അറിയപ്പെട്ടിരുന്നത് (നിയ 29:3; ആമോ 4:11; ഏശ 1:9; ജറെ 23:14). സോദോമിന്റെ തെറ്റുകൾ സാമൂഹികനീതിക്കു വിരുദ്ധമായതു പ്രവർത്തിച്ചു എന്നതായിരുന്നു (വാ. 49). തന്മൂലം ജറുസലേമിന്റെ തെറ്റുകൾ കേവലം വ്യഭിചാരവും വിഗ്രഹാരാധനയും മാത്രമല്ല സാമൂഹിക നീതിയുടെ നിഷേധവുംകൂടി ആണെന്നു വ്യക്തമാകുന്നു. ഈ സഹോദരിമാരെപ്പോലും ലജ്ജിപ്പിക്കുന്ന മ്ലേച്ഛതകൾ ജറുസലേം പ്രവർത്തിച്ചു.

**16:59–63,** ഉടമ്പടിയുടെ ലംഘനം എന്ന ഗുരുതരമായ ആരോപണമാണ് ജറുസലേമിനെതിരേ ഉന്നയിക്കപ്പെടുന്നത് (വാ. 59). ഉടമ്പടി എന്നതിലൂടെ വൈവാഹിക ഉടമ്പടി എന്നതിലുപരിയായി സീനായ് ഉടമ്പടി എന്ന വിശാലമായ അർത്ഥമാണ് ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത് എന്ന് അനുമാനിക്കാം. മനുഷ്യൻ ഉടമ്പടി മറന്നാലും ദൈവം ഓർമ്മിക്കുന്നു എന്നത് പഴയനിയമത്തിലെ ശക്തമായ പ്രമേയമാണ് (ലേവ്യ 26:40,42). ദൈവം ഉടമ്പടി അനുസ്മരിക്കുന്നു എന്നത് ഒരേ സമയം രക്ഷയുടെയും ശിക്ഷയുടെയും അനുഭവമാണ്. ഉടമ്പടി ലംഘകരുടെ ശിക്ഷയ്ക്കും ഉടമ്പടി അനുസരിക്കുന്നവരുടെ രക്ഷയ്ക്കും ഈ അനുസ്മരണം കാരണമാകുന്നു.

സമരിയായും സോദോമും യൂദായുടെ ഭാഗമായിത്തീരുമെന്നും എന്നാൽ കർത്താവിന്റെ വൈവാഹിക ഉടമ്പടി ജറുസലേമുമായി മാത്രമാണ് നിലനിൽക്കുന്നത് എന്നും ദൈവം ഓർമ്മിപ്പിക്കുന്നു (വാ. 61). ദൈവത്തിന്റെ ഈ കാരുണ്യം ജറുസലേമിനെ അനുതാപത്തിലേക്കും ഉടമ്പടിയുടെ നവീകരണത്തിലേക്കും നയിക്കും എന്ന പ്രത്യാശയാണ് ഈ വാക്യങ്ങളിൽ പ്രകടമാകുന്നത്. അനുസ്മരണം – അനുതാപം – പാപമോചനം – ഉടമ്പടി നവീകരണം എന്നീ ചതുർ മൂല്യങ്ങളിലാണ് പഴയനിയമം ആധ്യാത്മികതയുടെ അടിത്തറ പണിയുന്നത്.

തങ്ങൾക്കു വന്നുഭവിച്ച ദുരന്തം യാഹ്‌വേ യുടെ പരാജയമായും ദൈവപരിപാലനയുടെ വീഴ്ചയുമായി കരുതിയിരുന്ന പ്രവാസികളോട്





പ്രവാചകൻ പ്രബോധിപ്പിക്കുന്നത് തികച്ചും വ്യത്യസ്തമായ യഥാർത്ഥ്യമാണ്. പ്രവാസം ദൈവത്തിന്റെ പരാജയമല്ല യഹൂദർ ഉടമ്പടി പാലിക്കുന്നതിൽ വന്ന പരാജയം മൂലമാണ് സംഭവിച്ചത് എന്നു പഠിപ്പിക്കാനാണ് പ്രവാചകൻ ശ്രമിക്കുന്നത്.

**വിചിന്തനം:** 1. നീതിമാന്മാരുടെ സാന്നിധ്യം സമൂഹത്തിനു രക്ഷനൽകില്ല എന്ന എസെ 14:12–21 ലെ പ്രമേയം മതാത്മകചിന്തകളുമായി പൊരുത്തപ്പെടുന്നില്ല എന്നത് ശ്രദ്ധേയമാണ്. നീതിമാനായ ക്രിസ്തുവിലൂടെ പ്രപഞ്ചം മുഴുവൻ നീതീകരിക്കപ്പെട്ടു എന്ന ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണമാണ് എസെക്കിയേൽ ചോദ്യം ചെയ്യുന്നത് എന്നു വാദിക്കുന്നവരുണ്ട്. എന്നാൽ, നീതിമാന്റെ മാധ്യസ്ഥ്യ ശക്തിയെ ചോദ്യം ചെയ്യുകയല്ല; ജറുസലേമിന്റെ പാപാവസ്ഥയുടെ ഭീകരതയും പൂർണ്ണതയുമാണ് പ്രവാചകൻ ഇവിടെ പ്രകടമാക്കുന്നത്. എസെക്കിയേൽതന്നെ പലവട്ടം ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിക്കുന്നതിനാൽ നീതിമാന്മാരുടെ മാധ്യസ്ഥതയെ എസെക്കിയേൽ എതിർക്കുന്നില്ല എന്ന് നിസ്സംശയം പറയാം. ആരുടെയെങ്കിലും പുണ്യത്തെ ചാരിനിന്ന് നിരുത്തരവാദപരമായ സ്വന്തം ജീവിതത്തെ ന്യായീകരിക്കാനും നിസ്സാരവൽക്കരിക്കാനും മാധ്യസ്ഥ പ്രാർത്ഥനകൾ കാരണമാകുന്നുണ്ടെങ്കിൽ അതു തിരുത്തപ്പെടേണ്ട ചിന്തതന്നെയാണ്.

2. ദൈവം ജറുസലേമിനുവേണ്ടി ഒരുപിതാവും ഭർത്താവും എന്ന നിലയിൽ ചെയ്ത കാര്യങ്ങളുടെ ഹൃദയഹാരിയായ വർണ്ണനയിലൂടെ (16:1–15) ദൈവസ്നേഹത്തിന്റെ പ്രമേയമാണ് നാശത്തിനു നടുവിലും പ്രവാചകൻ അനുസ്മരിക്കുന്നത്. സങ്കടങ്ങളുടെ നടുക്കടലിൽ പെട്ടുപോയ സകലർക്കും പ്രത്യാശിക്കാനുള്ള ശരിയായ വഴിയാണ് പ്രവാചകൻ ചൂണ്ടിക്കാട്ടുന്നത്. ഇല്ലായ്മയിൽനിന്നും അവഗണനയിൽനിന്നും ദൈവകാരുണ്യം ഒന്നുകൊണ്ടുമാത്രമാണ് താൻ നാളിതുവരെ രക്ഷപ്പെട്ടതെന്നും അതേ കാരുണ്യം മാത്രമാണ് ഇപ്പോഴത്തെ പ്രതിസന്ധിയിലും ആശ്രയിക്കാനുള്ളത് എന്ന് തിരിച്ചറിയാനും പ്രവാചകൻ ആവശ്യപ്പെടുകയാണ്. ഗതകാലനന്മകളുടെ അനുസ്മരണം വർത്തമാനകാലത്തെ തിരുത്താനും ഭാവിയുടെ കർമ്മപദ്ധതികളെ ക്രമീകരിക്കാനും സഹായകമാണ്. കഴിഞ്ഞ കാലത്തെ അനുസ്മരിക്കാതെ ആർക്കും ഭാവിയുടെ ശരിയായ ദിശ വ്യക്തമാകുകയില്ല.

3. ദൈവം തന്റെ ഉടമ്പടി നവീകരിക്കും എന്ന പ്രത്യാശയുടെ സന്ദേശമാണ് പ്രവാചകൻ 16:58–63 ൽ നൽകുന്നത്. നാശത്തിന്റെയും കഠിന ശിക്ഷയുടെയും വിവരണത്തിനൊടുവിൽ മരുഭൂമിയിലെ നീരുറവപോലെ പ്രത്യക്ഷപ്പെടുന്ന ഈ വചനങ്ങൾ രക്ഷാകരപദ്ധതിയുടെ അർത്ഥം വെളിപ്പെടുത്തുന്നുണ്ട്. തങ്ങൾക്കു വന്നുഭവിച്ച നാശം ദൈവപരിപാലനയുടെ ഭംഗമാണെന്ന ചിന്തവെടിഞ്ഞ് ദൈവത്തോടുള്ള വിശ്വസ്തതാഭംഗത്തിന്റെ പരിണതിയാണെന്ന് തിരിച്ചറിയുന്നതാണ് ശരിയായ പശ്ചാത്താപവും മാനസാന്തരവും. തിരുത്തേണ്ടത് ദൈവമല്ല മറിച്ച് സ്വന്തം ജീവിതം തന്നെയാണെന്ന തിരിച്ചറിവാണ് ജീവിത നവീകരണത്തിനും ഉടമ്പടിയുടെ നവീകരണത്തിനും ആവശ്യമായിട്ടുള്ളത്.

# എസെക്കിയേൽ 17:1–24, മുന്തിരിച്ചെടിയും കഴുകന്മാരും

ഒരു കടംകഥയും (= ഹുദ്ഹിദാ) ഉപമയും (= മാഷാൽ) ചേർന്ന സങ്കീർണ്ണമായ വിവരണമാണ് 17:1–24 ൽ കാണുന്നത്. മനുഷ്യനെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പക്ഷികളെയും സസ്യങ്ങളെയും അവതരിപ്പിക്കുന്ന ഈ വിവരണത്തിന് ഒരു മുത്തശ്ശിക്കഥയുടെ രൂപഘടനയാണുള്ളത്. വ്യത്യസ്ത വിവരണങ്ങളെ പിൽക്കാല സംശോധകൻ കൂട്ടിച്ചേർത്തതിന്റെ ഫലമായുള്ള സങ്കീർണ്ണതകൾ ഈ ഗ്രന്ഥത്തിൽ ദൃശ്യമാണ്.

**17:1–10, കടങ്കഥ:** ലബനോനിൽനിന്ന് കേദാർമരത്തിന്റെ അഗ്രഭാഗം വാണിജ്യദേശത്തു നടുകയും അവിടെനിന്ന് ഒരു വിത്തെടുത്ത് ജലാശയത്തിനരികിൽ നടുകയും ചെയ്യുന്ന കഴുകനാണ് കടങ്കഥയിലെ ആദ്യ കഥാപാത്രം. മുന്തിരിച്ചെടി വളർന്നു തുടങ്ങിയപ്പോൾ അതിനെ പറിച്ചു നടുന്ന മറ്റൊരു കഴുകനാണ് രണ്ടാമത്തെ കഥാപാത്രം.

കഴുകൻ എന്ന പദം പ്രതീകാത്മകമായിട്ടാണ് പലപ്പോഴും ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്. സൈന്യത്തിന്റെ വേഗത്തെയും സംഹാരശേഷിയേയും സൂചിപ്പിക്കാനും (വിലാ 4:19; ഹബ 1:8) ദൈവപരിപാലനയെയും സംരക്ഷണയെയും സൂചിപ്പിക്കാനും (പുറ 19:4; 32:11) കഴുകൻ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. കേദാർമരങ്ങളുടെ നാടായ ലെബനോനിൽ നിന്നാണ് കഴുകൻ വൃക്ഷത്തിന്റെ അഗ്രഭാഗം ശേഖരിക്കുന്നത്. സോളമന്റെ കാലത്ത് ഇസ്രായേല്യർ ലെബനോനിൽ ജോലിക്ക് അയയ്ക്കപ്പെട്ടിരുന്നു (1 രാജാ 5:1–14). ദേവാലയത്തിനുള്ള തടി ശേഖരിക്കാനാണ് അവർ അയയ്ക്കപ്പെട്ടത്. എസെക്കിയേൽ ലബനോൻ എന്ന് പ്രതീകാത്മകമായി പറയുന്നത് ജറുസലേമിനെക്കുറിച്ചുതന്നെയാണ് എന്നാണ് ഭൂരിഭാഗം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നത്.

താൻ കൊത്തിയെടുത്ത കേദാർമരത്തിന്റെ അഗ്രഭാഗം വാണിജ്യദേശത്താണ് (ഏരെസ് കാനാൻ) കഴുകൻ നട്ടത്. വാണിജ്യങ്ങളുടെ നാട് എന്നത് എസെ 16:29 ന്റെ വെളിച്ചത്തിൽ ബാബിലോണിയ ആണെന്ന് അനുമാനിക്കാം. യൂദായുടെ ബാബിലോൺ പ്രവാസത്തെയാണ് പ്രവാചകൻ ഇവിടെ വിവക്ഷിക്കുന്നത്. ഇവിടെ കഴുകൻ എന്നു വിവക്ഷിക്കുന്നത് ദൈവത്തെ തന്നെയാണ് എന്നു കരുതാം. ഇതേ കഴുകൻ ഒരു വിത്ത് “ദേശത്തു നിന്ന്” എടുത്ത് ജലസമൃദ്ധിയുള്ള ഫലഭൂയിഷ്ഠമായ മണ്ണിൽ നട്ടു. വിത്ത് എടുത്ത ദേശം ഏത് എന്നതാണ് ആദ്യ പ്രശ്നം. “ആ ദേശം” എന്ന പി.ഓ.സി. വിവർത്തനം വിത്ത് എടുക്കപ്പെട്ടത് “വാണിജ്യത്തിന്റെ നാട്ടിൽ” നിന്നുതന്നെയാണെന്ന ധ്വനി നൽകുന്നുണ്ട്. എന്നാൽ സൂചകസർവ്വനാമമില്ലാതെ ദേശം എന്നു മാത്രമാണ് മൂലകൃതിയിലുള്ളത്. സങ്കീ 80:8–11 ന്റെ വെളിച്ചത്തിൽ കഴുകൻ (ദൈവം) മുന്തിരികൊണ്ടുവന്ന ദേശം ഈജിപ്താണ് എന്നു കരുതാൻ ന്യായമുണ്ട് (Darr, Ezekiel, NIBC 6 P.1246). ഇസ്രായേലിന്റെ പൂർവ്വചരിത്രത്തിൽ ദൈവം ഇടപെട്ടതിനെയും അവിടുന്നു നൽകിയ സ്നേഹത്തെയുമാണ് ഇവിടെ വിവക്ഷിക്കുന്നത്. മുന്തിരി നട്ടുവളർത്തിയ ജലസമൃദ്ധവും ഫലഭൂയിഷ്ഠവുമായ നാട് നിയ 8:7 ന്റെ വെളിച്ചത്തിൽ ജറുസലേം തന്നെയാണ്. മുന്തിരിനട്ട കഴുകൻ അതിനെ നനച്ചുവളർത്തി കുറ്റമറ്റരീതിയിൽ പരിപാലിച്ചുപോന്നു.





ഈ അവസരത്തിലാണ് രണ്ടാമത്തെ കഴുകൻ വരുന്നത്. ഈ കഴുകന് വലിയ ചിറകുകളും തൂവലുകളുമുണ്ടെങ്കിലും (ബാഹ്യമോടി ഉണ്ടെങ്കിലും) മുന്തിരിച്ചെടിക്കുവേണ്ടി അത് പ്രത്യേകിച്ചൊന്നും ചെയ്യുന്നില്ല. എന്നാൽ മുന്തിരിച്ചെടിയാകട്ടെ തന്നെ നട്ടുനനച്ചുപരിപാലിച്ചുപോന്ന കഴുകനെ വിട്ട് പുതുമോടിയുള്ള കഴുകനിലേക്ക് ആകൃഷ്ടയായി. ജറുസലേമിലെ വിഗ്രഹാരാധനയും മ്ലേച്ഛതകളുമാണ് ഇവിടെ വിവക്ഷിക്കുന്നത് എന്നു വ്യക്തമാണ്. രണ്ടാമത്തെ കഴുകൻ സകല വിഗ്രഹങ്ങളെയും വിജാതീയ ദേവന്മാരെയും പ്രതിനിധാനം ചെയ്യുന്നു. 16–ാം അധ്യായത്തിൽ വിവരിച്ച ജറുസലേമിന്റെ അവിശ്വസ്തതയുടെ പ്രതീകാത്മക വിവരണമായി ഈ കടങ്കഥയെ മനസ്സിലാക്കാം. ഇപ്രകാരം അവിശ്വസ്തയായ ഇസ്രായേലിന്റെ പ്രവൃത്തിയെ “പറിച്ചുനടീലി”നോടാണ് പ്രവാചകൻ ഉപമിക്കുന്നത് (വാ. 8). എന്നാൽ ഇത് ഇസ്രായേലിനു നാശകരമാകും എന്ന മുന്നറിയിപ്പും നൽകുന്നു.

**17:11–21,** മുൻസൂചിപ്പിച്ച (വാ. 1–10) കടങ്കഥയുടെ വ്യാഖ്യാനമാണ് ഇവിടെ നൽകുന്നത്. കടങ്കഥയനുസരിച്ച് പ്രവാസത്തിന് രണ്ടു വ്യാഖ്യാനങ്ങൾ സാധ്യമാണ്. ഒന്നാമതായി ദൈവം ജറുസലേമിൽനിന്നും ബാബിലോണിൽ കൊണ്ടുപോയി നട്ടുപിടിപ്പിച്ച കേദാർ വൃക്ഷത്തലപ്പാണ് പ്രവാസികളെങ്കിൽ അവരുടെ ഭാവി ദൈവകരങ്ങളിൽ ഭദ്രമാണ്. രണ്ടാമതായി, വിജാതീയ ദേവന്മാർ (രണ്ടാമത്തെ കഴുകൻ) പറിച്ചുനട്ട മുന്തിരിച്ചെടിയായിട്ടാണ് പ്രവാസികൾ തങ്ങളുടെ പ്രവാസകാലത്തെ കരുതുന്നതെങ്കിൽ അവർ രക്ഷപെടില്ല. പ്രവാസത്തെ ഏത് അർത്ഥത്തിൽ സ്വീകരിക്കുന്നു എന്നത് അവരുടെ ഭാവിയെ നിർണ്ണായകമായി സ്വാധീനിക്കും എന്ന മുന്നറിയിപ്പാണ് പ്രവാചകൻ നൽകുന്നത്.

ബി.സി. 587 ലെ പ്രവാസവുമായി ബന്ധപ്പെട്ട് ജറുസലേമിൽ നടന്ന സംഭവങ്ങളാണ് വാ. 14–15 ൽ വിവരിക്കുന്നത്. യൂദാ രാജാവായ യഹോയാക്കിനെ തടവിലാക്കി നാടുകടത്തിയ ബാബിലോണിയൻ സൈന്യം മത്താനിയ എന്ന രാജകുമാരനെ സെദെക്കിയ എന്ന് പുനർനാമകരണം ചെയ്ത് യൂദായിൽ രാജാവായി വാഴിച്ചു. നിത്യമായ ആശ്രിതത്വം ഉറപ്പുവരുത്തുന്ന ഉടമ്പടിയും അവർ സെദെക്കിയായുമായി ഉണ്ടാക്കി. എന്നാൽ സെദെക്കിയാ ഉടമ്പടി ലംഘിച്ച് ബാബിലോണിനെതിരേ പൊരുതാൻ ഈജിപ്തിന്റെ സഹായം തേടി. ഈ ഉടമ്പടി ലംഘനം സെദെക്കിയായുടെ ജീവഹാനിക്കും യൂദായുടെ സമ്പൂർണ്ണ നാശത്തിനും കാരണമായി. ഈ ചരിത്രസംഭവത്തെ 17:1–10 ലെ കടങ്കഥയുമായി ബന്ധിപ്പിച്ചു വ്യാഖ്യാനിച്ചാൽ ആദ്യ കഴുകൻ ബാബിലോണും അവൻ വളർത്തിയ മുന്തിരി സെദെക്കിയരാജാവുമാണ്; രണ്ടാമത്തെ കഴുകനാകട്ടെ ഈജിപ്തും. ഉടമ്പടിലംഘനവും അവിശ്വസ്തതയും സെദെക്കിയായുടെ നാശത്തിനു കാരണമായതുപോലെ ദൈവത്തോടുള്ള അവിശ്വസ്തത ഇസ്രായേലിന്റെ നാശത്തിനും കാരണമായി എന്നതാണ് പ്രവാചകൻ അർത്ഥമാക്കുന്നത്.

**17:22-24,** "കർത്താവ് അരുളിച്ചെയ്യുന്നു" എന്ന മുഖക്കുറിപ്പ് (വാ. 22) പുതിയൊരു പ്രവചനം ആരംഭിക്കുന്നു എന്നതിന്റെ സൂചനയാണ്. അവിശ്വസ്തതക്കുള്ള നീതിപൂർവ്വമായ ശിക്ഷ നാശമാണെങ്കിലും ദൈവം തന്റെ അനന്തമായ കരുണയാൽ ഇസ്രായേലിനെ കാത്തുരക്ഷിക്കും എന്ന പ്രത്യാശയുടെ സന്ദേശമാണ് പ്രവാചകൻ നൽകുന്നത് (വാ. 22-24). ബാബിലോണിൽ നട്ട കേദാർ മരത്തിന്റെ ശിഖരമെടുത്ത് ദൈവം ഉന്നതമായ പർവ്വതത്തിൽ (സീയോൻ മലയിൽ) നടും എന്നതാണ് പ്രതീക്ഷയുടെ ആദ്യ കിരണം. ഈ ചെടി മുന്തിരിയല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഈജിപ്തിൽ നിന്നു കൊണ്ടുവന്ന മുന്തിരിച്ചെടിക്കു പകരം ബാബിലോണിലെ കേദാർ മരത്തിനു പ്രാധാന്യം കൊടുക്കുന്നതിലൂടെ പ്രവാസാനന്തരകാലം ഒരു പുതിയ തുടക്കമായിരിക്കും എന്ന സൂചനയാണ് പ്രവാചകൻ നൽകു ന്നത്.

സകലജീവികളും കൂടുകൂട്ടുന്ന വൻ വൃക്ഷമായി സീയോനിലെ വൃക്ഷം മാറും എന്നത് ശ്രദ്ധേയമായ ഒരു പ്രതീകമാണ് (ഏശ 11:1-10). "പ്രാപഞ്ചിക വൃക്ഷം" (Cosmic tree) എന്ന ഐതീഹ്യ സങ്കല്പം ഈ പ്രതീകവൽകരണത്തിനു പിന്നിലുണ്ട്. ഇസ്രായേൽ മാത്രമല്ല സകല ജനപദങ്ങളും യാഹ്‌വേയെ പ്രകീർ ത്തിക്കുന്ന യുഗാന്ത്യവീക്ഷണത്തിന്റെ സൂചനയാണ് "വയലിലെ സകല വൃക്ഷങ്ങളും ദൈവത്തെ അറിയും" എന്ന സമാപനവാക്യം വ്യക്തമാക്കുന്നത്. അന്ത്യത്തിൽ എല്ലാം ക്രമീകരിക്കുന്ന ദൈവം എന്ന സങ്കല്പം (1 സാമു 2:7; സങ്കീ 18:27; 75:7; 147:6) ഇവിടെ നിഴലിക്കുന്നുണ്ട്.

**വിചിന്തനം:** ചരിത്രത്തിന്റെ നിയന്താവായ ദൈവത്തെയാണ് എസെക്കിയേൽ അവതരിപ്പിക്കുന്നത്. സംഭവിക്കുന്നതെല്ലാം ദൈവഹിതാനുസൃതമാകയാൽ ചരിത്രത്തിന്റെ പരിസമാപ്തി സർവ്വനാശത്തിൽ ആയിരിക്കില്ല മറിച്ച് സാർവ്വത്രിക രക്ഷയിലായിരിക്കും എന്ന ശുഭാപ്തി വിശ്വാസം പ്രവാചകനുണ്ട്. ഒരു വ്യക്തിയുടെ ചരിത്രവീക്ഷണം അയാളുടെ ആധ്യാത്മികതയുടെ അടിസ്ഥാന പാഠമാണെന്ന് പ്രവാചകൻ കരുതുന്നു. ചരിത്രത്തെ സംഘർഷഭൂമിയായി (dialectical) മാത്രം കരുതുന്നവരുണ്ട് (ഉദാ. മാർക്സിസം), ചരിത്രമെന്നത് ശക്തന്മാരുടെ അതിജീവനകഥയായി മാത്രം വിശദീകരിക്കുന്നവരുണ്ട് (ഉദാ. പരിണാമ സിദ്ധാന്തം). ചരിത്രം സംഭവിച്ചു പോകുന്നതല്ല ചരിത്രത്തിന് നിയതമായ ഒരു പന്ഥാവും നിയന്താവുമുണ്ട് എന്ന സത്യം വിശ്വാസത്തിന്റെ മൂലക്കല്ലാണ്. ഈ സത്യം നിഷേധിക്കുന്നവർക്ക് ചരിത്രം എന്നത് യുദ്ധങ്ങളും വർഗ്ഗസമരങ്ങളും നിറഞ്ഞ ലക്ഷ്യമില്ലാത്ത പ്രഹേളിക മാത്രമാണ്.

രക്ഷാചരിത്രവും ലോകചരിത്രവും വിശാലമായ അർത്ഥത്തിൽ ഒന്നുതന്നെയാണ് എന്ന നിലപാടാണ് എസെക്കിയേൽ സ്വീകരിക്കുന്നത്. ചരിത്രത്തിന്റെ പരിസമാപ്തിയിൽ തെരഞ്ഞെടുക്കപ്പെട്ടവർ മാത്രമല്ല സകല ജനപദങ്ങളും ഏകസത്യ ദൈവത്തെ ആരാധിക്കുമ്പോൾ രക്ഷാചരിത്രവും ലോകചരിത്രവും ഒന്നാകുന്നു. ചരിത്രത്തിന്റെ നിയന്താവിനോടുള്ള വിശ്വസ്തതയാണ് ഓരോ വ്യക്തിയുടെയും ചരിത്രത്തെ നിയന്ത്രിക്കുന്ന നിർണ്ണായക ഘടകം.





# എസെക്കിയേൽ 18:1-32, ദുഷ്ടന്റെ നാശം ആഗ്രഹിക്കാത്ത ദൈവം

ഇസ്രായേലിന്റെ സത്യവിശ്വാസം സംരക്ഷിക്കുക എന്നതായിരുന്നു എസെക്കിയേലിന്റെ പ്രഥമദൗത്യം. ഇതര പ്രവാചകന്മാർ രാജാക്കന്മാരോടും വ്യക്തികളോടും സാമൂഹിക വ്യവസ്ഥിതികളോടും നേരിട്ടു പൊരുതിക്കൊണ്ടാണ് തങ്ങളുടെ ദൗത്യം നിറവേറ്റിയത്. എന്നാൽ, എസെക്കിയേലാകട്ടെ ഇസ്രായേലിന്റെ വിശ്വാസ പാരമ്പര്യങ്ങളോടാണ് നിരന്തരമായി സംവദിക്കുന്നത്. 18:1-32 ൽ ഇസ്രായേലിന്റെ വിശ്വാസത്തിൽ കടന്നുകൂടിയ തെറ്റായ ചില ചിന്താഗതികളെ തിരുത്താനാണ് പ്രവാചകൻ പരിശ്രമിക്കുന്നത്. സ്വന്തം തെറ്റുകളുടെ തിരിച്ചടികൾക്കും പാപഭാരത്തിനും മുൻതലമുറകളെ പഴിപറഞ്ഞ് സ്വയം നീതിമത്കരിക്കുന്ന പ്രവണതയാണ് പ്രവാചകൻ ഇവിടെ തിരുത്തുന്നത്.

**18:1-20, പഴഞ്ചൊല്ലിൽ പതിരുണ്ട്:** "പിതാക്കന്മാർ പുളിച്ച മുന്തിരിങ്ങ (= "ബോസന) തിന്നു; മക്കളുടെ പല്ലു പുളിച്ചു" എന്ന പഴഞ്ചൊല്ലാണ് ഇവിടെ വിശകലനവിധേയമാക്കുന്നത്. ഈ പഴഞ്ചൊല്ല് തലമുറകളുടെ ശാപം എന്ന ആശയം മാത്രമല്ല; സത്യവിശ്വാസത്തിനു വിരുദ്ധമായ ചില ചിന്താഗതികളും പ്രതിഫലിപ്പിക്കുന്നുണ്ട്. എല്ലാം നിയതമായ നിയമമനുസരിച്ച് സംഭവിക്കുന്നു. കാര്യകാരണങ്ങളുടെ ഈ പ്രാപഞ്ചികക്രമത്തിൽ ദൈവപരിപാലനയുടെ സാധ്യതകളാണ് നിഷേധിക്കപ്പെടുന്നത്. നിയതിയുടെ നിയമ വ്യവസ്ഥയിൽ മുന്നേറുന്ന പ്രപഞ്ചത്തിൽ ഇടപെടുന്നതിൽ ദൈവത്തിന് വൈമുഖ്യമോ കഴിവില്ലായ്മയോ ഉണ്ട് എന്ന ചിന്ത ഈ പഴഞ്ചൊല്ലിനു പിന്നിലുണ്ട് (Block, Ezekiel, I. 561). പ്രാപഞ്ചിക നിയമങ്ങളുടെ അചഞ്ചലതയിലല്ല ദൈവനീതിയുടെയും കാരുണ്യത്തിന്റെയും അടിത്തറമേലാണ് സത്യവിശ്വാസം പടുത്തുയർത്തേണ്ടത് എന്ന് എസെക്കിയേൽ കരുതുന്നുണ്ടാകാം.

പാപത്തിന്റെ പരിണിതഫലങ്ങൾ അപരാധി മാത്രമല്ല അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും അനുഭവിക്കേണ്ടി വരും. ബി.സി. 14-ാം നൂറ്റാണ്ടിലെ ഹിത്യരാജാവായ മുൻസില്ലിസ് രണ്ടാമന്റെ നിർദ്ദേശഗ്രന്ഥത്തിൽ (Instructions for temple Officials) ഈ വിശ്വാസത്തിന്റെ സൂചനകളുണ്ട്. യജമാനന്റെ കോപത്തിന് ഇരയാകുന്ന അടിമയുടെ കുടുംബം ഒന്നാകെ ശിക്ഷിക്കപ്പെടുന്നതുപോലെ ദൈവകോപത്തിനിരയാകുന്ന വ്യക്തികളുടെ മക്കളും ശിക്ഷിക്കപ്പെടും (ANET, 207-209) എന്നാണ് ഈ ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നത്. തലമുറകളിലേക്കു പടരുന്ന ശാപത്തെക്കുറിച്ച് പഴയ നിയമത്തിൽ പല സൂചനകളുണ്ട്: ആഖാന്റെ ശിക്ഷ (ജോഷ്വ 7:22-26) അഹിമെലെക്കിന്റെ കുടുംബത്തിനു മുഴുവനുമുള്ള ശിക്ഷ (1 സാമു 22:16-19) തുടങ്ങിയവ ഉദാഹരണങ്ങളാണ് (ജോബ് 27:13-14; വിലാ 5:7).

എന്നാൽ മാതാപിതാക്കളുടെ തെറ്റിന് മക്കൾ ശിക്ഷിക്കപ്പെടാത്ത സന്ദർഭങ്ങളും ബൈബിളിലുണ്ട്. കോറഹിന്റെ തെറ്റിന് മക്കൾ ശിക്ഷിക്കപ്പെടുന്നില്ല (സംഖ്യ 26:11). അമാസിയാ തന്റെ പിതൃഘാതകരുടെ മക്കളെ ശിക്ഷിക്കുന്നതിനെ നിയമഗ്രന്ഥം കഠിനമായി എതിർക്കുന്നുണ്ട്

(നിയ 24:16). വി. ഗ്രന്ഥത്തിലെ വ്യതിരിക്തമായ ഈ ചിന്തകൾക്ക് സത്യ വിശ്വാസത്തിലധിഷ്ഠിതമായ ഉത്തരം നൽകാനാണ് പ്രവാചകൻ ശ്രമിക്കുന്നത്.

തന്റെ വാദമുഖങ്ങളെ മൂന്ന് ഉപമകളിലൂടെയാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. നീതിമാനായ പിതാവിന്റെ ഉപമ (വാ. 5-9), പാപിയായ പുത്രന്റെ കഥ (വാ. 10-13), നീതിമാനായ പൗത്രന്റെ ഉപമ (വാ. 14) ഇവയിലെ വിവരണങ്ങൾ സമാനമാണെന്നു മാത്രമല്ല അവ മൂന്നും അവസാനിക്കുന്നത് സമാന ചോദ്യങ്ങളിലാണ്. നീതിമാന്റെ ലക്ഷണങ്ങൾ പതിമൂന്നെണ്ണമാണ് പട്ടികാ രൂപത്തിൽ അവതരിപ്പിക്കുന്നത്. ഇവയിൽ അഞ്ചെണ്ണം ചെയ്ത നല്ല കാര്യങ്ങളും എട്ടെണ്ണം ചെയ്യാത്ത തിന്മ പ്രവൃത്തികളുമാണ്. ഇവ ചുവടെ ചേർക്കുന്നു.

| തിന്മകൾ | നന്മകൾ |
|---|---|
| പൂജാഗിരിയിൽ വച്ച് ഭക്ഷിക്കുക (2 രാജാ 16:4; ഏശ 65:7) | പണയവസ്തു തിരികെ നൽകുക |
| വിഗ്രഹങ്ങളെ നോക്കുക (എസെ 6:4 – 6,9,13) | വിശക്കുന്നവന് ആഹാരം നൽകുക (ലേവ്യ 19:9-10; നിയ 15:7-11) |
| അന്യന്റെ ഭാര്യയെ മലിനമാക്കുക (ലേവ്യ 15:19-24; പുറ 20:14) | നഗ്നനെ വസ്ത്രം ധരിപ്പിക്കുക |
| ആർത്തവകാലത്ത് സ്ത്രീയെ സമീപിക്കുക (ലേവ്യ 18:19) | തർക്കങ്ങളിൽ സത്യമനുസരിച്ച് തീർപ്പു കല്പിക്കുക |
| മനുഷ്യരെ പീഡിപ്പിക്കുക, കൊള്ളയടിക്കുക പലിശ വാങ്ങുക (പുറ 22:24; ലേവ്യ 25:35-37) | ദൈവപ്രമാണങ്ങൾ കൃത്യതയോടെ പാലിക്കുക. |
| അകൃത്യങ്ങൾ ചെയ്യുക (സങ്കീ 74:11; വിലാ 2:8) | |

പുറ 20:22-23:33 ലെ ഉടമ്പടിയുടെ പുസ്തകത്തിലും ലേവ്യരുടെ പുസ്തകത്തിലെ വിശുദ്ധിയുടെ ഉടമ്പടിഗ്രന്ഥത്തിലും (17-26 അധ്യായങ്ങൾ) പരാമർശിക്കുന്ന നിയമങ്ങൾ തന്നെയാണ് ഇവിടെ വിവരിക്കുന്നത്. മതപരമായ ആചാരാനുഷ്ഠാനങ്ങളിലെ ശുദ്ധിക്കൊപ്പം സാമൂഹിക നീതിയെ സംബന്ധിക്കുന്ന നിയമങ്ങളും ഇവിടെ പരാമർശിതങ്ങളാണ് എന്നത് ശ്രദ്ധേയമാണ്. നന്മ ചെയ്യുന്നവനെക്കുറിച്ചുള്ള ആദ്യപ്രസ്താവന അവൻ നീതിമാനാണ് (= സദീഖ് ഹു) എന്നും രണ്ടാമത്തെ പ്രസ്താവന അവൻ സത്യമായും ജീവിക്കും (വാ. 9, 17, 19, 21) എന്നുമാണ്. എസെക്കിയേൽ നിർദ്ദേശിക്കുന്ന പുണ്യപാപങ്ങളുടെ പട്ടികക്ക് ദേവാലയത്തിൽ പ്രവേശിക്കുന്നതിനുള്ള ആചാരപരമായ ഒരുക്ക ശുശ്രൂഷാക്രമവുമായുള്ള ബന്ധം പല വ്യാഖ്യാതാക്കളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 15-ാം സങ്കീർത്തനവും സമാനമായ ആത്മപരിശോധനയുടെ പട്ടികയാണു നൽകുന്നത്.





നീതിമാനായ പിതാവിന് ജനിച്ച ദുഷ്ടനായ പുത്രനെക്കുറിച്ചാണ് പ്രവാചകൻ രണ്ടാമത് സൂചിപ്പിക്കുന്നത്. പിതാവു പ്രവർത്തിച്ചതിനു നേർവിപരീതമായ പ്രവൃത്തികളാണ് ദുഷ്ടനായ പുത്രൻ (= ബേൻ പാറിസ്) ചെയ്തത്. അവൻ നിശ്ചയമായും തന്റെ തെറ്റിനുള്ള ശിക്ഷയായി "മരിക്കും" എന്നാണ് പ്രവാചകൻ പറയുന്നത്. പിതാവിന്റെ നന്മ പുത്രനു രക്ഷാകരമാകില്ല. മറിച്ച് സ്വയംകൃത ദുഷ്ടതകൾ അവനു നാശകാരണമാകുന്നു (പുറ 19:12-13). "അവന്റെ രക്തം അവന്റെമേൽ പതിക്കും" എന്ന ശിക്ഷാവിധി ലേവ്യ 20:9-27 നെ അനുസ്മരിപ്പിക്കുന്നതാണ്.

14-20 വാക്യങ്ങളിൽ മൂന്നാമത്തെ ഉപമയാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. ദുഷ്ടനായ പിതാവിനു ജനിച്ച പുത്രന്റെ കഥയാണ് ഇവിടെ പരാമർശിതം. "ആർത്തവകാലത്തെ സ്ത്രീസംയോഗം" എന്ന തിന്മയെക്കുറിച്ച് ഈ പട്ടികയിൽ കാണുന്നില്ല. എന്നാൽ മറ്റെല്ലാ കാര്യങ്ങളിലും ഈ പൗത്രൻ തന്റെ പിതാമഹനായ നീതിമാനെ (വാ. 5-9) അക്ഷരശ്ശ: അനുധാവനം ചെയ്യുന്ന വ്യക്തിയാണ്.

എസെക്കിയേലിന്റെ വാദമുഖങ്ങളെ നാലായി സംഗ്രഹിക്കാം.

(1) മക്കളുടെ രക്ഷയും ശിക്ഷയും അവരുടെ സ്വന്തം പ്രവൃത്തികൾക്കനുസൃതമായിരിക്കും. (2) നന്മ ചെയ്യുന്നവർ രക്ഷപ്രാപിക്കുമ്പോൾ തിന്മ ചെയ്തവർക്കു തിരിച്ചടി ലഭിക്കുന്നു. (3) ഒരു തലമുറയിൽ നിന്ന് മുന്നോട്ടോ പിന്നോട്ടോ ഉള്ള തലമുറകളിലേക്ക് പാപത്തിന്റെയോ പുണ്യത്തിന്റെയോ ഉത്തരവാദിത്വം കൈമാറ്റം ചെയ്യപ്പെടുന്നില്ല. (4) വ്യക്തിയുടെ കുടുംബമഹിമയോ കുലശ്രേഷ്ഠതയോ അല്ല, മറിച്ച് ഒരു വ്യക്തി നീതിമാനാണോ ദുഷ്ടനാണോ എന്നതാണ് പരമമായ ചോദ്യം.

പാപത്തിന്റെ ഉത്തരവാദിത്വം തലമുറകൾക്കു കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്നു പറയുമ്പോൾ പാപത്തിന്റെ ദുരന്തഫലങ്ങൾ വരും തലമുറ അനുഭവിക്കേണ്ടി വരില്ല എന്ന് നിയതമായി പ്രവാചകൻ വീക്ഷിക്കുന്നില്ല. ഉദാഹരണമായി മദ്യപാനത്തിലൂടെ കുടുംബത്തിന്റെ മുഴുവൻ ധനവും നശിച്ച അപ്പന്റെ മക്കൾ കഷ്ടത അനുഭവിക്കേണ്ടിവരും. എന്നാൽ അപ്പന്റെ മദ്യപാനം എന്ന തിന്മയുടെ ഉത്തരവാദിത്വം മക്കൾക്കില്ല.

**18:21-32, മാനസാന്തരത്തിലൂടെ രക്ഷ:** വിശ്വാസസംബന്ധമായ ഒരു തത്വം അവതരിപ്പിച്ചശേഷം അതിന്റെ പ്രവാസികളുടെ ജീവിതപശ്ചാത്തലത്തിൽ വിശദീകരിക്കാനുള്ള ശ്രമമാണ് തുടർന്ന് പ്രവാചകൻ നടത്തുന്നത് (വാ. 21-32).

ഒന്നാമതായി, ദുഷ്ടൻ അനുതപിച്ചാൽ അവൻ നീതിമാനുതുല്യം പരി

ഗണിക്കപ്പെടും. രണ്ടാമതായി, ഒരു നീതിമാൻ വഴിതെറ്റി തിന്മയുടെ പാത ആശ്ലേഷിച്ചാൽ അവൻ ദുഷ്ടനുതുല്യം പരിഗണിക്കപ്പെടും (വാ. 24). ഈ പ്രസ്താവനകളിലൂടെ പ്രവാസികൾക്കു പ്രവാചകൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയാണ്: (1) പ്രവാസികൾ സ്വന്തം തെറ്റിനെയോർത്ത് അനുതപിച്ചാൽ അവർക്കു നീതിമാന്റെ പ്രതിഫലം ലഭിക്കും (വാ. 25). എന്നാൽ സ്വയം നീതീകരിച്ചും ദൈവത്തെപഴിച്ചും തുടർന്നു ജീവിക്കാനാണു തീരുമാനമെങ്കിൽ പ്രവാസം നിത്യനാശത്തിന്റെ നാന്ദിയായിരിക്കും.

പാപിയുടെ മരണം ദൈവം ആഗ്രഹിക്കുന്നില്ല എന്ന പ്രസ്താവന പ്രവാസികൾക്കുള്ള പ്രത്യാശയുടെ സന്ദേശമാണ്. കഴിഞ്ഞകാലത്തെ ഓർത്തുള്ള വിലാപമായല്ല പ്രവാചകൻ പശ്ചാത്താപത്തെ അവതരിപ്പിക്കുന്നത്. മറിച്ച് ഭാവിയിലേക്കുള്ള നന്മയുടെ അടിയുറച്ച തീരുമാനമായിട്ടാണ്.

## എസെക്കിയേൽ 19:1–14, യൂദാരാജാവിനെക്കുറിച്ചുള്ള വിലാപം

ഇസ്രായേൽ രാജാക്കന്മാരെക്കുറിച്ചുള്ള വിലാപഗാനമായിട്ടാണ് (= ഖിനാഹ്) 19:1–14 ലെ വിവരണം കാണപ്പെടുന്നത്. രണ്ടു വിലാപഗാനങ്ങളാണ് ഈ അധ്യായത്തിലുള്ളത്. സിംഹക്കുട്ടികളുടെ ഉപമയും (വാ. 2–9) പിഴുതെറിയപ്പെടുന്ന മുന്തിരിച്ചെടിയുടെ ഉപമയും (വാ. 10–14) ആധാരമാക്കിയുള്ളതാണ് ഈ വിലാപഗാനങ്ങൾ. ഇസ്രായേലിന്റെ ചരിത്രം തന്നെയാണ് പ്രതീകാത്മകമായി ഈ വിലാപഗീതത്തിൽ അനുസ്മരിക്കപ്പെടുന്നത്.

**19:1–9, സിംഹക്കുട്ടികളുടെ ഉപമ:** വിലാപഗാനം എന്നത് മരണവീടുകളിൽ ആലപിക്കപ്പെടുന്നതാണ് (2 സാമു 1:19–27). ദേശത്തിന്റെ നാശത്തെക്കുറിച്ചും വിലാപഗീതം ആലപിച്ചിരുന്നു (ജറെ 7:29; ആമോ 5:1). ഹീബ്രുവിലാപഗാനങ്ങൾക്ക് പ്രധാനമായും നാല് സവിശേഷതകളാണുള്ളത്. (1) വിലാപഗാനം 3, 2 താളത്തിലുള്ളതായിരിക്കും. (2) ആശ്ചര്യദ്യോതകങ്ങളായ “എത്രമാത്രം” (= “ഏക്കാ”), “ദുരിതം” (= ഹോയി) തുടങ്ങിയ പദങ്ങളോടെയാണ് ഇതിലെ വരികൾ ആരംഭിക്കുന്നത്. (3) പീഡിതരെ/മൃതരെ നേരിട്ട് അഭിസംബോധന ചെയ്തുള്ള ഗീതമാണ്. (4) കഴിഞ്ഞ കാലത്തെ പ്രതാപം അനുസ്മരിച്ച് ഇപ്പോഴത്തെ ദുഃഖാവസ്ഥയിലുള്ള വിലാപഗീതം. മേൽപ്പറഞ്ഞ നാലുഗുണങ്ങളും എസെ 19:1–14 ലെ ഗീതങ്ങളിൽ കാണാം.

**19:2–4,** ആദ്യത്തെ സിംഹക്കുട്ടിയുടെ കഥയിലെ ആകർഷണകേന്ദ്രം അമ്മയായ സിംഹി (= ലെബിയാ) ആണ്. അവൾ തിരഞ്ഞെടുത്തു വളർത്തിയ ഒരു സിംഹക്കുട്ടി അതീവ സമർത്ഥനായി വളർന്നു. എന്നാൽ സാവകാശം അവനിലെ നന്മകൾ തിന്മകൾക്കുവഴിമാറി (സങ്കീ 7:2; 10:19;





സുഭാ 28:15; ഏശ 5:29; സെഫാ 3:3). വിജാതീയ രാജ്യങ്ങൾ ഒരുക്കിയ വാരിക്കുഴിയിൽ അകപ്പെട്ട് അവൻ തടവിലായി. വാരിക്കുഴിയൊരുക്കി രാജാക്കന്മാർ സിംഹവേട്ട നടത്തുന്നതിനെക്കുറിച്ച് അക്കാദിയൻ രേഖകളിൽ (ബി.സി. 14–ാം നൂറ്റാണ്ട്) സൂചനയുണ്ട് (Block, Ezekiel, I. 601 കാണുക). ഈജിപ്തിൽ അടിമയായി എന്നു വിവരിക്കുന്നതിനാൽ ഈ സിംഹം യൂദാരാജാവായ യഹോവാഹാസ് രാജാവിനെയാണ് പ്രതീകവൽകരിക്കുന്നത് എന്നു വ്യക്തമാക്കുന്നു. ബി.സി. 609 ലാണ് യൂദാരാജാവായ യഹോവാഹാസ് ഈജിപ്തിലേക്കു നാടുകടത്തപ്പെട്ടത് (2 രാജാ 23:31–34). യഹോവാഹാസിന്റെ അമ്മയും ലിബ്നായിലെ ജറെമിയായുടെ സഹോദരിയുമായ ഹമുത്താലിനെ, ആണോ “സിംഹി” ആയി ചിത്രീകരിക്കുന്നത് എന്നു വ്യക്തമല്ല. “സിംഹി” എന്നത് ഒരു വ്യക്തിയെ എന്നതിനേക്കാൾ ജറുസലേമിനെ (യൂദയായെ) പൊതുവിൽ പ്രതീകവൽക്കരിക്കുന്ന സംജ്ഞ ആകാനാണ് സാധ്യത.

രണ്ടാമത്തെ സിംഹം യഹോവാഹാസിന്റെ പിൻഗാമികളായ യഹോയാക്കിം, യഹോയാക്കിൻ, സെദെക്കിയ എന്നിവരിൽ ആരെയാണ് വിവക്ഷിക്കുന്നത് എന്നു കൃത്യമായി പറയുക ശ്രമകരമാണ്. എന്നാൽ അവൻ വലിയ നാശം വിതച്ചവനായിരുന്നു (വാ. 7) എന്ന പരാമർശം യഹോയാക്കിമിനെയാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന സൂചന തരുന്നുണ്ട്. കാരണം ഈ മൂവരിൽ യഹോയാക്കിം ക്രൂരതയ്ക്കും രക്തച്ചൊരിച്ചിലിനും കുപ്രസിദ്ധനായിരുന്നു (2 രാജാ 24:4; ജറെ 22:17). രണ്ടാമത്തെ സിംഹക്കുട്ടിയെ ജനതകൾ ബന്ധിച്ചു ബാബിലോണിന്റെ അടിമയാക്കി എന്നത് (വാ. 9) 2 രാജാ 24:1–20 ലെ യഹോയാക്കിമിന്റെ പതനത്തെയാണ് സൂചിപ്പിക്കുന്നത്.

**19:10–14, പിഴുതെറിയപ്പെട്ട മുന്തിരിച്ചെടി:** ഇസ്രായേലിനെ സൂചിപ്പിക്കുന്ന മറ്റൊരു വിഖ്യാത പ്രതീകമായ മുന്തിരിച്ചെടിയെ ഉപമാനമാക്കിക്കൊണ്ടാണ് രണ്ടാമത്തെ വിലാപഗീതം ആലപിക്കുന്നത് (വാ. 10–14). എസെ 17:5–8 ലെ മുന്തിരിച്ചെടിക്കു സമാനമായി ഈ മുന്തിരിച്ചെടിയും ജലസമൃദ്ധമായ മണ്ണിലാണു വളരുന്നത് (വാ. 10). ഫലസമൃദ്ധിയിലായിരുന്ന ഈ മുന്തിരിച്ചെടിയുടെ ശേഷിക്കുന്ന ഭാഗത്തെ മരുഭൂമിയിൽ നട്ടു. എന്നാൽ, അതിന്റെതന്നെ ശിഖരത്തിൽനിന്നുയർന്ന അഗ്നി അതിനെ ദഹിപ്പിച്ചുകളഞ്ഞു.

മുന്തിരിച്ചെടി യൂദായെ പ്രതീകവൽക്കരിക്കുന്നതായി കരുതാം. എന്നാൽ മുന്തിരിച്ചെടിയെ പിഴുതെടുത്തത് ആരാണ് എന്ന ചോദ്യത്തിന് ദൈവമാണോ നബുക്കദ്നേസറാണോ എന്ന് കൃത്യമായി ഉത്തരം പറയാനാകില്ല എന്നതാണ് വ്യാഖ്യാതാക്കളുടെ നിലപാട്. എന്നാൽ യൂദായുടെ ഭാഗധേയം നിർണ്ണയിക്കുന്നത് ദൈവംമാത്രമാണെന്നും ശത്രുരാജാക്കന്മാർ കേവലം കർത്താവിന്റെ കരങ്ങളിലെ ഉപകരണം മാത്രമാണ് എന്നുമുള്ള ദൈവശാസ്ത്രവീക്ഷണമാണ് എസെക്കിയേലിന്റെ ഗ്രന്ഥത്തിൽ ഉടനീളമുള്ളത്. തന്മൂലം മുന്തിരിച്ചെടി പിഴുതെറിഞ്ഞത് ദൈവമാണന്നു വ്യാഖ്യാനിക്കുന്നതിൽ യുക്തിഭംഗമോ ആഖ്യാനഭംഗമോ ഇല്ല.

**വിചിന്തനം:** ദാവീദിന്റെ രാജവംശം അവസാനിച്ചു എന്ന ശക്തമായ

സന്ദേശമാണ് ഈ വിലാപഗീതത്തിലൂടെ എസെക്കിയേൽ നൽകുന്നത്. കുലമഹിമയല്ല ദൈവപ്രമാണങ്ങളോടുള്ള വിശ്വസ്തതയാണ് യഥാർത്ഥ മഹത്വത്തിനു നിദാനമെന്ന് പ്രവാചകൻ സാക്ഷ്യപ്പെടുത്തുന്നു. 17-ാം അധ്യായത്തിലെ പ്രത്യാശയുടെ സന്ദേശത്തിനു വിരുദ്ധമായി ദൈവം ദാവീദിന്റെ സിംഹാസനത്തെ പുനരുദ്ധരിക്കും എന്നതിന്റെ യാതൊരു സൂചനയും ഈ അധ്യായത്തിൽ നൽകുന്നില്ല. കാരണം തെരഞ്ഞെടുക്കപ്പെട്ടവർ സ്വയംകൃതാനർത്ഥങ്ങളാൽ തിരസ്കൃതരായാലും ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ നിയന്താവ് ദൈവമാണ്; മനുഷ്യനാണ് എന്നു തെറ്റിദ്ധരിച്ച് പദ്ധതി തയ്യാറാക്കുന്നവരെല്ലാം പരാജിതരാകും.

## എസെക്കിയേൽ 20:1-44, രക്ഷാചരിത്രം വ്യർത്ഥാഭിമാനത്തിനുള്ളതല്ല

ജറുസലെമിന്റെ ദൈവദത്തമായ സ്ഥാനത്തെപ്രതി ഊറ്റംകൊള്ളേണ്ടതില്ല എന്ന് 16-ാം അധ്യായത്തിൽ സമർത്ഥിച്ച പ്രവാചകൻ 20:1-44 ൽ ഇസ്രായേലിന്റെ അതുല്യമായ രക്ഷാചരിത്രം അതിനെ ശിക്ഷാവിധിയിൽ നിന്നു രക്ഷിക്കില്ല എന്നു പ്രഖ്യാപിക്കുന്നു. ഈ വചനഭാഗത്തെ ഏഴായി തരംതിരിക്കാം: (1) ദൈവഹിതം ആരായുന്നു (വാ. 1-4), (2) ഇസ്രായേൽ ഈജിപ്തിൽ (വാ. 5-9), (3) മരുഭൂമിയിലെ വിപ്രവാസം (വാ. 10-17), (4) തിന്മ തുടരുന്ന തലമുറ (വാ. 18-26), (5) കാനാൻ ദേശത്തെ വിഗ്രഹാരാധനയും വിപ്രവാസവും (വാ. 27-32), (6) ഇസ്രായേലിന്റെ രണ്ടാം പുറപ്പാട് (വാ. 33-38), (7) കർത്താവിന്റെ മലയിലെ ആരാധന (വാ. 39-44).

**ദൈവഹിതം ആരായുന്നു (വാ. 1-4):** യഹോയാക്കിന്റെ പ്രവാസത്തിന്റെ ഏഴാം വർഷം അഞ്ചാം മാസം പത്താം തീയതി (ബി.സി. 591, ആഗസ്ത് 14) യാണ് 20:1-44 ലെ വിവരണത്തിനാധാരമായ ചോദ്യം ഉന്നയിക്കപ്പെടുന്നത്. ശ്രേഷ്ഠന്മാർ ദൈവഹിതം ആരായാൻ (= ദാറാഷ്) വരുന്നതിന്റെ (വാ. 1) യഥാർത്ഥ കാരണം വ്യക്തമല്ല. ജറെ 28:1-4 ലെ ഹനനിയാ പ്രവാചകന്റെ വ്യാജപ്രസ്താവനയുടെ നിജസ്ഥിതി അറിയാനാണ് ശ്രേഷ്ഠന്മാർ വരുന്നത് എന്നു വാദിക്കുന്നവരുണ്ട് (A. Malamat, VT Supl. 28, p. 138-139). രണ്ടിടങ്ങളിലുമുള്ള സമയസൂചനകളിലെ സാമ്യമാണ് ഈ നിഗമനത്തിന് ആധാരമായി കരുതപ്പെടുന്നത്. എന്നാൽ ഈ സമയഗണനയിൽ രണ്ടു വർഷത്തിന്റെയെങ്കിലും വ്യത്യാസം (ജറെ 28:1-4 ലെ കാലം ബി.സി. 594 ആഗസ്ത് മാസമാണ്) കണ്ടെത്താനാകും എന്നതിനാൽ ഈ വാദം പൂർണ്ണമായും സ്വീകാര്യമല്ല. നിയ 4:29 ലെ കല്പനപ്രകാരം കർത്താവിനെ അന്വേഷിക്കുന്നതിന്റെ (= ദാറാഷ്) ഭാഗമാണ് ഈ അന്വേഷണം എന്നു കരുതുന്നവരുണ്ട് (Bock, Ezekiel, NICOT, p. 619). എന്നാൽ ഈ അന്വേഷണം ആത്മാർത്ഥതയുള്ളതല്ല എന്ന് ദൈവത്തിന്റെ മറുപടി വ്യക്തമാക്കുന്നുണ്ട് (വാ. 3-4). ഹൃദയത്തിൽ വിഗ്രഹാരാധനയുൾപ്പെടെയുള്ള തിന്മകൾ നിരൂപിച്ചുകൊണ്ട് വ്യാജമായി





ദൈവാന്വേഷണം നടത്തുന്ന പ്രവൃത്തിയായി (14:1-1) ഈ സംഭവത്തെ മനസ്സിലാക്കാം.

**ഇസ്രായേൽ ഈജിപ്തിൽ (വാ. 5-9):** ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്ത് (= ബാഹർ) കരമുയർത്തി അനുഗ്രഹിച്ചത് തേനും പാലുമൊഴുകുന്ന ദേശം (പുറ 3:8,17; 33:3; സംഖ്യ16:13; നിയ 6:3; ജറെ 3:19) നൽകുമെന്ന വാഗ്ദാനത്തോടെയാണ്. എന്നാൽ ഇതിനു പകരമായി വിഗ്രഹാരാധന ഉപേക്ഷിക്കണം എന്ന വ്യവസ്ഥ ദൈവം നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇസ്രായേൽ ഈ വ്യവസ്ഥ നിർലജ്ജം ലംഘിച്ചു (വാ. 8,13,21; 2:3-8). പുറ 6:2-3, 6-8, 28-29; നിയ 6:9-11 എന്നീ വചനഭാഗങ്ങളുടെ പശ്ചാത്തലത്തിലാണ് എസെ 20:5-9 രചിക്കപ്പെട്ടിരിക്കുന്നത് എന്ന് താരതമ്യപഠനത്തിൽനിന്നും വ്യക്തമാണ്. ഇസ്രായേലിന്റെ അനസ്യൂതമായ ധിക്കാര മനോഭാവമാണ് ഇവിടെ പ്രവാചകൻ വ്യക്തമാക്കുന്നത്. ജറെ 34:16; ആമോ 2:7 എന്നീ വചനഭാഗങ്ങളിലും സമാനമായ വീക്ഷണം കാണാം. പുറ 32:1-10 ലെ സ്വർണ്ണം കൊണ്ടുള്ള കാളക്കിടാവും സംഖ്യ 13:25-33 ലെ വ്യാജാരോപണവും ഇസ്രായേലിന്റെ അവിശ്വസ്തതയുടെയും ദൈവനിഷേധത്തിന്റെയും തെളിവുകളായാണ് പ്രവാചകൻ കാണുന്നത്. ഈ രണ്ടു സന്ദർഭങ്ങളിലും മോശ നടത്തുന്ന മധ്യസ്ഥപ്രാർത്ഥനകൾക്ക് (പുറ 32:12; സംഖ്യ 14:13-16) എസെ 20:9 നോട് അക്ഷരാർത്ഥത്തിൽ സാമ്യമുള്ളതിനാലാണ് ഇപ്രകാരമൊരു നിഗമനം സാധ്യമാകുന്നത്.

**മരുഭൂമിയിലെ വിപ്രവാസം (വാ. 10-17):** ദൈവം തന്റെ ജനത്തെ മരുഭൂമിയിലേക്കു നയിക്കുകയും അവർക്കു കല്പനകൾ (= ഹുക്കോത്തായ്) നൽകി അവരെ സ്വന്തം ജനമാക്കി മാറ്റുകയും ചെയ്തു. സാബത്താചരണത്തെയും (പുറ 20:8-11; 23:12; 34:21; ലേവ്യ 19:3,30; 23:3; 26:2; നിയ 5:12-15) ദാവീദിന്റെ ഭരണത്തുടർച്ചയെയും ജറെ 17:19-27; നെഹെ 13:17-18) കുറിച്ചുള്ള ഇസ്രായേലിന്റെ പരമ്പരാഗത വിശ്വാസം തന്നെയാണ് എസെക്കിയേൽ ഇവിടെ ഊന്നിപ്പറയുന്നത്. ഇതേ ആശയംതന്നെ എസെ 22:8,26; 23:38; 44:24 എന്നീ വചനഭാഗങ്ങളിലും ആവർത്തിക്കുന്നതായി കാണാം.

എന്നാൽ മരുഭൂമിയാത്രയുടെ നായകനായ മോശയെക്കുറിച്ചോ, ദൈവപരിപാലനയുടെ സജീവസാക്ഷ്യമായി കരുതുന്ന മരുഭൂമിയിലെ അത്ഭുതങ്ങളെക്കുറിച്ചോ (മന്ന, കാടപ്പക്ഷി, പാറയിൽനിന്നു ജലം.... തുടങ്ങിയവ) മരുഭൂമിയിൽ ദൈവജനം അനുഭവിക്കുന്ന കഷ്ടതകളെക്കുറിച്ചോ ഒരക്ഷരംപോലും എസെക്കിയേൽ പരാമർശിക്കുന്നില്ല എന്നതു ശ്രദ്ധേയമാണ്. നിയമലംഘനവും അതിനുള്ള ശിക്ഷയും മാത്രമാണ് എസെക്കിയേൽ ഊന്നൽ നൽകി അവതരിപ്പിക്കുന്നത്. "ഈജിപ്തിൽ ജനിച്ച ഇസ്രായേൽക്കാർ" എന്ന വ്യതിരിക്തമായ അഭിസംബോധന ഈ വചനഭാഗത്ത് പ്രവാചകൻ വീണ്ടും ആവർത്തിക്കുന്നുണ്ട്. ഈജിപ്തിൽവച്ചു ജനിച്ച യഹൂദരാരും കാനാൻ ദേശത്തു കാലുകുത്തില്ല എന്ന ആശയത്തിന് എസെക്കിയേൽ സവിശേഷമായ പ്രാധാന്യം നൽകുന്നുണ്ട്. ദൈവത്തിന്റെ "കല്പനകളെയും" (= ഹുക്കോത്തായ്) "അനുശാസനകളെയും" (= മിഷ്പാത്തായ്) സമാന്തരമായി അവതരിപ്പിക്കുന്ന ഈ വചന ഭാഗത്തെ

ശൈലി (20:11) എസെ 18:9 ലും നിയ 30:15-19 ലും കാണാം.

**മരുഭൂമിയിലെ രണ്ടാംതലമുറ (വാ. 18-26):** മരുഭൂമിയിലെ രണ്ടാം തലമുറ എന്നതിലൂടെ ഈജിപ്തിൽനിന്നു പുറപ്പെട്ടതിനുശേഷം ജനിച്ചവർ എന്നാണ് എസെക്കിയേൽ അർത്ഥമാക്കുന്നത്. തങ്ങളുടെ പിതാക്കന്മാരുടെ നിയമലംഘനങ്ങളെക്കുറിച്ച് പുതിയ തലമുറയ്ക്ക് ദൈവം നൽകുന്ന മുന്നറിയിപ്പുകളോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത് (വാ. 18-19) സാബത്തിനെ ദൈവ-മനുഷ്യബന്ധത്തിന്റെ അടയാളമായിട്ടാണ് എസെക്കിയേൽ വിവക്ഷിക്കുന്നത്.

ജനതകളുടെ ഇടയിൽ ദൈവനാമം അപഹാസ്യമാകാതിരിക്കാൻ വേണ്ടിമാത്രമാണ് ഇസ്രായേലിന് സമ്പൂർണ്ണനാശം സംഭവിക്കാതിരുന്നത് എന്ന നിരീക്ഷണം (വാ. 21-22) ശ്രദ്ധേയമാണ്. എന്നാൽ 23-ാം വാക്യത്തിൽ "ജനതകളുടെ ഇടയിൽ ഇസ്രായേൽ ചിതറിക്കപ്പെടും" എന്ന പരാമർശം (സങ്കീ 106:26-27) ഒരേസമയം കാനാൻ ദേശത്തു വച്ചു നടക്കുന്ന തിന്മകൾക്കുള്ള ശിക്ഷയുടെ സൂചനയായോ (നിയ 31:16-18, 20-21) ഈജിപ്തിലെ അടിമത്തത്തിന്റെ സൂചനയായോ (ഉൽപ 15:13-16) വ്യാഖ്യാനിക്കാവുന്നതാണ്. ഇസ്രായേലിന്റെ ഭാവി നാശത്തെയും ശിക്ഷാവിധിയെയും ന്യായീകരിക്കാൻ പോരുന്ന തിന്മകൾ മരുഭൂമിയിൽ വച്ചു തന്നെ അവർ ചെയ്തുകഴിഞ്ഞിരുന്നു എന്ന ആശയമാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. എന്നാൽ 18:1-25 ൽ പാപത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്വത്തെക്കുറിച്ച് എസെക്കിയേൽ നൽകുന്ന പ്രബോധനത്തിനു വിരുദ്ധമായ ആശയമായി ഇതിനെ വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ഇവയെ വിരുദ്ധപരാമർശങ്ങളായി കരുതാനാവില്ല. തന്റെ കാലഘട്ടത്തിലെ ജനത്തിന്റെ സ്വയം നീതീകരണസ്വഭാവത്തെ പ്രവാചകൻ തിരുത്തുന്ന വാക്യങ്ങളാണിവ. നീതീകരിക്കപ്പെടാൻ തക്ക പൂർവ്വകാലമോ വർത്തമാനകാലമോ അല്ല ഇസ്രായേലിനുള്ളത് എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്.

20:25-26 വാക്യങ്ങൾ വ്യാഖ്യാനിക്കാൻ ഏറെ ദുഷ്കരമായവയാണ്. രണ്ടുകാര്യങ്ങളാണ് ഇവയുടെ വ്യാഖ്യാനത്തെ ശ്രമകരമാക്കുന്നത്: (1) എങ്ങനെയാണ് തിന്മ നിറഞ്ഞതും മരണകരവുമായ നിയമങ്ങൾ ദൈവത്തിന് തന്റെ ജനത്തിനു നൽകാനാവുന്നത്? (2) ആദ്യജാതരുടെ സമർപ്പണം എങ്ങനെയാണ് ഭയങ്കരമായ അനുഭവമാകുന്നത്? 20:11-12 വാക്യങ്ങളുമായുള്ള താരതമ്യത്തിലൂടെ മാത്രമേ ഈ പ്രശ്നങ്ങളുടെ ഉത്തരം കണ്ടെത്താൻ കഴിയൂ. 11-12 വാക്യങ്ങളിൽ ദൈവം ജീവദായകമായ നിയമങ്ങളാണു നൽകുന്നതെങ്കിൽ 25-26 വാക്യങ്ങളിൽ ജീവനു വിരുദ്ധമായ നിയമങ്ങളാണു നൽകുന്നത്. 11-12 വാക്യങ്ങളിലെ ദൈവമനുഷ്യബന്ധത്തിന്റെ അടയാളവും വിശുദ്ധീകരണോപാധിയുമായ സാബത്തിനു പകരം വിനാശകരമായ കാഴ്ചകളെക്കുറിച്ചാണ് 26-ാം വാക്യം പറയുന്നത്.

ആദ്യജാതരുടെ സമർപ്പണത്തെ (= ഹാഅബിത്) ക്കുറിച്ചുള്ള സൂചന നരബലിയെയാണ് സൂചിപ്പിക്കുന്നത് (ലേവ്യ 18:21; ജറെ 32:35; എസെ 23:37). ആദ്യജാതരെ കർത്താവിനു സമർപ്പിക്കണം എന്ന കൽപന (പുറ





22:29) ആദ്യജാതരെ നരബലിയർപ്പിക്കുന്ന വിജാതീയകർമ്മത്തിനു പകരമായി ഇസ്രായേലിൽ നിലവിൽ വന്നതാണെന്നു കരുതാം (പുറ 13:2). ആദ്യജാതർക്കു പകരമായി ചങ്ങാലികളെയും കുഞ്ഞാടുകളെയും ബലിയർപ്പിക്കുന്ന പതിവിന്റെ പശ്ചാത്തലവും മറ്റൊന്നല്ല (സംഖ്യ 18:15). എന്നാൽ ഇപ്രകാരം പകരം ബലിയർപ്പിച്ചു വീണ്ടെടുക്കപ്പെടാതെ ആദ്യജാതർ നരബലിയായി അർപ്പിക്കപ്പെടുന്ന ഭീകരമായ ശിക്ഷാവിധിയെക്കുറിച്ചാണ് പ്രവാചകൻ മുന്നറിയിപ്പു നൽകുന്നത്. ആദ്യജാതരെ നരബലിയർപ്പിക്കുന്നത് "തെറ്റായ നിയമമാണ്." എന്നാൽ ഇസ്രായേലിന്റെ ആദ്യജാതർ വധിക്കപ്പെടും എന്നത് ദൈവത്തിന്റെ ശിക്ഷാവിധിയാകയാൽ അതിനെ ദൈവം നൽകിയ തെറ്റായതും മരണകരമായതുമായ നിയമമെന്ന് പ്രവാചകൻ വിശേഷിപ്പിക്കുകയാണെന്നു കരുതാം.

**വിഗ്രഹാരാധനയും വിപ്രവാസവും (വാ. 27-32):** ദൈവം തന്റെ ജനത്തെ വിമോചിപ്പിച്ച് കാനാൻ ദേശത്തെത്തിച്ചെങ്കിലും ഇസ്രായേൽ ദൈവത്തോടുള്ള അവിശ്വസ്തത തുടരുകയാണു ചെയ്തത്. ഇസ്രായേലിന്റെ ദൈവാരാധനയിൽ വന്ന അപചയങ്ങളാണ് പ്രവാചകൻ ഇവിടെ പരാമർശിക്കുന്നത് (വാ. 28). രാജഭരണകാലത്ത് നിലവിൽവന്ന ജറുസലേം കേന്ദ്രീകൃതമായ ദൈവാരാധനയെ മനസ്സിൽകണ്ടുകൊണ്ടാണ് എസെക്കിയേൽ ഈ വാക്യങ്ങൾ രചിക്കുന്നത്. ജറുസലേം കേന്ദ്രീകൃതമായ ആരാധന സാമുവേലിന്റെ കാലത്തുപോലും നിലവിൽവന്നിരുന്നില്ല. നിയ 12:2-5, 13,29,30,31 വാക്യങ്ങളിൽ മലമുകളിലും വൃക്ഷച്ചുവടുകളിലുമുള്ള ദൈവാരാധനാ കേന്ദ്രങ്ങൾ നശിപ്പിക്കാനുള്ള കൽപനകൾ ആരാധനയെ ജറുസലേമിൽ കേന്ദ്രീകരിക്കാനുള്ള നീക്കത്തിന്റെ ഭാഗമായിട്ടുള്ളതാണ്. ഇതേശൈലിയാണ് എസെക്കിയേലും അനുവർത്തിക്കുന്നത്. ഉന്നത സ്ഥലങ്ങളിൽ (= ബാമാ) ആരാധനയ്ക്കു പോകുന്നത് (ബേയിം) വിഗ്രഹാരാധനയുടെ ഭാഗമായിട്ട് 6:1-14 ലും എസെക്കിയേൽ അവതരിപ്പിക്കുന്നുണ്ട്.

വിഗ്രഹാരാധനയിലൂടെ തങ്ങളെത്തന്നെ അശുദ്ധമാക്കിയ (= നിത്മാ) വർത്തമാനകാല തലമുറയ്ക്ക് മുൻതലമുറകളെ കുറ്റം വിധിക്കാൻ അവകാശമില്ലെന്ന സത്യമാണ് പ്രവാചകൻ വ്യക്തമാക്കുന്നത് (വാ. 30-32). 26-ാം വാക്യത്തിലെന്നതുപോലെ വിഗ്രഹാരാധനയുടെ മൂർത്തരൂപമായി ശിശുബലിയെ വാ. 31 ലും പരാമർശിക്കുന്നു. നരബലി എന്ന തിന്മയുടെ വിവരണം ബൈബിളിലുടനീളം കാണാം ( 2 രാജാ 17:17; ജറെ 19:49). ആഹാസ് (2 രാജാ 16:3), മനാസ്സെ (2 രാജാ 21:6) എന്നീ രാജാക്കന്മാർ ഈ തിന്മപ്രവർത്തിച്ചിരുന്നു. 2 രാജാ 23:10-13 ൽ ജോസിയാ ഈ തിന്മയ്ക്കെതിരേ ശക്തമായ നിലപാടെടുത്തു. ഈ തിന്മയും സമാനമായ വിഗ്രഹാരാധനാ പ്രവൃത്തികളും ഒരുനാളും ദൈവത്തിന്റെ അംഗീകാരം നേടില്ല എന്നാണ് (വാ. 32) പ്രവാചകൻ പ്രസ്താവിക്കുന്നത്.

**രണ്ടാം പുറപ്പാടുയാത്ര (വാ. 33-38):** ദൈവം രാജാവായി ഭരണം നടത്തുന്നു എന്ന ചിന്തയെ (സങ്കീ 24:8-10; 29:10; 47:2) അവതരിപ്പിച്ചുകൊണ്ടാണ് എസെക്കിയേൽ ഇസ്രായേലിന്റെ ശിക്ഷാവിധിയെ അവതരിപ്പിക്കുന്നത്. തന്റെ കരുത്തുറ്റതും വിരിച്ചതുമായ കരത്താൽ ദൈവം

ഇസ്രായേലിനെ ഈജിപ്തിൽനിന്നു വിമോചിച്ചതിനു (നിയ 4:34; 5:15; 7:19; 11:2) സമാനമായിട്ടാണ് ഇവിടെ ഇസ്രായേലിന്റെ ശിക്ഷയെ അവതരിപ്പിക്കുന്നത് (വാ. 33–34). ദൈവം ബാബിലോൺ സൈന്യത്തോടു ചേർന്ന് ഇസ്രായേലിനെതിരേ പൊരുതും എന്നാണ് പ്രവാചകൻ വിവക്ഷിക്കുന്നത്. ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ രക്ഷാനുഭവം പുറപ്പാടു സംഭവമായിരുന്നു (പുറ 13:3; 16:6,32; 20:2; 33:1). എന്നാൽ, ഇവിടെ വിവരിക്കുന്ന രണ്ടാം പുറപ്പാട് പ്രവാസമാണ് എന്നത് വിചിത്രമാണ്.

ദൈവം ഇസ്രായേലിനെ മുഖാമുഖം നേരിടും എന്ന പ്രസ്താവന (വാ. 35) ശിക്ഷാവിധിയെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തെ മുഖാമുഖം കാണുന്നവർ മരിക്കും എന്നതായിരുന്നു ഇസ്രായേലിലെ വിശ്വാസം (ഉൽപ 32:30; 33:20). ദൈവസാന്നിധ്യം ഇസ്രായേലിനെ ഭയപ്പെടുത്തുന്ന അനുഭവമായിരുന്നു (പുറ 20:18–21). ദൈവം ഇടയനെപ്പോലെ ഇസ്രായേലിനെ നയിക്കുന്നു എന്ന പ്രസ്താവനയും (വാ. 37) കരുണയുടെയോ പരിപാലനയുടെയോ അർത്ഥത്തിലുള്ളതല്ല. തന്റെ അജഗണങ്ങളെ എണ്ണിത്തിട്ടപ്പെടുത്തുന്ന കരുണാമയനായ ഇടയൻ (ജറെ 33:13) എന്ന സാധാരണ പ്രതീകം വിട്ട് ഉടമ്പടി ലംഘിച്ചവരെയും അനുസരിച്ചവരെയും എണ്ണിത്തിട്ടപ്പെടുത്തുന്ന വിധിയാളനായിട്ടാണ് പ്രവാചകൻ ദൈവത്തെ അവതരിപ്പിക്കുന്നത്.

**വിശുദ്ധ മലയിലെ ആരാധന (വാ. 39–44):** വിഗ്രഹാരാധന തുടരാനുള്ള 39-ാം വാക്യത്തിലെ ആക്ഷേപഹാസ്യ ശൈലി ആമോ 4:4 ലും ജറെ 44:25 ലും ആവർത്തിക്കുന്നതാണ്. എന്നാൽ 40-ാം വാക്യത്തിൽ ദൈവജനം വിശുദ്ധമലയായ സെഹിയോനിൽ ദൈവാരാധന നടത്തുന്നതിനെക്കുറിച്ചാണ് പ്രവാചകൻ പറയുന്നത്. "വിശുദ്ധമല" എന്ന പദപ്രയോഗം എസെക്കിയേലിൽ അന്യത്ര കാണപ്പെടുന്നില്ലെങ്കിലും ബൈബിളിൽ ആവർത്തിക്കപ്പെടുന്നതാണ് (സങ്കീ 2:6; ഏശ 11:9; 56:7; 57:13; ജോയേ 2:1; 4:17). മലമുകളിൽ വിഗ്രഹാരാധന നടത്തി പൂർവ്വികരിൽനിന്നു വ്യത്യസ്തമായി പ്രവാസത്തിലൂടെ ശുദ്ധീകരിക്കപ്പെടുന്ന ജനം യഥാർത്ഥ ദൈവാരാധകരാകും എന്ന സത്യമാണ് പ്രവാചകൻ ഇവിടെ അവതരിപ്പിക്കുന്നത്.

**വിചിന്തനങ്ങൾ:** ഇസ്രായേലിന്റെ ചരിത്രത്തിലെ പുഴുക്കുത്തുകളും അവിശ്വസ്തതകളും മാത്രമാണ് എസെക്കിയേൽ ഇവിടെ അവതരിപ്പിക്കുന്നത്. തിന്മമാത്രം ചൂണ്ടിക്കാട്ടുന്ന ഈ ചരിത്രവിവരണം തീർച്ചയായും വസ്തുനിഷ്ഠമല്ല. എന്നാൽ ദൈവത്തോടുള്ള ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും ബന്ധമാണ് അവരുടെ ചരിത്രത്തെ അന്തിമമായി നിർണ്ണയിക്കുന്നത് എന്ന എസെക്കിയേലിന്റെ കാഴ്ചപ്പാട് തികച്ചും വസ്തുതാപരമാണ്. മനുഷ്യന്റെ ഭൂത, ഭാവി, വർത്തമാന കാലങ്ങൾ ദൈവത്തോടുള്ള ബന്ധത്തെ ആധാരമാക്കിയാണ് നിർണ്ണയിക്കപ്പെടുന്നത്. ചരിത്രത്തിന്റെ നിയന്താവ് ദൈവമായിരിക്കുമ്പോഴും ചരിത്രത്തിലെ ദുരന്തങ്ങൾ മനുഷ്യന്റെ തിന്മയിലൂടെ സംഭവിച്ചതാണെന്നു സമർത്ഥിക്കാൻ പ്രവാചകൻ ബദ്ധശ്രദ്ധനാണ്.





ചരിത്രത്തെ മുഴുവൻ നിയന്ത്രിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ചിന്ത അന്തിമമായി ദൈവത്തെ ചരിത്രത്തിന്റെ ഭാഗമായി കരുതാൻ പ്രേരിപ്പിക്കും എന്നു മറക്കരുത്. ആകാശങ്ങളിലിരുന്ന് ഭൂമിയെ നയിക്കുന്ന ശക്തനായ ഒരു മനുഷ്യൻ എന്ന രീതിയിൽ ദൈവത്തിന്റെ ഭരണത്തെ മനസ്സിലാക്കരുത്. സഹനത്തിനും രോഗത്തിനും ദുരന്തത്തിനും കാരണക്കാരനായി ഈ വീക്ഷണത്തിൽ ദൈവം മാറും. എന്നാൽ ജോബിന്റെ പുസ്തകത്തിലെന്നപോലെ സകല തിന്മകളെയും ആത്യന്തികമായി നന്മയുടെ ചക്രവാളത്തിൽ അലിയി ക്കാൻ കഴിവുള്ള സർവ്വാതിശായിയായ ദൈവ സങ്കല്പമാണ് എസെക്കിയേലിനുള്ളത്. എല്ലാതിന്മകൾക്കുമുപരി സകല ജനപദങ്ങളും വിശുദ്ധമലയിൽ ദൈവാരാധന നടത്തുന്ന ഭാവിയെ സ്വപ്നം കാണാൻ (20:39–44) പ്രവാചകനു കഴിയുന്നതിനു കാരണം ഇതാണ്.

## എസെക്കിയേൽ 20:45–21:32, കൂട്ടക്കുരുതിയ്ക്കുള്ള വാൾ

പരസ്പരാശ്രിതങ്ങളായ നാലു പ്രവചനങ്ങളുടെ (20:45–21:7; 21:8–17; 21:18–27; 21:28–32) സമാഹാരമാണ് ഈ വചനഭാഗം. രാകിമൂർച്ചകൂട്ടിയ തന്റെ വാൾ ഉറയിൽ നിന്നൂരി ദൈവം ബാബിലോൺ രാജാവിനെ ഏൽപിക്കുന്നതാണ് ഈ പ്രവചനങ്ങളുടെ ഇതിവൃത്തം. യൂദായുടെ നാശം അടിയന്തരവും അനിവാര്യവുമാണെന്നും യൂദായുടെ ശിക്ഷകൻ ദൈവമാണെന്നുമുള്ള വ്യക്തമായ സന്ദേശമാണ് ഈ വാക്യങ്ങളിൽ ഇതൾ വിടർത്തുന്നത്.

**അഗ്നിയും വാളും (20:45–21:17):** 4:3 ലും 6:2 ലും എന്നതുപോലെ പ്രവചനത്തിനുള്ള ഒരുക്കമാണ് 20:45 ൽ കാണുന്നത്. മൂന്നു നിർദ്ദേശങ്ങളാണ് ദൈവം നൽകുന്നത്: (1) തേമാനിലേക്ക് മുഖം തിരിക്കുക. തേമാൻ എന്നത് ഏദോമിന്റെ വടക്കൻ പ്രവിശ്യയാണ്. തെക്കുഭാഗം എന്നും ഇതിനർത്ഥമുണ്ട് (25:3). മുഖം തിരിക്കുക എന്നത് ശത്രുതയുടെ അടയാളമാണ്. (2) ദാരോമിനെതിരേ സ്വരമുയർത്തുക. യൂദായിലെ ബെത്ഷബായ്ക്കു വടക്കുള്ള പട്ടണമാണ് ദാരോ. "തെക്കുഭാഗം" എന്നും ഇതിനർത്ഥമുണ്ട് (എസെ 40:24,27). സ്വരമുയർത്തുക (= ഹാത്തെപ് എന്ന ഈ ക്രിയയുടെ മൂലരൂപം "നാതാപ്" എന്നാണ്) എന്ന ക്രിയ പ്രവചനം നടത്താനുള്ള നിർദ്ദേശമാണ് (നിയ 32:2; ജോബ് 29:22; സുഭാ 5:3). (3) നെഗെബിലെ വനപ്രദേശത്തിനെതിരേ പ്രസംഗിക്കുക. നെഗെബ് എന്നത് യൂദായുടെ തെക്കൻ പ്രദേശമാണ് (സംഖ്യ 33:40; ജോഷ 15:19). നെഗബ് എന്നതിന് തെക്കൻ പ്രദേശം എന്നും അർത്ഥമുണ്ട് (ഉൽപ 13:14; നിയ 8:4,9; 1 രാജാ 7:25). ഇവിടെ വിവരിക്കുന്ന മൂന്നു സ്ഥലങ്ങളും "തെക്കുഭാഗം" എന്നു വിവർത്തനം ചെയ്യാവുന്നതിനാൽ ഈ പരാമർശങ്ങൾ ഒരേ സ്ഥലത്തെ ലക്ഷ്യമാക്കിയുള്ളതാണെന്ന് അനുമാനിക്കാം.

ദൈവം വിനാശത്തിന്റെ അഗ്നി അയയ്ക്കുന്നതായാണ് തുടർന്നുള്ള

പ്രവചനം. ദൈവത്തിന്റെ ശിക്ഷാവിധിയെ അഗ്നിയായി എസെക്കിയേൽ അന്യത്ര പ്രതീകവൽക്കരിക്കുന്നുണ്ട് (5:4; 10:2; 15:4-7; 19:12,14). ഈ സംഹാരാഗ്നി സർവ്വതും ചാമ്പലാക്കുന്ന ഘോരാഗ്നിയാണ്. തന്റെ പ്രവചനങ്ങളെ ജനം "പ്രതിരൂപാത്മകം" (= മെമ്മാഷൽ മെഷാലിം) എന്നു പരിഹസിക്കുന്നതായിട്ടാണ് പ്രവാചകൻ ദൈവത്തോടു പരാതിപ്പെടുന്നത് (20:49). തന്റെ പ്രവചനങ്ങൾ സങ്കീർണ്ണമാണെന്നോ കഴമ്പില്ലാത്തതാണെന്നോ ഉള്ള ജനത്തിന്റെ അഭിപ്രായപ്രകടനമാണ് പ്രവാചകൻ ഇവിടെ പരാമർശിക്കുന്നത് എന്നു കരുതാം.

ഈ പരാതിക്ക് ഉത്തരമായാണ് ദൈവം വ്യക്തമായ ഭാഷയിൽ, താൻ ഉദ്ദേശിക്കുന്ന തെക്കുഭാഗം മറ്റെങ്ങുമല്ല ജറുസലേം നഗരവും ദേവാലയവുമാണെന്ന് വ്യക്തമാക്കുന്നത് (21:1-2). മിക്കാ 3:12 ലെ ജറുസലേമിനെതിരായ പ്രവചനത്തെ അനുസ്മരിപ്പിക്കുന്നതാണ് എസെ 21:1-2 ലെ പ്രവചനം. ഇവിടെ അഗ്നി എന്ന പ്രതീകം വാളിനു വഴിമാറുന്നു എന്നത് ശ്രദ്ധേയമാണ്. ശിക്ഷാവിധിയെ വാളായി പ്രതീകവൽക്കരിക്കുന്ന ശൈലി എസെക്കിയേൽ ആവർത്തിക്കുന്നതാണ് (5:1-2; 6:3,8,11-12; 11:9,10; 12:14,16; 14:17,21; 16:40; 17:21). ആമോസും (9:4) ജറെമിയായും (47:6-7) ശിക്ഷാവിധിയെ വാളായി ചിത്രീകരിക്കുന്നുണ്ട്. ബാബിലോണിന്റെ നാശത്തെ ആദ്യം അഗ്നിയായും പിന്നീട് വാളായും ചിത്രീകരിക്കുന്ന ഏറാ പുരാണത്തിലെ (Erra Epic) ശൈലി എസെക്കിയേൽ കടമെടുത്തതാണ് എന്നു കരുതുന്നവരുമുണ്ട് (Block, Ezekiel, NICOT, p. 669).

തുടർന്നു നെടുവീർപ്പിടാനുള്ള (= ആനാഹ്) കല്പനയാണ് യാഹ്വെ നൽകുന്നത്. ഇതിനെ ഒരു പ്രവചനാത്മക പ്രതീക പ്രവൃത്തിയായി കാണാം (12:9; 24:19; 37:18 എന്നിവിടങ്ങളിലും സമാന പ്രവൃത്തികൾ കാണാം). തുടർന്നു വരുന്ന കൂട്ടക്കുരുതിയെക്കുറിച്ചുള്ള പ്രവചനത്തിനുള്ള മുന്നോടിയാണ് ഈ നെടുവീർപ്പുകൾ എന്ന് അനുമാനിക്കാം.

**കൊലയാളിയുടെ കയ്യിലെ വാൾ (21:8-17):** അർത്ഥ വ്യാഖ്യാനം തികച്ചും ശ്രമകരമായ വചനഭാഗമാണിത്. 10b, 13b എന്നീ വാക്യങ്ങളുടെ വിവർത്തനംപോലും ശ്രമകരമാണ്. 8-13, 14-17 എന്നീ രണ്ടു കീർത്തനങ്ങളുടെ സമാഹാരമായി ഈ വചന ഭാഗത്തെ മനസ്സിലാക്കാം. ആദ്യ കീർത്തനം വാളിനെ പ്രകീർത്തിക്കുന്നതാണ്. മൂർച്ചകൂട്ടിയതും (= ഹൂഹദ്ദാ) തിളക്കമേറിയതുമായ (= മേറൂത്താ) വാളിനെ പ്രകീർത്തിക്കുന്ന ഈ കീർത്തനം ഇസ്രായേലിൽ നിലവിലുണ്ടായിരുന്ന ഏതോ യുദ്ധകീർത്തനത്തെ ആധാരമാക്കി എസെക്കിയേൽ രചിച്ചതാണെന്ന് കരുതുന്നവരുമുണ്ട് (M. Hals, Ezekiel, FOTL-19, p. 151). "കൊലചെയ്യാൻ" എന്ന് 10a യിൽ ഉപയോഗിക്കുന്ന ക്രിയാരൂപം (=താബാഹ്) വീട്ടുമൃഗങ്ങളെ ഭക്ഷണാവശ്യത്തിനായി കൊല്ലുന്നതിനെയാണ് സൂചിപ്പിക്കുന്നത് (ഉൽപ 43:16; പുറ 22:1; നിയ 28:31). എന്നാൽ ഈ ക്രിയ മനുഷ്യരെ സംബന്ധിച്ചാണ് ഉപയോഗിക്കുന്നതെങ്കിൽ ഇത് "കൂട്ടക്കുരുതി"യെയാണ് സൂചിപ്പിക്കുന്നത് (സങ്കീ 37:14; ജറെ 48:15). ദൈവത്തിന്റെ ഉടമ്പടിയെ അവഗണിച്ചതിനാൽ യൂദാ വാളിന് ഇരയാകും. യാക്കോബിന്റെ അനുഗ്രഹമോ (ഉൽപ 49:10), ദാവീദിന്റെ ഭവനത്തിനു ലഭിച്ച വാഗ്ദാനമോ ( 2സാമു 7)





യൂദായുടെ രക്ഷയ്ക്കു സഹായകമാകില്ല എന്നാണ് പ്രവാചകൻ വിവക്ഷിക്കുന്നത്.

21:12 ൽ മറ്റൊരു പ്രതീകാത്മക പ്രവാചക പ്രവൃത്തിക്കുള്ള ആഹ്വാനമാണ്. "ഉച്ചത്തിൽ കരയുക" (ഏശ 65:14; ഹോസി 7:14) എന്ന നിർദ്ദേശവും വരാൻ പോകുന്ന കൂട്ടക്കുരുതിയെക്കുറിച്ചുള്ള വിലാപത്തിനുള്ള ആഹ്വാനമായി കരുതാം. ഇവിടെ ഇസ്രായേലിനെ "എന്റെ ജനം" എന്ന് ദൈവം വിശേഷിപ്പിക്കുന്നതിലൂടെ ദൈവത്തിന്റെ ഉടമ്പടി ബന്ധത്തിന് മാറ്റം സംഭവിച്ചിട്ടില്ല എന്ന് അനുമാനിക്കാം (വാ. 13).

21:14-17 ൽ പ്രവചിക്കാനുള്ള ആഹ്വാനത്തോടനുബന്ധിച്ച് രണ്ടു കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു (1) കൈ കൊട്ടുക, (2) വാൾ നാലുപാടും വീശി കൊലനടത്തുക. കൈകൊട്ടുന്നത് ദൈവത്തിന്റെ കോപപ്രകടനമായി കരുതാം (Block, Ezekiel, p. 679). നാലുപാടും ചുഴറ്റിവീശപ്പെടുന്ന വാളിൽ നിന്നും ഒരുവൻ പോലും രക്ഷപെടുന്നില്ല. ജറുസലേമിന്റെ മതിലുകൾപോലും ജനത്തിനു സംരക്ഷണം നൽകുന്നില്ല; കാരണം, മതിലുകളുടെ കവാടങ്ങളിലും ദൈവം വാളുകൾ സ്ഥാപിച്ചിരിക്കുന്നു (വാ. 15). "ഇടിമിന്നൽപോലെയുള്ള വാൾ" എന്ന പദപ്രയോഗം വാളിന്റെ സർവ്വസംഹാരശക്തിയെയാണ് വെളിപ്പെടുത്തുന്നത്. കൂട്ടക്കുരുതിയിലൂടെ, ദൈവിക ഉടമ്പടിയുടെ നീതി പുനസ്ഥാപിക്കപ്പെടുന്നു എന്ന അർത്ഥത്തിലാണ് "ദൈവകോപം ശമിക്കും" എന്നു പറഞ്ഞിരിക്കുന്നത്.

**ബാബിലോൺ രാജാവിന്റെ വാൾ (21:18-27):** വാളിനെക്കുറിച്ചുള്ള മൂന്നാമത്തെ പ്രവചനമാണ് 21:18-27 ൽ കാണുന്നത്. പ്രവാചകനോട് രണ്ടു വഴികൾ അടയാളപ്പെടുത്താൻ ദൈവം ആവശ്യപ്പെടുന്നു. നബുക്കദ്നാസ്സർ യൂദാ അക്രമിക്കാൻ വരാൻ സാധ്യതയുള്ള രണ്ടുവഴികളാണിവ. ആമോന്യരുടെ റാബാഹ് വഴിയുള്ളതാണ് ആദ്യപാത. രണ്ടാമത്തേതാകട്ടെ യൂദായിലെ ജറുസലേമിലേക്കു നേരിട്ടുള്ള വഴിയും. ഈ പ്രതീകാത്മക പ്രവൃത്തിയുടെ അർത്ഥം പൂർണ്ണമായും ഗ്രഹിക്കുക ദുഷ്കരമാണ്. ബി.സി. 588 ൽ നബുക്കദ്നാസർ ജറുസലേമിനെതിരേ ഏർപ്പെടുത്തിയ ഉപരോധമാണ് ഇവിടെ വിവക്ഷിക്കുന്നത് എന്നു കരുതുന്നവരുണ്ട് (Darr, Ezekiel, p. 1301). രണ്ടു വഴികളും സന്ധിക്കുന്ന കവലയിൽവച്ച് നബുക്കദ്നാസർ ഏതു വഴിക്ക് തിരിയണമെന്ന് അടയാളം നോക്കുമെന്നാണ് പ്രവാചകൻ പറയുന്നത് (വാ. 21). മൂന്നുതരം അടയാള പരിശോധനകളാണ് നിർദ്ദേശിക്കപ്പെടുന്നത്. (1) അമ്പുകളിൽ വ്യത്യസ്ത സാധ്യതകൾ എഴുതിയശേഷം അവ ആവനാഴിയിലിട്ട് അവയിൽനിന്ന് ഒന്ന് എടുത്ത് അതിൽ എഴുതിയിരിക്കുന്ന പ്രകാരം ചെയ്യുന്നു. (2) വിഗ്രഹങ്ങളോടു ചോദിക്കുന്ന രീതി (ഉൽപ 31:30) യാണ് രണ്ടാമത്തേത്. (3) ലോഹത്തകിടുകളിൽ വിവിധ ചിഹ്നങ്ങൾ വരച്ച് കുറിയിടുന്ന ശൈലിയാണ് മൂന്നാമത്തേത്. ഇവയിൽ മൂന്നാമത്തെ ശൈലിയെക്കുറിച്ച് അസ്സീറിയൻ-ബാബിലോണിയൻ പാരമ്പര്യങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. വലത്തേക്കു തിരിയാനുള്ള അടയാളമാണ് നബുക്കദ്നാസറിനു ലഭിച്ചത്. അതാകട്ടെ യൂദായുടെ തലസ്ഥാനമായ ജറു

സലേമിനെ ആക്രമിക്കാനുള്ള സൂചനയായിരുന്നു.

എന്നാൽ ജറുസലേമിലെ രാജാവും പ്രജകളും വ്യാജപ്രവാചകന്മാരെ വിശ്വസിച്ച് ജറുസലേം ഒരിക്കലും പരാജയപ്പെടില്ല എന്ന മിഥ്യാബോധത്തിൽ പ്രതിരോധത്തിനും പ്രത്യാക്രമണത്തിനും മുതിരുന്നതിനെയാണ് 22-23 വാക്യങ്ങൾ സൂചിപ്പിക്കുന്നത്. 17:11-22 ന്റെ വ്യാഖ്യാനത്തിൽ ഈ ആശയം വിശദീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. 23-ാം വാക്യത്തിന്റെ വ്യാഖ്യാനം ഏറെ ദുഷ്കരമാണ്. വാ. 23 ലെ രണ്ടു വാക്യങ്ങളുടെയും കർത്താവ് വ്യത്യസ്തമാണ്. ദൈവത്തോടുള്ള ഉടമ്പടി ലംഘിച്ചവരാണ് യൂദാനിവാസികൾ എന്ന് തന്റെ മാന്ത്രിക വിദ്യകളിലൂടെ മനസ്സിലാക്കിയതിനാൽ നബുക്കദ്നാസർ യൂദാ നിവാസികളെ അടിമകളായി പിടിച്ചു എന്ന അർത്ഥമാണ് ഈ വാക്യത്തിന് ഏറ്റവും സാധ്യമായിട്ടുള്ളത്.

വാ. 25-27 ലെ അതിക്രമിയായ രാജാവ് എന്ന വിശേഷണം സെദെക്കിയായെ ലക്ഷ്യമാക്കിയുള്ളതാണ്. "അവന്റെ ദിനം" എന്നത് മരണദിനത്തെ സൂചിപ്പിക്കുന്നതാണ് (1 സാമു 26:10). യൂദായുടെ പതനത്തെ ദൈവത്തോട് ഏറ്റുമുട്ടി പരാജയപ്പെടുന്ന സംഭവമായിട്ടാണ് എസെക്കിയേൽ അവതരിപ്പിക്കുന്നത്. ഉൽപ 49:10 ലെ യാക്കോബിന്റെ അനുഗ്രഹത്തിന്റെ വിപരീതഫലം എന്നനിലയിലാണ് 21:27 ൽ യൂദായുടെ പതനത്തെ അവതരിപ്പിക്കുന്നത്.

**വാൾ ഉറയിലിടുന്നു (21:28-32):** വാളിനെക്കുറിച്ചുള്ള നാലാം പ്രവചനമാണിത്. ആദ്യമൂന്നു പ്രവചനങ്ങളിലെ വിവരണവുമായി താരതമ്യം ചെയ്താൽ 62 വാക്കുകളുള്ള നാലാം പ്രവചനത്തിൽ (വാ. 28-32)10 വാക്കുകൾ മാത്രമേ പുതുതായുള്ളൂ (Zimmerli, Ezekiel, p. 448). അതിനാൽ ഈ വചനഭാഗത്തെ മുൻ പ്രവചനങ്ങളുടെ വെളിച്ചത്തിൽ പിൽക്കാല സംശോധകൻ നടത്തിയ രചനയായി വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ, വാളിനെക്കുറിച്ചുള്ള പ്രവചനങ്ങളുടെ പരിസമാപ്തിയായി പ്രവാചകൻതന്നെ നടത്തിയ പ്രവചനമായി ഇതിനെ മനസ്സിലാക്കാം.

അമ്മോന്യർക്കെതിരേ നടത്തുന്ന ഈ പ്രവചനത്തിന്റെ സാംഗത്യം വ്യാഖ്യാതാക്കളെ ഏറെ കുഴക്കുന്നുണ്ട്. വിവിധ വ്യാഖ്യാനങ്ങൾ ചുവടെ ചേർക്കുന്നു:

(1) എസെ 25:1-7 ൽ ജനതകൾക്കെതിരേയുള്ള പ്രവചനത്തിൽ ആദ്യം പരാമർശിക്കുന്നത് അമ്മോന്യരെയാണ്. യൂദായുടെ നാശത്തിൽ അവർ സന്തോഷിച്ചതിനാൽ അവർക്കെതിരേ പ്രവചിച്ചു. (Zimmerli, Ezekiel, p. 448).

(2) ഈ പ്രവചനത്തിന്റെ മൂലരൂപത്തിൽ പ്രവാചകൻ യൂദായ്ക്കെതിരേ നടത്തിയ പ്രവചനം പിൽക്കാലത്ത് പകർപ്പെഴുത്തുകാർ അമ്മോന്യർ എന്നു തെറ്റിദ്ധരിച്ചതാണ് (b. Lang, VT 29 (1979) 43)

(3) എസെക്കിയേൽ യഥാർത്ഥത്തിൽ ബാബിലോണിനെതിരേയാണ് പ്രവചിക്കുന്നത്. എന്നാൽ ബാബിലോണിനെതിരേയുള്ള പ്രവചനം രാഷ്ട്രീയമായി അപകടകരമാകയാൽ അമ്മോന്യർ എന്നു പരാമർശിച്ചതാണ് (Greenberg, Ezekiel, p. 435).





(4) യൂദായ്ക്കെതിരായ ആക്രമണത്തിനുശേഷം നെബുക്കദ്നേസർ അമ്മോന്യരെ ആക്രമിക്കുന്നുണ്ട് (വാ. 28-30). ഈ ആക്രമണത്തെ സൂചിപ്പിക്കുന്ന പ്രവചനമായി ഇതിനെ ഗ്രഹിക്കാം (Darr, Ezekiel, p. 1304).

മേൽപറഞ്ഞ നാലുനിഗമനങ്ങളിൽ നാലാമത്തെ നിഗമനമാണ് ചരിത്രപരമായി കൂടുതൽ ശരിയാകാൻ സാധ്യതയുള്ളത്. 30-32 വാക്യങ്ങൾ നബുക്കദ്നേസറിനെ അഭിസംബോധന ചെയ്യുന്നവയാണെന്നു കരുതാം. "വാൾ അതിന്റെ ഉറയിൽ തിരിച്ചു കയറും" (വാ. 30) എന്ന പ്രസ്താവന വാ. 5 ന്റെ വിപരീതമാണ്. ദൈവകോപത്തിന്റെ ഉപകരണമായി തിരഞ്ഞെടുക്കപ്പെട്ട നബുക്കെദ്നേസറുടെ ദൗത്യം പൂർത്തിയായി എന്നും ചരിത്രത്തെ മുന്നോട്ടു നയിക്കുന്നത് ദൈവമാണെന്നുമുള്ള ചിന്തയാണ് ഇവിടെ പങ്കുവയ്ക്കുന്നത്. ആയുധനിർമ്മാണശാലയിൽ അഗ്നിയിൽ വാൾ ഉരുക്കി പതംവരുത്തുകയും രൂപമാറ്റം വരുത്തുകയും ചെയ്യുന്നതുപോലെ ദൈവക്രോധത്തിന്റെ അഗ്നിയിൽ നബുക്കദ്നേസറും ബാബിലോൺ പ്രതാപവും തിരിച്ചടി നേരിടും എന്ന പരോക്ഷ സൂചനയായി ഈ വചനഭാഗത്തെ മനസ്സിലാക്കാം.

**വിചിന്തനം:** 1. ഇസ്രായേലും യൂദായും അടങ്ങുന്ന യഹൂദരാജ്യങ്ങൾ പ്രവാസത്തിലാണ്ടുപോയി എന്ന ചരിത്രസത്യം അനാവരണം ചെയ്യുകയാണ് എസെക്കിയേൽ. ഈജിപ്ത്, ബാബിലോണിയ തുടങ്ങിയ സാമ്രാജ്യശക്തികൾക്കിടയിൽ അവർ നൂറ്റാണ്ടുകളോളം പിടിച്ചുനിന്നതെങ്ങനെയാണ് എന്ന ചരിത്രാത്ഭുതത്തെയാണ് എസെക്കിയേൽ അനാവരണം ചെയ്യുന്നത്. ദൈവത്തിന്റെ അതിരറ്റ കരുണയും ഉടമ്പടിസ്നേഹത്തിന്റെ കരുത്തുമായിരുന്നു ദൈവജനത്തിന്റെ ശക്തി. സ്വയംകൃതാനർത്ഥങ്ങളും അവിരാമമായ അവിശ്വസ്തയും മൂലം ദൈവജനം സ്വന്തം ചരിത്രത്തിനുതന്നെയാണ് ചരമഗീതമെഴുതുന്നത്. ദൈവത്തോടുള്ള മനുഷ്യന്റെ അവിശ്വസ്തത മനുഷ്യന്റെ ചരിത്രത്തിന്റെ ചരമക്കുറിപ്പാണ് എഴുതുന്നത് എന്ന എസെക്കിയേലിന്റെ ദർശനത്തിന് കാലാതീതമായ തിളക്കമുണ്ട്.

2. സമാധാനം എന്നത് നീതിയുടെ പരിണിതഫലമാണ്. മുറിവേറ്റ നീതിയ്ക്കു പരിഹാരം ചെയ്യാതെ ശാശ്വതമായ സമാധാനം ലഭിക്കുകയില്ല. കാരുണ്യത്തിന്റെ പുകമറയിൽ സകല അനീതികളെയും തമസ്കരിക്കാനുള്ള ശ്രമം സമൂഹത്തിൽ നീതി സംജാതമാക്കുകയില്ല. കരുണയുടെ വെള്ളപ്പുതപ്പിന്റെ തണലിൽ ഒരുപാടു തിന്മകൾ തഴച്ചു വളരാനുള്ള സാധ്യതയുണ്ട്. തിന്മയെ തിന്മയായി നേരിടാനും തിരുത്താനുള്ള ശിക്ഷണനടപടികൾ സ്വീകരിക്കാൻ കഴിയുമ്പോഴേ സമാധാനം സംജാതമാകുകയുള്ളൂ. നാട്ടിലെ കുറ്റവാളികളോടു മുഴുവൻ ന്യായാധിപന്മാർ ക്ഷമിക്കാനും കരുണകാട്ടാനും തുടങ്ങിയാൽ സമാധാനത്തിനു പകരം അരാജകത്വമാണ് സംജാതമാകുന്നത്. ദൈവകാരുണ്യത്തിന്റെ അതിവർണ്ണനയിൽ ദൈവനീതി എന്ന അനിവാര്യ സത്യം വിസ്മരിക്കരുത് എന്ന സന്ദേശമാണ് എസെക്കിയേൽ നൽകുന്നത്. സമാധാനമല്ല വാളാണ് താൻ കൊണ്ടുവന്നിരിക്കുന്നത് എന്നു പറഞ്ഞ ക്രിസ്തുവിന്റെ നിലപാടും (മത്താ10:34) ഇതിനു സമാനമാണ്.

# എസെക്കിയേൽ 22:1-31, നഗരത്തിന്റെയും നേതാക്കന്മാരുടെയും നാശം

മൂന്നു പ്രവചനങ്ങളുടെ സമാഹാരമാണ് ജറുസലേമിന്റെ നാശത്തെക്കുറിച്ചുള്ള ഈ പ്രവചനം: (1) തിന്മ നിറഞ്ഞ നഗരത്തിന് രക്തത്തിൽ കുതിർന്ന അന്ത്യം സംഭവിക്കുന്നു (വാ. 1-16). (2) ജറുസലേമിന്റെ നാശത്തെ ലോഹശുദ്ധീകരണ പ്രക്രിയയോട് ഉപമിക്കുന്നു (വാ. 17-22), (3) യൂദായുടെ നേതാക്കൾക്കെതിരായ രൂക്ഷ വിമർശനം (വാ. 23-31).

**രക്ത നഗരം (വാ. 1-16):** ജറുസലേമിനെ രക്തപങ്കിലമായ നഗരമായാണ് എസെക്കിയേൽ വിശേഷിപ്പിക്കുന്നത് (24:6,10). നാഹും പ്രവാചകൻ നിനവെ നഗരത്തെ ഇതേ പേരിൽ വിളിക്കുന്നുണ്ട്. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ പതനത്തിനു കാരണക്കാരായ അസ്സീറിയായുടെ തലസ്ഥാന നഗരമാണ് നിനെവെ. ഇതേപേരിൽ ജറുസലേമിനെ സംബോധന ചെയ്യുന്നതിലൂടെ ജറുസലേമിന്റെ പാപവസ്ഥയാണ് പ്രവാചകൻ ഓർമ്മിപ്പിക്കുന്നത്. ജറുസലേമിനെതിരേയുള്ള കുറ്റവിചാരണയുടെ രൂപത്തിലാണ് ഈ പ്രവചനം ആരംഭിക്കുന്നത് (വാ. 3-5). വിഗ്രഹാരാധനയെ സൂചിപ്പിക്കുന്നതാണ് "ചാണകരൂപങ്ങൾ" എന്ന നാലാം വാക്യത്തിലെ പ്രയോഗം. നഗരം മുഴുവനെയും രക്തം നിറഞ്ഞ ഒരു പാത്രത്തോടാണ് പ്രവാചകൻ ഉപമിക്കുന്നത് (3-4,6,9, 12-13 വാക്യങ്ങൾ കാണുക). അകലെയും അടുത്തുമുള്ളവർ (= സകലരും) ജറുസലേമിനെ അധിക്ഷേപിക്കാനിടവരും.

6-12 വാക്യങ്ങളിൽ യൂദായുടെ പാപങ്ങളും അവളുടെ രാജാക്കന്മാരും പ്രഭുക്കന്മാരും ചെയ്ത അതിക്രമങ്ങളുടെ കഥയുമാണ് പ്രവാചകൻ ആദ്യം വിവരിക്കുന്നത് (വാ. 6). പാപങ്ങളുടെ പട്ടികയിൽ ആദ്യത്തേത് മാതാപിതാക്കളോടുള്ള അനാദരവാണ്. മാതാപിതാക്കളെ അനാദരിക്കുന്നത് മരണശിക്ഷക്ക് അർഹമായ കുറ്റമാണ് (പുറ 21:17; ലേവ്യ 20:9; നിയ 27:16). സുമേറിയൻ പാരമ്പര്യത്തിൽ മാതാപിതാക്കളും മക്കളും തമ്മിലുള്ള ഐക്യമാണ് രാഷ്ട്രസമാധാനത്തിന് ആധാരം എന്നു പഠിപ്പിക്കുന്ന ആശയം എസെക്കിയേലിനെ സ്വാധീനിച്ചു എന്നു കരുതുന്നവരുണ്ട് (Greenberg, Ezekiel, 454). രണ്ടാമത്തെ തിന്മയായി അവതരിപ്പിക്കുന്നത് അനാഥരോടും വിധവകളോടുമുള്ള അതിക്രമങ്ങളാണ്. സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ ഇവരോട് കാണിക്കേണ്ട നീതിയെക്കുറിച്ച് നിയമഗ്രന്ഥങ്ങൾ നൽകുന്ന അനുശാസനങ്ങൾ (പുറ 22:21; 23:9,12; നിയ 14:29; 16:11; 24:19-21; 26:12-13) ജനം അവഗണിച്ചു എന്നതാണ് അവരുടെ അപരാധം.

22:8 ൽ ജറുസലേമിന്റെ ആരാധനാക്രമപരമായ പാപങ്ങളാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. സാബത്ത് മലിനമാക്കുക വഴി ദൈവികനിയമവും (ലേവ്യ 19:30) ഉടമ്പടിയുടെ ബന്ധവും (പുറ 31:13-17) അവഗണിച്ചതാണ് ആരാധനയിലുണ്ടായ മുഖ്യ അപചയം. 21:9 ൽ സാമൂഹികവും മതപരവും ലൈംഗികവുമായ മേഖലകളിലെ തെറ്റുകളെ പൊതുവായി





അവതരിപ്പിക്കുകയാണ്. ഇസ്രായേലിന്റെ വിശുദ്ധിയുടെ ഉടമ്പടിഗ്രന്ഥത്തിൽ (Holiness code) ലൈംഗിക വിശുദ്ധിയെക്കുറിച്ച് ദീർഘമായ പ്രതിപാദനങ്ങളുണ്ട് (ലേവ്യ 17:1-26:46).

22:10-11 വാക്യങ്ങളിൽ പ്രധാനമായും അഞ്ചുതിന്മകളാണ് അവതരിപ്പിക്കുന്നത്: (1) പിതാവിന്റെ ജീവിതപങ്കാളിയോടൊത്ത് ശയിക്കുന്ന മാരകപാപം; ലേവ്യ 20:11 ൽ ഇതിന് മരണ ശിക്ഷയാണ് വിധിക്കുന്നത്. (2) ആർത്തവകാലത്ത് സ്ത്രീകളുമായി ശാരീരികബന്ധം പുലർത്തുന്നു. ലേവ്യ 18:19; 20:18 എന്നീ വചനങ്ങൾ ഈ തിന്മയെ നിരോധിക്കുന്നുണ്ട് (എസെ 18:6 കാണുക). (3) നിയമഗ്രന്ഥം നിരോധിച്ചിട്ടും (പുറ 20:14; ലേവ്യ 18:20; 20:10) അയൽക്കാരന്റെ ഭാര്യയുമൊത്ത് വ്യഭിചാരം ചെയ്യുന്നു. (4) മരുമക്കളുമൊത്ത് അശുദ്ധപാപത്തിൽ ഏർപ്പെടുന്നു (ലേവ്യ 18:15; 20:12). (5) സ്വന്തം സഹോദരിമാരുമൊത്ത് അഗമ്യഗമനപരമായ പാപങ്ങളിൽ ഏർപ്പെടുന്നു (ലേവ്യ 18:9; 11:20-17).

22:12 ൽ സാമ്പത്തിക കുറ്റകൃത്യങ്ങളാണ് പ്രവാചകൻ ചൂണ്ടിക്കാണിക്കുന്നത്. അനീതിയും അടിമത്തവും അടിച്ചമർത്തലുകളും (പുറ 3:8) കൈക്കൂലിയും (നിയ 16:18-19) സമൂഹത്തെ രക്തപങ്കിലമാക്കുന്ന തിന്മകളാണെന്ന് പ്രവാചകൻ ചൂണ്ടിക്കാട്ടുന്നു. പാപം എന്നതിന് വൈയക്തികവും സാമൂഹികവും മതപരവും സാമ്പത്തികവുമായ മാനങ്ങളുണ്ട് എന്ന എസെക്കിയേലിന്റെ ദർശനത്തിന് ഏറെ കാലികപ്രസക്തിയുണ്ട്.

22:13 ൽ ജറുസലേമിനുള്ള ശിക്ഷാവിധിയുടെ ആരംഭമാണ്. "കർത്താവു മുഷ്ടി ചുരുട്ടുമ്പോൾ നീ നേരിടുമോ?" എന്ന ചോദ്യം ദൈവികശിക്ഷാവിധിയിൽ ജറുസലേം തകരും എന്നതിന്റെ സൂചനയാണ്. ദേശങ്ങൾക്കിടയിൽ ചിതറിക്കപ്പെടും എന്നതാണ് ജറുസലേ മിനുള്ള ശിക്ഷ (വാ. 15-16). ഈ ശിക്ഷാവിധി ഇസ്രായേലിന്റെ ചരിത്രത്തിൽ അനവധി തവണ ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ് (ലേവ്യ 26:33-39; നിയ 28:64). എസെ 12:15 ൽ പരാമർശിച്ചിട്ടുള്ള ഈ ശിക്ഷാവിധി തുടർന്ന് 29:12 ലും 30:23-26 ലും ആവർത്തിക്കുന്നുണ്ട്.

**ശിക്ഷാവിധിയും ലോഹശുദ്ധീകരണവും (വാ. 17-22):** 22:17-22 ൽ ലോഹനിർമ്മാണവുമായി ബന്ധപ്പെട്ട ഒരു ഉദാഹരണം അവതരിപ്പിച്ചുകൊണ്ടാണ് പ്രവാചകൻ സംസാരിക്കുന്നത്. വെള്ളിയുടെ ശുദ്ധീകരണ പ്രക്രിയയാണ് ഇവിടെ പരാമർശിക്കപ്പെടുന്ന പ്രതീകവൽകരണത്തിന് ആധാരമായി വർത്തിക്കുന്നത്. വിവിധ ലോഹങ്ങളുടെ അയിരുകളിൽ നിന്നാണ് (ചെമ്പ്, ഈയം, ഇരുമ്പ് മുതലായവ) വെള്ളി ശുദ്ധീകരിച്ചെടുക്കുന്നത്. ലോഹം ശുദ്ധീകരിച്ചെടുത്തു കഴിഞ്ഞാൽ ശേഷിക്കുന്നത് ഉപയോഗശൂന്യമായ ലോഹക്കിട്ടമാണ്. ദൈവം തന്റെ കോപത്തിന്റെ അഗ്നിയിൽ യൂദായെ ഉരുക്കിയപ്പോൾ ജനം മുഴുവൻ പ്രയോജനരഹിതമായ ലോഹക്കിട്ടമായി മാറി എന്നാണ് പ്രവാചകൻ പറയുന്നത്. ദൈവത്തിന്റെ ശിക്ഷാവിധിയെ ലോഹം ഉരുക്കി ശുദ്ധീകരിക്കുന്നതിനോട് ഉപമിക്കുന്ന ശൈലി ബൈബിളിൽ അന്യത്ര ദൃശ്യമാണ് (1 രാജാ 8:51; ജറെ 6:27-30; 11:4; ഏശ 1:22-25; 46:10).

**ശിക്ഷാവിധിയുടെ ന്യായീകരണം (വാ. 23-31)**: ഇസ്രായേലിലെ നേതാക്കൾക്കെതിരായുള്ളതാണ് 22-ാം അധ്യായത്തിലെ ഈ മൂന്നാം പ്രവചനം. മിക്ക 3:11; ജറെ 5:31; സെഫാ 3:3-4 എന്നീ പ്രവചനങ്ങളുടെ ചുവടുപിടിച്ചാണ് എസെ 22:23-31 ലെ പ്രവചനം എന്ന് അനുമാനിക്കുന്നവരുണ്ട്. ദൈവതിരുമുമ്പിൽ നേതാക്കൾ അവിശ്വസ്തരായതാണ് ഇസ്രായേലിന്റെ നാശത്തിനു കാരണമായത് എന്ന ആരോപണമാണ് പ്രവാചകൻ ഇവിടെ ശക്തമായി ഉന്നയിക്കുന്നത്.

മഴ പെയ്യുന്നത് ദൈവിക ഉടമ്പടിയുടെ ഫലമാണെന്നും (ലേവ്യ 26:4) ഉടമ്പടി ലംഘനം വരൾച്ചയ്ക്കു കാരണമാകുമെന്നും (ലേവ്യ 26:19; നിയ 28:23-24; 1 രാജാ 17-18; ആമോ 4:7) യഹൂദർ വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തെ ആധാരമാക്കിയാണ് 24-ാം വാക്യം രചിച്ചിരിക്കുന്നത്. "ദൈവം അപമാനിതനാകുന്നു" (വാ. 26) എന്നതാണ് ഇസ്രായേലിന്റെ ഉടമ്പടി ലംഘനത്തിന്റെ ആത്യന്തികഫലം (ഏശ 10:5; ജറെ 15:17; നാഹും 1:6; ഹബ 3:12). ഇസ്രായേലിന്റെ രാജാക്കന്മാർ കടിച്ചുകീറുന്ന സിംഹങ്ങളുടെ ക്രൂരതയുള്ളവരാണ് (വാ. 25). പുരോഹിതരാകട്ടെ നിയമനിഷേധികളും ശുദ്ധാശുദ്ധികൾ (ലേവ്യ 10:10; 11:47; 20:25) തിരിച്ചറിയാൻ കഴിവില്ലാത്തവരുമാണ്. എസെ 1-39 അധ്യായങ്ങളിൽ പുരോഹിതരെക്കുറിച്ച് മോശമായി പരാമർശിക്കുന്ന ഏകവാക്യം 22:26 ആണ്. ഇസ്രായേലിലെ ന്യായാധിപന്മാരും തങ്ങളുടെ വഞ്ചനയ്ക്കും ക്രൂരതയ്ക്കും പേരുകേട്ടവരാണെന്ന് പ്രവാചകൻ അധിക്ഷേപിക്കുന്നുണ്ട്.

യൂദായിലെ പ്രവാചകന്മാരും എസെക്കിയേലിന്റെ നിശിതവിമർശനത്തിന് ഇരയാകുന്നുണ്ട് (വാ. 27-28). അവർ ദൈവനാമത്തിൽ വ്യാജപ്രവചനം നടത്തുകയും (സെഫാ 13:10) തെറ്റുകളെ നിസ്സാരവൽക്കരിക്കുന്നവരുമാണ്. നേതാക്കളുടെ തിന്മമൂലം ദേശവാസികളും തിന്മയ്ക്ക് അധീനരായി എന്നാണ് പ്രവാചകൻ തുടർന്നു പറയുന്നത് (വാ. 29-30). മതപരവും സാമൂഹികവും സാമ്പത്തികവുമായ തിന്മകൾ ജനങ്ങളുടെ ഇടയിൽ വ്യാപിക്കുകയും (എസെ 7:27; 18:12,8 എന്നിവയുടെ വ്യാഖ്യാനം കാണുക) ചെയ്തു.

22:30 ൽ ദൈവഹിതാനുസൃതം ജീവിക്കുന്ന ഒരുവനെപ്പോലും കണ്ടില്ല എന്ന പ്രസ്താവന ജറെ 5:1-5 നെ അനുസ്മരിപ്പിക്കുന്നു. നഗരമതിലിലെ വിടവുകൾ നന്നാക്കുകയോ അവിടെ കാവൽ ഏർപ്പെടുത്തുകയോ ചെയ്തില്ലെങ്കിൽ അവയിലൂടെ ശത്രുസൈന്യം ഉള്ളിൽ പ്രവേശിക്കും. നഗരത്തെ പ്രതിരോധിക്കാൻ തയ്യാറായ ഒരുവൻ പോലുമില്ല എന്നു പ്രസ്താവിക്കുന്നതിലൂടെ യൂദായുടെ പാപത്തിന്റെ സാർവ്വത്രികതയാണ് വ്യക്തമാക്കുന്നത്. ദൈവകോപത്തിന്റെ സംഹാരസ്വഭാവത്തെക്കുറിച്ച് ഒരിക്കൽകൂടി (9:10; 11:21; 16:43) ഓർമ്മിപ്പിച്ചുകൊണ്ടാണ് പ്രവാചകൻ ഉപസംഹരിക്കുന്നത് (വാ. 31).

**വിചിന്തനങ്ങൾ:** 1. ഉടമ്പടിയുടെ ലംഘനം ധാർമ്മികതലത്തിൽമാത്രം ഒതുങ്ങി നില്ക്കുന്നില്ല. മറിച്ച്, അവയുടെ പരിണിതഫലങ്ങൾ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ബാധിക്കുന്നു എന്ന എസെക്കിയേലിന്റെ കാഴ്ചപ്പാട് ശ്രദ്ധേയമാണ്. ഉടമ്പടി ലംഘനം വരൾച്ചയ്ക്കും ക്ഷാമത്തിനും കാരണമാകും എന്ന പ്രസ്താവനയിലൂടെ (വാ. 24-25) പാപത്തിന്റെ പരിണിതഫലങ്ങളുടെ പ്രാപഞ്ചിക മാനമാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്.





2. തിന്മ എന്നത് ആരാധനാക്രമഭംഗങ്ങൾ മാത്രമല്ല; അതിന് സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ മാനങ്ങളുണ്ട്. മതാചാരങ്ങൾ മുടക്കം കൂടാതെ നടത്തുന്നു എന്നത് ഒരുവന്റെ ധാർമ്മികതയ്ക്കു തെളിവായി കരുതാനാവില്ല (ആമോ 4:4-5). മനുഷ്യനോടുള്ള നീതിയുടെ ധർമ്മങ്ങൾ മറന്നുള്ള ദൈവാരാധനയുടെ വ്യർത്ഥതയെയാണ് പ്രവാചകൻ ഈ അധ്യായത്തിൽ അനാവരണം ചെയ്യുന്നത്.

3. പാപം നഗരത്തെ രക്തപങ്കിലമാക്കുന്നു എന്ന പ്രവാചക നിരീക്ഷണവും ശ്രദ്ധേയമാണ്. രക്തം ജീവന്റെ ഉറവിടമാകയാൽ രക്തം ചൊരിയൽ മരണകാരണമാണ്. സകല പാപങ്ങളും മനുഷ്യനെ മൃതനാക്കുന്നു എന്ന സത്യമാണ് പ്രവാചകൻ വിശദീകരിക്കുന്നത്. ഈ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ ആധുനിക നഗരങ്ങളും ഭവനങ്ങളും ദിവസം ചെല്ലുന്തോറും രക്തപങ്കിലമായിക്കൊണ്ടിരിക്കുകയാണെന്ന് സമ്മതിക്കേണ്ടി വരും.

# എസെക്കിയേൽ 23:1-49, രണ്ടുസഹോദരിമാരുടെ കഥ

നഗരങ്ങളെ സ്ത്രീനാമത്തിൽ അവതരിപ്പിക്കുന്ന എസെക്കിയേൽ 16-ാം അധ്യായത്തിലെ ശൈലിയാണ് 23:1-49 ലും അനുവർത്തിക്കുന്നത്. വിഗ്രഹാരാധനയെ വ്യഭിചാരമായി അവതരിപ്പിക്കാൻ ഇപ്രകാരമുള്ള സ്ത്രൈണ പ്രതീകവൽക്കരണം സഹായകമാണ്. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ തലസ്ഥാനമായ സമരിയായും യൂദായുടെ തലസ്ഥാനമായ ജറുസലേമുമാണ് ഇവിടെ പരാമർശിക്കപ്പെടുന്ന സഹോദരിമാർ. ഈ വചനഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുംവിധം ഗ്രഹിക്കാം.

**ഭാഗം I: പാപവിവരണം (23:1-21)**

23:1-4, പശ്ചാത്തല വിവരണം

23:5-10, ഒഹോലായുടെ ചരിത്രം വിവരിക്കുന്നു

23:1-21, ഒഹോലിബായുടെ ചരിത്രം വിവരിക്കുന്നു

**ഭാഗം II: ശിക്ഷാവിധിയുടെ വിവരണം (22-49)**

23:22-31, ശിക്ഷാവിധി പ്രഖ്യാപനം - ആദ്യ പ്രവചനം

23:32-35, ക്രോധത്തിന്റെ പാനപാത്രം

23:36-45, ശിക്ഷാവിധി പ്രഖ്യാപനം - രണ്ടാം പ്രവചനം

23:46-49, ശിക്ഷാവിധി പ്രഖ്യാപനം - മൂന്നാം പ്രവചനം.

# എസെക്കിയേൽ 23:1–21, പാപവിവരണം

**പശ്ചാത്തല വിവരണം (വാ. 1–4):** രണ്ടു സഹോദരിമാരുടെ പേരുകൾ അർത്ഥവത്താണ് “ഓഹേൽ” (= കൂടാരം) എന്ന ഹീബ്രുപദത്തിൽനിന്നുത്ഭവിക്കുന്ന ഒഹോലാ, ഒഹോലിബാ എന്നിങ്ങനെയായിരുന്നു. ഒഹോലാ എന്നതിന് “അവളുടെ (സ്വന്തം) കൂടാരം” എന്നും ഒഹോലിബാ എന്നതിന് “എന്റെ കൂടാരം അവളിലാണ്” എന്ന അർത്ഥവുമാണുള്ളത്. കൂടാരം എന്നതിന് “ആരാധനാസ്ഥലം” എന്ന അർത്ഥമുള്ളതിനാൽ (പുറ 33:7; സംഖ്യ 11:24; സങ്കീ 15:1; 61:5) ഈ പേരുകൾ വിഗ്രഹാരാധനയെ സൂചിപ്പിക്കുന്ന പ്രതീകങ്ങളായി മനസ്സിലാക്കാം. വടക്കൻ രാജ്യത്തിന്റെ ആരാധനാലയങ്ങൾ അവർ സ്വയം കണ്ടെത്തിയ കൂടാരങ്ങളാണെങ്കിൽ ജറുസലേമിലെ ആരാധനാലയം ദൈവത്തിന്റെ കൂടാരമാണ് എന്ന സൂചനയും ഈ പദോൽപത്തിക്കു പിന്നിലുണ്ട്.

ഈ രണ്ടു സഹോദരിമാരെയും ദൈവം വിവാഹം ചെയ്തതായാണ് (വാ. 4) പ്രവാചകൻ പറയുന്നത്. 16:1–4 ൽ ജറുസലേമിനെക്കുറിച്ചു പറയപ്പെടുന്ന കാര്യങ്ങളുമായി ഈ വചനഭാഗത്തിന് ഏറെ സാമ്യങ്ങളുണ്ട്. വിഗ്രഹാരാധനയെ വ്യഭിചാരമായി ചിത്രീകരിക്കുന്നതിനു പശ്ചാത്തലമായാണ് ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ വിവാഹമായി പ്രവാചകൻ വിവക്ഷിക്കുന്നത്.

**ഒഹോലായുടെ പാപം (വാ. 5–10):** ഈജിപ്തിൽ വച്ചുതന്നെ രണ്ടു സഹോദരിമാരും വേശ്യാവൃത്തിയിലേർപ്പെട്ടിരുന്നെങ്കിലും അവരുടെ പ്രവൃത്തിയെ വ്യഭിചാരം എന്നു വിളിക്കുന്നത് 23:5 ലാണ്. കാരണം ദൈവവുമായുള്ള അവരുടെ വിവാഹത്തിനുശേഷം അവർ നടത്തുന്ന ദാമ്പത്യ അവിശ്വസ്തത വ്യഭിചാരമാണ്. വ്യഭിചാരത്തിനുള്ള ശിക്ഷ മരണമാണ് (ലേവ്യ 20:10; 22:22). വ്യഭിചാരത്തെ സൂചിപ്പിക്കുന്ന “നാഅപ്” എന്ന വാക്കും അവിഹിതബന്ധങ്ങളെ സൂചിപ്പിക്കുന്ന “ത്സാനാ” എന്ന വാക്കും ഇവിടെ ഉപയോഗിക്കുന്നുണ്ട്. സഹോദരിമാരുടെ പ്രവർത്തനം ഒരേസമയം ദാമ്പത്യ ഉടമ്പടിയുടെ ലംഘനവും (വ്യഭിചാരം) വിഷയാസക്തിയുമാണ്. കരുത്തും സൗന്ദര്യവും അധികാരവുമുള്ള അസ്സീറിയൻ പുരുഷന്മാരെയാണ് ഒഹോലാ കാമിച്ചത് (= ആഗബ്). 16:9–14 ൽ ഇസ്രായേൽ എന്ന അഭിസാരികയുടെ സൗന്ദര്യമാണ് വർണ്ണിച്ചിരുന്നതെങ്കിൽ ഇവിടെ വർണ്ണിക്കപ്പെടുന്നത് അവളുടെ ജാരന്മാരുടെ സൗന്ദര്യമാണ് (വാ. 6). വ്യഭിചാരവും വിഗ്രഹാരാധനയും തമ്മിലുള്ള ബന്ധമാണ് വാ. 7 ൽ വിവരിക്കുന്നത്. സത്യദൈവത്തെ മറന്ന് അസ്സീറിയൻ വിഗ്രഹ ങ്ങൾക്കു പിന്നാലെ പോയതാണ് ഒഹോലായുടെ ദുരന്തത്തിനു കാരണം. ഛർദ്ദിച്ചതു ഭക്ഷിക്കുന്ന നായയെപ്പോലെ തന്റെ യൗവനത്തിൽ ഈജിപ്തിൽ വച്ച് ഏർപ്പെട്ട അവിഹിത ബന്ധങ്ങൾ (= ഒത്താഹ് സക്കേബൂ) ഇപ്പോഴും ആവർത്തിക്കുകയും അവളുടെ ഭർത്താവായ യാഹ്വെയ്ക്ക് അപമാനം വരുത്തുകയും ചെയ്യുന്നു. സമാനമായ ആരോപണങ്ങൾ ഹോസി 2:3; ജറെ 13:26–27; എസെ 16:36–39 എന്നീ വചനഭാഗങ്ങളിൽ പരാമർശിക്കപ്പെടുന്നുണ്ട്. പാപത്തിനുള്ള ശമ്പളം മരണമാകയാൽ ഒഹോലായും





അവളുടെ സന്താനങ്ങളും വാളിന് ഇരയായി. വാൾ എന്നതിലൂടെ ദൈവത്തിന്റെ ക്രോധത്തെയാണ് എസെക്കിയേൽ പ്രതീകവൽക്കരിക്കുന്നത് (5:12; 6:3; 11:8; 12:14; 17:21; 21:3–32). ബി.സി. 722 ൽ അസ്സീറിയൻ സൈന്യം സമരിയായിൽ നടത്തിയ കൂട്ടക്കുരുതിയാണ് ഇവിടെ വിവക്ഷിക്കുന്നത്. ബി.സി. 841 മുതൽ (ഷാൽമനേസർ മൂന്നാമൻ അസ്സീറിയൻ ചക്രവർത്തിയായിരുന്ന കാലം മുതൽ) ഇസ്രായേൽ അസ്സീറിയായുടെ സാമന്തരാജ്യമായി കപ്പം കൊടുത്താണ് കഴിഞ്ഞിരുന്നത്. ഈ കാലഘട്ടത്തെയാകാം പ്രവാചകൻ വ്യഭിചാരത്തിന്റെ കാലമായി വിവക്ഷിക്കുന്നത്. ഈജിപ്തിന്റെ പിൻബലത്തോടെ ഇസ്രായേൽ രാജാവായിരുന്ന ഹോഷെയാ അസ്സീറിയൻ രാജാവായിരുന്ന സാർഗോൺ രണ്ടാമന് കപ്പം കൊടുക്കുന്നത് നിർത്തലാക്കി. ഈ സംഭവമാണ് സമരിയായുടെ നാശത്തിലേക്കു നയിച്ചത് (2 രാജാ 17:3–4; ഹോസി 7:11; 12:1). 23:8 ൽ ഈജിപ്തിനെ പരാമർശിക്കാൻ കാരണം ഇതായിരിക്കും.

**ഒഹോലിബായുടെ പാപം (വാ. 11–21):** ഒഹോലയുടെ പാപവിവരണവുമായി താരതമ്യം ചെയ്യുമ്പോൾ സുദീർഘമായ വിവരണമാണ് ഒഹോലിബായുടെ പാപത്തിന്റെ വിവരണം. എസെക്കിയേലിന്റെ കാലത്ത് നാമാവശേഷമായിക്കഴിഞ്ഞിരുന്ന സമരിയായെക്കുറിച്ച് ഏറെ ദീർഘമായി പറയുന്നതിൽ അർത്ഥമില്ല എന്നതുകൊണ്ടാകാം ഒഹോലയുടെ പാപവിവരണം ഹ്രസ്വമായത്. ഒഹോലയുടെ പാപങ്ങൾ സമാനമാണ്. അസ്സീറിയൻ പുരുഷന്മാരുടെ മേനിയഴകും കരുത്തും ഒഹോലിബായെ പ്രലോഭിപ്പിച്ചു (വാ. 12). ആഹാസ് രാജാവിന്റെ കാലത്ത് യൂദാ അസ്സീറിയായുടെ സഹായം തേടിയ ചരിത്രസംഭവമാണ് (ഏശ 7:1–8:18) എസെക്കിയേൽ ഇവിടെ വിവക്ഷിക്കുന്നത് എന്നു കരുതപ്പെടുന്നു. ബി.സി. 732 ൽ തിഗ്ലാത്ത് പിലേസറിന്റെ കാലത്ത് യൂദായ്ക്ക് അസ്സീറിയൻ സഹായം ലഭിച്ചു. എന്നാൽ അതിനു പ്രതിഫലമായി വലിയൊരു സംഖ്യ വെള്ളിയും സ്വർണവുമായി യൂദാ കപ്പം കൊടുക്കേണ്ടി വന്നു. ഈ തുക കണ്ടെത്തിയത് ദേവാലയ ഭണ്ഡാരത്തിൽ നിന്നായിരുന്നു (2 രാജാ 16:4–8).

അസ്സീറിയാക്കാർക്കൊപ്പം കാൽദിയരുമായും ഒഹോലിബാ വ്യഭിചാരവൃത്തിയിലേർപ്പെട്ടു (വാ. 14). ബി.സി 625 ൽ കൽദായർ ബാബിലോണിന്റെ നിയന്ത്രണം ഏറ്റെടു ത്തിരുന്നതിനാൽ അസ്സീറിയാക്കാരും കൽദായരും ഒത്തുള്ള ജറുസലേമിന്റെ ജാരവൃത്തിക്ക് ചരിത്രപരമായ അടിസ്ഥാനമുണ്ട്. ലൈംഗികവികാരമുണർത്തുന്ന ചിത്രങ്ങളെക്കുറിച്ചുള്ള പരാമർശം (23:15) വിഗ്രഹാരാധനയെ സൂചിപ്പിക്കുന്നതാണ്. ഒഹോലിബായുടെ പ്രവൃത്തികളത്രയും വിഷയാസക്തിയാൽ നയിക്കപ്പെട്ടതായിരുന്നു. കാമദാഹം തീർന്നപ്പോൾ അവൾ ബാബിലോണിയരെ വെറുത്തു. 2 സാമു 13:15 ൽ കാമപൂരണത്തിനു ശേഷം ദാവീദിന്റെ പുത്രനായ അമ്നോൻ താമാറിനെ വെറുക്കുന്നതിനു സമാനമാണ് ഈ വിവരണം. “അവളുടെ (അവന്റെ) ആത്മാവ് അവരിൽനിന്നും (അവളിൽ നിന്നും) അകന്നു” (= തേഖാ നാപ്ഷാഹ് മേഹെം) എന്ന വാക്യമാണ് രണ്ടു സന്ദർഭങ്ങളിലും ഉപയോഗിച്ചിരിക്കുന്നത്. വിഷയാസക്തയായ ഒഹോലിബായിൽനിന്നും യാഹ്വേയുടെ ഹൃദയവും അകന്നു (വാ. 18). തുടർന്ന് അവളുടെ വിഷയാസക്തിയെ സൂചിപ്പിക്കുന്ന പദപ്രയോഗങ്ങളാണ്. “കഴുതയുടേതു

പോലെ വലിപ്പമുള്ള ലിംഗം" (16:26 ൽ ഈജിപ്തുകാരെക്കുറിച്ച് സമാനപരാമർശമുണ്ട്), "കുതിരയ്ക്കു തുല്യമായ ബീജസ്രവണ ശേഷി" (ജറെ 5:8 കാണുക) തുടങ്ങിയ വാക്യങ്ങൾ അവളുടെ ജഢികാസക്തിയുടെ തീവ്രത വ്യക്തമാക്കുന്നുണ്ട്.

ബി.സി. 715–687 ൽ ഈജിപ്തിന്റെ സഹായത്തോടെ ബാബിലോണിന്റെ മേൽക്കോയ്മ അവസാനിപ്പിക്കാൻ യൂദാ ശ്രമിച്ചിരുന്നു. എന്നാൽ സെന്നാക്കെരീബിന്റെ കാലത്ത് (ബി.സി. 701 ൽ) യൂദായെ ബാബിലോൺ ഉപരോധിച്ചു (2 രാജാ 18:3–19:37). ഈ സംഭവങ്ങളാണ് എസെക്കിയേൽ ഇവിടെ അനുസ്മരിക്കുന്നത് എന്നു കരുതുന്നവരുണ്ട്.

എന്നാൽ ബി.സി. 640–609 ൽ യൂദാ ഭരിച്ചിരുന്ന ജോസിയാരാജാവ് അസ്സീറിയായോടു ചേർന്ന് ഈജിപ്തിനെതിരേ നടത്തിയ യുദ്ധമാണ് (2 രാജാ 23:29) ഇവിടെ പരാമർശവിഷയമാകുന്നത് എന്നു കരുതുന്നവരുമുണ്ട്. ഈ യുദ്ധത്തിൽ ഈജിപ്തിലെ ഫറവോയായ നെക്കോ (ബി.സി. 610–594) വിജയിച്ചു. ജോസിയായുടെ പിൻഗാമിയായ യെഹോയാക്കിൻ ഈജിപ്തിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിരുന്നത്. എന്നാൽ ബി.സി. 597 ൽ നെബുക്കദ്നാസർ ബാബിലോൺ പ്രതാപം വീണ്ടെടുത്തതോടെ യൂദാ വീണ്ടും ബാബിലോണിനു കീഴിലായി, യൂദായുടെ മാറിമറിയുന്ന രാഷ്ട്രീയ ബന്ധങ്ങളെയാണ് പ്രവാചകൻ വേശ്യവൃത്തിയോട് താദാത്മ്യപ്പെടുത്തുന്നത് എന്ന് അനുമാനിക്കാം.

## എസെക്കിയേൽ 23:22–49, ശിക്ഷാവിധിയുടെ വിവരണം

ഒഹോലിബായ്ക്കുള്ള ശിക്ഷാവിധിയാണ് 23:22 മുതൽ വിവരിക്കുന്നത്. ആരിൽ അഭിരമിക്കുന്നതിൽ അവൾ ആനന്ദം കണ്ടെത്തിയോ പ്രസ്തുത ജാരന്മാർ തന്നെ അവളുടെ അന്തകരായി മാറും എന്ന ചരിത്രസത്യമാണ് എസെക്കിയേൽ വിവരിക്കുന്നത്. ബാബിലോണും കൽദായരും അരമായരിലെ മൂന്നു വിഭാഗങ്ങളായ പെക്കോദ് (ജറെ 50:12), ഷോവാ (ഏശ 22:5), കോവ എന്നിവരും യൂദായുടെ അന്തകരായിത്തീരും എന്നാണ് എസെക്കിയേൽ പ്രവചിക്കുന്നത്.

ദാമ്പത്യഅവിശ്വസ്തതക്കു ശിക്ഷവിധിക്കുന്ന ഹോസി 2:1–11 ൽ ദൈവം നേരിട്ടു ശിക്ഷ നടപ്പിലാക്കുകയാണെങ്കിൽ എസെ 23:24–27 ൽ ദൈവം സാമ്രാജ്യശക്തികളെ ഉപയോഗിച്ചാണ് ശിക്ഷ നടപ്പിലാക്കുന്നത്. വ്യഭിചാരിണിയായ ഭാര്യയുടെ മൂക്കും ചെവിയും മുറിച്ചു കളയാൻ അസ്സീറിയൻ നിയമം ഭർത്താവിനെ അനുവദിച്ചിരുന്നു (ANET, 181). സമാനമായ ശിക്ഷയാണ് ഒഹോലിബായ്ക്കു ലഭിക്കുന്നത്.

**23:28–30,** രണ്ടാമതൊരു ശിക്ഷാവിധിയുടെ വിവരണമാണ് ഇവിടെ കാണപ്പെടുന്നത്. ഒഹോലിബാ വെറുത്ത ശത്രുക്കളുടെ കൈകളിലേക്ക്





അവൾ ഭരമേല്പിക്കപ്പെടുമ്പോൾ അവർ അതേ ശത്രുതയോടെ അവളെ തകർത്തുകളയും. പരസ്യമായ വസ്ത്രാക്ഷേപവും പീഡനവും വഴി അവൾ അപമാനിതയാകും. ചെയ്തുപോയ അതിക്രമങ്ങളുടെ ആധിക്യം അവളുടെ സകല ശിക്ഷാവിധിയെയും ന്യായീകരിക്കുന്നതാണ് എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്.

**23:31–35,** സഹോദരിയായ ഒഹോലായ്ക്കു ലഭിച്ച ശിക്ഷയുടെ പാനപാത്രം (വാ. 13) തന്നെയാണ് ഒഹോലിബായെയും കാത്തിരിക്കുന്നത് (വാ. 31). ദൈവകോപത്തിന്റെ 'പാനപാത്രം' എന്ന സൂചന അന്യത്ര പരാമർശിതമാണ് (ഹബ 2:15–16; ജറെ 25:15–29). സമരിയായ്ക്കു വന്നുഭവിച്ച നാശങ്ങൾതന്നെയാണ് ജറുസലേമിനെയും കാത്തിരിക്കുന്നത്. അപമാനഭാരത്താൽ തകർന്ന ഒഹോലിബാ സ്വയം അംഗവിച്ഛേദനത്തിനു മുതിരും (വാ. 35). ജാരന്മാരെ ആകർഷിച്ച അവളുടെ സ്ത്രൈണാവയവങ്ങൾ മുറിച്ചുമാറ്റും. ഒഹോലിബായുടെ തിന്മയെ ഭർത്താവിനെ അവഗണിക്കുന്ന ഭാര്യയുടെ തിന്മയോടാണ് പ്രവാചകൻ ഉപമിക്കുന്നത്.

**23:36–49:** ഒഹോലിബായ്ക്കൊപ്പം ഒഹോലായും രംഗപ്രവേശം ചെയ്യുന്നു എന്നതാണ് ഈ വചനഭാഗത്തിന്റെ ആഖ്യാനത്തെ സങ്കീർണ്ണമാക്കുന്നത്. പിൽക്കാല സംശോധകരുടെ കൈപ്പിഴയിൽ സംഭവിച്ച പാഠസങ്കലനമാണ് ഒഹോലായുടെ പുനഃപ്രവേശത്തിനു വഴിയൊരുക്കിയത് എന്നു കരുതുന്ന പണ്ഡിതരുണ്ട് (Eichrodt, Ezekiel, p. 334). സമരിയായുടെ നാശത്തെക്കുറിച്ചുള്ള 23:40–44 ലെ പ്രവചനം കാലഗണനയിൽ അസ്ഥാനത്താണെന്നു വ്യക്തമാണ്. കാരണം, എസെക്കിയേലിന്റെ കാലത്തിനും ഒരു നൂറ്റാണ്ടുമുമ്പേങ്കിലും സമരിയായുടെ നാശം പൂർത്തിയായിക്കഴിഞ്ഞതായിരുന്നു. എന്നാൽ, വിവരണങ്ങളിൽ കാലദേശങ്ങളെക്കുറിച്ചുള്ള യുക്തിഭംഗം എസെക്കിയേലിന്റെ രചനാശൈലിയുടെ ഭാഗമാണെന്ന് മുൻഅധ്യായങ്ങളുടെ വ്യാഖ്യാനങ്ങളിൽ നിന്നു വായനക്കാർക്കു വ്യക്തമാകയാൽ 23:36–49 ലും മറ്റൊരു വ്യാഖ്യാനം തേടേണ്ടതില്ല.

സഹോദരിമാരുടെ പാപങ്ങളായി വ്യഭിചാരം മാത്രമല്ല മറ്റുപല തിന്മകളും പരാമർശിക്കപ്പെടുന്നുണ്ട്. ദൈവമക്കളുടെ രക്തം ചിന്തിയതും (വാ. 37; 16:20–21) വിഗ്രഹങ്ങൾക്കു നരബലി അർപ്പിച്ചതും ദേവാലയം അശുദ്ധമാക്കിയതും സാബത്തു മലിനമാക്കിയതും (ലേവ്യ 19:30) സഹോദരിമാരുടെ പാപങ്ങളുടെ പട്ടികയിൽ പെടുന്നു. 16:11–12 ൽ ദൈവം ഇസ്രായേലിനു നൽകിയതായി പറയപ്പെട്ട അതേ ആഭരണങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് 23:40–42 ൽ ഒഹോലിബാ വേശ്യാവൃത്തിക്കുവേണ്ടി അണിഞ്ഞൊരുങ്ങുന്നത് എന്നതു ശ്രദ്ധേയമാണ്. അണിഞ്ഞൊരുങ്ങൽ കൂടുതൽ ആവശ്യമായി വന്നത് അവർ വൃദ്ധരായതുകൊണ്ടാണ് (വാ. 43). ടയിറിനെക്കുറിച്ച് ഏശ 23:15–18 ൽ വൃദ്ധയായ വേശ്യ എന്ന പരാമർശം കാണാം.

സഹോദരിമാരെ വിധിക്കാനും വധിക്കാനും എത്തുന്നവരെ "നീതിമാന്മാർ" എന്നാണ് 23:45 ൽ പരാമർശിക്കുന്നത്. വിജാതീയരായ ശത്രു

ക്കൾ നീതിമാന്മാരാണ് എന്ന അർത്ഥത്തിലല്ല; മറിച്ച്, സഹോദരിമാർക്കു ലഭിക്കുന്ന ക്രൂരമായ ശിക്ഷ നീതിപൂർവ്വകമാണ് എന്ന അർത്ഥത്തിലാണ്. നിയമഗ്രന്ഥം അനുശാസിക്കുന്ന ശിക്ഷാവിധിതന്നെയാണ് (ലേവ്യ 18:17; 19:29; 20:14) എസെക്കിയേലും നിർദ്ദേശിക്കുന്നത് (16:27; 22:9; 23:21, 35, 44, 48). സഹോദരിമാരുടെ ശിക്ഷാവിധിയിലൂടെ ദേശത്തെ സ്ത്രീകൾക്കു വിഷയാസക്തി വെടിഞ്ഞു ജീവിക്കാനുള്ള സന്ദേശമാണ് യാഹ്‌വെ നൽകുന്നത്.

**വിചിന്തനം:** 1. ജഡമോഹവും വിഷയാസക്തിയും സർവ്വനാശത്തിലേക്കുള്ള വാതായനങ്ങളാണ് എന്ന എസക്കിയേലിന്റെ ദർശനത്തിന് ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തിയുണ്ട്. ദാമ്പത്യ ഉടമ്പടിയെ നിസ്സാരവൽക്കരിച്ച് വിഷയാസക്തിക്കു പിന്നാലെ പായുകയും അതിനെ ന്യായീകരിക്കാനായി വ്യക്തിസ്വാതന്ത്ര്യത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ ചമയ്ക്കുകയും ചെയ്യുന്ന ആധുനികലോകത്തിനെതിരായ സാമൂഹ്യ വിമർശനമായി എസെക്കിയേൽ 23:1–49 നെ മനസ്സിലാക്കാം. വിവാഹ പൂർവ്വ ലൈംഗികത, വിവാഹത്തിനു പകരമുള്ള കൂടിത്താമസം, ദാമ്പത്യ അവിശ്വസ്തത, മെച്ചപ്പെട്ടെന്നു കരുതുന്ന ബന്ധങ്ങൾ ക്കുവേണ്ടിയുള്ള വിവാഹ മോചനങ്ങൾ തുടങ്ങിയ പ്രവണതകളെ വ്യഭിചാരം എന്നു നേരിട്ടു വിളിക്കാൻ ആധുനിക സംസ്കാരം മടിക്കുന്നുണ്ടെങ്കിലും അവയ്ക്കു പിന്നിലുള്ളത് വ്യഭിചാരത്തിന്റെ വകഭേദങ്ങൾ തന്നെയാണ്. വിവാഹബന്ധം, കുടുംബം എന്നിവയ്ക്കു വില കൽപ്പിക്കാത്ത സമൂഹം സർവ്വനാശത്തിലെത്തുമെന്ന എസെക്കിയേലിന്റെ മുന്നറിയിപ്പിന് കാലാതിവർത്തിയായ പ്രസക്തിയുണ്ട്.

2. ലൈംഗികബന്ധമുൾപ്പെടെയുള്ള സകലബന്ധങ്ങളും നിസ്വാർത്ഥതയിൽ മാത്രമേ വളർന്നു വികസിക്കുകയുള്ളൂ. സ്വാർത്ഥ ലക്ഷ്യങ്ങളും ശാരീരിക സംതൃപ്തിയും മാത്രം തേടുമ്പോൾ ബന്ധങ്ങൾ കച്ചവടത്തിലേക്കുതാഴുന്നു. അപരനെ കഴുകൻ കണ്ണോ ടെ മാത്രം നോക്കുകയും ചൂഷണോപാധിയായിമാത്രം കരുതുകയും ചെയ്യുന്ന ബന്ധങ്ങളാണ് എസെക്കിയേൽ വരച്ചുകാട്ടുന്നത്. ഇതു നാശത്തിന്റെ പാതയാണ്. എന്നാൽ നിസ്വാ ർത്ഥമായ നിലപാടുള്ളത് ദൈവമെന്ന ഭർത്താവിനു മാത്രമാണ്. നീതിയുടെ മാർഗ്ഗം തേടുന്ന ഈ ഭർത്താവാണ് അശുദ്ധിയെ തുടച്ചുനീക്കുകയും വിശുദ്ധി വളർത്തുകയും ചെയ്യുന്നത്. ആരെയും ഉപയോഗിക്കാതെയും ചൂഷണം ചെയ്യാതെയും സ്നേഹിക്കാനാകുമെന്ന് ദൈവം കാണിച്ചുതരുന്നു.

## എസെക്കിയേൽ 24:1–14, ക്ലാവുപിടിച്ച കലം

എസെക്കിയേൽ 24:1–14 ൽ പരാമർശിക്കുന്നത് ഒരു അന്യാപദേശമാണോ (mashal) പ്രതീകാത്മക പ്രവാചക പ്രവൃത്തി യാണോ (symbolic act) എന്നതിനെക്കുറിച്ച് പണ്ഡിതരുടെയിടയിൽ അഭിപ്രായാന്തരങ്ങളുണ്ട്. 24:3 ൽ അന്യാപദേശമായിട്ടാണ് ഈ വചനഭാഗം അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ ഇതിലെ ആജ്ഞാ ക്രിയകളുടെ (imperative





verbs) ആധിക്യം ഇതിനെ ഒരു പ്രതീകാത്മക പ്രവൃത്തിയായി വ്യാഖ്യാനിക്കാനുള്ള പ്രേരണ നൽകുന്നുണ്ട്. സംഖ്യ 21:17–18 ലെ ഗീതത്തിനു സമാനമായ ഒരു പാചകഗീതം (cooking song) ആയിട്ട് ഈ വചനഭാഗത്തെ വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ പാചകംചെയ്യുന്ന പാത്രത്തെ ബാധിച്ച ക്ലാവിനെക്കുറിച്ചു സവിസ്തരം പറയുന്നതിനാൽ യഹൂദാചാരപ്രകാരമുള്ള ശുദ്ധിയുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ചർച്ചാവിഷയമാകുന്നത് എന്നു വാദിക്കുന്നവരുമുണ്ട്.

“ധിക്കാരികളുടെ ഭവനം” (2:5) എന്ന വിശേഷണമാണ് ഇസ്രായേലിനു നൽകപ്പെടുന്നത് (വാ. 3). 24:3, 9 വാക്യങ്ങളിൽ രണ്ടു വ്യത്യസ്ത ആമുഖങ്ങളുള്ളതിനാൽ ഇവ രണ്ടു ഗീതങ്ങളാണെന്നു കരുതാം. ആദ്യ ഭാഗം പാചകഗീതവും രണ്ടാംഭാഗം ക്ലാവുപിടിച്ച പാത്രത്തെക്കുറിച്ചുള്ള വിവരണവുമാകാം. എന്നാൽ പിൽക്കാല സംശോധനയുടെ ഫലമായി ഈ ഗീതങ്ങൾ കൂട്ടിയോജിക്കപ്പെട്ടു. തന്മൂലം 3–5, 9–10 വാക്യങ്ങൾ പാചകഗീതവും 6–8, 11–12 വാക്യങ്ങൾ ക്ലാവുപിടിച്ച പാത്രത്തെക്കുറിച്ചുള്ള വിവരണവുമായി കാണപ്പെടുന്നു.

സമയസൂചനയോടെയാണ് (1:1; 8:1; 20:1; 26:1; 29:1) ഈ വിവരണവും ആരംഭിക്കുന്നത് (വാ. 1). ബി.സി. 588 ജനുവരി 15 ആണ് ഇവിടെ പരാമർശിക്കപ്പെടുന്ന തിയ 2 രാജാ 25:1 ൽ പരാമർശിക്കുന്ന (ജറെ 39:1; 52:4 കാണുക) തിയതിക്കുസമാനമാണിത്. ജറുസലേമിന്റെ പതനത്തിനുശേഷമുള്ള സമയമാണ് ഇവിടെ വിവക്ഷിക്കുന്നത്.

സംഖ്യ 21:17–18 ൽ കിണറുകുഴിക്കുമ്പോൾ പാടുന്ന ഗീതത്തിനു സമാനമായി പാചകശാലയിൽ പാചകക്കാരനെ അഭിസംബോധന ചെയ്തു പാടുന്ന ഗീതമായിട്ടാണ് ഈ ഗീതം (3–5, 9–10 വാക്യങ്ങൾ) ക്രമീകരിച്ചിരിക്കുന്നത്. കലമെടുത്തു വെള്ളം ഒഴിച്ച് നല്ല ഇറച്ചിക്കഷണങ്ങളും എല്ലും ചേർത്തു തിളപ്പിക്കാനുള്ള നിർദ്ദേശമാണ് പാചകക്കാരനു നൽകുന്നത്. 11:3 ൽ എസെക്കിയേൽ ഇസ്രായേലിലെ നേതാക്കളെ കലത്തിൽ സൂക്ഷിച്ചിരിക്കുന്ന മാംസത്തോട് ഉപമിക്കുന്നുണ്ട്. മിക്കാ 3:1–3 ലും കലവും മാംസവും ഉൾക്കൊള്ളുന്ന പ്രതീകം ഇസ്രായേലിലെ നേതാക്കന്മാരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നുണ്ട്. രക്തംചിന്തിയ പട്ടണം (വാ. 6) എന്ന വിശേഷണം ഇസ്രായേലിലെ വ്യഭിചാരം, അനീതി, വിഗ്രഹാരാധന തുടങ്ങിയ തിന്മകളെയാണ് സൂചിപ്പിക്കുന്നത്. ജറുസലേം രക്തപങ്കിലമായിരിക്കുന്നതുപോലെ മാംസം നിറച്ച പാത്രവും രക്ത പങ്കിലമാണ്: തന്മൂലം ഈ അന്യാപദേശത്തിൽ പാത്രം ജറുസലേം നഗരത്തേയും മാംസം ജറുസലേമിലെ മത – രാഷ്ടീയ നേതൃത്വത്തെയുമാണ് വിവക്ഷിക്കുന്നത് എന്ന് അനുമാനിക്കാം. പാത്രം ചെമ്പുകൊണ്ടു നിർമ്മിച്ചതാകയാൽ അതിൽ ക്ലാവ് (= ഹെല്ലാത്താഹ്) പിടിക്കുന്നു. നേതൃത്വമാണ് പാത്രത്തെ അശുദ്ധമാക്കിയത് എന്നാണ് പ്രവാചകൻ വിവക്ഷിക്കുന്നത്.

രക്തം മണ്ണിലൊഴുക്കി മണ്ണുകൊണ്ടു മൂടണം എന്ന കല്പനയ്ക്ക് (ലേവ്യ 17:13; നിയ 12:16; 15:23) വിരുദ്ധമായി രക്തം പാറയിലാണ് ഒഴുക്കുന്നത് (വാ. 7). മണ്ണിൽ ഒഴുക്കുന്ന രക്തംപോലും പ്രതികാരത്തിനുവേണ്ടി നിലവിളിക്കുന്നതാണ് (ഉൽപ 4:10; ഏശ 26:21; ജോബ്

16:18). അങ്ങനെയെങ്കിൽ രക്തം പാറമേൽ ഒഴുക്കപ്പെട്ടതും സദാദൃശ്യവുമായ രക്തം ദൈവകോപത്തെ എത്രമാത്രം ഉണർത്തും എന്ന ചിന്തയാണ് പ്രവാചകൻ ഉയർത്തുന്നത് (വാ. 8–10).

തുടർന്നാണ് ദൈവമെന്ന പാചകക്കാരൻ രംഗപ്രവേശം ചെയ്യുന്നത് (വാ. 11–12). അവിടുന്ന് അഗ്നി ആളിക്കത്തിച്ച് പാത്രത്തിലെ ചാറും കഷണങ്ങളും വറ്റിച്ച് പാത്രം ശൂന്യമാക്കും. ഉഗ്രമായ അഗ്നിയിൽ പാത്രം ചൂടാകുന്നതിനാൽ പാത്രത്തിലെ ക്ലാവ് വിട്ടകലും (ജറെ 6:29 കാണുക). തുടർന്നുള്ള വാക്യങ്ങളിൽ ജറുസലേമിന്റെ മ്ലേച്ഛപ്രവൃത്തികളെയാണ് ക്ലാവായി വിവക്ഷിക്കുന്നത്. ശിക്ഷയും അതിനുകാരണമായ തിന്മയും തമ്മിലുള്ള അനുപാതികതയുടെ നീതി എസെക്കിയേലിന്റെ ഗ്രന്ഥത്തിൽ ആവർത്തിക്കപ്പെടുന്ന പ്രമേയമാണ്.

**വിചിന്തനം:** 1. തിരഞ്ഞെടുക്കപ്പെട്ട ഭവനമായ ഇസ്രായേൽ "ധിക്കാരികളുടെ ഭവന"മായി മാറിയതാണ് ജറുസലേമിന്റെ നാശത്തിനു കാരണമായത്. ദൈവജനത്തിന്റെ നാശത്തിന് കാരണമാകുന്നത് രക്ഷാകര പദ്ധതിയിലെ അപചയങ്ങളോ ദൈവിക നിലപാടുകളിലെ മാറ്റമോ അല്ല മറിച്ച് മനുഷ്യന്റെ പാപമാണ്. ദൈവിക തിരഞ്ഞെടുപ്പിനെ അസാധുവാക്കാനും നിർവ്വീര്യമാക്കാനും പാപത്തിനു കഴിയും; പാപത്തിനു മാത്രമേ കഴിയൂ.

2. ദൈവത്തിന്റെ കരുത്ത് തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളിലൂടെ മാത്രമല്ല ശത്രുക്കളായ വിജാതീയ സാമ്രാജ്യങ്ങളിലൂടെയും വെളിപ്പെടും. ജറുസലേമിനെ നിലംപതിപ്പിച്ച് ദൈവം തന്റെ ശക്തി വെളിപ്പെടുത്തിയത് ബാബിലോൺ സൈന്യത്തിലൂടെയാണ്. ദൈവപരിപാലന മാത്രമല്ല ശിക്ഷയും ദൈവമഹത്വത്തിന്റെ പ്രകാശനമാണ്.

## എസെക്കിയേൽ 24:15–27, പ്രിയതമയുടെ മരണം

ഇസ്രായേലിന്റെ നാശത്തെക്കുറിച്ചു പ്രവചിച്ച എസെക്കിയേൽ 4:1–24:27 ന്റെ അവസാന വിവരണമാണിത്. 3:26–31 ൽ എസെക്കിയേലിനെ സംസാരിക്കുന്നതിൽ നിന്നും ജനമധ്യത്തിൽ ആയിരിക്കുന്നതിൽ നിന്നും വിലക്കിയിരുന്നത് 24:26–27 ൽ നീക്കം ചെയ്യുന്നത് പുതിയൊരു തുടക്കത്തെയാണ് സൂചിപ്പിക്കുന്നത് എന്നു കരുതപ്പെടുന്നു. പ്രവാചകന്റെ ഭാര്യയുടെ മരണത്തെ ഒരു പ്രതീകാത്മക പ്രവൃത്തിയായി അവതരിപ്പിച്ചുകൊണ്ടാണ് ഈ വ്യാഖ്യാനം മുന്നോട്ടു നീങ്ങുന്നത്. ഈ പ്രതീകാത്മക പ്രവൃത്തിയിൽ നാലു കാര്യങ്ങൾ ശ്രദ്ധേയമാണ്: (1) പ്രതീകാത്മക പ്രവൃത്തി ചെയ്യാനുള്ള ദൈവകല്പന (വാ. 16–17), (2) എസെക്കിയേൽ അനുസരിക്കുന്നു (വാ. 18), (3) പ്രതീകാത്മക പ്രവൃത്തിയുടെ അർത്ഥം പ്രവാസികൾ അന്വേഷിക്കുന്നു (വാ. 19), (4) പ്രതീകാത്മക പ്രവൃത്തിയുടെ അർത്ഥം വിശദമാക്കുന്നു (വാ. 20–24).





ഇതര പ്രതീകാത്മക പ്രവൃത്തികളിൽ നിന്നും എസെ 24:15–24 ലെ പ്രതീകാത്മക പ്രവൃത്തി നടപ്പിലാക്കിയതായി കാണുന്നില്ല (4:1–3, 4–8; 12:17–20; 21:18–24). അവ കേവലം ഒരു അന്യാപദേശമായി അവതരിപ്പിക്കപ്പെടുന്നതേയുള്ളൂ. എന്നാൽ 24:15–24 ൽ പ്രതീകാത്മക പ്രവൃത്തി നടപ്പിലാക്കുന്നുണ്ട്. രണ്ടാമതായി, കാണികളുടെ പ്രതികരണം ഇതര വിവരണങ്ങളിൽനിന്നും വ്യത്യസ്തമായി (12:9; 21:7) അവരുടെ തന്നെ വാക്കുകളിൽ നൽകുന്നു.

ദൈവം "ഒറ്റയടിക്ക്" (= ബെമ്മാഗേപ്പാ) പ്രിയതമയെ നീക്കിക്കളയും എന്നാണ് വാ. 16 ൽ പറയുന്നത്. "ബെമ്മാഗേപ്പാ" എന്ന പദം പകർച്ച വ്യാധികളും ബാധകളും വഴിയുള്ള മരണത്തെയും (പുറ 9:14; സംഖ്യ 14:37; 25:8–9; 2 സാമു 24:21, 25; സഖ 14:12) യുദ്ധത്തിലെ മരണത്തെയും (1 സാമു 4:17; 2 സാമു 18:7) സൂചിപ്പിക്കുന്നതാണ്. കണ്ണുകളുടെ ആനന്ദമായവർ ഒന്നടങ്കം കൊല്ലപ്പെടുന്നതിനെക്കുറിച്ച് വിലാ 2:4 ൽ പരാമർശമുണ്ട്. എസെക്കിയേലിന്റെ ജീവിതത്തെക്കുറിച്ചോ കുടുംബത്തെക്കുറിച്ചോ ഗ്രന്ഥം യാതൊന്നും വെളിപ്പെടുത്തുന്നില്ലാത്തതിനാൽ എസെക്കിയേൽ യഥാർത്ഥത്തിൽ വിവാഹിതനും പിതാവുമായിരുന്നോ എന്ന് അറിയാൻ വഴികളില്ല.

ദൈവം എസെക്കിയേലിന് പത്തു നിർദ്ദേശങ്ങളാണ് ആജ്ഞാരൂപത്തിൽ നൽകുന്നത്. ഭാര്യയുടെ മരണത്തിൽ വിലപിക്കാതെ സന്തോഷിക്കുക എന്നതാണ് ഈ ആജ്ഞകളുടെ പൊരുൾ (വാ. 16–18). ജറെ 22:18 ൽ സമാനമായ നിർദ്ദേശം യഹോയാക്കിം രാജാവിനു നൽകപ്പെടുന്നുണ്ട്. എസെക്കിയേൽ ധരിച്ച തലപ്പാവ് (വാ. 17) സാദോക്യ പുരോഹിതരുടെ വേഷത്തിന്റെ ഭാഗമായുള്ളതാണ് (44:18; പുറ 39:28). തലപ്പാവ് വിവാഹാഘോഷത്തിന്റെയും ഭാഗമായിരുന്നു (ഏശ 61:10). വിലാപാവസരങ്ങളിൽ ചെരുപ്പ് ഉപേക്ഷിക്കുന്നതിനുപകരം (2 സാമു 15:30) അവ ധരിച്ചുനടക്കാനാണ് ദൈവം എസെക്കിയേലിനോട് ആവശ്യപ്പെടുന്നത്. 'കണ്ണുകളുടെ ആനന്ദം' എന്നത് ജറുസലേം ദേവാലയമാണെന്ന് തുടർന്നുള്ള വ്യാഖ്യാനത്തിൽ നിന്നും വ്യക്തമാക്കുന്നുണ്ട്.

24:19 ൽ പ്രവാചകന്റെ പ്രവൃത്തിയുടെ പൊരുൾ ജനം അന്വേഷിക്കുകയാണ്. 37:18 ലും സമാനമായ അന്വേഷണം കാണാം. ദൈവത്തിന്റെ ആനന്ദവിഷയമായ ദേവാലയം അജയ്യമാണെന്ന് യഹൂദർ വിശ്വസിച്ചിരുന്നു (മിക്കാ 3:11). ഈ വിശ്വാസത്തെയാണ് പ്രവാചകൻ തിരുത്തുന്നത്. ദൈവം കരുണകാണിക്കില്ല (7:4, 9; 8:18; 9:10) എന്ന പ്രസ്താവന ജറുസലേം നിവാസികളുടെ മക്കൾ വാളിനിരയാകും (വാ. 22) എന്ന ശിക്ഷാവിധിക്കുള്ള ഒരുക്കമാണ്. പ്രവാസികളെ കാത്തിരിക്കുന്ന ദുരന്തങ്ങൾ രണ്ടെണ്ണമാണ്: (1) ജറുസലേം ദേവാലയം നശിപ്പിക്കപ്പെടും. (2) ജറുസലേമിൽ അവശേഷിക്കുന്ന പുത്രന്മാരും വാളിനിരയാകും. തന്റെ ഭാര്യയുടെ മരണത്തിൽ പ്രവാചകൻ കരയാത്തതുപോലെ തങ്ങളെകാത്തിരിക്കുന്ന ദുരന്തങ്ങളിൽ കരയാൻ കഴിയാത്തവരായി പ്രവാസികൾ മാറും എന്നാണ് എസെക്കിയേൽ അർത്ഥമാക്കുന്നത്. മരണത്തിൽ വില

പിക്കാനാവാത്ത അവസ്ഥയെക്കുറിച്ച് ഈജിപ്ഷ്യൻ പുരാണകഥയായ "നെഫേർ ത്തിയുടെ പ്രവചനം" (Prophesy of Neferti) എസെക്കിയേലിന്റെ രചനയെ നിർണ്ണായകമായി സ്വാധീനിച്ചതായി കരുതുന്ന പണ്ഡിതരുണ്ട് (Greenberg, Ezekiel II, 515).

24:25-27 വാക്യങ്ങളിൽ ജറുസലേമിന്റെ നാശത്തെക്കുറിച്ച് അറിയിക്കാൻവരുന്ന അഭയാർത്ഥിയെക്കുറിച്ചാണ് പറയുന്നത്. ഈ അഭയാർത്ഥി എസെക്കിയേൽ തന്നെ ആയിരിക്കാനാണ് സാധ്യത. 3:26-27 ൽ എസെക്കിയേലിനുനൽകപ്പെട്ട സംസാരവിലക്ക് ഇവിടെ നീക്കപ്പെടുന്നുണ്ട്. പ്രവചനങ്ങളുടെ പൂർത്തീകരണം പ്രവാചകന്റെ ആധികാരികതയ്ക്കുള്ള തെളിവാണ് (നിയ 18:21-22). എസെക്കിയേൽ യഥാർത്ഥ പ്രവാചകനാണെന്നു ജനത്തിനു പൂർണ്ണ ബോധ്യം വരുന്നത് ജറുസലേമിന്റെ നാശത്തോടെ മാത്രമായിരിക്കും എന്നാണ് ഇവിടെ വിവക്ഷിക്കുന്നത്.

4-24 അധ്യായങ്ങളിൽ ജറുസലേമിന്റെ നാശം പ്രവചിച്ച എസെക്കിയേലിന്റെ പ്രവചനത്തിന്റെ ആധികാരികത ജറുസലേമിന്റെ നാശത്തോടെ സാധൂകരിക്കപ്പെട്ടു എന്ന പരാമർശത്തോടെയാണ് ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിന് ഉപസംഹാരം കുറിക്കുന്നത്.

**വിചിന്തനം:** 1. എസെക്കിയേലിന്റെ ഭാര്യയുടെ ജീവൻ എടുത്തുകൊണ്ട് ദൈവം ഇസ്രായേലിനെ ഒരു പാഠം പഠിപ്പിക്കുന്നു എന്ന അർത്ഥത്തിൽ ഈ പാഠഭാഗം മനസ്സിലാക്കരുത്. എസെക്കിയേലിന്റെ ഭാര്യയുടെ മരണത്തിന് (രോഗമോ കടമോ മൂലമാകാം) ദൈവം രക്ഷാകരവും പ്രബോധനപരവുമായ അർത്ഥവ്യാഖ്യാനം നൽകുന്നതായി മനസ്സിലാക്കാവുന്നതാണ്. ജീവനെ മാനിക്കുന്നതിന് ദൈവം ബൈബിളിൽ എപ്പോഴും പ്രഥമസ്ഥാനം നൽകിയിട്ടുണ്ട്. ഈ അന്യാപദേശം യഥാർത്ഥത്തിൽ സംഭവിച്ചതാണോ എന്നും തീർച്ചപ്പെടുത്താൻ ആകുന്നില്ല. കേവലം പ്രബോധനാത്മകമായ ഒരു ഉപമയായും ഇതിനെ മനസ്സിലാക്കാവുന്നതാണ്.

2. എസെ 4:1-24:27 ലെ ക്രൂരമായ ശിക്ഷാവിധികളുടെയും രക്തച്ചൊരിച്ചിലുകളുടേയും വിവരണങ്ങളെ ഇവ എഴുതപ്പെട്ട കാലഘട്ടത്തിന്റെ ധാർമ്മികവീക്ഷണത്തിലും ദൈവശാസ്ത്ര വിചിന്തനങ്ങളുടെ പരിപ്രേക്ഷ്യത്തിലുമാണ് മനസ്സിലാക്കേണ്ടത്. മധ്യപൗരസ്ത്യദേശത്ത് അധിവസിച്ചിരുന്ന ഒരു ജനവിഭാഗം ബി.സി. ആറാം നൂറ്റാണ്ടിൽ ദൈവത്തെക്കുറിച്ചും ശിക്ഷാവിധിയെക്കുറിച്ചും ചിന്തിച്ചിരുന്നവയുടെ നേർചിത്രമാണ് ഈ വിവരണങ്ങളിലുള്ളത്. പ്രസ്തുത ചിന്താഗതികളും ദൈവസങ്കൽപങ്ങളും ഈ കാലഘട്ടത്തിലെ മനുഷ്യരും അനിവാര്യമായി അനുധാവനം ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. വെളിപാടിന്റെ പൂർണ്ണത ക്രിസ്തുവിൽ സംലഭ്യമായവർ എന്ന നിലയിൽ ആധുനിക മനുഷ്യന്റെ ദൈവസങ്കല്പം വ്യത്യസ്തമാണ്; എന്നാൽ നീതിയെ വിസ്മരിക്കുന്ന കാരുണ്യത്തിന് അർത്ഥമില്ല എന്നു സ്ഥാപിക്കാൻ ഈ പാഠഭാഗങ്ങൾ സഹായകമാണ്.



# ഭാഗം 2 എസെക്കിയേൽ 25:1–32:32 വിജാതീയ രാജ്യങ്ങൾക്കെതിരേയുള്ള പ്രവചനങ്ങൾ

## 25:1-17, അയൽ രാജ്യങ്ങൾക്കെതിരേ

എസെ 1-24 അധ്യായങ്ങൾ ഇസ്രായേൽ/യൂദാ രാജ്യങ്ങളുടെ തിന്മകൾക്കെതിരായ പ്രവചനമായിരുന്നെങ്കിൽ 25-32 അധ്യായങ്ങൾ വിജാതീയ രാജ്യങ്ങൾക്കെതിരായ പ്രവചനങ്ങളാണ്. 25:1-17 ൽ ഇസ്രായേലിന്റെ അയൽരാജ്യങ്ങളും പരമ്പരാഗത വൈരികളുമായിരുന്ന അമ്മോൻ (വാ. 3-7), മൊവാബ് (വാ. 8-11), ഏദോം (വാ. 12-14), ഫിലിസ്ത്യ (വാ. 15-17) എന്നീ ദേശങ്ങൾക്കെതിരായ പ്രവചനമാണ് ഉൾപ്പെടുത്തിയിരുന്നത്. അമ്മോൻ, മൊവാബ് എന്നീ ദേശങ്ങൾ അബ്രാഹത്തിന്റെ അർദ്ധസഹോദരൻ ലോത്തിന്റെ സന്തതിപരമ്പരകളാണ് (ഉൽപ 19:30-38). ഏദോമ്യരാകട്ടെ യാക്കോബിന്റെ സഹോദരൻ ഏസാവിന്റെ സന്തതിപരമ്പരകളാണ് (ഉൽപ 19:30-38). ചുരുക്കത്തിൽ ഈ ശത്രുരാജ്യങ്ങളിൽ പലതും ഇസ്രായേലിന്റെ രക്തബന്ധുക്കളായിരുന്നു.

**അമ്മോനെതിരേ (വാ. 1-7):** "മനുഷ്യ പുത്രാ.. മുഖം തിരിയ്ക്കുക" എന്ന പതിവ് ആമുഖത്തോടെയാണ് (4:3, 7; 6:2; 13:17; 20:46) ഈ പ്രവചനവും ആരംഭിക്കുന്നത്. 25:1-17 ലെ നാലു പ്രവചനങ്ങളും നിയതമായ ഒരു ശൈലി അനുധാവനം ചെയ്യുന്നുണ്ട്. മൂന്നുകാര്യങ്ങൾ ഇവയിൽ പ്രകടമായികാണാം: (1) കുറ്റാരോപണം, (2) ശിക്ഷാവിധി, (3) ദൈവത്തിന്റെ ശക്തിയുടെ തിരിച്ചറിയൽ.

ജറുസലേമിന്റെ നാശത്തിലും ദേവാലയത്തിന്റെ തകർച്ചയിലും "ആഹാ" എന്നു വിളിച്ച് സന്തോഷിച്ചു എന്നതാണ് അമ്മോന്യർക്കെതിരായ ആരോപണം (വാ. 3-4). കിഴക്കുനിന്നു വരുന്ന നാടോടി ഗോത്രങ്ങൾക്ക് അമ്മോൻ ഏൽപ്പിക്കപ്പെടും എന്നതാണ് ശിക്ഷാവിധി. ന്യായ 6-8 അധ്യായങ്ങളിലും ജറെ 49:28 ലും ഇത്തരം ഗോത്രങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്. അവർ അമ്മോന്യരെ കൊള്ളയടിക്കുകയും അവരുടെ അധ്വാനഫലം അനുഭവിക്കുകയും ചെയ്യും. നിയ 28:33 ൽ പരാമർശിക്കുന്ന ഉടമ്പടിയുടെ ശാപത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ ശിക്ഷാവിധി. ജറുസലേമിലെന്നതുപോലെ അമ്മോന്യരുടെ തലസ്ഥാനമായ റബ്ബായിൽ ഒട്ടകങ്ങളും ആടുകളും മേഞ്ഞുനടക്കും (അവ വിജനമാകും എന്നു സാരം). നഗരങ്ങളുടെ നാശത്തെ സമാനമായ ശൈലിയിൽ അന്യത്ര അവതരിപ്പിക്കുന്നുണ്ട് (ഉദാഹരണമായി, ഏശ 7:23-25; ജറെ

4:26; 12:10-12; സെഫാ 2:13-15).

25:6-7 ൽ അമ്മോന്യർക്കെതിരായ രണ്ടാം പ്രവചനമാണ് അവതരിപ്പിക്കുന്നത്. ഇവിടെയും കുറ്റം (വാ. 6), ശിക്ഷാ വിധി (വാ. 7a), ദൈവമഹത്വത്തിന്റെ തിരിച്ചറിയൽ (വാ. 7b) എന്ന ശൈലിതന്നെയാണ് അനുവർത്തിച്ചിരിക്കുന്നത്. ആദ്യപ്രവചനം രാജ്യത്തെ ഉദ്ദേശിച്ചാകയാൽ സ്ത്രീലിംഗ സർവ്വനാമത്തിലായിരുന്നു. എന്നാൽ രണ്ടാം പ്രവചനം രാജാവിനെ ഉദ്ദേശിച്ചാകയാൽ പുല്ലിംഗ സർവ്വനാമത്തിലാണ്. ഇസ്രായേലിന്റെ തകർച്ചയിൽ കയ്യടിച്ച് ആനന്ദിച്ചു എന്നതാണ് ഇവിടെ ആരോപിക്കപ്പെടുന്ന കുറ്റം. തുടർന്നുള്ള വിവരണങ്ങൾ ആദ്യപ്രവചനത്തിനു സമാനമാണ്.

**മൊവാബിനെതിരേ (വാ. 8-11):** ലോത്തിന്റെ പുത്രനും അമ്മോന്റെ സഹോദരനുമായ മൊവാബിനെതിരേയാണ് 25:8-11 ലെ പ്രവചനം. “മറ്റെല്ലാ ജനതകളെയുംപോലെയാണ് യൂദായും” എന്നു പറഞ്ഞതാണ് മൊവാബിനെതിരായ ആരോപണം (വാ. 8). എല്ലാ ജനതകളേയുംപോലെ ആകാനുള്ള ആഗ്രഹം ദൈവനിഷേധത്തിന്റെ അടയാളമാണ് (1 സാമു 8:4-7). പ്രവാസികൾ വിഗ്രഹാരാധനയിലേക്കു തിരിഞ്ഞതിനെ കുറ്റപ്പെടുത്തിക്കൊണ്ട് എസെ 20:32 ലും ഇതേ ആരോപണം കാണാം. യൂദാ മറ്റെല്ലാ ജനതകളിൽനിന്നും വ്യത്യസ്തമാണ്; കാരണം അവർ ദൈവത്തിന്റെ സ്വന്തം ജനമാണ്.

(2 സാമു 7:23). ശിക്ഷാവിധി അനുഭവിക്കേണ്ടിവരുന്ന മൂന്നു മൊവാബ്യ നഗരങ്ങളും ബത്‌യഷിമോത്ത്, ബാൽമെയോൻ, കിരിയാത്തയിം - അർനോൻ നദിയുടെ കരയിലുള്ളതും ഇസ്രായേലിന് അവകാശപ്പെട്ട നഗരങ്ങളുമായിരുന്നു (ജോഷ്വാ 13:17-19). ബി.സി. 830 ൽ ബാൽമെയോൻ നഗരം മൊവാബ് കൈവശപ്പെടുത്തിയതായി സാക്ഷ്യപ്പെടുത്തുന്ന ശിലാലിഖിതങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ജറെ 28:23 ലും 48:1, 23 ലും ഈ നഗരങ്ങളെ മൊവാബ്യനഗരങ്ങളായാണ് പരാമർശിക്കുന്നത്.

ഈ നഗരങ്ങൾ ഇസ്രായേലിന് അവകാശപ്പെട്ടതാണെങ്കിലും അവ ഇസ്രായേലിനു തിരിച്ചു നൽകുമെന്ന് ദൈവം പറയുന്നില്ല എന്നത് ശ്രദ്ധേയമാണ്. അമ്മോനെ എന്നതുപോലെ (വാ. 4) കിഴക്കൻ ദേശത്തുനിന്നുള്ള നാടോടികൾക്കാണ് മൊവാബ◌ും ഏൽപിക്കപ്പെടുന്നത്. മൊവാബിന്റെ ഓർമ്മപോലും നാമാവശേഷമാകും എന്ന പ്രസ്ഥാവനയിലൂടെ മൊവാബിന്റെ നാശം സമ്പൂർണ്ണമായിരിക്കും എന്ന ആശയമാണ് വ്യക്തമാക്കുന്നത്. മൊവാബിന്റെ നാശം ദൈവത്തിന്റെ ആധികാരികത അറിയാനുള്ള മാർഗ്ഗമായി മാറും.

**ഏദോമിനെതിരേ (വാ. 12-14):** ജറുസലേമിന്റെ നാശത്തിന്റെ നാളിൽ ഏദോം നടത്തുന്ന ആർപ്പുവിളിയെക്കുറിച്ച് 137 -ാം സങ്കീർത്തനത്തിലും ഒബാ 1:10-12 ലും സൂചനകളുണ്ട്. കുറ്റാരോപണം, ശിക്ഷാവിധി, ദൈവമഹത്വത്തിന്റെ തിരിച്ചറിവ് എന്ന ശൈലിയിൽ തന്നെയാണ് ഈ പ്രവചനവും ക്രമീകരിച്ചിരിക്കുന്നത്. യൂദായ്ക്കെതിരേ പ്രതികാര ബുദ്ധിയോടെ നീങ്ങി എന്നതാണ് ഏദോമിന്റെ തെറ്റ്. അതിർത്തിതർക്കങ്ങളെ പ്രതി





യുള്ള യുദ്ധങ്ങളായിരിക്കാം ഇവിടെ വിവക്ഷിക്കുന്നത്. ഏദോലിന്റെ വടക്കൻ നഗരമായ തേമാനിൽനിന്നും (ഉൽപ 36:15; ജറെ 49:7, 20) തെക്കൻ നഗരമായ ദാദൻവരെ (ഉൽപ 10:7; 25:3; എസെ 38:13) നീളുന്ന നാശനഷ്ടങ്ങളാണ് ശിക്ഷാവിധിയായി പ്രഖ്യാപിക്കപ്പെടുന്നത്. ഏദോമിന്റെ നാശവും ദൈവത്തിന്റെ ശക്തിതിരിച്ചറിയാനുള്ള അടയാളമാണ് (വാ. 14).

**ഫിലിസ്ത്യർക്കെതിരേ (വാ. 15-17):** ഇസ്രായേലിനെതിരേ പ്രതികാരം ചെയ്തതാണ് ഫിലിസ്ത്യർ ചെയ്ത കുറ്റം (വാ. 15). ഫിലിസ്ത്യർ ഇസ്രായേലിന്റെ ബദ്ധശത്രുക്കളായിരുന്നതിനാൽ പ്രത്യേകിച്ച് ഏതെങ്കിലും സംഭവം വിവക്ഷിക്കപ്പെടുന്നുണ്ടോ എന്നു സംശയമാണ്. ഫിലിസ്ത്യർ കടൽവഴി ക്രേത്തായിൽനിന്നു വന്നവരാണെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. അതിനാലാണ് അവരെ “ക്രേത്യർ” (വാ. 16) എന്നു വിശേഷിപ്പിക്കുന്നത് (സെഫാ 2:5). ഫിലിസ്ത്യരുടെ പ്രതികാരം ദൈവത്തിന്റെ പ്രതികാരത്തെ ക്ഷണിച്ചുവരുത്തുന്നു (വാ. 17).

ബി.സി. 604 ൽ ഫിലിസ്ത്യരെ നബുക്കദ്നേസർ പരാജയപ്പെടുത്തുകയും ഫിലിസ്ത്യ നഗരങ്ങളായ ഗാസ, അഷ്കലോൺ, അഷ്ദോദ് എന്നിവ നശിപ്പിക്കുകയും ചെയ്തിരുന്നു. അതിനാൽ എസെക്കിയേലിന്റെ കാലത്ത് ഫിലിസ്ത്യ പ്രബലമായൊരു രാജ്യമായിരുന്നില്ല. തന്മൂലം ബി.സി. 604 ലെ തകർച്ചയെ ആധാരമാക്കിയാകാം എസെക്കിയേൽ ഈ പ്രവചനങ്ങൾ നടത്തുന്നത്.

**വിചിന്തനം:** 1. അപരന്റെ വേദനകളിൽ ആനന്ദിക്കുന്നത് അക്ഷന്തവ്യമായ ക്രൂരതയാണ്. കാലചക്രത്തിന്റെ പ്രയാണത്തിൽ താഴ്ചകളും ഉയർച്ചകളും സ്വാഭാവികമാണ്. എന്നാൽ വീണവനെനോക്കി പരിഹാസച്ചിരി മുഴക്കുന്നവരുടെ വീഴ്ച ആസന്നമായിരിക്കും. “നിൽക്കുന്നു എന്നു കരുതുന്നവൻ വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ” എന്ന മുന്നറിയിപ്പായി ഈ പ്രവചനങ്ങളെ മനസ്സിലാക്കാം.

2. രാജ്യസ്നേഹവും ദൈവസ്നേഹവും സങ്കീർണ്ണമാംവിധം സങ്കലനം ചെയ്യപ്പെട്ട പ്രവചന ഭാഗമാണിത്. ഇസ്രായേലിനെ ശിക്ഷിച്ചതു ദൈവമായ കർത്താവാണ്. അതിൽ അയൽ രാജ്യങ്ങൾക്കു പങ്കില്ല. എന്നാൽ, തങ്ങൾ നശിക്കുന്നതോടൊപ്പം തങ്ങളുടെ ചിരന്തന വൈരികളും നശിപ്പിക്കപ്പെടണം എന്ന ആഗ്രഹം പ്രകടമാകുമ്പോൾ അത് ദൈവനീതിയേക്കാൾ രാജ്യസ്നേഹത്തിന്റെ പ്രകാശനമായി മാത്രം കണ്ടാൽമതി. അതിരുവിട്ട രാജ്യസ്നേഹം ആപൽക്കരമാണ് എന്ന സൂചനയും ഈ പ്രവചനങ്ങളുടെ പിന്നാമ്പുറത്തു മുഴങ്ങുന്നുണ്ട്. രാജ്യത്തിന്റെ അതിരുകൾ സാങ്കല്പികവും മനുഷ്യനിർമ്മിതവും കാലാകാലങ്ങളിൽ പുനർനിർണ്ണയിക്കപ്പെട്ടതുമാണ്. അതിരുകളില്ലാത്ത ദൈവരാജ്യത്തെക്കുറിച്ചുള്ള ചിന്ത ഉണരുമ്പോൾ മാത്രമേ വിശ്വാസത്തിന്റെ പ്രഭാതം വിടരുകയുള്ളൂ.

# എസെക്കിയേൽ 26:1–28:19, ടയിറിനെതിരേയുള്ള ഏഴുപ്രവചനങ്ങൾ

ഇസ്രായേൽ/യൂദാ രാജ്യങ്ങളും ടയിറും തമ്മിൽ കാര്യമായ സംഘർഷങ്ങളൊന്നും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എന്നാൽ എസെക്കിയേലിന്റെ പ്രവചനത്തിൽ 76 വാക്യങ്ങൾ (26:1–28:19) ടയിറിനെതിരായ പ്രവചനങ്ങളാണ്. ടയിറിനെതിരായ പ്രവചനങ്ങൾ മറ്റുപ്രവാചക ഗ്രന്ഥങ്ങളിലും കാണാം (ആമോ 1:9–10; ഏശ 23:1–18; ജോയേ 3:4–8; സഖ 9:2–4; ജറെ 25:22; 27:3; 47:4). ടയിറിനെതിരേയുള്ള പ്രവചനങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ ടയിറിന്റെ ചരിത്രം മനസ്സിലാക്കേണ്ടതുണ്ട്. ബി. സി. 587 ൽ ബാബിലോൺ ഉപരോധമേർപ്പെടുത്തിയത് ജറുസലേമിനും ടയിറിനും ഈജിപ്തിനുമെതിരേയാണ്. എന്നാൽ ജറുസലേം മാത്രമേ ബാബിലോണിന്റെ അടിമത്തം അനുഭവിക്കേണ്ടിവന്നുള്ളൂ. തന്മൂലം തങ്ങൾ ജറുസലേമിനേക്കാൾ ശക്തരാണെന്ന് ടയിർ നിവാസികൾ ചിന്തിച്ചു. ഈ അബദ്ധധാരണയ്ക്കെതിരേയാണ് എസെക്കിയേൽ രോഷാകുലനാകുന്നത്.

ടയിറിനെക്കുറിച്ച് വി.ഗ്രന്ഥത്തിൽ സുദീർഘമായ പരാമർശങ്ങളുള്ളതിനാൽ മധ്യപൂർവ്വദേശത്തെ ഒരു പ്രധാന കേന്ദ്രമായിരുന്നു ടയിർ എന്നനുമാനിക്കാം. ഫിനീഷ്യായിലെ ഒരു ദ്വീപുനഗരമായിരുന്നു ടയിർ. ബേയ്റൂട്ടിന് അൻപത് മൈൽ തെക്കായി സ്ഥിതിചെയ്യുന്ന ആധുനിക 'സൂർ' എന്ന പട്ടണമാണ് പുരാതന ടയിർ. ഒരു ദ്വീപിൽ സ്ഥിതിചെയ്യുന്ന ആധുനിക നഗരത്തെ ഇടുങ്ങിയ ഒരു വരമ്പുവഴിയായിട്ടാണ് വൻകരയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. അലക്സാണ്ടർ ചക്രവർത്തിയുടെ കാലത്ത് നിർമ്മിച്ച നടവരമ്പാണ് കാലക്രമത്തിൽ ഇപ്രകാരം രൂപം പ്രാപിച്ചത്. രണ്ടു നഗരങ്ങൾ ഉൾപ്പെടുന്നതായിരുന്നു പുരാതന ടയി ർ; ദ്വീപു പട്ടണവും വൻകരയിലെ പട്ടണവും.

ബി.സി. 2100 മുതൽ ടയിർ നിലനിന്നിരുന്നതായി കണക്കാക്കപ്പെടുന്നു. ടയിറിന്റെ സ്ഥാപനത്തെപ്പറ്റി പല പാരമ്പര്യങ്ങളുമുണ്ട്. ഈ പാരമ്പര്യങ്ങളെല്ലാം സൂചിപ്പിക്കുന്നത് ബി.സി. പന്ത്രണ്ടാം നൂറ്റാണ്ടിൽ നടന്ന ടയിറിന്റെ പുന:നിർമ്മാണത്തെക്കുറിച്ചാണ്. ഈജിപ്തു രാജാക്കന്മാരുടെ, നിന്ദിക്കപ്പെട്ട പട്ടണങ്ങളുടെ ലിസ്റ്റിലും (ANET 477) അമൻ ഹോതെപ്പ് III തുടങ്ങിയവരുടെ പലസ്തീനിയൻ പട്ടണങ്ങളെക്കുറിച്ചുള്ള വിവരണങ്ങളിലും (ANET 243) അമർണാ എഴുത്തുകളിലും ടയിർ നഗരത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പതിനൊന്നാം നൂറ്റാണ്ടിൽ സിദോണിയാക്കാർ പുനരുദ്ധരിച്ചതിനുശേഷം ടയിർ മെഡിറ്ററേനിയൻ തീരത്തെ പ്രധാന വാണിജ്യനഗരമായി മാറി. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ കോളനികൾ സ്ഥാപിച്ച ടയിറിന് ഇസ്രായേലുമായി വ്യാപാരബന്ധം ഉണ്ടായിരുന്നു. ഏറെക്കാലം അസ്സീറിയൻ രാജാക്കന്മാരുടെ അധീനതയിലായിരുന്നു ടയിർ. ടയിർ രാജാക്കന്മാർ സാമന്തരാജാക്കന്മാരായി അക്കാലത്തു ഭരിച്ചുപോന്നു. പിന്നീട് പേർഷ്യാക്കാരുടെ കീഴിലായിരുന്നു ടയിർ. മഹാനായ അലക്സാണ്ടർ ടയിർ നഗരം ഭാഗികമായി നശിപ്പിച്ചു (ബി.സി. 332).





പിന്നീട് സെലൂക്യ രാജാക്കന്മാരുടെ അധീനതയിലായിത്തീർന്നു ഈ പട്ടണം.

ഉൽപ 10-ൽ വിവിധ രാജ്യങ്ങളുടെ പേരുകൾ പറയുന്നിടത്ത് ടയിറിനെപ്പറ്റി പ്രസ്താവിച്ചിട്ടില്ല. ദാവീദ് രാജാവിന്റെ കാലത്ത് ഇസ്രായേലിന്റെ ഒരതിർത്തിയായി ചൂണ്ടിക്കാണിച്ചിരിക്കുന്നത് ടയിറിനെയാണ് (2 സാമു 24:7). ദാവീദിന്റെ കാലത്തും സോളമന്റെ കാലത്തും ടയിറിന് ഇസ്രായേലുമായി അടുത്തബന്ധമുണ്ടായിരുന്നു (2 സാമു 5:11; 1 രാജാ 5; 2 ദിന 2). ടയിർ സാംസ്കാരികവും മതപരവുമായി ഇസ്രായേലിനെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഇസ്രായേലിൽ രാജവാഴ്ച വേണമെന്ന് ജനം ശാഠ്യംപിടിക്കാൻ പ്രധാനകാരണം തന്നെ, ടയിർ തുടങ്ങിയ രാജ്യങ്ങളിൽ രാജാക്കന്മാരുണ്ടായിരുന്നുവെന്നതായിരുന്നു. സോളമന്റെ കൊട്ടാരം പണിതത് ടയിറിൽനിന്നുള്ള പണിക്കാരായിരുന്നു. ആഹാബിന്റെ കാലത്ത് ടയിറിലെ ബാൽദേവനായ മെൽക്കാർട്ടിനെ ഇസ്രായേലിലും ആരാധിക്കാൻ തുടങ്ങി. യേശുവിന്റെ കാലത്ത് ഇസ്രായേലിന് ടയിറുമായി ഉണ്ടായിരുന്ന ബന്ധങ്ങളെല്ലാം വിച്ഛേദിച്ചു.

ടയിർ ഒരു വാണിജ്യകേന്ദ്രമായിരുന്നതിനാൽ അടിമവ്യാപാരം അവിടെ സാധാരണമായിരുന്നു. ആമോസ് 1:9ൽ അടിമവ്യാപാരംമൂലം ടയിറിനു സംഭവിക്കാൻ പോകുന്ന നാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പു കാണാം. അടിമവ്യാപാരവും കൊള്ളയും ടയിറിനെതിരേ ആരോപണങ്ങളായി ഉന്നയിക്കപ്പെടുന്നു (ജോയേ 3:4). ഉഗ്രകോപത്തിന്റെ കാസ പാനം ചെയ്യാനുള്ള ഒരു രാജ്യമായി ടയിറിനെ ജറെമിയാ പ്രവാചകൻ കണക്കാക്കുന്നു (ജറെ 25:22). നബൂക്കദ്നേസറിനു കീഴടങ്ങുവാൻ പ്രവാചകൻ ആ രാജ്യത്തെ ഉപദേശിക്കുന്നുണ്ട് (ജറെ 27:3).

എസെക്കിയേലിന്റെ പുസ്തകത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു രാജ്യമാണ് ടയിർ. എസെക്കിയേൽ ഇരുപത്തിയാറാം അധ്യായത്തിൽ പട്ടണത്തിന്റെ നാശത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ ഉണ്ട്. ദ്വീപുനഗരത്തെക്കുറിച്ചും വൻകരയിലെ നഗരത്തെക്കുറിച്ചും പരാമർശിക്കപ്പെടുന്നുണ്ട് (എസെ 26:16–18). ടയിറിലെ രാജാവിനെക്കുറിച്ച് എസെ 28:1–9 പ്രതിപാദിക്കുന്നു. എസെക്കിയേലിന്റെ പുസ്തകം ഇരുപത്തിയെട്ടാം അധ്യായത്തിലെ ചില പരാമർശങ്ങൾ ശ്രദ്ധേയങ്ങളും ഒരു പരിധിവരെ കാനാനിലെ പുരാണകഥകളെ ദ്യോതിപ്പിക്കുന്നതുമാണ്. എസെക്കിയേൽ പ്രവാചകൻ ടയിറിനെ ഒരു കപ്പലിനോട് സാദൃശ്യപ്പെടുത്തിയിട്ടുണ്ട് (എസെ 27). ടയിറുമായി വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്ന രാജ്യങ്ങൾ, വ്യാപാരസാധനങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവും ഈ ഭാഗത്ത് ലഭ്യമാണ് (എസെ 27:12–25). ഇത് പുരാതന കാലത്തെ വ്യാപാരത്തെക്കുറിച്ചുള്ള വിലയേറിയ അറിവിന്റെ ഉറവിടമാണ്. ഏശയ്യാപ്രവാചകനും ടയിറിന്റെ പതനത്തെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നുണ്ട് (ഏശ 23). 'ആദരണീയരായ വർത്തക പ്രഭുക്കന്മാർ ഉണ്ടായിരുന്ന ടയിർ' (ഏശ 23:8) എന്നാണ് ഏശയ്യാ ടയിറിനെ വിളിക്കുന്നത്. ഏശ 23:13-ൽ ടയിറിനെ നശിപ്പിക്കാൻ പോകുന്നത് ബാബിലോണിയാക്കാരാണെന്നു പറഞ്ഞിരിക്കുന്നു. ഈ ഭാഗം കൃത്യമായി ഏത് കാലത്ത് വിരചിതമായി എന്നു പറയാനാവില്ലെങ്കിലും നബൂക്കദ്നേസർ ടയിർ ആക്രമിക്കുന്നതിനു മുമ്പാകാനാണ്

സാധ്യത. ടയിർ നശിപ്പിക്കപ്പെടുമെന്ന് സഖറിയായും പ്രവചിക്കുന്നുണ്ട് (സഖ 9:2).

വിപ്രവാസാനന്തര കാലഘട്ടത്തിൽ ടയിർ, വ്യാപാരികളുടെ നഗരമായാണ് അറിയപ്പെട്ടിരുന്നത്. അവിടുത്തെ വ്യാപാരികൾ സാബത്ത് ലംഘിക്കുന്നതായി നെഹെമിയാ പറയുന്നു (നെഹെ 13:16). ആദ്യദേവാലയത്തിലെന്നപോലെ പുനരുദ്ധരിപ്പിക്കപ്പെട്ട ദേവാലയത്തിനും ദേവദാരുമരം കൊണ്ടുവന്നത് ടയിറിൽനിന്നായിരുന്നു (എസ്രാ 3;7). സങ്കീ 45:12 ടയിറിനെ ഇസ്രായേലിന്റെ സുഹൃത്തായിട്ടാണു ഗണിക്കുന്നത്. ടയിറും യാഹ്‌വെയെ അംഗീകരിക്കുന്നു (87:4). ടയിറിലെ ചതുർ വാർഷിക മത്സരങ്ങളെപ്പറ്റി 2 മക്ക 4:18ൽ പറയുന്നുണ്ട്. ഇപ്രകാരം സങ്കീർണ്ണമായ ഒരു ചരിത്രമാണ് ടയിറിനെക്കുറിച്ച് വി.ഗ്രന്ഥത്തിലുള്ളത്.

## എസെക്കിയേൽ 26:1–21, ടയിറിന്റെ പതനം

ടയിറിനെതിരേയുള്ള പ്രവചനങ്ങളിൽ നിയതമായ ഒരു ഘടന (25:1–7 ൽ ദൃശ്യമായതിനുസമാനം) ഗ്രന്ഥകർത്താവ് അനുവർത്തിക്കുന്നതു കാണാം: (1) ടയിറിനെതിരായ കുറ്റാരോപണം ("എന്തെന്നാൽ" എന്ന അർത്ഥമുള്ള "കി" എന്ന ഹീബ്രു പദത്തോടെയാണ് ഇത് അവതരിപ്പിക്കുന്നത്), (2) ശിക്ഷാവിധിയുടെ പ്രഖ്യാപനം ("ആയതിനാൽ" എന്ന അർത്ഥമമുള്ള "ലാക്കെൻ" എന്ന പദത്തോടെയാണ് ഇത് അവതരപ്പിക്കുന്നത്), (3) ദൈവമഹത്വത്തിന്റെ തിരിച്ചറിവ്. 26:1 ൽ ഈ പ്രവചനത്തിന്റെ കാലം ബി.സി. 585 ആണ്. പ്രവാസികൾ ജറുസലേമിന്റെ നാശവാർത്ത അറിയുംമുമ്പേ ടയിർ അത് അറിയുകയും ആഹ്ലാദപ്രകടനം നടത്തുകയും ചെയ്തിരിക്കാം.

**26:6,** 25:3 ൽ അമ്മോൻ ചെയ്തതിനു സമാനമായി ജറുസലേമിന്റെ പതനത്തെ "ആഹാ" എന്ന ആർപ്പുവിളിയോടെയാണ് ടയിർ എതിരേറ്റത്. എന്നാൽ അമ്മോനിൽനിന്നു വ്യത്യസ്തമായി, ദേവാലയത്തിന്റെ നാശത്തിലും യഹൂദരുടെ അടിമത്തത്തിലും ടയിർ സന്തോഷിക്കുന്നില്ല. മൊവാബ് ചെയ്തതുപോലെ യൂദായുടെ "തിരഞ്ഞെടുക്കപ്പെട്ട ജനം" എന്ന അതുല്യപദവിയെ ടയിർ ചോദ്യം ചെയ്യുന്നില്ല. ഏദോമിനെയും ഫിലിസ്ത്യയെയും പോലെ ടയിർ ജറുസലേമിനെതിരെ പ്രതികാരബുദ്ധിയോടെ സൈനികമായി തിരിയുന്നുമില്ല. എന്നാൽ കോട്ടവാതിലുകൾ തകർക്കപ്പെട്ട നഗരത്തെ സ്വാർത്ഥലാഭത്തിനായി ടയിർ കൊള്ളയടിച്ചു (വാ. 2). ഈ സ്വാർത്ഥതയും ദുർമോഹവുമാണ് ടയിറിന്റെ പാപം. ടയിറിനെതിരേയുള്ള ശിക്ഷാവിധി ഭീകരമാണ്. സമുദ്രം തിരമാലകളെ എന്നതുപോലെ ജനതകൾ ടയിറിനെ ചുഴറ്റിയടിക്കും (സമാനമായ ശിക്ഷാവിധി ജറെ 46:7–8 ൽ കാണാം). ടയിറിന്റെ മതിലുകൾ ചരിത്ര പ്രസിദ്ധമായിരുന്നു. 45 മീറ്ററുകളോളം ഉയരമുള്ള മതിലുകൾ ടയിറിനുണ്ടായതായി ചരിത്രകാരൻ സാക്ഷ്യപ്പെടുത്തുന്നുണ്ട് (Anabasis, 2.21.4).

ശിക്ഷാവിധിക്കുശേഷം ടയിർ വിജനമാകും എന്ന് പ്രവാചകൻ മുന്നറിയിപ്പുനൽകുന്നുണ്ട്. "നഗരമധ്യത്തിൽ വല വിരിച്ച് ഉണക്കാനിടും" (വാ.





5) എന്ന പ്രയോഗം നഗരത്തിന്റെ വിജനതയെയാണ് സൂചിപ്പിക്കുന്നത്. 26:6 ൽ ദൈവമഹത്വം തിരിച്ചറിയുന്നതിനെക്കുറിച്ചാണ് സൂചന. ജറുസലേമിന്റെ നാശത്തിൽ ആനന്ദിച്ച ടയിർ സ്വന്തം നാശം കാണുമ്പോൾ യാഹ്‌വെ യുടെ യഥാർത്ഥ ശക്തി തിരിച്ചറിയും എന്നാണ് പ്രവാചകൻ വിവക്ഷിക്കുന്നത്. ഇസ്രായേൽ മാത്രമല്ല സകല ജനപദങ്ങളും ദൈവമഹത്വം തിരിച്ചറിയും എന്നത് എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ സുപ്രധാനമായ ആശയമാണ്.

**26:7–14,** ടയിറിനെതിരേയുള്ള ബാബിലോൺ ഉപരോധമാണ് ഈ വാക്യങ്ങളിൽ വിവരിക്കുന്നത്. നബുക്കദ്നേസർ രാജാവിന്റെ പേരിന്റെ ബാബിലോണിയൻ രൂപമായ "നബുക്കുദുറി ഉസൂർ" എന്നാണ് 26:7 ൽ ഉപയോഗിച്ചിരിക്കുന്നത് (നെബുദേവൻ മൂത്തപുത്രനെ അനുഗ്രഹിക്കട്ടെ എന്നാണ് ഈ പേരിന്റെ അർത്ഥം). ബാബിലോൺ രാജാവ് എന്നാണ് എസെക്കിയേൽ ഇതുവരെയും വിശേഷിപ്പിച്ചിരുന്നത് (17:12; 19:9; 21:24, 26; 24:2). "രാജാധിരാജൻ" എന്ന അഭിധാനവും ഇവിടെ നൽകുന്നുണ്ട് (വാ. 7). അസ്സീറിയായിൽ അസ്സൂർ നസീർപാൽ രണ്ടാമൻ ചക്രവർത്തിയുടെ കാലംമുതൽ ഈ പദം രാജാവിനെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരുന്നു.

സൈനിക ഉപരോധത്തിന്റെ വളരെ സുദീർഘമായ വിവരണമാണ് 26:8–14 ൽ നൽകുന്നത്. ഉപരോധത്തെ ആറു പടികളുള്ള ഒരു പ്രക്രിയയായിട്ടാണ് അവതരിപ്പിക്കുന്നത്: (1) നഗരത്തിന്റെ കോട്ടകളും ഗോപുരങ്ങളും തകർക്കുന്നു (വാ. 8a), (2) ഉപരോധ സങ്കേതമുയർത്തുന്നു (വാ. 8b–9). (3) പൊളിഞ്ഞ മതിലിലൂടെ സൈന്യം നഗരത്തിനുള്ളിൽ കടക്കുന്നു (വാ. 10–11a), (4) നഗരം കൊലക്കളമാകുന്നു (വാ. 11b), (5) നഗരത്തെ കൊള്ളയടിക്കുന്നു (വാ. 12a), (6) നഗരത്തിലെ കെട്ടിടങ്ങൾ തകർക്കുന്നു. നഗരത്തിലെ സംഗീതം നിലയ്ക്കും എന്ന ശിക്ഷ (വാ. 13) ആമോ 5:23 ലും കാണാം.

**26:15–18,** ടയിറിനെതിരേയുള്ള മൂന്നാം പ്രവചനമാണിത്. ദ്വീപുനഗരമായ ടയിറുമായി വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്ന നഗരങ്ങളും രാജാക്കന്മാരും ടയിറിന്റെ പതനത്തിൽ പകച്ചുപോകും. നബുക്കദ്നേസറിന്റെ രഥങ്ങളുടെ ശബ്ദത്തിൽ ടയിറിന്റെ കോട്ടകൾ വിറച്ചതുപോലെ ടയിറിന്റെ പതനശബ്ദത്തിൽ ടയിറിന്റെ സഖ്യകക്ഷികളും വിറച്ചു. "സമുദ്രത്തിലെ രാജാക്കന്മാർ" എന്ന പദപ്രയോഗം (വാ. 16) ടയിറിലെ വ്യാപാരം നിയന്ത്രിക്കുന്നതും രാജാവിന്റെ അധ്യക്ഷതയിലുള്ള തുമായ ഒരു പ്രഭുസമിതിയെയാണ് വിവക്ഷിക്കുന്നത് എന്നു കരുതപ്പെടുന്നു. ദുഃഖഭാരത്താൽ വസ്ത്രം കീറുന്നതിനു പകരം വസ്ത്രം മാറ്റുകയാണ് അവർ ചെയ്യുന്നത്. സമാനമായ ദുഃഖപ്രകടനങ്ങൾ അന്യത്ര കണ്ടെത്താനാകും (സങ്കീ 35:26; 109:29; ഏശ 59:17). നിലത്തിരിക്കുന്നതും ദുഃഖത്തിന്റെ സൂചനയാണ് (ഏശ 3:26; 47:1; ജറെ 14:2).

ബൈബിളിലെ പരമ്പരാഗത വിലാപകാവ്യ ശൈലിയിലാണ് ഇവരുടെ കീർത്തനം രചിക്കപ്പെട്ടിരിക്കുന്നത് (വാ. 17–18). "ഇത് എങ്ങനെ സംഭവിച്ചു" (വാ. 17) എന്ന ആശ്ചര്യ ചോദ്യം വിലാപഗാനങ്ങളുടെ തനതു സവിശേഷതയാണ് (ഏശ 1:21; 14:4; വിലാ 1:1; 2:1; 4:1). "ഒരു കാലത്ത്...

എന്നാൽ ഇപ്പോൾ..." എന്ന വൈരുധ്യാഖ്യാന ശൈലിയും (വാ. 17–18) വിലാപഗാനങ്ങളുടെ ശൈലിയാണ്.

**26:19–21,** ടയറിനെതിരേയുള്ള ഈ നാലാം പ്രവചനത്തിൽ ടയിർ പാതാളത്തിലേക്കുതാഴ്ത്തപ്പെട്ടതായാണ് എസെക്കിയേൽ പ്രഖ്യാപിക്കുന്നത്. 32:17–32 ൽ ഈജിപ്തിനും സമാനമായ ശിക്ഷാവിധി ലഭിക്കുന്നുണ്ട്. സൃഷ്ടിവിവരണത്തിൽ കാണപ്പെടുന്ന ആഴവും (തെഹോം) ആഴിയുടെ പെരുവെള്ളവും (ഹമായിം ഹറാബിം) തന്നെയാണ് (ഉൽപ 1:1–2) ഇവിടെയും പരാമർശിക്കപ്പെടുന്നത്. "പാതാളത്തിലെ പുരാതന ജനങ്ങൾ" (വാ. 20) എന്ന പദപ്രയോഗം മൃതരെ സൂചിപ്പിക്കുന്നതാണ് (വിലാ 3:6; സങ്കീ 143:3). ടയിറിനു സംഭവിക്കുന്ന സർവ്വനാശത്തെയാണ് പ്രവാചകൻ ഇവിടെ വിവക്ഷിക്കുന്നത്.

**വിചിന്തനം:** 1. ജറുസലേമിന്റെ നാശം തന്റെ കച്ചവടതാല്പര്യങ്ങൾക്കു ഗുണകരമാണ് എന്ന ടയിറിന്റെ ചിന്തയാണ് ടയിറിന്റെ നാശത്തിനുകാരണമായത്. കിടമത്സരങ്ങളുടെ ലോകത്ത് സഹപാഠികളുടെയും സഹപ്രവർത്തകരുടെയും തളർച്ചകൾ ആശ്വാസപ്രദമായിട്ടാണ് കരുതപ്പെടുന്നത്. അത്രയും കുറച്ചുപേരോട് മത്സരിച്ചാൽ മതിയല്ലോ എന്ന ആശ്വാസമാണത്. ഈ നിലപാടിനെയാണ് ദൈവം നിശിതമായി എതിർക്കുന്നത്. അപരന്റെ തളർച്ചകൾ എന്തുകാരണത്താൽ സംഭവിച്ചതാണെങ്കിലും അതിൽ ആനന്ദിക്കാൻ ആർക്കും അവകാശമില്ല. അപരന്റെ വേദനകളിൽ ആനന്ദിക്കുന്നവരെ കാത്തിരിക്കുന്നത് സർവ്വനാശമാണെന്ന സന്ദേശമാണ് ഈ പ്രവചനങ്ങൾ നൽകുന്നത്. മത്സരങ്ങൾ പാപകരമല്ല. മത്സരബുദ്ധിയോടുള്ള അധ്വാനമാണ് ലോകത്തിൽ വികസനത്തിന്റെ പ്രകാശമെത്തിച്ചത്. എന്നാൽ അപരന്റെ നൊമ്പരങ്ങളെ അവഗണിക്കുകയും സ്വന്തം വളർച്ചമാത്രം ലക്ഷ്യമാക്കുകയും ചെയ്യുന്ന മത്സരങ്ങൾ അനാരോഗ്യകരമാണ്. അത്തരം മത്സരങ്ങളെയാണ് ദൈവം എതിർക്കുന്നത്.

2. എസെക്കിയേലിന്റെ ലോകവീക്ഷണം തികച്ചും യഹൂദ കേന്ദ്രീകൃതമാണ്. തന്മൂലം യഹൂദരുടെ ശത്രുക്കളെല്ലാം നിർമ്മാർജ്ജനം ചെയ്ത് ഇസ്രായേലിന്റെ പുനരുദ്ധാരണത്തിന് അനിവാര്യമായ സാമൂഹ്യവ്യവസ്ഥിതി ഒരുക്കുവാനുള്ള ശ്രമമാണ് വിജാതീയരാജ്യങ്ങൾക്കെതിരേയുള്ള പ്രവചനങ്ങളിൽ (25:1–32:14) എസെക്കിയേൽ നടത്തുന്നത്. എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ താരതമ്യേന സങ്കുചിതമായ രക്ഷാവീക്ഷണത്തെ ബൈബിളിന്റെ ഇതരഭാഗങ്ങളിൽ അവതരിപ്പിക്കുന്ന വിശാലമായ വിശ്വമാനവ രക്ഷയുടെ (ഉൽപ 12:3; ഏശ 49:6; യോഹ 3:16) വെളിച്ചത്തിലാണ് വ്യാഖ്യാനിക്കേണ്ടത്.

# എസെക്കിയേൽ 27:1–36, ടയിർ മുങ്ങുന്ന കപ്പലാണ്

ടയിറിനെതിരേയുള്ള അഞ്ചാം പ്രവചനമാണ് 27:1–36 ൽ വിവരിക്കുന്നത്. ടയിറിന്റെ നാശത്തെക്കുറിച്ചുള്ള വിലാപഗാനമായി ഈ പ്രവചനത്തെ മനസ്സിലാക്കാം. ടയിറിന്റെ ഗതകാലപ്രൗഢിയെ അതിമനോഹരമായി നിർമ്മിക്കപ്പെട്ട ഒരു ആഢംബരകപ്പലിനോടും ഇപ്പോഴത്തെ തകർച്ചയെ കപ്പൽച്ഛേദമായും അവതരിപ്പിക്കുന്നു എന്നതാണ് ഈ വിവരണത്തിലെ പ്രതീകാത്മകത. ഈ വചനഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുംവിധം ഗ്രഹിക്കാം.





**ഭാഗം I: വാ.1–25, ടയിർ ഒരു ആഢംബരകപ്പലാണ്**

വാ. 1–4, ആമുഖം

വാ. 5–7, കപ്പലിന്റെ നിർമ്മാണം

വാ. 8–9, കപ്പലിലെ ജീവനക്കാരുടെ പ്രൗഢി

വാ. 10–11, കപ്പലിലെ യാത്രക്കാർ

വാ. 12–25, കപ്പലിന്റെ വ്യാപാരപങ്കാളികൾ

**ഭാഗം II: വാ. 26–37, കപ്പലിന്റെ തകർച്ച**

വാ. 26–27, കപ്പൽച്ഛേദം

വാ. 28–31, കപ്പൽ ഉപേക്ഷിക്കപ്പെടുന്നു

വാ. 32–36, വിലാപഗാനം.

**ടയിർ ആഢംബര കപ്പലാണ് (വാ. 1–25):** പ്രത്യേക സമയസൂചനകളൊന്നും 27:1 ൽ നൽകുന്നില്ല എന്നതിനാൽ ഈ പ്രവചനത്തെ 26:1–21 ന്റെ തുടർച്ചയായി മനസ്സിലാക്കാം. തന്നെത്തന്നെ സൗന്ദര്യത്തിടമ്പായിട്ടാണ് ടയിർ കരുതുന്നത് (വാ. 2). സമാനമായ പദപ്രയോഗം പല ബൈബിൾ ഭാഗങ്ങളിലും കണ്ടെത്താം. (വിലാ 2:15; സങ്കീ 50:2; എസെ 16:4). "നിന്റെ അതിർത്തികൾ സമുദ്രത്തിലാണ്" എന്ന പ്രസ്താവന ടയിർ ഒരു ദ്വീപുരാഷ്ട്രമാണെന്ന സത്യമാണ് വ്യക്തമാക്കുന്നത്.

സെനീർ മലയിൽ നിന്നുള്ള മരം കൊണ്ടാണ് ടയിറിന്റെ പ്രതീകമായ കപ്പൽ നിർമ്മിക്കുന്നത്. സെനീർ എന്നത് കർത്താവിന്റെ മലയായ സെഹിയോന് ആമോര്യരുടെ ഇടയിലുള്ള പേരാണ് (നിയ 3:9). കപ്പലിന്റെ പായ്മരം ലബനോനിലെ ദേവദാരു കൊണ്ടാണ് നിർമ്മിച്ചത് (ഏശ 2:13; സഖ 11:2) ഇടനാഴികളാകട്ടെ കാറ്റാടിമരത്തിൽ ആനക്കൊമ്പുപതിച്ചാണ് നിർമ്മിച്ചിരുന്നത് (1 രാജാ 20:22; ആമോ 3:15). ജറുസലേം ദേവാലയനിർമ്മാണത്തെക്കുറിച്ചുള്ള വിവരണത്തെ ഓർമ്മിപ്പിക്കുന്നതാണ് ഈ കപ്പൽ നിർമ്മാണം. കപ്പലിലെ വസ്ത്രാലങ്കാരങ്ങളും ഈജിപ്തിൽ നിന്നുള്ള ചണത്തിൽ നിർമ്മിച്ചതും ചിത്രാലങ്കാരങ്ങളോടുകൂടിയതുമായിരുന്നു. ചിത്രാലംകൃത വസ്ത്രങ്ങളെക്കുറിച്ച് എസെക്കിയേൽ പലവട്ടം സൂചിപ്പിക്കുന്നുണ്ട് (16:10, 13, 18; 17:3; 26:16; 27:16, 24). 27:7 ലെ ഏലീഷാ ദ്വീപ് എന്നത് സൈപ്രസിന്റെ അപരനാമമാണ്.

**27:8–11,** എസെക്കിയേൽ തുടർന്നു വിവരിക്കുന്നത് കപ്പലിലെ ജീവനക്കാരെക്കുറിച്ചാണ് (വാ. 8–11). ടയിറിന് 40 കി.മീ. വടക്കുള്ള ഫിനീഷ്യൻ നഗരങ്ങളായ സീദോനിലും അർവാനിലും നിന്നുള്ളവരാണ് തണ്ടുവലിച്ചിരുന്നത്. എന്നാൽ കപ്പിത്താൻമാർ ടയിറിൽനിന്നുതന്നെയുള്ളവ

രായിരുന്നു. "സേമർ" എന്ന് 27:8 ൽ പി.ഓ.സി വിവർത്തനം ചെയ്തിരിക്കുന്നത് സോർ എന്നവാക്കാണ്. "സോർ" എന്നത് ടയിറിന്റെ അപരനാമമാണ്. എന്നാൽ സേമർ എന്നത് ഒരു ഫിനീഷ്യൻ നഗരമാണ്. വ്യാപാരക്കപ്പലുകൾ കടൽക്കൊള്ളക്കാരുടെ അക്രമണങ്ങളെ അതിജീവിക്കാൻ സൈന്യത്തെ കൂടെക്കൊണ്ടുപോയിരുന്നു. അതിനാലാണ് 28:10 ൽ സൈന്യത്തെക്കുറിച്ചുള്ള വിവരണമുള്ളത്. "ലൂദ്" എന്നത് ലിദിയാ നഗരത്തിന്റേയും "പുത്" എന്നത് ലിബിയായുടെയും അപരനാമങ്ങളാണ് (വാ. 10).

ഈ കപ്പലുമായി ബന്ധപ്പെട്ട് മൂന്നു തലത്തിലുള്ള ദേശങ്ങൾ പരാമർശിക്കപ്പെടുന്നതായി കാണാം. (1) കപ്പലിലെ നിർമ്മാണ സാമഗ്രികൾ ശേഖരിച്ച ഫിനീഷ്യൻ നഗരങ്ങളായ സീദോൻ, അർവാദ്. (2) മലമ്പ്രദേശങ്ങളായ ലെബനോൻ, സെനിർ, ബാഷാൻ, സൈപ്രസ്: കപ്പലിലെ ജീവനക്കാരുടെ നാടാണിത്. (3) കപ്പലിനാവശ്യമായ സൈനിക സംരക്ഷണം നൽകുന്ന പേർഷ്യ, ലൂദ്, പുത്. ടയിറിന്റെ വിശാലമായ വ്യാപാരബന്ധങ്ങളുടെ വിവരണത്തിലേക്കുള്ള (വാ. 12–25) വാതായനമായി ഈ ദേശങ്ങളുടെ പട്ടിക നിലകൊള്ളുന്നു.

**27:12–25,** ടയിറുമായി വ്യാപാരബന്ധത്തിലേർപ്പെട്ട രാജ്യങ്ങളുടെയും നഗരങ്ങളുടെയും പട്ടികയാണ് ഈ വചനഭാഗത്ത് വിവരിക്കുന്നത്. മധ്യപൗരസ്ത്യദേശത്തിലെ പുരാതനഗീതങ്ങളിലൊന്നിനെ അവലംബമാക്കി (ANET 268-29) പിൽക്കാല സംശോധകർ രചിച്ച് ടയിറിനെതിരായ പ്രവചനത്തിനിടയിൽ കൂട്ടിച്ചേർത്തതാണ് ഈ ഗീതം എന്നു വാദിക്കുന്നവരുണ്ട്. ഹോമറുടെ ഇലിയഡിലും (2.786–877) സമാനമായ രീതിയിലുള്ള വ്യാപാരപങ്കാളികളുടെ പട്ടിക കാണാം. എന്നാൽ ഈ ഗീതം എസെക്കിയേലിന്റെ സ്വന്തം രചനയാണെന്നു കരുതുന്നതിൽ തടസ്സമൊന്നുമില്ല. ചരിത്രഭൂമിശാസ്ത്രങ്ങളിൽ പ്രവാചകനുള്ള അസാധാരണമായ പാടവം 1–26 അധ്യായങ്ങളിൽ വ്യക്തമായതിനാൽ ഇത്രയും ദീർഘമായ ഒരു പട്ടിക പ്രവാചകന് സ്വയം രചിക്കാനാകും എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

27:12–25 ലെ പങ്കാളികളുടെ പട്ടിക സൂക്ഷ്മമായി പരിശോധിച്ചാൽ ചില വസ്തുതകൾ വ്യക്തമാകും: (1) ആരംഭത്തിലും അവസാനത്തിലും താർഷിഷ് നഗരത്തെ പരാമർശിക്കുന്നു (വാ. 12, 25). (2) ഓരോദേശത്തോടും അനുബന്ധിച്ചു പറയപ്പെടുന്ന വസ്തുക്കൾ പ്രസ്തുതദേശത്ത് സുലഭമായുള്ളവയാണ്. അതിനാൽ അവയെല്ലാം ടയിർ വാങ്ങിക്കുന്നതായിവേണം അനുമാനിക്കാൻ. ഇത് ടയിറിന്റെ സമൃദ്ധിയെയാണ് സൂചിപ്പിക്കുന്നത്. (3) പടിഞ്ഞാറ് മെഡിറ്ററേനിയൻകടൽ മുതൽ കിഴക്ക് മെസപ്പൊട്ടോമിയാവരെയുള്ള ദേശങ്ങളുമായാണ് ടയിർ വ്യാപാരബന്ധത്തിലേർപ്പെടുന്നത്. (4) നാലുതലത്തിലുള്ള രാഷ്ട്രങ്ങളുമായുള്ള വ്യാപാരബന്ധമാണ് പരാമർശിക്കുന്നത്. ഏറ്റവുമടുത്ത രാഷ്ട്രങ്ങളിൽനിന്നും (യൂദാ, ഇസ്രായേൽ, ദമാസ്കൂസ്) ഗോതമ്പ്, എണ്ണ, വീഞ്ഞ്, തേൻ മുതലായവ ഇറക്കുമതിചെയ്തു. മൃഗങ്ങളും മൃഗോല്പന്നങ്ങളും നൽകുന്ന രാജ്യങ്ങളാണ് (ബെത് – തൊഗാർമ, അറേബ്യ, കേദാർ) രണ്ടാമത്തെ തലത്തിലുള്ളവ. ലോഹങ്ങളും തുണിയും ചകിരിയും അടിമകളെയും





നൽകുന്ന രാജ്യങ്ങളാണ് (യാവാൻ, തൂബാൻ, ദേദാൻ, ഏദോം മുതലായവ) മൂന്നാമത്തെ തലത്തിലുള്ളവ. നാലാമത്തെ തലം (താർഷിഷ്, ഷേബാ, റാമാ മുതലായവ) സ്വർണ്ണം, വെള്ളി, രത്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ഇറക്കുമതിചെയ്യുന്നവയാണ്.

ഈ പട്ടികയിൽ പരാമർശിക്കുന്ന വിധത്തിലുള്ള വിപുലമായ വ്യാപാരബന്ധങ്ങൾ ടയിറിനുണ്ടായിരുന്നതായി കരുതപ്പെടുന്നു. ടയിറിലെ ഇത്തോബാൽ രാജാവിന്റെ ഭരണകാലത്ത് (ബി.സി. 887–856) ഇത്തരം വിപുലമായ വ്യാപാരബന്ധങ്ങൾ നിലനിന്നിരുന്നതായി ചരിത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട്. ഈജിപ്തിലെ (ബി.സി. 569–525) വ്യാപാരബന്ധങ്ങളുടെ പട്ടികയും ഇപ്പോൾ ലഭ്യമാണ്. ഇവിടെ പരാമർശിക്കുന്ന ദേശങ്ങളേയും വസ്തുക്കളേയും കുറിച്ച് പഠനംനടത്തിയിട്ട് ഈ വിവരണത്തിന് ആധാരമായ കാലഘട്ടം ബി.സി. 610 നും 590 നും ഇടയിലാണെന്ന് സമർത്ഥിക്കുന്ന വ്യാഖ്യാതാക്കളുണ്ട് (Dar, Ezekiel, p. 1380).

**27:26–36,** കിഴക്കൻകാറ്റിൽപെട്ട് ടയിർ എന്ന കപ്പൽ തകരുന്നതിനെക്കുറിച്ചാണ് 27:26–36 ൽ വിവരിക്കുന്നത്. കിഴക്കൻകാറ്റുവിതയ്ക്കുന്ന നാശത്തെക്കുറിച്ചും (സങ്കീ 48:7) അതു കപ്പലുകൾക്കുവരുത്തുന്ന തകർച്ചകളെക്കുറിച്ചും (എസെ 17:10; 19:12; ഏശ 27:8; ജറെ 18:17; ഹോസി 13:15; യോനാ 4:8) ബൈബിളിൽ പരാമർശമുണ്ട്. കിഴക്കൻകാറ്റിനെ കേവലം ഒരു പ്രകൃതിശക്തിയായിട്ടല്ല ശിക്ഷാവിധിക്കായി ദൈവകരങ്ങളിലുള്ള ശക്തമായ ഉപകരണമായിട്ടാണ് എസെക്കിയേൽ അവതരിപ്പിക്കുന്നത്.

29–31 വാക്യങ്ങളിലെ നാവികരുടെ നിലവിളി കരയിൽ നിന്നുകൊണ്ടാണോ അതോ മുങ്ങുന്ന കപ്പലിൽനിന്നാണോ എന്നതിനെക്കുറിച്ച് വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായാന്തരമുണ്ട്. എന്നാൽ വിലാപത്തിനിടയിൽ അവർ തലയിൽ പൊടിവാരിയിടുന്നതും (ജോഷ്വാ 7:6; ജോബ് 2:12), ചാരത്തിൽ ഉരുളുന്നതും (മിക്കാ 1:10) സൂചിപ്പിക്കുന്നതിനാൽ അവർ കരയിലാണ് നിൽക്കുന്നത് എന്ന് അനുമാനിക്കാം. പി.ഓ.സി. വിവർത്തനത്തിൽ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം, അവർ കരയിലാണ് നിൽക്കുന്നത് എന്നു വ്യക്തമായി പറഞ്ഞിരിക്കുന്നു. അതിശക്തമാം വിധത്തിൽ കോട്ടകളാൽ സംരക്ഷിക്കപ്പെട്ടിരുന്ന ടയിറിന്റെ (ജോഷ്വാ 19:29; സഖ 9:3) നാശത്തെക്കുറിച്ചാണ് നാവികരുടെ വിലാപം (വാ. 32–34).

35–36 വാക്യങ്ങളിലെ രാജാക്കന്മാരുടെ സംഭീതിക്കു കാരണം ടയിറിന്റെ നാശമാണ്. ടയിറിന്റെ നാശത്തിലൂടെ തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഏറ്റവും നല്ല കമ്പോളമാണ് എന്നേക്കുമായി അവർക്കു നഷ്ടമായത്.

**വിചിന്തനം:** 1. പ്രതാപങ്ങളും ശക്തിയും നൈമിഷികമാണ് എന്ന ആധ്യാത്മിക സത്യം ബൈബിളിലുടനീളം അനാവരണം ചെയ്യപ്പെടുന്നുണ്ട്. ടയിറിന്റെ നാശം ഈ വസ്തുതയുടെ ശരിയായ ദൃഷ്ടാന്തമാണ്. ഇത്തരം നൈമിഷികതയുടെ തിരിച്ചറിവ് മനുഷ്യനെ നിരാശയിലേക്കും ജീവിതത്തിന്റെ വ്യർത്ഥതയിലേക്കും നയിക്കാം. എന്നാൽ നൈമിഷികതയുടെയും അസ്ഥിരതയുടെയും തിരിച്ചറിവ് ഒരുവനെ നിത്യനായ ദൈവത്തിലേക്കും സ്ഥിരതയുള്ള ദൈവികപദ്ധതിയിലേക്കും നയിക്കണം.

എല്ലാം മാറുന്നത് മാറ്റമില്ലാത്തവനെ ഓർമ്മിപ്പിക്കാനാണ്. എല്ലാ സന്തോഷങ്ങളും ക്ഷണികമാകുന്നത് സ്വർഗ്ഗീയസന്തോഷത്തെക്കുറിച്ചുള്ള ഓർമ്മ ഉണർത്താനാണ്.

2. സമ്പത്തും പ്രതാപങ്ങളും രക്ഷയ്ക്കു തടസ്സമാണ് എന്ന പുതിയ നിയമ ചിന്തയും (മത്താ 19:16–22) ഇതിനോടു ചേർത്തു വായിക്കാനാവുന്നതാണ്. യഥാർത്ഥ സമ്പത്ത് ദൈവമാണെന്നും ദൈവത്തെ നഷ്ടപ്പെടുത്തി നേടുന്ന സമ്പത്ത് മുഴുവൻ വിനാശകരമാണെന്നും ബൈബിൾ പഠിപ്പിക്കുന്നു. ടയിറിന്റെ ദുരന്തവും ഈ സത്യത്തിന്റെ സാക്ഷ്യമാണ്.

3. ടയിറിന്റെ നാശത്തെ വർണ്ണിക്കുന്ന എസെക്കിയേലിന്റെ വിവരണത്തിന്റെ പശ്ചാത്തലത്തിലാണ് വെളിപാടുഗ്രന്ഥകാരൻ റോമാസാമ്രാജ്യത്തിന്റെ നാശം വിവരിക്കുന്നത് (വെളി 18:9–20). പഴയനിയമജനതയുടെ ശത്രുവിന്റെ നാശവും പുതിയനിയമജനതയുടെ ശത്രുവിന്റെ നാശവും സമാനപദങ്ങളിൽ അവതരിപ്പിക്കുന്നത് കേവലം ആനുഷംഗികം എന്നു കരുതാനാവില്ല.

## എസെക്കിയേൽ 28:1–19, ടയിർ രാജാവിനെ തിരേയുള്ള പ്രവചനം

ടയിറിനെതിരേയുള്ള എസെക്കിയേലിന്റെ ആറാമത്തെയും (28:1–10) ഏഴാമത്തെയും (28:11–19) പ്രവചനങ്ങളാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം. 28:1–10 ൽ ടയിർ രാജാവിനെതിരേയുള്ള ശിക്ഷാവിധിയാണ് പ്രവചിക്കുന്നതെങ്കിൽ 28:11–19 ൽ രാജാവിനെക്കുറിച്ചുള്ള വിലാപഗാനമാണുള്ളത്. 26:1 ലെ സമയസൂചനതന്നെയാണ് (ബി.സി. 587) ഇവിടെയും വിവക്ഷിക്കുന്നത് എന്ന് കരുതാം. ബി.സി. 590 മുതൽ 575 വരെ ടയിർ ഭരിച്ചിരുന്നത് ഇത്തോബാൽ രണ്ടാമൻ രാജാവായിരുന്നു.

**28:1–10,** മുൻ പ്രവചനങ്ങളിലെന്നതുപോലെ കുറ്റാരോപണം, ശിക്ഷാവിധി, ദൈവമഹത്വത്തിന്റെ തിരിച്ചറിവ് എന്ന ശൈലിയിലാണ് ഇവിടെയും ആഖ്യാനം അവതരിപ്പിച്ചിരിക്കുന്നത്. രാജാവിനെ സൂചിപ്പിക്കാൻ "നാഗിദ്" എന്ന ഹീബ്രു പദമാണ് ഉപയോഗിക്കുന്നത്. ഈ പദത്തിന്റെ മൂലാർത്ഥം രക്ഷകൻ എന്നാണ്. ഇസ്രായേൽ രാജാക്കന്മാരെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിച്ചിട്ടുണ്ട് (സാവൂൾ – 1 സാമു 9:16; ദാവീദ് – 1 സാമു 13:14; സോളമൻ – 1 രാജാ 1:35). ദേവാലയത്തിലെ പ്രധാന ഉദ്യോഗസ്ഥനെ വിശേഷിപ്പിക്കാനും ഇതേ പദം ഉപയോഗിച്ചിരുന്നു (ജറെ 20:1; ദിന 9:11; നെഹെ 11:11). ടയിറിലെ രാജാവ് ദൈവത്താൽ നിയോഗിക്കപ്പെട്ടവനും ദൈവകല്പന പാലിക്കേണ്ടവനുമായിരുന്നു എന്ന സന്ദേശമാണ് ഈ അഭിധാനത്തിലൂടെ പ്രവാചകൻ നൽകുന്നത്.

അറിവും സമ്പത്തും ആർജ്ജിച്ചപ്പോൾ സ്വയം ദൈവമായി തോന്നിത്തുടങ്ങി എന്നതാണ് രാജാവിനെതിരായ കുറ്റാരോപണം (വാ. 2). 'ഏൽ അനി' എന്ന ഹീബ്രു വാക്യത്തെ "ഞാൻ ദൈവമാണ്" എന്ന പ്രസ്താവനയായോ കാനാന്യദേവനായ 'ഏൽ അനി'യുടെ പേരായോ മനസ്സി





ലാക്കാവുന്നതാണ്. എന്നാൽ 28:9 ൽ "എലോഹിം അനി" (= ഞാൻ ദൈവമാണ്) എന്നു വ്യക്തമായി പറഞ്ഞിട്ടുള്ളതിനാൽ 28:2 നെയും സമാനാർത്ഥത്തിൽ വിവർത്തനം ചെയ്യാവുന്നതാണ്. ഉഗാറിറ്റിക് ഐതിഹ്യങ്ങളിൽ ബാൽദേവൻ തന്റെ ശക്തിയാൽ ഏൽ ദേവനെ കീഴടക്കി പാതാളത്തിലടച്ചതായുള്ള കഥയുണ്ട് (M.H. Pope, El in ugaritic, VTsup.2). ഈ കഥയുടെ വെളിച്ചത്തിലാണ് എസെ 28:1–10 ലെ വിവരണം എന്നു വാദിക്കുന്നവരുണ്ട്. എന്നാൽ ഈ പുരാണ പശ്ചാത്തലം ഇല്ലാതെതന്നെ ഈ വചനഭാഗം ഗ്രാഹ്യമാകയാൽ ഈ വാദഗതിക്ക് ഏറെ പ്രാധാന്യം കൊടക്കേണ്ടതില്ല.

തന്റെ ജ്ഞാനമത്രയും സമ്പത്തു വാരിക്കൂട്ടാനായി മാത്രം വിനിയോഗിച്ചു എന്നതാണ് രാജാവുചെയ്ത മറ്റൊരു തെറ്റ് (വാ. 4–5). അതിനാൽ രാജാവ് ശിക്ഷാർഹനാണ്. ഈ ശിക്ഷാവിധിയാണ് തുടർന്നു പ്രഖ്യാപിക്കുന്നത് (വാ. 7–10). ടയിറിന്റെ നാശം നബുക്കദ്നേസറുടെ കൈകളാലാണെന്ന് 26:7 ൽ വ്യക്തമാക്കിയിരുന്നതാണ്. ശത്രുവിന്റെ കരങ്ങളാൽ ടയിർ രാജാവുകുഴിയിൽ (= ഷാഹത്ത്) വീഴും. "ഷാഹത്ത്" എന്ന പദം നരഭോജികളായ സിംഹങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നതാണ് (19:4, 8). പാതാളത്തെ സൂചിപ്പിക്കാനും ഇതേ പദം ഉപയോഗിക്കുന്നുണ്ട് (സങ്കീ 30:10). രക്ഷപ്പെടാനാകാത്ത ദുരന്തവക്ത്രത്തിലാണ് രാജാവ് ചെന്നുചാടിയിരിക്കുന്നത്. തന്റെ കൊലയാളിക്കുമുന്നിലും "ഞാൻ ദൈവമാണ്" എന്ന അവകാശവാദം പറയുമോ എന്ന പരിഹാസത്തോടെയാണ് (വാ. 8–9) ഈ വിവരണം അവസാനിക്കുന്നത്. ടയിർ രാജാവ് പരിച്ഛേദിതനാണ് എന്ന സൂചന 28:10 ൽ ഉണ്ട്. പരിച്ഛേദനം യഹൂദരുടെ മാത്രം ആചാരമല്ല, ഫിനീഷ്യരുടെയിടയിലും പ്രചാരത്തിലുണ്ടായിരുന്നതാണ്. തന്മൂലം യഹൂദനല്ലെങ്കിലും ടയിർ രാജാവ് പരിച്ഛേദിതനാണ്.

**28:11–19,** ടയിർ രാജാവിന്റെ പതനത്തെക്കുറിച്ചുള്ള വിലാപഗാനമാണ് 28:11–19 ന്റെ ഉള്ളടക്കം. ഈ കീർത്തനത്തിൽ അനേകം ഐതിഹ്യങ്ങളും വിവിധ പുരാണസങ്കൽപങ്ങളും ഉൾചേർന്നിട്ടുള്ളതിനാൽ ഇതിന്റെ വ്യാഖ്യാനം ഏറെ ശ്രമകരമാണ്. 28:12 ൽ "മെലെക്" എന്ന സാധാരണ പദമാണ് രാജാവിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. എന്നാൽ 28:1–11 ൽ "നാഗിദ്" എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. ടയിറിലെ പ്രധാനദേവനായ "മെലക്കാർട്ട്" – നോടുള്ള സാമ്യം കൊണ്ടാകാം ഇവിടെ 'മെലക്ക്' എന്ന പദം പ്രവാചകൻ ഉപയോഗിക്കുന്നത്. രാജാവിന്റെ പതനം രാജ്യദൈവത്തിന്റെ പരാജയമാണെന്നത് മധ്യപൗരസ്ത്യ ദേശക്കാരുടെ വിശ്വാസമാണ്.

"നീ പൂർണ്ണതയ്ക്കു മാതൃകയായിരുന്നു" (വാ. 12) എന്ന് പി.ഓ.സി. ബൈബിൾ വിവർത്തനം ചെയ്തിരിക്കുന്നത് "ഹൊത്തെം തോക്നിത്" എന്ന ഹീബ്രു വാക്യത്തെയാണ്. "നീ പൂർണ്ണതയുടെ മുദ്രയാണ്" എന്ന വിവർത്തനമാണ് കൂടുതൽ ശരി. രാജാധികാരത്തിന്റെ സൂചന രാജമുദ്രയടങ്ങിയ മോതിരമാണ് (1 രാജാ 21:8; എസ്തേർ 3:10; 8:2). യഥാർത്ഥ അധികാരിയായ ദൈവത്തിന്റെ പ്രതിനിധിമാത്രമായിരുന്നു രാജാവ് എന്ന അർത്ഥമാണ് പ്രവാചകൻ വിവക്ഷിക്കുന്നത്. സൃഷ്ടപ്രപഞ്ചത്തിലെ തന്റെ

പ്രതിനിധിയായി ദൈവം ആദത്തെ പറുദീസായിൽ നിയോഗിച്ചതിനുസമാനമാണ് ദൈവം ടയിർ രാജാവിനെ നിയമിച്ചത്. വിലയേറിയ രത്നങ്ങളുടെ ആവരണം ദൈവം രാജാവിനു നൽകിയിരുന്നു (ഏശ 54:11-12 ൽ പുനരുദ്ധരിക്കപ്പെട്ട ജറുസലേമിന്റെ മതിലുകൾ രത്നക്കല്ലുകൾ കൊണ്ടു നിർമ്മിച്ചതായി സാക്ഷ്യപ്പെടുത്തുന്നുണ്ട്). ആദവും ഹവ്വായും നഗ്നരായിരുന്നെങ്കിൽ ടയിർ രാജാവിന് രത്നനിർമ്മിതമായ ആവരണം (= മെസുക്കാത്തേക്കാ) ഉണ്ടായിരുന്നു. പുറ 28:17-20 ലെ പ്രധാന പുരോഹിതന്റെ വസ്ത്രവുമായി ഈ രത്നഖചിതവസ്ത്രത്തിനു സാമ്യമുണ്ട്. പുറ 28:17-20 ലെ 11 രത്നങ്ങളിൽ 9 എണ്ണവും എസെക്കിയേൽ പരാമർശിക്കുന്നുണ്ട് (വാ. 13) എന്നാൽ രത്നങ്ങളുടെ ക്രമം രണ്ടു വിവരണങ്ങളിലും സമാനമല്ല. ഫിനീഷ്യൻ രാജാക്കന്മാർ പുരോഹിത ധർമ്മവും അനുഷ്ഠിച്ചിരുന്നതിനാലാണ് ഇപ്രകാരം പുരോഹിതഭാഷയിൽ രാജാവിനെ അവതരിപ്പിക്കുന്നത് എന്നു കരുതാം.

"രാജാവിനു കാവൽനിൽക്കുന്ന കെരൂബ്" (വാ. 14) എന്ന പരാമർശവും ഫിനീഷ്യൻ ഐതിഹ്യവുമായി ബന്ധപ്പെട്ടതാണ്. ടയിറിലെ ദേവനായ "മെലക്കാർട്ടിന്റെ" അടയാളമായിരുന്നു കെരൂബുകൾ. പറുദീസായെ സംരക്ഷിക്കാൻ ദൈവം കെരുബിനെ നിയമിച്ചതുപോലെ (ഉൽപ 3:24) രാജാവിനെ സംരക്ഷിക്കാൻ ദൈവം കെരൂബിനെ നിയമിച്ചു എന്നാണ് പ്രത്യക്ഷത്തിൽ വിവക്ഷിക്കുന്നത്. കെരൂബുകൾ ജറുസലേം ദേവാലയവുമായി ബന്ധപ്പെട്ടതാകയാൽ (1 രാജാ 6:23-29) ടയിർ രാജാവിന്റെ പുരോഹിതധർമ്മത്തെ അനുസ്മരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാകാം 28:14 ൽ കെരുബുകളെ പരാമർശിക്കുന്നത് എന്നു കരുതാം. രാജാവിന്റെ പുരോഹിത ധർമ്മത്തിലൂന്നി രാജാവും ദേവനും തമ്മിൽ വ്യത്യാസമില്ല എന്ന ആശയത്തിലേക്കാണ് പ്രവാചകൻ എത്തിച്ചേരുന്നത്. ദൈവത്തിന്റെ വിശുദ്ധഗിരി എന്ന് വിശേഷിപ്പിക്കുന്നത് (വാ. 14) കാനാന്യ ദേവന്മാരുടെ വാസസ്ഥലമായി കരുതപ്പെടുന്ന സാഫോൻ മലയാണ്.

പാപം ചെയ്യുന്നതുവരെ പരിശുദ്ധനായിരുന്ന ആദത്തിന് സമാനമായിരുന്നു ടയിർ രാജാവ്. "ദൈവത്തെപ്പോലെ ആകാൻ" ശ്രമിച്ച ആദത്തെപ്പോലെ സ്വയം ദൈവമാണെന്നു വിചാരിച്ചതാണ് ടയിർ രാജാവിന്റെ തെറ്റ്. പാപം ചെയ്തതിനുശേഷം ആദവും ഹവ്വായും നിഷ്കാസിതരാകുന്നതുപോലെ ടയിർരാജാവും നിഷ്കാസിതനായി (വാ. 16).

സമ്പത്തും ജ്ഞാനവും സൗന്ദര്യവുമാണ് രാജാവിനെ അഹങ്കാരിയും ദൈവനിഷേധിയുമാക്കിമാറ്റിയത് (വാ. 17). ഇസ്രായേൽ രാജാക്കന്മാരുടെ നാശകാരണങ്ങളും സമാനമായിരുന്നല്ലോ. വ്യാപാരത്തിലെ തിന്മകൾ വിശുദ്ധ സ്ഥലത്തെ അശുദ്ധമാക്കി എന്ന പ്രസ്താവന വൈയക്തിക ധാർമ്മികതയും മതാത്മക വിശുദ്ധിയും തമ്മിലുള്ള പാരസ്പര്യമാണ് വ്യക്തമാക്കുന്നത്. "നിന്നിൽനിന്നു പുറപ്പെടുന്ന അഗ്നി" (വാ. 18) എന്തിനെയാണ് സൂചിപ്പിക്കുന്നത് എന്നു കൃത്യമായി പറയാനാകില്ല. ഉൽപ 3:24 ൽ പറുദീസായുടെ കവാടത്തിൽ അഗ്നിചിതറുന്ന വാൾ ദൈവം സ്ഥാപിച്ചതിനെയാണ് ഇത് അനുസ്മരിപ്പിക്കുന്നത് എന്നു കരുതുന്നവരുണ്ട്. എന്നാൽ, മെൽക്കാർട്ട് ദേവന്റെ തിരുനാളിൽ ദേവന്റെ രൂപം അഗ്നിക്കിരയാക്കുന്നതും അതുവഴി ദേവന്റെ അമർത്യത സ്ഥാപിക്കുകയും ചെയ്യുന്ന ചടങ്ങ് ടയിറിൽ പതിവായിരുന്നു. ഈ അഗ്നിയെയാണ് പ്രവാചകൻ വിവക്ഷിക്കുന്നത് എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. ടയിറിന്റെ നാശം പൂർണ്ണവും അപരിഹാര്യവുമാണെന്ന പ്രസ്താവനയോടെയാണ് (വാ. 19) ഈ പ്രവചനം അവസാനിക്കുന്നത്.





**വിചിന്തനം:** 1. മനുഷ്യത്വത്തിന്റെ പരിമിതി മറന്ന് സ്വയം ദൈവമാകാനുള്ള പ്രലോഭനത്തിന് മനുഷ്യകുലത്തോളം പഴക്കമുണ്ട്. ആദി മാതാപിതാക്കൾ മുതൽ ഈ പ്രലോഭനത്തിനു വശംവദരായവരാണ്. ബാബേൽ ഗോപുരം പണിതവരുടെയും പ്രശ്നം ഇതുതന്നെയായിരുന്നു (ഉൽപ 11:1-9). എല്ലാ പാപത്തിനും പിന്നിലുള്ളത് താൻപോരിമയുടെ ഈ പ്രലോഭനമാണ്. ദൈവഹിതത്തെ നന്മയായി കരുതാതെ തന്നിഷ്ടങ്ങളെ നന്മയായി കരുതുമ്പോഴാണ് പാപം ജനിക്കുന്നത്. അതിനാൽ ഓരോ പാപവും സ്വയം ദൈവമാകാനുള്ള ശ്രമമാണ്. ടയിർ രാജാവ് സ്വയം ദൈവമാണെന്നു കരുതിയത് അദ്ദേഹത്തിന്റെ നാശത്തിനു കാരണമായതുപോലെ ഓരോപാപവും മനുഷ്യന്റെ നാശത്തിനു കാരണമാകുന്നു.

2. പാപം ചെയ്യുന്നതുവരെ മനുഷ്യന് ദൈവികമായ സംരക്ഷണം അതിന്റെ പൂർണ്ണതയിൽ ലഭിക്കുമെന്ന ചിന്ത (29:15) ഏറെ പ്രസക്തമാണ്. ദൈവദാനങ്ങളായ ജ്ഞാനം, സൗന്ദര്യം, സമ്പത്ത് എന്നിവയാണ് രാജാവിനെ ദൈവനിഷേധിയും പാപിയുമാക്കിയത്. ദൈവപരിപാലനയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾതന്നെയാണ് പലപ്പോഴും വിനാശത്തിനും കാരണമാകുന്നത് എന്ന വൈരുധ്യം ഏറെ ചിന്തനീയമാണ്. ദൈവം തന്നവ സ്വന്തം കഴിവെന്നു കരുതിത്തുടങ്ങുന്നിടത്ത് സകലർക്കും പിഴയ്ക്കുന്നു.

# എസെക്കിയേൽ 28:20-26, സീദോന്റെ തകർച്ചയും ഇസ്രായേലിന്റെ പുനരുദ്ധാരണവും

വിജാതീയ രാജ്യങ്ങൾക്കെതിരേയുള്ള എസെക്കിയേലിന്റെ ഏഴു പ്രവചനങ്ങളിൽ ആറാമത്തേത് സീദോനെതിരേയുള്ളതാണ്. അമ്മോൻ (25:1-7), മൊവാബ് (25:8-11), ഏദോം (25:12-14), ഫിലിസ്ത്യ (25:15-17), ടയിർ (26:1-28:19), ഈജിപ്ത് (29:1-32:32) എന്നിവയാണ് ഇതരരാജ്യങ്ങൾ. ടയിറിനും സീദോനും എതിരേയുള്ള പ്രവചനങ്ങൾ തുടർച്ചയായാണ് എസെക്കിയേലിൽ പ്രത്യക്ഷപ്പെടുന്നത് എന്നത് ശ്രദ്ധാർഹമാണ്. ഇതേ ക്രമം ഏശയ്യ 23; ജറെ 25:22; ജോയേൽ 3:4; സഖ 9:2 എന്നീ വചനഭാഗങ്ങളിലും കാണാം.

ടയിറിന്റെയും ബയ്റൂട്ടിന്റെയും ഇടയ് ക്കുള്ള ഒരു ഫിനീഷ്യൻ പട്ടണമാണ് സീദോൻ. കാനാന്റെ പുത്രനായ സീദോൻ പണികഴിപ്പിച്ച പട്ടണമായിരിക്കാം ഇത് (ഉൽപ 10:19). ടയിറിന്റെ 40 കി.മീ. വടക്കായി മെഡിറ്ററേനിയൻ കടലിലേക്കു തള്ളി നിൽക്കുന്ന ചെറിയ ഒരു

കുന്നിലാണ് ഇത് സ്ഥിതിചെയ്യുന്നത് (2 സാമു 24:6). ഇപ്പോൾ 'സയിദാ' എന്നപേരിൽ ഇത് അറിയപ്പെടുന്നു. ഇതിന്റെ പിൻഭാഗം ഫലഭൂയിഷ്ഠമായ ഒരു സമതലമാണ്. ഇവിടെ ഓറഞ്ചും നാരങ്ങയും സമൃദ്ധമായി വളരുന്നു. പട്ടണത്തിലെ കൃഷിഭൂമി ഒരു മതിലുകൊണ്ട് വേർതിരിക്ക പ്പെട്ടിരുന്നു. ഇതിന്റെ വടക്കും തെക്കുമായി രണ്ടു തുറമുഖങ്ങളുണ്ട്. കൃഷിയും മത്സ്യബ ന്ധനവും കച്ചവടവുമായിരുന്നു ഇവിടുത്തെ ആളുകളുടെ പ്രധാന ജീവിതമാർഗ്ഗങ്ങൾ. ടയിറിനെയും ബിബ്ലോസിനെയും പോലെ ഇതും വളരെ പുരാതനമായ ഒരു പട്ടണമാണ്.

ഈ നഗരത്തിന്റെ പൗരാണികത്വം കൃത്യമായി കണക്കാക്ക പ്പെട്ടിട്ടില്ലെങ്കിലും ബി.സി. രണ്ടാം സഹസ്രാബ്ദത്തിൽ ഈ പട്ടണം നിലനിന്നിരുന്നതായി സൂചനകളുണ്ട്. ക്രേത്തേ, സമുദ്രശക്തിയായി വികസിക്കുന്നതിനുമുമ്പ് സീദോനായിരുന്നു ഏഷ്യയിലെ പ്രധാന വാണിജ്യശക്തി. അക്കാലഘട്ടത്തിൽ ഫിനീഷ്യയിലെ പ്രധാന പട്ടണം സീദോൻ ആയിരുന്നു. ബി.സി. 11-ാം നൂറ്റാണ്ടിൽ ഫിലിസ്ത്യർ സീദോൻ പിടിച്ചടക്കിയതോടെ അത് ടയിറിന്റെ കീഴിലായി. അസീറിയൻ-ബാബിലോണിയൻ രാജാക്കന്മാർ സീദോനിൽനിന്ന് കപ്പം പിരിച്ചിരുന്നു. സീദോൻ രാജാക്കന്മാർ ചക്രവർത്തിക്കെതിരേ സമരം നടത്തിയതോടെ പട്ടണം പൂർണ്ണമായി നശിപ്പിക്കപ്പെട്ടു. പിന്നീട്, ഇത് പേർഷ്യൻ ഭരണത്തിലായി. അർത്താർക്സസ് മൂന്നാമനെതിരേ (ബി.സി. 358-338) വിപ്ലവത്തി ലേർപ്പെട്ട ഈ നഗരം ഇതിന്റെ 40,000 ആളുകളോടെ അഗ്നിക്കിരയാക്കപ്പെട്ടു. ബി.സി. 332-ൽ മഹാനായ അലക്സാണ്ടർ ഈ സ്ഥലം കീഴടക്കി. അലക്സാണ്ടറുടെ മരണത്തോടെ ഇത് ടോളമിയുടെ രാജ്യത്തിന്റെ ഭാഗമായി. പിന്നീട് സെലൂക്യൻ രാജാക്കന്മാർ ഇത് പിടിച്ചടക്കി. റോമൻ ഭരണത്തിൽ സിറിയൻ പ്രവിശ്യയുടെ ഭാഗമായിരുന്നു ഈ പട്ടണം.

ജോഷ്വ 11:8 ലും 19:28 ലും ഇതിനെ 'മഹാനഗര'മെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ആഷേർ ഗോത്രത്തിന്റെ അതിർത്തിക്കടുത്തായിരുന്നെങ്കിലും ഇത് ഇസ്രായേലിന്റെ അവകാശമായിരുന്നില്ല (ഉൽപ 49:13 ന്യായാ 1:30). സീദോനെയും അടുത്തുള്ള ടയിറിനെ യും അപകടകാരികളായിട്ടാണ് അയൽദേശ ക്കാർ വീക്ഷിച്ചിരുന്നത്. ഇതിന്റെ വെളിച്ച ത്തിൽ ഇസ്രായേലിലെ പ്രവാചകന്മാർ ഈ പട്ടണങ്ങളെ വീക്ഷിക്കുകയും അവയുടെ നാശത്തെക്കുറിച്ചു പ്രവചിക്കുകയും ചെയ്തു (ഏശ 23; ജറെ 25:21; 27:3-6; 47:4; എസെ 26-28; ജോയേ 3:4; സഖ 9:2). സീദോന്യർ, ടയിറിൽ തണ്ടുവലിക്കുന്നവരായി ജോലി ചെയ്തിരുന്നു (എസെ 27:8). സീദോനിൽ ദേവദാരു സമൃദ്ധമായി ഉണ്ടായിരുന്നു (1 ദിന 22:4; എസ്രാ 3:7). സീദോൻ, സീദോന്യർ എന്നീ വാക്കുകൾ ബൈബിളിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട് (നിയ 3:9; ന്യായാ 3:3; 10:6; 12; 18:7; 18:28; 2 സാമു 24:6; 1 രാജാ 5:6; 11:1,5,33; 16:31; 2 രാജാ 23:13).

**28:20-24,** മറ്റു രാജ്യങ്ങൾക്കെതിരായ പ്രവചനങ്ങളിൽ നിന്നും വ്യത്യസ്തമായി സീദോന്റെ തെറ്റ് എന്ത് എന്ന് ഈ വചനഭാഗത്ത് വെളിപ്പെടുത്തുന്നില്ല. "സീദോനു നേരെ മുഖം തിരിച്ച്"പ്രവചിക്കാനുള്ള ആഹ്വാനം





ഇതര പ്രവചനങ്ങളുടെ ശൈലി തന്നെയാണ് (6:2; 21:2; 25:2; 29:2).

"നിന്റെ മധ്യേ ഞാൻ എന്റെ മഹത്വം പ്രകടിപ്പിക്കും" എന്ന പ്രഖ്യാപനം പുറ 14:4, 17 നെ അനുസ്മരിപ്പിക്കുന്നുണ്ട്. ഫറവോയുടെ ഹൃദയം കഠിനമാക്കിയാണ് ദൈവം തന്റെ മഹത്വം വെളിപ്പെടുത്തുന്നത്. ഈജിപ്തിലും (പുറ 14:4, 17) സീദോനിലും (വാ. 22) ദൈവം തന്റെ മഹത്വം പ്രകടിപ്പിക്കുന്നത് താൻ ആരാണെന്ന് അവരെ അറിയിക്കാനാണ്. വിധി നടപ്പിലാക്കുന്നവനായും (എസെ 5:10; 11:9; 16:41; 25:11; 28:26; 30:14) വിശുദ്ധി വെളിപ്പെടുത്തുന്നവനായും (എസെ 20:41; 28:25; 36:23; 39:27) ദൈവത്തെ ചിത്രീകരിക്കുന്നത് എസെക്കിയേലിന്റെ തനതു ശൈലിയുടെ ഭാഗമായി കരുതാം. സീദോനെതിരേയുള്ള ശിക്ഷാവിധികൾ പകർച്ചവ്യാധികളും (5:12, 17; 6:12) രക്തംചിന്തിയുള്ള മരണവും (5:17; 14:19; 35:6; 38:22) വാളും (യുദ്ധവും) ആണ്.

**28:25-26,** ഇസ്രായേലിന്റെ പുനരുദ്ധാരണത്തെക്കുറിച്ചുള്ള സൂചന നൽകുന്നതാണ് ഈ വചനഭാഗം. വിജാതീയ നാടുകളിൽ നിന്ന് പ്രവാസികളായ തന്റെ ജനത്തെ ദൈവം ഒരുമിച്ചുകൂട്ടുമെന്ന് 20:41 ൽ പ്രവാചകൻ സൂചനനൽകിയിരുന്നു. പുനരുദ്ധാരണത്തെക്കുറിച്ചു ള്ള പ്രവചനത്തിൽ 28:25 ലെന്നതുപോലെ 20:5 ലും യാക്കോബിന്റെ പേര് പരാമർശിക്കുന്നുണ്ട്. യാക്കോബിന്റെ പന്ത്രണ്ടു മക്കൾ എന്നതാണല്ലോ ഇസ്രായേലിനെ ഒന്നിപ്പിക്കുന്ന ഘടകം. ഏശ 65:21 ലും ജറെ 29:5, 28 ലും സൂചിപ്പിക്കുന്ന പുനരുദ്ധാരണചിന്തതന്നെയാണ് എസെക്കിയേലും പ്രകടമാക്കുന്നത്. ഇതേ ആശയം 34:25-28 ൽ എസെക്കിയേൽ കൂടുതൽ വ്യക്തതയോടെ അവതരിപ്പിക്കുന്നുണ്ട്.

**വിചിന്തനം:** 1. തിന്മയെ പരാജയപ്പെടുത്തി നീതി പുനസ്ഥാപിക്കപ്പെടുമ്പോൾ മാത്രമേ ദൈവത്തിന്റെ മഹത്വം പ്രകടമാക്കപ്പെടുന്നുള്ളൂ എന്ന ചിന്ത എസെക്കിയേലിന്റെ ഗ്രന്ഥത്തിൽ ഉടനീളം ആവർത്തിക്കപ്പെടുന്നുണ്ട്. പാപം ശക്തിപ്രകടിപ്പിക്കുന്നിടത്ത് ദൈവം അവമാനിക്കപ്പെടുകയാണ്. ദരിദ്രരും അനാഥരും അവഗണിക്കപ്പെടുന്നിടത്തും ദുർബ്ബലർ ചൂഷണവിധേയരാകുന്നിടത്തും ദൈവം മഹത്വപ്പെടുന്നില്ല. ആരാധനകളിലൂടെ മാത്രം ദൈവമഹത്വം അന്വേഷിക്കുന്നതിന്റെ അർത്ഥശൂന്യതയിലേക്കാണ് പ്രവാചകൻ വിരൽ ചൂണ്ടുന്നത്. മുറിവേറ്റ നീതി മണ്ണിൽക്കിടന്നു പിടയുമ്പോൾ അസ്വസ്ഥതയോടെ ദൈവം ഇടപെടുകയും നീതി പുനസ്ഥാപിക്കുകയും ചെയ്യുന്നു. അതുവഴി ദൈവം മഹത്വപ്പെടുന്നു. നീതിനിഷ്ഠവും പാപരഹിതവുമായ ജീവിതമാണ് ദൈവമഹത്വം സ്ഥാപിക്കാനുള്ള മാർഗ്ഗം.

2. തന്റെ ജനത്തിനു ദൈവം നൽകുന്ന ശിക്ഷാവിധികളെല്ലാം ശിക്ഷണത്തിനുവേണ്ടിയാണ്. വർദ്ധിതസ്നേഹത്തോടെ തിരിച്ചുകൊണ്ടുവരാനാണ് ദൈവം അവരെ പ്രവാസത്തിലേക്ക് അയയ്ക്കുന്നത്. ദൈവത്തിന്റെ ശിക്ഷാവിധിയെ അന്തിമവചസ്സായി കരുതുന്നവർ ദൈവത്തെ മനസ്സിലാക്കാത്തവരാണ്. ദൈവികപ്രവൃത്തികളെല്ലാം മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയാണ് എന്ന ഭാവാത്മക സന്ദേശത്തോടെയാണ് വിനാശത്തിന്റെ പ്രവചനങ്ങളുടെ ഈ രണ്ടാം ഭാഗം സമാപിക്കുന്നത്.

# എസെക്കിയേൽ 29:1–32:32, ഈജിപ്തി നെതിരേ ഏഴുപ്രവചനങ്ങൾ

വിജാതീയ രാജ്യങ്ങൾക്കെതിരേയുള്ള പ്രവചന പരമ്പരയിലെ (25:1–32:32) ഏഴാമത്തെതും അവസാനത്തെതുമായ പ്രവചനമാണ് ഈജിപ്തിനെതിരേയുള്ള പ്രവചനം. ഏഴു പ്രവചനങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈജിപ്തിനെതിരേയുള്ള പ്രവചനം:

29:1–16, ഈജിപ്തിന്റെ അഹന്തയ്ക്കുശിക്ഷ

29:17–21, നബുക്കദ്നാസർ ഈജിപ്തു കീഴടക്കും

30:1–19, ഈജിപ്തിന്റെ വിധിദിനം

30:20–26, ഫറവോയുടെ തകർന്ന കരങ്ങൾ

31:1–18, ഈജിപ്തും അസ്സീറിയായും തമ്മിലുള്ള താരതമ്യം

32:1–16, ഈജിപ്ത് കടലിലെ വ്യാളിപോലെ നശിക്കും

32:17–32, ഈജിപ്ത് പാതാളത്തിലേക്ക് അയയ്ക്കപ്പെടും

ഈ ഏഴു പ്രവചനങ്ങളിൽ നാലെണ്ണം ഫറവോയെ അഭിസംബോധന ചെയ്യുന്നവയാണ്. 30:1–19 ലെ വിവരണത്തിനൊഴികെ മറ്റെല്ലാ പ്രവചനങ്ങളുടെയും പ്രാരംഭത്തിൽ സമയസൂചനയുണ്ട്.

ഇസ്രായേലിന്റെ ചരിത്രവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടു കിടക്കുന്ന ഈജിപ്തിന്റെ ചരിത്രത്തെക്കുറിച്ച് ഒരു സംക്ഷിപ്ത ജ്ഞാനമെങ്കിലുമുണ്ടെങ്കിലേ ഈ പ്രവചനങ്ങൾ ഗ്രഹിക്കാനാകുകയുള്ളൂ.

## ഈജിപ്തിന്റെ ചരിത്രം

*എയ്ജിപ്തോസ്* (Aigyptos) എന്ന ഗ്രീക്കുവാക്കിൽനിന്നാണ് ഈജിപ്ത് എന്ന പദത്തിന്റെ ഉത്ഭവം. *എയ്ജിപ്തോസ്* എന്നത് ഈജിപ്ഷ്യൻ ഭാഷയിലെ “ഹിത്കിപ്ത്” എന്ന വാക്കിൽനിന്നു രൂപംകൊണ്ടതാണ്. ഈജിപ്തുകാർ തങ്ങളുടെ നാടിനെ *കേമെത്ത്* (Kemet), *താവി* (Tawi) എന്നീ പേരുകളിലാണ് വിളിച്ചിരുന്നത് (കറുത്തമണ്ണ്, രണ്ടുദേശങ്ങൾ എന്നായിരുന്നു യഥാക്രമം ഇവയുടെ അർത്ഥം). പഴയനിയമത്തിൽ മിസ്രായിം എന്നും ഈജിപ്ത് അറിയപ്പെടുന്നുണ്ട് (ഉൽപ 10:6).

**ഭൂമിശാസ്ത്രം:** നൈൽ നദിയുടെ താഴ്‌വാരവും ലിബിയാൻ മരുഭൂമിയും ഉൾപ്പെട്ടതാണ് ഈജിപ്തുരാജ്യം. നൈൽനദിക്കും ചെങ്കടലിനുമിടയിലുള്ള പ്രദേശത്തിന്റെ പടിഞ്ഞാറെ അതിർത്തി ലിബിയാൻ മരുഭൂമിയും കിഴക്കേ അതിർത്തി അറേബ്യൻ മരുഭൂമിയുമാണ്. $24^0$ 5' 2'' മുതൽ $31^0$ 30' അക്ഷാംശം വരെയാണ് ഈജിപ്തിന്റെ വിസ്തൃതി. തെക്കും വടക്കും അതിർത്തികൾ തമ്മിൽ നേർരേഖയിൽ 784 കി.മീ. അകലമുണ്ട്. വടക്കേ അറ്റം മുതൽ തെക്കേ അറ്റംവരെ 1200കി.മീ.നീളത്തിൽ നൈൽനദി ഈജിപ്തിലൂടെ ഒഴുകുന്നു. നൈൽനദീതടം ഫലഭൂയിഷ്ഠമായ കൃഷിഭൂമിയാണ്. ഈ നദീതടത്തിലൊഴികെ ഈജിപ്തിന്റെ മറ്റുഭാഗങ്ങളിൽ അപൂർവ്വമായി മാത്രമേ മഴ ലഭിച്ചിരുന്നുള്ളൂ. വേനൽക്കാലത്ത് ഖാംസിർ





(Khamsin) എന്ന പേരിലറിയപ്പെടുന്ന ഉഷ്ണക്കാറ്റും മണൽക്കാറ്റുകളും ഈജിപ്തിൽ സാധാരണയായിരുന്നു. മെയ്മാസം മുതൽ നവംബർവരെ വളരെ ഉയർന്ന താപനിലയാണ് ഈജിപ്തിൽ രേഖപ്പെടുത്തിയിരുന്നത്.

**ജനങ്ങൾ:** ചരിത്രാതീതകാലം മുതൽ ഈജിപ്തിൽ മനുഷ്യവാസമുണ്ടായിരുന്നു. ഈജിപ്ത് നിവാസികളുടെ യഥാർത്ഥവംശം എതായിരുന്നുവെന്ന് കൃത്യമായി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. ആഫ്രിക്കൻ വംശമായ ഹമിത്യവംശത്തിൽപ്പെട്ടവരാണ് ഈജിപ്തിലെ ആദിവാസികൾ എന്നു കരുതപ്പെടുന്നു. ഏഷ്യയുടെ പടിഞ്ഞാറുഭാഗത്തുനിന്ന് ചില സെമിറ്റിക് വിഭാഗങ്ങൾ ചരിത്രാതീതകാലത്തുതന്നെ ഈജിപ്തിലേക്ക് കുടിയേറിയിട്ടുണ്ടെന്ന് അനുമാനിക്കപ്പെടുന്നു. ഈ രണ്ടു നരവംശങ്ങളുടെ സങ്കരവർഗ്ഗമാണ് ആധുനിക ഈജിപ്തിലെ ജനങ്ങൾ. *ഫെല്ലാഹിൻ* (Fellahin) എന്നാണ് ആധുനിക ഈജിപ്തുകാരുടെ വംശം അറിയപ്പെടുന്നത്).

3. **ചരിത്രം:** ഈജിപ്തിലെ അമ്പലങ്ങളുടെ ചുവരെഴുത്തുകളിൽനിന്നാണ് ഈജിപ്തിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന വസ്തുതകൾ ലഭിച്ചിട്ടുള്ളത്. ബി.സി. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്തുകാരനായ മെനെത്തോ എന്ന പുരോഹിതൻ ഈജിപ്ത് ഭരിച്ച രാജാക്കന്മാരുടെ പട്ടിക രേഖപ്പെടുത്തിവച്ചിട്ടുണ്ട്. പുരാവസ്തു ഗവേഷണങ്ങളനുസരിച്ച് മെനെത്തോയുടെ പട്ടിക ശരിയാണെന്നു കണ്ടെത്തിയിട്ടുണ്ട്. മുപ്പതു രാജവംശങ്ങളായിട്ടാണ് മെനെത്തോ രാജാക്കന്മാരുടെ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. മുപ്പതാമത്തെ രാജവംശത്തിന്റെ അന്ത്യം സംഭവിച്ചത് ബി.സി. 333-ൽ പേർഷ്യ ഈജിപ്തിനെ കീഴടക്കിയപ്പോഴാണ്. ആദ്യരാജവംശം ഭരണമാരംഭിച്ചത് ബി.സി. 4241 ലാണെന്നും ബി.സി. 3000 ത്തോടടുത്താണെന്നും അഭിപ്രായാന്തരങ്ങളുണ്ട്.

ഈജിപ്തിന്റെ തെക്കും വടക്കുമുള്ള ഭാഗങ്ങൾ രണ്ടുരാജ്യങ്ങളായാണ് പുരാതനകാലംമുതൽ നിലനിന്നിരുന്നത്. ബൂട്ടോയായിരുന്നു വടക്കൻ രാജ്യത്തിന്റെ തലസ്ഥാനം. തെക്കൻരാജ്യത്തിന്റേതാകട്ടെ ഹിയറാ കൊണോപോളിസും. ജലസേചനത്തിനും കൃഷിക്കുമുള്ള സൗകര്യത്തിനായി കാലക്രമത്തിൽ ഇരുരാജ്യങ്ങളും തമ്മിൽ വളരെ അടുത്തുബന്ധപ്പെട്ടിരുന്നു. വടക്കൻ രാജ്യത്തിന്റെ ചിഹ്നങ്ങൾ ചുവന്ന കിരീടവും പപ്പീറസ് ചെടിയുടെ പൂവും ആയിരുന്നു. വെള്ളക്കിരീടവും ലില്ലിപ്പൂക്കളുമായിരുന്നു തെക്കൻ രാജ്യത്തിന്റെ ചിഹ്നങ്ങൾ.

**I. അതിപുരാതന കാലഘട്ടം** (ബി.സി. 2850വരെ) ഈജിപ്തിന്റെ ഏകീകരണം നടക്കുന്നത് ഈ കാലഘട്ടത്തിലാണ്. തെക്കൻ ഈജിപ്തിലെ സ്കോർപിയോൻ എന്ന രാജാവാണ് വടക്കുള്ള രാജ്യത്തെ കീഴ്പെടുത്തി ഈജിപ്തിനെ ഒറ്റ രാഷ്ട്രമാക്കി മാറ്റിയത്. ഒന്നും രണ്ടും രാജവംശങ്ങൾ ഈ കാലഘട്ടത്തിലാണ് ഭരണം നടത്തിയിരുന്നത്. അബിദോസിനരികിലുള്ള തീനിസിലായിരുന്നു രാജകൊട്ടാരം സ്ഥിതിചെയ്തിരുന്നത്. ഈ കാലഘട്ടത്തിലെ ചില രാജാക്കന്മാരുടെ ശവകുടീരങ്ങൾ സഖാറായിൽ കണ്ടെത്തിയിട്ടുണ്ട്.

## ഈജിപ്തിലെ രാജവംശങ്ങൾ

| | *രാജവംശം* | *ഭരണകാലം (ബി.സി)* |
|---|---|---|
| I. | **അതിപുരാതനകാലഘട്ടം** | 3000–2778 |
| | 1, 2 രാജവംശങ്ങൾ | |
| II. | **പുരാതന സാമ്രാജ്യം** | 2778–2423 |
| | മൂന്നാമത്തെ രാജവംശം | 2778– 2723 |
| | നാലാമത്തെ രാജവംശം | 2723– 2563 |
| | അഞ്ചാമത്തെ രാജവംശം | 2563– 2423 |
| | ആറാമത്തെ രാജവംശം | 2423– 2263 |
| | 7,8 രാജവംശങ്ങൾ | 2263– 2070 |
| III. | **ആദ്യത്തെ ഇടക്കാലഘട്ടം** | 2190– 2040 |
| | 9,10 രാജവംശങ്ങൾ | |
| IV. | **മധ്യകാലസാമ്രാജ്യം** | 2160– 1580 |
| | 11, 12 രാജവംശങ്ങൾ | |
| V. | **രണ്ടാമത്തെ ഇടക്കാലഘട്ടം** | **1785–1680** |
| | 13, 14 രാജവംശങ്ങൾ | |
| | 15, 16 ഹിക്സോസ് രാജവംശം | 1730– 1580 |
| | 17-ാമത്തെ രാജവംശം | 1680– 1580 |
| VI. | **നവീനരാഷ്ട്രം** | 1580–1090 |
| | 18-ാമത്തെ രാജവംശം | 1580– 1314 |
| | അഹ്മോസിസ് | 1580– 1558 |
| | അമെനോഫിസ് I | 1557– 1539 |
| | തുത്മോസിസ് I | 1539– 1520 |
| | തുത്മോസിസ് II | 1520– 1484 |
| | ഹത്ഷേഫുത് | 1520– 1484 |
| | തുത്മോസിസ് III | 1504– 1450 |
| | അമെനോഫിസ് II | 1450– 1425 |
| | തുത്മോസിസ് IV | 1425– 1408 |
| | അമെനോഫിസ് III | 1408– 1372 |
| | അമെനോഫിസ് IV | 1372– 1354 |
| | (അകേനാത്തോൻ) | |
| | സ്മെൻകേർ | |
| | തുത് ആംക് ആമോൻ | 1354– 1314 |
| | ആയ് | |
| | ഹരോഹാബ് | |
| | 19-ാമത്തെ രാജവംശം | 1314– 1200 |





| | | |
|---|---|---|
| | റാംസേസ് I | 1314 1312 |
| | സേഥി | 1312– 1289 |
| | റാംസേസ് II | 1290– 1224 |
| | മെർനെപ്താഹ് | 1224– 1204 |
| | 20-ാമത്തെ രാജവംശം | 1200– 1085 |
| | റാംസേസ് III | 1198– 1166 |
| IV. | **അന്ത്യഘട്ടം** | 1085– 332 |
| | 21-ാ മത്തെ രാജവംശം | 1085– 950 |
| | സ്മെൻഡെസ് | 1085– 1054 |
| | ഹെരിഹോർ | 1085– 1054 |
| | 22-ാമത്തെ രാജവംശം(ലിബിയാൻ) | 950– 730 |
| | ഷോസ്നെക് I | 950– 929 |
| | ഒസോർകോൻ I | 929– 893 |
| | ഒസോർകോൻ II | 870– 847 |
| | ഷോസ്നെക് II | 847 |
| | 23-ാമത്തെ രാജവംശം(ലിബിയാൻ) | 817– 730 |
| | 24-ാമത്തെ രാജവംശം | 730– 715 |
| | 25-ാമത്തെ രാജവംശം (നുബിയാൻ) | 751– 656 |
| | ഷബാക്കാ | 716– 701 |
| | തഹാർക്കാ | 689– 663 |
| | തനത്താമോൻ | 663– 656 |
| | 26-ാമത്തെ രാജവംശം (സേയ്തിക്) | 663– 525 |
| | പ്സാമെതിക് I | 663– 609 |
| | നെക്കോ | 609– 594 |
| | ആപ്രിസ് | 588– 568 |
| | അമാസിസ് | 568– 526 |
| | പ്സാമെനിക് III | 526– 525 |
| | 27-ാമത്തെ രാജവംശം (പേർഷ്യൻ ആധിപത്യം) കാംപീസസ് മുതൽ ദാരിയൂസ് II വരെ | 525– 404 |
| | 28-ാമത്തെ രാജവംശം | 404– 398 |
| | 29-ാമത്തെ രാജവംശം | 398– 378 |
| | 30-ാമത്തെ രാജവംശം | 378– 341 |
| | രണ്ടാമത്തെ പേർഷ്യൻ ആധിപത്യം | 341– 333 |
| | അലക്സാണ്ടർ IIIന്റെ ആധിപത്യം | 332 |

**II. പുരാതന സാമ്രാജ്യം** (2778–2423) 3, 4, 5 രാജവംശങ്ങൾ ഭരിച്ചിരുന്നത് ഈ കാലഘട്ടത്തിലാണ്. രാജാവിന്റെ വസതി മെംഫിസിലേക്കു മാറ്റിയതും പ്രശസ്തമായ പല പിരമിഡുകൾ നിർമ്മിക്കപ്പെട്ടതും ഇക്കാലത്താണ്. ഈജിപ്ഷ്യൻ കലകളുടെ സുവർണ്ണകാലമായിരുന്നു ഇത്. അഞ്ചാമത്തെ രാജവംശത്തിന്റെ കാലം മുതലാണ് സൂര്യദേവനോടുള്ള ആരാധന ഈജിപ്തിൽ ആരംഭിച്ചത്.

**III. ആദ്യത്തെ ഇടക്കാലഘട്ടം** (2190–2040) ആറാം രാജവംശത്തിലെ മെതുഹോതെപ്പ് II ന്റെ കാലം മുതൽ പതിനൊന്നാം രാജവംശത്തിന്റെ കാലംവരെ ഏകീകൃതരാഷ്ട്രമായിരുന്ന ഈജിപ്ത് ഈ കാലഘട്ടത്തിൽ പല ഭാഗങ്ങളായി ചിതറിക്കപ്പെട്ടു. അധികാരം പല രാജാക്കന്മാരിൽ വികേന്ദ്രീകൃതമായിരുന്നു. ഈ കാലഘട്ടത്തിലെ വിവിധ രാജാക്കന്മാരെയാണ് 7 മുതൽ 10 വരെയുള്ള രാജവംശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**IV. മധ്യകാലസാമ്രാജ്യം** (2160–1580) ഛിന്നഭിന്നമായിപ്പോയ ഈജിപ്തിനെ പുനരേകീകരിച്ചത് മെതുഹോതെപ്പ് II ആണ്. ഈ കാലഘട്ടത്തിൽ രാജാവിന്റെ ആസ്ഥാനം തേബൈസ് ആയിരുന്നു. പുരാതന ഈജിപ്ത് അതിന്റെ പ്രതാപൈശ്വര്യങ്ങളുടെ പരമകാഷ്ഠയിലെത്തിയത് ഈ കാലത്താണ്. കാനാൻദേശത്തിന്റെ തെക്കുഭാഗംവരെ ഈജിപ്തിന്റെ അധീനതയിലായി. സ്മരണീയങ്ങളായ പല സാഹിത്യകൃതികളും ഈ കാലഘട്ടത്തിൽ രചിക്കപ്പെട്ടു. മരണത്തിന്റെ ദേവനായ ഒസീറസിനോടുള്ള ആരാധന ഈജിപ്തിൽ പ്രബലമായി. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി രാജഭരണം ദുർബ്ബലമാവുകയും രാജ്യം അരാജകത്വത്തിലാവുകയും ചെയ്തു.

**V. രണ്ടാമത്തെ ഇടക്കാലഘട്ടം** (1785–1680) സാമൂഹികവും രാഷ്ട്രീയവുമായ അരാജകത്വം നടമാടിയ ഈ കാലഘട്ടത്തെപ്പറ്റി വളരെക്കുറച്ച് വിവരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളു. 13 മുതൽ 17 വരെയുള്ള രാജവംശങ്ങളാണ് ഇക്കാലഘട്ടത്തിൽ ഭരണം നടത്തിയിരുന്നത്. 13, 14, 17 രാജവംശങ്ങൾ തേബാൻ വംശത്തിന്റെ പിന്തുടർച്ചക്കാരായിരുന്നു. 15, 16 രാജവംശങ്ങൾ ഹിക്സോസ് എന്ന് അറിയപ്പെടുന്നു. ഒരേ കാലത്ത് ഭരണം നടത്തിയിരുന്ന ഇവർ തമ്മിൽ നിരന്തരം സംഘട്ടനത്തിലായിരുന്നു. ഈജിപ്തിന്റെ ചരിത്രത്തിൽ രഥങ്ങളും കുതിരകളും ഉപയോഗിച്ച് ആദ്യമായി യുദ്ധം നടത്തിയത് ഹിക്സോസ് രാജാക്കന്മാരായിരുന്നു. ബി.സി. 1580-ൽ അഹ്മോസ് I ഹിക്സോ സു രാജാവിനെ തോൽപ്പിച്ച് 18-ാമത്തെ രാജവംശത്തിനു നാന്ദി കുറിച്ചു.

**VI.നവീന രാഷ്ട്രം** (1580–1090) ഹിക്സോസ് രാജാക്കന്മാരുടെ ആക്രമണംമൂലം അരാജകത്വത്തിലാണ്ടുപോയ ഈജിപ്ത് ഒരു രാഷ്ട്രീയ ശക്തിയായി ഉയിർത്തെഴുന്നേറ്റത് ഈ കാലഘട്ടത്തിലാണ്. തുത്മോസ് III (ബി.സി.1502–1448) ന്റെ കാലത്ത് പലസ്തീനായും സിറിയായും ഉൾപ്പെടെ ഏഷ്യയുടെ വലിയൊരു ഭാഗം ഈജിപ്തിന്റെ അധീനതയിലായി. എന്നാൽ ഈജിപ്തിന്റെ പ്രതാപകാലം എറെ നീണ്ടുനിന്നില്ല. 19-ാമത്തെ രാജവംശത്തിൽപ്പെട്ട റംസേസ് II ന് ബി.സി. 1290-ൽ കാദെഷിൽവച്ച് ഹിത്യർക്കെതിരേ നടന്ന യുദ്ധത്തിൽ വിജയിക്കാനായില്ല. പല





സ്തീനായും സിറിയായും ഈജിപ്തിനു നഷ്ടമായത് ഈ പശ്ചാത്തലത്തിലാണ്. മെർണെഫ്താ രാജാവിന്റെ കാലത്ത് (ബി.സി. 1234–1220) ലിബിയാക്കാരുടെ നേതൃത്വത്തിലുള്ള ഒരു സഖ്യം ഈജിപ്തിനെ ആക്രമിച്ചു. ഇവരെ പൂർണ്ണമായും പരാജയപ്പെടുത്തിയത് റംസേസ് III (ബി.സി. 1196–1165) ആണ്. കാനാന്റെ തെക്കുഭാഗത്തു താമസിക്കാൻ ഫിലിസ്ത്യവംശത്തിന് റംസേസ് III അനുവാദം നൽകി. 20-ാമത്തെ രാജവംശത്തിന്റെ കാലമെത്തിയതോടെ ഈജിപ്തിന്റെ പതനം പൂർത്തിയായി.

**VII. അന്ത്യഘട്ടം** (ബി.സി. 1085–332) 21 മുതൽ 30 വരെയുള്ള രാജവംശങ്ങളുടെ ഭരണകാലമാണിത്. 21-ാമത്തെ രാജവംശത്തിന്റെ കാല ത്ത് താനിസും തേബസും കേന്ദ്രമാക്കി രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ഷെഷോംഖ് I ന്റെ കാലത്ത് (ബി.സി. 935–914) രാജ്യം പുനരേ കീകരിക്കപ്പെട്ടു. റഹോബോവാമിന്റെ ഭരണകാലത്ത് ജറുസലേം കീഴടക്കിയത് ഇദ്ദേഹമാണ്. 24-ാമത്തെ രാജവംശത്തിന്റെ ഭരണകാലത്ത് (ബി.സി. 730–715) ഈജിപ്തിന്റെ തലസ്ഥാനം സായിസായിരുന്നു. തുടർന്ന് എത്യോപ്യക്കാരും അസ്സീറിയാക്കാരും ഈജിപ്തിന്റെമേൽ ആധിപത്യം നേടി. എത്യോപ്യൻ രാജാവായ ഷബാക്കയെ എൽതെക്കെഹിൽ വച്ചു നടന്ന യുദ്ധത്തിൽ അസ്സീറിയൻ രാജാവായ സെന്നാക്കെരീബ് പരാജയപ്പെടുത്തി. യൂദയാ രാജാവായ ഹെസെക്കിയാ ഉപരോധത്തിലായത് ഈ യുദ്ധത്തിനിടയിലാണ്. തുടർന്നുള്ള ഈജിപ്തിന്റെ ചരിത്രം എത്യോപ്യായും അസ്സീറിയായും തമ്മിൽ നടന്ന യുദ്ധങ്ങളുടെ ചരിത്രമാണ്. ഇതിനിടയിൽ 26-ാം രാജവംശത്തിലെ പ്സാമെന്തിക്കൂസ് I (663–609) ഗ്രീക്കുകാരുടെ സഹായത്തോടെ ഈജിപ്തിൽ ഭരണമാരംഭിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായ നെക്കോ II ന്റെ കാലത്ത് (ബി.സി. 609–594) ബാബിലോണിയാ അസ്സീറിയായെ തോൽപ്പിച്ചു. യൂദയാ രാജാവായ ജോസിയായുടെ പുത്രൻ യഹോവാസിനെ സ്ഥാനഭ്രഷ്ടനാക്കിയത് നെക്കോ II ആണ്. സെദെക്കിയാ രാജാവ് നബുക്കദ്നേസറിനോടേറ്റുമുട്ടിയെങ്കിലും പരാജയപ്പെട്ടു. ഇതു യൂദയായുടെ പ്രവാസത്തിനു വഴിയൊരുക്കി, ബി.സി. 525-ൽ ബാബിലോണിയായെ പരാജയപ്പെടുത്തി പേർഷ്യൻ രാജാക്കന്മാർ ഈജിപ്തിന്റെമേൽ ആധിപത്യം നേടി. ബി.സി. 404-ൽ പേർഷ്യൻ രാജാവായ ദാരിയൂസ് II ന്റെ മരണശേഷം ഈജിപ്ത് സ്വതന്ത്രമായി. എന്നാൽ ബി.സി. 341-ൽ വീണ്ടും പേർഷ്യൻ ആധിപത്യത്തിൻകീഴിലായി. ബി.സി. 332-ൽ മഹാനായ അലക്സാണ്ടർ പേർഷ്യ കീഴടക്കിയതോടെ ഈജിപ്ത് ഗ്രീക്കുകാരുടെ ആധിപത്യത്തിലായി.

**VIII. ഗ്രീക്ക് കാലഘട്ടം** (ബി.സി.332–30) അലക്സാണ്ടർ രാജാവ് ഈജിപ്തുകാരോട് വളരെ അനുഭാവപൂർവ്വം പെരുമാറി. ബി.സി. 323-ൽ അലക്സാണ്ടറുടെ മരണശേഷം അദ്ദേഹത്തിന്റെ സൈന്യാധിപരിലൊരുവനായ ടോളമി ഈജിപ്തിന്റെ ഭരണം ഏറ്റെടുത്തു. ഇദ്ദേഹത്തിന്റെ പിൻഗാമികളായ 11 ടോളമികൾ ഈജിപ്തു ഭരിച്ചു. ബി.സി. 30-ൽ ഈജിപ്ത് റോമൻ പ്രവിശ്യയായി മാറി.

**IX. റോമൻകാലഘട്ടം** (ബി.സി.30–എ.ഡി 323) രാഷ്ട്രീയ പ്രാധാന്യം പരിഗണിച്ച് ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്നു

ഈജിപ്ത്. കലിഗുള (എ.ഡി. 37–41), ക്ലാവുദിയൂസ് (എ.ഡി. 41–54), വെസ്പാസിയൻ (എ.ഡി. 69–79) എന്നീ ചക്രവർത്തിമാരുടെ കാലത്ത് ഈജിപ്തുകാരും യഹൂദരും തമ്മിൽ നിരവധി സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. അലക്സാണ്ട്രിയായിലെ യഹൂദർക്ക് യഹൂദവംശജനായ ഒരു ദേശാധിപതിയെ തിരഞ്ഞെടുക്കുവാനുള്ള അനുവാദം ക്ലാവുദിയൂസ് സീസർ നൽകി. അപ്പസ്തോലന്മാരുടെ കാലത്തുതന്നെ ക്രിസ്തുമതം ഈജിപ്തിൽ പ്രചരിച്ചിരുന്നു. അലക്സാണ്ട്രിയായിലെ മെത്രാനായ മർക്കോസാണ് ഈജിപ്തിൽ സുവിശേഷപ്രവർത്തനം നടത്തിയതെന്നു കരുതപ്പെടുന്നു.

## എസെക്കിയേൽ 29:1–16, ഈജിപ്തിന്റെ അഹന്തയ്ക്കു ശിക്ഷ

ടയിറിനെതിരേ എന്നതുപോലെ ഈജിപ്തിനെതിരേയും ഏഴുപ്രവചനങ്ങളാണ് എസെക്കിയേൽ നടത്തുന്നത്. ഇവയിൽ ആദ്യത്തേതായ 29:1–16 ൽ ഈജിപ്തിനെതിരേയുള്ള നാലു പ്രഖ്യാപനങ്ങളാണുള്ളത്: ഈജിപ്ത് എന്ന മഹാസർപ്പത്തിന്റെ മരണം (വാ. 1–6a), ഈജിപ്ത് ദുർബ്ബലമായ ഞാങ്ങണയാണ് (വാ. 66–9), ഈജിപ്ത് പ്രവാസത്തിലേക്കു നീങ്ങും (വാ. 10–12), ഈജിപ്ത് പുനരുദ്ധരിക്കപ്പെടും (വാ. 13–16).

29:1–6, പ്രവചനത്തിന്റെ ആമുഖം എസെക്കിയേലിന്റെ പതിവു ശൈലിയിലാണ് (6:2; 13:7; 21:2,7; 25:2 എന്നിവ കാണുക). ഈജിപ്തിലെ ഫറവോയ്ക്കെതിരേയുള്ള ഈ പ്രവചനത്തിൽ ഫറവോയുടെ പേരു പറയുന്നില്ലെങ്കിലും ബി.സി. 589–570 കാലഘട്ടത്തിൽ ഈജിപ്തു ഭരിച്ച ഹോഫ്റ (അപ്രീസ്) എന്ന ഫറവോയെയാണ് എസെക്കിയേൽ വിവക്ഷിക്കുന്നത് എന്നു കരുതാം. ടയിറിനെയും (26:3) സീദോനെയും (28:22) എന്നതുപോലെ ഒരു ദ്വന്ദ്വയുദ്ധത്തിന്റെ വെല്ലുവിളിഭാഷയിൽ, "ഞാൻ നിനക്ക് എതിരാണ്" എന്ന പ്രഖ്യാപനത്തോടെയാണ് ഈ പ്രവചനം ആരംഭിക്കുന്നത്.

29:3 ൽ പരാമർശിക്കുന്ന നൈൽ നദിയിൽ കാണപ്പെടുന്ന "താനിം" എന്ന ജീവിയെ "മഹാസർപ്പം" എന്നാണ് പി.ഓ.സി. ബൈബിൾ വിവർത്തനം ചെയ്തിരിക്കുന്നത്. പദത്തിന്റെ അക്ഷരാർത്ഥത്തിൽ ഈ വിവർ ത്തനം ശരിയാണെങ്കിലും നൈൽനദിയിൽ കാണപ്പെടുന്ന മുതലകളെയാണ് എസെക്കിയേൽ ഈ പദത്തിലൂടെ വിവക്ഷിക്കുന്നത് എന്നാണ് വിഖ്യാതവ്യാഖ്യാതാക്കളെല്ലാവരും തന്നെ അഭിപ്രായപ്പെടുന്നത്. വെള്ളത്തിലെ ജീവികളിൽ അതിശക്തനാണ് മുതല എന്നതുപോലെ ചുറ്റുമുള്ള രാജ്യങ്ങളുമായി താരതമ്യം ചെയ്താൽ ഈജിപ്ത് ശക്തമാണ്. എന്നാൽ ദൈവിക ശക്തിക്കു മുന്നിൽ ഈജിപ്ത് ചൂണ്ടയിൽ കുരുങ്ങിയ പാമ്പുപോലെ ദുർബ്ബലമാണ്. നൈൽനദി എന്റേതാണ് എന്ന ഫറവോയുടെ അവകാശവാദത്തെ സ്വയം ദൈവമാണെന്ന് അവകാശപ്പെടുന്നതിനു സമാനമായാണ് എസെക്കിയേൽ വിവക്ഷിക്കുന്നത്.





മുതലയുടെ ദേഹത്തു പറ്റിപ്പിടിക്കുന്ന മത്സ്യങ്ങൾ എന്നത് (വാ. 4) ഫറവോയുടെ സൈന്യങ്ങളെയും സാമന്തരാജ്യങ്ങളെയുമാണ് സൂചിപ്പിക്കുന്നത് എന്ന് അനുമാനിക്കാം.

മരുഭൂമിയിലേക്കെറിയപ്പെടുന്ന മുതലയുടെ ശരീരവും മത്സ്യങ്ങളും ആരും സംസ്കരിക്കാനില്ലാതെ പക്ഷികൾക്ക് ഇരയാകും. ഇത് കൊടിയ അപമാനത്തിന്റെ ലക്ഷണമാണ് (എസെ 39:17–20; നിയ 28:26; ജറെ 34:26). ഇസ്രായേലിന്റെ ദൈവമാണ് സകലജനപദങ്ങളെയും നിയന്ത്രിക്കുന്നത് എന്ന ചിന്തയ്ക്കാണ് ഇവിടെ പ്രാമുഖ്യമുള്ളത്.

**29:6b–9a,** ഈജിപ്തിനെ ദുർബ്ബലമായൊരു ഞാങ്ങണവടിയോട് ഉപമിക്കുന്നതാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം. ഞാങ്ങണയെ ഊന്നുവടിയാക്കുന്നവൻ വിഡ്ഢിയാണ്. അവൻ നിശ്ചയമായും അപകടത്തിൽപെടും (വാ. 7). സെന്നാക്കെരീബ് ജറുസലേമിനെതിരേ ഉപരോധമേർപ്പെടുത്തിയപ്പോ ൾ യൂദാരാജാവായ ഹെസെക്കിയ ബി.സി. 701 ൽ ഈജിപ്തിന്റെ സഹായം തേടിയ നടപടിയെ അസ്സീറിയൻ സൈന്യാധിപനായ റബ്ഷാക്കെ ഞാങ്ങണയെ ഊന്നുവടിയാക്കാനുള്ള ശ്രമം എന്നു പരിഹസിച്ചിരുന്നു (2 രാജാ 18:21). ഈ പരിഹാസവും എസെക്കിയേലിന്റെ പ്രവചനത്തിന്റെ പിന്നാമ്പുറത്തുണ്ട്. യാഹ്‌വെ ഈജിപ്തിനെതിരേ "വാൾ അയയ്ക്കും" എന്ന ശിക്ഷാവിധി എസെക്കിയേലിന്റെ ഗ്രന്ഥത്തിൽ ആവർത്തിക്കുന്നതാണ് (6:3; 11:8; 14:17; 33:2). ഈജിപ്തിനു വന്നുഭവിക്കുന്ന സർവനാശത്തിലൂടെ അവർ യാഹ്‌വെയുടെ മഹത്വം തിരിച്ചറിയും.

**29:9b–12,** ഈജിപ്ത് വിജനമാകുകയും നൈലിന്റെ ചാലുകൾ വറ്റുകയും ചെയ്യും. വടക്കുകിഴക്കൻ അതിർത്തിയിലെ കോട്ടനഗരമായ മിഗ്ദോൽ മുതൽ (പുറ 14:2; ജറെ 44:1) തെക്കൻ അതിർത്തിനഗരമായ സെവേന വരെ ഈജിപ്ത് വിജനമാകും എന്നാണ് പ്രവചനം (വാ. 10). കേരളത്തിന്റെ വിസ്തൃതി "മഞ്ചേശ്വരം മുതൽ പാറശ്ശാലവരെ" എന്നു പറയുന്നതിനു സമാനമാണ് ഈജിപ്തിന്റെ വിസ്തൃതിയെക്കുറിച്ച് മിഗ്ദോൽ മുതൽ സെവേനവരെ എന്നു പറയുന്നത്. മുഴുവൻ ഈജിപ്തും എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്.

29:13–16, നാൽപതു കൊല്ലത്തിനുശേഷമുള്ള തിരിച്ചുവരവിനെക്കുറിച്ച് യാഹ്‌വെ ഈജിപ്തിനു നൽകുന്ന വാഗ്ദാനമാണ് ഇവിടെ പ്രതിപാദിക്കുന്നത്. സമാനമായ വാഗ്ദാനം ഇസ്രായേലിനും ലഭിച്ചിരുന്നു (11:17; 20:34,41; 28:25). പുനരുദ്ധരിക്കപ്പെടുന്ന ഈജിപ്ത് തെക്കൻ പ്രദേശമായ പാത്രോസിൽ മാത്രമായി ഒതുങ്ങും. ഈജിപ്തിന്റെ ഉത്ഭവദേശമായിരുന്നു പാത്രോസ് (വാ. 14). സമീപരാജ്യങ്ങളെക്കാളെല്ലാം ചെറുതും ആരെയും അക്രമിക്കാൻ കഴിയാത്തതുമായ അവസ്ഥയിലായിരിക്കും പുനരുദ്ധരിക്കപ്പെട്ട ഈജിപ്ത്. ജറെ 46:26 ലും ഏശ 19:18–25 ലും ഈജിപ്തിന്റെ പുനരുദ്ധാരണത്തെക്കുറിച്ചുള്ള പരാമർശമുണ്ട്. ഒരിക്കൽ ദൈവജനത്തെ അടിമയാക്കിയ സാമ്രാജ്യശക്തിയായ ഈജിപ്ത് ദൈവത്തിന്റെ ദാസിയായി വർത്തിക്കുന്നതിനെക്കുറിച്ചുള്ള സ്വപ്നമാണ് എസെക്കിയേൽ അവതരിപ്പിക്കുന്നത്.

**വിചിന്തനം:** 1. യൂദായുടെ ശിക്ഷാവിധിക്ക് പരിധിനിശ്ചയിക്കുകയും അവരുടെ പുനരുദ്ധാരണം വാഗ്ദാനം ചെയ്യുകയും ചെയ്ത ദൈവം ഇപ്പോൾ ഈജിപ്തിനോടും സമാനസ്വഭാവത്തിലാണ് പെരുമാറുന്നത്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിനെക്കുറിച്ചു മാത്രമല്ല, സകല ജനപദങ്ങളെക്കുറിച്ചും ദൈവമായ കർത്താവിനു കരുതലുണ്ട് എന്ന ചിന്തയാണ് ഈ പ്രവചനങ്ങൾ ആത്യന്തികമായി നമ്മിലുണർത്തുന്നത്. തിരഞ്ഞെടുക്കപ്പെട്ടവർ എന്ന ചിന്ത ഇസ്രായേലിന്റെ ആത്മബോധത്തിന്റെയും അവർക്കു ദൈവത്തോടുള്ള ബന്ധത്തിന്റേയും പ്രകാശനമാർഗ്ഗമായിരുന്നു. എന്നാൽ, ഇതര ജനതതികളെ ദൈവം രക്ഷാപദ്ധതിയിൽനിന്ന് അകറ്റിനിർത്തി എന്ന അർത്ഥത്തിൽ തിരഞ്ഞെടുപ്പ് എന്ന വസ്തുതയെ വ്യാഖ്യാനിക്കരുത്.

2. "നൈൽ നദി എന്റേതാണ്" എന്ന അവകാശവാദമാണ് ഫറവോയുടെ തെറ്റായി ചിത്രീകരിക്കുന്നത്. ഭൂമിയും അതിലുള്ളവയും ദൈവത്തിന്റേതാണ്. സ്വകാര്യസ്വത്തവകാശം മൗലികമാണെങ്കിലും അതു പരിധിയില്ലാത്ത ദുർമോഹങ്ങളാൽ നയിക്കപ്പെടാൻ പാടില്ല. "സ്വന്തം മണ്ണ്, പറമ്പ്" എന്ന വികാരം അതിന്റെ പരകോടിയിലെത്തിയ കാലത്താണ് നാം ജീവിക്കുന്നത്. ഭൂമിയുടെ മേലുള്ള അനാവശ്യവും ബാലിശവുമായ അവകാശങ്ങൾ ഭൂമിയുടെ യഥാർത്ഥ ഉടയവനായ ദൈവത്തെ നിഷേധിക്കുന്നതിനു തുല്യമാണ് എന്ന എസെക്കിയേലിന്റെ വീക്ഷണത്തിന് കാലാതിവർത്തിയായ പ്രസക്തിയുണ്ട്.

## എസെക്കിയേൽ 29:17-21, ഈജിപ്ത് ബാബിലോണിനു കീഴിൽ

ഈജിപ്തിനെതിരേയുള്ള രണ്ടാം പ്രവചനമാണിത്. ഈ പ്രവചനം നടക്കുന്നത് ബി.സി. 571 ഏപ്രിൽ 26-ാം തിയ്യതിയാണ്. ബാബിലോണിയൻ സൈന്യത്തിനുള്ള പ്രതിഫലമെന്നോണം ദൈവം ഈജിപ്തിന്റെ സമ്പത്ത് ബാബിലോണിയായ്ക്കു ഭരമേൽപിക്കും എന്നാണ് എസെക്കിയേൽ പ്രസ്താവിക്കുന്നത്. ടയിറിനെതിരേ ബാബിലോൺ ഏർപ്പെടുത്തിയ സുദീർഘമായ ഉപരോധം (ബി.സി. 585-572) വിജയിച്ചില്ല (വാ. 19). ഇതിനു പകരമായിട്ടാണ് ഈജിപ്തിനെ ദൈവം ഭരമേല്പിച്ചു കൊടുക്കുന്നത്.

ടയിറിനെതിരേയുള്ള ഉപരോധത്തിൽ ബാബിലോണിയാക്കാർ കഠിനമായി അധ്വാനിച്ച് തോളിലെ തൊലിയും തലയിലെ മുടിയും കളഞ്ഞു എന്ന 29:19 ലെ സൂചനയുടെ അർത്ഥം വ്യക്തമല്ല. ടയിർ എന്ന ദ്വീപുരാജ്യത്തിലേക്ക് കരയിൽനിന്നും രണ്ടു കിലോമീറ്റർ ദൂരമുണ്ട്. ഇത്രയും ദൂരം മണ്ണിട്ടു നികത്തി വഴിവെട്ടാൻ ഒരുപക്ഷേ നബുക്കദ്നാസർ ശ്രമിച്ചിരിക്കാം. ബി.സി. 332 ൽ അലക്സാണ്ടർ ചക്രവർത്തി ഇപ്രകാരം വഴിവെട്ടുകയും ടയിറിനെ കീഴ്പ്പെടുത്തുകയും ചെയ്തിരുന്നു. ഈ ഭാരിച്ച





ജോലിയായിരിക്കാം ബാബിലോൺ സൈന്യത്തെ ക്ഷീണിപ്പിച്ചത്.

ഈജിപ്തിനെ ബാബിലോണിന്റെ കരങ്ങളിൽ ഏല്പിക്കുന്നത് ദൈവമാണ് എന്ന വസ്തുതയ്ക്കാണ് എസെക്കിയേൽ കൂടുതൽ പ്രാധാന്യം നൽകുന്നത്. കാനാൻദേശം കീഴടക്കാനുള്ള "വിശുദ്ധയുദ്ധങ്ങളിൽ" വിജാതീയദേശങ്ങളെ ദൈവം ഇസ്രായേലിനു ഭരമേല്പിച്ചിരുന്നതുപോലെ (ജോഷ്വ 6:2; ന്യായാ 7:9) ഇപ്പോൾ ഈജിപ്തിനെ ദൈവം ബാബിലോണിനു ഭരമേല്പിക്കുന്നു.

ടയിറിനെതിരേയുള്ള നബുക്കദ്നേസറിന്റെ സമ്പൂർണ്ണ വിജയത്തെക്കുറിച്ച് 27-28 അധ്യായങ്ങളിൽ പ്രവാചകൻ സവിസ്തരം പ്രതിപാദിച്ചതാണ്. എന്നാൽ 29:19 ൽ ഈ വിജയം ഇനിയും കരഗതമായിട്ടില്ല എന്നു മാത്രമല്ല പ്രസ്തുത ശ്രമംതന്നെ സമ്പൂർണ്ണമായി പരാജയപ്പെട്ടു എന്ന ധ്വനിയാണുള്ളത്. ചരിത്രപരമായി 29:19 ലെ നിലപാട് ശരിയാണുതാനും. കാരണം ഈജിപ്തിനെ കീഴടക്കുംമുമ്പേ നബുക്കദ്നേസർ മരിച്ചിരുന്നു. ബി.സി. 567 ൽ മാത്രമാണ് ബാബിലോൺ ഈജിപ്തിനെതിരേ യുദ്ധത്തിനു പുറപ്പെട്ടത്. എസെക്കിയേൽ ടയിറിനെതിരേ നടത്തിയ പ്രവചനങ്ങളെ നടന്നുകഴിഞ്ഞ ചരിത്രസംഭവങ്ങളായി കരുതുമ്പോൾ മാത്രമേ ഈ പ്രതിസന്ധി ഉളവാകുന്നുള്ളൂ. ടയിറിനെതിരേയുള്ള പ്രവചനങ്ങൾ അനതിവിദൂര ഭാവിയിൽ നിറവേറ്റപ്പെടാനിരിക്കുന്ന കാര്യങ്ങളായി മനസ്സിലാക്കിയാൽ ഈ ആഖ്യാനങ്ങളിലെ വൈരുധ്യങ്ങളെ മറികടക്കാനാകും.

29:21 ൽ, ഈജിപ്തിന്റെ നാശദിനം ഇസ്രായേലിന്റെ ശാക്തീകരണദിനമായിരിക്കും എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്. "കൊമ്പു മുളപ്പിക്കും" എന്നത് ശാക്തീകരണത്തെയാണ് സൂചിപ്പിക്കുന്നത്. സങ്കീ 75:5; 148:14; വിലാ 2:3 എന്നിവിടങ്ങളിൽ ഇസ്രായേലിന്റെ കൊമ്പുമുറിച്ച് ശക്തി ചോർത്തികളയുന്നതിനെക്കുറിച്ചുള്ള സൂചനകളുണ്ട്. ദാവീദിന്റെ രാജവംശത്തെ സൂചിപ്പിക്കാനും കൊമ്പ് എന്ന പദം ഉപയോഗിക്കുന്നുണ്ട് (സങ്കീ 89:17; 132:17). "കൊമ്പു മുളപ്പിക്കും" എന്നത് ദാവീദിന്റെ രാജവംശത്തിന്റെ ഭരണം പുനരുദ്ധരിക്കും എന്ന അർത്ഥത്തിലാണെന്നു വ്യാഖ്യാനിക്കാനും സാധ്യതയുണ്ട്.

**വിചിന്തനം:** പ്രവാചകന്റെ ആധികാരികത നിർണ്ണയിക്കപ്പെടുന്നത് അവൻ പ്രവചിക്കുന്നതുപോലെ സംഭവിക്കുമ്പോഴാണ് (നിയ 18:22). എസെക്കിയേലിന്റെ ദർശനങ്ങളിലും പ്രവചനങ്ങളിലും പ്രവചിക്കപ്പെട്ടവ പൂർത്തീകരിക്കുവാൻ ഏറെനാളുകളെടുത്തു. രക്ഷകൻ വാഗ്ദാനം ചെയ്യപ്പെട്ടത് പറുദീസായിലായിരുന്നെങ്കിലും അവന്റെ ആഗമനത്തിന് സഹസ്രാബ്ദങ്ങൾതന്നെ കാത്തിരിക്കേണ്ടിവന്നില്ലേ. കാലവിളംബം ഉത്തരമില്ലായ്മയല്ല. ദൈവനിശ്ചിതമായ സമയത്തിനുവേണ്ടിയുള്ള രക്ഷാകരമായ പ്രതീക്ഷയാണ് കാലവിളംബമായി തെറ്റിദ്ധരിക്കപ്പെടുന്നത്. എസെക്കിയേൽ ഈ സത്യം വ്യക്തമായ ബോധ്യമായി മനസ്സിൽ സൂക്ഷിച്ചിരുന്നതായി അദ്ദേഹത്തിന്റെ പ്രവചനങ്ങൾ തെളിയിക്കുന്നു.

# എസെക്കിയേൽ 30:1–19, ഈജിപ്തിന്റെ ശിക്ഷാദിനം

ഈജിപ്തിനെതിരേയുള്ള ഏഴു പ്രവചനങ്ങളിൽ തിയതി രേഖപ്പെടുത്താത്ത ഏകപ്രവചനം 3:1–19 ലെ പ്രവചനമാണ്. തന്മൂലം കഴിഞ്ഞ പ്രവചനത്തിന്റെ തിയതിതന്നെ (ബി.സി. 571 ഏപ്രിൽ 26) ഇതിനും അനുമാനിക്കാവുന്നതാണ്. മൂന്നു ഭാഗങ്ങളാണ് ഈ പ്രവചനത്തിലുള്ളത്: (1) കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ള വിചിന്തനം (വാ. 1–9), (2) നബുക്കദ്നേസർ യാഹ്വേയുടെ പ്രതിനിധിയാണെന്ന പ്രഖ്യാപനം (വാ. 10–12), (3) ഈജിപ്തിന്റെ ദേവന്മാരും രാഷ്ട്രീയ നേതൃത്വവും തകരും (വാ. 13–19).

**30:1–9,** "കർത്താവിന്റെ ദിനം ആസന്നമായി" എന്ന പ്രഖ്യാപനത്തോടെയാണ് ഈ പ്രവചനം ആരംഭിക്കുന്നത് (സെഫാ 1:15; ജോയേ 2:2). ദൈവത്തിന്റെ പ്രധാന ആയുധമായി എസെക്കിയേൽ മുൻപ്രവചനങ്ങളിൽ ആവർത്തിച്ചു പരാമർശിച്ച "വാൾ" തന്നെയാണ് ഈജിപ്തിനെതിരേയും പ്രയോഗിക്കപ്പെടുന്നത്. ഈജിപ്തിന്റെ സമ്പത്തിനോ (= ഹാമോൻ) സൈന്യത്തിനോ ദൈവത്തിന്റെ വാളിനെ നേരിടാനാകില്ല.

നശിപ്പിക്കപ്പെടുന്ന ദേശങ്ങളിൽ ആദ്യം പരാമർശിക്കപ്പെടുന്നത് കുഷ് ആണ്. ഈജിപ്തിനു തെക്കുള്ള ഈ ദേശം 25–ാം രാജവംശത്തിലെ ഫറവോമാരുടെ സ്വദേശമായിരുന്നു. പുത്, ലിബിയ തുടങ്ങിയവ സൈനികശക്തിയുടെ കേന്ദ്രങ്ങളായിരുന്നു (27:10; ജറെ 46:9). "ഉടമ്പടിയുടെ നാട്ടുകാർ" എന്ന വിശേഷണം യൂദാനിവാസികളെ ഉദ്ദേശിച്ചുള്ളതാണ് (വാ. 5). ജറെ 41:1–43:7 ലെ വിവരണമനുസരിച്ച് ജറുസലേമിന്റെ പതനകാലത്ത് ജറെമിയായുടെ നിർദ്ദേശം അവഗണിച്ച് ഒരു വിഭാഗം യഹൂദർ ഈജിപ്തിലേക്കു പലായനം ചെയ്തിരുന്നു. ജറെ 44:1 ൽ വിവിധ ഈജിപ്ഷ്യൻ പട്ടണങ്ങളിൽ വസിക്കുന്ന യഹൂദരെ പ്രവാചകൻ അഭിസംബോധന ചെയ്യുന്നുമുണ്ട്. തന്മൂലം "ഉടമ്പടിയുടെ നാട്ടിലെ ജനം" എന്നത് യഹൂദർ തന്നെയാണ് എന്നു കരുതാം. "ഈജിപ്തിനെ പിന്താങ്ങുന്നവർ" എന്ന പദപ്രയോഗവും (വാ. 6) ഇതേ യഹൂദരെ ലക്ഷ്യമാക്കിയാണ്. "മിഗ്ദോൽ മുതൽ സെവേനവരെ എന്നതിലൂടെ" (വാ. 6) ഈജിപ്തു മുഴുവൻ എന്നാണ് അർത്ഥമാക്കുന്നത് (29:10 ന്റെ വ്യാഖ്യാനം കാണുക). ഈജിപ്തിനുള്ള നാശത്തിന്റെ വിവരണം അപരിഹാര്യവും നിത്യവുമായ ദുരന്തത്തിന്റെ വിവരണശൈലിയിലാണ് (1 രാജാ 20:16; ഏശ 31:3).

**30:10–12,** ഈജിപ്തിന്റെ നാശത്തിനുവേണ്ടി ദൈവം നിയോഗിച്ചിരിക്കുന്നത് നബുക്കദ്നേസറിനെയാണെന്ന് എസെക്കിയേൽ പ്രഖ്യാപിക്കുന്നതാണ് ഈ വചനഭാഗത്തിന്റെ ഇതിവൃത്തം. ഈ വിജാതീയ രാജാവും സൈന്യ വും ദൈവത്തിന്റെ സൈനിക പങ്കാളികളായിട്ടാണ് പ്രവർത്തിക്കുന്നത് എന്ന ചിന്ത എസെക്കിയേൽ പലവട്ടം ആവർത്തിക്കുന്നതാണ് (5:2,12; 12:14; 29:18–20). ഈജിപ്തിന്റെ സമൃദ്ധിയുടെ മുഴുവൻ അടിസ്ഥാനമായ നൈൽനദിയെ ദൈവം വറ്റിച്ചുകളയുമെന്നതാണ് മറ്റൊരു ശിക്ഷ.





സമാനമായ ശിക്ഷാവിധി ഏശ 19:5–7; 37:25; 2 രാജാ 19:34; 42:15 എന്നീ വചനഭാഗങ്ങളിൽ കാണാം. "വിദേശീയരുടെ കരങ്ങൾ" എന്ന പദപ്രയോഗം (വാ. 12) സാധാരണഗതിയിൽ അതിക്രൂരരായ ശത്രുസൈന്യത്തെയാണ് സൂചിപ്പിക്കുന്നത് (7:21; 28:7; 31:12).

**30:13–19,** ഈജിപ്തിലെ വിഗ്രഹങ്ങളും (ദേവന്മാരും) നേതാക്കളും നശിക്കും എന്ന പ്രവചനമാണ് തുടർന്നുവരുന്നത് (വാ. 13–19). ഈജിപ്തിലെ വിവിധ പട്ടണങ്ങളെയും ദേശങ്ങളെയും പേരെടുത്തു പറഞ്ഞ് ഓരോന്നിനും വ്യത്യസ്തമായ ശിക്ഷാവിധി പ്രഖ്യാപിക്കുന്ന ശൈലിയാണ് ഈ വചനഭാഗത്തുള്ളത്. സമാനമായ ശൈലി മിക്കാ 1:10–15; ജറെ 46:14; 48:1–5 എന്നീ വചനഭാഗങ്ങളിലും കാണാം. ഈജിപ്തിലെ പ്രസിദ്ധമായ പട്ടണങ്ങളുടെ നാശം വിവരിക്കുന്നതിൽ നിയതവും ഭൂമിശാസ്ത്രപരവുമായ ക്രമം എസെക്കിയേൽ പാലിക്കുന്നില്ല. വിവിധ പട്ടണങ്ങളും അവയ്ക്കുള്ള ശിക്ഷയും താഴെപ്പറയുന്നവയാണ്:

1. പത്രാസ് – ഈജിപ്തിലെ തെക്കൻപട്ടണം (29:14) നിർജ്ജനമാകും എന്നതാണ് ശിക്ഷാവിധി.
2. താനിസ് – ഈജിപ്തിന്റെ കിഴക്കൻ തീരത്തെ ഭരണകേന്ദ്രമാണിത്. ഈ നഗരം അഗ്നിക്കിരയാക്കപ്പെടും.
3. തേബെസ് (പെല്ലൂസിയും) – കോട്ടകളുടെ നഗരമായ ഈ പട്ടണം ദൈവകോപത്തിനിരയാകും.
4. മെംഫിസ് (മോഫ്) – അക്രമത്തിനിരയാകും.
5. ഓൻ (ആധുനിക കെയ്റോ) – വാളിനിരയാകും
6. പിബേസത്ത് (ഈജിപ്തിലെ സിംഹദേവന്റെ നഗരം) – വാളിനിരയാകും
7. തെഫ് പെൻഹസ് (സൂയസിനടുത്തുള്ള നഗരം) – ഇരുട്ടിലാണ്ടുപോകും

ഈ നഗരങ്ങളുടെമേലുള്ള ശിക്ഷാവിധിയും ദൈവമഹത്വത്തിന്റെ വെളിപാടിനു നിമിത്തമാകും എന്നാണ് എസെക്കിയേൽ വ്യക്തമാക്കുന്നത് (വാ. 19).

**വിചിന്തനം:** 1. ഇസ്രായേലിന്റെ ദൈവത്തിന്റെ ശക്തിയെക്കുറിച്ചുള്ള പ്രവാചകന്റെ ധ്യാനമായി ഈ നാശവിവരണങ്ങളെ മനസ്സിലാക്കാം. താരതമ്യേന ദുർബ്ബലമായ യൂദയായും അമ്മോനും മൊവാബും മാത്രമല്ല സാമ്രാജ്യ ശക്തിയായ ഈജിപ്തും ബാബിലോണും പോലും സൈന്യങ്ങളുടെ ദൈവമായ കർത്താവിന്റെ കരങ്ങളിലെ ഉപകരണങ്ങൾ മാത്രമാണ് എന്നാണ് പ്രവാചകൻ വ്യക്തമാക്കുന്നത്. അജയ്യശക്തിയായി കരുതപ്പെട്ടിരുന്ന ഈജിപ്തിനെ തന്റെ വിധിദിനത്തിൽ നാമാവശേഷമാക്കാൻ ദൈവത്തിനു കഴിയുന്നു എന്നു വിവരിക്കുന്നതിലൂടെ പ്രവാസികളോട് സർവ്വശക്തനായ ദൈവത്തിലേക്കു തിരിയാനുള്ള ശക്തമായ ആഹ്വാനമാണ് പ്രവാചകൻ നൽകുന്നത്.

2. ഈജിപ്തിന്റെ ദൈവവും യാഹ്വെയും തമ്മിലുള്ള ബലപരീക്ഷണമായിട്ടാണ് ഈ വിവരണത്തെ പ്രവാചകൻ അവതരിപ്പിക്കുന്നത്. വിശു

ദ്ധയുദ്ധങ്ങളുടെയും ജിഹാദുകളുടെയും പിന്നിലുള്ള പ്രത്യയശാസ്ത്രവും ഇതു തന്നെയാണ്. താൻ വിശ്വസിക്കുന്ന ദൈവത്തിൽ വിശ്വസിക്കാത്തവരുടെ നാശത്തെ തന്റെ ദൈവത്തിന്റെ ശക്തിപ്രകടനമായി വ്യാഖ്യാനിക്കുകയും പ്രസ്തുതനാശത്തെ ത്വരിതപ്പെടുത്താൻ ദൈവത്തോടുചേർന്ന് ജിഹാദിനിറങ്ങുകയും ചെയ്യുന്നത് വികലമായ ദൈവസങ്കല്പമായി വ്യാഖ്യാനിക്കപ്പെടാം. എന്നാൽ എസെക്കിയേലിന്റെ നിലപാട് ജിഹാദികളുടെ നിലപാടല്ല. ചരിത്രത്തെ ദൈവം നീതിയോടെ മുന്നോട്ടു നയിക്കുന്നതിനെക്കുറിച്ചുള്ള ധ്യാനമാണ് എസെക്കിയേലിന്റെ പ്രവചനത്തിൽ കാണുന്നത്.

## എസെക്കിയേൽ 30:20–26, ഫറവോയുടെ തകർന്നകരം

ഈജിപ്തിനെതിരായ ഏഴുപ്രവചനങ്ങളിലെ നാലാം പ്രവചനം (30:20–26) ഫറവോയ്ക്കെതിരേയാണ്. ഈ പ്രവചനത്തിന്റെ തിയതി ബി. സി. 587 ഏപ്രിൽ 29 ആണ്. 29:1–16 ലെ പ്രവചനത്തിന് മൂന്നുമാസങ്ങൾക്കുശേഷമാണ് ഈ പ്രവചനം നടക്കുന്നത് എന്നു കരുതാം. മുൻപ്രവചനങ്ങളിലെന്നതുപോലെ നബുക്കദ്നേസർ എന്ന ബാബിലോൺ രാജാവിനെ ദൈവകരങ്ങളിലെ ഉപകരണവും ദൈവത്തിന്റെ പ്രതിനിധിയുമായിട്ടാണ് അവതരിപ്പിക്കുന്നത് (29:17–20; 30:10–12).

ഫറവോയുടെ കരമാണ് (= സെറോ ഓത്ത്, യാദ്) ഈ പ്രവചനത്തിൽ ഉപയോഗിക്കുന്ന പ്രതീകം. കരം എന്നത് ശക്തിയുടെ പ്രതീകമാണ് (20:33). ഈജിപ്തു രാജാക്കന്മാരുടെ ചിത്രങ്ങൾ കരങ്ങളിൽ വാളേന്തിയ നിലയിലാണ് അവതരിപ്പിക്കുന്നത്. ഇനിമേൽ "വാളു പിടിക്കാനാവാത്തവിധം അവരുടെ കരം വിച്ഛേദിക്കപ്പെടും" എന്നതിലൂടെ ഫറവോയുടെ അധികാരം അവസാനിക്കും എന്നാണ് പ്രവാചകൻ അർത്ഥമാക്കുന്നത് (വാ. 21–22). വിരിച്ചതും ബലിഷ്ഠവുമായ കരം ശക്തിയുടെ പ്രകടനമാണെന്ന് ഈജിപ്തുമായുള്ള ദൈവത്തിന്റെ ആദ്യ ഏറ്റുമുട്ടലിന്റെ വിവരണമായ പുറപ്പാടു ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട് (പുറ 6:6; 13:3; 15:16). ഇസ്രായേലിനെ അടിമയാക്കിയ ഫറവോയുടെ കരത്തെ ഒരിക്കൽ പരാജയപ്പെടുത്തിയ ദൈവം ഇപ്പോൾ നബുക്കദ്നേസറിലൂടെ ഒരിക്കൽകൂടി ഫറവോയുടെ കരം (അധികാരം) തകർക്കുകയാണ്. 30:20–26 ലെ വിവരണത്തിന് 29:17–21 ലെ വിവരണവുമായുള്ള സാമ്യം പല വ്യാഖ്യാതാക്കളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

നെബുക്കദ്നേസറുമായി രണ്ടുവട്ടം നടത്തിയ യുദ്ധങ്ങളിലും ഫറവോ പരാജയപ്പെട്ടതിനെ സൂചിപ്പിക്കാനാണ് "ഒടിഞ്ഞകരം വീണ്ടും ഒടിക്കും" എന്ന പ്രസ്താവന. ദൈവി ക ശക്തിക്കുമുന്നിൽ ഫറവോയും ഈജിപ്തും സമ്പൂർണ്ണമായും തകർന്നുപോകും എന്നുതന്നെയാണ് പ്രവാചകൻ വിവക്ഷിക്കുന്നത്. ഫറവോയുടെ കരം ഒടിക്കുന്ന ദൈവം നബുക്കദ്നേസറിന്റെ കരത്തെ ശക്തിപ്പെടുത്തുന്നു (വാ. 24). ദൈവം കൈമാറിയ വാളുകൊണ്ടാണ് നബുക്കദ്നേസർ ഫറവോയുടെ കരം തകർക്കുന്നത്. അതിലൂടെ നബുക്കദ്നേസറിന്റെ ശക്തിയല്ല ദൈവത്തിന്റെ ശക്തിയാണ് പ്രകടമാകുന്നത് എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്.





**വിചിന്തനം:** ബാബിലോൺ ആക്രമണത്തെ തടയാൻ യൂദാ ഈജിപ്തിന്റെ സഹായം തേടിയ പശ്ചാത്തലത്തിൽ മാത്രമേ ഈ വചനഭാഗം ഗ്രഹിക്കാനാകുകയുള്ളൂ. പ്രതിസന്ധികളിൽ ദൈവത്തിലേക്കു തിരിയുന്നതിനുപകരം ലൗകീകശക്തികളിലേക്കു തിരിഞ്ഞു എന്നതിനാൽ യൂദാ ശിക്ഷിക്കപ്പെട്ട് പ്രവാസത്തിലായി. തങ്ങളുടെ പ്രവൃത്തിയുടെ ഭോഷത്തം പ്രവാസികളെ കൂടുതൽ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എസെക്കിയേൽ ഈ പ്രവചനം നടത്തുന്നത്. തങ്ങൾ അഭയം തേടിയ ഫറവോയെ കാത്തിരിക്കുന്നതും തങ്ങളുടേതിനു സമാനമായ വിധിയാണ് എന്നതാണ് പ്രവാചകന്റെ സന്ദേശം.

2. ദൈവത്തെ രക്തദാഹിയും പ്രതികാരത്തിന്റെ പ്രചോദകനുമായി വ്യാഖ്യാനിക്കാൻ ഈ വചനഭാഗത്തെ ആരും ഉപയോഗിക്കരുത്. അത് അപകടകരമായ ദൈവസങ്കല്പമാണ്. ദൈവനീതി എന്ന സത്യത്തെ തന്റെ കാലഘട്ടത്തിന്റെ ചിന്താഗതിയിലും സാംസ്കാരിക പ്രത്യേകതകളിലും അവതരിപ്പിക്കാനുള്ള ശ്രമമാണ് പ്രവാചകൻ നടത്തുന്നത്. ഇതിനു പിന്നിലെ സന്ദേശത്തിനു കാലികപ്രസക്തിയുണ്ടെങ്കിലും പ്രസ്തുത സന്ദേശം അവതരിപ്പിക്കുന്ന പ്രതീകങ്ങൾക്കുപിന്നിലെ പ്രതികാരചിന്ത കാലികപ്രസക്തി ഇല്ലാത്തതും അവഗണിക്കപ്പെടേണ്ടതുമാണ്.

## എസെക്കിയേൽ 31:1–18, ദേവദാരുവായ ഈജിപ്ത്

ഈജിപ്തിനും ഫറവോയ്ക്കുമെതിരേയുള്ള ഏഴു പ്രവചനങ്ങളിൽ അഞ്ചാമത്തെ പ്രവചനം ഈജിപ്തിനെ ദേവദാരുവായി പ്രതീകവൽകരിച്ചുകൊണ്ടുള്ളതാണ്. ഈ പ്രവചനത്തിന് മൂന്നു ഭാഗങ്ങളുണ്ട്: (1) ഈജിപ്തിനെ ദേവദാരുവായ അസ്സീറിയായുമായി താരതമ്യം ചെയ്യുന്നു (വാ. 1–9), (2) ഈജിപ്തിനുമേലുള്ള കുറ്റാരോപണവും ശിക്ഷയും (വാ. 10–14), (3) ഈജിപ്ത് പാതാളത്തിലെത്തും (വാ. 15–18). രാജ്യങ്ങളെ വടവൃക്ഷങ്ങളോടു താരതമ്യം ചെയ്യുന്നശൈലി ഏശ 10:18–19, 33–34 ലും കാണാം.

**31:1–9,** ഈ പ്രവചനത്തിന്റെ തിയതിയായി രേഖപ്പെടുത്തിയിരിക്കുന്നത് ബി.സി. 587 ജൂൺ 21 ആണ്. 30:20–26 ലെ പ്രവചനത്തിന് രണ്ടുമാസങ്ങൾക്കുശേഷമാണ് ഈ പ്രവചനം നടക്കുന്നത്. "ലെബനോനിലെ ദേവദാരുപോലെയുള്ള" അസ്സീറിയ എന്ന വിശേഷണം ഏതെങ്കിലും നാടൻപാട്ടിന്റെയോ പഴഞ്ചൊല്ലിന്റെയോ ഭാഗമായി നിലവിലുണ്ടായിരുന്നതാണ് (ഏശ 2:12–13). അതിനാൽ വായനക്കാർക്ക് ഇതിന്റെ അർത്ഥം എളുപ്പത്തിൽ മനസ്സിലാകും.

പി.ഓ.സി വിവർത്തനത്തിൽ "അസ്സീറിയായെ ഓർക്കുക" എന്ന വാ. 3 ലെ ഭാഗം വിട്ടുകളഞ്ഞിരിക്കുകയാണ്. ദേവദാരു ഈജിപ്തിനെയാണ്

സൂചിപ്പിക്കുന്നത് എന്ന മുൻധാരണയിലധിഷ്ഠിതമാണ് ഈ വിവർത്തനം. "അസ്സീറിയായെ ഓർക്കുക" എന്നത് എസെക്കിയേലിന്റെ ചോദ്യത്തിനുള്ള (വാ. 2) ഫറവോയുടെ മറുപടിയായി മനസ്സിലാക്കിയാൽ ദേവദാരു എന്നത് ഈജിപ്തിനെ വിശേഷിപ്പിക്കുവാൻ ഫറവോ സ്വയം ഉപയോഗിക്കുന്ന പ്രതീകമാണെന്നു വ്യക്തമാകും. എസെക്കിയേലിന്റെ കാലമായപ്പോഴേക്കും തികച്ചും ക്ഷയിച്ചുകഴിഞ്ഞിരുന്ന അസ്സീറിയായെ ദേവദാരുവായി ചിത്രീകരിക്കുകയല്ല പ്രവാചകന്റെ ലക്ഷ്യം. മറിച്ച്, ഒരു കാലത്ത് പ്രതാപശാലിയായിരുന്ന അസ്സീറിയായുമായി ഈജിപ്തിനെ താരതമ്യം ചെയ്യുകയാണ്. വിവരണത്തിലെ ഭൂതകാല പൂർണ്ണക്രിയകൾ (Past Perfect Tense) ഈ നിഗമനത്തെ ശരിവയ്ക്കുന്നു.

3-9 വാക്യങ്ങൾ ഈ വൃക്ഷത്തിന്റെ വലിപ്പവും കരുത്തും വിവരിക്കുന്നതാണ്. ഈ വൃക്ഷത്തിന്റെ വേരുകൾ "ആഴത്തിലുള്ള ജലത്തി"നരികിൽ എത്തി (വാ. 7) എന്ന പദപ്രയോഗം ഉൽപ 1:2 ലെ ആഴത്തിലെ ജലത്തെ ഓർമ്മിപ്പിക്കുന്നു. ഭൂമിക്കടിയിലെ ജലവിതാനത്തെക്കുറിച്ച് ഉൽപ 7:11 ലും 8:2 ലും സൂചനകളുണ്ട്. നദികൾ രൂപംകൊള്ളുന്നത് ഈ ആഴത്തിലെ ജലത്തിൽനിന്നുമാണ്. അസ്സീറിയാ എന്ന ദേവദാരുവിനെ വളർത്തിയത് സ്രഷ്ടാവായ ദൈവമാണെന്ന സൂചന ഈ വാക്കുക ൾക്കു പിന്നിലുണ്ട്. പക്ഷിമൃഗാദികൾക്ക് അഭയസ്ഥാനമായി വളരുന്ന ഈ ദേവദാരുവിന്റെ വിവരണം സങ്കീ 104:16-17 നെ അനുസ്മരിപ്പിക്കുന്നു.

അതിന്റെ തണലിൽ "വലിയ രാജ്യങ്ങൾ" (= ഗോയിം റബ്ബിം) വളർന്നു എന്നത് അസ്സീറിയായുടെ സാമന്തരാജ്യങ്ങളെയാണ് വിവക്ഷിക്കുന്നത്. "തണലിൽ വളരുക" എന്നത് സംരക്ഷണത്തെയും പരിരക്ഷയെയും സൂചിപ്പിക്കുന്നു (സങ്കീ 17:8; 36:7; 91:1; ഏശ 49:2; 51:16). കർത്താവിന്റെ തോട്ടമായ ഏദേനെക്കുറിച്ചുള്ള സൂചന 8,9 വാക്യങ്ങളിലായി മൂന്നുതവണ നൽകുന്നുണ്ട്. എസെക്കിയേലിന്റെ കാലത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വൃക്ഷത്തിന്റെയോ തോട്ടത്തിന്റെയോ പൂർണ്ണത പറയാനുള്ള ഏറ്റവും ശ്രേഷ്ഠമായ ഉപമ "കർത്താവിന്റെ തോട്ടംപോലെ" എന്നതാണ്. അവരുടെ സങ്കല്പത്തിലെ ഏറ്റവും സമ്പൂർണ്ണമായ തോട്ടത്തേക്കാളും ശ്രേഷ്ഠമായിരുന്നു അസ്സീറിയൻ ദേവദാരു എന്നാണ് പ്രവാചകൻ വിവക്ഷിക്കുന്നത്.

**31:10-14,** ആകാശത്തോളം വാഴ്ത്തിപ്പാടിയ അസ്സീറിയൻ ദേവദാരുവിന്റെ തകർച്ചയാണ് 10-14 വാക്യങ്ങളിൽ വിവരിക്കുന്നത്. "ജനതകളിൽ ശക്തനായവന്റെ" (= റാം) കൈകളിൽ ഏല്പിക്കും എന്നത് 29:17-20; 30:10-11; 24-25 വചനങ്ങളുടെ വെളിച്ചത്തിൽ ബാബിലോൺ രാജാവായ നബുക്കദ്നേസറിനെയാണ് സൂചിപ്പിക്കുന്നത് എന്ന് അനുമാനിക്കാം. "വിദേശികൾ," "ക്രൂരന്മാർ" എന്നീ വിശേഷണങ്ങൾ (വാ. 12) ബാബിലോണിനെക്കുറിച്ചാണ് എസെക്കിയേൽ ഉപയോഗിക്കുന്നത് (28:7,10; 30:11-12).

ദേവദാരുവിന്റെ വളർച്ചയെ വിശേഷിപ്പിക്കാനുപയോഗിച്ച പദാവലികളുടെ വിപരീതപദങ്ങളുപയോഗിച്ചുകൊണ്ട് തകർച്ചയുടെ വിവരണത്തെയും പ്രവാചകൻ അവിസ്മരണീയമാക്കുന്നുണ്ട് (വാ. 13-14). അസ്സീ





റിയായുടെ തകർച്ച ഇതരദേശങ്ങൾക്കെല്ലാം പാഠമാകണം എന്ന ലക്ഷ്യത്തോടെയാണ് അതിന്റെ തകർച്ച സംഭവിച്ചത്. "ജലത്തിനു കരയിൽ വളരുന്ന ഒരു വൃക്ഷവും" എന്നതിലൂടെ നൈൽനദിയുടെ തീരത്ത് വളരുന്ന ഈജിപ്തിനെയാണ് വിവക്ഷിക്കുന്നത് എന്നു മനസ്സിലാക്കാം. തുടർന്നുള്ള വാക്യങ്ങൾ ഈ നിഗമനത്തെ സാധൂകരിക്കുന്നുണ്ട്.

**31:15-18,** ദേവദാരു പാതാളത്തിലേക്കു താഴ്ത്തപ്പെടും എന്നതാണ് അതിനുള്ള ശിക്ഷാവിധിയുടെ പൂർത്തീകരണം. പാതാളത്തിലേക്കു താഴ്ത്തപ്പെടുക എന്നത് വിജാതീയ ദേശങ്ങൾക്കെതിരേയുള്ള ഇതരപ്രവചനങ്ങളിലും ആവർത്തിക്കപ്പെടുന്നതാണ് (26:19-21; 28:8; 32:17-32; ഏശ 14:9-11, 15-20). ദേവദാരുവിന്റെ പതനത്തിൽ പാതാളം വിലപിക്കുന്നതായി സങ്കല്പിച്ചുകൊണ്ടാണ് പ്രവാചകൻ ഈ വരികൾ അവതരിപ്പിക്കുന്നത്. ടയിറിന്റെ പതനത്തിലെന്നതുപോലെ (26:15) ദേവദാരുവിന്റെ പതനത്തിലും രാജ്യങ്ങൾ വിറകൊണ്ടു (വാ. 16). അതിന്റെ തണലിൽ വളർന്നവയെല്ലാം അതിനോടൊപ്പം പാതാളത്തിലേക്കെറിയപ്പെട്ടു എന്നത് അസ്സീറിയായുടെ സാമന്തരാജ്യങ്ങളുടെ തകർച്ചയെയാണ് സൂചിപ്പിക്കുന്നത്.

31:18 ലാണ് അസ്സീറിയൻ ദേവദാരു ഈജിപ്തിനെയും ഫറവോയെയുമാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന് പ്രവാചകൻ വ്യക്തമാക്കുന്നത്. പ്രവാസികളിൽ നല്ലൊരു വിഭാഗം ഇപ്പോഴും ഈജിപ്തിൽ നിന്നും രക്ഷവരുമെന്നു പ്രതീക്ഷിക്കുന്നവരായിരുന്നു. ഈജിപ്ത് ബാബിലോണിനെ തോല്പിക്കുകയും തങ്ങൾ സ്വതന്ത്രരാക്കപ്പെടുകയും ചെയ്യും എന്ന് അവർ വ്യർത്ഥമായി മോഹിച്ചിരുന്നു. എന്നാൽ ഈ പ്രതീക്ഷ അസ്ഥാനത്താകുമെന്നും ഫറവോയും ബാബിലോണിന്റെ അടിമയാകുമെന്നുമാണ് എസെക്കിയേൽ പ്രവചിക്കുന്നത്. "അപരിച്ഛേദിതരുടെ കൂടെ പാതാളത്തിൽ കിടക്കും" എന്നത് ഈജിപ്തിൽ രക്ഷപ്രതീക്ഷിച്ചു കഴിയുന്ന പ്രവാസികൾക്കുള്ള മുന്നറിയിപ്പാണ്.

**വിചിന്തനം:** 1. എസെക്കിയേൽ പ്രവാസികളുടെ വിശ്വാസത്തിലെ അടിസ്ഥാനപരമായ ഒരു ധർമ്മസങ്കടത്തിന് ഉത്തരം പറയുകയാണ് ഈ പ്രവചനങ്ങളിലൂടെ. അജയ്യനായ യാഹ്വെയും അപ്രതിരോധ്യമായ കോട്ടകളുള്ള ജറുസലേമും സംരക്ഷിച്ച തങ്ങളുടെ ദേശം നശിച്ചതെങ്ങനെ എന്നതായിരുന്നു പ്രവാസികളെ അലട്ടിയിരുന്ന അടിസ്ഥാന പ്രശ്നം. ഇസ്രായേലിന്റെ ശത്രുക്കളെ നശിപ്പിക്കുന്നതിനുള്ള വഴിയായിട്ടാണ് ദൈവം ഇസ്രായേലിനു തകർച്ച നൽകിയത് എന്ന ഉത്തരമാണ് പ്രവാചകൻ നൽകുന്നത്. ന്യായാ 16:29-30 നെ ആധാരമാക്കി യാഥാസ്ഥിതിക യഹൂദർ നൽകിയിരുന്ന വിശദീകരണം തന്നെയാണ് എസെക്കിയേലും അനുവർത്തിക്കുന്നത്. സാംസൺ തന്നെ ബന്ധിച്ച തൂണു കുലുക്കി കെട്ടിടം തകർത്ത് തന്റെ മരണത്തിലൂടെ ശത്രുക്കളെ മുഴുവൻ വകവരുത്തുന്ന സംഭവമാണ് ന്യായാ 16:29-30 ൽ വിവരിക്കുന്നത്. ഇസ്രായേലിന്റെ തകർച്ച ശത്രുക്കളുടെ നാശം ഉറപ്പുവരുത്താനുള്ള വഴിയായിരുന്നു എന്നും ശത്രുരാജ്യങ്ങളുടെ നാശം പൂർത്തിയാകുമ്പോൾ ദൈവം ഇസ്രായേലിനെ സമുദ്ധരിക്കും എന്നുമുള്ള പ്രതീക്ഷയാണ് എസെക്കിയേൽ പ്രവാസികൾക്കു പകർന്നു നൽകുന്നത്.

2. ഭൂമി ഇളകിയാലും പർവ്വതങ്ങൾ കുലുങ്ങിയാലും സമുദ്രം സുനാമി

ഉയർത്തിയാലും കർത്താവാണ് എന്റെ അഭയം അവിടുന്നാണ് എന്റെ സുശക്തമായ കോട്ട, എന്ന സങ്കീർത്തകന്റെ വിശ്വാസമാണ് (46:1-3) പ്രവാചകൻ ദൃഷ്ടാന്തവൽക്കരിക്കുന്നത്. സകല തകർച്ചകളിലും ദൈവ ത്തിൽ ആശ്രയിക്കുക, കാരണം അവിടുന്നു ചരിത്രത്തിന്റെ നിയന്താ വാണ് എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്.

## എസെക്കിയേൽ 32:1-16, ഘോരവ്യാളിയായ ഈജിപ്ത്

ഈജിപ്തിനെതിരായ പ്രവചനങ്ങളിലെ ആറാമത്തെ പ്രവചനമായ 32:1-16 ൽ ഈജിപ്തു ദേശത്തിനും ഫറവോയ്ക്കുമെതിരായ പ്രവചന ങ്ങളാണുള്ളത്. ഈ പ്രവചനത്തെ രണ്ടുഭാഗങ്ങളായി തരംതിരിക്കാം.

1. 32:1-10 ൽ ഫറവോയെ ഒരു ഭീകരസത്വം (വ്യാളി) ആയി ചിത്രീക രിക്കുന്നു. 2. 32:11-16 ൽ ഈജിപ്തിനെതിരായ ശിക്ഷാവിധിയാണ് അവ തരിപ്പിക്കുന്നത്.

ഈ പ്രവചനത്തിന്റെ തിയതി ബി.സി. 585 മാർച്ച് 3 ആണ്. 31:1-18 ൽ കരുത്തുറ്റ അസ്സീറിയായോടാണ് ഈജിപ്തിനെ താരതമ്യം ചെയ്തതെ ങ്കിൽ 32:2 ൽ ഈജിപ്തിനെ സിംഹത്തോടാണ് ഉപമിക്കുന്നത്. മൃഗരാ ജൻ എന്ന നിലയിലും വേട്ടയിലുള്ള അസാധാരണ പാടവം നിമിത്തവും സിംഹത്തിന്റെ പ്രൗഢി അംഗീകരിക്കപ്പെട്ടതാണ്. ഇസ്രായേലിൽ രാജാ വിന്റെ അടയാളമായി സിംഹം കരുതപ്പെട്ടിരുന്നു. സിംഹത്തിന്റെ കരു ത്തിനെക്കുറിച്ച് ബൈബിൾ വാചാലമാണ് (ആമോ 3:8; ഹോസി 5:14; 11:10-11; 13:7; ഏശ 31:4). എന്നാൽ വളരെപ്പെട്ടന്ന് സിംഹം എന്ന പ്രതീകം മാറ്റി "ഘോരസത്വം" (= താന്നിം) എന്ന പുതിയ പ്രതീകമാണ് പ്രവാച കൻ ഉപയോഗിക്കുന്നത്. 29:3 ൽ മുതലയെ സൂചിപ്പിക്കാനും ഇതേ പദ മാണ് ഉപയോഗിക്കുന്നത്. എന്നാൽ 32:3 ൽ ഇത് കേവലം മുതലയല്ല; അതിനെക്കാൾ ഭീകരത ജനിപ്പിക്കുന്ന ഒരു ജീവിയാണെന്ന് കരുതണം. ചരിത്രാതീതകാലത്ത് ദൈവത്തോട് ഏറ്റുമുട്ടിയ ഭീകരസത്വത്തെക്കുറി ച്ചുള്ള ഐതിഹ്യകഥകളുടെ സ്വാധീനം ബൈബിളിലുണ്ട് (ജോബ് 26:13; സങ്കീ 74:12-14; ഏശ 51:9-10) കാനാന്യപുരാണങ്ങളിൽ ബാൽദേവൻ കടൽസത്വമായ യമ്മിനെ വലയിലാക്കുന്ന വിവരണമുണ്ട്.

29:5 ലേതിനു സമാനമായി ദൈവം സത്വത്തെ പിടിച്ച് കരയിലേക്കെ റിയുകയും പക്ഷിമൃഗാദികൾക്ക് ഇരയാക്കുകയും ചെയ്യും (വാ. 4). "ഭൂമി യിലെ മുഴുവൻ പക്ഷിമൃഗാദികളും ഭക്ഷിക്കും" എന്നത് സത്വത്തിന്റെ അത്ഭുതാവഹമായ വലിപ്പത്തെയാണ് ദ്യോതിപ്പിക്കുന്നത്. പർവ്വതങ്ങളെ മൂടാനും താഴ്‌വരകളെ നിറക്കാനും മാത്രം അളവ് മാംസം ഈ സത്വ ത്തിനുണ്ട് (വാ. 5-6). ഇതിന്റെ രക്തവും ഭൂമി മൂടാൻ മാത്രം അളവിലു ണ്ട്. നൈൽ നദീതടത്തിൽ ഉയർന്ന പർവ്വതങ്ങളോ അഗാധ ഗർത്തങ്ങളോ ഇല്ലാത്തതിനാൽ ഈ വർണ്ണന തികച്ചും ആലങ്കാരികമായി മനസ്സിലാ ക്കാനുള്ളതാണ്.





സത്വത്തിന്റെ ജീവൻ ഊതിക്കെടുത്തിയാൽ (= ബെക്കാബോത്തേക്കാ, പി.ഓ.സി. ബൈബിളിൽ നിന്നെ നിർമ്മാർജ്ജനം ചെയ്താൽ എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്) തുടർന്ന് ഇരുളു പരക്കും. സൂര്യചന്ദ്ര നക്ഷത്രാദികൾ ഇരുണ്ടുപോകുന്നതിനാൽ ആകാശം അന്ധകാരമയ മാകും. യാഹ്‌വെയുടെ ദിനത്തെ വിവരിക്കാൻ പ്രവാചകന്മാർ സമാന മായ ശൈലികൾ ഉപയോഗിക്കാറുണ്ട് (ആമോ 5:18; 8:9; ഏശ 13:10; ജോയേ 2:10). എന്നാൽ ഇവിടെ വിവക്ഷിക്കപ്പെടുന്ന ഇരുട്ട് പുറപ്പാടു പുസ്തക ത്തിൽ വിവരിക്കുന്ന ബാധകളിലെ അന്ധകാരമാകാനാണ് കൂടുതൽ സാധ്യത (പുറ 10:21-22). ശക്തനായ ഫറവോയുടെ അന്ത്യംകണ്ട് ഇതര രാജാക്കന്മാർ ദൈവമഹത്വത്തിന്റെ ശക്തി തിരിച്ചറിയും (വാ. 9-10).

**32:11-16,** ദൈവത്തിന്റെ സംഹാര ദൂതനായി ഈജിപ്തിലേക്ക് വരു ന്നത് നബുക്കദ്നേസർ ആണ് (വാ. 11). ഏറ്റവും ഭീകരരായ ബാബിലോ ണിയരുടെ (28:7; 30:11; 31:12) വാളിനു മുന്നിൽ ഈജിപത് ജീവനറ്റുവീ ഴും. മനുഷ്യൻ മാത്രമല്ല മൃഗങ്ങളും ഈ പ്രതികാരനടപടിക്കു വിധേയ രാകും. മലിനമാക്കാൻ മനുഷ്യരും മൃഗങ്ങളുമില്ലാത്തതിനാൽ നൈൽനദി തെളിനീരുപോലെ ഒഴുകും. ഈജിപ്തിന്റെ സർവ്വനാശം ദൈവികശക്തി യുടെ കരുത്തുറ്റ സാക്ഷ്യമായി ജനതകൾ തിരിച്ചറിയും എന്ന പതിവു പ്രസ്താവനയോടെയാണ് ഈ പ്രവചനം അവസാനിക്കുന്നത് (വാ. 16).

**വിചിന്തനം:** 1. ഈജിപ്തിന്റെ നാശം വിവരിക്കുക വഴി ക്രൂരതയെയും അതിക്രമങ്ങളെയും ന്യായീകരിക്കുകയല്ല എസെക്കിയേലിന്റെ ആത്യ ന്തിക ലക്ഷ്യം. പ്രവാചകന്റെ വാക്കു ധിക്കരിച്ച് ഈജിപ്തിലേക്കു പലാ യനം ചെയ്ത യഹൂദരുടെ നടപടി തെറ്റായിരുന്നു എന്നു സ്ഥാപിക്കുക യാണ് പ്രവാചകന്റെ ലക്ഷ്യം. ദൈവജനത്തിന്റെ രക്ഷകൻ ദൈവമല്ലാ തെ മറ്റാരുമല്ല; ആകാൻ പാടില്ല.

2. വിജാതീയ ദേശങ്ങൾക്കെതിരായ പ്രവചനങ്ങൾ ബൈബിളിലെ പ്രവചനഗ്രന്ഥങ്ങളിലുടനീളമുണ്ട്. എന്നാൽ അവയെ ഒറ്റപ്പെടുത്തി വ്യാഖ്യാനിച്ചാൽ ബൈബിളിലെ ദൈവം വർഗ്ഗീയവാദിയും ജിഹാദിന് ആഹ്വാനം നൽകുന്നവനുമാണെന്ന തെറ്റിദ്ധാരണ ഉണ്ടാകാം. ദൈവിക രക്ഷാകരപദ്ധതിയുടെ സമഗ്രതയിൽ സകലജനപദങ്ങൾക്കും സ്ഥാന മുണ്ട് എന്ന ബൈബിളിന്റെ പ്രഥമതത്വത്തിന്റെ പശ്ചാത്തലത്തിലേ ഇവയെ വ്യാഖ്യാനിക്കാനാകൂ.

## എസെക്കിയേൽ 32:17-32, ഈജിപ്ത് പാതാ ളത്തിലേക്ക്

ഏഴു വിജാതീയ രാജ്യങ്ങൾക്കെതിരേ എസെക്കിയേൽ നടത്തിയ പ്രവ ചന പരമ്പരയിലെ അവസാനത്തെയും ഈജിപ്തിനെതിരേയുള്ള ഏഴു പ്രവചനങ്ങളിലെ സമാപന പ്രവചനവുമാണ് 32:17-32 ൽ വിവരിക്കുന്ന ത്.

**32:17–18,** ഈജിപ്തിന്റെ നഷ്ടസമ്പത്തിനെ ഓർത്തുള്ള വിലാപമാണ് വാ. 17–18 ൽ ഉള്ളത്. ഈ പ്രവചനത്തിന്റെ വർഷവും തിയതിയും നൽകിയിട്ടുണ്ടെങ്കിലും മാസം പരാമർശിക്കുന്നില്ല. എന്നാൽ 32:1 ലെ 12 -ാം മാസം തന്നെയായതുകൊണ്ടാവാം ഗ്രന്ഥകാരൻ ഇവിടെ മാസം ആവർത്തിക്കാതിരുന്നത് എന്ന് അനുമാനിക്കാം. ഈ നിഗമനമനുസരിച്ച് ഈ പ്രവചനത്തിന്റെ തിയതി ബി.സി. 585 മാർച്ച് 18 ആണ്. ഈജിപ്തിന്റെ നാശത്തെ ഓർത്തു വിലപിക്കാനുള്ള (= നാഹാ) കല്പനയോടെയാണ് പ്രവചനം ആരംഭിക്കുന്നത് (മിക്കാ 2:4; 1 സാമു 7:2 എന്നിവ കാണുക).

**32:19–32,** വിലാപഗാനത്തിന്റെ തുടർച്ചയായി മനസ്സിലാക്കാമെങ്കിലും ഇവിടെ വിലപിക്കുക എന്നതിനേക്കാൾ "താഴേക്കു പോകുക" (= യാരദ്) എന്ന ക്രിയാരൂപമാണ് ആവർത്തിക്കുന്നത്. 31–32 അധ്യായങ്ങളിൽ ഈ ക്രിയാരൂപം 20 തവണ ആവർത്തിക്കുന്നുണ്ട്. "അപരിച്ഛേദിതരോടൊത്ത്" എന്ന പദപ്രയോഗം (വാ. 19, 24) ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം ഏറെ അപമാനകരമാണ് (ന്യായാ 14:3; 15:8; 1 സാമു 14:6). ഈജിപ്തുകാരും ഫിനീഷ്യരും പരിച്ഛേദനം പരിശീലിച്ചിരുന്നതിനാൽ പരിച്ഛേദനത്തെക്കുറിച്ചുള്ള പരാമർശത്തിന് പ്രസക്തിയുണ്ട്. ഏറ്റവും ഹീനമായ മരണവും നിന്ദ്യമായ മൃതസംസ്കാരവും എന്ന അർത്ഥമേ പ്രവാചകൻ ഇവിടെ വിവക്ഷിക്കുന്നുള്ളൂ. എന്നാൽ ഈജിപ്തിലേക്കു പലായനം ചെയ്ത യഹൂദരെയാണ് പ്രവാചകൻ വിവക്ഷിക്കുന്നതെങ്കിൽ ഈ പ്രവചനം കൂടുതൽ ഗ്രാഹ്യമാണ്.

"പാതാളത്തിൽ സംസാരിക്കുന്ന ശക്തന്മാർ" (വാ. 21) എന്നത് ആരെന്നു വ്യക്തമല്ല. എന്നാൽ അവർ പാതാളത്തിൽ പുതുതായി എത്തിയവരെ സ്വാഗതം ചെയ്യുന്നവരാണെന്ന് സന്ദർഭത്തിൽ നിന്നും അനുമാനിക്കാം (ഏശ 14:15 കാണുക). പാതാളത്തിലെത്തിയവരിൽ അസ്സീറിയ (31:15–18), ഏലാം (ഏശ 22:6; ജറെ 49:35–39) മെഷെക്ക് തൂബാൽ എന്നിവരുണ്ടായിരുന്നു. ജനതകളുടെ പട്ടികയിൽ ഷേമിന്റെ സീമന്തപുത്രനാണ് ഏലാം (ഉൽപ 10:22). ബി.സി. 647 ൽ അസ്സീറിയൻ രാജാവായ അഷൂർബാനിപാൽ ഏലാം നഗരം കീഴടക്കി നശിപ്പിച്ചു. തുടർന്ന് മേദിയാക്കാരും പേർഷ്യാക്കാരും ഈ ദേശം കൈവശമാക്കി. ഏലാമിന് എസെക്കിയേലിന്റെ പ്രവചനത്തിൽ (32:24–25) ഇത്രമേൽ പ്രാധാന്യം ലഭിക്കുന്നത് എന്തുകൊണ്ടാണ് എന്നു വ്യക്തമല്ല.

മെഷെക്ക് - തൂബാൽ ആണ് പാതാളത്തിലെ മൂന്നാമത്തെ കൂട്ടർ (ഉൽപ 10:2; എസെ 27:13). ഇവർ ഏഷ്യാമൈനറിൽ താമസിക്കുന്നവരും എസെ 38–39 അധ്യായത്തിൽ ഗോഗിന്റെ സഹകാരികളായി പ്രത്യക്ഷപ്പെടുന്നവരുമാണ്. 32:27 ൽ നാലാമതൊരു കൂട്ടം യുദ്ധവീരന്മാരെക്കുറിച്ചുള്ള (= ഗിബോറിം നെപേലിം) പരാമർശമുണ്ട്. ഇവിടെ പരാമർശിക്കപ്പെടുന്ന "നെപേലിം" എന്ന പദം അതികായന്മാർ എന്ന അർത്ഥമുള്ള "നെപാലിം" എന്ന പദമാണ് (ഉൽപ 6:2–4) എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. അങ്ങനെയെങ്കിൽ നിമ്രോദ് ഉൾപ്പെടെയുള്ള (ഉൽപ 10:8) യുദ്ധവീരന്മാരെയാണ് ഇവിടെ പരാമർശിക്കുന്നത് എന്നു കരുതാം.





തുടർന്നു കാണപ്പെടുന്നത് ഇസ്രായേലിന്റെ അയൽക്കാരും 25:12–14 ൽ പ്രവാചകൻ പരാമർശിച്ചവരുമായ ഏദോമ്യരെയാണ്. എസെക്കിയേൽ 35 -ാം അധ്യായത്തിൽ ഏദോമിനെതിരേയുള്ള രണ്ടാം പ്രവചനം കാണാം. യൂദായുടെ വടക്കൻ അതിർത്തിയിലുള്ള പ്രഭുക്കളും സീദോന്യരുമാണ് തുടർന്നു കാണപ്പെടുന്നത്. ഫിനീഷ്യാക്കാരെയാണ് ഇവിടെ വിവക്ഷിക്കുന്നത് (വാ. 30).

പാതാളത്തിൽ തങ്ങൾ ഏകരല്ല എന്ന ഏക ആശ്വാസം മാത്രമാണ് ഫറവോയേയും ഈജിപ്തിനേയും കാത്തിരിക്കുന്നത് (വാ. 31). ഭൂമിയിൽ സർവ്വപ്രതാപശാലിയും ശക്തനുമായിരുന്ന ഫറവോ അപമാനിതനും അവഗണിതനുമായി പാതാളത്തിൽ കഴിയുന്നു. രാജാവും പ്രജയും അടിമയും ഒരുപോലെ വേദനിക്കുന്ന പാതാളം വിസ്മയാവഹമായ ഒരു സമത്വചിന്തയാണ് അവതരിപ്പിക്കുന്നത്.

**വിചിന്തനം:** 1. പ്രവാസികളെ മാനസാന്തരപ്പെടുത്താനുള്ള പ്രവാചകന്റെ അവസാന സംരംഭമായി ഈ പാതാള വിവരണത്തെ മനസ്സിലാക്കാം. "മരണം വരുമൊരുനാൾ ഓർക്കുക മർത്യാ നീ, കൂടെപ്പോരും നിൻ ജീവിത ചെയ്തികളും, സൽകൃത്യങ്ങൾ ചെയ്യുക നീ അലസത കൂടാതെ" എന്ന ചിന്തതന്നെയാണ് ഈ പ്രവചനത്തിനു പിന്നിലുള്ളതും. സ്വർഗ്ഗ-നരക ചിന്തകളാണ് മനുഷ്യന്റെ പുണ്യ - പാപങ്ങളുടെ ഗതി നിർണ്ണയിക്കുന്നത് എന്നതു സത്യമാണല്ലോ. മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം നഷ്ടമാകുമ്പോൾ മനുഷ്യൻ ധർമ്മാധർമ്മ വിവേചനം വെടിയാനിടവരും.

2. മരണമാണ് മനുഷ്യനു സങ്കല്പിക്കാവുന്ന ഏറ്റവും വലിയ സമത്വചിന്ത ഉണർത്തുന്ന സത്യം. രാജാവും പ്രജയും അടിമയും ഉടമയും സമ്പന്നനും ദരിദ്രനുമെല്ലാം മരണത്തിൽ സമന്മാരാകുന്നു. ജീവിതത്തിന്റെ സകല അസമത്വങ്ങളെയും തുടച്ചുനീക്കുന്ന ദൈവനീതിയുടെ സന്തുലനമാണ് മരണം.

ഭാഗം
3

# എസെക്കിയേൽ 33:1 – 48:35 ഇസ്രായേലിന്റെ പുനരുദ്ധാരണം

എസെക്കിയേലിന്റെ ഗ്രന്ഥത്തിന്റെ അവസാനഭാഗമാണ് 33:48:35. ഇസ്രായേലിന്റെ പുനരുദ്ധാരണത്തെക്കുറിച്ചാണ് ഈ വചനഭാഗത്ത് പ്രവാചകൻ പ്രധാനമായും പ്രതിപാദിക്കുന്നത്. ഈ പ്രവചനങ്ങളുടെ ഘടന ചുവടെ ചേർക്കുന്നു:

A 33:1–33 ജറുസലേമിന്റെ പതനം

B 34:1–31 കർത്താവ് ശത്രുക്കളിൽനിന്നു സംരക്ഷിക്കുന്ന ഇടയനാണ്

C 35:1–36:15, ഇസ്രായേലിലെ മലകൾ വീണ്ടും തളിർക്കും

D 37:1–14, അസ്ഥികൾ ഉയിർപ്പിക്കപ്പെടുന്നു

C[1] 37:15–28, ഇസ്രായേൽ വീണ്ടും ജീവിക്കും

B[1] 38:1–39:29, കർത്താവ് ശത്രുവായ ഗോഗിനെയും കൂട്ടാളികളെയും പരാജയപ്പെടുത്തുന്നു

A[1] 40:1–48:35, പുനരുദ്ധരിക്കപ്പെട്ട ഇസ്രായേലിനെക്കുറിച്ചുള്ള ദർശനം.

ഘടനാപരമായി തികച്ചും ക്രമീകൃതമായ ഈ വചനഭാഗം എസെക്കിയേലിന്റെ ഗ്രന്ഥത്തിന്റെ മകുടമാണ്. വിജാതീയരാജ്യങ്ങളെപ്പോലെ നിത്യനാശത്തിൽ അവസാനിക്കാനുള്ള വിധിയല്ല ഇസ്രായേലിനുള്ളത്. കാരണം അവൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട വധുവാണ്. ദൈവം അവളെ പ്രവാസത്തിലൂടെ ശുദ്ധീകരിച്ച് തന്റെ സ്വന്തമാക്കി പുനരുദ്ധരിച്ചു എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്.

## എസെക്കിയേൽ 33:1–20, അനുതാപത്തിനുള്ള ആഹ്വാനം

പ്രധാനമായും രണ്ടു പ്രവചനങ്ങൾ ഉൾക്കൊണ്ടുള്ളതാണ് ഈ വചനഭാഗം: (1) എസെക്കിയേൽ ദൈവജനത്തിന്റെ കാവൽക്കാരനായി നിയമിക്കപ്പെടുന്നു (വാ. 1–9), (2) അനുതപിക്കാത്തവരെല്ലാം നശിക്കും (വാ. 10–20).

**30:1–9,** പ്രവാചകനെ ജനത്തിന്റെ കാവലാളായി നിയമിക്കുന്നതിനെക്കുറിച്ചാണ് ഈ പ്രവചനം. എന്നാൽ ഏതൊരു ജനനേതാവിനും ബാധകമായ നിയോഗം എന്നനിലയിൽ വിശാലമായ ഒരു പരിപ്രേക്ഷ്യത്തി





ലാണ് പ്രവാചകൻ കാവൽക്കാരന്റെ ദൗത്യത്തെ വിശദീകരിക്കുന്നത്.

ദൈവം ഒരു ദേശത്തിനെതിരേ വാൾ അയയ്ക്കുന്നു (യുദ്ധത്തിനു വരുന്നു) എന്നതാണ് സന്ദർഭം. മുന്നറിയിപ്പു നൽകാനായി ജനം ഒരു കാവലാളെ നിയോഗിക്കുന്നു എന്നതാണ് ആദ്യനടപടി. യുദ്ധസന്നദ്ധനായി വരുന്ന ശത്രുവിനെ (ദൈവത്തെ)ക്കുറിച്ചുള്ള മുന്നറിയിപ്പ് ജനത്തിനു നൽകുക എന്നതാണ് കാവൽക്കാരന്റെ ദൗത്യം. മുന്നറിയിപ്പു സ്വീകരിക്കാതെ തന്നിഷ്ടം പ്രവർത്തിക്കുന്നവൻ വാളിനിരയാകും. എന്നാൽ, അവന്റെ മരണത്തിന് കാവൽക്കാരൻ ഉത്തരവാദിയായിരിക്കില്ല. അവന്റെ രക്തത്തിന് അവൻതന്നെയാണ് ഉത്തരവാദി (ജോഷ്വാ 2:19). മുന്നറിയിപ്പ് നൽകാതിരുന്നാൽ ജനത്തിന്റെ മരണത്തിന് കാവൽക്കാരൻ ഉത്തരവാദിയാകും, അവനും മരണശിക്ഷ ലഭിക്കും.

എസെക്കിയേലിനെ ദൈവം പ്രവാസികളുടെ കാവലാളായി നിയമിച്ചിരിക്കുകയാണ് (വാ. 7–9). ദൈവിക വെളിപാടുകളും മുന്നറിയിപ്പുകളും യഥാസമയം പ്രവാസികളെ അറിയിക്കാനുള്ള ഉത്തരവാദിത്വം പ്രവാചകനുണ്ട്. ദുഷ്ടനു നാശത്തിന്റെ മുന്നറിയിപ്പ് ദൈവം നൽകുമ്പോൾ അത് അറിയിക്കാൻ വൈമു ഖ്യം കാട്ടിയാൽ താനും ദുഷ്ടനും ഒരുപോലെ നശിക്കും എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്. തന്റെ വാക്കുകൾ എന്തുകൊണ്ടു പരുഷമാകുന്നു എന്നതിനുള്ള വിശദീകരണമാണ് പ്രവാചകൻ നൽകുന്നത്. തന്റെ വാക്കുകളല്ല ദൈവത്തിന്റെ ശിക്ഷാവിധിയാണ് യഥാർത്ഥത്തിൽ കഠിനമായിട്ടുള്ളത് എന്നാണ് പ്രവാചകൻ വിവക്ഷിക്കുന്നത് (എസെ 3:16–21; ജറെ 6:17 കാണുക).

**33:10–20,** ഇസ്രായേലിന്റെ അതിക്രമങ്ങളെ (= പാഷാ) ക്കുറിച്ചാണ് പ്രവാചകൻ തുടർന്നു സംസാരിക്കുന്നത്. "പാഷാ" എന്നത് ഹിത്യരുടെ സുസൈറേൻ ഉടമ്പടിയിൽ വരുത്തിയ വീഴ്ചയെ സൂചിപ്പിക്കുന്ന സാങ്കേതിക പദമാണ്. ഉടമ്പടിയുടെ ലംഘനമാണ് ഇസ്രായേലിന്റെ പാപം എന്നാണ് അർത്ഥമാക്കുന്നത്. പാപത്തെ സൂചിപ്പിക്കുന്ന "ഹത്താഹ്" എന്ന പദത്തിന് ലക്ഷ്യം തെറ്റുക എന്നാണർത്ഥം. ഇസ്രായേലിന് ദൈവം എന്ന ലക്ഷ്യം നഷ്ടമായി എന്ന അർത്ഥമാണ് ഇവിടെ വ്യക്തമാകുന്നത്. പ്രവാസികളുടെ നിരാശയാണ് "നമ്മൾ എങ്ങനെ ജീവിക്കും" എന്ന പ്രസ്താവനയിലൂടെ പ്രകടമാക്കുന്നത്. എസെ 12:21–27 ലെ പ്രവാചക വചനങ്ങൾ ധിക്കരിച്ചതിന് കിട്ടിയശിക്ഷയാണ് പ്രവാസം എന്ന് പരോക്ഷമായി സൂചിപ്പിക്കുകയാണിവിടെ.

ഒരുവന്റെ ഭൂതകാലത്തിന്റെ വെളിച്ചത്തിൽ വർത്തമാനകാലത്തിന്റെ ധാർമ്മികത വായിച്ചെടുക്കാനാവില്ല എന്ന വ്യക്തമായ നിലപാടാണ് പ്രവാചകൻ സ്വീകരിക്കുന്നത്. ഗതകാല പാപം പശ്ചാത്താപത്തിലൂടെ കഴുകാനാകുമെന്നും എന്നാൽ ഗതകാലപുണ്യങ്ങളുടെ പിൻബലത്തിൽ രക്ഷ കരഗതമാക്കാൻ കഴിയില്ല എന്ന നിലപാടാണ് പ്രവാചകൻ അവതരിപ്പിക്കുന്നത് (വാ. 10–12). പ്രവാസികൾക്ക് ഏറെ ആശ്വാസം ലഭിക്കുന്ന പ്രസ്താവനയാണിത്. അനുതാപത്തിന്റെ കണ്ണുനീരിൽ പാപത്തെ കഴുകി വിമലീകരിക്കാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നു എന്ന ആഹ്വാ

നമാണ് പ്രവാചകൻ നൽകുന്നത്. പാപത്തിന്റെ വ്യക്തിപരമായ ഉത്തര വാദിത്വത്തെക്കുറിച്ച് 18:1–25ൽ പ്രവാചകൻ പറയുന്ന വസ്തുതകളുടെ മറ്റൊരു ഭാഷ്യമായി ഇതിനെ മനസ്സിലാക്കാം.

ദൈവത്തിന്റെ മനസ്സു മാറാനും അവിടുത്തെ കോപം തണുക്കാനു മുള്ള കാത്തിരിപ്പിന്റെ കാലമല്ല പ്രവാസം. ഓരോരുത്തനും തങ്ങളെ ത്തന്നെ തിരുത്താനും മാനസാന്തരപ്പെടാനുമാണ് ശ്രമിക്കേണ്ടത്. ദൈവ ത്തിന്റെ വഴികൾ നീതിരഹിതമാണെന്ന് കരുതുന്ന പ്രവാസികളോട് യഥാർത്ഥത്തിൽ നീതിരഹിതമായത് സ്വന്തം വഴികൾതന്നെയാണ് എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്.

**വിചിന്തനങ്ങൾ:** 1. പ്രവാചകൻ ദൈവഹിതം അറിയിക്കേണ്ടവനാണ്. ജനപ്രിയ വിവരങ്ങൾ അറിയിക്കാനും ജനങ്ങളുടെ കയ്യടിവാങ്ങാനുമു ള്ളവനല്ല പ്രവാചകൻ. ഉണ്ടചോറിനും കിട്ടിയ പ്രോത്സാഹനത്തിനും പ്രതിനന്ദി എന്ന നിലയിൽ പലകാര്യങ്ങളും പറയേണ്ടവരോടു പറയാൻ മടിക്കുന്നവരാണ് ആധുനിക നേതൃത്വം. പ്രവാചകന്റെ നിർഭയത്വം നഷ്ട മായാൽ ഭൂമിയിൽ ദൈവഹിതമറിയാനുള്ള വഴികൾ അടഞ്ഞുപോകും. താൻ പറയുന്ന വാക്കുകൾ ദൈവഹിതമാണെന്ന തിരിച്ചറിവിന്റെ തീക്ഷ്ണത നഷ്ടപ്പെടുത്താത്തവനാണ് എസെക്കിയേൽ.

2. ഗതകാലത്തിലല്ല വർത്തമാന കാലത്തിലാണ് ജീവിക്കേണ്ടത് എന്ന എസെക്കിയേലിന്റെ കാഴ്ചപ്പാടിന് ഏറെ പ്രസക്തിയുണ്ട്. ജീവിതത്തിൽ എപ്പോഴോ പറ്റിപ്പോയ ഒരു തെറ്റിനെയോർത്ത് നിത്യവും കണ്ണീർ തൂകി പാഴാക്കാനുള്ളതല്ല ജീവിതം. അനുതപിച്ച് പാപമോചനം നേടി വരപ്ര സാദത്തിന്റെ വർത്തമാനകാലത്തിൽ ജീവിക്കാനാണ് എസെക്കിയേൽ ആവശ്യപ്പെടുന്നത്. അതു പോലെതന്നെ ഗതകാല പുണ്യങ്ങളുടെ പേരിൽ വർത്തമാനകാല തിന്മകൾ ന്യായീകരിക്കപ്പെടില്ല എന്ന വ്യക്ത മായ സന്ദേശവും പ്രവാചകൻ നൽകുന്നുണ്ട്.

## എസെക്കിയേൽ 33:21–33, ജറുസലേമിന്റെ നാശം

പ്രവാസത്തിലായിരുന്ന ജനം ജറുസലേമിന്റെ പതനത്തിന്റെ വാർത്ത ശ്രവിക്കുന്നതും ജറുസലേമിൽ അവശേഷിക്കുന്നവരെ കാത്തിരിക്കുന്ന ദുരന്തങ്ങളെക്കുറിച്ചുള്ള വിധിയുമാണ് ഈ പ്രവചനങ്ങളുടെ ഇതിവൃ ത്തം.

**33:21–22,** പ്രവാസത്തിന്റെ പന്ത്രണ്ടാം വർഷമാണ് ജറുസലേമിന്റെ പതനവാർത്ത പ്രവാസികൾ അറിയുന്നത്. ജറുസലേമിന്റെ നാശത്തെ ക്കുറിച്ചുള്ള എസെക്കിയേലിന്റെ പ്രവചനങ്ങളുടെ ആധികാരികതയെ പ്രവാസികളടക്കം സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചിരുന്നത്. എന്നാൽ നഗരത്തിന്റെ പതനവാർത്ത എസെക്കിയേൽ ദൈവത്തിന്റെ സത്യപ്രവാചകനാണെന്ന സത്യം പ്രവാസികളെ ബോധ്യപ്പെടുത്തി. ഈ തിരിച്ചറിവിനൊപ്പം എസെക്കിയേലിന്റെ സംസാരശേഷി തിരികെ ലഭി





ക്കുകയും ചെയ്തു (3:26–27 കാണുക). 24:25–26 ൽ ജറുസലേമിന്റെ നാശം സംഭവിച്ചുകഴിഞ്ഞതായി പരാമർശമുണ്ട്. എന്നാൽ 25–32 അധ്യാ യങ്ങൾ മൂലഗ്രന്ഥത്തോട് പ്രവാചകൻതന്നെയോ പിൽ ക്കാല സംശോ ധകരോ കൂട്ടിച്ചേർത്തതാണ് എന്നവാദം ശരിയാണെങ്കിൽ 24:25–26 ന്റെ തുടർച്ചയായി 33:1–32 നെ മനസ്സിലാക്കാവുന്നതാണ്. അങ്ങനെയെങ്കിൽ എസെക്കിയേൽ ഒരുദിനം മാത്രമേ ഊമനായിരിക്കേണ്ടിവന്നുള്ളൂ എന്നു കരുതാം.

**33:23–29,** ബി.സി. 597 ൽ ജറുസലേമിന്റെ പതനം സംഭവിച്ചപ്പോൾ ബാബിലോണിയൻ ആക്രമണത്തെ അതിജീവിച്ച നഗരവാസികൾക്കുള്ള സന്ദേശമാണ് പ്രവാചകൻ തുടർന്നു നൽകുന്നത് (വാ. 23–29). 2 രാജാ 24:11 ലെ വിവരണമനുസരിച്ച് ദരിദ്രരും നിരാലംബരുമായ ഒരുവിഭാഗം ജനങ്ങളെ ബാബിലോൺ സൈന്യം യൂദായിൽ അവശേഷിപ്പിച്ചിരുന്നു. ഇവരുടെ വിചാരവികാരങ്ങളാണ് 33:24 ൽ വെളിപ്പെടുന്നത്: അബ്രാഹം ഏകനായിരുന്നിട്ടും അവനു ദേശം ലഭിച്ചു, നമ്മൾ കൂടുതൽ പേരുള്ളതി നാൽ തീർച്ചയായും ദേശം ലഭിക്കും എന്നാണ് അവർ ചിന്തിച്ചത്. യൂദാ യുടെ പിന്തുടർച്ചാവകാശികളായി തങ്ങളെ ദൈവം നിയോഗിച്ചതായാണ് അവർ കരുതുന്നത്.

ഈ മൂഢചിന്തയെയാണ് പ്രാവചകൻ തിരുത്തുന്നത്. എസെ 11:1–25 ൽ ആദ്യ പ്രവാസിഗണം പുറപ്പെട്ടശേഷം ജറുസലേമിൽ അവശേഷിച്ചി രുന്നവരോട് പ്രവാചകൻ നടത്തുന്ന പ്രഭാഷണത്തിന്റെ അനുരണനങ്ങൾ ഈ വചനങ്ങളിലുമുണ്ട്. നാടുകടത്തപ്പെട്ടില്ലെങ്കിലും അവരുടെ തിന്മ മാറ്റ മില്ലാതെ തുടരുന്നതിനാൽ അവരും ശിക്ഷാർഹരാണ് എന്നാണ് പ്രവാ ചകൻ വിവക്ഷിക്കുന്നത്. അവരുടെ തെറ്റുകൾ താഴെപ്പറയുന്നവയാണ്:

(1) രക്തം കലർന്ന ഭക്ഷണം കഴിക്കുന്നു (ലേവ്യ 17:10–16; 19:26). (2) വിഗ്രഹങ്ങളെ ആരാധിക്കുന്നു (പുറ 20:1–6). (3) രക്തപാതകം ചെയ്യുന്നു (പുറ 20:13). (4) സ്വന്തം വാളിൽ ആശ്രയിച്ച് കാട്ടാളനീതി നടത്തുന്നു (2 രാജാ 25:22–26 ൽ വിവരിക്കുന്ന ജറുസലേമിലെ അക്രമങ്ങളെയാണ് ഇവിടെ വിവക്ഷിക്കുന്നത്). (5) മ്ലേച്ഛതകൾ (= തോ ഏബാ), വിഗ്രഹാരാ ധന, വ്യഭിചാരം, അശുദ്ധപാപങ്ങൾ തുടങ്ങിയവ പ്രവർത്തിക്കുന്നു (6:9:8:6). അബ്രാ ഹം ഏകനായിരുന്നതുകൊണ്ടല്ല, ഉടമ്പടിയോടു വിശ്വ സ്തനായിരുന്നതുകൊണ്ടാണ് ഭൂമിയുടെ അവകാശിയായത്. ഉടമ്പടി യോട് അവിശ്വസ്തരായ ജറുസലേം നിവാസികൾക്ക് ദേശം അവകാശ മായി ലഭിക്കില്ല എന്നതാണ് എസെക്കിയേലിന്റെ വാദത്തിലെ യുക്തി. ദേശം അവകാശമായി ലഭിക്കില്ല എന്നു മാത്രമല്ല അവർക്കു കഠിനശി ക്ഷയും ലഭിക്കുമെന്ന് പ്രവാചകൻ മുന്നറിയിപ്പു നൽകുന്നു (വാ. 28–29).

**33:30–33,** ഈ വചനങ്ങൾ പ്രഘോഷിക്കാനുള്ള അരുളപ്പാടുകളായി ട്ടല്ല, പ്രവാചകനുള്ള വ്യക്തിപരമായ സന്ദേശമായിട്ടാണ് അവതരിപ്പിച്ചി രിക്കുന്നത്. പ്രവാസികൾ ദൈവവചനം കേൾക്കാൻ താല്പര്യത്തോടെ പ്രവാചകന്റെ പക്കലെത്തുമെന്നും (8:1; 14:1; 20:1) എന്നാൽ അവരുടെ ഭക്തി (= അഗാബിം) ഉപരിപ്ലവവും ആത്മാർത്ഥതയില്ലാത്തതുമാണെന്നും ദൈവം പ്രവാചകന് മുന്നറിയിപ്പു നൽകുന്നു (വാ. 31). ദൈവവചനം ശ്രവിക്കുമ്പോഴും അവരുടെ മനസ്സ് കൊള്ളമുതലിൽ അഭിരമിക്കുന്നതാണ്

എന്ന് ദൈവം ചൂണ്ടിക്കാട്ടുന്നു. എന്നാൽ, പ്രവാചകൻ അരുളിച്ചെയ്യുന്നവയെല്ലാം സത്യമായും നിറവേറുന്ന കാലം വരുമ്പോൾ മാത്രമേ പ്രവാചകന്റെ ആധികാരികതയെ അവർ അംഗീകരിക്കുകയുള്ളൂ (വാ. 33).

**വിചിന്തനം:** 1. ബാബിലോൺ ആക്രമണത്തെ അതിജീവിച്ചവർ തങ്ങളെത്തന്നെ ദേശത്തിന്റെ അവകാശികളായി കരുതുന്നത് ചിന്തനീയമാണ്. ഒരു ദുരന്തത്തെ അതിജീവിക്കാനിടയായവർ തങ്ങൾ, ദുരന്തത്തിൽപ്പെട്ടവരേക്കാൾ ദൈവകൃപയുള്ളവരും അനുഗ്രഹിക്കപ്പെട്ടവരുമാണെന്ന ധാരണ വച്ചു പുലർത്താറുണ്ട്. എന്നാൽ, ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ ദൈവിക ഉടമ്പടിയോടു കാണിക്കുന്ന വിശ്വസ്തതയ്ക്കു മാത്രമാണ് പരിഗണനയുള്ളത്. അധർമ്മികൾ ചില ദുരന്തങ്ങളെ അതിജീവിക്കുന്നത് കൂടുതൽ വലിയ ശിക്ഷാവിധിക്കു വിധേയനാകാൻ വേണ്ടിയാണ് എന്നതാണ് എസെക്കിയേലിന്റെ വാദം.

2. വചനം കേൾക്കാനുള്ള കൗതുകമോ താല്പര്യമോ ആർക്കും രക്ഷാകരമായിരിക്കുകയില്ല. മറിച്ച് വചനം വിശ്വസിക്കാനും അതനുസരിച്ച് ജീവിക്കാനുമുള്ള സന്നദ്ധതയാണ് ആവശ്യം. പ്രവാസികൾ ഉപരിപ്ലവമായി മാത്രം ചിന്തിക്കുന്നവരും തിന്മയെ ഉപേക്ഷിക്കാൻ മടിക്കുന്നവരുമാകയാൽ രക്ഷ വിദൂരത്തിലാണ് എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്.

## എസെക്കിയേൽ 34:1-16, കർത്താവ് ഇസ്രായേലിന്റെ ഇടയൻ

എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ 34:1-48:35 നെ "എസെക്കിയേലിന്റെ സുവിശേഷം" എന്നു വിശേഷിപ്പിക്കുന്നവരുണ്ട് (Block, *Ezekiel*, NICOT, P. 268). കാരണം ഈ ഗ്രന്ഥഭാഗം പ്രത്യാശയുടെയും ശുഭാപ്തിവിശ്വാസത്തിന്റെയും വലിയൊരു ഊർജ്ജമാണ് വായനക്കാർക്കു പകർന്നു നൽകുന്നത്. ഇസ്രായേലിന്റെ പഴയകാല ഇടയന്മാരെക്കുറിച്ചുള്ള കർത്താവിന്റെ വിലയിരുത്തലും (വാ. 2-10) ഇനിമേൽ യാഹ്‌വേതന്നെ ഇസ്രായേലിന്റെ ഇടയനായിരിക്കും എന്ന പ്രഖ്യാപനവും (വാ. 11-16) അടങ്ങുന്നതാണ് ഈ വചനഭാഗം.

**34:1-10,** ഇസ്രായേലിന്റെ ആധ്യാത്മികതയുമായി അഭേദ്യം ബന്ധപ്പെട്ടതാണ് ഇടയൻ എന്ന സങ്കല്പം. ഇസ്രായേലിലെ ഇടയൻമാർ തങ്ങളുടെ ആടുകളെയുംകൊണ്ട് മേച്ചിൽപ്പുറങ്ങൾ തേടിപ്പോയിരുന്നതുകൊണ്ട് അവർക്ക് സ്ഥിരമായ താമസസ്ഥലം ഇല്ലായിരുന്നു. ആടുകൾക്ക് തീറ്റയും വെള്ളവും സങ്കേതവുമൊരുക്കുന്നതിനൊപ്പം ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് സംരക്ഷണവും നൽകേണ്ടിയിരുന്നു. ഒരു ഇടയനെന്ന നിലയിൽ തന്റെ ജീവിതത്തെ യാക്കോബ് വിവരിക്കുന്നുണ്ട് (ഉൽപ 31:38). ഇടയനും ആടുകളും തമ്മിൽ ഊഷ്മളബന്ധമുണ്ടായിരുന്നു. ആടുകൾ ഇടയനെ അറിഞ്ഞിരുന്നു; ഇടയൻ ആടുകളെയും. അവൻ





അവരെ പേരു ചൊല്ലി വിളിച്ചിരുന്നു. യജമാനനല്ലാത്തവരെ ആടുകൾ ശ്രദ്ധിച്ചിരുന്നില്ല(യോഹ 10:1-6). വെള്ളവും തീറ്റിയും സംബന്ധിച്ച് ഇടയൻമാർ തമ്മിൽ തർക്കമുണ്ടാകുക സ്വാഭാവികമായിരുന്നു (ഉൽപ 13:4-13; 29:2-11; പുറ 2:16-21).പ്രതികൂല കാലാവസ്ഥകളിൽ ആടുകളെ ഗുഹയിൽ പാർപ്പിച്ച് ഇടയൻമാർ കാവലിരുന്നു (1 സാമു 24:3). മുറിവേറ്റ ആടുകൾക്ക് അവർ പ്രത്യേക പരിഗണന നൽകിയിരുന്നു (ഏശ 40:11; മത്താ 12:11). ഈജിപ്തിൽ യഹൂദൻമാർ ഇടയൻമാരായിട്ടാണ് അറിയപ്പെട്ടിരുന്നത്. സ്ത്രീകളും ആടുകളെ മേയിച്ചിരുന്നു (ഉൽപ 29:6-10). മധ്യപൂർവ്വദേശങ്ങളിൽ ഭരണാധികാരികളെയും ദേവൻമാരെയും ഇടയന്മാരായി ചിത്രീകരിച്ചിരുന്നു. ഇതിന്റെ സ്വാധീനം വി. ഗ്രന്ഥത്തിൽ കാണാം (2 സാമു 7:7). ഇടയന്മാർ തങ്ങളുടെ കടമ നിർവഹിക്കാത്തതിനെ വി. ഗ്രന്ഥം നിശിതമായി അപലപിക്കുന്നുണ്ട് (ഏശ 5:6-11; ജറെ 2:8; 10:21; 23:1-2; 50:6; എസെ 34:2-10). ഇത്തരം ഇടയൻമാർക്ക് വധശിക്ഷയാണു ലഭിക്കുക എന്ന് ദൈവം മുന്നറിയിപ്പ് നൽകുന്നു (ജറെ 22:22; 25:34-36). ഇസ്രായേൽ ഒരു ഇടയന്റെ കീഴിൽ ആയിരിക്കും (എസെ 34:23; 37:22). ഇസ്രായേലിന്റെ യഥാർഥ ഇടയൻ യാഹ്‌വെ ആണ്. തൻെറ ആടുകളെ പരിപാലിക്കുന്ന, നയിക്കുന്ന നല്ലിടയൻ (സങ്കീ 23:1-4).

ആടുകളെ പരിപാലിക്കാനുള്ള (= റാഅഹ്) ഉത്തരവാദിത്വമാണ് ദൈവം ഇടയന്മാർക്കു നൽകിയത്. എന്നാൽ ഈ ഉത്തരവാദിത്വം അവർ കർമ്മപാപത്താലും (തിന്മപ്രവൃത്തി) ഉപേക്ഷയാലുള്ള പാപത്താലും (കൃത്യവിലോപം) ലംഘിച്ചു എന്നതാണ് ദൈവത്തിന്റെ ആരോപണം. ഈ ആരോപണങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| കർമ്മദോഷമായ തിന്മകൾ | കൃത്യവിലോപങ്ങൾ |
|---|---|
| ആടിന്റെ മേദസ്സു ഭക്ഷിച്ചു (വാ. 3) | ആടുകളെ പരിപാലിച്ചില്ല (വാ. 2) |
| കമ്പിളിവസ്ത്രം നിർമ്മിച്ചു ധരിച്ചു (വാ. 3) | ദുർബ്ബലമായതിനെ സഹായിച്ചില്ല (വാ. 4) |
| കൊഴുത്ത ആടുകളെ കൊന്നുതിന്നു (വാ. 3) | രോഗമുള്ളവയെ സുഖപ്പെടുത്തിയില്ല (വാ. 4) |
| ക്രൂരമായ മർദ്ദനമുറകളാൽ അധികാരപ്രയോഗം നടത്തി | വഴിതെറ്റിയതിനെ തിരികെ കൊണ്ടുവന്നില്ല (വാ. 4) |
| ആടിനെ പോറ്റാതെ സ്വയം പോറ്റി (വാ. 8) | വന്യമൃഗങ്ങളിൽനിന്നു രക്ഷിച്ചില്ല (വാ. 7) |

കാനാൻ രാജാവായ യാബിന്റെ കീഴിലും (ന്യായ 4:3) ഈജിപ്തിലെ അടിമത്തകാലത്തും (പുറ 1:13-14) ഇസ്രായേൽ അനുഭവിച്ച പീഡനങ്ങൾക്കു സമാനമായ ഈ പീഡനങ്ങൾ ജനത്തിനുമേൽ അടിച്ചേല്പിച്ചത് ഇസ്രായേലിന്റെ നേതാക്കന്മാർതന്നെ എന്നതാണ് ദൈവത്തെ

രോഷാകുലനാക്കുന്നത്. നേതാക്കന്മാരുടെ അശ്രദ്ധകൊണ്ട് "എന്റെ ആടുകൾ" അനാഥരും ദുഷ്ടമൃഗങ്ങളുടെ ഇരയുമായിത്തീർന്നു എന്നാണ് ദൈവം വിലപിക്കുന്നത്.

എസെക്കിയേലിന്റെ പ്രവചനങ്ങളിൽ "ഇസ്രായേൽ ഭവനം മുഴുവനും" പ്രവാചകന്റെ രോഷാകുലമായ പ്രവചനങ്ങൾക്ക് ഇരയായിരുന്നു. എന്നാൽ 34:1–16 ൽ ഇസ്രായേലിന്റെ നേതൃത്വം മാത്രമാണ് കുറ്റാരോപിതരാകുന്നത്. കൂടാതെ കുറ്റാരോപണം കഴിഞ്ഞാലുടൻ ശിക്ഷവിധിക്കുന്ന പതിവുശൈലിക്കു പകരം ഇവിടെ ദൈവംതന്നെ ഇടയധർമ്മം ഏറ്റെടുക്കുകയാണു ചെയ്യുന്നത് (വാ. 7–10). ദൈവം തന്റെ ആടുകളെ സംരക്ഷിക്കാൻ ഇടയനായ ദാവീദിലൂടെ പ്രവർത്തിച്ച് ഗോലിയാത്തിനെ വധിച്ചതിന്റെ (1 സാമു 17:34–35) ഓർമ്മ വായനക്കാരിൽ ഉണർത്തുന്ന ഹൃദ്യമായ ശൈലിയാണ് ഇവിടെ പ്രകടമാകുന്നത്.

**34:11–16,** യൂദായിലെ അവസാനകാല രാജാക്കന്മാരുടെ ചൂഷണമനസ്ഥിതിയും നിരുത്തരവാദപരമായ സമീപനങ്ങളുമാണ് എസെക്കിയേൽ ഇവിടെ വിമർശന വിധേയമാക്കുന്നത്. പരാജയപ്പെട്ട ഈ ഇടയന്മാർക്കു പകരം ദൈവം തന്നെ ഇടയനാകുന്നു എന്നതാണ് ഈ പ്രവചനത്തിന്റെ ഏറ്റവും വലിയ ആകർഷണം. ബാബിലോണിയൻ പുരാണത്തിൽ മർദൂക്ക്ദേവനെ ദേവന്മാരെയെല്ലാം അജഗണത്തെപ്പോലെ പാലിക്കുന്ന ഇടയനായി ചിത്രീകരിക്കുന്നുണ്ട് (ANET, 72). ഈ പാരമ്പര്യം ബൈബിളിനെ സ്വാധീനിച്ചിരുന്നു എന്നു പറയാൻ തെളിവൊന്നുമില്ല.

23-ാം സങ്കീർത്തനം ദൈവത്തെ ഇടയനായി വാഴ്ത്തുന്നുണ്ട് (സങ്കീർത്തനം 23 ന്റെ വ്യഖ്യാനം കാണുക). സങ്കീ 80:1; മിക്കാ 4:6; 7:14; ജറെ 23:3 എന്നീ വചനഭാഗങ്ങളും യാഹ്വെയെ ഇടയനായി വാഴ്ത്തുന്നുണ്ട്. ദൈവം തന്റെ ആടിനെ അന്വേഷിക്കുകയും (= ദാരാഷ്) പരിശോധിക്കുകയും (= ബാഖർ) ചെയ്യുമെന്നാണ് പ്രവാചകൻ പറയുന്നത്. "ബാഖർ" എന്ന ക്രിയ പുരോഹിതർ കുഷ്ഠം മാറിയോ എന്നു രോഗിയെ പരിശോധിക്കുന്നതിനെയും (ലേവ്യ 13:36) ബലിമൃഗം ഊനമറ്റതാണോ എന്നു പരിശോധിക്കുന്നതിനെയും (ലേവ്യ 27:33) സൂചിപ്പിക്കുന്ന ക്രിയാരൂപമാണ്. ദൈവത്തിനു സ്വീകാര്യമായവ എന്നു പ്രഖ്യാപിക്കാനാണ് യാഹ്വെ ആടുകളെ പരിശോധിക്കുന്നത് എന്ന് അനുമാനിക്കാം. "മഴക്കാറുനിറഞ്ഞ് അന്ധകാരമയമായ ദിവസം" എന്ന പദപ്രയോഗം (വാ. 12) സീനായ്മലയിലെ ദൈവത്തിന്റെ പ്രത്യക്ഷീകരണത്തെയാണ് അനുസ്മരിപ്പിക്കുന്നത് (നിയ 4:11). ദൈവം പുതിയൊരു ഉടമ്പടി ബന്ധം സ്ഥാപിക്കുന്നതിന്റെ സൂചനയായി ഈ വിശേഷണത്തെ കരുതാം.

ഇസ്രായേലിന്റെ ഇടയന്മാർ വരുത്തിയ വീഴ്ചകളെ ഒന്നൊന്നായി പരിഹരിച്ചുകൊണ്ടാണ് ദൈവം തന്റെ ഇടയധർമ്മം നിർവ്വഹിക്കുന്നത്. 4,16 വാക്യങ്ങളുടെ താരതമ്യം ചുവടെ ചേർക്കുന്നതിൽനിന്നും ഈ വസ്തുത കൂടുതൽ വ്യക്തമാകും.





| വാ. 4 | വാ. 16 |
|---|---|
| A ദുർബ്ബലമായതിനെ ശക്തിപ്പെടുത്തിയില്ല | $E^1$ നഷ്ടപ്പെട്ടതിനെ അന്വേഷിക്കും |
| B രോഗബാധിതമായവയെ സുഖപ്പെടുത്തിയില്ല | $D^1$ വഴിതെറ്റിയതിനെ തിരിച്ചുകൊണ്ടുവരും |
| C മുറിവേറ്റിയതിനെ വച്ചുകെട്ടിയില്ല | $C^1$ മുറിവേറ്റതിനെ വച്ചുകെട്ടും |
| D വഴിതെറ്റിയതിനെ തിരിച്ചു കൊണ്ടു വന്നില്ല | $B^1$ രോഗബാധിതമായവയെ സുഖപ്പെടുത്തും |
| E നഷ്ടപ്പെട്ടതിനെ അന്വേഷിച്ചില്ല | $A^1$ ദുർബ്ബലമായതിനെ ശക്തിപ്പെടുത്തും |

ഈ പട്ടിക ശ്രദ്ധിച്ചാൽ വളരെ വ്യക്തമായ ABCDE $E^1D^1C^1B^1A^1$ സമാനതയിലാണ് ഈ വാചകങ്ങൾ ക്രമീകരിച്ചിരിക്കുന്നത് എന്നു വ്യക്തമാകും. അതായത് ഇടയന്മാർ വീഴ്ചവരുത്തിയ സകലമേഖലകളിലും ദൈവത്തിന്റെ ശ്രദ്ധ പതിയുമെന്നു സാരം.

**വിചിന്തനം:** 1. നേതൃത്വത്തിന്റെ നിരുത്തരവാദപരവും ചൂഷണപരവുമായ നീക്കങ്ങളാണ് സമൂഹത്തിൽ ദുരന്തം വിതയ്ക്കുന്നത് എന്ന പ്രവാചകന്റെ നിരീക്ഷണത്തിന് കാലിക പ്രസക്തിയുണ്ട്. ശക്തമായ നേതൃത്വമുള്ള സമൂഹങ്ങളും പ്രസ്ഥാനങ്ങളും മാത്രമേ വളരുകയുള്ളൂ. എന്നാൽ നേതൃത്വം എന്നത് ദൈവിക നേതൃത്വത്തിലുള്ള പങ്കാളിത്തമാണ്. ദൈവജനത്തിന്റെ യഥാർത്ഥ നേതാവ് ദൈവമാണ്. അതിനാൽ ദൈവജനത്തെ നയിക്കാൻ വേണ്ട അടിസ്ഥാനഗുണം ദൈവസ്വഭാവം ഉണ്ടായിരിക്കുക എന്നതാണ്.

2. "ദൈവം ഇടയനായി നയിക്കുന്ന ജനം" എന്ന എസെക്കിയേലിന്റെ ദർശനം ക്രിസ്തു നായകനായ സഭയിൽ പൂർത്തീകരിച്ചു എന്നു ന്യായമായും കരുതാം. യോഹ 10:1–14 ൽ നല്ല ഇടയന്റെ ചിത്രം വരയ്ക്കുന്ന ക്രിസ്തുവിന്റെ (സുവിശേഷകന്റെ) മനസ്സിൽ എസെ 34:1–16 സജീവമായി നിലനിന്നിരുന്നു എന്ന് കരുതാം.

## എസെക്കിയേൽ 34:17–31, യാഹ്വേ ഇടയധർമ്മം നിറവേറ്റുന്നു

താൻ ഇടയധർമ്മം നിർവ്വഹിക്കും എന്നു ദൈവം പ്രസ്താവിക്കുക മാത്രമല്ല അതു നടപ്പിലാക്കുകയും ചെയ്യുന്നതായുള്ള വിവരണമാണ് തുടർന്ന് പ്രവാചകൻ നൽകുന്നത് (വാ. 17–31). ഇതിനെ മൂന്നു ഭാഗങ്ങളായി തിരിക്കാം. (1) ആടുകളുടെ ആഭ്യന്തരകലാപം അവസാനിപ്പിക്കുന്നു (വാ. 17–22), (2) ഏക ഇടയനായ ദാവീദിന്റെ ഓർമ്മ (വാ. 23–24), (3) ഉടമ്പടിയുടെ സമാധാനം (വാ. 25–31).

**34:17–22,** ആടുകളുടെ ആഭ്യന്തരകലാപം അവരെ സ്വാർത്ഥമതികളും അപരനെക്കുറിച്ച് കരുതലില്ലാത്തവരുമാക്കി മാറ്റി (വാ. 18–19). അവർ മേച്ചിൽപ്പുറവും നീരുറവകളും തങ്ങളുടെ ആവശ്യം കഴിഞ്ഞശേഷം ഉപയോഗശൂന്യമാക്കിക്കളയുന്നു എന്നതാണ് ആടുകളുടെ തെറ്റ്. ദുർബ്ബലമായവ ശക്തമായവയെ പീഡിപ്പിക്കുന്നതും (വാ. 20) ആഭ്യന്തരകലാപത്തിന്റെ ഭാഗമാണ്. ദൈവത്തിന്റെ ഇടപെടൽ ആഭ്യന്തരകലാപത്തിന് അറുതി വരുത്തും. ദൈവം അക്രമികളെ ശിക്ഷിച്ച് നേർവഴിയിലെത്തിക്കും എന്നാണ് വിവക്ഷ.

**34:23–24,** ദാവീദിന്റെ കുലത്തിൽനിന്നും വരുന്ന ഒരു ഇടയനെ ദൈവം ഇസ്രായേലിന്റെ അജപാലകനായി നിയമിക്കും എന്ന എസെക്കിയേലിന്റെ പ്രവചനം ഏറെ അർത്ഥസാന്ദ്രമാണ്. എസെ 17–ാം അധ്യായത്തിൽ നിലവിലുള്ള ധിക്കാരികളായ രാജാക്കന്മാരെ തകർത്ത് ദാവീദിനെപ്പോലെ ഒരു രാജാവിനെ നൽകുമെന്ന് പറഞ്ഞിരുന്നതിനാൽ ഈ ആശയം തികച്ചും നൂതനമല്ല. ജറെ 23:1–6 ലും സമാനമായ വിവരണം കാണാം. ദാവീദ് ഇടയനും ദൈവത്തിനു പ്രിയങ്കരനുമായിരുന്നതിനാൽ ദൈവത്തിന്റെ ഹൃദയത്തിനൊത്ത ഇടയനെക്കുറിച്ചു പറയുമ്പോൾ ദാവീദിനെ ഗ്രന്ഥകാരന് അനുസ്മരിക്കാതിരിക്കാനാവില്ല. ദാവീദിന്റെ വംശത്തിൽ പിറന്ന ക്രിസ്തു എന്ന നല്ല ഇടയനിൽ ഈ പ്രവചനം പൂർത്തീകരിക്കപ്പെടുന്നതായി ക്രൈസ്തവർ വിശ്വസിക്കുന്നു.

**34:25–31,** ദൈവജനത്തെ ദുരിതത്തിലാഴ്ത്തുന്ന സകല പ്രതിസന്ധികളെയും ദുരീകരിച്ച് ദൈവം ഇസ്രായേലിന് ഉടമ്പടിയുടെ ശാശ്വത സമാധാനം വാഗ്ദാനം ചെയ്യുന്ന വചനഭാഗമാണിത്. ദൈവമനുഷ്യ സംഘർഷം അവസാനിക്കുമ്പോൾ മനുഷ്യരെ തകർക്കാനുള്ള ദൈവത്തിന്റെ പദ്ധതികൾ പിൻവലിക്കപ്പെടുന്നതിനാൽ മനുഷ്യന് ഐശ്വര്യവും സമൃദ്ധിയും ഉണ്ടാകും എന്ന മധ്യപൂർവ്വദേശത്തെ പരമ്പരാഗത വിശ്വാസം വിശുദ്ധ ഗ്രന്ഥകാരന്മാരെയും സ്വാധീനിച്ചിട്ടുണ്ട് (ഹോസി 2:18–25; ഏശ 54:10; സഖ 8:10–12; എസെ 37).

ദൈവം ഇസ്രായേലുമായി ഏർപ്പെടുന്ന ശാശ്വത സമാധാനത്തിന്റെ ഉടമ്പടിയെ (16:60) അനുസ്മരിപ്പിക്കുന്നതാണ് ഇവിടെ വാഗ്ദാനം ചെയ്യപ്പെടുന്നവ. കൃഷിഭൂമിയുടെ ഐശ്വര്യവും സമൃദ്ധിയും ഉടമ്പടിയുടെ വാഗ്ദാനങ്ങളായിരുന്നു (ലേവ്യ 26:1–13; നിയ 28:2–14). ഉടമ്പടിയുടെ സമാധാനം സ്ഥാപിക്കാനായി ദൈവം എന്ന ഇടയൻ ചെയ്യുന്ന കാര്യങ്ങൾ എസെക്കിയേൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്:

(1) ക്രൂരരും അപകടകാരികളുമായ മൃഗങ്ങളെ (ശത്രുക്കളെ) ദേശത്തുനിന്നു നിഷ്കാസനം ചെയ്യും (വാ. 24; ഹോസി 2:18; ഏശ 11:6–8).

(2) മരുഭൂമിയും വനവും ഒരുപോലെ സമാധാനത്തിന്റെ ഭൂമിയാകും. വന്യമൃഗങ്ങൾ വിളയാടുന്ന ഇവിടങ്ങളിൽ (സങ്കീ 104:20–22) സമാധാനം വിരിയും. ലേവ്യ 26:22 ൽ ഉടമ്പടി ലംഘനത്തിനുള്ള ശിക്ഷയായിട്ടാണ് വന്യമൃഗങ്ങളെ അവതരിപ്പിക്കുന്നത്.

(3) കൃഷിഭൂമിയിൽ സമൃദ്ധിയുണ്ടാകും (വാ. 28 ലേവ്യ 26:6). തന്മൂലം





പട്ടിണിയും ദാരിദ്ര്യവും നാട്ടിൽ പഴങ്കഥയാകും.

മുൻ പ്രവചനങ്ങളിലെന്നതുപോലെ, ദൈവത്തിന്റെ ഈ പ്രവൃത്തികളിലൂടെ അവിടുത്തെ മഹത്വം ദൈവജനം തിരിച്ചറിയും എന്ന പ്രസ്താവനയോടെയാണ് ഈ പ്രവചനം അവസാനിക്കുന്നത്.

**വിചിന്തനം:** (1) നല്ല നേതൃത്വത്തിന്റെ ഏറ്റവും വലിയ സവിശേഷത സമൂഹത്തിലെ അന്തശ്ഛിദ്രങ്ങൾ തിരിച്ചറിയാനും അവസാനിപ്പിക്കാനും ശ്രമിക്കുന്നു എന്നതാണ്. ഇടയനായ യാഹ്വേയുടെ പ്രഥമശ്രദ്ധ പതിയുന്ന മേഖല ഇതാണ്. എന്നാൽ സമൂഹത്തെ ജാതീയവും വർഗ്ഗീയവുമായി ഭിന്നിപ്പിച്ചു ഭരിക്കാനുള്ള ശ്രമമാണ് ആധുനിക നേതാക്കൾ നടത്തുന്നത്. സ്വാർത്ഥലക്ഷ്യങ്ങളുള്ള നേതാക്കൾ എപ്പോ ഴും വിഭാഗീയതയും അന്തശ്ഛിദ്രവും പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കും.

2. ദൈവിക ഉടമ്പടിയോടുള്ള വിശ്വസ്തത ആത്മാവിന്റെ രക്ഷയ്ക്കു മാത്രമല്ല ഭൗതിക ഐശ്വരത്തിനും സമൃദ്ധിക്കും കാരണമാകും എന്ന ചിന്തയും പ്രസക്തമാണ്. മനുഷ്യന്റെ രക്ഷ ആത്മാവിനു മാത്രമുള്ള ദാനമല്ല. അത് ശരീരത്തിനും അവകാശപ്പെട്ടതാണ്. തന്മൂലം പട്ടിണിയും അരക്ഷിതാവസ്ഥയും ദൈവം ആഗ്രഹിക്കാത്ത സാമൂഹിക ദുരന്തങ്ങളാണ്. ദൈവിക ഉടമ്പടിയോടുള്ള വിശ്വസ്തത ഇത്തരം ഭൗതികദുരന്തങ്ങളിൽനിന്നും മനുഷ്യനെ കരകയറ്റുന്നു.

## എസെക്കിയേൽ 35:1–15, സെയിർ പർവ്വതത്തിനെതിരായ പ്രവചനം

എസെക്കിയേൽ 36:1–36:15 ൽ വിവിധ പർവ്വതങ്ങളോടുള്ള പ്രവചനങ്ങളാണ് വിവരിക്കുന്നത്. ഇവയിൽ ആദ്യ പ്രവചനം സെയിർമലയ്ക്കെതിരേയാണ്. സെയിർമല വിശുദ്ധ ഗ്രന്ഥ പാരമ്പര്യത്തിൽ പ്രാധാന്യമുള്ളതാണ്. ഏദോമ്യരുടെ പിതാവും ഇസഹാക്കിന്റെ പുത്രനുമായ ഏസാവുമായി ബന്ധപ്പെട്ട നാമമാണ് സെയിർ (ഉൽപ 25:25; 27:11,23). ഹോര്യരുടെ പൂർവ്വപിതാവും ഏദോമിലെ നിവാസിയുമായിരുന്നു സെയിർ (ഉൽപ 36:20; 1 ദിന 1:38). പിന്നീടത് ഒരു മലയുടെ പേരായിത്തീർന്നു, ഹോര്യരുടെ അധീനതയിലായിരുന്നു സെയിർമല (ഉൽപ 14:6).

ഇസഹാക്കിന്റെ പുത്രനായ ഏസാവും, അദ്ദേഹത്തിന്റെ സന്തതിപരമ്പരകളും (ഏദോ മ്യർ) വസിച്ചിരുന്നത് സെയിർമലയിലാണ് (ഉൽപ 36:8; നിയ 2:5; ജോഷ 24:4). സെയിർമല ഏദോമെന്നും അറിയപ്പെട്ടിരുന്നു (ഉൽപ 32:3). സെയിർമല സ്ഥിതിചെയ്യുന്നത് ഹോറെബിനും കാദെഷ്ബർണിയായ്ക്കു മിടയിലാണ് (നിയ 1:2). ഏദോമ്യർ വസിക്കുന്ന സെയിർമലയിൽ അനധികൃതമായി പ്രവേശിക്കാതിരിക്കാൻവേണ്ടി കർത്താവിന്റെ നിർദ്ദേശ പ്രകാരം ഇസ്രയേൽ ജനം സെയിർ മലയ്ക്ക് ചുറ്റും നടന്ന് ഏദോമ്യരുടെ അതിർത്തി യിലൂടെ

കടന്ന് മരുഭൂമിയിലേക്ക് യാത്ര ചെയ്തതായി നിയമാവർത്തന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (നിയ 2:1-5). ദിനവൃത്താന്ത പുസ്തകത്തിൽ ശിമയോൻ ഗോത്രത്തിൽപ്പെട്ട അഞ്ചുപേർ സെയിർ മലമ്പ്രദേശത്ത് താവളമടിച്ചതിനേക്കുറിച്ച് സൂചനയുണ്ട് (1 ദിന 4:42-43). വി. ഗ്രന്ഥത്തിൽ ''സെയിർ പർവ്വത നിവാസികൾ''എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഏദോമ്യരെ ഉദ്ദേശിച്ചാണ് (2 ദിന 20:10,22; 25:11,14). എസെക്കിയേൽ പ്രവാചകൻ കർത്താവിന്റെ നിർദ്ദേശപ്രകാരം സെയിർമലയ്ക്കെതിരേ പ്രവചിക്കുന്നുണ്ട്. ഇസ്രായേലിനോട് നിത്യമായ ശത്രുത പുലർത്തിയതാണ് ഏദോമ്യർക്കെതിരേയുള്ള ആരോപണം (എസെ 35). സെയിറിൽനിന്നുള്ള കർത്താവിന്റെ പ്രത്യക്ഷപ്പെടലിനെക്കുറിച്ച് വി. ഗ്രന്ഥത്തിൽ സൂചനയുണ്ട് (നിയ 33:2; ന്യായാ 5:4).

എസെ 35:1-15 നെ മൂന്നു ഭാഗങ്ങളായി തരംതിരിക്കാം: (1) സെയിർമല ശൂന്യമാകും (വാ. 1-4), (2) ഇസ്രായേലിനെതിരേ ഏദോം പ്രവർത്തിച്ച അതിക്രമങ്ങൾക്കുള്ള ശിക്ഷ (വാ. 5-9), (3) സെയിർമലയ്ക്കുള്ള ശിക്ഷ (വാ. 10-13).

**35:1-4,** സെയിറിനെതിരേ “മുഖം തിരിക്കാനുള്ള” ആഹ്വാനവും “ഞാൻ നിനക്കെതിരാണ്” എന്ന പ്രസ്താവനയും ഇതര പ്രവചനങ്ങളുടെ ശൈലിയിലുള്ളതാണ് (5:8; 13:8; 26:3; 28:22; 29:3; 34:10; 38:3). മുഖംതിരിക്കുന്നത് എതിർപ്പിന്റെയും പ്രതിഷേധത്തിന്റെയും അടയാളമാണ്. സെയിറിനെതിരേയുള്ള പ്രവചനം ആത്യന്തികമായി ഏദോമിനെതിരേയുള്ളതാണ്. അതിന്റെ പട്ടണങ്ങളും ദേശങ്ങളും വിജനമാകുമെന്നതാണ് ശിക്ഷാവിധി. അതുവഴി സെയിർമല കർത്താവിന്റെ മഹത്വം അംഗീകരിക്കാൻ നിർബന്ധിതമാകും. എന്നാൽ സെയിറിന്റെ തിന്മ എന്താണ് എന്നു വ്യക്തമാകുന്നില്ല. അതിനായി തുടർന്നുള്ള ഭാഗംവരെയും (35:5-9) കാത്തിരിക്കണം.

**35:5-9,** സെയിറിനെതിരേ (ഏദോമിനെതിരേ)യുള്ള കുറ്റാരോപണമാണ് ഇവിടെ വിശദമാക്കുന്നത്. ഇസ്രായേലിനോട് (യാക്കോബിനോട്) നിത്യമായ ശത്രുത പുലർത്തി എന്നതാണ് ഏദോമിന്റെ തെറ്റ്. ഏദോമ്യരുടെ പൂർവ്വപിതാവായ ഏസാവ് യാക്കോബിനെ വെറുത്തിരുന്നു (ഉൽപ 25:23; 32:4-22; 33:1-6). 35:6-9 ൽ ഹീബ്രു വിവരണം സമാനപദങ്ങൾക്കൊണ്ടു സമ്പന്നമാണ് “ഏദോമി”ന്റെ അതിക്രമങ്ങൾ (= ഏദോം) മൂലം രക്തം (= ദാം) ചിന്തുന്നതിന്റെ വിവരണമാണ് ഗ്രന്ഥകാരൻ നൽകുന്നത്.

ഏദോമിനെതിരേയുള്ള രണ്ടാമത്തെ കുറ്റം ഏദോം രക്തം ചൊരിഞ്ഞു (വാ. 6) എന്നതാണ്. രക്തം ചിന്തിയതിനുള്ള ശിക്ഷയായി ഏദോമിൽ ചോരപ്പുഴയൊഴുകും. ദേശം വിജനമാകും; ശവശരീരങ്ങൾകൊണ്ട് സെയിർ മലനിറയും (വാ. 7). ഈ ശിക്ഷാവിധിയുടെ വിവരണത്തിന് എസെ 6:1-10 മായുള്ള പദാനുപദ സാമ്യം വ്യക്തമാണ്. ഇസ്രായേലിലെ മലകൾക്കെതിരേയുള്ള പ്രവചനമായിരുന്നു 6:1-10 ൽ രേഖപ്പെടുത്തിയിരുന്നത്. കർത്താവിന്റെ നീട്ടിയ കരം (6:14 = 35:3), വാളിനാൽ നിലംപതിക്കും (6:4 = 35:8), തകർന്ന നഗരങ്ങൾ (6:6 = 35:4) തുടങ്ങിയ പദങ്ങൾ





ഈ വിവരണങ്ങളിൽ സമാനമാണ്. എന്നാൽ 6:1-10 ഇസ്രായേലിന്റെ അകൃത്യങ്ങളും ശിക്ഷയുമാണ് വിവരിക്കുന്നതെങ്കിൽ 35:1-9 ൽ ഏദോമിന്റെ അകൃത്യങ്ങളും ശിക്ഷയുമാണ് വിവരിക്കുന്നത് എന്ന അടിസ്ഥാനപരമായ വ്യത്യാസമുണ്ട്.

**35:10-13,** സെയിർ മലയ്ക്കുള്ള ശിക്ഷ യാഹ്വെ പ്രഖ്യാപിക്കുന്നതിന്റെ വിവരണമാണ് ഈ വാക്യങ്ങളിൽ വിവരിക്കുന്നത്. കുറ്റാരോപണം, ശിക്ഷാവിധി, ദൈവമഹത്വത്തിന്റെ തിരിച്ചറിവ് എന്നീ പതിവു ശൈലിയിലാണ് ഈ പ്രവചനവും ക്രമീകരിച്ചിരിക്കുന്നത്. ഇസ്രായേലിനെയും യൂദായെയും സ്വന്തമാക്കാൻ ശ്രമിച്ചു എന്നതാണ് സെയിറിനെതിരായ ആരോപണം (വാ. 10). ബി.സി. 721 ൽ ചരിത്രത്തിൽനിന്നും നാമാവശേഷമായ ഇസ്രായേലിനെ ഇപ്പോഴും എസെക്കിയേൽ പരാമർശിക്കാനുള്ള കാരണം മുഴുവൻ ഗോത്രങ്ങളുടെയും പുനരുദ്ധാരണത്തിലുള്ള ശക്തമായ വിശ്വാസം എസെക്കിയേൽ സൂക്ഷിക്കുന്നതുകൊണ്ടാണ്.

ജറുസലേമിന്റെ പതനത്തിൽ സെയിർ സന്തോഷിച്ചു എന്നു മാത്രമല്ല തങ്ങൾക്കു വിഴുങ്ങാനായി ജറുസലേമിനെ ദൈവം വിട്ടുതന്നതായും അവർ കരുതി (വാ. 11). ജറുസലേമിനെതിരേ അവർ പറഞ്ഞ ഓരോ അപമാനവാക്കുകളും അവർക്കെതിരായ ശിക്ഷാവിധിയുടെ വാക്കുകളായി മാറും എന്ന മുന്നറിയിപ്പാണ് ദൈവം നൽകുന്നത് (വാ. 12). ഈ ശിക്ഷാവിധിയിലൂടെ ജറുസലേമിന്റെ ദൈവത്തിന്റെ മഹത്വം സെയിർമലയും ഏദോമ്യരും അറിയും (വാ. 13).

**35:14-15,** ഭൂമി മുഴുവൻ ആനന്ദിക്കേണ്ടതിന് ഞാൻ നിന്നെ ശൂന്യമാക്കും എന്ന പി.ഓ.സി. വിവർത്തനത്തിന് (വാ. 14) അർത്ഥ ക്ലിപ്തതയില്ല. ജറുസലേമിന്റെ നാശത്തിൽ ഭൂമി മുഴുവൻ ആനന്ദിച്ചതുപോലെ ഏദോമിന്റെ നാശവും ആനന്ദവിഷയമാകും എന്നാണ് ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത്. ഏദോമിനുള്ള ശിക്ഷയ്ക്കല്ല പ്രസ്തുത ശിക്ഷയിലൂടെ ദൈവശക്തിയെക്കുറിച്ച് അവർക്കു ലഭിക്കുന്ന തിരിച്ചറിവിനാണ് ഗ്രന്ഥകാരൻ കൂടുതൽ പ്രാധാന്യം നൽകുന്നത്.

**വിചിന്തനം:** 1. നീ അളക്കുന്ന അളവിനാൽതന്നെ നിനക്കും ലഭിക്കും എന്നചൊല്ല് ഏദോമിന്റെ ശിക്ഷാവിധിയിൽ അന്വർത്ഥമായി. ജറുസലേമിന്റെ നാശത്തെക്കുറിച്ച് ആനന്ദഗീതം ആലപിച്ച ഏദോം സ്വന്തം നാശത്തിനു മുമ്പിൽ പകച്ചുപോകുന്നു. അപരന്റെ ക്രൂരവേദനകൾ മനുഷ്യന് കേവലം കൗതുക കാഴ്ചകൾ മാത്രമാണ്. എന്നാൽ, വേദനകൾ സ്വന്തം അസ്ഥിത്വത്തെ വിഴുങ്ങുന്ന ഭീകരതയായി മുന്നിൽ വന്നു നിൽക്കുമ്പോൾ മാത്രമേ വേദനയുടെ അർത്ഥവും ആഴവും മനുഷ്യന് മനസ്സിലാകുകയുള്ളൂ. സഹനത്തെക്കുറിച്ച് താത്വികപ്രബന്ധങ്ങൾ രചിക്കുന്നതിൽ കാര്യമില്ല. സ്വന്തം തൊലിപ്പുറത്തു വേദനിക്കുമ്പോൾ മാത്രമേ സഹനം അനുഭവമാകുകയുള്ളൂ. ഏദോമിനു സംഭവിക്കുന്നതും ഇതുതന്നെയാണ്.

2. കർത്താവുതന്നെയാണ് ജറുസലേമും ദൈവാലയവും നശിപ്പിച്ചതെങ്കിലും പ്രസ്തുത നാശത്തെക്കുറിച്ച് ആരെങ്കിലും സന്തോഷം പ്രകടിപ്പിച്ചാൽ ദൈവം രോഷാകുലനാകുന്നത് വിചിത്രമായി തോന്നാം. തകർച്ചയിലൂടെ ശിക്ഷണം നൽകുമ്പോഴും ദൈവം തന്റെ ജനത്തെ അഗാധമായി സ്നേഹിക്കുന്നു എന്നാണ് ഈ സംഭവം വ്യക്തമാക്കുന്നത്.

# എസെക്കിയേൽ 36:1-15, ഇസ്രായേൽ മലകൾക്കു നവജീവൻ

ഇസ്രായേലിലെ മലകളെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഈ പ്രവചനം ആരംഭിക്കുന്നത്. "കർത്താവ് അരുൾ ചെയ്യുന്നു" എന്ന പ്രവചനാരംഭ വാക്യം 2, 7, 13 വാക്യങ്ങളിൽ ആവർത്തിക്കുന്നുണ്ട്. "പ്രവചിക്കുക" എന്ന കല്പന നാലുവട്ടം ആവർത്തിക്കുന്നുണ്ട് (വാ. 1, 3, 6, 8). ഇസ്രായേലിലെ പർവ്വതങ്ങളോടു വചനംകേൾക്കാൻ രണ്ടുതവണ ആഹ്വാനം ചെയ്യുന്നുണ്ട് (വാ. 1, 4). എസെക്കിയേലിന്റെ പ്രവചനങ്ങളിൽ ആവർത്തിക്കുന്ന കുറ്റാരോപണം, ശിക്ഷാവിധി, ദൈവമഹത്വത്തിന്റെ തിരിച്ചറിവ് എന്ന ത്രിതലശൈലി ഈ പ്രവചനത്തിൽ മൂന്നുവട്ടം ആവർത്തിക്കുന്നുണ്ട് (വാ. 2-4, 6-7, 13-14). വിവിധപ്രവചനങ്ങളുടെ ക്രോഡീകൃതരൂപമായി ഈ പ്രവചനത്തെ കരുതാൻ ഇത്തരം ആവർത്തനങ്ങൾ നിമിത്തമാകുന്നു.

**36:1-7,** ഇതര ജനതകളാൽ ഞെരുക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്ത ഇസ്രായേൽ മലകൾക്കുള്ള ആശ്വാസത്തിന്റെ സന്ദേശമാണ് ഈ വചനങ്ങൾ. ജറുസലേമിന്റെ നാശത്തിൽ ആനന്ദിച്ചവരെക്കുറിച്ച് 25:3 ലും 26:2 ലും പ്രവാചകൻ സൂചിപ്പിച്ചിരുന്നു. പുരാതന ഗിരിശൃംഗങ്ങൾ തങ്ങളുടെ സ്വന്തമാണ് (= മോറാഷാ) എന്ന അവകാശവാദമാണ് അവർ ഉന്നയിച്ചത്. എന്നാൽ ജറുസലേമിന്റെ അവകാശി ദൈവമാണെന്ന സത്യം (35:10) അവർ മറന്നുപോയി. ഇസ്രായേൽ മലകളെ നിർജ്ജനമാക്കാനും (= ഷാമ്മോത്ത്) ഞെരിച്ചമർത്താനുമാണ് ശത്രുക്കൾ തീരുമാനിച്ചത്. ശത്രുപക്ഷത്തുനിന്ന് ഏദോമിനെ പേരെടുത്തു പറയുന്നുണ്ട് (വാ. 5). കാരണം അവർ ഇസ്രായേലിനോട് ആരംഭംമുതൽ ശത്രുത പുലർത്തിയിരുന്നു (35:1-10). കണ്ണിനു പകരം കണ്ണ് എന്ന പ്രതികാരനിയമമനുസരിച്ചുള്ള ശിക്ഷാവിധിയാണ് എസെക്കിയേൽ ശത്രുക്കൾക്കുമേൽ പ്രഖ്യാപിക്കുന്നത്. അപമാനിച്ചവർ അപമാനിതരാകും.

**36:8-15,** കർത്താവിന്റെ സ്വന്തം ദേശമായി പരിഗണിക്കപ്പെടുന്ന ജറുസലേമിലെ മലകൾക്കനുകൂലമായി നടത്തുന്ന ഈ പ്രവചനങ്ങളിലൂടെ, രണ്ടുസന്ദേശമാണ് പ്രവാചകൻ നൽകാനുദ്ദേശിക്കുന്നത്: (1) പ്രവാസികളുടെ ദുഃഖവും അപമാനവും കർത്താവു തിരിച്ചറിഞ്ഞിരിക്കുന്നതിനാൽ അവിടുന്ന് അവർക്ക് വിമോചനം നൽകും. (2) ഇസ്രായേലിന്റെ പതനത്തിൽ ആനന്ദിച്ച ശത്രുക്കൾക്ക് കടുത്ത അപമാനവും നാശവും സംഭവിക്കും.

"ഞാൻ നിങ്ങൾക്കെതിരേവരും" എന്ന പതിവു ശൈലിക്കു പകരം "ഞാൻ നിങ്ങളിലേക്കു തിരിയും" (= ഹിന്നി ആലേകെം) എന്ന അനുഗ്രഹമാണ് ഇവിടെ നൽകുന്നത് (വാ. 8). ലേവ്യ 26:9 ലെ ഉടമ്പടിയുടെ അനുഗ്രഹങ്ങളിലൊന്നാണിത്. ഉൽപ 1:22, 28; 9:1 എന്നീ വചനങ്ങളിൽ സൂചിപ്പിക്കുന്ന സന്താനപുഷ്ടിയുടെയും വംശവർദ്ധനയുടെയും അനുഗ്രഹമാണ് ഇസ്രായേലിലെ മലകൾക്ക് ആശംസിക്കുന്നത് (വാ. 10). ഇസ്രായേലിനുതന്നെ ദേശം അവകാശമായി തിരിച്ചുനൽകും (വാ. 11) എന്നു മാത്രമല്ല അവരുടെ സന്താനങ്ങളെ ഓർത്ത് ഒരിക്കലും കരയേണ്ടിവരില്ല എന്നും ദൈവം വാഗ്ദാനം ചെയ്യുന്നു. സന്താനങ്ങളെ ഓർത്തുള്ള ദുഃഖം നാട്ടിൽ പടരുന്ന ദൈവശിക്ഷയായ വരൾച്ചമൂലമോ (2 രാജാ 2:19) മറ്റേതെങ്കിലും പ്രകൃതിദുരന്തങ്ങൾ മൂലമോ ആകാം.





എന്നാൽ 35:13 ൽ 'സന്താനദുഃഖം' എന്നത് എസെ 19:3-6 ന്റെ വെളിച്ചത്തിൽ ഇസ്രായേൽ രാജാക്കന്മാരുടെ അനീതിപരമായ പ്രവർത്തനങ്ങൾ മൂലം സംഭവിച്ചതാകാനിടയുണ്ട്. സംരക്ഷിക്കേണ്ടവരെ "വിഴുങ്ങുന്ന ദേശമായി" ഇസ്രായേൽ മാറുന്നത് രാജാക്കന്മാരുടെ പ്രവൃത്തി മൂലമാണ്. കാനാന്യരുടെ നാടിനെക്കുറിച്ച് ദേശം ഒറ്റുനോക്കാൻ പോയ ചാരന്മാർ നൽകുന്ന വിവരണത്തിൽ "ദേശവാസികളെ വിഴുങ്ങുന്നവരുടെ നാട്" (സംഖ്യ 13:32) എന്ന പദപ്രയോഗം കാണാം. ഇസ്രായേൽ ദേശം വിജാതീയരുടെ നാടുപോലെ മലിനമായിത്തീർന്നിരിക്കുന്നു എന്നും ഇനിമേൽ അത് ആവർത്തിക്കുകയില്ലായെന്നുമാണ് ദൈവം ഉറപ്പുനൽകുന്നത്.

36:15 ൽ മൂന്നു വാഗ്ദാനങ്ങളാണ് ദൈവം പ്രഖ്യാപിക്കുന്നത്: (1) വിജാതീയ രാജ്യങ്ങളുടെ അപമാനത്തിന് ഇനിമേൽ ഇസ്രായേൽ ഇരയാകില്ല. (2) മനുഷ്യർ ഇനിമേൽ ഇസ്രായേലിനെ അപമാനിക്കില്ല. (3) മക്കളെ ഓർത്തു കരയാൻ ഇനിമേൽ ഇസ്രായേലിന് ഇടവരില്ല. പ്രവാസത്തിലായിരിക്കുന്ന ദൈവജനത്തെ സംബന്ധിച്ചിടത്തോളം ഈ വാഗ്ദാനങ്ങൾ നൽകുന്ന ആശ്വാസം നിസ്സാരമല്ല. തങ്ങളുടെ ഭാവിയെക്കുറിച്ച് കേൾക്കാൻ കൊതിച്ച വാഗ്ദാനങ്ങൾ തന്നെയാണിവ.

**വിചിന്തനം:** 1. 'ഞാൻ നിങ്ങളുടെ അടുക്കലേക്ക് വന്ന് നിങ്ങളുടെ ദുഃഖങ്ങൾക്ക് അറുതിവരുത്തും' എന്ന ആശ്വാസവചനമാണ് ദൈവം പ്രവാസികളോട് അരുളിച്ചെയ്യുന്നത്. മരുഭൂമിയിലെ നീരുറവപോലെയാണ് ഈ വചനം വായനക്കാർക്ക് അനുഭവപ്പെടുന്നത്. കാരണം ഇതുവരെയും കുറ്റാരോപണങ്ങളും ശാപവചസ്സുകളും ശിക്ഷാവിധികളും നിറഞ്ഞ ആഖ്യാനങ്ങൾ മാത്രമേ എസെക്കിയേൽ അവതരിപ്പിച്ചിരുന്നുള്ളൂ. ദൈവസ്വഭാവത്തിന്റെ യഥാർത്ഥമുഖം പ്രവാചകൻ ഇവിടെ വരച്ചുകാട്ടുകയാണ്. ദൈവം വരുന്നത് മനുഷ്യന്റെ ദുഃഖം എടുത്തു നീക്കാനാണ്. ദൈവത്തെ സ്വീകരിക്കാത്തവരുടെ ജീവിതമാണ് ദുഃഖമയമാകുന്നത് എന്ന സന്ദേശം കൂടി ഈ വചനത്തിനു പിന്നിലുണ്ട്.

2. വിശ്വാസം എന്നതിന് ഭാവിയെക്കുറിച്ചുള്ള ഉറപ്പ് എന്ന ഒരു അർത്ഥതലം കൂടിയുണ്ട്. വിശ്വാസവിഷയം കേവലം താത്വികവും അമൂർത്തവുമായ കുറേ ആശയങ്ങളല്ല. മറിച്ച് ഗതകാലത്തിലാരംഭിച്ച് വർത്തമാനത്തിലൂടെ മുന്നേറി ഭാവിയിൽ സാക്ഷാത്കരിക്കപ്പെടുന്ന ജീവിതംതന്നെയാണ് വിശ്വാസം. അതിനാലാണ് ഭാവിയെക്കുറിച്ചുള്ള വ്യക്തമായ ഉറപ്പുകൾ എസെക്കിയേൽ നൽകുന്നത്.

# എസെക്കിയേൽ 36:16-38, ദൈവനാമ ത്തിന്റെ മഹത്വത്തിന്

പ്രവാസത്തിലൂടെ ദൈവത്തിന്റെ മഹത്വമേറിയ നാമം വിജാതീയരുടെയിടയിൽ അപമാനിക്കപ്പെട്ടു എന്ന ആരോപണമാണ് ഈ പ്രവചനത്തിന്റെ മുഖ്യപ്രമേയം. കഠിനപദങ്ങളാൽ അവതരിപ്പിക്കപ്പെടുന്നെങ്കിലും ഈ പ്രവചനം ആത്യന്തികമായി ഇസ്രായേലിന്റെ രക്ഷയെക്കുറിച്ചുതന്നെയാണ്.

**36:16-21,** സ്വദേശത്തു പ്രവർത്തിച്ച അശുദ്ധിയും വിഗ്രഹാരാധനയുംമൂലം സ്ത്രീയുടെ ആർത്തവരക്തംപോലെ ഇസ്രായേൽ മലിനമായി എന്നാണ് എസെക്കിയേൽ വിവക്ഷിക്കുന്നത്. ആർത്തവം സ്ത്രീയെ ഏഴുദിവസത്തേക്ക് അശുദ്ധയാക്കുന്നു (ലേവ്യർ 15) എന്ന നിയമഗ്രന്ഥ ചിന്തയാണ് ഈ പ്രതീകത്തിനു പിന്നിലുള്ളത്. ഇസ്രായേലിന്റെ പാപങ്ങളെക്കുറിച്ച് 14:23; 20:43-44; 24:14 എന്നീ വചനങ്ങളിൽ എസെക്കിയേൽ അവതരിപ്പിച്ച ആരോപണങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ വചനഭാഗം മനസ്സിലാക്കേണ്ടത്. ദൈവം അവകാശമായി നൽകിയദേശത്ത് ഇസ്രായേൽ ചെയ്യുന്ന പാപത്തെക്കുറിച്ച് ബൈബിളിലുടനീളം പരാമർശമുണ്ട്.

ദേശത്തെ മലിനമാക്കുന്ന തിന്മകൾ നിയമഗ്രന്ഥമനുസരിച്ച് നാല് എണ്ണമാണ്: (1) രക്തം ചിന്തുന്നതുമൂലവും (സംഖ്യ 35:33-34), (2) വ്യഭിചാരവും അശുദ്ധപാപവും മൂലവും (ലേവ്യ 18:6-28), (3) സൂര്യാസ്തമനത്തിനുശേഷവും തൂക്കിലേറ്റിയവന്റെ മൃതശരീരം നീക്കം ചെയ്യാത്തതുമൂലവും (നിയ 21:22-23), (4) വിഗ്രഹാരാധനമൂലവും (നിയ 5:11) ദേശം അശുദ്ധമാകും. ദേശം അശുദ്ധമാക്കിയാൽ ദൈവകോപത്തിന് ഇരയാകും (എസെ 7:8; 9:8; 14:19; 20:8; 22:22; 30:15).

സ്വദേശം അശുദ്ധമാക്കിയതിനു ലഭിച്ച ശിക്ഷയായ പ്രവാസത്തിലൂടെ ഇസ്രായേൽ ദൈവനാമത്തിന് വിജാതീയരുടെയിടയിൽ അപമാനം വരുത്തിവച്ചു എന്നാണ് പ്രവാചകൻ ചൂണ്ടിക്കാട്ടുന്നത് (വാ. 20). ഇസ്രായേലിന്റെ ദൈവം തന്റെ ജനത്തെ കൈവിട്ടതായോ, രക്ഷിക്കാൻ കഴിയാത്തവനായിത്തീർന്നതായോ വിജാതീയർ അനുമാനിക്കും. ഏതുവിധത്തിലായാലും അത് ഇസ്രായേലിന്റെ ദൈവത്തിന് അപമാനകരമായിത്തീരും.

**36:22-32,** പ്രവാസം ദൈവതിരുനാമത്തിന് വിജാതീയരുടെയിടയിൽ കളങ്കമേൽപ്പിച്ചതിനാൽ ദൈവം ഇസ്രായേലിനെ തിരിച്ചുകൊണ്ടുവന്ന് തന്റെ തിരുനാമത്തിനു മഹത്വം നൽകുമെന്നാണ് എസെക്കിയേൽ പ്രഖ്യാപിക്കുന്നത്. ദൈവനാമത്തിന്റെ മഹത്വത്തെപ്രതിയുള്ള രക്ഷ എന്ന ആശയം സംഖ്യ 14:15-16; ജോഷ്വാ 7:8-9 എന്നീ വചനഭാഗങ്ങളിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. എസെക്കിയേൽ തന്നെ ഈ ആശയം 20:32, 41 ൽ അവതരിപ്പിക്കുന്നുണ്ട്. മനുഷ്യന്റെ മാനസാന്തരത്തിനു ദൈവം നൽകുന്ന അംഗീകാരമായിട്ടല്ല; ദൈവത്തിന്റെ സൗമനസ്യത്തിൽനിന്നുള്ള ദാനമായിട്ട് ഇസ്രായേലിന്റെ പുനരുദ്ധാരണത്തെ അവതരിപ്പിക്കാനുള്ള





ശ്രമമാണ് എസെക്കിയേൽ ഈ പ്രവചനത്തിൽ നടത്തുന്നത്. സമാനമായ ആശയം ജറെ 33:6-9 ലും ദൃശ്യമാണ്.

ഇസ്രായേലിന്റെ തിരിച്ചുവരവിനെ കേവലം ബാബിലോണിൽനിന്നും യൂദായിലേക്കുള്ള പ്രയാണമായിട്ടല്ല പ്രവാചകൻ അവതരിപ്പിക്കുന്നത്. മറിച്ച്, തികച്ചും നൂതനമായ ഒരു ഹൃദയവും ആത്മാവും ചൈതന്യവും ആർജ്ജിച്ച് ദൈവജനം ദൈവത്തിങ്കലേക്കു തിരിയുന്ന പ്രവൃത്തിയായിട്ടാണ് (വാ. 27-28). എസെ 11:19-20 ലെ വിവരണവുമായി ഈ വാക്യങ്ങൾക്ക് സമാനതയുണ്ട്. ശുദ്ധീകരണം, മാനസാന്തരം, ദൈവകല്പനകളോടുള്ള സമ്പൂർണ്ണ വിധേയത്വം എന്നീ മൂന്നു ഗുണങ്ങളിലൂടെയാണ് ഇസ്രായേൽ സ്വന്തം ദേശത്തിനുള്ള അവകാശം ആർജ്ജിക്കുന്നത്. 34:29 ൽ എന്നതുപോലെ സമുദ്ധരിക്കപ്പെടുന്ന ഇസ്രായേൽ ഫലസമൃദ്ധമായിരിക്കും എന്ന് ദൈവം വാഗ്ദാനം ചെയ്യുന്നുണ്ട് (വാ. 30). പട്ടി ണിയെ ദൈവം തിരിച്ചുവിളിക്കും എന്ന ആശ യം ബൈബിളിൽ അന്യത്രകാണാം (2 രാജാ 8:1; സങ്കീ 105:16). പട്ടിണിയും ദാരിദ്ര്യവും മൂലം ജനം അരക്ഷിതാവസ്ഥയിലാഴുന്നതും ദൈവനാമത്തിന് അപമാനം വരുത്തുന്ന കാര്യമാകയാലാണ് ദൈവം അവയും എടുത്തുമാറ്റുന്നത്.

**36:33-36,** ദൈവം ഇസ്രായേലിനെ ശുദ്ധീകരിക്കുന്ന (= താഹെർ) നാളിൽ നഗരങ്ങൾ വീണ്ടും ജനവാസ കേന്ദ്രങ്ങളാകും. 5:14-16 ലെ ശിക്ഷാവിധിയിൽ നിർജ്ജനമാക്കപ്പെട്ട യൂദാ വീണ്ടും അനുഗ്രഹിക്കപ്പെടും; യൂദായുടെ സകല അപമാനങ്ങളും നീക്കപ്പെടും. ദൈവാനുഗ്രഹത്തിന്റെ സമൃദ്ധിയിൽ ഇസ്രായേൽ പുതിയൊരു പറുദീസായായിമാറുമെന്ന സുന്ദരമായ സ്വപ്നമാണ് എസെക്കിയേൽ അവതരിപ്പിക്കുന്നത്. ദൈവം ഇസ്രായേലിനെ നട്ടുവളർത്തുകയും പണിതുയർത്തുകയും ചെയ്യുമെന്ന് (ജറെ 1:10) പ്രവാചകൻ പ്രവാസികൾക്ക് പ്രത്യാശ പകർന്നു നൽകുകയാണിവിടെ.

**36:37-38,** ഇസ്രായേലിന്റെ ജനസംഖ്യ ദൈവം അത്ഭുതാവഹമായി വർദ്ധിപ്പിക്കും എന്നാണ് ഈ പ്രവചനം വ്യക്തമാക്കുന്നത്. ജനത്തിന്റെ ഘോരമായ പാപം നിമിത്തം ദൈവം ഇസ്രായേലിന്റെ ചോദ്യങ്ങൾക്കും പ്രാർത്ഥനയ്ക്കും ഉത്തരം നൽകുന്നത് അവസാനിപ്പിച്ചിരുന്നു (14:3; 20:3, 31). കാരണം ദൈവഹിതം അന്വേഷിക്കുന്നവർ (= ദാരാഷ്) ആരുമുണ്ടായിരുന്നില്ല. ഈ പ്രതിസന്ധിയുടെ പരിഹാരമാണ് 36:37-38 ന്റെ പ്രതിപാദ്യം. ജനം ചോദിക്കുകയും ദൈവം ജനം ചോദിച്ചതിനെക്കാളും സമൃദ്ധമായി നൽകുകയും ചെയ്യുമ്പോൾ ഇസ്രായേലും ദൈവവും തമ്മിലുള്ള ബന്ധം പൂർവ്വസ്ഥിതിയിലായി എന്ന് അനുമാനിക്കാം. ഇസ്രായേലിൽ സംഭവിക്കുന്ന ഈ ജനസംഖ്യാവിസ്ഫോടനം ദൈവമഹത്വം തിരിച്ചറിയാനുള്ള തെളിവായിമാറുമെന്നാണ് പ്രവാചകന്റെ പക്ഷം.

**വിചിന്തനം:** 1. മനുഷ്യജീവിതത്തിന്റെ ദുരന്തങ്ങളും ദുഃഖാനുഭവങ്ങളും പ്രവാസവും ദൈവതിരുനാമത്തിന്റെ മഹത്വത്തിനു നിരക്കാത്തതും ദൈവനാമത്തിന് അപമാനകരവുമാണ് എന്ന എസെക്കിയേലിന്റെ ചിന്ത അർത്ഥവത്താണ്. കരയാനും ചിരിക്കാനും അറിയാത്ത കളിമൺപ്രതിമയല്ല ബൈബിളിലെ ദൈവം. മനുഷ്യന്റെ സങ്കടങ്ങളെ ദൈവമഹത്വത്തിനു

വിരുദ്ധമായ പ്രവൃത്തികളായിട്ടാണ് എസെക്കിയേൽ വിലയിരുത്തുന്നത്.

2. മനുഷ്യന്റെ മാനസാന്തരത്തിന് മനുഷ്യനെ ഭരമേൽപിച്ച് മാറി നിൽക്കുന്ന ദൈവത്തെക്കുറിച്ചല്ല എസെക്കിയേൽ സംസാരിക്കുന്നത്. മനുഷ്യൻ മുൻകൈ എടുത്ത് മാനസാന്തരപ്പെടാൻ വൈകുന്നതിനാൽ ദൈവംതന്നെയാണ് മാനസാന്തരത്തിനും തിരിച്ചുവരവിനുമുള്ള മുൻകൈ എടുക്കുന്നത്. രക്ഷാകരചരിത്രത്തെ മുന്നോട്ടുനയിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ.

3. മാനസാന്തരം എന്നത് കേവലം ബാഹ്യമായ അനുഷ്ഠാനപരതയിലല്ല ഹൃദയനവീകരണത്തിലാണ് പ്രകടിപ്പിക്കേണ്ടത് എന്ന് എസെക്കിയേൽ ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്. പുതിയഹൃദയവും (11:19; 36:26) പുതിയ ചൈതന്യവും നേടുമ്പോഴേ മാനസാന്തരം സാധ്യമാകൂ. പുതിയ ചൈതന്യമായി ദൈവാത്മാവും ദൈവത്തിലേക്കു തിരിയാനുള്ള ഹൃദയ സന്നദ്ധതയുമായി മനുഷ്യനും ഒരുമിച്ചു ശ്രവിക്കുമ്പോഴേ മാനസാന്തരം സാധ്യമാകുന്നുള്ളൂ. ദൈവത്തിനുമാത്രമേ മനുഷ്യനെ മാറ്റാനാവുകയുള്ളൂ.

## എസെക്കിയേൽ 37:1-14, വരണ്ട അസ്ഥികൾ ജീവിക്കുമോ?

എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ ഏറ്റവും പ്രസിദ്ധമായ വചനഭാഗം "അസ്ഥികളുടെ താഴ്‌വര" എന്ന പേരിൽ വിഖ്യാതമായ 37:1-14 ലെ വിവരണമാണ്. എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ നാലു ദർശനവിവരണങ്ങളിൽ മൂന്നാമത്തേതാണ് ഈ ആഖ്യാനം. 1:1-3:15; 8:1-11:25; 40:1-48:35 എന്നിവയാണ് ഇതര ദർശന വിവരണങ്ങൾ. ഇതര ദർശനവിവരണങ്ങളിലെന്നപോലെ "കർത്താവിന്റെ കരം പ്രവാചകന്റെ മേൽ വന്നു" എന്ന പ്രസ്താവനയോടെയാണ് (1:3; 3:14; 8:1) ഈ ദർശനവിവരണവും ആരംഭിക്കുന്നത് (വാ. 1). എന്നാൽ ഇതര വിവരണങ്ങളിൽ നിന്നു വ്യത്യസ്തമായി ഈ ദർശനത്തിന്റെ തിയതി രേഖപ്പെടുത്തിയിട്ടില്ല എന്നത് ഇതിന്റെ ആധികാരികതയെക്കുറിച്ച് സംശയം ജനിപ്പിക്കുന്നുണ്ട്.

**37:1-10,** "കർത്താവിന്റെ ആത്മാവ്" (11:5 കാണുക) എസെക്കിയേലിനെ ഒരു താഴ്‌വരയിലേക്കു സംവഹിക്കുന്നതാണ് ദർശനത്തിന്റെ തുടക്കം. താഴ്‌വര (= ബിഖാ) എന്ന പദം 3:22 ൽ ഗ്രന്ഥകാരൻ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇവിടെ പരാമർശിക്കപ്പെടുന്ന താഴ്‌വര അസ്ഥികൾ നിറഞ്ഞ താഴ്‌വരയാണ്. താഴ്‌വരയുടെ പൂർണ്ണ വീക്ഷണം ലഭിക്കത്തക്കവിധം കർത്താവ് പ്രവാചകനെ താഴ്‌വ രയ്ക്കു ചുറ്റും പ്രദക്ഷിണം വച്ചു (വാ. 2). ഈ അസ്ഥികൾ ജീവിക്കുമോ? എന്ന ദൈവത്തിന്റെ ചോദ്യത്തിന് "അങ്ങേയ്ക്കറിയാമല്ലോ" എന്നു മാത്രമാണ് എസെക്കിയേൽ ഉത്തരം നൽകുന്നത്. അസ്ഥികളുടെ താഴ്‌വര യുടെ ചിത്രം മെസപ്പൊട്ടേമിയൻ യുദ്ധപാരമ്പര്യങ്ങളിൽ നിന്നാണ്. സെന്നാക്കരീബിന്റെ നാളാഗമത്തിലും (ബി.സി. 704 681) അസ്സീറിയൻ രാജാവായ എസ്സാർഹദ്ദോന്റെ





ഉടമ്പടിപത്രത്തിലും ശവശരീരങ്ങൾ നിറഞ്ഞ താഴ്‌വരകളെക്കുറിച്ചും അവയിലെ മാംസം പക്ഷികൾ ഭക്ഷിക്കുന്നതിനെക്കുറിച്ചും പരാമർശങ്ങളുണ്ട് (ANET, 538b). നിയ 28:25-26 ലെ ഉടമ്പടിയുടെ ശാപത്തിലും മാംസം പക്ഷികൾ ഭക്ഷിക്കുന്ന മൃതശരീരങ്ങളുടെ വിവരണമുണ്ട്. മനുഷ്യന്റെ മൃതശരീരത്തെ തൊടുന്നത് ഏഴുദിവസം നീളുന്ന അശുദ്ധിയ്ക്കു കാരണമാകും (സംഖ്യ 19:16). എന്നാൽ പ്രവാചകൻ ഇതിനു കാര്യമായ പരിഗണന നൽകുന്നില്ല.

നാലു കാര്യങ്ങൾ ആജ്ഞാപിക്കാനാണ് കർത്താവ് പ്രവാചകനോട് ആവശ്യപ്പെടുന്നത്. (1) അസ്ഥികൾക്കുമേൽ പേശികളും നാഡികളും ചേർക്കുക (2) അസ്ഥികളെയും സ്നായുക്കളെയും മാംസം കൊണ്ടു പൊതിയുക (3) ശരീരമാസകലം തൊലികൊണ്ടു മൂടുക (4) ജീവശ്വാസം കൊണ്ട് ശരീരങ്ങൾക്കു ജീവനേകുക. ദൈവകല്പന അനുസരിച്ച് പ്രവാചകൻ പ്രവചനം ആരംഭിച്ചപ്പോൾ ഭൂകമ്പത്തിനു സമാനമായ ശബ്ദംകൊണ്ട് അന്തരീക്ഷം മുഖരിതമായി. ചിതറിക്കിടന്ന അസ്ഥികൾ ഒരുമിച്ചു ചേർന്ന് അസ്ഥികൂടങ്ങൾരൂപം കൊള്ളുന്നതിന്റെ ശബ്ദമായിരുന്നു അത്. തുടർന്ന് നാഡീഞരമ്പുകളും മാംസവും തൊലിയും അസ്ഥികളെ ആവരണം ചെയ്തു.

അവസാനം, ജീവദായകമായ ആത്മാവിനെ/കാറ്റിനെ (= റൂവഹ്) ശരീരങ്ങളിലേക്കു ക്ഷണിക്കുകയാണ് (വാ. 9). നാലുവശത്തുനിന്നുമുള്ള കാറ്റിനെയാണ് (= മെ അർബാ റൂഹോത്ത്) പ്രാവാചകൻ ക്ഷണിക്കുന്നത്. ശക്തമായ കാറ്റ് എന്ന അർത്ഥത്തിലോ താഴ്‌വാരം മുഴുവൻ (നാലുവശവും) നിറഞ്ഞു നിൽക്കുന്ന ശരീരങ്ങളുടെമേൽ വരുന്ന കാറ്റ് എന്ന അർത്ഥത്തിലോ ആണ് നാലുവശത്തുനിന്നുമുള്ള കാറ്റ് എന്ന് ഉപയോഗിച്ചിരിക്കുന്നത്. ഈ വായു ശ്വസിക്കാനാണ് (= നവാഹ്) ദൈവം കല്പിക്കുന്നത്. നവാഹ് എന്ന ക്രിയാരൂപം ഉൽപ 2:7 ൽ ആദത്തിന് ദൈവം ജീവശ്വാസം നൽകുന്ന പ്രക്രിയയെയാണ് അനുസ്മരിപ്പിക്കുന്നത്. മണ്ണിൽനിന്നു രൂപമെടുക്കുന്ന ശരീരവും വിണ്ണിൽനിന്നു വരുന്ന ആത്മാവും ചേർന്നതാണ് മനുഷ്യവ്യക്തി എന്ന സന്ദേശമാണ് പ്രവാചകൻ നൽകുന്നത്.

**37:11-14,** പ്രവാസികളെ ബാധിച്ച കടുത്തനിരാശയ്ക്കുള്ള ഉത്തരമായാണ് ഈ ദർശനം ദൈവം നൽകുന്നത് തങ്ങളുടെ അസ്ഥികൾ വരണ്ടതായും പ്രതീക്ഷ നഷ്ടമായതായും പൂർണ്ണമായും മുറിച്ചുമാറ്റപ്പെട്ടതായും (കൊല്ലപ്പെട്ടതായും) അനുഭവപ്പെടുന്നതാണ് പ്രവാസികളുടെ നിരാശയ്ക്കു കാരണം. തങ്ങൾ പണ്ടേ മരിച്ചവരാണെന്നും അസ്ഥികൾപോലും ഉണങ്ങിപ്പോയവരുമാണെന്ന പ്രവാസികളുടെ ചിന്ത അവരുടെ നിരാശയുടെ ആഴം വെളിപ്പെടുത്തുന്നുണ്ട്. ബി.സി. 721 ൽ നശിപ്പിക്കപ്പെട്ട വടക്കൻ രാജ്യമായ ഇസ്രായേലിനെക്കുറിച്ചാണെങ്കിൽ ഈ പ്രവചനം അക്ഷരാർത്ഥത്തിൽ ശരിയാണ്. എസെ 33:10 ൽ പ്രവാസികളുടെ നിരാശയെക്കുറിച്ചുള്ള സൂചന പ്രവാചകൻ നല്കിയിരുന്നു.

ആരോഗ്യപാലനത്തിൽ ആത്മശരീരബന്ധത്തെക്കുറിച്ച് വിജ്ഞാന ഗ്രന്ഥങ്ങൾ പ്രതിപാദിക്കുന്നുണ്ട് (സുഭാ 3:7-8; 15:30; 17:22). സങ്കീ 31:10

ലും 102:3 ലും സമാനമായ ആശയങ്ങൾ കാണാം.

പ്രവാസികൾ തങ്ങളെത്തന്നെ മരിച്ചവരായി കാണുന്നതിനാൽ അവരുടെ കല്ലറതുറന്ന് ജീവനേകി ദൈവം അവരെ സ്വദേശത്തേക്കു തിരിച്ചുകൊണ്ടുവരും എന്നാണ് പ്രവാചകൻ മുന്നറിയിപ്പു നൽകുന്നത് (വാ. 13–14). കല്ലറയിൽ നിന്നിറങ്ങി വരുന്ന ശരീരങ്ങളെ ദൈവാത്മാവാണ് സജീവമാക്കുന്നത്. ഇവിടെ "എന്റെ ആത്മാവ് എന്ന് വ്യക്തമായി പറഞ്ഞിട്ടുള്ളതിനാൽ 37:1–14 ൽ പരാമർശിക്കുന്ന "റൂവഹ്" ദൈവത്തിന്റെ ആത്മാവിനെയാണ് സൂചിപ്പിക്കുന്നത് എന്ന് അനുമാനിക്കാം.

എസെക്കിയേലിന്റെ കാലത്ത് ശരീരങ്ങളുടെ ഉയിർപ്പിലുള്ള വിശ്വാസം യഹൂദരുടെയിടയിൽ ഇല്ലായിരുന്നു. ദാനി 12:2 ൽ മാത്രമാണ് (ബി.സി. 167–164 ൽ ഭരണം നടത്തിയിരുന്ന സെലൂക്യരാജാവായ അന്തിയോക്കസ് നാലാമന്റെ ഭരണകാലത്താണ് ഈ ഗ്രന്ഥത്തിന്റെ രചനാകാലം എന്നു കരുതപ്പെടുന്നു) ശരീരങ്ങളുടെ ഉയിർപ്പിനെക്കുറിച്ച് പരാമർശമുള്ളൂ. തന്മൂലം ഈ ദർശനം എസെക്കിയേലിന്റെ സ്വന്തമാണെന്ന് അനുമാനിക്കാം.

**വിചിന്തനങ്ങൾ:** 1. നിരാശയിലാണ്ടു ജീവിതം കൈവിട്ടുപോയ ഒരു ജനതയ്ക്ക് പ്രത്യാശയുടെ സന്ദേശം പകർന്ന് പുനരുജ്ജീവിപ്പിക്കുക എന്ന ഭാരിച്ച ദൗത്യമാണ് പ്രവാചകൻ നിർവ്വഹിക്കുന്നത്, പ്രതീക്ഷ നശിച്ചവൻ മൃതനാണ്. സ്വർഗ്ഗത്തെക്കുറിച്ചുള്ള ചിന്ത നിരാശയകറ്റും. ഇതാണ് പ്രവാചകൻ പുനരുദ്ധാരണ സന്ദേശത്തിലൂടെ വ്യക്തമാക്കുന്നത്.

2. "ഈ അസ്ഥികൾ ജീവിക്കുമോ?" എന്നത് പ്രത്യാശയുടെ വെല്ലുവിളിയാണ്. യുക്തിപൂർവ്വം ചിന്തിച്ചാൽ അസ്ഥികൾ ജീവിക്കില്ല. യുക്തിയെ ആശ്രയിക്കുന്നവരെല്ലാം പരാജയമടയുന്നു. ദൈവത്തിന് എല്ലാം സാധ്യമാണ് എന്നതാണ് വിശ്വാസത്തിന്റെ യുക്തി.

3. ഈ ദർശനത്തിൽ എസെക്കിയേൽ ദൈവത്തിന്റെ കണ്ണിലൂടെയാണ് അസ്ഥികൾ ഒന്നുചേരുന്നതും മാംസവും ചർമ്മവും മൂടുന്നതും ജീവൻ ആർജ്ജിക്കുന്നതും കാണുന്നത്. പ്രാവാസികളുടെ നിരാശ നിറഞ്ഞ വീക്ഷണവും ദൈവത്തിന്റെ പ്രത്യാശ നിറഞ്ഞ വീക്ഷണവും തമ്മിലുള്ള വൈരുദ്ധ്യമാണ് ഇവിടുത്തെ മുഖ്യപ്രതിപാദ്യം. ഏതൊരു യാഥാർത്ഥ്യത്തെയും ദൈവികവും മാനുഷികവുമായ കണ്ണുകളിലൂടെ നോക്കാം. ഈ നോട്ടങ്ങൾ തമ്മിലുള്ള അന്തരം ചിലപ്പോൾ ജീവനും മരണവും തമ്മിലുള്ള അന്തരമായിരിക്കാം.

4. അസ്ഥികളുടെ താഴ്‌വര "രൂപരഹിതവും ശൂന്യവുമായ" ആദിപ്രപഞ്ചഘടനയെ പ്രതിനിധാനം ചെയ്യുന്നു. ദൈവവചനവും ദൈവാത്മാവും പ്രവർത്തനനിരതമായപ്പോൾ "എല്ലാം നല്ലതായി"കാണപ്പെട്ട പ്രപഞ്ചം രൂപപ്പെട്ടു. സമാനമായ സംഭവമാണ് എസെ 37:1–14 ലും അരങ്ങേറുന്നത്. ഓരോ പുനരുദ്ധാരണവും പുതിയ സൃഷ്ടികർമ്മമാണ്. ഓരോ മാനസാന്തരവും പുനർജനനമാണ്. അത് സാധ്യമാകുന്നതാകട്ടെ ദൈവാത്മാവാലും ദൈവവചനത്താലുമാണ്.

5. എസെ 37:1–14 ലെ ദർശനത്തിന്റെ തിയതി പറഞ്ഞിട്ടില്ല എന്നതി





നെക്കുറിച്ച് എലിക് വീസൽ എന്ന നോബെൽ സമ്മാനജേതാവ് എഴുതി: എല്ലാ തലമുറകളിലും ദേശങ്ങളിലുമുള്ള തകർന്ന ജീവിതങ്ങൾക്കുള്ള ദൈവത്തിന്റെ ഉത്തരമാണിത്. അതിനാൽ സ്ഥലവും തിയതിയും അപ്രസക്തമാണ്.

## എസെക്കിയേൽ 37:15–28, ദൈവജനത്തിന്റെ പുനരേകീകരണം

ഇസ്രായേലിന്റെ പുനരേകീകരണത്തെ ഒരു പ്രതീകാത്മക പ്രവൃത്തിയിലൂടെ വ്യാഖ്യാനിക്കുന്ന വചനഭാഗമാണിത്. യൂദായെയും എഫ്രായിമിനെയും പ്രതിനിധീകരിക്കുന്ന രണ്ടുവടികൾ ചേർത്തുകെട്ടുകയും പ്രസ്തുത ഏകീകരണം ഇസ്രായേലിന്റെ പുനരേകീകരണത്തിന്റെ പ്രതീകമാണെന്നു വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

**37:15–19,** പ്രവാചകൻ അനുഷ്ഠിക്കുന്ന പ്രതീകാത്മക പ്രവൃത്തിയാണ് ഈ വചനങ്ങളുടെ പ്രമേയം. "ഒന്ന്" (= എഹാദ്) എന്ന പദം ഈ വചനഭാഗത്ത് (വാ. 16–19) എട്ടുതവണ ആവർത്തിക്കുന്നുണ്ട്. കൂടാതെ 22a, 22b, 24a തുടങ്ങിയ വാക്യങ്ങളിലും "ഒന്ന്" എന്ന പദം ആവർത്തിക്കുന്നുണ്ട്. ഇസ്രായേൽ ഒന്നായിത്തീരണം എന്ന പ്രമേയമാണ് ഇവിടെ പ്രസക്തമായിട്ടുള്ളത്.

ഒരു മരക്കഷണം (പി.ഓ.സി ബൈബിളിൽ വടി എന്നാണ്) യൂദായെ പ്രതിനിധീകരിച്ചും മറ്റൊരു മരക്കഷണം എഫ്രായിമിനെ (ജോസഫിനെ) പ്രതിനിധീകരിച്ചുമാണ് തിരഞ്ഞെടുക്കുന്നത്. മരക്കഷണം എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് "യ്യെസ്സ്" എന്ന ഹീബ്രുപദത്തിനെയാണ്. വൃക്ഷം എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോഗിക്കുന്നത്. വൃക്ഷക്കമ്പുകളെ സൂചിപ്പിക്കാനും ഇത് ഉപയോഗിക്കാറുണ്ട് (എസെ 26:12). ഇടയന്മാരുടെ വടിയെയാണ് എസെക്കിയേൽ വിവക്ഷിക്കുന്നത് എന്നു കരുതുന്നവരുമുണ്ട്. സംഖ്യ 17:1–13 ൽ ഓരോ ഗോത്രത്തിന്റെയും പേരെഴുതിയ വടികൾ മോശ സൂക്ഷിക്കുന്നതായി പറയുന്നുണ്ട്.

ജോസഫിന്റെ ഗോത്രം എന്നത് വടക്കൻ രാജ്യമായ ഇസ്രായേലിനെ സൂചിപ്പിക്കുന്ന പദപ്രയോഗമാണ് (ആമോ 5:15; ഒബാ 1:18; സങ്കീ 77:15). ഇസ്രായേലിന്റെ ചരിത്രത്തിൽ ആധിപത്യം പുലർത്തിയിരുന്നത് ജോസഫിന്റെ മക്കളായിരുന്ന എഫ്രായിമിന്റെയും മനാസ്സെയുടെയും ഗോത്രങ്ങളായിരുന്നു. ജോസഫിന്റെയും യൂദായുടെയും വടികൾ ഒന്നിച്ചു ചേർക്കുന്നത് 12 ഗോത്രങ്ങളുടെയും ഏകീകരണത്തെയാണ് സൂചിപ്പിക്കുന്നത്.

**37:20–24a,** ദൈവം തന്റെ ജനത്തെ വിജാതീയരുടെ ഇടയിൽനിന്നെടുത്ത് (= ലാക്കാഹ്) സ്വദേശത്തേക്കു കൊണ്ടുവരും എന്ന പ്രഖ്യാപനത്തിലൂടെ പ്രവാസികളുടെ മടങ്ങിവരവിനെ രണ്ടാം പുറപ്പാടു യാത്രയായിട്ടാണ് എസെക്കിയേൽ അവതരിപ്പിക്കുന്നത് എന്ന് മനസിലാക്കാം (34:13; 36:12; 37:12). വടികളുടെ സംയോജനം സൂചിപ്പിക്കുന്നതുപോലെ

ദൈവം അവരെ "ഒറ്റ രാജ്യമായി" (= ഗോയി എഹാദ്) മാറ്റും. രാജ്യവിഭജനത്തിനു കാരണമായ വിവാദം (1 രാജാ 11:26–12:20) അവസാനി പ്പിച്ച് ദൈവം ഇരുരാജ്യങ്ങളെയും ഒരുമിപ്പി ക്കും (വാ. 21). അവർക്ക് ഭരണാധികാരിയാ യി ഏകരാജാവിനെ നൽകും. എസെ 34:23–24 ന്റെ വെളിച്ചത്തിൽ ഈ രാജാവു ദാവീദിന്റെ വംശത്തിൽനിന്നാണ്.

മുൻതലമുറയുടെ അതിക്രമങ്ങളായ വിഗ്രഹാരാധനയും ഇതര തിന്മകളും പുതിയ സമൂഹത്തിൽ ആവർത്തിക്കപ്പെടാതിരിക്കാൻ ദൈവം അവരെ രക്ഷിക്കും ദാവീദിന്റെ വംശത്തിൽ നിന്നുള്ള അവരുടെ രാജാവ് ദൈവഹിതമനുസരിച്ച് അവരെ നയിക്കും.

**37:24b–28,** പുനരുദ്ധരിക്കപ്പെടുന്ന ജനം ദൈവത്തിന്റെ പ്രമാണങ്ങൾ പാലിച്ച് ദൈവത്തോടു വിശ്വസ്തമായ ജീവിതം നയിക്കും. 1 രാജാ 11:38 ൽ ദാവീദിനെക്കുറിച്ച് സമാനമായ ഒരു പ്രസ്താവന കാണാം. പ്രവാസികൾ മടങ്ങിവരുമ്പോൾ ലഭിക്കുന്ന നാട് ദൈവം പൂർവ്വപിതാക്കൾക്കു നൽകിയ നാടുതന്നെയാണ് എന്നു വ്യക്തമാക്കുന്നുണ്ട് (വാ. 25). യാക്കോബിന് കിട്ടിയ ദേശവും (12 ഗോത്രങ്ങൾക്ക് അവകാശമായി ലഭിച്ച കാനാൻ ദേശം) ദാവീദിന്റെ നേതൃത്വവും തിരികെ നൽകുന്നത് പുനരുദ്ധാരണത്തിന്റെ ഭാഗമാണ്. കൂടാതെ 35:25–31 ൽ പരാമർശിച്ച ഉടമ്പടിയുടെ ശാശ്വതീകരണവും ദൈവം വാഗ്ദാനം ചെയ്യുന്നുണ്ട്. (വാ. 26). നിത്യമായ ഉടമ്പടി എന്ന ആശയം ലേവ്യ 26:4; ഏശ 55:3; ജറെ 32:40 എന്നീ വചനഭാഗങ്ങളിൽ കാണാം. സന്താന പുഷ്ടിയെക്കുറിച്ചുള്ള വാഗ്ദാനം (വാ. 26) ഉൽപ 1:27 ന്റെ ആവർത്തനമാണ് (എസെ 36:11 കാണുക).

ദൈവം തന്റെ ആലയം ജനത്തോടൊത്ത് നിത്യമായി സ്ഥാപിക്കും എന്നതാണ് പരമപ്രധാനമായ വാഗ്ദാനം. "മിഖ്ദാഷ്" (വിശുദ്ധസ്ഥലം) എന്ന പദമാണ് കർത്താവിന്റെ ആലയത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. മിഖ്ദാഷ് എന്ന പദം ദൈവത്തിന്റെ സർവ്വാതിശായിയായ ഭാവത്തെയു (Transcendence) മീഖ്ദാൻ എന്നപദം ദൈവത്തിന്റെ അന്തർയാമിത്വത്തെയും സൂചിപ്പിക്കുന്ന പദങ്ങളാണ്. പുറ 33:7–11 ൽ സമാഗമകൂടാരത്തെ "മിഖ്ദാൻ" എന്നാണ് വിശേഷിപ്പിക്കുന്നത്. കർത്താവിന്റെ മഹത്വം പുനരുദ്ധാരണ പ്രവൃത്തികളിലൂടെ ലോകം മുഴുവനിലും തിരിച്ചറിയപ്പെടും എന്ന പ്രസ്താവനയോടെയാണ് ഈ പ്രവചനം അവസാനിക്കുന്നത് (വാ. 28).

**വിചിന്തനം: 1.** നിത്യമായ ഉടമ്പടിയെക്കുറിച്ചും ദൈവം മനുഷ്യരോടൊത്ത് നിത്യമായി വസിക്കുന്നതിനെക്കുറിച്ചും എസെക്കിയേൽ നടത്തുന്ന ദർശനങ്ങൾ ഹൃദയഹാരിയാണ്. ഇനിമേൽ നാശമോ ശിക്ഷാവിധിയോ ഇല്ലാത്ത നിത്യഉടമ്പടിയുടെ കാലത്തെക്കുറിച്ചാണ് പ്രവാചകൻ സ്വപ്നം കാണുന്നത്. എന്നാൽ മറുചോദ്യത്തിനു പ്രസക്തിയുണ്ട്. അസാധ്യമായിത്തോന്നുന്നവയെക്കുറിച്ചു സ്വപ്നം കാണാൻ വിശ്വാസം തരുന്ന ഊർജ്ജത്തിന്റെ അനന്തസാധ്യതയാണ് ഇവിടെ വ്യക്തമാകുന്നത്. നിത്യമായ ഉടമ്പടി സ്ഥാപിക്കാനും നിത്യമായി മനുഷ്യനോടൊത്തു വസിക്കാനും ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തപ്പോൾ എ സെക്കിയേൽ കണ്ട സ്വപ്നം പൂർത്തിയായി.





2. സകലഭിന്നതകളും അനൈക്യങ്ങളും അതിജീവിക്കുന്നിടത്താണ് ശാശ്വതമായ ദൈവിക ഉടമ്പടി യാഥാർത്ഥ്യമാകുന്നത്. ബി.സി. 721 ൽ തകർന്നുപോയ വടക്കൻ ഇസ്രായേലോ പ്രവാസത്തിൽ നിന്നു തിരിച്ചെത്തിയ യൂദായോ പിന്നീടൊരിക്കലും നഷ്ടപ്രതാപം അതിന്റെ പൂർണ്ണതയിൽ വീണ്ടെടുത്തില്ല എന്നതിനാൽ കേവലം ഭൗതികമായൊരു ഐക്യമല്ല പ്രവാചകൻ വിവക്ഷിക്കുന്നത്. അസ്ഥികളുടെ താഴ്‌വരയിൽ ജീവന്റെ സമൃദ്ധിവിളയിക്കുന്ന ദൈവത്തിന്റെ രക്ഷാപദ്ധതി മരണത്തിനപ്പുറത്തേയ്ക്കും നീളുന്ന സത്യമാണ് എന്നാണ് പ്രവാചകൻ വീക്ഷിക്കുന്നത്. ദൈവരാജ്യത്തിൽ മാത്രമേ ചിലനഷ്ടങ്ങൾ അന്തിമമായി വീണ്ടെടുക്കാനും ചില സങ്കടങ്ങൾ ശാശ്വതമായി പരിഹരിക്കാനും കഴിയുകയുള്ളൂ.

# എസെക്കിയേൽ 38:1–39:29, അന്തിമയുദ്ധം – ദൈവവും ഗോഗും

സൈന്യങ്ങളുടെ ദൈവമായ കർത്താവ് മെഷേക് – തൂബാൽ ദേശങ്ങളുടെ അധിപനായ മഗോഗിലെ ഗോഗും തമ്മിൽ നടത്തുന്ന അന്തിമയുദ്ധമാണ് എസെ 38:1–39:29 ൽ വിവരിക്കുന്നത്. ഇവിടെ പ്രതിപാദിക്കപ്പെടുന്ന ഗോഗ് ഏതെങ്കിലും വ്യക്തിയാണോ പ്രതീകമാണോ എന്നതിനെക്കുറിച്ച് സഹസ്രാബ്ദങ്ങൾക്കുശേഷവും തീരുമാനത്തിലെത്താൻ വ്യാഖ്യാതാക്കൾക്കു കഴിഞ്ഞിട്ടില്ല. ഓരോ കാലഘട്ടത്തിലും ദൈവജനത്തിനെതിരേ കരുത്താർജ്ജിച്ച ശക്തികളെ ഗോഗായി ചിത്രീകരിക്കുന്ന പതിവ് സഭാചരിത്രത്തിൽ ഉടനീളം കാണാം. സിബില്ലിയൻ ഓറക്കിൾസിൽ (3.319) ഗോഗിനെ എത്യോപ്യാക്കാരായും പിന്നീടുള്ള ശതകങ്ങളിൽ യൂറോപ്പു കീഴടക്കാനെത്തിയ മുസ്ലീങ്ങളും, മംഗോളീയരുമായും, സ്വേച്ഛാധിപതികളായ സ്റ്റാലിനും ഹിറ്റ്ലറുമായും താദാത്മ്യപ്പെടുത്തിയിരുന്നു (Blenkinsopp, Ezekiel, IBC, P. 184).

വിവിധ വ്യാഖ്യാനങ്ങൾ ഗോഗിനെക്കുറിച്ച് നൽകപ്പെടുന്നുണ്ട്:

(1) ഐതിഹ്യങ്ങളിലെ സാങ്കല്പിക യുദ്ധവീരനായിരുന്ന ഗോഗിനെ പ്രവാചകൻ പ്രതീകവൽക്കരിക്കുകയായിരുന്നു.

(2) മെസപ്പൊട്ടേമിയൻ സമതലങ്ങൾക്കു ഭീഷണി ഉയർത്തിയ സമകാലികനായ ഒരു കിരാതശക്തിയായിരുന്നു ഗോഗ്.

(3) സുമേറിയൻ പാരമ്പര്യത്തിൽ അന്ധകാരത്തിന് "ഗൂഗ്" എന്നാണ് പറയുന്നത്. അന്ധകാരശക്തികളുടെ അധിപനായി ചിത്രീകരിക്കുന്നതിനാൽ ഈ കഥാപാത്രത്തിന് ഗോഗ് എന്നു പേരു നൽകിയതാകാം.

(4) എസെക്കിയേലിന്റെ കാലത്തിനും നൂറ്റാണ്ടുകൾക്കുശേഷം എഴുതിച്ചേർക്കപ്പെട്ടതാണ് ഈ വിവരണം എന്നു കരുതുന്നവർ അലക്സാണ്ടർ ചക്രവർത്തിയെയും സെലൂക്യ രാജാവായ അന്തിയോക്കസ് യൂപ്പാത്തറേയും ഗോഗായി വ്യാഖ്യാനിക്കാറുണ്ട്.

(5) ഗോഗിനെക്കുറിച്ചുള്ള വിവരണത്തിൽ (38:1–39:29) 38:1–9 മാത്രമേ എസെക്കിയേലിന്റെ രചനയായിട്ടുള്ളൂ; ശേഷിക്കുന്ന ഭാഗങ്ങൾ പിൽക്കാല സംശോധകരുടെ രചനയാണ് എന്നു കരുതുന്നവരുണ്ട്. നിലവിലുള്ള കഥകളെയും ഐതിഹ്യങ്ങളെയും ആധാരമാക്കി എസെക്കിയേൽ തന്റെ ദർശനപരമായ ആഖ്യാനശൈലിയിൽ രൂപപ്പെടുത്തിയ കഥാപാത്രമാണ് 38:1–9 ലെ ഗോഗ് എന്ന് ഇക്കൂട്ടർ വാദിക്കുന്നു.

എസെക്കിയേലിന്റെ ഗ്രന്ഥം 1–37 അധ്യായങ്ങളിൽ ഒരിക്കൽപോലും പരാമർശിക്കപ്പെടാത്ത ഗോഗിനെ അന്തിമയുദ്ധത്തിലെ മുഖ്യ എതിരാളിയായി അവതരിപ്പിക്കുന്നതിലെ ആഖ്യാനഭംഗം മൂലമാണ് (narrative discontinuity) 38:1–39:29 ലെ വിവരണം പ്രവാചകന്റെ രചനയാണോ എന്ന സംശയം ഉദിക്കുന്നത്. എന്നാൽ, ആഖ്യാനഭംഗങ്ങൾ എസെക്കിയേലിന്റെ രചനാശൈലിയുടെ ഭാഗമാണെന്ന് ഇതിനോടകം നാം മനസ്സിലാക്കിയിട്ടുള്ളതാണ്. തന്നെയുമല്ല, ഈ വിവരണത്തിലെ ആശയങ്ങളും ശൈലികളും എസെ 1–37 അധ്യായങ്ങളോട് ചേർന്നുപോകുന്നതാകയാൽ 38:1–39:29 ലെ വിവരണം എസെക്കിയേലിന്റെ രചനയല്ല എന്നു കരുതാൻ ന്യായങ്ങളില്ല.

## എസെക്കിയേൽ 38:1–23, ഗോഗിനെതിരായ യുദ്ധം

മുൻ പ്രവചനങ്ങളുടെ പരമ്പരാഗത ശൈലികളെല്ലാം (“കർത്താവിന്റെ വചനം എന്റെ മേൽവന്നു,” “മനുഷ്യപുത്രാ” എന്ന സംബോധന, മുഖം തിരിക്കാനുള്ള കല്പന തുടങ്ങിയവ) ഈ പ്രവചനത്തിലും ആവർത്തിക്കുന്നുണ്ട് (4:3; 6:2; 13:7; 20:46; 21:2; 25:2; 28:21; 29:2; 35:2). ഞാൻനിനക്ക് എതിരാണ് എന്ന ദ്വന്ദ്വയുദ്ധ പ്രഖ്യാപനവും മുൻപ്രവചനങ്ങളുടെ ശൈലിയുള്ളതാണ് (13:8; 21:3; 26:3; 29:3).

ഗോഗ് എന്നു പരാമർശിക്കുന്നത് ആരെയാണ് എന്നത് മുൻപ് സൂചിപ്പിച്ചതുപോലെ തർക്കവിഷയമാണ്. 1 ദിന 5:4 ൽ റൂബൻ വംശജനായ ഗോഗിനെ പരാമർശിക്കുന്നുണ്ടെങ്കിലും പ്രസ്തുത ഗോഗും എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ ഗോഗും തമ്മിൽ ബന്ധമൊന്നുമില്ല. അമർണാ ഫലകങ്ങളിൽ (ബി.സി. 1400) വടക്കൻ ദേശക്കാരെക്കുറിച്ചുള്ള പരാമർശത്തിലും ഉഗാറിറ്റിക് പുരാണത്തിലും ഗാഗദേവനെക്കുറിച്ചുള്ള പരാമർശമുണ്ട്. ലിദിയൻ രാജാവായ ഗിഗെസ് (ബി.സി. 680–650), അസൂർബാനിപാലിന്റെ (ബി.സി. 668–627) നാൾവഴികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഗൂഗു തുടങ്ങിയവരെയൊക്കെ ഗോഗായി വ്യാഖ്യാനിക്കുന്നവരുണ്ട്.

എന്നാൽ ഗോഗ് എന്നത് ബാബിലോൺ രാജാവായ നബുക്കദ്നേസറിനെയും ബാബിലോൺ സാമ്രാജ്യത്തെയുമാണ് വിവക്ഷിക്കുന്നത് എന്നു കരുതാവുന്നതാണ്. എന്നാൽ രണ്ടുതരം അക്ഷേപങ്ങൾ ഈ നിഗമനത്തിന് എതിരായി ഉയർത്താറുണ്ട്: (1) എസെക്കിയേലിന്റെ ഗ്രന്ഥത്തിലുടനീളം നബുക്കദ്നേസർ സ്വന്തം പേരിൽ പരാമർശിക്കപ്പെടുന്നുണ്ട്. (2) നബുക്കദ്നേസർ ദൈവകരങ്ങളിലെ ഉപകരണമായിട്ടാണ് ഈ ഗ്രന്ഥത്തിൽ വിശേഷിപ്പിക്കപ്പെടുന്നത്. ഈ രണ്ട് ആക്ഷേപങ്ങളും തൃപ്തികരമായ മറുപടി കണ്ടെത്താവുന്നതാണ്. നബുക്കദ്നേസറിനെ ദൈവകരങ്ങളിലെ ഉപകരണമായി അവതരിപ്പിച്ചതിനാൽ അദ്ദേഹത്തെ അതേ പേരിൽ ദൈവത്തിന്റെ ശത്രുവായി അവതരിപ്പിക്കാൻ ഗ്രന്ഥകാരനാകില്ല. അതിനാൽ ഗോഗ് എന്ന സാങ്കല്പികനാമം നബുക്കദ്നേസറിനു നൽകി. ഒരു വ്യക്തി ദൈവകരങ്ങളിലെ ഉപകരണമായി എന്നതിന് ആ വ്യക്തിയുടെ പ്രവർത്തനങ്ങളെ ദൈവം പരിരക്ഷിക്കുന്നു എന്നർത്ഥമില്ല. എസെക്കിയേലിന്റെ പുസ്തകത്തിൽ ലോകത്തെ ഏറ്റവും ക്രൂരന്മാരും കിരാതരുമായാണ് ബാബിലോൺകാരെ ചിത്രീകരിക്കുന്നത്. അതിനാൽ അവരുടെ പ്രവർത്തനങ്ങൾ ദൈവഹിതാനുസൃതമല്ല എന്നു വ്യക്തമാണ്. ദൈവനീതിയുടെ ശിക്ഷാവിധിനടപ്പിലാക്കാൻ താൽക്കാലികമായി നിയോഗിക്കപ്പെട്ട ബാബിലോണിന് ദൈവത്തിന്റെ അനസ്യൂതമായ അംഗീകാരമില്ല.

നബുക്കദ്നേസറാണ് ഗോഗായി വിശേഷിപ്പിക്കപ്പെടുന്നത് എന്നതിനു തെളിവായി താഴെപ്പറയുന്ന തെളിവുകൾ നിരത്താവുന്നതാണ്:

(1) ഇസ്രായേലിന്റെ പുനരുദ്ധാരണം വിവരിക്കുന്ന ഭാഗത്താണ് (33:1–48:35) ഈ പ്രവചനം (38:1–39:29) എന്നതിനാൽ ഇസ്രായേലിന്റെ പുനരുദ്ധാരണത്തിനുള്ള ഏറ്റവും വലിയ തടസ്സമായ ബാബിലോൺ ആധിപത്യത്തെ പരാജയപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത യുദ്ധമാണ് അന്തിമയുദ്ധമായി ഇവിടെ അവതരിപ്പിക്കുന്നത്.

(2) ബാബിലോൺ പ്രവാസത്തിലായിരിക്കവേ നടത്തുന്ന പ്രവചനമാകയാൽ ബാബിലോൺ രാജാവിനെതിരായ പരാമർശങ്ങൾ രഹസ്യാത്മക ഭാഷയിലായിരിക്കേണ്ടത് ആവശ്യമായിരുന്നു.

(3) ഗോഗിന്റെ രാജ്യമായി പറഞ്ഞിരുന്ന മെഷെക് – തൂബാൽ ബാബിലോൺ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന പട്ടണമാണ്. 27:13 ൽ ടയിറിന്റെ വ്യാപാരപങ്കാളികളായി ഈ പട്ടണങ്ങളെ അവതരിപ്പിക്കുന്നുണ്ട്.

(4) മഗോഗ് എന്നത് ഹീബ്രുവിലെ “മ” (= സ്ഥലം) എന്ന വാക്കും “ഗോഗ്” എന്ന വാക്കും ചേർന്നതാണ്. ഗോഗിന്റെ സ്ഥലം എന്നുമാത്രമേ ഈ വാക്കിന് അർത്ഥമുള്ളൂ. ഉൽപ 10:2 ലും 1 ദിന 1:2 ലും മഗോഗ് വ്യക്തികളുടെ പേരായി പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും ഒരു സ്ഥലനാമമായി ഈ പേര് ഒരു പൗരാണിക രേഖകളിലും പ്രത്യക്ഷപ്പെടുന്നില്ല.

ഗോഗിന്റെ പങ്കാളികളായി പ്രത്യക്ഷപ്പെടുന്നവർ പേർഷ്യാ, എത്യോപ്യ, പുത്ത്, ഗോമർ, ബേത്, തൊഗാർമ. ഉൽപ 10:2–4 ൽ പ്രത്യക്ഷപ്പെടുന്ന യാഫെത്തിന്റെ (നോഹയുടെ പുത്രൻ) സന്തതിപരമ്പരകളിൽ തൂബാൽ, മെഷെക്, ഗോമർ എന്നിവരുടെ പേരുകളുണ്ട്. ഗോമറുടെ മൂന്നു മക്കളിൽ ഒരാളാണ് തൊഗാർമ. എസെ 27:4 ൽ ബേത് തൊഗാർമ ടയിറിന്റെ വ്യാപാരപങ്കാളിയാണ്. ഗോഗിന്റെ ഏഴു പങ്കാളികളെ വിവരിക്കുന്നതിലൂടെ ലോകത്തിന്റെ അതിരുകൾവരെ നീണ്ട സഖ്യകക്ഷിബ

ന്ധങ്ങൾ ഗോഗിനുള്ളതായി ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. കൂടാതെ ഏഴു
സഖ്യകക്ഷികൾ എന്നത് സമഗ്രതയെ സൂചിപ്പിക്കുന്നതിനാൽ ഗോഗ് ഒരു
വലിയ ലോകശക്തിയും സാമ്രാജ്യവുമാണെന്ന് അനുമാനിക്കാം. ഈ
നിഗമനവും ഗോഗിനെ അക്കാലത്തെ ഏറ്റവും പ്രബല സാമ്രാജ്യമായ
ബാബിലോണുമായി താരതമ്യപ്പെടുത്താൻ സഹായകമാണ്.

29:5 ൽ ദൈവം ഫറവോയെന്ന മുതലയെ ചൂണ്ടയിട്ടു പിടിക്കുന്നതു
പോലെ 38:4 ൽ താടിയെല്ലിൽ ചൂണ്ട കോർത്താണ് ഗോഗിനെയും ബന്ധി
ക്കുന്നത്. കർത്താവിന്റെ മലയിൽ ദൈവജനത്തെ ഒരുമിച്ചു കൂട്ടിയതിനു
ശേഷമാണ് (എസെ 20:34-32; 36:33-34) ഗോഗിനെ ദൈവം തോല്പിക്കു
ന്നത്. ഈ പ്രവചനം ചരിത്രപരം എന്നതിനേക്കാൾ ദൈവശക്തിയുടെ
പ്രകടനമായി മനസ്സിലാക്കാം. തന്റെ ജനത്തെ സുരക്ഷിതസ്ഥാനത്തെ
ത്തിച്ചശേഷം ദൈവം യുദ്ധത്തിനിറങ്ങി എന്ന അർത്ഥത്തിൽ ഈ വചനം
മനസ്സിലാക്കാം. ഗോഗിന്റെ ആഗമനത്തെ വിശേഷിപ്പിക്കാൻ "കൊടുങ്കാ
റ്റുപോലെ" (= കാസ്സോവാ), "മേഘംപോലെ" (= കെ ആനാൻ) എന്നീ
പ്രതീകങ്ങളാണ് ഉപയോഗിക്കുന്നത്. സമാനമായ പ്രതീകദ്വന്ദ്വങ്ങൾ ഏശ
20:3 ലും ജറെ 4:13 ലും കാണാം.

**38:10-16,** കർത്താവിന്റെ ജനത്തെ ഒരുമിച്ചുകൂട്ടിയ കർത്താവിന്റെ
മലയിലേക്കാണ് ഗോഗ് വന്നെത്തുന്നത്. ദൈവജനത്തിന്റെ സമൃദ്ധിയും
നഗരത്തിനു മതിലുകളില്ല എന്നതും ഗോഗിനെ ആകർഷിക്കുന്ന വസ്തു
തകളാണ്. എന്നാൽ ഗോഗിനെ കർത്താവിന്റെ മലയിൽവച്ചു പരാജയ
പ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ദൈവം ഗോഗിനെ പ്രസ്തുത
മലയിലേക്ക് കൊണ്ടുവരുന്നത്. കർത്താവിന്റെ ആലയം തകർക്കുകയും
വിശുദ്ധവസ്തുക്കൾ കൊള്ളയടിക്കുകയും ചെയ്ത ബാബിലോണിനെ
കർത്താവിന്റെ മലയിൽവച്ചുതന്നെ പരാജയപ്പെടുത്തുന്നതിലൂടെ അപ
മാനിതമായ ദൈവനാമം മഹത്വീകൃതമാകുന്നു എന്ന ചിന്തയാണ് പ്രവാ
ചകനെ നയിക്കുന്നത്.

**38:17-23,** "എന്റെ ദേശത്തിനെതിരേ നിന്നെഞാൻ കൊണ്ടുവരും എന്നു
പ്രവാചകന്മാർവഴി അറിയിച്ചത് നിന്നെപ്പറ്റിയല്ലേ?" എന്ന 17-ാം വാക്യം
ഗോഗ് ബാബിലോണിനെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നതിന്റെ
വ്യക്തമായ സൂചനയാണ്. ബാബിലോൺ യൂദായ്ക്കെതി രേവരും എന്ന്
വർഷങ്ങളായി "ദൈവദാസന്മാരായ പ്രവാചകർ" (ഈ പ്രയോഗം നിയ
മാവർ ത്തനചരിത്രകാരന്റെ ശൈലിയാണ്. 2 രാജാ 9:7; 17:3; ജറെ 7:25;
26:5). പ്രവചിച്ചതിന്റെ പൂർത്തീകരണമായി ബി.സി. 587 ൽ ബാബിലോൺ
യൂദായെ പരാജയപ്പെടുത്തി. തന്മൂലം ദൈവജനത്തിനെതിരേവന്ന ഗോഗ്
ബാബിലോണാണെന്ന് അനുമാനിക്കാം.

ഗോഗുമായുള്ള യുദ്ധത്തിൽ ദൈവജനത്തിന്റെ നാട്ടിൽവച്ച് ദൈവം
ഗോഗിനെ പരാജയപ്പെടുത്തും. യുഗാന്ത്യയുദ്ധങ്ങളെക്കുറിച്ച് യഹൂദ വെളി
പാടു സാഹിത്യത്തിലുള്ള വിവരണങ്ങളുടെ ശൈലിയാലാണ് ഈ വിവ
രണം അവതരിപ്പിച്ചിരിക്കുന്നത്. സകല ജീവജാലങ്ങളെയും പ്രകമ്പനം
കൊള്ളിക്കുന്ന ഭൂകമ്പവും പ്രകൃതിദുരന്തങ്ങളും സംഭവിക്കും. കർത്താ
വിന്റെ വാളിനാൽ ഭയചകിതരാകുന്ന സൈന്യം അന്യോന്യം വെട്ടിമ





രിക്കും (ഉദാ. ന്യായ 7:22). സോദോം ഗോമോറായ്ക്കു ലഭിക്കുന്ന
ശിക്ഷയെ (ഉൽപ 19:24) അനുസ്മരിപ്പിക്കുന്ന അഗ്നിയും ഗന്ധകവും
മഴയും ആലിപ്പഴവും പെയ്തിറങ്ങി ഭൂമിയിൽ നാശംവിതയ്ക്കും.

## എസെക്കിയേൽ 39:1-29, ഗോഗിന്റെ പരാജയവും ദൈവനാമത്തിന്റെ മഹത്വീകരണവും

ഗോഗിനെതിരായ ആദ്യപ്രവചന (38:1-23) ത്തിന്റെ സമാന്തര വിവര
ണമായി 39:1-29 നെ മനസ്സിലാക്കാം. ആദ്യപ്രവചനം ഗോഗിന്റെ പരാജ
യത്തെക്കുറിച്ചാണെങ്കിൽ 39:1-29 ലെ രണ്ടാം വിവരണം ഗോഗിന്റെയും
സൈന്യത്തിന്റെയും മൃതശരീരങ്ങളുടെ വിവരണമാണ്. ഈ വിവരണ
ങ്ങളെ സമാന്തരവിവരണങ്ങളായി (Halving Pattern) കരുതാനുള്ള കാര
ണങ്ങൾ ചുവടെ ചേർ ക്കുന്നു:

1. ആമുഖവാക്യങ്ങളിലെ സമാനത (38:1-4a = 39:1-2)
2. പ്രവചിക്കാനുള്ള തുടർ ആഹ്വാനം (38:14 = 39:17)
3. രണ്ട് ഉപവിഭാഗങ്ങൾ വീതമുള്ള പ്രവചനങ്ങൾ (38:2-13,14-23 = 39:1 16,17-29)
4. കർത്താവ് അരുൾ ചെയ്യുന്നു എന്ന പ്രസ്താവന (38:3,10,14,17 = 39:1,17,25)
5. ദൈവമഹത്വം തിരിച്ചറിയും എന്ന പ്രഖ്യാപനം (38:16,23; 39:6-7, 22-23).

ആമുഖവാക്യങ്ങൾക്കുശേഷം (വാ. 1-2) ഗോഗിന്റെ പരാജയമാണ്
പരാമർശിക്കുന്നത്. എന്നാൽ ഗോഗിന്റെ വീഴ്ചയ്ക്ക് കാര്യമായ
ആഖ്യാനപ്രാധാന്യം ഗ്രന്ഥകാരൻ നൽകുന്നില്ല. ഗോഗിന്റെ ശരീരം പക്ഷി
കൾക്ക് ആഹാരമായി നൽകപ്പെടും (വാ. 4). ഇതുകൊണ്ടും ശമിക്കാത്ത
ദൈവകോപത്തിന്റെ അഗ്നി ഗോഗിനെയും മധ്യധരണ്യാഴിയുടെ തീര
ദേശങ്ങളെയും മുഴുവൻ വിഴുങ്ങും. ഗോഗിന്റെ മേലുള്ള വിജയത്തിന്റെ
ലക്ഷ്യങ്ങളും ദൈവം പ്രഖ്യാപിക്കുന്നുണ്ട് (വാ. 6-7): (1) അപമാനിത
മായ ദൈവനാമത്തിന്റെ മഹത്വം വീണ്ടെടുക്കുക. (2) ഇനിമേൽ ദൈവ
നാമം അപമാനിതമാകാൻ അവിടുന്ന് അനുവദിക്കില്ല (36:20-23). (3)
ഇസ്രായേലിന്റെ ദൈവത്തിന്റെ മഹത്വം അംഗീകരിക്കാൻ വിജാതീയരാജ്യ
ങ്ങൾ നിർബന്ധിതമാകും. ഗോഗിന്റെ മേലുള്ള വിജയദിനം ഇസ്രായേ
ലിന്റെ രക്ഷയുടെ ദിനവും "യാഹ്‌വെയുടെ ദിന"വുമാണ് (വാ. 8).

**39:9-10,** ഗോഗിന്റെ സൈന്യത്തിന്റെ ആയുധങ്ങൾ ഇസ്രായേൽ ജന
ത്തിന് ഏഴു വർഷത്തേക്കുള്ള ഇന്ധനമായി മാറും. ആറുതരം ആയുധ
ങ്ങളാണ് ഗോഗിനുണ്ടായിരുന്നത്. പരിച, വില്ല്, അമ്പ്, ഗദ, കുന്തം. ഇവ
വിറകായി ഉപയോഗിക്കുന്നതിനാൽ മരംകൊണ്ടു നിർമ്മിക്കപ്പെട്ടവയായി
രുന്നു എന്ന് അനുമാനിക്കാം. ആയുധങ്ങൾ അഗ്നിക്കിരയാക്കുന്നതിലൂടെ
ഇസ്രായേൽ ഇനിമേൽ സമാധാനകാലമാണ് പ്രതീക്ഷിക്കുന്നത് എന്നും

അനുമാനിക്കാം.

**39:11–16,** ഗോഗിന്റെ മൃതസംസ്കാരമാണ് ഈ വാക്യങ്ങളിലെ പ്രതിപാദ്യം. ശ്മശാനമായി നിശ്ചയിക്കപ്പെടുന്നത് "കടലിനു കിഴക്കുള്ള" (= ഗേഹാ ഒബാറിം) ദേശമാണ്. എന്നാൽ ചില പണ്ഡിതർ ഇതിനെ അബാറിം താഴ്വര (ഗേഹാ അബാറിം) എന്നു വ്യാഖ്യാനിക്കുന്നുണ്ട്. ഈ സ്ഥലത്തെ കൃത്യമായി നിർണ്ണയിക്കാനാവില്ല. എങ്കിലും ചില സാധ്യതകൾ ചൂണ്ടിക്കാട്ടാനാകും:

(1) ചാവുകടലിനു കിഴക്കുള്ള അബാറിം താഴ്വര (സംഖ്യ 33:47–48) ആകാം ഇവിടെ പ്രതിപാദിക്കുന്നത്.

(2) "ഒബേറിം" എന്ന വാക്കിന് "യാത്രചെയ്യുക" എന്നർത്ഥമുള്ളതിനാൽ "യാത്രക്കാരുടെ താഴ്വര" എന്ന് (പി.ഓ.സി. ബൈബിൾ ഈ അർത്ഥമാണ് സ്വീകരിച്ചിരിക്കുന്നത്) വ്യാഖ്യാനിക്കുന്നവരുണ്ട്. മധ്യധരണ്യാഴിയുടെയോ ചാവുകടലിന്റെയോ തീരത്തുള്ള വാണിജ്യപാതയാണ് ഇവിടെ വിവക്ഷിക്കുന്നത്.

(3) "ഒബേറിം" എന്ന പദത്തിന് "കടന്നുപോയവർ" (മരിച്ചവർ) എന്നർത്ഥമുള്ളതിനാൽ മരിച്ചവരുടെ താഴ്വര (ശ്മശാനം) എന്ന് ഇവിടെ വിവക്ഷിക്കുന്നവരുണ്ട് (സങ്കീ 34:20; 144:4 കാണുക).

സംസ്കാരസ്ഥലം പിന്നീട് ഹമ്മോൺ ഗോഗ് താഴ്വര എന്ന് അറിയപ്പെടും (വാ. 16). ഗോഗിന്റെ സൈന്യത്തിനുള്ള താഴ്വര എന്നാണ് ഈ പദത്തിന്റെ അർത്ഥം. ജറുസലേമിനു തെക്കുള്ള ഹിന്നോം താഴ്വരയാണ് ഇത് എന്ന് പൊതുവിൽ കരുതപ്പെടുന്നു (ജോഷ്വ 15:8; 18:16; 2 ദിന 28:3; 33:6). ഈ താഴ്വരയുടെ പേരുമാറ്റത്തെക്കുറിച്ച് ജറെ 7:31–33 ൽ പരാമർശിക്കുന്നുണ്ട്. മൃതശരീര സ്പർശനം അശുദ്ധമാകയാൽ (സംഖ്യ 19:11–22) യുദ്ധാനന്തരം മൃതശരീരങ്ങൾ മറവു ചെയ്യുക എന്നത് യഹൂദപാരമ്പര്യത്തിന്റെ ഭാഗമായിരുന്നു. ഏഴു മാസത്തെ പരിശ്രമത്തിനു ശേഷവും മൃതശരീരങ്ങൾ അവശേഷിക്കാനുള്ള സാധ്യത (വാ. 15) യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ ബാഹുല്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

39:16 ൽ ഹമോനാ നഗരത്തിന്റെ ശുദ്ധീകരണം എന്ന ആശയം ഈ ആഖ്യാനത്തെ സങ്കീർണ്ണമാക്കുന്നുണ്ട്. ഹമോനാ എന്നത് ജറുസലേം നഗരം തന്നെയാണ്. പ്രവാസകാലത്ത് ജറുസലേമിൽ അധിവസിച്ചിരുന്നവർമൂലം നഗരം അശുദ്ധമായി എന്ന ചിന്ത എസെക്കിയേൽ 11,33 അധ്യായങ്ങളിൽ വ്യക്തമാക്കിയിരുന്നതാണ്. പ്രസ്തുത അശുദ്ധിയിൽ നിന്നുള്ള വിശുദ്ധീകരണമാണ് ഇവിടെ വിവക്ഷിക്കുന്നത് എന്നു കരുതാം.

**39:17–20,** പക്ഷികൾക്കുള്ള യാഗവിരുന്നായി ഗോഗിന്റെയും സൈന്യത്തിന്റെയും ശരീരങ്ങളെ അവതരിപ്പിക്കുകയാണിവിടെ. ഗോഗിന്റെ വധത്തെ സൂചിപ്പിക്കുന്ന "സേബാ ഹ്" എന്ന പദം ബലിമൃഗത്തിന്റെ കൊലയെ സൂചിപ്പിക്കുന്ന പദമാണ്. മരണത്തിനും മാസങ്ങൾക്കുശേഷമുള്ള മൃതസംസ്കാരത്തിനും ശേഷം മാംസരക്തങ്ങൾ ഭക്ഷിക്കാൻ പക്ഷി മൃഗാദികളെ ക്ഷണിക്കുന്നതിലെ അനൗചിത്യം ഗ്രന്ഥകാരൻ ഗൗര





വമായി കാണുന്നില്ല. സംഭവങ്ങളുടെ നാൾവഴി അവതരിപ്പിക്കുന്നതിനേക്കാൾ ഗോഗിന്റെമേൽ നേടിയ വിജയത്തിന്റെ അനന്ദഗീതമായി ഈ വാക്യങ്ങളെ മനസ്സിലാക്കാം.

ബാഷാനിലെ കൊഴുത്ത കാളകൾ, മുട്ടാടുകൾ, ആടുകൾ, കോലാടുകൾ എന്നിവയെല്ലാം (വാ. 18) ഗോഗിന്റെ സൈന്യഗണത്തിൽപ്പെട്ടവരെ വിശേഷിപ്പിക്കുന്ന പ്രതീകങ്ങളായി മനസ്സിലാക്കാം. യോർദ്ദാനു വടക്കുള്ളതും കരുത്തുള്ള മൃഗങ്ങൾക്കു പേരുകേട്ടതുമായ ഒരു നഗരമാണ് ബാഷാൻ (നിയ 32:14; സങ്കീ 22:13; ആമോ 4:1). കരുത്തുള്ള സൈന്യമായിരുന്നു ഗോഗിന്റേത് എന്നാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്.

**39:21–29,** പ്രവാസികൾ ജറുസലേമിൽ തിരിച്ചെത്തിയതിനുശേഷമുള്ള സംഭവമായാണ് ഗോഗിന്റെ പരാജയത്തെ എസെക്കിയേൽ അവതരിപ്പിക്കുന്നത്. ഇസ്രായേലിന്റെ പുനരുദ്ധാരണത്തോട് അനുബന്ധിച്ചു നിറവേറുന്ന ആത്മീയവും ദൈവശാസ്ത്രപരവുമായ പ്രമേയങ്ങളാണ് ഈ വചനഭാഗത്തെ പ്രതിപാദ്യം. യാഹ്‌വേയാണ് സത്യദൈവമെന്ന തിരിച്ചറിവും ദൈവനാമത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതുമാണ് ഈ സംഭവങ്ങളുടെ ആത്യന്തിക ലക്ഷ്യം എന്ന് മുൻപ് സൂചിപ്പിച്ചിരുന്നത് (39:13) ആവർത്തിക്കുകയാണിവിടെ. ഇസ്രായേലിന്റെ പ്രവാസം ദൈവത്തിന്റെ ന്യായവിധി/നീതി (= മിഷ്പാത്ത്) മൂലം സംഭവിച്ചതാണെന്ന ആശയവും ഇവിടെ പ്രകടമാണ് (വാ. 21–23). പ്രവാസകാലത്തെ "താൻ ഇസ്രായേലിൽനിന്നു മുഖം മറച്ച" ദിനങ്ങളായിട്ടാണ് ദൈവം വിശേഷിപ്പിക്കുന്നത് (വാ. 24). സമാനമായ പദപ്രയോഗം ബൈബിളിൽ അന്യത്ര ദൃശ്യമാണ് (സങ്കീ 13:1; 27:9; 104:29; ഏശ 54:8; 59:2; 64:7).

39:25–29 വാക്യങ്ങളിൽ പ്രവാസികളോടുള്ള ദൈവത്തിന്റെ നേരിട്ടുള്ള അരുളപ്പാടുകളാണ് ദൃശ്യമാകുന്നത്. ഇസ്രായേലിനെ പൂർവ്വപിതാവായ യാക്കോബിന്റെ പേരിൽ അഭിസംബോധന ചെയ്യുന്നത് എസെക്കിയേലിന്റെ ശൈലിയാണ് (വാ. 25; 20:5; 28:25; 37:25). ഇസ്രായേൽക്കാരുടെ പിതാവായ യാക്കോബ് പാദാൻ ആരാമിൽ പ്രവാസിയായി കഴിയേണ്ടിവന്നതിനു സമാനമായാണ് ബാബിലോൺ പ്രവാസത്തെ അവതരിപ്പിക്കുന്നത് (ഉൽ 27–33 അധ്യായങ്ങൾ കാണുക).

ദൈവിക സംരക്ഷണയിൽ തങ്ങളുടെ അവിശ്വസ്തതയുടെ "ലജ്ജ അവർ വിസ്മരിക്കും" എന്ന പി.ഓ.സി വിവർത്തനം (വാ. 26) മൂലകൃതിയോടു വിശ്വസ്തത പുലർത്തുന്നില്ല. മൂലകൃതിയിലെ "നാസ്" (= സംവഹിക്കുക) എന്ന പദത്തെ നാസാ (= വിസ്മരിക്കുക) എന്നു തെറ്റിദ്ധരിച്ചതു കൊണ്ടായിരിക്കാം ഇവിടെ വിവർത്തനം പാളിപ്പോയത്. മിക്കവാറും ഇംഗ്ലീഷ് വിവർത്തനങ്ങൾക്കും ഈ തെറ്റുപറ്റിയിട്ടുണ്ട്. ദൈവികസംരക്ഷണയിൽ അവർ തങ്ങളുടെ ലജ്ജ സംവഹിക്കും (ഓർമ്മിക്കും) എന്നാണ് പ്രവാചകൻ അർത്ഥമാക്കുന്നത്. എസെ 16:16; 20:43 എന്നീ വചനങ്ങളിൽ സമാനമായ അർത്ഥതലങ്ങൾ എസെക്കിയേൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

28–29 വാക്യങ്ങളിൽ ഇസ്രായേലിന്റെ പുനരുദ്ധാരണകർമ്മത്തെ നാലു

പ്രവൃത്തികളായിട്ടാണ് അവതരിപ്പിക്കുന്നത്: ഒരുമിച്ചു കൂട്ടുക (= കിന്നെസ്), ആരെയും ഉപേക്ഷിക്കാതിരിക്കുക, ഇനിമേൽ മുഖം മറയ്ക്കാതിരിക്കുക, ആത്മാവിനെ വർഷിക്കുക.

**വിചിന്തനം:** 1. പ്രാചീനരും ആധുനികരും തമ്മിലുള്ള വലിയൊരു വ്യത്യാസം യുദ്ധഭീതിയിലുള്ള വ്യത്യാസമാണ്. നാട്ടുരാജ്യങ്ങളുടെ നിരന്തര സംഘർഷത്താൽ കലുഷിതമായിരുന്ന പ്രാചീന മനുഷ്യന്റെ ജീവിതം യുദ്ധഭീഷണികളുടെ നിഴലിലായിരുന്നു. ജീവിതം സ്വച്ഛന്ദമായി കരുപ്പിടിക്കാനാവാത്തവിധം പ്രവാസങ്ങളും അടിമത്തവും നാടുകടത്തലും അവരുടെ ജീവിതത്തെ സങ്കീർണ്ണമാക്കിയിരുന്നു. യുദ്ധങ്ങളില്ലാത്ത, ആരും കീഴ്പ്പെടുത്താൻ വരാത്ത നാളെയെക്കുറിച്ചുള്ള എസെക്കിയേലിന്റെ പ്രവചനം പ്രവാസികളുടെ ഹൃദയസ്വപ്നങ്ങളുടെ ആകെത്തുകയായിരുന്നു. അക്രമ യുദ്ധഭീതികൾ സമാധാനം മാത്രമല്ല രാജ്യത്തിന്റെ പുരോഗതിയും തടസ്സപ്പെടുത്തും. രാജ്യത്തിന്റെ പുരോഗതിയും തടസ്സപ്പെ ടുത്തും. രാജ്യങ്ങൾ തങ്ങളുടെ വരുമാനത്തിന്റെ നല്ലൊരു പങ്കും യുദ്ധോപകരണങ്ങൾക്കും പ്രതിരോധത്തിനും നീക്കിവയ്ക്കുന്നത് പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. 30 ശതമാനത്തിലധികം ജനങ്ങൾ പട്ടിണികിടക്കുന്ന ഭാരതത്തിന്റെ ഒരുവർഷത്തെ പ്രതിരോധ ബജറ്റുവിഹിതം രണ്ടുലക്ഷം കോടിയോളം രൂപയാണെന്നറിയുമ്പോൾ യുദ്ധഭീതിയുടെ ഭീകരത എത്രമേൽ ഗൗരവമുള്ളതാണെന്നു തിരിച്ചറിയാനാകും. അധികാരികളുടെ സ്വാർത്ഥലക്ഷ്യങ്ങളും കിടമത്സരങ്ങളുമാണ് യുദ്ധങ്ങൾക്കു പിന്നിലെ പ്രേരകം. ഇത്തരം അധികാരികളുടെ പ്രതീകമാണ് ഗോഗ്. ദൈവരാജ്യം സ്ഥാപിക്കണമെങ്കിൽ ഇത്തരം ഗോഗുകൾ പരാജിതരാകണം.

2. തിന്മയുടെ പ്രതീകമായ ഗോഗിനെ പരാജയപ്പെടുത്താനുള്ള ആദ്യചുവടുവയ്പ്പു നടത്തുന്നത് ദൈവമാണ്. തിന്മയുടെ അപ്രതിരോധകോട്ടകൾകെട്ടി കയ്യൂക്കും ആയുധ ബലവും ഗൂഢതന്ത്രങ്ങളുമായി വാഴുന്ന അന്ധകാരത്തിന്റെ ശക്തികളെ തകർക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ. ദൈവ പക്ഷത്താണ് ശാശ്വതവും നിത്യവുമായ വിജയം എന്നതിനാൽ ദൈവപക്ഷത്ത് ഉറച്ചുനിൽക്കാനുള്ള ആഹ്വാനമാണ് ഗ്രന്ഥകാരൻ നൽകുന്നത്.

## എസെക്കിയേൽ 40:1-48:35, പുതിയ ഇസ്രായേൽ

എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ നാലാമത്തേതും അവസാനത്തേതുമായ ദർശനമാണ് 40:1-48:35 ലെ പുതിയ ദേവാലയത്തിന്റെ ദർശനം. ഈ ദർശന വിവരണത്തെ മൂന്ന് ഭാഗങ്ങളായി വിഭജിക്കാം:

(1) 40:1-43:12, കർത്താവിന്റെ മഹത്വം ദേവാലയത്തിലേക്ക് പുനഃപ്രവേശിക്കുന്നത് ഉയർന്നമലയിൽനിന്നുള്ള ദർശനത്തിൽ പ്രവാചകൻ കാണുന്നു.

(2) 44:1-46:24, പുതിയ ദേവാലയത്തിന്റെ ഘടനയും അനുഷ്ഠാനങ്ങളും വിശദീകരിക്കുന്നു





(3) 47:13-48:35, ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾക്കായി ദേശം പുനർവിഭജിക്കുന്നു.

സങ്കീർണ്ണമായ ആഖ്യാനശൈലികളും ആവർത്തനവിരസതകളും ആഖ്യാനഭംഗങ്ങളും വഴി 40:1-48:35 ലെ ദർശനവിവരണത്തിന്റെ വ്യാഖ്യാനം തികച്ചും ദുഷ്കരമാണ്. എസെക്കിയേലിന്റെ ദർശനങ്ങളെ ഗ്രഹിക്കാൻ സഹായകമായ മൂന്ന് അടിസ്ഥാന ചിന്തകൾ കെ. ആർ. സ്റ്റീവൻസൺ മുന്നോട്ടു വയ്ക്കുന്നുണ്ട് (The Vision of Transformation, SBLDS-154). (1) സമൂഹത്തിന്റെ നിലനില്പ് സ്ഥലവുമായി (space) ബന്ധപ്പെട്ടതാണ്. സ്ഥലം മാറുമ്പോൾ സമൂഹത്തിനു മാറ്റമു ണ്ടാകുന്നു. സ്ഥലത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള ദേവാലയ ദൈവശാസ്ത്രത്തിൽ വിശ്വസിക്കുന്ന യഹൂദസമൂഹത്തിൽ ദേവാലയനവീകരണം സമൂഹത്തിന്റെ സമൂലനവീകരണത്തിനു നിദാനമാണ്.

(2) സ്ഥാനികത (territoriality) യാണ് എസെ 40:1-48:38 ലെ മുഖ്യ പ്രമേയം. ഒരു ദേശത്തിന്റെ നിയതമായ അതിർത്തിക്കുള്ളിൽ ഒരു വ്യക്തി അധികാരം സ്ഥാപിക്കുന്നതാണ് സ്ഥാനികത. യുദ്ധവിജയിയായ ദൈവം തന്റെ അധികാരാതിർത്തികൾ നിർണ്ണയിച്ചു നൽകുന്നതിലൂടെ ദൈവജനത്തെ തന്റെ സ്ഥാനികതയുടെ ഭാഗമാക്കുകയാണ്.

(3) എസെക്കിയേലിന്റെ ദേവാലയദർശനത്തിൽ ചതുരാകൃതികളും അഞ്ചിന്റെ ഗുണിതങ്ങളായ അളവുകളും അസാധാരണമാം വിധം ആവർത്തിക്കുന്നുണ്ട്. ഒരു സമൂഹത്തെ വിശുദ്ധസമൂഹമാക്കി പുനർനിർവ്വചിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ രൂപങ്ങളെയും അളവുകളെയും മനസ്സിലാക്കാം.

വിശുദ്ധിയെക്കുറിച്ചുള്ള നിയതമായ അനുഷ്ഠാനവിധികളുള്ള സമൂഹമായിരുന്നു ഇസ്രായേലിന്റേത്. പുരോഹിതശുശ്രൂഷയെ അവഗണിച്ചവരും സ്വയം പുരോഹിതരാകാൻ ശ്രമിച്ചവരും ശിക്ഷിക്കപ്പെടുന്നതിന്റെ കഥ വി.ഗ്രന്ഥം വിവരിക്കുന്നുണ്ട് (2 സാമു 6:6-7; സംഖ്യ 16:1-5). വ്യക്തികളുടെ അശുദ്ധി ദേവാലയത്തെ അശുദ്ധമാക്കുന്നതായും ദൈവമഹത്വം ദേവാലയം വിട്ടുപോകുന്നതായും എസെക്കിയേൽ വിവരിച്ചിരുന്നതാണ് (8-11 അധ്യായങ്ങൾ കാണുക). ചുരുക്കത്തിൽ ദേവാലയനവീകരണത്തിന്റെ വിവരണത്തിലൂടെ ജനത്തിന്റെ വിശുദ്ധീകരണമാണ് എസെക്കിയേൽ ആത്യന്തികമായി ലക്ഷ്യമാക്കുന്നത്.

## എസെക്കിയേൽ 40:1-27, ഭാവി ദേവാലയത്തിന്റെ ബാഹ്യഭിത്തികളും കവാടങ്ങളും

എസെക്കിയേലിന്റെ ദേവാലയദർശനത്തിലെ ഭാവിദേവാലയത്തിന്റെ ബാഹ്യമതിലുകളുടെയും വാതിലുകളുടെയും വിവരണമാണ് ആദ്യഭാഗത്ത് നൽകപ്പെടുന്നത്. സമയസൂചനയോടെയാണ് പ്രവചനം ആരംഭി

ക്കുന്നത്. ബി.സി. 597 ൽ ആരംഭിച്ച പ്രവാസത്തിന്റെ 25-ാം വർഷവും ജറുസലേം ദേവാലയം നശിപ്പിക്കപ്പെട്ടതിന്റെ (ബി.സി. 586) 14-ാം വർഷവുമാണ് (ബി.സി. 572) ഈ പ്രവചനം നടക്കുന്നത്. വർഷാരംഭമാസത്തിലെ പത്താംദിനമാണ് പ്രവചനതിയതി. ബാബിലോൺ വർഷത്തിലെ ആദ്യമാസം "നിസാൻ" (മാർച്ച് 15 - ഏപ്രിൽ 15) ആണ്. വർഷാരംഭം 11 ദിവസങ്ങൾ നീണ്ട "അകിതു" ആഘോഷത്തോടെയാണ് കൊണ്ടാടിയിരുന്നത്. ഈ ആഘോഷത്തിലെ നടപടിക്രമങ്ങൾ താഴെപ്പറയുംവിധമാണ് (ANET,334):

1. ആഘോഷത്തിന്റെ നാലാംദിവസം മർദൂക്ക് ദേവൻ ആദിസത്വമായ തിയാമത്തിനെ തോല്പിച്ചതിനെ വിവരിക്കുന്ന എനുമാ എലിഷ് പുരാണം ആലപിക്കുന്നു. മർദൂക്ക് ദേവാലയം വിട്ടുപോയിരിക്കുന്നതായിട്ടാണ് സങ്കല്പം.

2. അഞ്ചാം ദിവസം ദേവാലയം കഴുകി ശുദ്ധമാക്കിയശേഷം രാജാവിനെ പുരോഹിതൻ ശിക്ഷിക്കുന്നതിന്റെ പ്രതീകമായി ദേവാലയത്തിൽവച്ച് അടിക്കുകയും സകലപാപങ്ങളും പരിഹരിക്കുകയും അതുവഴി അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു.

3. പതിനൊന്നാം പുരോഹിതൻ രാജാവിനെ എഴുന്നേൽപിച്ച് കവിളത്ത് വീണ്ടും അടിക്കുന്നു. രാജാവിന്റെ കണ്ണുനീരൊഴുകിയാൽ ദേവൻ പ്രസാദിച്ചതായി കരുതിയിരുന്നു. അപ്പോൾ മർദൂക്ക് ദേവൻ ദേവാലയത്തിലേക്കു തിരിച്ചുവരുന്നു.

'അകിതു' ആചാരവുമായി എസെ 40-48 അധ്യായങ്ങളിലെ വിവരണങ്ങൾക്കുള്ള സാമ്യം ശ്രദ്ധേയമാണ്. ദൈവമഹത്വം പ്രവാസത്തിൽനിന്നും ദേവാലയത്തിലേക്കു മടങ്ങിയെത്തുന്നതിന്റെ പിന്നിൽ ഈ ബാബിലോൺ ഐതിഹ്യത്തിന്റെ സ്വാധീനം പണ്ഡിതന്മാർ കാണുന്നുണ്ട്. എസെക്കിയേലിനു ദർശനം ലഭിച്ചതായി പറയപ്പെടുന്ന മല "സീയോൻ മല"യാകാനാണ് സാധ്യത. അളന്നുതിട്ടപ്പെടുത്തുന്നവനും സഞ്ചാരികൾക്കു വിവരണം നൽകുന്ന സഹായിയെപ്പോലുള്ളവനുമായ ഒരു മനുഷ്യനാണ് എസെക്കിയേലിന്റെ ദർശനത്തിന്റെ പ്രാരംഭവിഷയം.

**40:5-16,** ദേവാലയ സമുച്ചയത്തിന്റെ പുറം മതിലിന്റെ വിവരണമാണിത്. 3 മീറ്ററിലധികം കനമുള്ള ഈ കനത്ത ഭിത്തി വിശുദ്ധസ്ഥലത്തെയും ലോകത്തെയും, മനുഷ്യനെയും ദൈവത്തെയും വേർതിരിക്കുന്ന മതിലായിരുന്നു. കനത്തമതിലും അതിലെ കവാടങ്ങളും ദേവാലയസമുച്ചയത്തെ ഒരു നഗരംപോലെ തോന്നിപ്പിക്കുന്നു.

കവാടങ്ങൾ അനാവശ്യ സന്ദർശകരെ നിയന്ത്രിക്കാനുള്ളതാണ്. കിഴക്കേകവാടമാണ് ആദ്യം പരാമർശിക്കപ്പെടുന്നത്. കർത്താവിന്റെ മഹത്വം ദേവാലയം വിട്ട് കിഴക്കോട്ടാണ് പോയതെന്ന് 10:19 ലും 11:23 ലും പറയുന്നുണ്ട്. കൂടാതെ എസെക്കിയേലിന്റെ ദേവാലയം കിഴക്കിന് അഭിമുഖമായിരുന്നു. കിഴക്കേ പടിപ്പുരയുടെ പടികളുടെ (വാ. 6) എണ്ണം പരാമർശിച്ചിട്ടില്ലെങ്കിലും 40:22,26 ന്റെ വെളിച്ചത്തിൽ ഈ പടികളുടെ എണ്ണം ഏഴാണ് എന്ന് അനുമാനിക്കാം.





40:10 ലെ മുറികൾ കാവൽക്കാരുടെ മുറികളായിരിക്കാനാണ് കൂടുതൽ സാധ്യത. ഈ മുറികൾക്കിടയിലൂടെ മുൻവാതിൽക്കലെത്തുന്നു "വഴികാട്ടി". മുൻവശത്തെ ഇടനാഴിയുടെ വീതി 22.2 അടിയാണ് (670 cm).

**40:17-19,** ദേവാലയത്തിന്റെ പുറത്തെ അങ്കണത്തിന്റെ വിവരണമാണ് ഈ വാക്യങ്ങളിലുള്ളത്. ഈ അങ്കണത്തിനു ചുറ്റും മുപ്പതു മുറികൾ (= ലെഷാകോത്ത്) ഉണ്ടായിരുന്നു. ജറെ 35:2-4; നെഹെ 13:4-14 എന്നിവയുടെ വെളിച്ചത്തിൽ കൂടിയാലോചനാമുറികളും ഭക്ഷണശാലകളുമാണ് ഈ മുറികൾ എന്ന് അനുമാനിക്കാം. പടിപ്പുരയും കൽത്തളവുമാണ് ഈ ഭാഗത്തെ മറ്റു രണ്ടു സംവിധാനങ്ങൾ.

**40:20-27,** കൽത്തളത്തിൽനിന്ന് വടക്കേ കവാടത്തിലേക്കാണ് വഴികാട്ടി പ്രവാചകനെ നയിക്കുന്നത്. ഈ കവാടം കിഴക്കേകവാടത്തിനു സമാനമായതിനാൽ മറ്റു വിശേഷണങ്ങളൊന്നുമില്ല. ഈ ഭാഗത്തെ പ്രധാന ആകർഷണം പടിപ്പുരയാണ് കിളിവാതിലുകളുള്ളതും ഈന്തപ്പനയുടെ ചിത്രങ്ങളാൽ അലങ്കരിക്കപ്പെട്ടതുമായിരുന്നു ഈ പടിപ്പുര. സമാനമായ പടിപ്പുരകൾ വടക്കേ കവാടത്തിനരികിലും തെക്കുവശത്തും ഉണ്ടായിരുന്നു. പടിപ്പുരയിലേക്ക് ഏഴുപടികൾ ഉണ്ടായിരുന്നു. സമാനമായ അളവുകളിൽ നിർമ്മിച്ച പുറത്തേ അങ്കണത്തിലെ കാഴ്ചകളുടെ വിവരണം തന്നെ ദേവാലയ വാസ്തുവിദ്യയുടെ മനോഹാരിതയും സങ്കീർണ്ണതയും വെളിപ്പെടുത്തുന്നുണ്ട്.

## എസെക്കിയേൽ 40:28-47, ദേവാലയത്തിന്റെ അകത്തെ കാവാടങ്ങളും മുറികളും

ദേവാലയത്തിന്റെ തെക്ക്, കിഴക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലെ കവാടങ്ങളുടെ വിവരണവും ബലിയർപ്പണത്തിനുള്ള സ്ഥലങ്ങളുടെ വിവരണവുമാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം.

**40:28-37,** അകത്തെ അങ്കണത്തിലേക്കുള്ള കവാടങ്ങളാണോ ദേവാലയ ഭിത്തിയിലെ കവാടങ്ങളാണോ ഇവിടെ പരാമർശിക്കപ്പെടുന്നത് എന്നതിനെക്കുറിച്ച് അഭിപ്രായാന്തരങ്ങളുണ്ട്. എന്നാൽ പുറത്തെ അങ്കണത്തിനും അകത്തെ അങ്കണത്തിനുമിടയിൽ ഒരു ഭിത്തിയുണ്ടാകാനുള്ള സാധ്യത കുറവാണ്. ഏഴുപടികൾ ഉയർത്തിക്കൊണ്ട് ഈ രണ്ട് അങ്കണങ്ങളും തമ്മിലുള്ള വേർതിരിവ് വ്യക്തമാക്കപ്പെട്ടു കഴിഞ്ഞതാണ്. അകത്തേ കവാടങ്ങളും പുറത്തെ കവാടംപോലെ തന്നെ വിശാലവും അലംകൃതവുമാണ്.

പ്രവാചകനു ലഭിക്കുന്ന ആദ്യദർശനം തെക്കേ കവാടത്തിന്റേതാണ്. തെക്കെ പുറംവാതിൽ കടന്നാണ് പ്രവാചകൻ പ്രവേശിക്കുന്നത് എന്നതിനാൽ (വാ. 26-27) സ്വാഭാവികമായും എത്തിച്ചേരുന്നത് തെക്കെ കവാടത്തിനരികിലാണ്. 40:30 ൽ പരാമർശിക്കുന്ന വിശാലമായ ഇടനാഴി

തെക്കെ കവാടത്തിനു മാത്രമേ കാണപ്പെടുന്നുള്ളൂ. തുടർന്നു വിവരിക്കുന്നത് (വാ. 32-34) കിഴക്കുവശത്തെയും വടക്കുവശത്തെയും (വാ. 35-37) കവാടങ്ങളെക്കുറിച്ചാണ്. ഇവയുടെ അളവുകളെല്ലാം മുൻകവാടങ്ങളുടെ അളവുകൾക്കു സമാനമായിരുന്നു.

അകത്തും പുറത്തുമുള്ള കവാടങ്ങളും മതിലുകളും ഭിത്തികളുമെല്ലാം ദേവാലയത്തിന്റെ പരിശുദ്ധിയെയാണ് പ്രകടമാക്കുന്നത്. ബി.സി. 586 ൽ സംഭവിച്ചതിനു സമാനമായൊരു മലിനീകരണം ഇനിമേൽ ദേവാലയത്തിനു സംഭവിക്കാതിരിക്കാനുള്ള മുൻകരുതലായി ഈ ഘടനാവിവരണത്തെ മനസ്സിലാക്കാം.

**40:38-43**, ദേവാലയത്തിന്റെ അകത്തെ അങ്കണത്തിൽ പുരോഹിതർക്കുവേണ്ടിയുള്ള മുറികളുടെ വിവരണമാണുള്ളത്. ഈ വിവരണത്തിന്റെ ശൈലിയും ഘടനയും വിശകലനം ചെയ്ത് ഈ വാക്യങ്ങൾ (വാ. 38-43) പിൽക്കാലസംശോധകന്റെ കൂട്ടിച്ചേർക്കലിന്റെ ഭാഗമാണെന്നു കരുതുന്നവരുണ്ട് (Zimmerli, Ezekiel, 368). ചില കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നതരത്തിലുള്ള ശൈലി ഈ വിവരണത്തിലുള്ളതിന്റെ പേരിൽ ഇതിന്റെ ആധികാരികതയെ നിഷേധിക്കുന്നത് അപക്വമായ സമീപനമാണ്.

40:38 ൽ പ്രവാചകൻ വടക്കേക്കവാടത്തിനരികിലാണ് നിലയുറപ്പിക്കുന്നത്. ഈ കവാടത്തിനരികിലെ മുറിയിലാണ് ദഹനബലിക്കുള്ള വസ്തുക്കൾ കഴുകി വൃത്തിയാക്കിയിരുന്നത്. ദഹനബലി (= ഓലാഹ്) ദൈവകോപം ശമിപ്പിക്കാനും പാപങ്ങൾക്കു പരിഹാരമായുമാണ് അനുഷ്ഠിച്ചിരുന്നത്. ദഹനബലിവസ്തുക്കൾ (കാള, ആട്) പൂർണ്ണമായും ദഹിപ്പിക്കേണ്ടവയാണ്. ഈ ബലിമൃഗങ്ങളെ വധിച്ചശേഷം അവയുടെ കാലുകൾ മുറിച്ചെടുത്തു കഴുകുന്നതിനെയാണ് (ലേവ്യ 1:9,13) ഇവിടെ വിവക്ഷിക്കുന്നത് (1 രാജാ 7:38; 2 ദിന 4:6 എന്നിവകൂടി കാണുക).

അകത്തെ അങ്കണത്തിലെ മേശകളിൽ ദഹനബലിയ്ക്കും പാപപരിഹാരബലിയ്ക്കുമുള്ള വസ്തുക്കൾ സൂക്ഷിച്ചിരുന്നു. ദഹനബലിയുടെ കർമ്മക്രമത്തിൽ ആറു ഘട്ടങ്ങളുണ്ട്:

1. ബലിമൃഗത്തെ ദേവാലയത്തിൽ കൊണ്ടുവരുന്നു.
2. മൃഗത്തെ കൊണ്ടുവരുന്നവൻ അതിന്റെമേൽ കൈവച്ച് തന്റെ പാപങ്ങൾ ഭരമേല്പിക്കുന്നു.
3. മൃഗത്തെ കൊല്ലുന്നു.
4. രക്തമെടുത്ത് വിശുദ്ധവസ്തുക്കളുടെമേൽ തളിക്കുന്നു.
5. ബലിമൃഗത്തെ പൂർണ്ണമായും ദഹിപ്പിക്കുന്നു.
6. ശുദ്ധീകരണം നടന്നതായി പുരോഹിതൻ പ്രഖ്യാപിക്കുന്നു.

ഈ കർമ്മക്രമം ശ്രദ്ധാപൂർവ്വം വീക്ഷിച്ചാൽ മനസ്സിലാകുന്ന വസ്തുത ഇവിടെ ശുദ്ധീകരിക്കപ്പെടുന്നത് വിശുദ്ധസ്ഥലമാണ്. രക്തം തളിക്കപ്പെടുന്നത് ബലിയർപ്പകന്റെ മേലല്ല വിശുദ്ധസ്ഥലത്താണ്. പാപം ദേവാലയത്തെ അശുദ്ധമാക്കി എന്ന സങ്കല്പമാണ് ഇതിനു പിന്നിലുള്ളത്.





40:39-42 ൽ പാപപരിഹാരബലി (=ആസാം) യ്ക്കുള്ള വസ്തുക്കൾ വച്ചിരിക്കുന്ന എട്ടുമേശകളുടെ വിവരണമാണ്. ബലിമൃഗങ്ങളെ കൊല്ലാനുള്ള മേശകളായിരുന്നു ഇവ. കൊലയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സൂക്ഷിക്കാനുള്ള മേശകളാണ് തുടർന്നു വിവരിക്കപ്പെടുന്നത് (വാ. 42). 40:43 ൽ പരാമർശിക്കുന്ന "ഷെപ്പാത്തായിം" (= കൊളുത്തുകൾ) എന്നത് അകത്തെ ഭിത്തിയിൽ ഉപകരണങ്ങൾ തൂക്കിയിടാനുള്ള സൗകര്യത്തിനായി നിർമ്മിക്കപ്പെട്ട സംവിധാനമാണെന്നു കരുതാം.

**40:44-47,** പുരോഹിതർക്കും ഗായകർക്കുമുള്ള മുറികളുടെ വിവരണമാണ് ഈ വാക്യങ്ങൾ. വടക്കോട്ടും തെക്കോട്ടും ദർശനമുള്ള രണ്ടു മുറികൾ ദേവാലയസംരക്ഷകരായ പുരോഹിതരും അൾത്താര ശുശ്രൂഷകരായ പുരോഹിതരുമാണ് യഥാക്രമം ഉപയോഗിച്ചിരുന്നത്. പുരോഹിത ദൗത്യങ്ങളിലെ വിഭജനത്തെ ക്കുറിച്ചുള്ള ഈ ആശയം 44:15-31 ൽ എസെക്കിയേൽ സുദീർഘമായി വിവരിക്കുന്നുണ്ട്. അകത്തെ അങ്കണത്തിന്റെ ദൂരം അളന്ന് 170 അടിയാണെന്ന് വഴികാട്ടി പ്രവാചകനെ ബോധ്യപ്പെടുത്തുന്നുണ്ട് (വാ. 47).

## എസെക്കിയേൽ 40:48-41:26, ദേവാലയ ഘടന

ദേവാലയത്തിന്റെ ഘടനയും ക്രമീകരണങ്ങളുമാണ് ഈ വചനഭാഗത്തെ പ്രതിപാദ്യം. ദേവാലയത്തിന്റെ പൂമുഖം (40:48), കട്ടിളപ്പടി, പ്രവേശന കവാടം, പാർശ്വഭിത്തികൾ, വിശുദ്ധസ്ഥലം എന്നിവയുടെ അളവുകൾ വിവരിച്ചുകൊണ്ടാണ് (48:1-4) പ്രവാചകൻ തുടരുന്നത്. ഈ അളവുകൾ പരിശോധിച്ചാൽ ചില വസ്തുതകൾ വ്യക്തമാകുന്നുണ്ട്: പുറമേനിന്നും ഉള്ളിലേക്കു കടക്കുംതോറും കവാടങ്ങൾക്കു പൊക്കം കുറഞ്ഞുവരുന്നതായി കാണാം. പരിശുദ്ധിയുടെ ആധിക്യമാണ് ഉയരക്കുറവിലൂടെ വെളിപ്പെടുന്നത്.

സോളമന്റെ ദേവാലയം പരിചയമുണ്ടായിരുന്ന പ്രവാസികൾക്ക് എസെക്കിയേലിന്റെ ദേവാലയ ദർശനം സ്വീകാര്യമായിരുന്നു. കാരണം ഈ ദർശനത്തിലെ മിക്ക വിവരണങ്ങളും സോളമന്റെ ദേവാലയ വിവരണവുമായി (1 രാജാ 6-7) സാമ്യമുള്ളവയായിരുന്നു. എന്നാൽ അളവുകളുടെ കാര്യത്തിൽ എസെക്കിയേലിന്റെ ദർശനത്തിലെ ദേവാലയം കൂടുതൽ വലിപ്പമുള്ളതാണ്.

**41:5-12,** ദേവാലയഭിത്തിയുടെയും പാർശ്വഭിത്തികളുടെയും കനം അളന്നപ്പോൾ യഥാക്രമം ആറും നാലും മുഴങ്ങളായിരുന്നു. 41:6 ൽ പരാമർശിക്കുന്ന പാർശ്വമുറികൾ 1 രാജാ 6:5-6 ൽ സൂചിപ്പിക്കുന്ന മുറികൾതന്നെയായിരിക്കാം. 41:7 ലെ മുകളിലേക്കു ചെല്ലുംതോറും വീതികൂടുന്ന പാർശ്വമുറികൾ 1 രാജാ 6:8 ലെ വീതികൂടിയ കോവണിയുമായി ബന്ധപ്പെട്ട സംവിധാനമാണെന്ന് അനുമാനിക്കാം. എസെ 40:49 ൽ സൂചിപ്പിച്ച 10 പടികളുള്ള ഉയർന്ന തറയാണ് 41:8 ൽ പരാമർശിക്കുന്നത്. 41:9-10 ലെ




**എസെക്കിയേലിന്റെ ദർശനത്തിലെ ഭാവി ദേവാലയത്തിന്റെ രൂപരേഖ**



എസെക്കിയേൽ

മുറികൾ 42:1-9 ൽ വിശദീകരിക്കുന്ന പുരോഹിതരുടെ മുറികളാണ്.

പാർശ്വമുറികളിൽ നിന്നും പുറത്തേക്കുള്ള രണ്ടു വാതിലുകളിൽ ഒന്നു വടക്കുവശത്തും മറ്റൊന്ന് തെക്കുവശത്തുമായിരുന്നു (വാ. 11). 41:12 ൽ പരാമർശിക്കുന്ന "അങ്കണത്തിന് അഭിമുഖമായ കെട്ടിടം" സോളമന്റെ ദേവാലയത്തിന്റെ ഭാഗമായി ഉണ്ടായിരുന്നതല്ല. ഒരുപക്ഷേ ദേവാലയത്തിന്റെ ഭാഗമല്ലാത്തതും എന്നാൽ ദേവാലയാവശ്യത്തിനുള്ളതുമായ ഒരു സംഭരണശാലയാകാം ഇവിടെ വിവക്ഷിക്കപ്പെടുന്നത്.

**41:13-15a,** ദേവാലയ സമുച്ചയത്തിന്റെ ആകെ നീളവും വീതിയുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ആകെ നീളം നൂറുമുഴം (= 170.83 അടി = 51.2 മീറ്റർ) ആണെങ്കിൽ വീതി എൺപതുമുഴം (136 അടി = 40.8 മീറ്റർ) ആണ്. ഉയരമാകട്ടെ നീളത്തിനു തുല്യമായിരുന്നു.

**41:15b-26,** പൂമുഖം, വിശുദ്ധസ്ഥലം, ശ്രീകോവിൽ എന്നിവയെ ആധാരമാക്കിയുള്ള അളവുകളാണ് തുടർന്നു നൽകുന്നത്. എന്നാൽ, എസെക്കിയേലിന്റെ വഴികാട്ടി ഈ സ്ഥലങ്ങളിലേക്ക് അദ്ദേഹത്തെ നയിച്ചതായി പറയുന്നില്ല. 41:16 ലെ പലകയടിച്ച ഭിത്തി 1 രാജാ 6:15 ലെ പലകയടിച്ച ഭിത്തിക്ക് സമാനമാണ്.

41:17-20 ൽ ശ്രീകോവിലിന്റെയും വിശുദ്ധസ്ഥലത്തിന്റെയും അലങ്കാരപ്പണികളെക്കുറിച്ചാണ് വിവരിക്കുന്നത്. കെരൂബുകളുടെയും ഈന്തപ്പനകളുടെയും ചിത്രങ്ങളാണ് വിശുദ്ധസ്ഥലത്തെ അലങ്കരിച്ചിരുന്നത്. വിശുദ്ധസ്ഥലത്തിനു മുന്നിലുള്ള ബലിപീഠം (വാ. 22) തടികൊണ്ടു നിർമ്മിച്ചതാകയാൽ ദഹനബലിക്ക് ഉപയോഗിക്കാനാവാത്തതാണ്. കാഴ്ചയപ്പം സൂക്ഷിക്കുന്ന മേശയാണ് (പുറ 25:33-30; ലേവ്യ 24:7-9; 1 രാജാ 6:20-22) ഇവിടെ വിവക്ഷിക്കപ്പെടുന്നത് എന്നു കരുതാം. ഓരോ വാതിലും ഇരുപാളി കതകുകളുള്ളവയായിരുന്നു (വാ. 24). കതകുകളും ചിത്രപ്പണികളാൽ അലംകൃതമായിരുന്നു.

പുമുഖത്തിനു മുന്നിലെ മരംകൊണ്ടുള്ള വിതാനം (= ആബ്) 1 രാജാ 7:6 ൽ പരാമർശിക്കുന്ന സോളമന്റെ കൊട്ടാരത്തിലെ പൂമുഖ വിതാനത്തിനു സമാനമാണ്. ലെബനോനിലെ തടികൊണ്ടാണ് ഇതു നിർമ്മിച്ചിരുന്നത്. ദേവാലയത്തിന്റെ പുമുഖത്തേക്കുള്ള പ്രവേശനം ഭാഗികമായി തടയുന്ന അഴിക്കാലുകളെയാണ് ഗ്രന്ഥകാരൻ ഇവിടെ വിവക്ഷിക്കുന്നത് എന്നു കരുതുന്നവരുണ്ട് (Darr, Ezekiel, P.1555).

## എസെക്കിയേൽ 42:1-20, പുരോഹിതന്മാരുടെ സങ്കീർത്തികൾ

പുരോഹിതരുടെ ഉപയോഗത്തിനുള്ള മുറികളെക്കുറിച്ചുള്ള വിവരണമാ ണ് പ്രധാനമായും 42:1-20 ൽ പ്രതിപാദിക്കുന്നത്. എസെക്കിയേലിന്റെ ദേവാലയഘടനയിൽ മൂന്നു വിശുദ്ധ മേഖലകൾ വേർതിരിക്കപ്പെട്ടിട്ടുള്ളതായി കരുതുന്ന പണ്ഡിതന്മാരുണ്ട് (J.Z. Smith, To Take Place, Chi-

cago, 1987, P. 59-60): (1) മധ്യത്തിലുള്ള ഇടനാഴി - കിഴക്കു നിന്നു പടിഞ്ഞാറേക്കുള്ള ഈ വഴിയും കിഴക്കേ കവാടത്തിന്റെ പടിയും ചേർന്ന താണ് ഈ തലം. (2) അകത്തെ കിഴക്കൻ കവാടത്തിലേക്കു നയിക്കുന്ന പടികളും ബലിപീഠവും കൽത്തളത്തിലേക്കു നയിക്കുന്ന ഇടനാഴിയും ചേർന്ന മേഖലയാണിത്. (3) പൂമുഖം, ശ്രീകോവിൽ, വിശുദ്ധസ്ഥലം, പടിഞ്ഞാറുഭാഗത്തെ സംഭരണശാല എന്നിവ ഉൾപ്പെടുന്നതാണ് ഈ തലം.

ദേവാലയദർശനത്തിനായി പ്രവാചകനെ ആനയിച്ച വഴികാട്ടി അദ്ദേഹത്തെ വടക്കേകവാടത്തിലൂടെ പുറത്തെത്തിച്ചു (വാ. 1). തുടർന്നു വടക്കുഭാഗത്തുള്ള ഒരു കെട്ടിടത്തിലേക്കു നയിച്ചു. വഴികാട്ടി അളന്നു നോക്കുന്നതായി പറയുന്നില്ലെങ്കിലും കെട്ടിടത്തിന്റെ അളവുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നുണ്ട് (വാ. 2-3). വടക്കുവശത്തെ ഈ കെട്ടിടത്തിന് 170-83 അടി നീളവും 85.42 അടി വീതിയുമുണ്ട്. ഈ കെട്ടിടത്തിന്റെ ഘടനയെക്കുറിച്ച് പൊതുവായി പറയാവുന്ന കാര്യങ്ങൾ, ഇത് ഒരു മൂന്നു നിലകെട്ടിടമാണെന്നും ഇതിൽ അനേകം മുറികളുണ്ടെന്നും ഇതിന്റെ വാതിലുകൾ വടക്കോട്ടു തുറക്കുന്നു എന്നുമാണ് (42:3). ഇതിന്റെ നടപ്പാതയെക്കുറിച്ചാണ് 42:4 ൽ വിവരിക്കുന്നത്.

ഈ കെട്ടിടം പുരോഹിതന്മാർ സങ്കീർത്തിയായി (Sachristy) ഉപയോഗിച്ചിരുന്നു. പുറത്തെ അങ്കണത്തിൽ നിന്ന് പുരോഹിതർ കിഴക്കേ കവാടത്തിൽ നിന്നുള്ള പാതവഴിയാണ് ഈ കെട്ടിടത്തിലേക്ക് പ്രവേശിച്ചിരുന്നത് (വാ. 9). പുരോഹിതരല്ലാത്തവരാരും ഇവിടെ കടന്നുവരാതിരിക്കാനാണ് ഇപ്രകാരമൊരു മാർഗ്ഗം സ്വീകരിച്ചത് എന്നു കരുതാം. കാരണം, കിഴക്കേ കവാടത്തിൽ നിന്നുള്ള പാതയ്ക്ക് ഭടന്മാർ കാവൽ നിന്നിരുന്നു. 10-12 വാക്യങ്ങളിൽ ഈ കെട്ടിടത്തിന്റെ വിശദാംശങ്ങളാണ് നൽകുന്നത്.

41:13-14 വാക്യങ്ങളിൽ ഈ സങ്കീർത്തിമുറികളുടെ ഉപയോഗം ഗ്രന്ഥകാരൻ വ്യക്തമാക്കുന്നുണ്ട്: (1) ബലിവസ്തുക്കളിൽ നിന്നും പുരോഹിതർക്കു ലഭിക്കുന്ന ഓഹരി അവർ ഭക്ഷിച്ചിരുന്നത് ഈ മുറികളിൽ വച്ചായിരുന്നു. (2) വിവിധതരം ബലികൾക്കാവശ്യമായ വസ്തുക്കൾ ഈ മുറികളിലാണ് സൂക്ഷിച്ചിരുന്നത്. ലേവ്യ 2:8-10 ൽ പരാമർശിക്കുന്ന ദരിദ്രരുടെ ധാന്യബലിയിൽ ഒരു ഭാഗം ധാന്യം പുരോഹിതർക്ക് അവകാശപ്പെട്ടതായിരുന്നു. (3) പുരോഹിതർ ബലിയർപ്പണത്തിനുപയോഗിച്ച വിശുദ്ധവസ്ത്രങ്ങൾ അഴിച്ചുവയ്ക്കുന്നത് ഈ മുറികളിലായിരുന്നു. ഈ മുറികളുടെ പരിശുദ്ധിയെക്കുറിച്ച് ആവർത്തിച്ചുള്ള പരാമർശങ്ങളുണ്ട് (വാ. 12,13,14). പുരോഹിതരും അവരുടെ ഭക്ഷണവും അവരുടെ വസ്ത്രങ്ങളും ബലിവസ്തുക്കളും വിശുദ്ധമാകയാലാണ് അവ കൈകാര്യം ചെയ്യുന്ന ഈ മുറികൾ വിശുദ്ധമാകുന്നത്.

**42:15-20,** ദേവാലയത്തിന്റെ അളവ് പൂർ ത്തീകരിച്ചു കഴിഞ്ഞപ്പോൾ വഴികാട്ടി പ്രവാചകനെ കിഴക്കേകവാടം വഴി പുറത്തെത്തിച്ചു (40:6 ൽ ഇതേ കവാടം വഴിയാണ് അവർ ഉള്ളിൽ പ്രവേശിച്ചത്). ദേവാലയ സമുച്ചയത്തിന് കിഴക്കുഭാഗത്ത് 560 മുഴം (= 284.72 അടി) നീളമുണ്ടെന്ന് വഴി





കാട്ടി കണ്ടെത്തിയിരുന്നു. തുടർന്നു വടക്കുഭാഗവും തെക്കുഭാഗവും പടിഞ്ഞാറുഭാഗവും അളന്നു. എല്ലായിടത്തും തുല്യ നീളം (560 മുഴം) ആയിരുന്നു. 560 മുഴം വീതം നാലുവശത്തും നീളമുള്ള ദേവാലയമതിൽ ദേവാലയ സമുച്ചയത്തെ തികച്ചും സമചതുരമാക്കി മാറ്റുന്നുണ്ട്.

## എസെക്കിയേൽ 43:1-12, കർത്താവിന്റെ മഹത്വം മടങ്ങിയെത്തുന്നു

കിഴക്കേ കവാടത്തിൽ നിന്നാരംഭിച്ച (40:6) യാത്ര കിഴക്കേ കവാടത്തി ൽ തിരിച്ചെത്തുന്നതോടെയാണ് (42:15) എസെക്കിയേലിന്റെ ദേവാലയ ദർശനയാത്ര പൂർത്തിയാകുന്നത്. ദേവാലയം അതിന്റെ സകല പ്രൗഢിയോടും പരിശുദ്ധിയോടും കൂടി പുനരുദ്ധരിക്കപ്പെട്ടതായി ഈ ദർശനത്തിലൂടെ ഗ്രന്ഥകാരൻ വ്യക്തമാക്കിക്കഴിഞ്ഞു. ഇനി ശേഷിക്കുന്നത് ദേവാലയം വിട്ടുപോയ ദൈവമഹത്വം (11:22-23) തിരിച്ചെത്തുക എന്നതാണ്. പ്രസ്തുത തിരിച്ചുവരവിന്റെ വിവരണമാണ് 43:1-12 ന്റെ ഇതിവൃത്തം.

ജറുസലേം വിട്ടുപോയ കിഴക്കേ കവാടം വഴിതന്നെയാണ് ദൈവമഹത്വം തിരിച്ചെത്തുന്നത്. കേബാർ നദീതീരത്തുണ്ടായ ദർശനത്തിന്റെ വിവരണത്തിലെ (1:4-3:15) പല വസ്തുതകളും ഇവിടെ അനുസ്മരിക്കപ്പെടുന്നുണ്ട് (വാ. 3). പെരുവെള്ളത്തിന്റെ ഇരമ്പൽ പോലുള്ള ശബ്ദവും (1:24 = 43:2) സാഷ്ടാംഗ പ്രണാമവും (1:28 = 43:3) രണ്ടു വിവരണങ്ങളിലുമുണ്ട്. പതിവുപോലെ (3:12,14; 8:3; 11:1) ആത്മാവാണ് എസെക്കിയേലിനെ സംവഹിച്ചുകൊണ്ടുപോകുന്നത് (2:2 = 43:5). ശിക്ഷാവിധിക്കായി ദൈവം ജറുസലേമിനെ സമീപിക്കുന്ന ദർശനത്തിന്റെ വിവരണവുമായും (എസെ 8-11 അധ്യായങ്ങൾ) 43:1-12 ലെ വിവരണത്തിനു സാമ്യമുണ്ട്. 10:6-7 ൽ കെരൂബുകളുടെ കൈകളിൽ നിന്ന് അഗ്നി ഏറ്റുവാങ്ങുന്നത് ദൈവമഹത്വത്തിന്റെ വിടവാങ്ങലിന്റെ സൂചനയായിരുന്നു. നഗരം നശിക്കുമ്പോൾ ദൈവം ജറുസലേമിലില്ലായിരുന്നു എന്നും അതിനാൽ ബാബിലോണിന്റെ വിജയം മർദൂക്ക് ദേവൻ (ബാബിലോണിന്റെ ദൈവം) യാഹ്വെയുടെമേൽ നേടിയ വിജയമായി കരുതാനാവില്ല എന്നുമാണ് പ്രവാചകൻ അർത്ഥമാക്കിയത്.

തിരിച്ചെത്തിയ ദൈവമഹത്വം പ്രവാചകനോട് നേരിട്ടു സംസാരിക്കുന്നതാണ് തുടർന്നുള്ള വാക്യങ്ങളിലെ പ്രമേയം (വാ. 6-9). ദേവാലയത്തെയും വാഗ്ദാനപേടകത്തെയും ദൈവത്തിന്റെ സിംഹാസനവും പാദപീഠവുമായി കരുതുന്ന പുറ 26:31-35 ലെ കാഴ്ചപ്പാടാണ് 43:7 ൽ പ്രതിഫലിക്കുന്നത്. പാദപീഠവും സിംഹാസനവും അധികാരത്തെയാണ് സൂചിപ്പിക്കുന്നത് (സങ്കീ 132:7; വിലാ 2:10). ദൈവം തന്റെ ജനത്തോടൊത്ത് നിത്യമായി വസിക്കുന്ന സ്ഥലമായി ദേവാലയം പരിണമിക്കുന്നു (വാ. 7). എന്നാൽ വാഗ്ദാനപേടകത്തെക്കുറിച്ചുള്ള യാതൊരു സൂചനയും എസെക്കിയേലിന്റെ ഗ്രന്ഥത്തിലില്ല എന്നത് ശ്രദ്ധേയമാണ്. ജറെ 3:16-17

ലേതിനു സമാനമായി പുനരുദ്ധരിക്കപ്പെടുന്ന ദേവാലയത്തിൽ വാഗ്ദാനപേടകം ഉണ്ടായിരിക്കില്ല എന്നൊരു ചിന്തയാണ് എസെക്കിയേലും പുലർത്തുന്നത് എന്നു കരുതാം.

ഇസ്രായേൽ രാജാക്കന്മാരുടെ തിന്മനിറഞ്ഞ പ്രവൃത്തികൾ ഇനിമേൽ ആവർത്തിക്കപ്പെടില്ല എന്ന പ്രസ്താവനയും (വാ. 8) ശ്രദ്ധേയമാണ്. രാജാക്കന്മാരുടെ മൃതശരീരംകൊണ്ടു ദേവാലയം അശുദ്ധമാകില്ല എന്ന പരാമർശം യുദ്ധത്തിൽ വധിക്കപ്പെടുന്ന രാജാക്കന്മാരെക്കുറിച്ചാകാൻ സാധ്യതയില്ല. ചില രാജാക്കന്മാരെ ദേവാലയഭിത്തിയോടു ചേർത്ത് സംസ്കരിച്ച (2 രാജാ 21:18,26; 2 ദിന 33:20) സംഭവമാകാം ഇവിടെ വിവക്ഷിക്കുന്നത്.

“തങ്ങളുടെ വാതിൽപ്പടി ദേവാലയ വാതിൽപ്പടിയോടു ചേർത്തു....” തുടങ്ങിയ ആരോപണങ്ങൾ (വാ. 8) സോളമന്റെ ദേവാലയത്തിന്റെ പരിമിതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. സോളമന്റെ ദേവാലയസമുച്ചയത്തോടുചേർന്ന് ഇസ്രായേൽക്കാരുടെ ഭവനങ്ങളുണ്ടായിരുന്നു (2 രാജാ 11 കാണുക). നിയമാവർത്തന ചരിത്രകാരൻ ഇതിൽ യാതൊരു അപാകതയും കണ്ടിരുന്നില്ല. എന്നാൽ, എസെക്കിയേൽ ഇതിനെ കഠിന അപരാധമായാണ് കരുതുന്നത്.

43:11-12 വാക്യങ്ങൾ ദേവാലയ ദർശനവിവരണത്തിന്റെ ഉപസംഹാരമാണ്. സോളമന്റെ ദേവാലയത്തോടനുബന്ധിച്ചു നടമാടിയ മ്ലേച്ഛതകൾ പുതിയ ദേവാലയത്തിൽ സംഭവിക്കാതിരിക്കാനുള്ള മുൻകരുതൽ എടുക്കാനാണ് ദൈവം പ്രവാചകനോട് നിർദ്ദേശിക്കുന്നത് (വാ. 10-11). 43:12 നെ ദേവാലയ ദർശന വിവരണത്തിന്റെ ഉപസംഹാരവാക്യമായാണോ 43:12-46:24 ന്റെ ആമുഖവാക്യമായാണോ കരുതേണ്ടത് എന്നതിനെക്കുറിച്ച് വ്യാഖ്യാതാക്കൾ ഭിന്നാഭിപ്രായക്കാരാണ്. എന്നാൽ സൂക്ഷ്മാപഗ്രഥനത്തിൽ ഈ വാക്യത്തെ ദേവാലയ ദർശന വിവരണത്തിന്റെ ഉപസംഹാരമായും തുടർന്നുവരുന്ന ദേവാലയബന്ധിയായ നിയമങ്ങളുടെ വിവരണത്തിന്റെ ഉപക്രമവാക്യമായും ഗ്രന്ഥകാരൻ വിവക്ഷിക്കുന്നതായി മനസ്സിലാക്കാം.

**വിചിന്തനം:** 1. ദൈവമഹത്വം ദേവാലയവും ദേശവും വിട്ടുപോയതാണ് നഗരത്തിന്റെ നാശത്തിനു കാരണമായതെന്ന എസെക്കിയേലിന്റെ കാഴ്ചപ്പാടിന് കാലിക പ്രസക്തിയുണ്ട്. ജനത്തിന്റെ അസഹ്യവും ആവർത്തിക്കുന്നതുമായ തിന്മകളാണ് ദൈവമഹത്വം ദേവാലയം വിട്ടുപോകാൻ ഇടവരുത്തിയത്. ധാർമ്മികമൂല്യങ്ങളെ മാനിക്കുന്ന ജീവിതശൈലി വളർത്താത്തിടത്തോളം പ്രസ്തുത സമൂഹത്തിൽ ദൈവം വസിക്കുന്നില്ല എന്നാണ് എസെക്കിയേൽ വിവക്ഷിക്കുന്നത്. ആചാരബദ്ധമായ അനുഷ്ഠാന കർമ്മങ്ങളിലല്ല ആന്തരികതയുള്ള ധാർമ്മികജീവിതങ്ങളിലാണ് ദൈവം യഥാർത്ഥത്തിൽ മഹത്വപ്പെടുന്നത് എന്ന സത്യം മനസ്സിലാക്കുന്നതോടെ ദൈവമഹത്വം തിരിച്ചെത്തുകയും ചെയ്യുന്നു.

2. എസെക്കിയേലിന്റെ സ്വപ്നദർശനത്തിലെ ദേവാലയം പ്രസ്തുത അളവുകളോടും സൂക്ഷ്മാംശങ്ങളോടും കൂടി ചരിത്രത്തിൽ ഒരിക്കലും





പണിയപ്പെട്ടിട്ടില്ല. എന്നാൽ സർവ്വതും നഷ്ടമായി പ്രത്യാശയറ്റുകിടന്ന പ്രവാസികളുടെ സമൂഹത്തെ പുതുജീവനുള്ളതാക്കി മാറ്റാൻ പോരുന്നതായിരുന്നു ഈ പ്രവചനങ്ങൾ. അവ്യക്ത സ്വപ്നങ്ങളല്ല സൂക്ഷ്മാംശങ്ങളിൽപോലും കൃത്യതയുള്ള സ്വപ്നങ്ങളാണ് എസെക്കിയേൽ കാണുന്നത്. നിരാശയുടെ പടുകുഴിയിലും ദൈവകാരുണ്യത്തെയും മഹത്വത്തെയും അവിടുന്നു നൽകുന്ന രക്ഷയെയും കുറിച്ച് സസൂക്ഷ്മം സ്വപ്നം കാണുന്നു എന്നതാണ് എസെക്കിയേലിന്റെ തനിമ.

3. എസെക്കിയേലിന്റെ ദേവാലയ ദർശനം ദേവാലയം ദൈവഭവനമാണെന്ന ചിന്തയെ ഉണർത്തുന്നതായിരുന്നു. ദേവാലയത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള അവബോധം മതാത്മകതയുടെ സവിശേഷതയാണ്. ഈ അവബോധം (The sense of sacred) നഷ്ടമാകുന്നതിനനുസരിച്ച് മതവിശ്വാസവും നഷ്ടമാകുന്നു. മറ്റു ഭവനങ്ങളിൽനിന്നും ദൈവഭവനം വ്യത്യസ്തമാണെന്നും അതിനാൽ മറ്റു ഭവനങ്ങളിൽ പെരുമാറുന്നതുപോലെ ലാഘവത്തോടെയല്ല ദൈവഭവനത്തിൽ പെരുമാറേണ്ടതെന്നുമുള്ള ചിന്ത കാലഹരണപ്പെടാതെ സൂക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

# എസെക്കിയേൽ 43:13-46:24, ദേവാലയത്തെ സംബന്ധിക്കുന്ന നിയമങ്ങൾ

## എസെക്കിയേൽ 43:13-27, ബലിപീഠം

ദേവാലയത്തിലെ ബലിപീഠത്തിന്റെ പരിശുദ്ധിയെക്കുറിച്ചാണ് ഈ വചനഭാഗം പ്രതിപാദിക്കുന്നത്. പുറ 29:36-37 ന്റെ ശൈലിക്കു സമാനമായാണ് ബലിപീഠത്തെക്കുറിച്ചുള്ള ഈ വിവരണം അവതരിപ്പിക്കുന്നത്. ഈ വാക്യങ്ങളിൽ 19-21a, 22a, 23-24a, 25a എന്നിവ എസെക്കിയേലിനെ അഭിസംബോധനചെയ്യുന്ന ഏകവചന രൂപങ്ങളാണെങ്കിൽ 21b ഉത്തമപുരുഷ ഏകവചനരൂപവും 22b, 24b, 25b-27b എന്നിവ ബഹുവചനരൂപങ്ങളുമാണ്. ബലിപീഠത്തിന്റെ വിശുദ്ധീകരണത്തിനും പ്രതിഷ്ഠയ്ക്കും എസെക്കിയേലിനൊപ്പം അനേകം പുരോഹിതന്മാർക്കൂടി പങ്കെടുക്കുന്നു എന്ന സങ്കല്പത്തിലാണ് ഈ വാക്യങ്ങൾ രചിക്കപ്പെട്ടിരിക്കുന്നത് എന്ന് അനുമാനിക്കാം.

എസെക്കിയേൽ മുപ്പതാം വയസ്സിൽ പ്രവാസത്തിലേക്ക് അയയ്ക്കപ്പെട്ടതിനാൽ (1:1) അദ്ദേഹം ജറുസലേം ദേവാലയത്തിൽ പുരോഹിതശുശ്രൂഷ ചെയ്തിരിക്കാൻ സാധ്യതയില്ല; കാരണം മുപ്പതാം വയസ്സിലാണ് യഹൂദ പുരോഹിതശുശ്രൂഷ ആരംഭിക്കുന്നത്. എന്നാൽ പുറപ്പാട് 29-ാം അധ്യായത്തിലെ മോശയുടെ പുരോഹിതശുശ്രൂഷകളുടെ പശ്ചാത്തലത്തിലാണ് ഈ വിവരണം മുന്നോട്ടുനീങ്ങുന്നത്. ബലിപീഠം അഭിഷേകം ചെയ്യുന്നതിന് ബലിപീഠത്തിന്റെ കൊമ്പുകളിൽ ആദ്യദിനം

രക്തം പുരട്ടണം (ലേവ്യ 16:18 കാണുക). രണ്ടാം ദിവസം ശുദ്ധീകരണ ബലിയായി ഊനമറ്റ മുട്ടാടിനെ സമർപ്പിക്കണം. തുടർന്ന് കാളക്കുട്ടിയെയും മുട്ടാടിനെയും ദഹനബലിയായി അർപ്പിക്കണം (വാ. 23 = ലേവ്യ 16:18-19). ഉപ്പുകലർന്ന ബലിയെക്കുറിച്ചുള്ള പരാമർശം സംഖ്യ 18:19 ലെ ശാശ്വതമായ ഉടമ്പടിയുടെ ബലിയെ അനുസ്മരിപ്പിക്കുന്നു. ഭക്ഷ്യവസ്തുക്കൾ കേടാകാതെ സൂക്ഷിക്കാൻ ഉപ്പ് ഉപയോഗിച്ചിരുന്നതിനാൽ ഉടമ്പടിയുടെ ബന്ധം നിലനിർത്താനുള്ള ബലിയിൽ ഉപ്പുചേർക്കുന്നത് അർത്ഥവത്തായിരുന്നു.

പുറ 29:37 ലെ ബലിപീഠാഭിഷേകത്തിലെ ഏഴുദിനം നീളുന്ന ബലിയർപ്പണത്തെ അനുകരിച്ചാണ് 25-26 വാക്യങ്ങളിലെ ബലിയർപ്പണം. പഞ്ചഗ്രന്ഥിയിലെ പുരോഹിതപാരമ്പര്യത്തിന്റെ അനുഷ്ഠാനങ്ങളുമായി എസെക്കിയേലിന്റെ പുസ്തകത്തെ അനുരഞ്ജനപ്പെടുത്തുന്നതിനാൽ പിൽക്കാല സംശോധകർ കൂട്ടിച്ചേർത്തതാണ് ഈ വാക്യങ്ങൾ എന്നു കരുതുന്നവരുണ്ട്. ഏഴാംദിനമാണ് ഈ അഭിഷേകക്രമം പൂർത്തിയാകുന്നത്. എട്ടാംദിനം മുതൽ ദഹനബലികളും സമാധാനബലികളും (= ഷെലാമിം) അർപ്പിക്കണം. ദഹനബലി പാപപ്പരിഹാരത്തെയും സമാധാനബലി കൃതജ്ഞതാ സമർപ്പണത്തെയുമാണ് സൂചിപ്പിക്കുന്നത് (ലേവ്യ 7:11-18). ഉടമ്പടിയോടുള്ള വിട്ടുവീഴ്ചയില്ലാത്ത വിധേയത്വത്തെ സൂചിപ്പിക്കാനും സമാധാനബലി അർപ്പിച്ചിരുന്നു.

ഈ വിശുദ്ധീകരണബലികളിലൂടെ ദൈവജനം ദൈവത്തിനു സ്വീകാര്യമായ ജനമായി മാറും എന്ന പ്രഖ്യാപനത്തോടെയാണ് ഗ്രന്ഥകാരൻ വിവരണം അവസാനിപ്പിക്കുന്നത് (വാ. 28).

## എസെക്കിയേൽ 44:1-3, കിഴക്കേകവാടം അടയ്ക്കുന്നു

ദേവാലയ പ്രദക്ഷിണം ആരംഭിച്ച കിഴക്കേകവാടത്തിൽ തിരിച്ചെത്തിയ എസെക്കിയേൽ കിഴക്കേകവാടം അടച്ചതായാണ് കാണുന്നത്. കർത്താവിന്റെ മഹത്വം ദേവാലയം വിട്ടുപോയതും (11:23) തിരികെവന്നതും (43:1-5) കിഴക്കേകവാടംവഴി ആയിരുന്നു. കർത്താവു കടന്നുവന്ന വാതിലാകയാൽ ആ കവാടം അടഞ്ഞു കിടക്കണമെന്നും അതിലൂടെ പുരോഹിതർപോലും പ്രവേശിക്കാൻപാടില്ല എന്നുമായിരുന്നു നിബന്ധന. ഈ കവാടം നിത്യമായി അടയ്ക്കുന്നത് യാഹ്‌വെ തന്റെ ജനത്തോടൊത്ത് നിത്യമായും വസിക്കും എന്നതിന്റെ അടയാളമായിരുന്നു (43:7,9). 11:22-23 ൽ വിവരിച്ചതിനുസമാനമായി ഇനിമേൽ ദൈവമഹത്വം കർത്താവിന്റെ ആലയം വിട്ടുപോകില്ല.

ബാബിലോണിയൻ പുതുവത്സരദിനമായ 'അകിതു' ദിനത്തിൽ മാത്രം മർദുക്ക് ദേവനു കടന്നുവരാനായി ഒരു വിശുദ്ധകവാടം (= ബാബു എല്ലു) തുറന്നിരുന്നു. എല്ലാ വർഷവും വന്നു പോകുന്ന മർദൂക്കിനെപ്പോലെയല്ല





തന്റെ ആലയത്തിൽ തന്റെ ജനത്തോടൊത്ത് നിത്യം വസിക്കുന്നവനാണ് യാഹ്‌വെ എന്ന സന്ദേശമാണ് എസെക്കിയേൽ നൽകുന്നത്.

എന്നാൽ "രാജാവിനു" മാത്രം ഈ വാതിലിലൂടെ പ്രവേശിക്കാം എന്ന 46:3 ലെ പരാമർശം ഗ്രഹിക്കുക തികച്ചും ദുഷ്കരമാണെന്ന് വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടാറുണ്ട്. എന്നാൽ ഇത് കേവലം യൂദാരാജാക്കന്മാരെ ഉദ്ദേശിച്ചുള്ള പരാമർശമല്ല. എസെക്കിയേലിന്റെ ഭാവിപ്രതീക്ഷയെക്കുറിച്ചുള്ള പ്രവചനങ്ങളിലെല്ലാം ഇപ്രകാരമൊരു രാജാവിനെക്കുറിച്ചുള്ള സൂചനയുണ്ട് (34:23; 37:24-25). 45:21-46:12 ൽ വീണ്ടും ഈ ആശയം പ്രവാചകൻ വിശദമായി അവതരിപ്പിക്കുന്നുണ്ട്. 1 രാജാ 6-8 അധ്യായങ്ങളിൽ ദേവാലയ ശുശ്രൂഷകൾക്ക് മേൽനോട്ടം വഹിക്കുന്ന സോളമന്റെ ദൗത്യത്തിൽ നിന്നും വ്യത്യസ്തമാണ് എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ രാജാവിന്റെ ദൗത്യം. ഭാവിരാജാവായിവരുന്ന മിശിഹായെക്കുറിച്ചുള്ള സൂചനയായി ഈ വചനഭാഗത്തെ മനസ്സിലാക്കാം. (കൂടുതൽ വിശദാംശങ്ങൾക്ക് 45:21-46:12 ന്റെ വ്യാഖ്യാനം കാണുക).

## എസെക്കിയേൽ 44:4-14, ലേവ്യപുരോഹിതരും കർത്താവിന്റെ ആലയവും

ദേവാലയാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള നിയമങ്ങളും പുരോഹിതർക്കും ലേവ്യർക്കുമുള്ള നിർദ്ദേശങ്ങളും വഴി പുതിയ മോശയായിട്ടാണ് എസെക്കിയേൽ 44:4-31 ൽ പ്രത്യക്ഷപ്പെടുന്നത്.

**44:4-6a,** ഈ വാക്യങ്ങൾ പിൽക്കാല സംശോധകന്റേതാണെന്നു കരുതുന്നവരുണ്ട് (Zimmerli, Ezekiel, P. 445). 43:6-23 ലെ വിവരണത്തേയും 44:6b-46:24 ലെ വിവരണത്തേയും ബന്ധിപ്പിക്കുന്ന വാക്യങ്ങളായി 44:4-6a യെ മനസ്സിലാക്കാം. ദേവാലയത്തിൽ നിറഞ്ഞു നിൽക്കുന്ന ദൈവമഹത്വത്തിൽ നിന്നുള്ള നിർദ്ദേശങ്ങളായി ഈ നിയമങ്ങളെ അവതരിപ്പിക്കാനും അതുവഴി പഞ്ചഗ്രന്ഥിയിലെ നിയമങ്ങൾക്കു തുല്യമായ ആധികാരികത നേടിയെടുക്കാനും ഈ വാക്യങ്ങളിലൂടെ പ്രവാചകൻ / സംശോധകൻ ശ്രമിക്കുന്നതായി അനുമാനിക്കാം.

കിഴക്കേകവാടം നിത്യമായി അടയ്ക്കപ്പെട്ടതിനാൽ വടക്കേ കവാടം വഴിയാണ് പ്രവാചകൻ യാത്ര തുടരുന്നത് (വാ. 4). 43:1-6 ൽ അവതരിപ്പിക്കപ്പെട്ട ദൈവദർശനം 44:5 ൽ വീണ്ടും അവതരിപ്പിക്കുകയാണ്. എസെക്കിയേലിന്റെ നിർദ്ദേശങ്ങൾക്കും നിയമങ്ങൾക്കുമുള്ള ആധികാരികത ഉറപ്പാക്കുന്നതിനുവേണ്ടിയാണ് ഈ ദൈവികദർശനം വീണ്ടും അവതരിപ്പിക്കുന്നത് എന്നു കരുതാം. ദൈവത്തിൽനിന്നുള്ള നിർദ്ദേശങ്ങളാണ് എസെക്കിയേൽ ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നത് (വാ. 5-6). ദൈവവചന ചുരുൾ ഭക്ഷിച്ചവനാണ് പ്രവാചകൻ (2:10) എന്നതിനാൽ വചനം ഗ്രഹിക്കാൻ എസെക്കിയേലിന് അസാമാന്യപാടവമുണ്ട് എന്ന് അനുമാനിക്കാം. ദേവാലയ പ്രദക്ഷിണ സമയത്ത് (40:1-42:31) വഴികാട്ടിയാണു സംസാരിച്ചിരുന്നതെങ്കിൽ ഇപ്പോൾ ദൈവം നേരിട്ടാണ് പ്രവാചകനോടു സംസാരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. "ധിക്കാരികളുടെ ഭവനം" എന്ന പരമ്പ

രാഗതശൈലിയിലാണ് (2:3,5-6; 3:9, 26-27; 17:12; 24:3) ഇസ്രായേലിനെ വിശേഷിപ്പിക്കുന്നത്.

**44:6b-10,** "കർത്താവ് അരുൾ ചെയ്യുന്നു" എന്ന ആമുഖപ്രസ്താവന തുടർന്നുള്ള നിർദ്ദേശങ്ങളുടെ ആധികാരികത വർദ്ധിപ്പിക്കുന്നുണ്ട്. "മ്ലേച്ഛത പ്രവർത്തിക്കുന്നതു മതിയാക്കുക" (= റബ് ലാക്കെം) എന്ന നിർദ്ദേശം മരുഭൂമിയിലെ ധിക്കാരികളായ കോറഹിനും കൂട്ടാളികൾക്കും ദൈവം നൽകിയിരുന്നതാണ് (സംഖ്യ 16:3). അഹറോന്റെ പൗരോഹിത്യത്തെ ചോദ്യംചെയ്തു എന്നതായിരുന്നു കോറഹിന്റെ സംഘത്തിന്റെ പാപം (സംഖ്യ 16:1-31). ഇവിടെ എസെക്കിയേൽ പറഞ്ഞുതുടങ്ങുന്നത് പുരോഹിത ശുശ്രൂഷയെക്കുറിച്ചാകയാൽ ഈ ആമുഖം തികച്ചും അനുപേക്ഷണീയമാണ്.

ഇസ്രായേലിന്റെ മ്ലേച്ഛതകളാണ് (= തോഏബാ) ദൈവകോപത്തിനു കാരണം. "തോഏബാ" എന്ന പദം വിഗ്രഹാരാധന, ആരാധനാക്രമപരമായ തിന്മകൾ, വ്യഭിചാരം തുടങ്ങിയ വലിയൊരു വിഭാഗം തിന്മകളെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദമാണ്. ദേവാലയത്തിന്റെ കാവൽജോലി അപരിച്ഛേദിതരായ വിജാതീയരെ ഏല്പിക്കുകയും അതു വഴി ദേവാലയത്തിന്റെയും ദൈവജനം മുഴുവന്റെയും വിശുദ്ധിക്ക് ഭംഗം വരുത്തുകയും ചെയ്തു എന്ന ആരോപണമാണ് ഇവിടെ പ്രധാനമായും ഉന്നയിക്കപ്പെടുന്നത്. പരിച്ഛേദനം ഉടമ്പടിയോടുള്ള വിശ്വസ്തതയുടെ അടയാളമായിരുന്നു (നിയ 10:16). "ഹൃദയത്തിലെ പരിച്ഛേദനം" എന്ന ആന്തരികമാനത്തിന് ജറെമിയ പ്രാധാന്യം നൽകുന്നുണ്ട് (ജറെ 4:4). അപരിച്ഛേദിതരുടെ സാന്നിധ്യം ദേവാലയത്തെ അശുദ്ധമാക്കും (സംഖ്യ 1:51; 3:10; 18:7) എന്ന ചിന്ത എസെ 44-48 അധ്യായങ്ങളിലെ ഒരു മുഖ്യപ്രമേയമാണ്. ഇവിടെ വിവക്ഷിക്കപ്പെടുന്ന 'വിദേശികൾ' ആരാണ് എന്നതിനെക്കുറിച്ച് വിവിധ സാധ്യതകൾ ഉന്നയിക്കപ്പെടുന്നുണ്ട്:

(1) ജോഷ്വാ വെള്ളം കോരാനും വിറകുവെട്ടാനും നിയോഗിച്ച ഗിബയോൻകാർ (ജോഷ്വ 9:27).

(2) ദേവാലയ ശുശ്രൂഷകരായി ജോലി ചെയ്തിരുന്ന "നെതിനിം" വിഭാഗം (എസ്രാ 2:43-54).

(3) സോളമന്റെ സേവകരുടെ പിൻഗാമികൾ (എസ്രാ 2:55-57).

(4) രാജകൊട്ടാരവും ദേവാലയവും സംരക്ഷിക്കാൻ നിയോഗിക്കപ്പെട്ട രാജകീയ സൈന്യത്തിലെ കെരേത്യർ (2 രാജാ 11:4-8).

ദേവാലയശുശ്രൂഷകൾ ലേവായർക്കുമാത്രമായി പരിമിതപ്പെടുത്തുന്നു എന്നത് എസെക്കിയേലിന്റെ കർശന നിയമങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു.

44:11-14, ലേവ്യരുടെ ദൗത്യങ്ങളാണ് ഈ വചനഭാഗത്തെ പ്രതിപാദ്യം. ഇവരുടെ പ്രധാന ഉത്തരവാദിത്വങ്ങൾ താഴെപ്പറയുന്നവയാണ്:

(1) ദേവാലയ സമുച്ചയത്തിന് ആയുധധാരികളായി കാവൽനിൽക്കുക.





(2) ബലിവസ്തുക്കൾ ഒരുക്കുക. പുരോഹിതപാരമ്പര്യത്തിൽ (P) ലേവിഗോത്രത്തിൽപെടാത്തവർക്കും ഇതിനുള്ള അവകാശമുണ്ടായിരുന്നു (ലേവ്യ 1:5-6,9) എന്നാൽ എസെക്കിയേൽ ഇത് ലേവ്യർക്കു മാത്രമായി പരിമിതപ്പെടുത്തി.

(3) എന്നാൽ പുരോഹിതശുശ്രൂഷ ചെയ്യാൻ ലേവ്യർക്ക് അവകാശമില്ല. കാരണം അവർ വിഗ്രഹാരാധനയ്ക്കു കൂട്ടുനിന്നവരാണ് (വാ. 12). വിശുദ്ധവസ്തുക്കൾ തൊടാനോ ശ്രീകോവിലിൽ പ്രവേശിക്കാനോ അവർക്ക് അനുവാദമില്ല (നിയ 18:3 കാണുക).

(4) തങ്ങളുടെ തെറ്റിനെയോർത്തു ലജ്ജിക്കുന്നവരായിരിക്കണം ലേവ്യർ. ലജ്ജ എന്നത് ദൈവത്തിന്റെ രക്ഷാകരമായ അനുഭവം സിദ്ധിച്ചു കഴിയുമ്പോൾ സംഭവിക്കുന്ന വികാരമാണ് (എസെ 16:53-54; 20:39-44; 36:31-32; 43:10-11). ചുരുക്കത്തിൽ, തങ്ങളുടെ തെറ്റുതിരുത്താനും പരിഹാരംചെയ്യാനുമുള്ള മനസ്സുള്ളവരായിരിക്കണം ലേവായർ.

# എസെക്കിയേൽ 44:15-31, സാദോക്കിന്റെ പുത്രന്മാരായ ലേവ്യപുരോഹിതൻ

ലേവ്യരുടെ കടമകളും ദൗത്യങ്ങളും വിശദീകരിച്ചശേഷം ദേവാലയ ശുശ്രൂഷയിലെ ഏറ്റവും പ്രബല വിഭാഗമായ പുരോഹിതരെക്കുറിച്ചാണ് എസെക്കിയേൽ സംസാരിക്കുന്നത്. പുരോഹിതശുശ്രൂഷ ലേവിഗോത്രത്തിലെ സാദോക്കിന്റെ പിൻഗാമികൾക്കു മാത്രമായി പരിമിതപ്പെടുത്തുന്നു എന്നതാണ് എസെക്കിയേലിന്റെ ഗ്രന്ഥത്തിന്റെ സവിശേഷത.

**44:15-16,** പൗരോഹിത്യം സാദോക്കിന്റെ പിൻഗാമികൾക്കു മാത്രമായി നിജപ്പെടുത്തുന്നതിന്റെ കാരണം സാദോക്യരുടെ വിശ്വസ്തതയാണ് എന്നാണ് എസെക്കിയേൽ അവകാശപ്പെടുന്നത് (വാ. 15). കൊഹാത്ത് കുടുംബത്തിൽ എലെയാസറിന്റെ പിൻഗാമിയും അഹിത്തൂബിന്റെ പുത്രനുമായിരുന്നു സാദോക്ക് (2 സാമു 8:17; 1 ദിന 5:34; 18:16; 24:3-6). ദാവീദ് രാജാവ് അദ്ദേഹത്തെ ഗിബയോണിലെ പുരോഹിതനായി നിയമിച്ചു (1 ദിന 16:39). ജറുസലേമിലേക്ക് പേടകം കൊണ്ടുവന്ന പുരോഹിതരുടെ കൂട്ടത്തിലും സാദോക്ക് ഉണ്ടായിരുന്നു (1 ദിന 15:11). പിന്നീട് ദാവീദു രാജാവ് സാദോക്കിനെ പ്രധാന പുരോഹിതനായി നിയമിച്ചു (2 സാമു 8:17; 15:24; 1 രാജാ 1:7; 1 ദിന 18:16). ഇദ്ദേഹം അബിയാഥറിന്റെ കൂടെയാണോ (2 സാമു 15:24; 1 രാജാ 1:7) അബിയാഥറിന്റെ മകൻ അഹിമെലക്കിന്റെ കൂടെയാണോ (2 സാമു 8:17; 1 ദിന 18:16) പുരോഹിതനായിരുന്നതെന്ന് വ്യക്തമല്ല. അബ്സലോമിന്റെ വിപ്ലവത്തെ തുടർന്ന് ഒളിച്ചോടിയ ദാവീദിനെ സാദോക്ക് അനുഗമിച്ചെങ്കിലും ദാവീദ് അദ്ദേഹത്തോട് ജറുസലേമിൽത്തന്നെ താമസിക്കാൻ ആവശ്യപ്പെട്ടു. അബ്സലോമിന്റെ നീക്കങ്ങളെക്കുറിച്ച് ദാവീദിന് വിവരങ്ങൾ നൽകിയത് സാദോക്കും മകൻ അഹിമാസും ആയിരുന്നു (2 സാമു 15:24-35; 17:15; 18:19-27). ദാവീദിന്റെ തിരിച്ചുവരവിനു കളമൊരുക്കാൻ യൂദയായിലെ നേതാക്കളുമായി ചർച്ച

നടത്തിയത് സാദോക്കായിരുന്നു (2 സാമു 19:12). ദാവീദിന്റെ പിൻഗാമിയാകാനുള്ള വടംവലിയിൽ സാദോക്ക് സോളമനെയാണ് പിന്തുണച്ചത്. ദാവീദ് സോളമനെ അഭിഷേകം ചെയ്യാൻ സാദോക്കിനെത്തന്നെയാണ് നിയമിച്ചതും (1 രാജാ 1:8,26,32–45). സോളമൻ അബിയാഥറിനെ സ്ഥാനഭ്രഷ്ടനാക്കി സാദോക്കിനെ പുരോഹിതനായി നിയമിച്ചു (1 രാജാ 2:35). സാദോക്കിനുശേഷം മകൻ അസറിയായാണ് പ്രധാന പുരോഹിതനായി നിയമിതനായത് (1 രാജാ 4:2). എസെക്കിയേലിന്റെ കാലത്ത് സാദോക്കിന്റെ പിൻഗാമികൾ മാത്രമായിരുന്നു പുരോഹിതർ (എസെ 40:46; 43:10; 44:15; 48:11). സാദോക്കിന്റെ പിൻഗാമികളാണ് സദുക്കായർ.

22:26 ൽ പുരോഹിതരുടെ വീഴ്ചകളെക്കുറിച്ച് എസെക്കിയേൽ സവിസ്തരം പ്രതിപാദിച്ചതാണ്. എന്നാൽ അക്കാലത്തും സാദോക്കിന്റെ പുത്രന്മാർ വിശ്വസ്തതയോടെ പുരോഹിത ശുശ്രൂഷ ചെയ്തിരുന്നു. ദേവാലയത്തിന്റെ ശ്രീകോവിലിനെയും വിശുദ്ധ വസ്തുക്കളെയും ബലിപീഠത്തേയും സമീപിക്കാൻ സാദോക്യ പുരോഹിതർക്കു മാത്രമാണ് അവകാശം.

**44:17–31,** സാദോക്യ പുരോഹിതർക്കുള്ള നിർദ്ദേശങ്ങളാണ് തുടർന്നു നൽകുന്നത്. പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

(1) ചണവസ്ത്രം (linen clothing) മാത്രമേ പുരോഹിതർ ഉപയോഗിക്കാൻ പാടുള്ളൂ. കമ്പിളിപോലുള്ള വസ്ത്രങ്ങൾ ശരീരത്തെ ചൂടുപിടിപ്പിക്കുകയും അതുവഴി വിയർപ്പിനു കാരണമാകുകയും ചെയ്യും. മറ്റു ശരീരസ്രവങ്ങൾ പോലെ വിയർപ്പും അശുദ്ധമാകയാലാണ് വിയർപ്പിനു കാരണമാകുന്ന വസ്ത്രങ്ങൾ നിരോധിക്കുന്നത്. പുരോഹിത ശുശ്രൂഷയുടെ സമയത്തുപയോഗിക്കുന്ന വസ്ത്രങ്ങൾ ദേവാലയത്തിനു വെളിയിൽ കൊണ്ടുപോകാൻപാടില്ല. 42:13–14 ൽ പരാമർശിക്കുന്ന വിശുദ്ധമുറികളിലാണ് അവ സൂക്ഷിക്കേണ്ടത്.

(2) പുരോഹിതൻ മുടിനീട്ടിവളർത്തുകയോ തലമുണ്ഡനം ചെയ്യുകയോ അരുത്. തലമുണ്ഡനം ചെയ്യുന്നത് മരണത്തോടനുബന്ധിച്ചുള്ള വിലാപലക്ഷണമാണ് (ലേവ്യ 19:27–28) മുടി നീട്ടിവളർത്തുന്നത് കുഷ്ഠരോഗത്തിന്റെയും ദൈവശാപത്തിന്റെയും അടയാളമായിരുന്നു (ലേവ്യ 13:45). മുടിയെ സംബന്ധിക്കുന്ന മേൽപറഞ്ഞ രണ്ടുനിർദ്ദേശങ്ങളും പുരോഹിത വിശുദ്ധിയെ സ്പഷ്ടമാക്കാനുള്ള ഉപാധികളാണെന്നു കരുതാം.

(3) പുരോഹിതൻ ലഹരിവസ്തുക്കൾ (വീഞ്ഞ്) കഴിച്ചശേഷം ദേവാലയത്തിൽ വരാൻ പാടില്ല (വാ. 21). ഇതേ കല്പന പുരോഹിതപാരമ്പര്യത്തിലും (P) കാണാം (ലേവ്യ 10:9). പുരോഹിതർ അമിതമായി മദ്യപിച്ച് അർദ്ധബോധാവസ്ഥയിൽ ശുശ്രൂഷചെയ്തിരുന്ന വിജാതീയ പാരമ്പര്യങ്ങൾക്കു (ANET, 66) വിരുദ്ധമായിട്ടാണ് ഈ കല്പന നൽകുന്നത്.

(4) പുരോഹിതന്റെ കുടുംബജീവിതം മാതൃകാപരമായിരിക്കണം. അവൻ കന്യകയെയോ പുരോഹിതന്റേ വിധവയെയോ മാത്രമേ വിവാഹം





ചെയ്യാൻ പാടുള്ളൂ. പുരോഹിത പാരമ്പര്യത്തിലും സമാന നിയമങ്ങളുണ്ട് (ലേവ്യ 21:7,13–15).

പുരോഹിതർക്കുള്ള നിർദ്ദേശങ്ങൾക്കുശേഷം അവരുടെ കടമകളും ദൗത്യങ്ങളുമാണ് തുടർന്നു (വാ. 23–24) പ്രവാചകൻ വിവരിക്കുന്നത്: (1) കർത്താവിന്റെ നിയമങ്ങളും ചട്ടങ്ങളും അവർ ജനത്തെ പഠിപ്പിക്കണം (ലേവ്യ പുരോഹിതർ ഇതു ചെയ്തില്ല എന്നതാണ് പ്രവാസത്തിനു കാരണമായതെന്ന് എസെ 22:26 ൽ പറയുന്നുണ്ട്). (2) തർക്കങ്ങളിൽ ന്യായാധിപന്മാരായി വർത്തിക്കണം. (3) കർത്താവിന്റെ തിരുനാളുകളും സാബത്തും പരിശുദ്ധമായി ആചരിക്കാൻ അവർ ശ്രദ്ധിക്കണം.

മൃതശരീരങ്ങൾ മൂലമുള്ള അശുദ്ധിയെക്കുറിച്ചാണ് 25–27 വാക്യങ്ങൾ പരാമർശിക്കുന്നത്. പിതാവ്, മാതാവ്, സഹോദരൻ, അവിവാഹിതയായ സഹോദരി, മക്കൾ എന്നിവർ മരിച്ചാൽ പുരോഹിതർക്ക് മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുക്കാം. ഭാര്യയുടെ മരണത്തെ സംബന്ധിച്ച് എസെക്കിയേൽ പരാമർശിക്കുന്നില്ലെങ്കിലും ലേവ്യ 21:4 ൽ ഭാര്യയുടെ മൃതസംസ്കാരത്തിൽ പങ്കെടുക്കുന്നതിൽ നിന്നും പുരോഹിതന് വിലക്കുണ്ടായിരുന്നു. മൃതസംസ്കാര ശുശ്രൂഷകൾ ഏഴുദിവസത്തേക്ക് പുരോഹിതനെ അശുദ്ധനാക്കുന്നു. രണ്ടാഴ്ചകൾക്കുശേഷമേ അവർ പുരോഹിതശുശ്രൂഷകൾ ചെയ്യാൻ പാടുള്ളൂ.

28–30 വാക്യങ്ങളിൽ സാദോക്യരുടെ അവകാശത്തെയും (= നഹാലാ) ഓഹരിയെയും (= അഹുസ്സാ) കുറിച്ചാണ് പ്രതിപാദിക്കുന്നത്. പിതൃസ്വത്തായി സദുക്കായർക്കു ലഭിക്കുന്നത് യാഹ്‌വെയെത്തന്നെയാണ്. “നഹാലാ” എന്ന പദം പിതൃസ്വത്തിനെയും “അഹുസ്സാ” എന്നത് നൈയാമിക അവകാശത്തെയുമാണ് സൂചിപ്പിക്കുന്നത് (ജോഷ 13:14; 18:17). ദൈവം പിതാവാകയാൽ പുരോഹിതന് ദൈവഭവനത്തിനുമേലും ബലിവസ്തുവിനുമേലും അവകാശമുണ്ട് എന്ന ആശയമാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. ദഹനബലിയൊഴികെയുള്ള ബലികളുടെ ഓഹരിയും കാഴ്ചവസ്തുക്കളുടെ (= ഹേരെം) ഓഹരിയും പുരോഹിതന് അവകാശപ്പെട്ടതാണ് (സംഖ്യ 18:8–20). പുരോഹിതൻ നൽകുന്ന വസ്തുക്കളിലൂടെ ഇസ്രായേൽ ഭവനങ്ങൾക്ക് അനുഗ്രഹം ലഭിക്കും എന്നാണ് എസെക്കിയേൽ വ്യക്തമാക്കുന്നത് (വാ. 30). തനിയെ ചത്തതും മൃഗങ്ങൾ കൊന്നതുമായ (പിച്ചിച്ചീന്തപ്പെട്ടവ) ജീവികളുടെ മാംസം ഭക്ഷിക്കുന്നത് പുരോഹിതനെ അശുദ്ധമാക്കും (വാ. 31 = പുറ 22:31; ലേവ്യ 22:8).

## എസെക്കിയേൽ 45:1–17, വിശുദ്ധമായ ഓഹരി

ദേവാലയത്തിലെ അനുഷ്ഠാനങ്ങളെക്കുറിച്ചും പുരോഹിതരെയും ബലിയർപ്പണത്തെയും സംബന്ധിക്കുന്ന നിയമങ്ങളെക്കുറിച്ചും വിശദീകരിക്കുന്നതിനിടയിൽ ഇസ്രായേലിന്റെ ദേശം പുനർവിഭജനം നടത്തു

ന്നതിനെക്കുറിച്ചുള്ള ഒരു വിവരണം (45:1-9) കാണപ്പെടുന്നതിലെ ആഖ്യാനഭംഗം വായനക്കാരെ കുഴക്കുന്നതാണ്. ദേശത്തിന്റെ വിഭജനത്തെക്കുറിച്ചുള്ള വിവരണം 47:13-48:29 ൽ എസെക്കിയേൽ വിശദമായി അവതരിപ്പിക്കുന്നുണ്ട് എന്ന വസ്തുതകൂടി പരിഗണിച്ചാൽ ഈ വചനഭാഗം പിൽക്കാല സംശോധകന്റെ സൃഷ്ടിയാണെന്നു കരുതുന്നവരുണ്ട് (Zimmerti, Ezekiel, 467). എന്നാൽ പുരോഹിതരുടെ ഓഹരിയെക്കുറിച്ചുള്ള പരാമർശത്തെത്തുടർന്ന് (44:25-31) ദൈവത്തിന്റെയും രാജാവിന്റെയും അവകാശം പരാമർശിക്കുന്നത് അർത്ഥവത്താണ്. പുരോഹിത - രാജകീയ താല്പര്യങ്ങളെ ഒരുപോലെ തൃപ്തിപ്പെടുത്തുന്ന വിവരണശൈലിയായി ഇതിനെ മനസ്സിലാക്കാം.

**45:1-9,** ദേവാലയസമുച്ചയത്തിനായുള്ള വിശുദ്ധ ഓഹരി (= തെറൂമാഹ് ഖാദോഷ്) യെക്കുറിച്ചുള്ള വിവരണമാണിത്. 25000 X 20000 ചതുരശ്രമുഴം വിസ്തീർണ്ണമുള്ള പ്രദേശമാണിത്. ഇതിനെ കർത്താവിന്റെ ഓഹരി (= തെറുമാത്‌ലെ യാഹ്‌വെ) എന്നും വിളിച്ചിരുന്നു. എന്നാൽ 45:4 ൽ 25000 X 10000 ചതുരശ്രമുഴം വിസ്തീർണ്ണമുള്ള രണ്ടുഭാഗങ്ങളെക്കുറിച്ചാണു പറയുന്നത്. ഇവ പുരോഹിതർക്കും ലേവായർക്കും അധിവസിക്കാനുള്ള പ്രദേശങ്ങളായിരുന്നു. ഇവയിൽ തെക്കുഭാഗത്തുള്ളത് പുരോഹിതർക്കും വടക്കുഭാഗത്തുള്ളതു ലേവായർക്കുമായിരുന്നു. സംഖ്യ 35:2-8 ലും ജോഷ്വാ 14:4 (= 21:41) ലും 48 നഗരങ്ങൾ ലേവ്യർക്കു നൽകുന്നതായി സൂചിപ്പിക്കുന്നുണ്ട്. ഇതിനു സമാനമായ വിവരണമായി എസെ 45:3-5 നെ മനസ്സിലാക്കാം.

ദേവാലയത്തോടു ചേർന്ന് 25000 X 5000 ചതുരശ്രമുഴം വിസ്തീർണ്ണത്തിൽ (= 12 X 2.5 ചതുരശ്ര കി. മീ.) പൊതുസ്വത്തായി നീക്കിയിടുന്ന സ്ഥലം (വാ. 6) ജറുസലേം നഗരത്തിനുവേണ്ടിയുള്ളതാണെന്ന് അനുമാനിക്കാം. തുടർന്നുള്ള വാക്യങ്ങളിൽ (വാ. 7-8) രാജാവിന്റെ കൊട്ടാരത്തിനും മറ്റ് ആവശ്യങ്ങൾക്കുമായുള്ള ഭൂമിയുടെ വിവരണമാണുള്ളത്. പടിഞ്ഞാറ് മധ്യധരണാഴി മുതൽ കിഴക്ക് ജോർദ്ദാൻ വരെ 12 X 12 ചതുരശ്ര കി.മീ. വിസ്തീർണ്ണമുള്ള ഭൂമിയാണ് രാജാവിനായി നീക്കിവച്ചിരിക്കുന്നത്. മുൻരാജാക്കന്മാർ ചെയ്തതുപോലെ പാവപ്പെട്ടവരുടെ ഭൂമി രാജാവ് കയ്യേറാൻ പാടില്ല എന്ന കല്പന (വാ. 8) 1 രാജാ 21:1-20 ലെ നാബോത്തിന്റെ കഥയെയും 1 സാമു 8:14 ലെ സാമുവേലിന്റെ മുന്നറിപ്പിനെയും അനുസ്മരിപ്പിക്കുന്നതാണ്. നീതിയും സത്യവും ഉറപ്പുവരുത്തേണ്ട രാജാക്കന്മാർ സകലവിധ അന്യായങ്ങളിൽനിന്നും അകന്നു നിൽക്കേണ്ടവരാണെന്ന് പ്രവാചകൻ ഓർമ്മിപ്പിക്കുന്നു.

**45:10-12,** നീതിക്കുനിരക്കുന്ന അളവുകളും തൂക്കങ്ങളും ഉപയോഗിക്കാനുള്ള ആഹ്വാനമാണ് തുടർന്നുനൽകുന്നത്.

മെസെപ്പൊട്ടോമിയ, ബാബിലോണിയ എന്നിവിടങ്ങളിൽ നിലവിലിരുന്ന അളവുകളും തൂക്കരീതികളുമാണ് യഹൂദരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്നത്. രാജകൊട്ടാരത്തിൽ നികുതിയും ചുങ്കവും അളന്നുതിട്ടപ്പെടുത്താൻ ഔദ്യോഗിക മാനദണ്ഡങ്ങളുണ്ടായിരുന്നു (2 സാമു 14:26) എന്നതിന് സൂചനകളുണ്ടെങ്കിലും യഹൂദരുടെ അളവുതൂക്ക രീതികളെക്കുറിച്ച് വി.ഗ്രന്ഥം കാര്യമായി യാതൊന്നും പരാമർശിക്കുന്നില്ല.





അതുകൊണ്ട്, ബൈബിളിലെ അളവു യൂണിറ്റുകളെ ആധുനികരീതിയിൽ പരിവർത്തനം ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. പ്രത്യേകിച്ചും ബാബിലോണിയൻ മെസെപ്പൊട്ടോമിയൻ രീതികളിൽ വ്യത്യാസമുള്ളപ്പോൾ. ബാബിലോണിയൻ കണക്കനുസരിച്ച് 50 ഷെക്കൽ ഒരു മിനായും 60 മിനാ ഒരു താലന്തുമാണ്. ഒരു താലന്ത് 60.6 കിലോഗ്രാം തൂക്കമാണ്. എന്നാൽ, മെസെപ്പൊട്ടോമിയൻ രീതിയിൽ ഒരു ഷെക്കൽ 11.4 ഗ്രാമും ഒരു മിന 571 ഗ്രാമും ഒരുതാലന്ത് 34.27 കി.ഗ്രാമുമാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ യഹൂദരുടെ ഇടയിൽ പ്രചാരത്തിലിരുന്ന അളവുകളെയും തൂക്കങ്ങളെയുംകുറിച്ചുള്ള സമഗ്രമായ ചിത്രം ലഭ്യമാണ്.

| ദൈർഘ്യം | | ഖരവസ്തുക്കളുടെ അളവ് | |
|---|---|---|---|
| വിരൽ | = 1.85 സെ.മീ | കാബ് | = 2.5 ലിറ്റർ |
| കൈപ്പത്തി | = 7.5 സെ.മീ | സെയാ | = 15 ലിറ്റർ |
| ചാൺ | = 22 സെ.മീ | എഫാ | = 45 ലിറ്റർ |
| മുഴം | = 45 സെ.മീ | പെത്തക്ക് | = 225 ലിറ്റർ |
| ദണ്ഡ് | = 315 സെ.മീ | ഹോമർ | = 450 ലിറ്റർ |
| സ്താദിയോൺ | = 185 മീ | | |
| മൈൽ | = 1.48 കി.മീ | | |

| ദ്രാവകങ്ങളുടെ അളവ് | | തൂക്കം | |
|---|---|---|---|
| പോന് | = 1.6 ലിറ്റർ | ഗേര | = 0.595 ഗ്രാം |
| ഹിൻ | = 7.5 ലിറ്റർ | ബേക്ക | = 5.696 ഗ്രാം |
| ബത്ത് | = 45 ലിറ്റർ | പിം | = 7.595 ഗ്രാം |
| കോർ | = 450 ലിറ്റർ | ഷെക്കൽ | = 11.421 ഗ്രാം |
| | | മീന | = 0.571 കി.ഗ്രാം |
| | | താലന്ത് | = 34.284 കി.ഗ്രാം |

അളവുകളെയും തൂക്കങ്ങളെയും സംബന്ധിക്കുന്ന നിയമങ്ങളിൽ (ലേവ്യ 19:35-36) കൃത്രിമം കാണിക്കുന്നത് സാമൂഹികാനീതിയ്ക്കു കാരണമാകും (ആമോ 8:4-6; മിക്കാ 6:10-11). എഫായുടെ ബത്തിന്റെയും അളവുകൾ ഏകീകരിക്കാനുള്ള (ഒരു ഹോമറിന്റെ പത്തിലൊന്ന്) ശ്രമമാണ് എസെക്കിയേൽ 45:11-14 ൽ നടത്തുന്നത്.

**45:13-17,** ജനങ്ങൾ കാഴ്ചയായി അർപ്പിക്കേണ്ടവയുടെ അളവുതൂക്കങ്ങളെക്കുറിച്ചാണ് ഈ വിവരണം. ഒരു ഹോമർ ഗോതമ്പിന് ഒരു എഫാ

യുടെ ആറിലൊന്നും (അതായത് ഗോതമ്പിന്റെ 1.5 ശതമാനം) ഒരു കോർ എണ്ണയ്ക്ക് ഒരു ബത്തിന്റെ പത്തിലൊന്നുമാണ് സമർപ്പിക്കേണ്ടത്. ആടുകൾ ഇരുനൂറിലൊന്നു (0.5%) വീതം സമർപ്പിക്കണം. ഒരു കോറിനെ ഒരു ഗോമറിനു തുല്യമാക്കാനുള്ള ശ്രമം 45:14 ൽ വ്യക്തമാണ്. ജനങ്ങൾ രാജാവിന് കാഴ്ചസമർപ്പിക്കുമ്പോൾ രാജാവ് പുരോഹിതന്മാർക്കു കാഴ്ച വസ്തുക്കൾ നൽകി അവരെക്കൊണ്ടു ബലിയർപ്പിച്ച് ദേശത്തേയും ജനത്തെയും വിശുദ്ധീകരിക്കണം.

## എസെക്കിയേൽ 45:18–46:15 ജറുസലേമിലെ തിരുനാളുകൾ

ഇസ്രായേലിന്റെ മതാത്മകതയിലെ സുപ്രധാന സംഭവങ്ങളായ തിരുനാൾ ആഘോഷങ്ങളെക്കുറിച്ചാണ് ഈ വചനഭാഗത്ത് പ്രതിപാദിക്കുന്നത്. ദൈവത്തോടുള്ള ഉടമ്പടിയുടെ വിശ്വസ്തത പാലിക്കുക എന്ന ലക്ഷ്യത്തോടെ ആചാരപരവും സമൂഹപരവുമായ പരിശുദ്ധി സംരക്ഷിക്കുക എന്നതാണ് തിരുനാൾ ആഘോഷങ്ങളെക്കുറിച്ചുള്ള ഈ വചനഭാഗത്തിന്റെ ലക്ഷ്യം.

## എസെക്കിയേൽ 45:18–20, പുതുവത്സരദിനം

ജനങ്ങളുടെ പാപം ദേവാലയത്തെയും വിശിഷ്യാ വിശുദ്ധസ്ഥലത്തെയും മലിനമാക്കും എന്ന ചിന്ത യഹൂദരുടെയിടയിൽ ഉണ്ടായിരിക്കുന്നതിനാൽ പുതുവത്സര ദിനം ദേവാലയശുദ്ധീകരണത്തിനുള്ള ബലിയർപ്പണത്തിന്റെ ദിനമായാണ് പരിഗണിക്കപ്പെട്ടിരുന്നത് (4:1 കാണുക)

പുതുവത്സരദിനം (Rosh hashanah) എന്നപേരിൽ ഒരു തിരുനാൾ ഇസ്രായേൽക്കാർ ആചരിച്ചിരുന്നോ എന്നതിനെക്കുറിച്ച് ബൈബിൾ പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായാന്തരങ്ങളുണ്ട്. പുതുവത്സരദിനം ആഘോഷിക്കുന്ന പതിവ് ബാബിലോണിയാക്കാരുടെയിടയിൽ നിലവിലുണ്ടായിരുന്നു. വസന്തകാലത്ത് ആഘോഷിച്ചിരുന്ന ഈ തിരുനാൾ മർദുക്ക് ദേവന്റെ രാജത്വത്തെ പ്രഖ്യാപിക്കുന്നതായിരുന്നു. *അകിത്തു* എന്നാണ് ഈ തിരുനാൾ അറിയപ്പെട്ടിരുന്നത്. ഈ തിരുനാളിനെ അവലംബമാക്കി യാഹ്വെയുടെ രാജത്വത്തെ ഏറ്റുപറയാനായി യഹൂദർ 'നവവത്സരദിനം' ആഘോഷിച്ചുതുടങ്ങി എന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. അവരുടെ അഭിപ്രായത്തിൽ 47,93,96–99 എന്നീ സങ്കീർത്തനങ്ങൾ ഈ തിരുനാളിൽ നടത്തപ്പെടുന്ന ആരാധനയുടെ ഭാഗമായി ആലപിക്കപ്പെട്ടിരുന്നവയാണ്. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള പ്രത്യാശയുടെ പ്രകടനമായും ഈ തിരുനാളിനെ പരിഗണിക്കുന്നവരുണ്ട്. യൂദായിലെ പുതുവത്സരദിനത്തിന് സമാന്തരമായിട്ടാണ് ഇസ്രായേലിൽ ജറോബോവാം, എട്ടാം മാസത്തിന്റെ പതിനഞ്ചാം ദിവസം ഒരു തിരുനാൾ ഏർപ്പെ





ടുത്തിയത് എന്ന് കരുതപ്പെടുന്നു (1 രാജാ 12:32).

എന്നാൽ വർഷാരംഭത്തിൽ ഇപ്രകാരമൊരു തിരുനാൾ ഇസ്രായേൽക്കാർ ആചരിച്ചിരുന്നില്ല എന്നു കരുതുന്നവരുമുണ്ട്. കാരണം, പുറ 12:2 അനുസരിച്ച് ഹീബ്രുകലണ്ടറിലെ ആദ്യമാസം നീസാനാണ്. നീസാൻ മാസത്തിന്റെ ആദ്യദിനത്തിൽ ഏതെങ്കിലും ആഘോഷം നടത്തിയിരുന്നതായി ബൈബിളിൽ യാതൊരു പരാമർശനവുമില്ല. എന്നാൽ, ഏഴാം മാസത്തിന്റെ ആരംഭദിനത്തെ വിശുദ്ധ സമ്മേളനദിനമായി ആചരിച്ചിരുന്നു (ലേവ്യ 23:23–25). അന്നേദിവസം കാഹളങ്ങൾ മുഴക്കുകയും ദഹനബലി അർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുതദിവസം യഹൂദർ കഠിനമായ ജോലികളൊന്നും ചെയ്തിരുന്നില്ല. (സംഖ്യ 29:1–6). എന്നാൽ, ഇത് പുതുവത്സരദിനമായിരുന്നെന്ന് ബൈബിൾ പറയുന്നില്ല. ഏഴാം മാസമായ തിഷ്റി, സിവിൽ വർഷത്തിന്റെ ആരംഭമായിരുന്നെന്നും ഈയർത്ഥത്തിലാണ് ഏഴാംമാസത്തിന്റെ ഒന്നാം ദിവസത്തിൽ പുതുവത്സരദിനം ആഘോഷിച്ചിരുന്നതെന്നും കരുതപ്പെടുന്നു.

പുതുവത്സരദിനം എസെക്കിയേലിന്റെ കാലത്ത് ദേവാലയ ശുദ്ധീകരണദിനമായി ആചരിച്ചിരുന്നു എന്ന് 45:18–20 ലെ വിവരണം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

## എസെക്കിയേൽ 45:21–25, പെസഹാതിരുനാൾ

ഈജിപ്തിനുമേൽ കർത്താവയച്ച പത്താമത്തെ ബാധ ഇസ്രായേൽ ഭവനങ്ങളെ ബാധിക്കാതിരിക്കാൻ ആചരിച്ചതായിരുന്നു ആദ്യത്തെ പെസഹാ (പുറ 12:1–28). പത്താമത്തെ ബാധയിൽനിന്ന് ഇസ്രായേൽ ഭവനങ്ങൾ രക്ഷപ്പെട്ടത് വാതിൽപ്പടിയിന്മേൽ തളിച്ചിരുന്ന കുഞ്ഞാടിന്റെ രക്തം മൂലമാണ് (പുറ 12). ദൈവം ഇസ്രായേലിനെ അത്ഭുതകരമായി രക്ഷിച്ച പ്രസ്തുതദിനത്തിന്റെ ഓർമ്മ വർഷംതോറും കൊണ്ടാടണമെന്ന് നിയമമുണ്ടായിരുന്നു (പുറ 12:14). സീനായ് മലയുടെ അടിവാരത്തിൽ കൂടാരമടിച്ചിരുന്നപ്പോഴാണ് ഇസ്രായേൽക്കാർ രണ്ടാമത്തെ പെസഹാ ആചരിച്ചത് (സംഖ്യ 9:1–5).

അബീബ് (നിയ 16:1) എന്നും നീസാൻ (നെഹെ 2:1 എസ്തേ 3:7) എന്നും അറിയപ്പെട്ടിരുന്ന ഒന്നാം മാസമാണ് പെസഹാ ആചരിച്ചിരുന്നത്. പ്രസ്തുത മാസത്തിന്റെ 14–ാം ദിവസം വൈകുന്നേരമാണ് പെസഹാ ഭക്ഷണം (ലേവ്യ 23:5). പെസഹാ ഭക്ഷണത്തിനുള്ള കുഞ്ഞാടിനെ നാലു ദിവസം മുമ്പുതന്നെ (പത്താം തീയതി) തെരഞ്ഞെടുക്കണമായിരുന്നു (പുറ 12:3). പതിനാലാം തീയതി സൂര്യാസ്തമയസമയത്താണ് കുഞ്ഞാടിനെ ബലിയർപ്പിക്കേണ്ടത്. കുഞ്ഞാടിന്റെരക്തം വീടിന്റെ വാതിൽപ്പടിയിന്മേലും കട്ടിളക്കാലിന്മേലും തളിക്കണം (പുറ 12:7,22). കുഞ്ഞാടിനെ കൊല്ലുമ്പോൾ അതിന്റെ അസ്ഥികൾ ഒടിക്കരുതെന്ന് നിയമമുണ്ടായിരുന്നു (പുറ 12:46). അതിന്റെ മാംസം വേവിച്ച് (പുറ 12:9; 2 ദിന 35:13; നിയ

16:7). കയ്പുള്ള ഇലകളും പുളിപ്പില്ലാത്ത അപ്പവും കൂട്ടി ഭക്ഷിക്കണം (പുറ 12:8). ഭവനത്തിലുള്ള പരിച്ഛേദിതരായ എല്ലാ അംഗങ്ങളോടുമൊത്ത് തിടുക്കത്തിലാണ് പെസഹാ ഭക്ഷിക്കേണ്ടത് (പുറ 12:11).

പെസഹാ ഭക്ഷണത്തിന്റെ പിറ്റേന്നാണ് *പുളിപ്പില്ലാത്ത അപ്പത്തിന്റെ* തിരുനാൾ ആരംഭിക്കുന്നത്. ഏഴുദിവസം നീണ്ടുനിൽക്കുന്ന ഈ തിരുനാൾക്കാലത്ത് (haghamasot) പുളിപ്പില്ലാത്ത മാവുകൊണ്ടുണ്ടാക്കിയ ഭക്ഷണം മാത്രമാണ് യഹൂദർ ഭക്ഷിച്ചിരുന്നത് (പുറ 34:18,19; ലേവ്യ 23:6). ഈ ഏഴുദിവസങ്ങളെ "പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ദിവസങ്ങൾ" എന്നാണ് പുതിയ നിയമത്തിൽ പരാമർശിക്കുന്നത് (ലുക്കാ 22:1). പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളിലെ ഒന്നാംദിവസവും ഏഴാം ദിവസവും എല്ലാവിധത്തിലുള്ള ദാസ്യവേലകളും നിരോധിക്കപ്പെട്ടിരുന്നു. കാലക്രമത്തിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ അടക്കമുള്ള ദിനങ്ങളെ പെസഹാ എന്നുവിളിച്ചുതുടങ്ങി. എന്നാൽ ആദിമകാലത്ത് പെസഹാത്തിരുനാളും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും വ്യത്യസ്ത തിരുനാളുകളായിട്ടാണ് ആഘോഷിച്ചിരുന്നത്.

ഈ രണ്ടു തിരുനാളുകളും വ്യത്യസ്ത പാരമ്പര്യങ്ങളിൽ നിന്നായി ഇസ്രായേൽക്കാർ കടമെടുത്ത ആഘോഷങ്ങളാണെന്നു വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. 'പെസഹാ' എന്നത് നാടോടികളായി കഴിഞ്ഞിരുന്ന ആട്ടിടയന്മാരുടെ ഇടയിൽ നിലവിലുണ്ടായിരുന്ന ആഘോഷമായിരുന്നത്രേ. ഈ ഇടയന്മാർ ഒരു മേച്ചിൽപ്പുറം വിട്ട് മറ്റൊന്നിലേക്കു പോകുന്ന അവസരത്തിൽ ഒരു കുഞ്ഞാടിനെക്കൊന്ന് ആഘോഷപൂർവ്വം ഭക്ഷിക്കുന്ന പതിവുണ്ടായിരുന്നു. ഈ ആഘോഷത്തെ പെസഹാ എന്നാണ് അവർ വിളിച്ചിരുന്നത്. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളാകട്ടെ, കാനാന്യകർഷകരുടെയിടയിൽ നിലനിന്നിരുന്ന ഒരു ആഘോഷമായിരുന്നു. *മാസോത്ത്* (പുളിപ്പില്ലാത്ത അപ്പം എന്നർത്ഥം) എന്ന പേരിൽ അറിയപ്പെടുന്ന ഈ ഉത്സവം ബാർളിയുടെ വിളവെടുപ്പോടനുബന്ധിച്ചാണ് ആഘോഷിച്ചിരുന്നത്. ഈ രണ്ടു തിരുനാളുകളെ ഇസ്രായേൽക്കാർ രക്ഷാകരമായ അർത്ഥം നൽകി സംയോജിപ്പിച്ചതാണെന്ന് കരുതപ്പെടുന്നു. രാജഭരണത്തിന്റെ കാലംവരെ ഇവ രണ്ടും വ്യത്യസ്തതിരുനാളുകളായാണ് ആചരിക്കപ്പെട്ടിരുന്നത്. ഹെസക്കിയ, ജോസിയാ എന്നീ രാജാക്കന്മാരുടെ കാലത്ത് വിപുലമായ ആഘോഷങ്ങളോടുകൂടിയാണു പെസഹാ ആചരിച്ചിരുന്നത് (2രാജാ 23:21-23; 2ദിന 30:1; 35:1-99). പെസഹാത്തിരുനാളിനോടനുബന്ധിച്ച് യഹൂദർ ജറുസലേം ദേവാലയത്തിലേക്കു തീർത്ഥാടനം നടത്തിയിരുന്നു.

എസെക്കിയേലിന്റെ വിവരണത്തിൽ, പരമ്പരാഗത ആചാരങ്ങൾ നിലനിർത്തുന്നതോടൊപ്പം രാജാവിന്റെ ഭാഗധേയത്തിന് കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. പെസഹാബലിയ്ക്കുള്ള കാളക്കിടാവിനെയും മുട്ടാടിനെയും നൽകുന്നത് രാജാവാണ്. 46:1-15 ൽ രാജാവിന്റെ ഭാഗധേയം കൂടുതൽ തീക്ഷ്ണമായി അവതരിപ്പിക്കുന്നുണ്ട്.





## എസെക്കിയേൽ 46:1-15, രാജാവും തിരുനാളുകളും

തിരുനാളുകളുടെ അവസരത്തിൽ രാജാവു നിർവ്വഹിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങളാണ് ഈ വചനഭാഗത്തെ പ്രധാന പ്രതിപാദ്യം.

**46:1-3,** കിഴക്കുവശത്തുള്ള ബാഹ്യാന്തർ കവാടങ്ങളെക്കുറിച്ചാണ് ഈ വചനഭാഗം സൂചിപ്പിക്കുന്നത്. കർത്താവിന്റെ മഹത്വം ദേവാലയം വിട്ടുപോയതും (10:18-19) തിരികെ വന്നതും (43:1-5) കിഴക്കേ കവാടം വഴിയാണ്. അതിനാൽ ആ കവാടം അടച്ചുസൂക്ഷിക്കാൻ ദൈവം കൽപിച്ചിരുന്നു (44:1-2). എന്നാൽ രാജാവിനുമാത്രം അതിലൂടെ പ്രവേശനം അനുവദിച്ചിരുന്നു (44:3). കിഴക്കുള്ള ബാഹ്യകവാടം മാത്രമല്ല ഉള്ളിലുള്ള കവാടവും സാബത്തിലൊഴികേ ആഴ്ചവട്ടം മുഴുവൻ അടച്ചുസൂക്ഷിച്ചിരുന്നതായി 46:1-3 ലെ വിവരണത്തിൽ നിന്നും വ്യക്തമാണ്. രാജാവിനൊഴികെ മറ്റാർക്കും കിഴക്കുവശത്തെ ബാഹ്യകവാടംവഴി പ്രവേശിക്കാൻ അനുവാദമില്ലായിരുന്നു. രാജാവിനും ജനങ്ങൾക്കും കിഴക്കേ ഉൾവാതിലിലൂടെ പ്രവേശിക്കാൻ അനുവാദമില്ല. കാരണം അതു പുരോഹിതന്മാർക്കു മാത്രം പ്രവേശിക്കാവുന്ന വിശുദ്ധസ്ഥലത്തേക്കുള്ള കവാടമായിരുന്നു. കിഴക്കേകവാടത്തിലൂടെ ദൃശ്യമാകുന്ന ദൈവസാന്നിധ്യത്തെ ആരാധിക്കാൻ രാജാവിനും ജനങ്ങൾക്കും അവകാശമുണ്ടായിരുന്നു.

**46:4-5,** സാബത്തുനാളുകളിൽ രാജാവ് ദേവാലയത്തിൽകൊണ്ടുവരേണ്ട കാഴ്ചവസ്തുക്കളുടെ പട്ടികയാണ് ഈ വാക്യങ്ങളിൽ വിവരിക്കുന്നത്. ആറ് ആട്ടിൻകുട്ടികൾ, ഒരു മുട്ടാട്, ധാന്യം, എണ്ണ എന്നിവയാണ് രാജാവിന്റെ വിഹിതമായി കൊണ്ടുവരേണ്ടത്. സംഖ്യ 28:9-10 ലെ സാബത്തുബലിയുമായി എസെ 46:4-5 ലെ സാബത്തു ബലിയർപ്പണത്തിന് വ്യത്യാസമുണ്ട്. പഞ്ചഗ്രന്ഥിയിൽ രണ്ട് ആട്ടിൻകുട്ടികളെമാത്രം ബലിയർപ്പിക്കാൻ ആവശ്യപ്പെടുമ്പോൾ എസെക്കിയേൽ കൂടുതൽ വിപുലമായ രീതിയിലുള്ള ബലിയർപ്പണമാണ് വിഭാവനം ചെയ്യുന്നത്.

**46:6-8,** അമാവാസിനാളിൽ രാജാവ് അർപ്പിക്കേണ്ട കാഴ്ചവസ്തുക്കളെക്കുറിച്ചാണ് ഈ വാക്യങ്ങളിൽ എസെക്കിയേൽ പ്രതിപാദിക്കുന്നത്. മാസാരംഭത്തിലാണ് അമാവാസി തിരുനാൾ കൊണ്ടാടിയിരുന്നത്. അന്നേദിവസം പ്രത്യേകബലികളും കാഴ്ചകളും സമർപ്പിക്കേണ്ടതുണ്ട് (സംഖ്യ 28:11-15; എസ്രാ 3:5). അമാവാസി ദിനത്തിൽ ജനങ്ങൾ കാഹളങ്ങൾ മുഴക്കിയിരുന്നു (സംഖ്യ 10:10; സങ്കീ 81:3). ദാവീദിന്റെ കാലത്ത് ലേവ്യരുടെ ജോലി നിർണ്ണയിച്ചപ്പോൾ അമാവാസിദിനത്തിൽ ശുശ്രൂഷ ചെയ്യാൻ പ്രത്യേകം ലേവായരെ നിയമിച്ചിരുന്നു (1 ദിന 23:31). നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ലെങ്കിലും അമാവാസിനാളിൽ യഹൂദർ സാധാരണയായി ജോലി ചെയ്തിരുന്നില്ല (ആമോ 8:5). കാലാന്തരത്തിൽ അമാവാസിയാ ഘോഷത്തിലും അനാചാരങ്ങൾ കടന്നുകൂടി. ഏശയ്യാ ഇതിനെതിരേ ആഞ്ഞടിക്കുന്നുണ്ട് (ഏശ 1:13,14). പ്രവാസത്തെത്തുടർന്ന് അമാ

വാസി ആഘോഷം താത്കാലികമായി നിന്നുപോയെങ്കിലും ഇത് പുനഃസ്ഥാപിക്കപ്പെട്ടു (നെഹെ 10:33). പുതിയ ആകാശത്തെയും പുതിയ ഭൂമിയെയുംപറ്റി പ്രതിപാദിക്കുന്ന ഏശയ്യായുടെ ദർശനത്തിൽ (ഏശ 66:22-23) ഈ തിരുനാളിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. സാബത്തിലെന്നതുപോലെ അമാവാസിനാളിലെ ബലിയർപ്പണവും പഞ്ചഗ്രന്ഥയിൽ അനുശാസിക്കുന്നതിനേക്കാൾ (സംഖ്യ 28:11-15) വിപുലമാണ്. രാജാവിന്റെ ഗമനനിർഗ്ഗമനങ്ങൾ സാബത്തിലെന്നതുപോലെ അമാവാസിയിലും കിഴക്കേ കവാടത്തിലൂടെയാണ്.

**46:9-11,** രാജാവിൽനിന്നും വ്യത്യസ്തരായി ജനങ്ങൾ ദേവാലയ സമുച്ചയത്തിൽ പ്രവേശിക്കേണ്ടത് വടക്കും തെക്കുമുള്ള കവാടങ്ങളിലൂടെയാണ്. വടക്കുവശത്തെ വാതിലിലൂടെ പ്രവേശിക്കുന്നവർ തെക്കേ കവാടത്തിലൂടെയും തെക്കുനിന്നു പ്രവേശിക്കുന്നവർ വടക്കേകവാടത്തിലൂടെയും പുറത്തിറങ്ങും എന്നായിരുന്നു നിർദ്ദേശം (വാ. 9). വിശുദ്ധ സ്ഥലത്തിന് പുറം തിരിഞ്ഞുനടക്കുന്നത് അനഭിലഷണീയമാണ് എന്ന ചിന്തയിൽ നിന്നാണ് ഈ നിർദ്ദേശം രൂപംകൊണ്ടത് എന്ന് അനുമാനിക്കാം. ഒരുപക്ഷേ വലിയ തിക്കുംതിരക്കും ഒഴിവാക്കുക എന്ന ലക്ഷ്യവും ഈ നിർദ്ദേശത്തിനു പിന്നിലുണ്ടാകാം. രാജാവും ജനങ്ങളും തമ്മിൽ ദൈവാരാധനയിലുള്ള ഐക്യം വ്യക്തമാക്കുന്നതാണ് 11 -ാം വാക്യം.

**46:12-15,** രാജാവ് ദൈനം ദിനം സമർപ്പിക്കുന്ന ബലികളെക്കുറിച്ചും (ഇത് ഐച്ഛികമാണ്) അതിനുള്ള ക്രമങ്ങളെക്കുറിച്ചുമാണ് ഈ വചനം വ്യക്തമാക്കുന്നത്. ഒരു വയസ്സുള്ള മുട്ടാടും ധാന്യങ്ങളും എണ്ണയുമാണ് അനുദിന ബലിയുടെ വസ്തുക്കൾ. അനുദിനബലി ശാശ്വതബലിയുടെ സൂചനയാണ് (വാ. 15). എന്നാൽ സംഖ്യ 28:7-8 ൽ പരാമർശിക്കുന്ന പാനീയ ബലി, സായാഹ്നബലി തുടങ്ങിയവയെക്കുറിച്ച് എസെക്കിയേൽ നിശബ്ദത പാലിക്കുന്നു എന്നതും ശ്രദ്ധേയമാണ്.

## എസെക്കിയേൽ 46:16-24, അനുബന്ധ നിയമങ്ങൾ

രാജാക്കന്മാരുടെ ഭൂസ്വത്തിനെക്കുറിച്ചും ദേവാലയത്തിലെ പുരോഹിതർക്കു ള്ള ഭക്ഷണം പാകംചെയ്യുന്ന അറകളെയും അവയുടെ അങ്കണങ്ങളെയും കുറിച്ചുള്ള വിവരണമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

**46:16-24,** രാജാവിനായി ദേശത്തിന്റെ വലിയൊരുഭാഗം നീക്കിവച്ചതായി 45:7-8 ൽ പരാമർശിക്കുന്നുണ്ട്. ദേവാലയത്തിലെ ബലിക്ക് ആവശ്യമായ മൃഗങ്ങളും ധാന്യങ്ങളും സംഭാവനചെയ്യുന്നത് രാജാവായതിനാൽ രാജാവിന് ഭൂമി ആവശ്യമായിരുന്നു. രാജാവ് തന്റെ മക്കൾക്കു ഭൂമിദാനം ചെയ്താൽ അതു മക്കളുടെ കൈവശത്തിലായിരിക്കും. കാരണം, പ്രസ്തുത ഭൂമി രാജകുടുംബത്തിൽ നിന്നും അന്യാധീനപ്പെടുന്നില്ല. എന്നാൽ രാജാവ് സേവകർക്കു ഭൂമിനൽകിയാൽ അവന്റെ മോചനകാലത്ത് ഭൂമി രാജാവിനു തിരികെനൽകേണ്ടതുണ്ട്. കാരണം രാജാവിന്റെ ഭൂമി അന്യാധീനപ്പെടാൻ പാടില്ല.





രാജാവ് അന്യരുടെ ഭൂമികൈവശപ്പെടുത്താനും പാടില്ല (വാ. 18). 45:8-9 ൽ പരാമർശിച്ചിരിക്കുന്ന ഈ കല്പനയുടെ പിന്നിൽ 1 സാമു 8:14; 1 രാജ 21:1-21 എന്നീ വചനഭാഗങ്ങളുടെ സ്വാധീനം കാണാം (വിശദാംശങ്ങൾക്ക് 45:8-9 ന്റെ വ്യാഖ്യാനം കാണുക).

**46:19-24,** ബലിവസ്തുക്കൾ പാചകം ചെയ്യാനുള്ള അടുപ്പുകളും അടുക്കളയും പ്രവാചകൻ ദർശിക്കുന്നതാണ് ഈ വാക്യങ്ങളിലെ പ്രമേയം. ആകെ നാല് പാചകശാലകളാണ് (വാ. 19-24) പ്രവാചകൻ ദർശിക്കുന്നത്. ആദ്യ അടുക്കള (വാ. 19-20) പുരോഹിതർക്കുമാത്രമായുള്ളതാണ്. എന്നാൽ പുറത്തെ അങ്കണത്തിന്റെ നാലുകോണുകളിലുള്ള പാചകസ്ഥലങ്ങൾ ലേവായർ ഉപയോഗിച്ചിരുന്നവയാണ്. തങ്ങൾക്കും ജനങ്ങൾക്കുമുള്ള ബലിവസ്തുക്കൾ അവർ പാകം ചെയ്തിരുന്നത് ഈ അടുപ്പുകളിലായിരുന്നു.

കർത്താവിന്റെ മഹത്വം കാണാൻ കവാടത്തിൽ നിന്നും ഇടത്തേക്ക് (പടിഞ്ഞാറോട്ട്) തിരിഞ്ഞെത്തുന്ന സ്ഥലത്താണ് ഈ അടുപ്പുകൾ പ്രവാചകൻ കാണുന്നത് (42:1-4 കാണുക). പുറപ്പാടു ഗ്രന്ഥത്തിലെ സമാഗമ കൂടാരത്തിന്റെ വിവരണത്തിലോ ഇപ്രകാരമുള്ള അടുപ്പുകളെക്കുറിച്ചോ പാചകശാലകളെക്കുറിച്ചോ പരാമർശമില്ല എന്നത് ശ്രദ്ധേയമാണ്. 2 ദിന 35:11-13 ലെ പെസഹാചരണ വിവരണത്തിൽ പാചകം ചെയ്യുന്നതായി പറയുന്നെങ്കിലും അടുപ്പുകളെക്കുറിച്ചോ അവയുടെ സ്ഥാനത്തെക്കുറിച്ചോ പരാമർശമില്ല. എല്ലാത്തിനും നിയതമായ സ്ഥലങ്ങൾ ക്രമീകരിച്ച് ദേവാലയത്തിന്റെ പരിശുദ്ധി പരിരക്ഷിക്കാനുള്ള എസെക്കിയേലിന്റെ ശ്രമത്തിന്റെ ഭാഗമായി അടുപ്പുകളെപ്പറ്റിയുള്ള ഈ വിവരണത്തെയും മനസ്സിലാക്കാം.

**വിചിന്തനം:** 1. വിശുദ്ധിയുടെ ദൈവശാസ്ത്രം അവതരിപ്പിക്കാനാണ് എസെക്കിയേൽ ഈ അധ്യായങ്ങളിൽ പരിശ്രമിക്കുന്നത്. ദൈവം പരമപരിശുദ്ധനാകയാൽ ദൈവികശുശ്രൂഷകൾ നിർവ്വഹിക്കുന്ന സ്ഥലവും വ്യക്തികളും പരിശുദ്ധരായിരിക്കണം എന്നതാണ് എസെക്കിയേൽ അവതരിപ്പിക്കുന്ന ചിന്ത. സ്ഥലത്തിന്റെ പരിശുദ്ധി നിയതമായ ക്രമീകരണങ്ങളിലൂടെ വെളിപ്പെടുത്താനാകും. കവാടങ്ങളും ഭിത്തികളും വിരികളുമെല്ലാം ദൈവികതയും മാനുഷികതയും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നുണ്ട്. എന്നാൽ വ്യക്തികളുടെ വിശുദ്ധി അവരുടെ ധാർമ്മികതയെ ആധാരമാക്കിയുള്ളതാണ്. തിന്മവെടിഞ്ഞ മനസ്സാണ് വ്യക്തിയുടെ വിശുദ്ധിയുടെ മാനദണ്ഡം.

2. എസെക്കിയേലിന്റെ ഗ്രന്ഥത്തിൽ ദേവാലയത്തിന്റെ കിഴക്കേകവാടം ദൈവം കടന്നുവന്ന വഴിയാകയാൽ അതിലൂടെ മനുഷ്യരാരും പ്രവേശിക്കാതിരിക്കാൻ അതു നിത്യമായും അടച്ചിടണം എന്ന ചിന്ത അവതരിപ്പിക്കുന്നുണ്ട്. സഭാപിതാവായ വി. എഫ്രേം ഈ കിഴക്കേകവാടത്തെ ദൈവമാതാവായ മറിയത്തോടാണ് ഉപമിക്കുന്നത്. ക്രിസ്തുകടന്നുവന്ന കിഴക്കേ കവാടമായിരുന്നു മറിയത്തിന്റെ ഉദരം. ദൈവപുത്രൻ കടന്നുവന്ന ആ വാതിൽ മറ്റാർക്കുംവേണ്ടി തുറക്കാൻ പാടില്ല എന്ന കൽപന മറിയത്തിന്റെ നിത്യകന്യാത്വത്തെ സൂചിപ്പിക്കുന്ന പ്രവചനമായി സഭാ

പിതാക്കന്മാരിൽ പലരും വ്യാഖ്യാനിക്കുന്നുണ്ട്. ഈ വ്യാഖ്യാനം വസ്തു താനന്തരയുക്തി (a posteriori) യാണെങ്കിലും അതിന്റെ സാധുത തല മുറകൾ അംഗീകരിച്ചിരിക്കുന്നതാണ്.

3. മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള പരസ്പരാശ്രിതത്വത്തിന്റെ പശ്ചാത്തലത്തിലേ മൃഗബലികളുടെ അർത്ഥം ഗ്രഹിക്കാനാകുകയുള്ളൂ. പുരാതന ഇസ്രായേലിൽ മൃഗങ്ങൾ കുടുംബത്തിന്റെ ഭാഗമായിരുന്നു. കാണാതെപോയ ആടും ഇതര മൃഗങ്ങളും വലിയ ദുഃഖവിഷയമായി രുന്നു (മത്താ 18:10; ലൂക്കാ 15:37). പാലിനും വസ്ത്രത്തിനും മനുഷ്യർ ആശ്രയിച്ചിരുന്ന ഈ മൃഗങ്ങളുടെ എണ്ണം ഒരുവന്റെ സാമൂഹികസ്ഥിതി യുടെ അളവുകോലായിരുന്നു. ഇത്തരം മൃഗങ്ങളിൽ ഏറ്റവും കുറ്റമറ്റ തിനെ കർത്താവിനു ബലിയർപ്പിക്കുക എന്നത് തികച്ചും മഹാത്യാഗംത ന്നെയാണ്. അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കുന്നതിനു സമാന മായിരുന്നു ഒരു സാധാരണകുടുംബത്തെ സംബന്ധിച്ചിടത്തോളം ഒരു കാളക്കിടാവിനെ ബലിയർപ്പിക്കുക എന്നത്. കാരണം മക്കളും മൃഗങ്ങളും അവരുടെ കുടുംബവ്യവസ്ഥിതിയിൽ അനിവാര്യമാംവിധം പ്രസക്തമാ യിരുന്നു.

# എസെക്കിയേൽ 47:1–48:35, ദേശത്തെ ഫലഭൂയിഷ്ഠമാക്കി വിഭജിക്കുന്നു

എസെക്കിയേലിന്റെ നാലാം ദർശനം (40:1–48:35) ദേവാലയത്തെ കേന്ദ്രീകരിച്ചാണ് ഇതുവരെയും ആഖ്യാനം ചെയ്യപ്പെട്ടതെങ്കിൽ, തുടർന്നുള്ള ഭാഗം (47:1–48:35) ദേശത്തെക്കുറിച്ചും അതിന്റെ പുനർവിഭ ജനത്തെക്കുറിച്ചുമാണ്. ബലിയർപ്പണത്തിന് ആവശ്യമായ ധാന്യങ്ങളും വിളകളും മൃഗങ്ങളും വളരുന്ന ഭൂമി ഇസ്രായേലിലെ പന്ത്രണ്ടു ഗോത്ര ങ്ങൾക്കായി വിഭജിക്കുന്നതിന്റെ വിവരണമാണ് ഈ വചനഭാഗത്തെ മുഖ്യ പ്രതിപാദ്യം. ജറുസലേം നഗരത്തിന്റെ മഹത്വവും അതിന്റെ പന്ത്രണ്ടു കവാടങ്ങളും എസെക്കിയേലിന്റെ സവിശേഷശ്രദ്ധ പതിയുന്ന മേഖല കളാണ്. ഈ വചനഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുംവിധം ഗ്രഹിക്കാം:

A. ജറുസലേം ദേവാലയത്തിൽ നിന്നുള്ള വിശുദ്ധ നീരുറവ (47:1–12)

B. ഇസ്രായേൽ ദേശത്തിന്റെ അതിരുകൾ (47:13–23)

B[1]. പന്ത്രണ്ടു ഗോത്രങ്ങളുടെ അതിരുകൾ (48:1–29)

B[1]. ജറുസലേം എന്ന വിശുദ്ധ നഗരം (48:30–35)

ഈ ഘടനയെ ആധാരമാക്കിയുള്ള വ്യാഖ്യാനമാണ് തുടർന്നു നൽകു ന്നത്.





# എസെക്കിയേൽ 47:1–12, ദേവാലയ ത്തിൽനിന്നു നീർച്ചാൽ

ദേവാലയത്തിൽ നിന്നു പുറപ്പെടുന്ന അത്ഭുതകരമായ നീരുറവ ഒരു മഹാനദിയായിമാറി കിഴക്കൻദേശത്തെ യാകെ ഫലഭൂയിഷ്ഠമാക്കി ചാവു കടലിൽ പതിക്കുന്നതായാണ് ഈ ദർശനത്തിൽ വെളിപ്പെടുന്നത്. വിശുദ്ധ നീരുറവയെക്കുറിച്ചുള്ള എസെക്കിയേലിന്റെ വീക്ഷണത്തിനു പിന്നിൽ രണ്ട് വി. ഗ്രന്ഥങ്ങൾ പ്രബലമായി നിലകൊള്ളുന്നുണ്ട്:

(1) പ്രപഞ്ചത്തിന്റെ കേന്ദ്രമായ സീയോൻ മലയിൽ നിന്ന് ഉത്ഭവി ക്കുന്ന നദി ഭൂമിയാകെ ഫലഭൂയിഷ്ഠമാക്കും (സങ്കീ 46:4 ഏശ 8:6–7; സഖ 14:8).

(2) പറുദീസായുടെ വിവരണത്തിൽ ഏദെനിൽ നിന്നും പുറപ്പെടുന്ന ഒരു നദി നാലു കൈവഴികളായി ഒഴുകി ദേശത്തെ മുഴുവൻ ഫലഭൂയി ഷ്ഠമാക്കുന്നതായി ഉൽപ 2:10–14 ൽ വിവരിക്കുന്ന കഥയെ ആധാരമാ ക്കിയാകാം എസെക്കിയേൽ 47:1–12 ലെ നീരുറവയുടെ വിവരണം.

**47:1–6,** കിഴക്കോട്ടു ദർശനമുള്ള ദേവാലയത്തിന്റെ പൂമുഖത്തുനിന്നു പുറപ്പെടുന്ന നീരുറവ ആദ്യം തെക്കോട്ടൊഴുകി. ഒഴുക്കിനെ സൂചിപ്പി ക്കുന്ന "മെപ്പാക്കിം" എന്ന പദം ഒഴുക്കിനേയാണ് സൂചിപ്പിക്കുന്നത്. ദേവാ ലയം ചുറ്റിനടന്നു കാണാൻ വഴികാട്ടിയായി വർത്തിച്ച ദൂതൻതന്നെ യാണ് ഈ വിവരണത്തിലെയും സഹായി.

വഴികാട്ടിയുടെ കയ്യിൽ അളക്കാനുള്ള ഒരു ഉപകരണം (= ഖാവ്) ഉണ്ടാ യിരുന്നു. നീരുറവയുടെ മാർഗ്ഗത്തിൽ കിഴക്കോട്ടുനടന്ന വഴികാട്ടി ആയിരം മുഴം നടന്നുകഴിഞ്ഞപ്പോൾ ഉറവയിലെ ജലത്തിന്റെ അളവ് നോക്കി. കണ ങ്കാൽവരെ വെള്ളം അപ്പോൾ ഉണ്ടായിരുന്നു. തുടർന്ന് ആയിരംമുഴം ക ഴിഞ്ഞപ്പോൾ മുട്ടോളവും തുടർന്ന് ആയിരംമുഴം കഴിഞ്ഞപ്പോൾ അര യോളവും വെള്ളമുണ്ടായിരുന്നു. വീണ്ടും ആയിരംമുഴം നടന്നു കഴിഞ്ഞ പ്പോഴേക്കും നീന്തിയാലല്ലാതെ കടന്നുപോകാനാവാത്തവിധം നിലയി ല്ലാത്ത വലിയ നദിയായി നീരുറവ മാറിക്കഴിഞ്ഞിരുന്നു. യേശുവിന്റെ ഉപമയിലെ കടുകുമണിക്കുസമാനമായ വളർച്ചയെയാണ് (മത്താ 13:31–33) നീരുറവയുടെ വളർച്ച അനുസ്മരിപ്പിക്കുന്നത്.

**47:7–12,** നദിയായി രൂപാന്തരപ്പെട്ട നീരുറവ അത് ഒഴുകുന്ന അരാ ബാസമതലത്തെ മുഴുവൻ ഫലഭൂയിഷ്ടമാക്കുന്നതായാണ് തുടർന്നു വിവ രിക്കുന്നത്. ജറുസലേമിനുതെക്ക് "ജനതകളുടെ മരുഭൂമി" (20:35) എന്ന പേരിൽ അറിയപ്പെടുന്ന മരുഭൂമിയാണ് അരബായാസമതലം. ഈ മരു ഭൂമിയിൽ ജീവന്റെ സമൃദ്ധി നൽകുന്ന നദി അതു ചെന്നുചേരുന്ന ചാവു കടലിനെയും ജീവസ്സുറ്റതാക്കും എന്നാണ് പ്രവാചകൻ പ്രഖ്യാപിക്കു ന്നത്. ചാവുകടലിലെ ജലത്തെ നദി ശുദ്ധജലമാക്കുന്നു (ജലത്തെ സുഖ പ്പെടുത്തുന്നു എന്നർത്ഥമുള്ള "റാപ്പാ" = ഉൽപ 1:20–21) എന്ന പദമാണ് മൂലകൃതിയിൽ ഉപയോഗിക്കുന്നത്. സമുദ്രത്തിലെ ജീവൽ സമൃദ്ധിമൂലം

മീൻപിടുത്തക്കാർ എൻഗേദി മുതൽ (ചാവുകടലിന്റെ പടിഞ്ഞാറുഭാഗത്തുള്ള ഒരു പട്ടണം = ആധുനിക അയ്ൻ ജിദി നഗരം) എൻ എഗ്ലായിം വരെ (ചാവുകടലിന്റെ തെക്കുകിഴക്കൻ തീരത്തെ പട്ടണം) വലവീശും (വാ. 10-11).

ചാവുകടൽ ശുദ്ധജലതടാകമാകുന്നതോടെ ഉപ്പിനു വേണ്ടി ജനം വലയാതിരിക്കാൻ നദിയുടെ കരയിലെ ചതുപ്പുനിലങ്ങൾ ഉപ്പുവെള്ളം നിറഞ്ഞുനിൽക്കും. നദിക്കരയിലെ വൃക്ഷങ്ങൾ ഇലപൊഴിക്കാത്ത നിത്യഹരിത വൃക്ഷങ്ങളും എല്ലാമാസവും പുതിയ പഴങ്ങൾ നൽകുന്നവയുമായിരുന്നു. കർത്താവിന്റെ ആലയത്തിൽ നിന്നും പുറപ്പെടുന്ന നദി ഇസ്രായേലിലെ മരുഭൂമിയെ സമൃദ്ധിയിലേക്ക് നയിക്കുന്നു. മരുഭൂമി മറ്റൊരു പറുദീസായായി മാറുന്നതിന്റെ വിവരണമാണ് എസെക്കിയേൽ നൽകുന്നത്.

ഇസ്രായേലിന്റെ പുനരുദ്ധാരണത്തെ പറുദീസായുടെ പുനരാവിഷ്കാരമായി അവതരിപ്പിക്കുന്ന എസെക്കിയേൽ രക്ഷയുടെ സാർവ്വത്രികമാനത്തിന് ഊന്നൽ നൽകുന്നതായി കരുതാം. കാരണം ആദ്യത്തെ ഏദേൻ സകലമനുഷ്യർക്കും വേണ്ടിയായിരുന്നതുപോലെ പുനരുദ്ധാരണം ചെയ്യപ്പെടുന്ന ജറുസലേം സകല ജനപദങ്ങളുടേയും ആശാകേന്ദ്രമായി വളരും. ഗ്രന്ഥത്തിലെ വാക്കുകൾക്കൊപ്പം നിശബ്ദതയും വായിക്കണം എന്ന എലിക് വീസലിന്റെ ചിന്തയെ കടമെടുത്തു പറഞ്ഞാൽ ഈ വിവരണത്തിന്റെ നിശബ്ദതയിലൂടെ സാർവ്വത്രികരക്ഷയുടെ ഏദേൻ തോട്ടമാണ് ഗ്രന്ഥകാരൻ വരയ്ക്കുന്നത് എന്ന് അനുമാനിക്കാം.

## എസെക്കിയേൽ 47:13-23, ഇസ്രായേലിന്റെ അതിരുകൾ

ഇസ്രായേലിന്റെ അതിരുകൾ എസെക്കിയേൽ നിർണ്ണയിക്കുന്നതാണ് ഈ വചനഭാഗത്തിന്റെ പ്രമേയം. സംഖ്യ 34:1-5 ൽ കാനാൻദേശം കീഴടക്കുന്നതിനു മുൻപേ മരുഭൂമിയിൽവച്ച് മോശ ഇസ്രായേലിന്റെ അതിരുകൾ നിർണ്ണയിക്കുന്നതിന്റെ വിവരണമുണ്ട്. എസെക്കിയേലിനെ പുതിയ മോശയായി അവതരിപ്പിക്കുക എന്ന ലക്ഷ്യം ഈ ഗ്രന്ഥത്തിനുള്ളതായി ഇതിനോടകം നാം ഗ്രഹിച്ചുകഴിഞ്ഞതാണ്. അതിനാൽ ദേശത്തിന്റെ അതിർത്തി നിർണ്ണയവും സമാനലക്ഷ്യത്തോടെയുള്ളതാണെന്ന് കരുതാം. മോശയുടെ ശൈലിയെ അനുകരിച്ച്, "കർത്താവ് അരുൾ ചെയ്യുന്നു" എന്ന ആമുഖവും ഉപസംഹാരവും എസെക്കിയേലിന്റെ വിവരണത്തിലും കാണും (വാ. 13, 23).

ദേശത്തിന്റെ അതിർത്തി (= ഗെബൂൽ) എന്നത് പന്ത്രണ്ടുഗോത്രങ്ങൾക്കായി വിഭജിച്ചുനൽകുന്ന ദേശത്തിന്റെ അതിർത്തിയെയാണ് സൂചിപ്പിക്കുന്നത്. 45:1-8 ൽ ലേവീ ഗോത്രത്തിന് ദേശത്ത് ഓഹരിയില്ലാ എന്നു വ്യക്തമാക്കിയതിനാലാകാം ജോസഫിന് രണ്ട് ഓഹരിനൽകണം എന്ന് എടുത്തു പറഞ്ഞിരിക്കുന്നത് (വാ. 13). ഉൽപ 48:12-22 ൽ ജോസഫിന്റെ





മക്കളെ സ്വന്തം മക്കളായി യാക്കോബ് പ്രഖ്യാപിക്കുന്നതിനാൽ ജോസഫിനുള്ള രണ്ട് ഓഹരി എന്നതിൽ അസാംഗത്യമൊന്നുമില്ല.

ദേശത്തെ തുല്യഭാഗങ്ങളായി (= നഹാലാ) വിഭജിക്കണമെന്നാണ് ദൈവകല്പന (വാ. 14). പിതാക്കന്മാർ ശപഥം ചെയ്തുനൽകിയ ദേശമാണ് ഇസ്രായേൽ. ഗോത്രങ്ങൾക്കുള്ള സ്ഥലം നറുക്കിട്ടാണ് തീരുമാനിച്ചിരുന്നത് (സംഖ്യ 33:54; 34:13). തുല്യഭാഗങ്ങളായുള്ള വിഭജനം എന്ന ആശയം സംഖ്യ 33:54 ലെ വിഭജനമാനദണ്ഡത്തിനു വിരുദ്ധമാണ്. ഓരോ ഗോത്രത്തിലെയും ജനസംഖ്യയ്ക്ക് ആനുപാതികമായി ദേശം വിഭജിക്കണം എന്നതായിരുന്നു സംഖ്യ 33:54 ലെ നിർദ്ദേശം. അതിർത്തികൾ സൂചിപ്പിക്കാൻ . . . മുതൽ (= ലിപേഅത്) . . . വരെ (= എത് പെയാത്) എന്ന ശൈലിയാണ് ഉപയോഗിക്കുന്നത് (വാ. 15-20). നാലു ദിക്കുകളിലെയും അതിരുകൾ വ്യക്തമായി നിർണ്ണയിക്കാൻ എസെക്കിയേൽ ശ്രദ്ധിക്കുന്നുണ്ട്.

വടക്കൻ അതിർത്തി മഹാസമുദ്രം മുതൽ (മധ്യധരണ്യാഴി) ഹമാത്തിന്റെ അതിർത്തിവരെയാണ്. ലെബോഹമാത്ത് എന്ന പട്ടണം ബൈബിളിൽ ഏറെ പരാമർശിക്കപ്പെടുന്നതാണ് (സംഖ്യ 34:8; ജോഷ്വാ 13:5; ന്യായാ 3:3). ഇസ്രായേലിന്റെ ഏറ്റവും വടക്കുള്ള നഗരമായി ഇത് കരുതപ്പെട്ടിരുന്നു. കിഴക്കേ അതിർത്തിയെക്കുറിച്ച് താരമമ്യേന കുറഞ്ഞ വിവരണമേ നൽകുന്നുള്ളൂ. അരമായരുടെ രാജ്യമായ ദമാസ്കസും (ഇസ്രായേലിനു വടക്കുകിഴക്കുഭാഗത്ത്) ഹൗറാൻ പർവ്വതവുമാണ്. ഈ ഭാഗത്തെ അതിരുകൾ. ഗലീലി തടാകത്തിനു കിഴക്കുള്ള ദമാസ്കസ് മുതൽ ചാവുകടൽ വരെയുള്ള കിഴക്കൻ അതിർത്തി നിർണ്ണയിക്കുന്നത് ജോർദ്ദാൻ നദിയാണ്. ചാവുകടലിനെ കിഴക്കുള്ള സമുദ്രം (പി.ഓ.സി = കിഴക്കേക്കടൽ) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (വാ. 18). താമാർ എന്ന് 47:18 ൽ പരാമർശിച്ചിരിക്കുന്നത് ജറീക്കോ പട്ടണത്തെയാകാനാണ് സാധ്യത. രണ്ടുവാക്കുകളും "ഈന്തപ്പനയെ" സൂചിപ്പിക്കുന്നതായതിനാലാണ് ഈ നിഗമനം. സംഖ്യ 34:14 ലും ഇസ്രായേലിന്റെ കിഴക്കേ അതിർത്തി ജോർദ്ദാൻ നദിതന്നെയാണ്.

തെക്കെ അതിർത്തി താമാറിൽ നിന്ന് മെറിബാത്ത് കാദേഷ് (= കാദേഷ് ബർണ്ണിയാ) വരെ നീളുന്നതായിരുന്നു. സിൻ മരുഭൂമിയുടെ തെക്കേ അറ്റത്തുള്ള പ്രസിദ്ധമായ ഒരു മരുപ്പച്ചയായിരുന്നു കാദേഷ് ബർണിയ. അവിടെ നിന്ന് ഈജിപ്തു തോടുവഴി (നൈൽ നദി അല്ല) മധ്യധരണ്യാഴിവരെ നീളുന്നതാണ് തെക്കൻ അതിർത്തി. പടിഞ്ഞാറൻ അതിർ ത്തി മധ്യധരണ്യാഴി ആയതിനാൽ അതെക്കുറിച്ച് വിവരണങ്ങളൊന്നും എസെക്കിയേൽ നൽകുന്നില്ല.

എന്നാൽ, ദേശം പങ്കിട്ടെടുക്കുമ്പോൾ പരദേശികളായി ഇസ്രായേൽ ഗോത്രങ്ങൾക്കിടയിൽ വസിക്കുന്നവർക്കുള്ള അവകാശത്തെക്കുറിച്ചാണ് 22-23 വാക്യങ്ങൾ വിശദീകരിക്കുന്നത്. ലേവ്യ 19:33-34 ൽ പരദേശികളെ മാനിക്കേണ്ടതിന്റെ കാരണം വ്യക്തമാക്കുന്നുണ്ട്. തങ്ങൾ ഈജിപ്തിൽ പരദേശികളായിരുന്നു എന്ന ചിന്തയാണ് പരദേശികളെ സ്നേഹിക്കാനുള്ള കാരണം. പരദേശികൾക്ക് കാലാപെറുക്കാനുള്ള അവകാശത്തെക്കുറിച്ച് നിയ 27:14-22 ൽ വ്യക്തമാക്കുന്നുണ്ട്.

# എസെക്കിയേൽ 48:1-29, ഗോത്രങ്ങളുടെ ഓഹരി

ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾക്കുമായി ദേശം വിഭജിച്ചു നൽകുന്നതിന്റെ വിവരണമാണ് എസെക്കിയേലിന്റെ പ്രവചനഗ്രന്ഥത്തിലെ സമാപന അധ്യായത്തിന്റെ മുഖ്യ പ്രമേയം. യാക്കോബിന്റെ പന്ത്രണ്ടു മക്കളുടെ പേരിലാണ് ഇസ്രായേൽ ഗോത്രങ്ങൾ അറിയപ്പെട്ടിരുന്നത്.

രാജാധികാരം സ്ഥാപിക്കപ്പെടുന്നതിനുമുമ്പ് ഇസ്രായേലിലെ അടിസ്ഥാന സാമൂഹിക ഘടകം ഗോത്രമായിരുന്നു. സ്വഭാവത്താലെ ഇത് ഒരു പ്രാദേശികഗണമായിരുന്നു. ഗോത്രങ്ങളെ യാക്കോബിന്റെ പിന്മുറക്കാരായി കരുതുന്നു (ഉൽപ 35:10-11). സ്വന്തം ഗോത്രത്തിനു വെളിയിൽനിന്നും വിവാഹം ചെയ്യാൻ ആർക്കും അനുവാദമുണ്ടായിരുന്നില്ല. ഒരേ ഗോത്രത്തിൽപ്പെട്ടവർ അടുത്തടുത്ത വീടുകളിലോ ഗ്രാമങ്ങളിലോ താമസിച്ചിരുന്നു. പരസ്പരം സഹായിക്കാനും സംരക്ഷിക്കാനും ഇത് പ്രയോജനകരമായിരുന്നു.

ഓരോ ഗോത്രത്തിനും സ്വന്തം പേരുണ്ടായിരുന്നു. ഇങ്ങനെ പല ഗോത്രങ്ങൾ ഒന്നു ചേരുമ്പോൾ ഇസ്രായേൽ സമൂഹം രൂപംകൊള്ളുകയായി. ഓരോ ഗോത്രവും അതാതിന്റെ പ്രാദേശിക അനിവാര്യതകളും ആവശ്യങ്ങളും നിർവ്വഹിച്ചുപോന്നു. അവയ്ക്കെല്ലാം സ്വന്തം സുരക്ഷാസേനയുമുണ്ടായിരുന്നു. മതപരമായ ചടങ്ങുകളും നീതിന്യായ വ്യവസ്ഥയും ഓരോ ഗോത്രവും സ്വന്തം പാരമ്പര്യങ്ങൾക്കനുസൃതമായിട്ടു നടത്തിയിരുന്നു.

ഇസ്രായേലിലെ ഗോത്രങ്ങളുടെ എണ്ണത്തെക്കുറിച്ച് സമാനാഭിപ്രായമില്ല. ദബോറയുടെ ഗീതത്തിൽ (ന്യായാ 5) പത്തു ഗോത്രങ്ങളുടെ പേരുകളുണ്ട്. ഇവിടെ യൂദാ, ലേവി, ശിമയോൻ തുടങ്ങിയ ഗോത്രങ്ങളില്ല. മോശയുടെ അനുഗ്രഹമനുസരിച്ച് പതിനൊന്നു ഗോത്രങ്ങളുണ്ട് (നിയ 33). യാക്കോബിന്റെ അനുഗ്രഹത്തിൽ പന്ത്രണ്ടു ഗോത്രങ്ങൾ കാണാം (ഉൽപ 49). സംഖ്യയുടെ പുസ്തകവും പന്ത്രണ്ടു ഗോത്രങ്ങളെക്കുറിച്ചു പരാമർശിക്കുന്നുണ്ട് (1:20-43; 26:5-50).








*ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കായുള്ള ദേശവിഭജനത്തിലെ വ്യത്യാസം നിയമഗ്രന്ഥത്തിന്റെയും (മുകളിൽ) എസെക്കിയേലിന്റെ ഗ്രന്ഥത്തിന്റെയും ദൃഷ്ടിയിൽ*



# എസെക്കിയേൽ 48:1–7, ദേവാലയത്തിനു വടക്കുള്ള ഏഴുഗോത്രങ്ങൾ

പന്ത്രണ്ടു ഗോത്രങ്ങളിൽ ഏഴു ഗോത്രങ്ങൾക്ക് ദേവാലയ സമുച്ചയത്തിനായി വേർതിരിക്കപ്പെട്ട വിശുദ്ധസ്ഥലത്തിന് (45:1-9) വടക്കുഭാഗത്തായും ശേഷിക്കുന്ന അഞ്ചുഗോത്രങ്ങൾക്ക് വിശുദ്ധസ്ഥലത്തിനു തെക്കുഭാഗത്തായും ദേശം വിഭജിച്ചു നൽകണം എന്ന കൽപനയാണ് എസെക്കിയേൽ നൽകുന്നത്. വടക്കൻ അതിർത്തിയോടു ചേർന്നുള്ള ഭാഗം (47:15-17) ദാൻ ഗോത്രത്തിനാണു നൽകുന്നത്. ദാൻ ഗോത്രത്തിനു തെക്കുള്ള ഭാഗം അഷേർ ഗോത്രത്തിനാണ് ലഭിക്കുന്നത്. ഈ ഗോത്രങ്ങൾക്കുള്ള ദേശങ്ങളുടെ പടിഞ്ഞാറൻ അതിർത്തി മധ്യധരണ്യാഴിയാണ്. എന്നാൽ കിഴക്കൻ അതിർത്തിയെക്കുറിച്ച് എസെക്കിയേൽ കാര്യമായ പരാമർശം നടത്തുന്നില്ല. ആഷേറിന്റെ ഓഹരിയ്ക്കുതെക്കായി കിഴക്കുപടിഞ്ഞാറ് നീണ്ടുകിടക്കുന്നതാണ് നഫ്ത്താലിയുടെ അവകാശം. തുടർന്ന് മനാസ്സേ, എഫ്രായിം, യൂദാ എന്നിവരുടെ ഓഹരികളും യഥാക്രമം വിവരിക്കുന്നുണ്ട്. എസെക്കിയേലിന്റെ പുസ്തകത്തിലെ ഗോത്രങ്ങളുടെ ഓഹരിവിഭജനത്തിലെ വ്യത്യാസം ഗ്രഹിക്കണമെങ്കിൽ പഞ്ചഗ്രന്ഥിയിലെയും ജോഷ്വായുടെ പുസ്തകത്തിലെയും ഗോത്രവിഭജനക്രമം മനസ്സിലാക്കേണ്ടതുണ്ട്. വിവിധ ഗോത്രങ്ങളെക്കുറിച്ചുള്ള ലഘുപഠനങ്ങൾ ചുവടെ ചേർക്കുന്നു.

### എഫ്രായിം

ജോസഫിന് അസ്നത്തിലുണ്ടായ രണ്ടുമക്കളിൽ ഇളയവനാണ് എഫ്രായിം (ഉൽപ 41:52; 46:20). യാക്കോബ് ആദ്യജാതനുള്ള അനുഗ്രഹം എഫ്രായിമിനുകൊടുത്തു (ഉൽപ 48:17-20). ഇസ്രായേലിലെ ഒരു ഗോത്രവും കൂടിയായിരുന്നു എഫ്രായിം (നിയ 33:17). സംഖ്യയുടെ പുസ്തകത്തിലെ ജനസംഖ്യവിവരണപ്രകാരം, എഫ്രായിമിൽ 40, 500 (1:33) ഉം 32, 500 (26:37) ഉം ആളുകളുണ്ടായിരുന്നു. സംഖ്യ 26:35-37ലും 1 ദിന 7:20-27ലും എഫ്രായിമിലെ കുലങ്ങളെപ്പറ്റി പറയുന്നുണ്ട്. എഫ്രായിമിലെ നഗരങ്ങളിൽ ബഥേൽ, നാരാൻ, ഗേസർ, ഷെക്കെം, അയ്യ, ബെൽഷയാൻ, താനാക്ക്, മെഗിദോ, ദോർ (1 ദിന 7:28-29) എന്നിവയുൾപ്പെടുന്നു. ഗോത്രവിസ്തൃതി ക്കുള്ള അവരുടെ ആഗ്രഹം, മറ്റു ഗോത്രങ്ങളുമായുള്ള ഏറ്റുമുട്ടലിൽ കലാശിക്കുന്നുണ്ട് (ജോഷ്വ 17:14-18; ന്യായാ 7:24-8:3; 12:1-6). ജറോബോവാം ഒന്നാമൻ എഫ്രായിം കാരനായിരുന്നു. സോളമനുശേഷം രാജ്യം വിഭജിക്കപ്പെട്ടത് എഫ്രായിമിലെ പ്രധാന പട്ടണമായ ഷെക്കെമിൽ വച്ചായിരുന്നു (1 രാജാ 12:1). പ്രവാചകന്മാർ, ഇസ്രായേലിനെ സൂചിപ്പിക്കുവാൻ എഫ്രായിം എന്ന പേര് ഉപയോഗിക്കുന്നതിനൽനിന്ന് (എശയ്യാ, ജറെമിയാ, എസെക്കിയേൽ, ഹോസിയാ) ഗോത്രത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നുണ്ട്. ഇവരുടെ ഭാഷയ്ക്ക് ഒരു പ്രത്യേകതയുള്ളതായി ബൈബിളിൽ സൂചനയുണ്ട് (ന്യായാ 12:6). ജോഷ്വ, ന്യായാധിപന്മാർ, സാമുവേൽ, രാജാക്കന്മാർ എന്നീ പുസ്തകങ്ങളിൽ കൂടെക്കൂടെ പ്രതിപാദിക്കപ്പെടുന്ന "എഫ്രായിമിന്റെ





മലമ്പ്രദേശം" ഷെക്കെം മുതൽ ബഥേൽവരെ നീണ്ടുകിടക്കുന്നു. എഫ്രായിം കവാടം ജറുസലേമിന്റെ വടക്കേ മതിലിൽനിന്നു എഫ്രായിമിലേക്കു നയിക്കുന്നു (2 രാജാ 14:13; 2 ദിന 25:23; നെഹെ 8:16; 12:39).

### മനാസ്സെ

പൂർവ്വപിതാവായ ജോസഫിന് പൊത്തിഫെറായുടെ മകൾ അസ്നത്തിൽ ജനിച്ച പുത്രനാണ് മനാസ്സെ (ഉൽപ 41:50-51; 46:20). എഫ്രായിം ഇദ്ദേഹത്തിന്റെ സഹോദരനായിരുന്നു. ഈജിപ്തിൽ വച്ചായിരുന്നു ഇദ്ദേഹം ജനിച്ചത് (ഉൽപ 46:20). എഫ്രായിമിനെയും മനാസ്സെയെയും യാക്കോബ് തന്റെ മക്കളായി ദത്തെടുത്തു (48:5). പിതാവായ യാക്കോബിനു സുഖമില്ലെന്നുകേട്ട്, ജോസഫ് മക്കളായ മനാസ്സെയെയും എഫ്രായിമിനെയും കൂട്ടി, പിതാവിനെ കാണുവാൻ ചെന്നു. യാക്കോബ് തന്റെ അനുഗ്രഹം കടിഞ്ഞൂൽ പുത്രനായ മനാസ്സെക്കു കൊടുക്കേണ്ടതിനു പകരം എഫ്രായിമിനാണ് കൊടുത്തത്. ഇസ്രായേൽക്കാരുടെ പിൽക്കാലചരിത്രത്തിൽ മനാസ്സെയെക്കാൾ എഫ്രായിമിനായിരുന്നു മുൻതൂക്കം എന്ന ചരിത്രവസ്തുതയെ ഇതു ശരിവയ്ക്കുന്നു. കാനാൻദേശത്തേക്കുള്ള യാത്രാമധ്യേ യുദ്ധശേഷിയുള്ളവരുടെ കണക്കെടുത്തപ്പോൾ മനാസ്സെ ഗോത്രത്തിൽ നിന്ന് 32200 പേരുണ്ടായിരുന്നു (സംഖ്യ 1:34). രണ്ടാമത്തെ ജനസംഖ്യാകണക്കെടുപ്പിൽ ഇത് 52700 ആയി വർദ്ധിച്ചു (26:29-34). യാക്കോബിന്റെ അന്തിമാനുഗ്രഹത്തിൽ മനാസ്സെയുടെ പേര് പ്രത്യേകമായി ഉൾപ്പെടുന്നില്ലെങ്കിലും (ഉൽപ 49) മോശയുടെ ആശീർവാദത്തിൽ അതുകാണാം.

ജോർദ്ദാന്റെ കിഴക്കും പടിഞ്ഞാറുമായാണ് മനാസ്സെ ഗോത്രക്കാർ വാസമുറപ്പിച്ചത്. ജോർദ്ദാന്റെ കിഴക്കുഭാഗം ബാഷാൻ രാജ്യവും ഗിലയാദിന്റെ വടക്കേ പകുതിയും ഉൾക്കൊള്ളുന്നതായിരുന്നു(നിയ 3:13-14; ജോഷ്വ 13:29-31;17:1-6). ഗിലയാദിന്റെ വടക്കൻ പ്രദേശം പിന്നീട് മനാസ്സെ ഗോത്രത്തിലെ ഒരു വംശമായ മാക്കീറിന് അവകാശമായിത്തീർന്നു. ജോർദ്ദാന്റെ കിഴക്കുഭാഗം മനാസ്സെയ്ക്കു കൊടുത്തത് മോശ തന്നെയാണെന്ന് പറയുന്നുണ്ടെങ്കിലും (സംഖ്യ 32:33; 39; നിയ 3:13-14; ജോഷ്വ 1:2; 12:6; 18:7). ജോർദ്ദാന്റെ പടിഞ്ഞാറുനിന്ന് മാക്കീർ കുടുംബക്കാർ കിഴക്കുഭാഗത്ത് കുടിയേറിയതാണെന്നാണ് പണ്ഡിതന്മാർ പറയുന്നത്. റൂബൻ ഗാദ് ഗോത്രങ്ങളുടെയും അവകാശം ജോർദ്ദാനു കിഴക്കായിരുന്നു (സംഖ്യ 32). ഈ ഗോത്രങ്ങളിലെ കരുത്തരായിരുന്നവർ ജോർദ്ദാന്റെ പടിഞ്ഞാറുഭാഗം കൈവശമാക്കാൻ ജോഷ്വായെ സഹായിച്ചു (ജോഷ്വ 1:10-18).ജോർദ്ദാനു പടിഞ്ഞാറ് മനാസ്സെ ഗോത്രത്തിനു കിട്ടിയത് എഫ്രായിമിനു കിട്ടിയ പ്രദേശത്തിന് വടക്ക് ഷെക്കെം പ്രദേശമായിരുന്നു (ജോഷ്വ 17:7-13). അവിടെയുള്ള കാനാൻകാരുടെ പട്ടണങ്ങളെക്കുറിച്ച് ന്യായാ 1:27-ൽ വിവരിക്കുന്നു. മിദിയാൻകാരുമായി യുദ്ധംചെയ്ത ഗിദെയോൻ മനാസ്സെ ഗോത്രക്കാരനായിരുന്നു (ന്യായാ 6:15,35; 7:23). മനാസ്സെ ഗോത്രത്തിനുലഭിച്ച പ്രദേശത്തിനുള്ളിലുണ്ടായിരുന്ന ചില പട്ടണങ്ങൾ എഫ്രായിമിനു ലഭിച്ചു (ജോഷ്വ 16:9;17:7-13). പലസ്തീനായുടെ വടക്കൻപ്രദേശമായ ഇസ്രായേലിനെ സൂചിപ്പിക്കാൻ "എഫ്രായിമും മനാസ്സെ"യുമെന്ന് വി. ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട് (ഏശ 9:20). കാരണം ഈ ഗോത്ര

ങ്ങൾ പിന്നീട് ഇസ്രായേൽ രാജ്യത്തിന്റെ ഭാഗമായിരുന്നു (2 ദിന 15:9; 30:1,18; 31:1).

## നഫ്ത്താലി

പൂർവ്വപിതാവായ യാക്കോബിനു റാഹേലിന്റെ പരിചാരിക ബിൽഹായിൽ ജനിച്ച രണ്ടാമത്തെ പുത്രനാണ് നഫ്താലി (ഉൽപ 30:7,8). യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരിൽ ആറാമനാണ് ഇദ്ദേഹം. നഫ്താലി ജനിച്ചപ്പോൾ റാഹേൽ പറഞ്ഞു: "എന്റെ സഹോദരിയുമായി കടുത്ത മത്സരം നടത്തി ഞാൻ ജയിച്ചിരിക്കുന്നു" (ഉൽപ 30:8). ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഒന്നാണിത് (ഉൽപ 35:25; 1 ദിന 2:2). യഹ്സേൽ, ശുനി, യേസെർ, ഷില്ലെം എന്നിവരായിരുന്നു നഫ്താലിയുടെ മക്കൾ (ഉൽപ 46:24; സംഖ്യ 26:48–50;1 ദിന 7:13). നഫ്താലി ഗോത്രത്തിൽ യുദ്ധശേഷിയുള്ള അമ്പത്തിമൂവായിരത്തിനാനൂറ് ആളുകളുണ്ടായിരുന്നു (സംഖ്യ 1:42). എന്നാൽ, സംഖ്യ 26:48–50 പ്രകാരം നാല്പത്തിയയ്യായിരത്തിനാനൂറ് ആളുകളാണുള്ളത്. ജോഷ്വയുടെ നേതൃത്വത്തിൽ ദേശവിഭജനം നടന്നപ്പോൾ നഫ്താലി ഗോത്രത്തിലെ കുടുംബങ്ങൾക്ക് ആറാമത്തെ നറുക്കുവീണു (ജോഷ്വ 19:32). നഫ്താലി ഗോത്രത്തിനു ലഭിച്ച പ്രദേശത്തിന്റെ അതിരുകൾ പടിഞ്ഞാറ് ആഷേറും തെക്ക് സെബുലൂണും ഇസാക്കറും കിഴക്ക് ജോർദ്ദാൻനദിയും ഗലീലി തടാകവുമായിരുന്നു. നഫ്താലിഗോത്രജർ തദ്ദേശവാസികളായ കാനാന്യരെ പുറത്താക്കാതെ അവരുടെ ഇടയിൽ ജീവിച്ചു (ന്യായാ 1:33). വീതപ്രകാരം നഫ്താലി ഗോത്രത്തിനു ലഭിച്ചത് പത്തൊമ്പതു പട്ടണങ്ങളും അവയുടെ ഗ്രാമങ്ങളുമാണ് (ജോഷ്വ 19:34–39). ബാറക്ക് സിസേറായെയും, ഗിദയോൻ മിദിയാൻകാരെയും തോൽപ്പിക്കുവാനായി നഫ്താലി ഗോത്രജരെ വിളിച്ചുകൂട്ടുന്നുണ്ട് (ന്യായാ 6:35,7:23). ജറുസലേ ദേവാലയ നിർമ്മിതിക്ക് സോളമൻ രാജാവ് വിളിച്ചുവരുത്തിയ പിച്ചളപ്പണിക്കാരനായ ടയിറിലെ ഹീരാം, നഫ്താലി ഗോത്രത്തിൽപെട്ട ഒരു വിധവയുടെ മകനായിരുന്നു (1 രാജാ 7:14). രാജ്യം വിഭജിക്കപ്പെട്ടതിനുശേഷം യൂദാരാജാവായ ആസായുടെ അഭ്യർത്ഥനപ്രകാരം സിറിയായിലെ ബൻഹദാദ് വടക്കൻരാജ്യമായ ഇസ്രായേലിന്റെ ഭാഗമായിരുന്ന നഫ്താലി പ്രദേശങ്ങൾ കീഴടക്കി (1 രാജാ 15:16–21). പെക്കാഹ് ഇസ്രായേലിൽ രാജാവായിരുന്നപ്പോൾ അസ്സീറിയാ രാജാവായ തിഗ്ലാത്പിലേസർ നഫ്താലി പ്രദേശങ്ങൾ മുഴുവൻ പിടിച്ചെടുത്ത് ജനത്തെ തടവുകാരാക്കി അസ്സീറിയായിലേക്കു കൊണ്ടുപോയി (2 രാജാ 15:29).

## റൂബൻ

യാക്കോബിന്റെയും ലെയായുടെയും ആദ്യജാതനാണ് റൂബൻ (ഉൽപ 29:32). ആദ്യജാതനായതിനാൽ യാക്കോബിന്റെ മക്കളുടെ പട്ടികയിൽ റൂബന് എപ്പോഴും പ്രഥമസ്ഥാനമുണ്ടായിരുന്നു (ഉൽപ 35:23; 46:8–9; പുറ 1:2; 1 ദിന 2:1). ജോസഫിനെ വിൽക്കുന്ന സംഭവത്തിലും തുടർന്നുള്ള സംഭവവികാസങ്ങളിലുമെല്ലാം ഈ സ്ഥാനം വ്യക്തമാണ് (ഉൽപ 37:21–22,29; 42:22,37; 48:5). റൂബൻ കൊണ്ടുവന്നുകൊടുത്ത ദൂദായിപ്പഴം





കൊടുത്ത് ലെയാ യാക്കോബിനോടൊത്ത് ശയിക്കാനുള്ള അവകാശം സ്വന്തമാക്കുകയും ലെയാ ഗർഭിണിയായി ഇസാക്കറിനു ജന്മം നല്കുകയും ചെയ്തു (ഉൽപ 30:14–17). റൂബൻ യാക്കോബിന്റെ ഉപനാരിയായ ബിൽഹായുടെ കൂടെ ശയിച്ചതായും ബൈബിൾ വിവരിക്കുന്നുണ്ട് (ഉൽപ 35:22).

റൂബൻ ഗോത്രത്തിന് ആദ്യകാലങ്ങളിൽ പ്രാധാന്യം നല്കപ്പെട്ടിരുന്നെന്നു കരുതാം. പക്ഷേ, പിന്നീട് അത് ക്ഷയിച്ചു. ഇതിനു പ്രധാന കാരണം ഉൽപ 35:22–ൽ വിവരിക്കുന്ന സംഭവമാകാം. യാക്കോബിന്റെ അന്തിമാനുഗ്രഹത്തിൽ ഇക്കാര്യം വ്യക്തമാണ് (ഉൽപ 49:3–4). റൂബൻ "ജീവിക്കട്ടെ, അവൻ മരിക്കാതിരിക്കട്ടെ" (നിയ 33:6) എന്ന മോശയുടെ അനുഗ്രഹവും റൂബൻ ഗോത്രത്തിന്റെ പരിതാപകരമായ അവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

മരുഭൂമിയിൽ വച്ച് മോശയെ എതിർത്തവരുടെ കൂട്ടത്തിൽ റൂബൻഗോത്രത്തിലെ ദാത്താനും അബിറാമും ഉണ്ടായിരുന്നു (സംഖ്യ 16:1; നിയ 11:6). കാനാൻദേശം പിടിച്ചടക്കുന്നതിനായി ഇസ്രായേൽക്കാർ നടത്തിയ യുദ്ധത്തിൽ പങ്കെടുക്കാതിരുന്നതിന് റൂബൻഗോത്രം ശാസിക്കപ്പെടുന്നുണ്ട് (ന്യായാ 5:15). ഒരുപക്ഷേ ഗാദ് ഗോത്രക്കാരോടൊപ്പമോ അതിനുശേഷമോ റൂബൻഗോത്രം ജോർദ്ദാൻ കടന്ന് കിഴക്കുഭാഗത്ത് താവളമടിച്ചിരിക്കാം. അതിനാലാവണം ഗാദുഗോത്രത്തിന്റെ പ്രദേശങ്ങൾക്കുള്ളിൽ റൂബൻഗോത്രം താമസമുറപ്പിച്ചത് (സംഖ്യ 32; ജോഷ്വ 13). ഇക്കാരണത്താൽ, മറ്റു ജനതകളുമായുള്ള സംസർഗ്ഗം ഒഴിവാക്കാൻ റൂബൻ ഗോത്രത്തിനു കഴിഞ്ഞു. രാജാക്കന്മാരുടെ കാലഘട്ടത്തിൽ അപ്രധാനരായിരുന്നതിനാൽ ഇവർ പ്രതിപാദിക്കപ്പെടുന്നേയില്ല.

പിന്നീടുള്ള രേഖകളിലും സ്ഥിതിവിവരണക്കണക്കുകളിലും"റൂബൻ, ഗാദ്, മനാസ്സെയുടെ അർദ്ധഗോത്രം" എന്ന പദപ്രയോഗത്തിലും മാത്രമേ റൂബൻ ഗോത്രം പ്രത്യക്ഷപ്പെടുന്നുള്ളൂ. ദിനവൃത്താന്തകാരൻ റൂബന്റെ സന്തതി പരമ്പരകളെകുറിച്ചു പ്രതിപാദിക്കുന്ന ഭാഗമൊഴിവാക്കിയാൽ (1 ദിന 5:1,3), വേറെ രണ്ടു പ്രാവശ്യം മാത്രമേ ഈ ഗോത്രജരെപ്പറ്റി പ്രതിപാദിക്കുന്നുള്ളൂ–മുപ്പതു പേരുടെ നേതാവായ അദിനായും (1 ദിന 11:42). അസ്സീറിയൻ രാജാവായ തിഗ്ലത്പിലേസർ തടവുകാരനായികൊണ്ടുപോയ ബേറായും (1 ദിന 5:6). ശാപങ്ങൾ ഉച്ചരിക്കാനായി നിയുക്തരായവരുടെ പട്ടികയിൽ ആദ്യം പ്രത്യക്ഷപ്പെടുന്നത് റൂബൻ ഗോത്രമാണ് (നിയ 27:13). സംഖ്യ 1:5,20–21; 2:10, 16; 7:30; 10:18; 13:4; 26:5–7) എന്നിവിടങ്ങളിലെല്ലാം റൂബന്റെ പ്രഥമസ്ഥാനം അംഗീകരിക്കപ്പെടുന്നുണ്ട്. പക്ഷേ, മറ്റുചില പ്രധാന അവസരങ്ങളിൽ യൂദായ്ക്കാണ് പ്രാമുഖ്യം നല്കപ്പെട്ടിരിക്കുന്നത്. ലേവായ നഗരങ്ങൾ പ്രതിപാദിക്കപ്പെടുമ്പോൾ യൂദാ ആദ്യം വരുമ്പോൾ റൂബൻ, ഗാദ്, സെബുലൂൺ എന്നിവ ഏറ്റവും അവസാനമാണ് സൂചിപ്പിക്കപ്പെടുന്നത് (ജോഷ്വ 21:7,36; 1 ദിന 6:63,78). 1 ദിന 1:9–ൽ യൂദായ്ക്കും ശിമയോനും ശേഷം മൂന്നാമതു മാത്രമാണ് റൂബൻ പ്രതിപാദിക്കപ്പെടുക. ജോർദ്ദാനുപടിഞ്ഞാറുള്ള സ്ഥലങ്ങളുടെ വിഭജനത്തിലും റൂബന് പ്രാമുഖ്യം നല്കപ്പെട്ടിട്ടില്ല.

**ദാൻ**

യാക്കോബിന് തന്റെ ഭാര്യ റാഹേലിന്റെ തോഴിയായ ബിൽഹായിൽ ജനിച്ച പുത്ര നാണ് ദാൻ (ഉൽപ 30:1–6). ദൈവം തന്റെ പ്രാർത്ഥനകേട്ട് തനിക്ക് അനുകൂലമായി വിധിച്ചതിനാൽ റാഹേൽ കുട്ടിക്കു ദാൻ എന്ന പേര് നിർദ്ദേശിച്ചു (ഉൽപ 30:6). ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളി ലൊന്നായ ദാൻ ഗോത്രത്തിന്റെ പിതാവായി ഇദ്ദേഹം കണക്കാക്കപ്പെടുന്നു.

ദാനിന്റെ സന്താനപരമ്പരകളാണ് ദാൻഗോത്രം എന്നറിയപ്പെടുന്നത്. ഇസ്രായേലിന്റെ പുറപ്പാട് കാലഘട്ടത്തിൽ അമ്മാഷദ്ദായിയുടെ പുത്ര നായ അഹിയേസറായിരുന്നു ദാൻ ഗോത്രത്തലവന്റെ പ്രധാന സഹായി (സംഖ്യ 1:12). ദാൻ ഗോത്രത്തിലെ ദിബ്രിയുടെ മകളായ ഷെലോമിത്ത് ഒരു ഈജിപ്തുകാരനെയാണ് വിവാഹം ചെയ്തത് (ലേവ്യ 24:10–14). ദാൻ ഗോത്രത്തിലെ ശില്പവേലക്കാരനായ ഒഹേലിയാബും പുറപ്പാട് പുസ്തകത്തിൽ പരാമർശിക്കപ്പെടുന്നുണ്ട് (പുറ 31:6; 35:34; 38:23).

മരുഭൂമിയിലെ യാത്രയ്ക്കിടയിൽ നടത്തിയ കണക്കെടുപ്പുപ്രകാരം ദാൻ ഗോത്രമായിരുന്നു ആൾബലത്തിൽ രണ്ടാം സ്ഥാനത്ത്. യുദ്ധശേഷിയുള്ള 62,700 പേർ ഈ ഗോത്രത്തിലുണ്ടായിരുന്നു (സംഖ്യ 1:38–39). മരുഭൂമിയിലെ യാത്രയിൽ ദാൻ ഗോത്രം പാളയമടിക്കേണ്ടത് ഇസ്രായേൽ പാളയത്തിന്റെ വടക്ക് ആഷേർ, നഫ്ത്താലി എന്നീ ഗോത്രങ്ങളോടൊപ്പമായിരുന്നു (സംഖ്യ 2:25–31). എല്ലാ ഗോത്രങ്ങളുടെയും പിന്നിലായിരുന്നു അവർ യാത്ര പുറപ്പെട്ടത് (സംഖ്യ 2:31; 10:25). വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പായി നടത്തിയ ജനസംഖ്യനിർണ്ണയപ്രകാരം ദാൻ ഗോത്രത്തിൽ 64,400 പേർ ഉണ്ടായിരുന്നു (സംഖ്യ 26:42–43). വാഗ്ദത്തദേശം കീഴ്പ്പെടുത്തിയതിനുശേഷമുള്ള സംഭവങ്ങളിൽ ദാൻഗോത്രം കാര്യമായി പ്രതിപാദിക്കപ്പെടുന്നില്ല (നിയ 2:16–3:29; ജോഷ 1; ന്യായ 1).

യാക്കോബിന്റെ അനുഗ്രഹത്തിൽ (ഉൽപ 49:16) ദാൻഗോത്രത്തിന്റെ യുദ്ധസാമർത്ഥ്യം പ്രത്യേകം പ്രകീർത്തിക്കപ്പെടുന്നു. ‘ദാൻ വഴിവക്കിലെ സർപ്പവും പാതയിലെ അണലിയുമായിരിക്കും. അവൻ കുതിരയുടെ കുതികാലിൽ കടിക്കും.’ മോശയുടെ അനുഗ്രഹത്തിലും ഇവരുടെ യുദ്ധസാമർത്ഥ്യം എടുത്തു പറയുന്നുണ്ട്. ദാൻ ഒരു സിംഹക്കുട്ടിയാണ്. അവൻ ബാഷാനിൽനിന്നും കുതിച്ചുചാടുന്നു (നിയ 33:22).

വാഗ്ദത്തദേശം കീഴടക്കി അത് വിഭജിച്ചപ്പോൾ കാനാന്റെ വടക്കുഭാഗമാണ് ദാൻ ഗോത്രത്തിന് അവകാശമായി ലഭിച്ചത് (ജോഷ 19:40–48; ന്യായാ 18). യൂദാമുതൽ എഫ്രായിംവരെയും മെഡിറ്ററേനിയൻ തീരപ്രദേശങ്ങളും ഉൾപ്പെടുന്നതായിന്നു അത്. എന്നാൽ, അവർക്ക് സോറാ താഴ്വരയും എഷ്താവോൽ താഴ്വരയും മാത്രമേ കൈവശപ്പെടുത്താൻ കഴിഞ്ഞുള്ളൂ (ന്യായാ 13:25; 18:2). ബാക്കി ഭാഗങ്ങൾ ആമോറിയാക്കാരും ഫിലിസ്ത്യരും കൈവശപ്പെടുത്തിയിരുന്നു. ഇതിൽ ക്ഷുഭിതരായ ഒരു വിഭാഗം ദാൻ വംശജർ ഇസ്രായേലിന്റെ വടക്കേ അറ്റത്തുള്ള ലായിഷ് ആക്രമിച്ചുകീഴടക്കി. ഈ നഗരത്തിന്റെ പേര് ദാൻ എന്നാക്കി മാറ്റുകയും ചെയ്തു (ന്യായാ 18:27–29). ദാൻ ഗോത്രക്കാരും കാനാൻ ദേശത്തിന്റെ വടക്കുഭാഗത്ത് അധിവസിച്ചിരുന്നവരും തമ്മിലുള്ള ബന്ധ ത്തെ സൂചിപ്പിക്കുന്നതാണ് ‘ദാൻ മുതൽ ബേർഷെബ വരെ’ എന്ന പ്രയോഗം (ന്യായാ 20:1; 1 സാമു 3:20).





കാലക്രമത്തിൽ തെക്കുഭാഗത്ത് അധിവസിച്ചിരുന്ന ദാൻ ഗോത്രക്കാർ യൂദാവംശത്തോട് ചേർന്നു. തുടർന്ന് പഴയനിയമത്തിൽ ദാൻ ഗോത്രം കാര്യമായി പ്രതിപാദിക്കപ്പെടുന്നില്ല. ദാവീദിനോട് വിധേയത്വം പുലർത്തിയിരുന്ന യോദ്ധാക്കളിൽ ദാൻവംശജരും ഉൾപ്പെട്ടിരുന്നു (1 ദിന 12:35; 27:22).

സോളമന്റെ ഭരണത്തിന്റെ അവസാനത്തോടെ ഇസ്രായേൽ രണ്ടായി പിളരുകയും ജറോബോവാം രാജാവ് ദാൻ നഗരത്തിൽ പൂജാഗിരികൾ നിർമ്മിക്കുകയും സ്വർണ്ണംകൊണ്ട് നിർമ്മിച്ച കാളക്കുട്ടിയുടെ പ്രതിമ അവിടെ സ്ഥാപിക്കുകയും ചെയ്തു (1 രാജാ 12:28–29). ബാഷാ ഇസ്രായേൽ രാജാവായിരുന്ന കാലത്ത് സിറിയാരാജാവായിരുന്ന ബൻഹദാദാ ദാൻ പിടിച്ചടക്കി (1 രാജാ 15:16–20). ദാൻ ഗോത്രക്കാരുടെ വിശ്വാസരാഹിത്യം ചരിത്രത്തിൽ വീണ്ടും കാണാനാകും (2 രാജാ 10:29). ഇതിനു പ്രധാന കാരണം ഇവരുടെ മേലുള്ള അസ്സീറിയൻ ആധിപത്യമായിരുന്നു (2 രാജാ 17:1–23).

എസെക്കിയേൽ പ്രവാചകൻ പുനരുദ്ധരിക്കപ്പെട്ട ദേശത്തെയും ജറുസലേമിനെയും കുറിച്ച് പ്രതിപാദിക്കുമ്പോൾ ദാൻ ഗോത്രത്തിന്റെ പേരും ഉൾപ്പെടുത്തിയിട്ടുണ്ട് (എസെ 48:1–2; 32). പുതിയ നിയമത്തിൽ ഇസ്രായേൽ ഗോത്രനാമങ്ങളിൽ നിന്നും ദാൻ ഗോത്രത്തിന്റേത് യോഹന്നാൻ ഒഴിവാക്കി (വെളി 7:4–8).

**യൂദാഗോത്രം**

യാക്കോബിന്റെ നാലാമത്തെ പുത്രനായ യൂദായുടെ സന്തതിപരമ്പരകളാണു യൂദാഗോത്രമായി അറിയപ്പെടുന്നത്. പുറപ്പാടു സംഭവത്തിലോ മരുഭൂമിയാത്രയിലോ ഈ ഗോത്രത്തിനു പ്രത്യേക സ്ഥാനങ്ങളൊന്നും നല്കപ്പെട്ടിരുന്നില്ല. യൂദാഗോത്രജനായ ആഖാന്റെ പാപം മൂലമാണ് ഇസ്രായേൽക്കാർ ആയ് പട്ടണത്തോടേറ്റുമുട്ടി പരാജയപ്പെട്ടത് (ജോഷ 7:1). ഇതിനു പരിഹാരമെന്ന നിലയിൽ യൂദാഗോത്രം തനിയെ കാനാന്യരെ ആക്രമിച്ചു കീഴ്പ്പെടുത്തി (ന്യായാ 1:1–2). ഷീലോഹായിൽവച്ചു കാനാൻദേശം ഇസ്രായേൽ ഗോത്രങ്ങൾക്കായി പങ്കിട്ടപ്പോൾ ഇസ്രായേൽ കീഴടക്കാത്ത സ്ഥലങ്ങളാണു യൂദാ ഗോത്രത്തിന് അവകാശമായി ലഭിച്ചത് (ജോഷ 8:1–10; ന്യായാ 1:3). യൂദാഗോത്രത്തിനു ലഭിച്ച പ്രദേശത്തിന്റെ വടക്കേ അതിർത്തി ദാൻ, ബഞ്ചമിൻ ഗോത്രങ്ങളായിരുന്നു. കിഴക്കു ചാവുകടലും പടിഞ്ഞാറു മെഡിറ്ററേനിയൻ കടലുമായിരുന്നു. മറ്റ് അതിർത്തികൾ ആദ്യകാലങ്ങളിൽ യൂദാ ഫിലിസ്ത്യരുമായി നിരന്തരം യുദ്ധംചെയ്തിരുന്നു (ന്യായാ 1:19; 3:1).

# എസെക്കിയേൽ 48:8–22, വിശുദ്ധ ഓഹരി

ദേശത്തു കർത്താവിന്റെ ഓഹരിയായി ദേവാലയത്തിനും പുരോഹിതർക്കുമായി നീക്കിവച്ചിരിക്കുന്ന ഭാഗത്തെക്കുറിച്ചാണ് 48:8–22 ൽ പ്രതിപാദിക്കുന്നത്. 48:8–22 ന്റെ വെളിച്ചത്തിൽ പിൽക്കാല സംശോധകന്റെ രചനയായും 45:1–9 ലെ വിവരണത്തിന്റെ ആവർത്തനമായും ഈ വചനഭാഗത്തെ മനസ്സിലാക്കുന്നവരുണ്ട്. എന്നാൽ 48:8–22 ന്റെ വെളിച്ചത്തിൽ പിൽക്കാല സംശോധകന്റെ രചനയായി 45:1–9 നെ വ്യാഖ്യാനിക്കുന്നവരാണ് വ്യാഖ്യാതാക്കളിൽ ഭൂരിഭാഗവും. എന്നാൽ സുദീർഘമായി വിവരിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് മുൻകൂട്ടി ഒരു ലഘു വിവരണം നടത്തുക എന്നത് എസെക്കിയേലിന്റെ ആഖ്യാന ശൈലിയുടെ ഭാഗമാകയാൽ ഈ ആവർത്തനത്തെയും ഗ്രന്ഥകാരന്റെ ശൈലിയുടെ ഭാഗമായി മനസ്സിലാക്കുന്നതാണ് കൂടുതൽ അഭികാമ്യം.

വടക്കുനിന്ന് തെക്കുഭാഗത്തേക്കുള്ള വീതംവയ്പിൽ യൂദായുടെ ഓഹരിയോടു ചേർന്ന് കിഴക്കുപടിഞ്ഞാറായി കിടക്കുന്നതാണ് വിശുദ്ധ ഓഹരി. 25000 X 10000 ചതുരശ്രമുഴം വിസ്തീർണ്ണമുള്ള ചതുരാകൃതിയിലുള്ള ഭൂമിയാണിത്. ഇതിനു നടുവിലാണ് ദേവാലയം നിർമ്മിക്കേണ്ടത്. 45:1 ൽ 25000 X 20000 ചതുരശ്രമുഴം എന്ന വിസ്തീർണ്ണം ഇവിടെ പകുതിയായി കുറയാനുള്ള കാരണം 25000 X 10000 ചതുരശ്രമുഴം വിസ്തീർണ്ണമുള്ള മറ്റൊരു ഭൂവിഭാഗം പുരോഹിതർക്കായി നീക്കി വയ്ക്കുന്നതിനാലാകാം (വാ. 10).

വിശുദ്ധ ഓഹരി (= തെറൂമാഹ്) യെക്കുറിച്ചുള്ള വിവരണത്തിൽ തുടർന്നുവരുന്നത് പുരോഹിതരുടെ വിഹിതത്തെക്കുറിച്ചാണ് (വാ. 11–12). കർത്താവിനോട് വിശ്വസ്തത പുലർത്തിയിരുന്ന സാദോക്യ പുരോഹിതർക്കും ലേവ്യർക്കും അവകാശപ്പെട്ടതാണ് ഈ ഭൂവിഭാഗം. ഈ ഭൂമിയുടെ ഉടമസ്ഥാവകാശം ദൈവത്തിനാകയാൽ വിശുദ്ധ ഓഹരിക്കു വെളിയിലായി 25000 X 5000 ചതുരശ്രമുഴം വിസ്തീർണ്ണമുള്ള ഒരു ഭാഗം പൊതുസ്ഥലമായി (= ഹോൽ) നീക്കിയിട്ടിരുന്നു. സമചതുരമായിട്ടാണ് എസെക്കിയേൽ ജറുസലേമിന്റെ വിഭാവനം ചെയ്യുന്നത് എന്നു മനസ്സിലാക്കാം. നഗരമതിലിനു വെളിയിലായി 250 മുഴം വീതം നാലുവശത്തേക്കും വിസ്താരമുള്ളതുറസ്സായ ഒരു സ്ഥലമുണ്ടായിരുന്നു. (= മിഗ്രോസ്). ശേഷിക്കുന്ന 10000 X 10000 ചതുരശ്രമുഴം വിസ്തീർണ്ണമുള്ള പ്രദേശം നഗരത്തിലെ കൃഷിക്കാർക്കു വേണ്ടിയുള്ളതായിരുന്നു. ചുരുക്കത്തിൽ വിശുദ്ധ ഓഹരിക്കുവെളിയിൽ നഗരത്തിനായുള്ള പ്രദേശം 25000 X 25000 ചതുരശ്രമുഴം വിസ്തീർണ്ണമുള്ള സമചതുരമായിരുന്നു. വിശുദ്ധസ്ഥലത്തിനു കിഴക്കും പടിഞ്ഞാറുമുള്ള ദേശങ്ങൾ രാജാവിന്റെ വിഹിതമായിരുന്നു (45:21–25). ദേവാലയത്തിലെ ആവശ്യങ്ങൾക്കുള്ള വസ്തുവകകൾ രാജാവിന്റെ ഭൂമിയിലാണ് ഉൽപാദിപ്പിച്ചിരുന്നത്. ഈ ഭൂമി അന്യാധീനപ്പെടുത്താനോ അന്യായമായി വർദ്ധിപ്പിക്കാനോ പാടില്ല എന്നും നിയമമുണ്ടായിരുന്നു (46:18).





# എസെക്കിയേൽ 48:23–29, ദേവാലയത്തിനു തെക്കുള്ള അഞ്ചു ഗോത്രങ്ങൾ

ദേശത്തിന്റെ വിഭജനത്തിൽ ജറുസലേം ദേവാലയത്തിനു വടക്ക് ഓഹരി ലഭിച്ച ഏഴു ഗോത്രങ്ങളെക്കുറിച്ച് 23:1–9 ൽ വിവരിച്ചിരിക്കുന്നു. ശേഷിക്കുന്ന അഞ്ചു ഗോത്രങ്ങളുടെ ഓഹരിയുടെ വിതരണമാണ് 48:23 –29 ൽ വിവരിക്കുന്നത്. ബെഞ്ചമിൻ, ശിമയോൻ, ഇസ്സാക്കർ, സെബുലൂൺ, ഗാദ് എന്നിവയായിരുന്നു ശേഷിക്കുന്ന ഗോത്രങ്ങൾ. എസെക്കിയേലിന്റെ പുസ്തകത്തിലെ ഗോത്രങ്ങളുടെ ഓഹരിവിഭജനത്തിലെ വ്യത്യാസം ഗ്രഹിക്കണമെങ്കിൽ പഞ്ചഗ്രന്ഥിയിലെയും ജോഷ്വായുടെ പുസ്തകത്തിലെയും ഗോത്രവിഭജനക്രമം മനസ്സിലാക്കേണ്ടതുണ്ട്. ദേവാലയത്തിനു തെക്ക് ഓഹരി നല്കപ്പെട്ട അഞ്ചു ഗോത്രങ്ങളെക്കുറിച്ചുള്ള ലഘുപഠനങ്ങൾ ചുവടെ ചേർക്കുന്നു.

**ബഞ്ചമിൻ**

യാക്കോബിന്റെ ഇളയമകനും റാഹേലിൽ യാക്കോബിനു ജനിച്ച രണ്ടാമത്തെ പുത്ര നുമാണ് ബഞ്ചമിൻ. ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളിലൊന്ന് ഈ പേരിലാണ് അറിയപ്പെടുന്നത്. ഉൽപ 35:16–20 പ്രകാരം റാഹേൽ തന്റെ മരണസമയത്ത് ജന്മംകൊടുത്ത പുത്രനാണിവൻ. 'എന്റെ ദു:ഖത്തിന്റെ പുത്രൻ' എന്നർത്ഥമുള്ള ബനോനി എന്നാണ് റാഹേൽ ഇവനു പേരിട്ടത്. എന്നാൽ, യാക്കോബാകട്ടെ, 'ഭാഗ്യപുത്രൻ' എന്നർത്ഥമുള്ള ബഞ്ചമിൻ എന്ന നാമമാണ് പുത്രനു കൊടുത്തത്. കാരണം, തന്റെ ഭാര്യയ്ക്കു പകരമായി തനിക്കു ലഭിച്ചവനായിട്ടാണ് അദ്ദേഹം ഈ പുത്രനെ കണക്കാക്കിയത്. ബഞ്ചമിന്റെ സന്തതി പരമ്പരകളെപ്പറ്റി ഉൽപ 46:21; 1 ദിന 7:6–12; 8:1–40 എന്നിവിടങ്ങളിൽ പരാമർശിക്കുന്നുണ്ട്. യാക്കോബ് തന്റെ മക്കളെ അനുഗ്രഹിച്ച അവസരത്തിൽ "ആർത്തിയുള്ള ഒരു ചെന്നായ" എന്നാണ് ബഞ്ചമിനെക്കുറിച്ചു പറഞ്ഞത് (ഉൽപ 49:27). എന്നാൽ മോശയുടെ ആശീർവാദത്തിൽ കർത്താവിന് പ്രിയപ്പെട്ടവൻ എന്നാണ് ബഞ്ചമിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. കർത്താവിന്റെ സമീപത്ത് അവൻ സുരക്ഷിതനായി വസിക്കുന്നു (നിയ 33:12). ബഞ്ചമിൻ ഗോത്രക്കാർ പൊതുവേ പ്രാകൃതരും യുദ്ധപ്രിയരുമായിട്ടാണ് അറിയപ്പെട്ടിരുന്നത്. ഈ ഗോത്രക്കാരിൽ ചിലർ ഗിബെയായിൽവച്ച് ഒരു സ്ത്രീയുമായി മ്ലേച്ഛത പ്രവർത്തിച്ചതിനാൽ (ന്യായാ 19) ഇസ്രായേലിലെ മറ്റു ഗോത്രങ്ങൾ ബഞ്ചമിൻ ഗോത്രത്തിനെതിരേ തിരിഞ്ഞു. ഇത്ര ഘോരമായ തിന്മ പ്രവർത്തിച്ചതിനാൽ ഗിബെയായിലുള്ള നീചന്മാരെ തങ്ങൾക്കു വിട്ടുതരുവാൻ ഇസ്രായേൽ ഗോത്രങ്ങൾ ആവശ്യപ്പെട്ടിട്ടും ബഞ്ചമിൻ ഗോത്രക്കാർ അവരുടെ വാക്കുകൾ ചെവിക്കൊണ്ടില്ല. അതിനാൽ ഇസ്രായേൽജനം ബഞ്ചമിൻ ഗോത്രത്തോട് യുദ്ധംചെയ്യുവാൻ തീരുമാനിച്ചു (ന്യായാ 20). ഇസ്രായേൽ ക്കാർക്ക് കർത്താവു നൽകിയ വിമോചകനായ ഏഹൂദും (ന്യായാ 3:12–30) സാവൂൾ രാജാവും (1 സാമു 9:1–2) ബഞ്ചമിൻ ഗോത്രജരായിരുന്നു. വാൾപ്രയോഗത്തിലും കവണ പ്രയോഗത്തിലും പ്രശസ്തരായിരുന്ന ഇവരുടെയിടയിൽ പ്രഗത്ഭരായ ഇടങ്കയ്യ

ന്മാരുണ്ടായിരുന്നു (ന്യായാ 20:16; 1 ദിന 8:40).

ജോഷ 18:11-28-ൽ ബഞ്ചമിൻ ഗോത്രക്കാർക്ക് അവകാശമായി ലഭിച്ച പ്രദേശങ്ങളെക്കുറിച്ച് പരാമർശമുണ്ട്. ബഞ്ചമിൻ ഗോത്രത്തിന് അവകാശമായി കിട്ടിയ പ്രദേശത്തിന്റെ കിഴക്കുഭാഗത്ത് ജോർദ്ദാൻ നദിയും വടക്കുഭാഗത്ത് ചാവുകടലും, പടിഞ്ഞാറ് ദാൻ, യൂദാഗോത്രങ്ങളുടെ പ്രദേശങ്ങളുമാണ്. ബഞ്ചമിൻ ഗോത്രം മറ്റു ഗോത്രങ്ങളെ അപേക്ഷിച്ച് വളരെ ചെറുതാണെങ്കിലും (സംഖ്യ 1:37; 26:41). ജറീക്കോ, ബഥേൽ, ഗിബയോൻ, റാമാ, മിസ്പാ, ജറുസലേം തുടങ്ങിയ പ്രധാന നഗരങ്ങളെല്ലാം ഇവരുടെ ദേശത്തായിരുന്നു.

സാവൂളിന്റെ ബന്ധുവായ ഷിമെയി ദാവീദിനു നേരെ ചൊരിഞ്ഞ ശാപവർഷവും (2 സാമു 16:5-13) ഷേബയുടെ വിപ്ലവവും (2 സാമു 20:1-2) ദാവീദിന് ബഞ്ചമിൻ ഗോത്രക്കാരോട് അപ്രീതിയുളവാക്കി. രാജ്യം വിഭജിക്കപ്പെട്ടപ്പോൾ ജറുസലേമിലും ജറുസലേമിനു സമീപവും താമസിച്ചിരുന്ന ബഞ്ചമിൻ ഗോത്രജർ ദാവീദിന്റെ ഭവനത്തോട് അനുഭാവമുള്ളവരായിരുന്നു (1 രാജാ 12:21; 2 ദിന 11:1-11). ഇവർ പിന്നീട് യൂദായോടൊപ്പം ബാബിലോണിലേക്ക് നാടുകടത്തപ്പെട്ടു. ഇവരിൽ ചിലർ സെറുബാബേലിനോടൊപ്പം തിരിച്ചുപോന്നു (എസ്രാ 4:1; 10:9). എസ്തേർ, മൊർദേക്കായി തുടങ്ങി പലരും ബാബിലോണിയൻ അടിമത്തത്തിൽ ത്തന്നെ കഴിഞ്ഞു (എസ്തേ 2:5,7).

## ശിമയോൻ

പൂർവ്വപിതാവായ യാക്കോബിന് ലെയായിൽ ജനിച്ച രണ്ടാമത്തെ പുത്രനാണ് ശിമയോൻ (ഉൽപ 29:3). ദൈവം എന്റെ പ്രാർത്ഥന കേട്ടു എന്നാണ് ഈ വാക്കിനർത്ഥം. സഹോദരി ദീനയ്ക്കു മാനഹാനി നേരിട്ടപ്പോൾ ശിമയോൻ (Simeon) ലേവിയോടൊപ്പം ചേർന്ന് ഹിവ്യരെ കൊലപ്പെടുത്തുകയും നഗരം കൊള്ളയടിക്കുകയും ചെയ്തു (ഉൽപ 34 കാണുക). യാക്കോബ് തന്റെ മക്കളെ അനുഗ്രഹിക്കുന്ന വേളയിൽ ശിമയോനെയും ലേവിയെയും അവരുടെ അതിക്രമങ്ങളെപ്രതി ശപിക്കുന്നുണ്ട് (ഉൽപ 49:5-7). ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിലൊന്ന് ശിമയോന്റെ പേരിലറിയപ്പെട്ടു (ഉൽപ 35:23). ഇത് ബേർഷെബായ്ക്കു ചുറ്റും നെഗെബിലാണ് (ജോഷ 19:1-9). ഇവ യൂദായുടെ നഗരങ്ങളായിട്ടാണ് അറിയപ്പെടുന്നത് (ജോഷ 15:21-22). കാലാന്തരത്തിൽ ശിമയോൻ ഗോത്രം നാമാവശേഷമായി എന്നാണ് പണ്ഡിതമതം. മോശയുടെ അന്തിമാശീർവ്വാദത്തിൽ ശിമയോനെ ഒഴിവാക്കിയത് ഇക്കാരണത്താലാവാം (നിയ 33).

## ഇസ്സാക്കർ

യാക്കോബിന്റെയും ലെയായുടെയും അഞ്ചാമത്തെ പുത്രനാണ് ഇസ്സാക്കർ (ഉൽപ 30:18). ഇസ്രായേലിലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ ഒന്ന്. ഈ പദം ഒരു വ്യക്തിയെയും ഗോത്രത്തെ മുഴുവനെയും പ്രതിനിധാനം ചെയ്യുന്നു. ഇസ്സാക്കറിന്റെ പുത്രന്മാർ തോലാ, ഫുവാ, യോബ്, ഷിമ്റോൺ (ഉൽപ 46:13; സംഖ്യ 26:23; 1 ദിന 7:1) എന്നിവരായിരുന്നു. ഇസ്രായേലിലെ ന്യായാധിപനായിരുന്ന തോലാ, ഫുവായുടെ പുത്രനും





ഇസ്സാക്കർ വംശജനുമായിരുന്നു (ന്യായാ 10:1). ഇസ്സാക്കർ കുലത്തിൽ അമ്പത്തിനാലായിരത്തിനാനൂറ് യോദ്ധാക്കളുണ്ടായിരുന്നു (സംഖ്യ 1:29). ഈ കുലത്തിന്റെ അതിർത്തികളെക്കുറിച്ച് ജോഷയുടെ പുസ്തകത്തിൽ പറഞ്ഞിട്ടില്ല. എന്നാൽ, ഇതിലെ പതിനാറു പട്ടണങ്ങളെക്കുറിച്ച് പരാമർശനങ്ങളുണ്ട്(ജോഷ 19:17-23).

ഇസ്സാക്കർ കുലത്തിലുള്ള ലേവായരുടെ പട്ടണങ്ങൾ ഈ പ്രദേശങ്ങളിൽവരുന്നു (ജോഷ 21:28). ഇസ്സാക്കറിന്റെ മേലുള്ള മനാസ്സെയുടെ കൈയേറ്റം ജോഷ 17:11-13ൽ വിവരിച്ചിട്ടുണ്ട്. എന്നാൽ, ഇവിടെ പറഞ്ഞിരിക്കുന്ന പട്ടണങ്ങൾ യഥാർത്ഥത്തിൽ കാനാന്യരുടേതാണ്. ഇസ്സാക്കർകുലം ശക്തമായൊരു കാനാന്യപ്രദേശത്തായിരുന്നു. ഇസ്സാക്കർ കുലത്തിന് കാനാന്യരോടുള്ള വിധേയത്വം യാക്കോബിന്റെ അനുഗ്രഹത്തിൽ പ്രതിഫലിച്ചിട്ടുണ്ട് (ഉൽപ 49:13). ഇവിടെ ഈ കുലത്തിന്റെ സമൃദ്ധിയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇക്കാര്യം മോശയുടെ അനുഗ്രഹത്തിൽ പ്രതിഫലിക്കുന്നുണ്ട് (നിയ 33:18). ദെബോറയും ബാറാക്കും, സിസെറയുമായി നടത്തിയ യുദ്ധത്തിൽ പങ്കെടുത്ത ഗോത്രങ്ങളിൽ ഒന്നാണിത് (ന്യായാ 5:15). ഇസ്സാക്കർ പ്രദേശം പുരാതനകാലങ്ങളിൽ വളരെയധികം പോരാട്ടങ്ങളുടെ പടഭൂമിയായിരുന്നു. ഇത് സോളമന്റെ പന്ത്രണ്ട് ഭരണ പ്രവിശ്യകളിലൊന്നായിരുന്നു (1 രാജാ 4:17). ഇസ്രായേൽ രാജാവായ ബാഷ ഇസ്സാക്കർ ഗോത്രത്തിൽപെട്ടവനായിരുന്നു (1 രാജാ15:27).

രാജവാഴ്ചയുടെ കാലഘട്ടത്തിൽ ഇസ്സാക്കർ ഗോത്രം, വിജ്ഞാനത്തിലും (1 ദിന 12:32) സമ്പത്തിലും (1 ദിന 12:40) വിശ്വസ്തതയിലും (2 ദിന 30:17-18) പേരുകേട്ടിരുന്നു.

## സെബുലൂൺ

യാക്കോബിന്റെ പന്ത്രണ്ടുമക്കളിൽ പത്താമനും ലെയായ്ക്ക് ഉണ്ടായ ആറുമക്കളിൽ ഇളയവനുമാണ് സെബുലൂൺ. (ഉൽപ 35:23; 46:14; പുറ 1:3; 1 ദിന 2:14). ‘ഇനിയും എന്റെ ഭർത്താവ് എന്നോടൊത്ത് വസിക്കും, കാരണം ഞാൻ അവന് ആറുപുത്രന്മാരെ നൽകിയല്ലോ’ എന്ന് പറഞ്ഞ് ലെയാ സെബുലൂൺ എന്ന പേര് നല്കി (ഉൽപ 30:19,20). പിന്നീട്, യാക്കോബിനോടും തന്റെ സഹോദരന്മാരോടും കൂടെ അവൻ ഈജിപ്തിൽ വസിച്ചു. യാക്കോബ് അവനെ അനുഗ്രഹിക്കുന്നത് “അവൻ കപ്പലുകൾക്ക് അഭയകേന്ദ്രമായിരിക്കും, സീദോനായിരിക്കും അവന്റെ അതിർത്തി” എന്നാണ് (ഉൽപ 49:13). സെബുലൂൺ ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ ഒന്നായിരുന്നു (1 ദിന 1:30,31). വാഗ്ദത്തഭൂമി ജോഷ്വാ പങ്കുവച്ചപ്പോൾ (ജോഷ 19:10-16) സെബുലൂൺഗോത്രം ആഷേർഗോത്രത്തിനാൽ മെഡിറ്ററേനിയനിൽനിന്നും ഇസാക്കറിനാൽ ഗലീലിയൻ സമുദ്രതീരത്തിൽനിന്നും വേർതിരിക്കപ്പെട്ടുവെങ്കിലും കാനാനിൽ സമുദ്രതീരത്തുള്ള പട്ടണങ്ങളുമായുള്ള വ്യാപാരത്തിൽ അഭിവൃദ്ധി പ്രാപിച്ചു. സെബുലൂണിന് മൂന്നു പുത്രന്മാരുണ്ടായിരുന്നു: സേരെദ്, ഏലോൻ, യഹ്ലേൻ (ഉൽപ 46:14). സോളമന്റെ കാലത്തെ പ്രവിശ്യകളുടെ പട്ടികയിൽ (1 രാജാ 4:7) സെബുലൂൺ കാണുന്നില്ല. ഏശയ്യാ പ്രവാചകൻ നഫ്ത്താലിപ്രദേശത്തിന്റെ കൂടെയാണ് സെബുലൂണിനെപ്പറ്റി പരാ

മർശിക്കുന്നത് (ഏശ 9:1). അസ്സീറിയാക്കാർ ഗലീലിയെ തങ്ങളുടെ പ്രവിശ്യയാക്കി ഉയർത്തിയ സാഹചര്യത്തിലായിരുന്നു ഇത്. സങ്കീ 68:27-ൽ യൂദായുടെയും ബഞ്ചമിന്റെയും പ്രഭുക്കന്മാരോടൊപ്പം സെബുലൂണിന്റെയും നഫ്ത്താലിയുടെയും പ്രഭുക്കന്മാരെ മാത്രം ഉൾപ്പെടുത്തിയത് ഏശ 9:1-ന്റെ സ്വാധീനം മൂലമാകാം. ഇസാക്കറിനു ശേഷമാണ് സാധാരണഗതിയിൽ സെബുലൂൺ പരാമർശിക്കപ്പെടുന്നത് (സംഖ്യ 1:9, 30-31; 2:7; 7:24; 10:16; 26:26-27). എന്നാൽ, കാനാൻദേശം വിവിധ ഗോത്രങ്ങൾക്കായി വിഭജിക്കാൻ നിയോഗിക്കപ്പെട്ടവരുടെ പട്ടികയിൽ സെബുലൂൺ ഇസാക്കറിന്റെ മുന്നിലാണ് (സംഖ്യ 34:25). കാനാൻദേശം ഒറ്റുനോക്കാൻ അയയ്ക്കപ്പെട്ടവരുടെ ഗണത്തിൽ ഈ ക്രമം കാണാനില്ല (സംഖ്യ 13:10).

### ഗാദ്

യാക്കോബിന് ലെയായുടെ പരിചാരികയായ സിൽഫായിൽ ജനിച്ച പുത്രനാണ് ഗാദ് (ഉൽപ 30:11). ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളിലൊന്ന് ഇദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്നു. ഈ പദത്തിന്റെ ഉറവിടവും യഥാർത്ഥ അർത്ഥവും അപരിചിതമാണ്. ഗാദ് എന്ന പേരിൽ കാനാന്യരുടെ ഇടയിൽ ഒരു ദേവനും അറിയപ്പെട്ടിരുന്നു. ഏശയ്യായുടെ പുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്ന രണ്ടു ഭാഗ്യദേവന്മാരിൽ ഒന്ന് ഗാദ് ആണ് (ഏശ 65:11). ഗാദ് ഗോത്രത്തിന് കുടുംബക്രമമനുസരിച്ച് അവകാശമായി ലഭിച്ച പട്ടണങ്ങളും ഗ്രാമങ്ങളും ഗാദ് ദേശമായി കണക്കാക്കപ്പെട്ടു. 'ഗിലെയാദ്' എന്ന അപരനാമത്തിലും ഈ പ്രദേശം അറിയപ്പെട്ടിരുന്നു. ഗാദ് ദേശം, ജോർദ്ദാന്റെ കിഴക്കേ തീരം മുതൽ അമ്മോന്റെ പടിഞ്ഞാറുഭാഗത്തുകൂടെ ഗലീലിക്കടലിന്റെ തെക്കേ അറ്റം വരെ വ്യാപിച്ചുകിടക്കുന്നു. റൂബൻ, ഗാദ് എന്നീ ഗോത്രങ്ങൾ വി. ഗ്രന്ഥത്തിൽ പലപ്പോഴും ഒരുമിച്ച് പ്രതിപാദിക്കപ്പെടുന്നുവെങ്കിലും ഇവർ വ്യത്യസ്ത സ്ഥലങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്നു. അമ്മോന്റെ വടക്കുഭാഗത്തായാണ് റൂബൻ ദേശം. ഗാദ് വംശജർ തങ്ങളുടെ ദേശം നേടിയെടുക്കുന്നതിനുമുമ്പേ അമ്മോന്റെ വടക്കുഭാഗം റൂബൻ ഗോത്രജർ നേടിയെടുത്തിരുന്നു. പലസ്തീനയുടെ പടിഞ്ഞാറുഭാഗത്ത് ഈ ഗോത്രം കുടിയേറിയതേയില്ല. ഈ രണ്ടു ഗോത്രങ്ങളും തങ്ങളുടെ ദേശങ്ങൾ മോശയിൽനിന്നും അവകാശമായി നേടിയെടുത്തതാണ് (സംഖ്യ 32). ജോർദ്ദാനു സമീപം കർത്താവിന് ബലിപീഠം നിർമ്മിച്ചതു സംബന്ധിച്ച് റൂബൻ-ഗാദ് ഗോത്രവും പലസ്തീനായ്ക്ക് കിഴക്കു വസിച്ചിരുന്നവരും തമ്മിൽ വാക്കുതർക്കമുണ്ടായതായി ജോഷ്വായുടെ പുസ്തകത്തിൽ കാണുന്നു (ജോഷ 22). സംഖ്യയുടെ ഗ്രന്ഥത്തിലെ കണക്കെടുപ്പു പ്രകാരം ഗാദ് ഗോത്രത്തിൽ 20 വയസ്സിനു മേലെ യുദ്ധശേഷിയുള്ള 45650 അംഗങ്ങളുണ്ട് (സംഖ്യ 1:24; 2:14). 40500 അംഗങ്ങൾ എന്ന സൂചനയും വി. ഗ്രന്ഥത്തിലുണ്ട് (സംഖ്യ 26:18). ഗാദ് വംശജരുടെ യുദ്ധസാമർത്ഥ്യം എടുത്തു പറയത്തക്കതാണ് (ഉൽപ 49:19; 1 ദിന 12:8). ഗാദിനെ സിംഹത്തോട് ഉപമിക്കുകയും നീതി നടപ്പാക്കുന്നവനായി എടുത്തു കാണിക്കുകയും ചെയ്യുന്നു (നിയ 33:2). അരാമിയൻ രാജാവായ ഹസായേൽ ഇസ്രായേലുമായുള്ള യുദ്ധത്തിൽ ഗാദ് കീഴ്പ്പെടുത്തി (2 രാജാ 10:33). ജറുസലേമിന്റെ പതനത്തിനുശേഷം (587) ഗാദ്





ദേശം അമോന്യർ വീണ്ടും പിടിച്ചെടുത്തു (ജറെ 49:1).

എസെക്കിയേലിന്റെ ഓഹരി വിഭജനത്തിൽ ശ്രദ്ധേയമായ ചില വസ്തുതകളുണ്ട്: (1) ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളും വീണ്ടും ഒരുമിക്കും എന്നുള്ള വിശ്വാസം എസെക്കിയേൽ ശക്തമായി പ്രകടിപ്പിക്കുന്നുണ്ട്. 37:15-23 ൽ എസെക്കിയേൽ ഈ ആശയം അവതരിപ്പിച്ചതാണ്. (2) ഗോത്രങ്ങളുടെ തുല്യാവകാശത്തിന് എസെക്കിയേൽ പ്രാധാ ന്യം നൽകുന്നു. എന്നാൽ തെക്കു വടക്കു ദൂരം ഗോത്രങ്ങൾക്കു തുല്യമായി വിഭജിക്കുമ്പോൾ കിഴക്കുപടിഞ്ഞാറു ദൂരം ഭൂമിശാസ്ത്രപരമായി വ്യത്യസ്തമാണെന്ന വസ്തുത എസെക്കിയേൽ സൗകര്യപൂർവ്വം മറക്കുകയാണ്. മധ്യധരണ്യാഴി മുതൽ ജോർദ്ദാൻ വരെയുള്ള ദൂരം തെക്കെ അറ്റത്ത് 60 കി.മീ. ആണെങ്കിൽ വടക്കേ അറ്റത്ത് 150 കി.മീ. യോളമാണ്. അതിനാൽ എല്ലാഗോത്രങ്ങൾക്കും തുല്യ വിസ്തീർണ്ണം ഭൂമിയാണ് ലഭിച്ചത് എന്നു കരുതാനാവില്ല. (3) എസെക്കിയേലിന്റെ ഭൂമി വിതരണം ജന്മഗുണങ്ങൾക്കനുസൃതമായിട്ടാണ്. ലെയായുടെ ദാസി സിൽഫായുടെയും റാഹേലിന്റെ ദാസി ബിൽഹാഹിന്റെയും മക്കൾ (ദാൻ, അഷേർ, നഫ്താലി, ഗാദ്) ലെയായുടെയും റാഹേലിന്റെയും മക്കൾ (മനാസ്സേ, എഫ്രായിം, റൂബൻ, യൂദാ, ബഞ്ചമിൻ, ശിമയോൻ, ഇസ്സാക്കർ, സെബുലൂൺ) എന്ന ക്രമത്തിലാണ് എസെക്കിയേൽ ദേശവിഭജനം നടത്തുന്നത്.

## എസെക്കിയേൽ 48:30-35, വിശുദ്ധനഗരം

വിശുദ്ധനഗരമായ ജറുസലേമിന്റെ നവീകൃതരൂപത്തിന്റെ ദർശനത്തോടെയാണ് എസെക്കിയേലിന്റെ ഗ്രന്ഥം സമാപിക്കുന്നത്. ഈ ദർശനത്തിൽ നഗരത്തിന്റെ പന്ത്രണ്ടു കവാടങ്ങൾക്ക് പന്ത്രണ്ടു ഗോത്രങ്ങളുടെ പേരാണ് നൽകപ്പെടുന്നത് എന്ന ആശയത്തിനാണ് ഗ്രന്ഥകാരൻ ഊന്നൽ നൽകുന്നത്. 4500 മുഴം വീതമുള്ള നാലുവശങ്ങൾ ചേർന്ന സമചതുരാകൃതിയാണ് നഗരത്തിനുള്ളത് (47:15-20). നാലുദിക്കിലായുള്ള പന്ത്രണ്ടു കവാടങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

വടക്കുവശം - റൂബൻ, യൂദാ ലേവി

കിഴക്കുവശം - ജോസഫ് (മനാസ്സെ + എഫ്രായിം), ബെഞ്ചമിൻ, ദാൻ

പടിഞ്ഞാറുവശം - ഗാദ്, ആഷേർ, നഫ്ത്താലി

തെക്കുവശം - ശിമയോൻ, ഇസാക്കർ, സെബുലൂൺ

നഗരകവാട വിതരണം ചില വസ്തുതകൾ വെളിപ്പെടുത്തുന്നുണ്ട്.

1. ദേശത്തിന്റെ ഓഹരിയിൽനിന്ന് ഒഴിവാക്കപ്പെട്ട പുരോഹിതഗോത്രമായ ലേവിക്ക് സ്വന്തം പേരിൽ നഗരകവാടമുണ്ട്. അതിനാൽ ഗോത്രസംഖ്യ പന്ത്രണ്ടായി നിലനിർത്തുന്നതിനായി ജോസഫിന്റെ മക്കളായ മനാസ്സെ, എഫ്രായിം എന്നിവരെ ഒറ്റകവാടമായി ജോസഫ് എന്ന പേരിൽ അവതരിപ്പിക്കുന്നു.

2. ലെയായുടെ മക്കളാണ് തെക്കും വടക്കുമുള്ള കവാടങ്ങൾ കാത്തു

സൂക്ഷിക്കുന്നത്.

3. ദൈവികദിശയായി എസെക്കിയേൽ കരുതുന്ന കിഴക്കുഭാഗത്തെ കവാടങ്ങളുടെ ചുമതല റാഹേലിന്റെ മക്കൾക്കാണ്.

മർദൂക്ക് ദേവന്റെ നാമത്തിൽ ബാബിലോണിലുണ്ടായിരുന്ന ക്ഷേത്രം സമചതുരാകൃതിയിലുള്ളതും പന്ത്രണ്ടുകവാടങ്ങളുള്ളതുമായിരുന്നു. ഈ ക്ഷേത്ര വിവരണം എസെക്കിയേലിന്റെ ദർശനത്തെ സ്വാധീനിച്ചിട്ടുണ്ട് എന്നു വാദിക്കുന്നവരുണ്ട് (D.Wiseman, *Nebuchad nezar and Babylon,* Oxford, 1985, P.69). എന്നാൽ എസെക്കിയേലിന് ഈ ക്ഷേത്രത്തെക്കുറിച്ച് അറിവുണ്ടായിരുന്നതായി കരുതാൻ മറ്റു തെളിവുകളൊന്നുമില്ല. തന്നെയുമല്ല, എസെക്കിയേൽ ദേവാലയ കവാടങ്ങളെക്കുറിച്ചല്ല, നഗര കവാടങ്ങളെക്കുറിച്ചാണ് വിശദീകരിക്കുന്നത്.

ജറുസലേം നഗരത്തിന്റെ പേര് "യാഹ്വെ ഷാമാ" എന്ന് എസെക്കിയേൽ പുനർനാമകരണം ചെയ്യുന്നു (വാ. 35). "കർത്താവ് അവിടെയുണ്ട്" എന്നാണ് ഈ പദത്തിന്റെ അർത്ഥം. കേവലം ഒരു സ്ഥലനാമം എന്നതിലുപരി നഗരത്തിന്റെ ഗതകാല പ്രശ്നങ്ങൾ അവസാനിച്ചു എന്നതിന്റെ പ്രഖ്യാപനമായി ഈ പുതിയ നാമത്തെ മനസ്സിലാക്കാം. ദൈവം തന്റെ ജനത്തോടൊത്ത് നിത്യം വസിക്കുന്ന നഗരമായി ജറുസലേം മാറി എന്നതാണ് പ്രവാചകന്റെ വിവക്ഷ. സ്വർഗ്ഗീയ ജറുസലേമിനെ അവതരിപ്പിക്കാൻ വെളി 21:12-13 ൽ എസെക്കിയേലിന്റെ നവീകൃത ജറുസലേമിന്റെ ചിത്രീകരണമാണ് ഉപയോഗിക്കുന്നത്.

**വിചിന്തനം:** 1. ദേവാലയത്തിൽനിന്നു പുറപ്പെടുന്ന നീരുറവ ദേശത്ത് ജീവന്റെ സമൃദ്ധിയൊരുക്കുന്നു എന്ന എസെക്കിയേലിന്റെ വീക്ഷണത്തിന് (37:1-12) കാലിക പ്രസക്തിയുണ്ട്. ദൈവ - മനുഷ്യ - പ്രകൃതി ത്രയത്തിന്റെ പാരസ്പര്യമാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. ഇവയിൽ ഏതെങ്കിലും ഒരുമാനം അവഗണിക്കപ്പെടുമ്പോൾ ആധ്യാത്മികത അപൂർണ്ണമാകുന്നു. ഈ നീരുറവ ചാവുകടലിന്റെ നിർജ്ജീവത്വത്തെപ്പോലും നിർവീര്യമാക്കി ജീവന്റെ വസന്തോത്സവത്തിനു വഴിയൊരുക്കുന്നുണ്ട്. ഈ നീരുറവയെ സഭാപിതാക്കന്മാർ പരിശുദ്ധാത്മക വരപ്രസാദത്തിന്റെ ഒഴുക്കായാണ് ചിത്രീകരിക്കുന്നത്. തന്മൂലം ഈ വിവരണത്തെ എസെക്കിയേലിന്റെ "പന്തക്കുസ്താ" വിവരണം എന്നു വിശേഷിപ്പിക്കുന്നവരുണ്ട്. ചെറിയ ഉറവയായി ആരംഭിച്ച് മരുഭൂമികളിൽ ജീവന്റെ സമൃദ്ധിയൊഴുക്കുന്ന മഹാനദിയാകാൻ പരിശുദ്ധാത്മശക്തിക്കല്ലാതെ മറ്റൊന്നിനും കഴിയില്ല എന്ന വിശ്വാസമാണ് ഈ വ്യാഖ്യാനത്തിനു പിന്നിലുള്ളത്.

2. ഇസ്രായേൽ ഗോത്രങ്ങൾക്കായി ദേശം വിഭജിച്ചു നൽകിയപ്പോൾ പരദേശികൾക്ക് ഭൂമിയിലുള്ള അവകാശം അംഗീകരിക്കുന്ന പ്രവാചക ദർശനം ശ്രദ്ധേയമാണ് (47:22-23). ഭൂമിയുടെ മേലുള്ള കൈവശാവകാശം അപരന്റെ അടിസ്ഥാന സൗകര്യങ്ങളെപ്പോലും നിഷേധിച്ചുകൊണ്ടായിരിക്കരുത് എന്ന സത്യം പ്രവാചകൻ ഓർമ്മിപ്പിക്കുകയാണ്. മതതീക്ഷ്ണതയുടെ പ്രവാചകനായി അറിയപ്പെടുന്ന എസെക്കിയേൽ പോലും വിജാതീയരായ പരദേശികളോടൊത്ത് സഹോദരതുല്യം സഹവസിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. യഥാർത്ഥ മതതീക്ഷ്ണത മതസാഹോദര്യത്തിലേക്കാണു നയിക്കുന്നത്. സ്ഥാപിത താല്പര്യങ്ങളുള്ള കപട മതതീക്ഷ്ണതയാണ് വർഗ്ഗീയതയ്ക്കും മതസംഘർഷങ്ങൾക്കും കാരണമാകുന്നത്.





3. ജറുസലേമിന്റെ പുതിയനാമം (യാഹ്വെ ഷമാ = കർത്താവ് അവിടെയുണ്ട്) തികച്ചും അർത്ഥവത്താണ്. ദൈവം കൂടെ വസിക്കുന്നു എന്ന തിരിച്ചറിവാണ് വ്യക്തികളെയും സമൂഹങ്ങളെയും നവീകരിക്കുന്നത്. കൂടെ വസിക്കുന്ന ദൈവത്തിന്റെ ഒപ്പമായിരിക്കണമെങ്കിൽ മനുഷ്യൻ സദാ പരിശുദ്ധനായിരിക്കണം. ദൈവസാന്നിധ്യവും പരിശുദ്ധിയും തമ്മിലുള്ള പാരസ്പര്യം വിശദീകരിക്കുന്ന എസെക്കിയേലിന്റെ ഗ്രന്ഥത്തിന് തികച്ചും അനുയോജ്യമായ ഉപസംഹാരമാണ് 48:30-35 ൽ അവതരിപ്പിക്കുന്നത്.